# MBC

## മലയാളം ബൈബിൾ കമെന്ററി

# എഫെസ്യർ

JOHNSON POOMALA

# മലയാളം ബൈബിൾ കമെന്ററി

# എഫെസ്യർ

## (അപ്പോസ്തലനായ പൗലോസ് എഫെസ്യർക്ക് എഴുതിയ ലേഖനം)


## ജോൺസൺ പൂമല

malayalambiblecommentary@gmail.com

+91 9400503238

# പ്രവേശിക

ദൈവം മനുഷ്യനോട് സ്ഥാപിച്ച നിയമവും ആ നിയമത്തിന്റെ വിശദീകരണവുമാണ് ബൈബിൾ എന്ന പേരിൽ അറിയപ്പെടുന്ന വിശുദ്ധ തിരുവെഴുത്തിന്റെ ഉള്ളടക്കം. ദൈവിക മാർഗ്ഗം ആഗ്രഹിക്കുന്നവർക്കും അവലംബിക്കുന്നവർക്കും ആവശ്യമായ വഴിയും വെളിച്ചവും ഊർജ്ജവും അതിലൂടെ ലഭിക്കുന്നു. എന്നാൽ പ്രവാചകന്മാരായ തന്റെ ദാസന്മാരിലൂടെ ദൈവം എന്തെഴുതിയിരിക്കുന്നു എന്നതുപോലെതന്നെ പ്രാധാന്യമുള്ളതാണ് ഓരോ വ്യക്തിയും അത് എങ്ങനെ വായിക്കുന്നു അഥവാ എങ്ങനെ മനസ്സിലാക്കുന്നു എന്നത് (ലൂക്കൊസ് 10:26).

എഴുതിയിരിക്കുന്നതുപോലെ തന്നെ വായിച്ച് മനസ്സിലാക്കാത്തതിന്റെ ഫലമായിട്ടാണ് ക്രൈസ്തവ സമൂഹം ഇന്നത്തെ ലോകത്തിന് പല മുഖങ്ങളിൽ വെളിപ്പെട്ടിരിക്കുന്നത്.

ബൈബിൾ ശരിയായി മനസ്സിലാക്കുന്നവരെന്ന് അവകാശപ്പെടുന്നവരുടെ ഇടയിൽ പോലും ബൈബിൾ ശരിയായി പ്രസംഗിക്കപ്പെടുന്നില്ലായെന്നതാണ് വസ്തുത. ദൈവത്തോടും ദൈവവചനത്തോടും കൂറും പ്രതിബദ്ധതയും ഇല്ലാത്ത പ്രസംഗികൾ വചനശുശ്രൂഷ എന്ന പേരിൽ അവർക്കിഷ്ടമുള്ള വിഷയങ്ങൾ, മുറിവാക്യങ്ങൾ, കെട്ടുകഥകൾ മുതലായവകൊണ്ട് സ്റ്റേജിൽനിന്നും സ്റ്റേജിലേക്ക് ഓടുന്നു (യിരെ. 23:21–22; മീഖാ 3:5). ഇത്തരം പ്രസംഗങ്ങൾ കേട്ട് മനസ്സ് മടുത്ത ക്രൈസ്തവ സമൂഹത്തിന് വചനശുശ്രൂഷ കേൾക്കുവാൻ താല്പര്യമില്ലാതെയായി. അതിനുള്ള അടിസ്ഥാന കാരണം വചനത്തിന്റെ യഥാർത്ഥ രുചിയും മൂല്യവും അവർ അറിയാതെ പോയതുകൊണ്ടാണ്. (സങ്കീ. 119:103,127). അതിന്റെയെല്ലാം ഫലമായി മനുഷ്യനെ ദൈവിക വഴി അഭ്യസിപ്പിക്കുവാൻ ഉദ്ദേശിച്ചുള്ള തിരുവെഴുത്തിന് വേണ്ടവിധം അതിന്റെ പ്രവൃത്തി നിറവേറ്റുവാൻ കഴിയുന്നില്ല; തൻ നിമിത്തം ദൈവജനം ക്രമം കെട്ട് നടക്കുന്നു. അവരെ ദൈവിക വഴിയിലേക്ക് മടക്കിവരുത്തണമെങ്കിൽ എസ്രാ ശാസ്ത്രിയെ പോലെ വചനം തെളിവായി വായിച്ച് കേൾപ്പിക്കുകയും വായിച്ചത് ഗ്രഹിപ്പാൻ തക്കവണ്ണം അർത്ഥം പറഞ്ഞ് കൊടുക്കുകയും

(നെഹ. 8:3,8) ചെയ്യുന്ന അഥവാ, വചനം ശരിയായി വിഭജിക്കുന്ന വേലക്കാരാണ് (2 തിമൊ. 2:15) ഇന്നിന്റെ ആവശ്യം.

ഈ മഹത്തായ ലക്ഷ്യത്തിന്റെ ഒരു പങ്ക് നിറവേറ്റുന്നതിനായി ദൈവം നല്കിയ കൃപക്ക് അനുസൃതമായ പരിശ്രമത്തിന്റെ ഫലമാണ് **മലയാളം ബൈബിൾ കമെന്ററി**. വ്യക്തി താല്പര്യങ്ങളും വിഭാഗീയ ചിന്തകളും ആവോളം അകറ്റി നിറുത്തി, ഈ ലേഖനം എഴുതിയപ്പോഴുള്ള ലേഖകന്റെ മനസ്സിനെ ഈ കാലഘട്ടത്തിലുള്ള അനുവാചകരിലേക്ക് പകരുക എന്നോരു ലക്ഷ്യമാണ് ഈ ഭാഷ്യത്തിനുള്ളത്.

ഈ കൃതിയുടെ രചനയിൽ സഹായവും പ്രോത്സാഹനവും പ്രചോദനവും നല്കിയ എല്ലാവരെയും ഇത്തരുണത്തിൽ സ്മരിക്കുന്നതിനോടൊപ്പം ആവശ്യമായ പ്രകാശനവും വ്യക്തതയും നല്കിയ ദൈവത്തിന് നന്ദിയും മഹത്വവും അർപ്പിച്ചുകൊണ്ട്.

ക്രിസ്തുവിൽ സഹോദരൻ

**ജോൺസൺ പൂമല**

johnsonkk.69@gmail.com

+91 9400503238

## ആമുഖം

ഓരോ ഗ്രന്ഥവും വ്യത്യസ്തമാണ്. ഓരോ രചനയ്ക്ക് പുറകിലും ഗ്രന്ഥകർത്താവിന് പ്രത്യേക ലക്ഷ്യമുണ്ട്. അതുപോലെതന്നെ, മലയാളം ബൈബിൾ കമന്റെറിയുടെ ആഭിമുഖ്യത്തിൽ എഫെസ്യർക്ക് എഴുതിയ ലേഖനത്തിന് ഒരു വ്യാഖ്യാനം ചമച്ചതിനും വ്യക്തമായ ലക്ഷ്യമുണ്ട്.

ഇംഗ്ലീഷ് ഭാഷയിൽ വേദവ്യാഖ്യാന ഗ്രന്ഥങ്ങളുടെ ബാഹുല്യമുണ്ട്; പലതരത്തിലുള്ളതും തലത്തിലുള്ളതും അതിൽ ലഭ്യമാണ്. എന്നാൽ മലയാള ഭാഷയിൽ വ്യാഖ്യാനഗ്രന്ഥങ്ങളുടെ അഭാവമുണ്ടെന്ന് മാത്രമല്ല, വേദവ്യാഖ്യാനനിയമമനുസരിച്ച് ആഴത്തിലും സന്തുലിതമായും വേദഭാഗങ്ങൾ വിശദീകരിക്കുന്ന വ്യാഖ്യാന ഗ്രന്ഥങ്ങൾ ഇല്ലെന്ന് പറയുന്നതാണ് കൂടുതൽ ശരി. ഈ കുറവ് നികത്തുക എന്നതാണ് **മലയാളം ബൈബിൾ കമെന്ററി**യുടെ പ്രഥമ ലക്ഷ്യം.

തികച്ചും വേദവ്യാഖ്യാനശാസ്ത്രം അടിസ്ഥാനമാക്കിയാണ് **എഫെസ്യർക്ക് എഴുതിയ ലേഖനം** മലയാളം ബൈബിൾ കമെന്ററിയിൽ വിശദീകരിച്ചിട്ടുള്ളത്. ലേഖകന്റെ എഴുതിയ സാഹചര്യം, എഴുതാൻ പ്രേരിപ്പിച്ച ചുറ്റുപാടുകൾ, ആദ്യത്തെ അനുവാചകരുടെ ചുറ്റുപാടുകൾ, ലേഖനരചനയുടെ ശൈലി, മുഖ്യ പ്രതിപാദ്യവിഷയം, ഉപയോഗിച്ചിരിക്കുന്ന വാക്കുകളുടെ ശരിയായ അർത്ഥം, ശരിയായ വ്യാകരണ വിശകലനം, വ്യാഖ്യാനം ദുഷ്കരമായ വേദഭാഗങ്ങൾ ഒന്നും അവഗണിക്കാതെ എല്ലാ ഭാഗങ്ങൾക്കും സന്തുലിതവിശദീകരണം, ദൈവിക വീണ്ടെടുപ്പിൻ ചരിത്രത്തിൽ ഈ ലേഖനത്തിനുള്ള സ്ഥാനം, ലേഖനത്തിന്റെ ഇക്കാലത്തെ പ്രസക്തി, Greek Text അടിസ്ഥാനമാക്കിയുള്ള വിശദീകരണം മുതലായതെല്ലാം ഈ വ്യാഖ്യാന ഗ്രന്ഥത്തിന്റെ സവിശേഷതകളാണ്.

ഈ ലേഖനം എഴുതിയപ്പോൾ ലേഖകൻ ഇതിലൂടെ ഉദ്ദേശിച്ചതെല്ലാം മൂലഭാഷയിലെ അർത്ഥം ഒട്ടും നഷ്ടപ്പെടാതെ വിശദീകരിക്കുന്ന ഈ വ്യാഖ്യാനഗ്രന്ഥം സുവിശേഷ പ്രസംഗികൾക്കും വേദ അധ്യാപകർക്കും ആഴത്തിൽ വചനം പഠിക്കുവാൻ ആഗ്രഹിക്കുന്ന ഏവർക്കും ഏറെ പ്രയോജനപ്പെടും; മാത്രമല്ല എഫെസ്യർക്ക് എഴുതിയ ലേഖനത്തിന്റെ പഠനത്തിന് നിലവിൽ ഏറ്റവും വിശ്വസിക്കാവുന്ന ഒരു പഠനഗ്രന്ഥമായും ഇതിരിക്കുന്നു.

## ലേഖകൻ/ എഴുതിയ സ്ഥലം/ കാലഘട്ടം

'**എഫെസ്യർക്ക് എഴുതിയ ലേഖനം**' പല പുരാതന കൃതികളെ

പോലെ ഒരു നിർമ്മിത കഥയല്ല, കുലീനമായ ഒരു നുണയല്ല, വ്യാജപേരിൽ പ്രചരിച്ച ഒരു ലേഖനമല്ല, ലേഖകനെ സംബന്ധിച്ച് ഒരു തർക്കവുമില്ല. കാരണം, അപ്പോസ്തലനായ പൗലോസ് റോമർക്കും കൊരിന്ത്യർക്കും ഗലാത്യർക്കും തെസ്സലോനിക്യർക്കും എഴുതിയ ലേഖനങ്ങൾ തന്റേതെന്ന് അംഗീകരിക്കപ്പെട്ട് തന്റെ ആധികാരികത അംഗീകരിക്കപ്പെട്ട ശേഷം എഴുതപ്പെട്ടതാണ് എഫെസ്യർക്കുള്ള ഈ ലേഖനം.

ലേഖകൻ കർതൃസേവ നിമിത്തം ബദ്ധനും ചങ്ങല ധരിച്ച സ്ഥാനാപതിയുമായി റോമയിൽ വിചാരണതടവുകാരൻ ആയിരുന്നെന്നും (3: 1,13; 4:1; 6:19) എങ്കിലും തനിക്കവിടെ അത്യാവശ്യം സ്വാതന്ത്ര്യം ലഭിച്ചിരുന്നെന്നും തിരുവെഴുത്ത് പറയുന്നുണ്ട് (അപ്പൊ. 28: 16,20,29). താൻ തടവിലായിരുന്ന ഈ കാലയളവിൽ (AD 60-62) റോമിൽ വെച്ച് എഫെസ്യർക്ക് ഈ ലേഖനം എഴുതി എന്നാണ് പൊതുവിൽ വിശ്വസിക്കപ്പെടുന്നത്. ഇതിന് അപവാദമായി ഗൗരവമുള്ള വാദങ്ങൾ ഒന്നും ഇതുവരെ ഉയർന്നുവന്നിട്ടില്ല.

## ആദ്യത്തെ അനുവാചകർ

പ്രതിപാദ്യവിഷയത്തിന്റെ സാർവത്രിക സ്വഭാവവും, ലേഖകൻ ആരെയും വ്യക്തിപരമായി അഭിവാദ്യം ചെയ്യുന്നില്ലായെന്നതും, അനുവാചകരുടെ അവസ്ഥയെക്കുറിച്ച് ലേഖകന് കേട്ടറിവ് മാത്രമാണുള്ളതെന്നതും പരിഗണിച്ചാൽ (1:15) സാർവ്വത്രിക അനുവാചകരാണ് ലേഖകന്റെ മനസ്സിലുള്ളതെന്ന് നിരൂപിക്കാമെങ്കിലും താൻ പൊതുവിൽ അറിയുന്നവർക്ക് തന്നെയാണ് ഇതെഴുതുന്നത് എന്നതിന് വ്യക്തമായ ചില സൂചനകളുണ്ട് (1:15; 3:2; 4:22-24).

കാരണം, പുതിയനിയമ ലേഖനരചനയുടെ രീതി അനുസരിച്ച് ഒരു പ്രവിശ്യയിലെ ഒന്നിൽ കൂടുതൽ സഭകൾക്ക് എഴുതുമ്പോൾ ലേഖകൻ അത് പ്രത്യേകം രേഖപ്പെടുത്താറുണ്ട് (വെളി. 1:4,11). മറ്റൊരു പ്രവിശ്യയിലേക്ക് മാത്രമായി എഴുതുമ്പോൾ അങ്ങനെ തന്നെ രേഖപ്പെടുത്താറുണ്ട് (ഗലാ. 1:2), പല പ്രവിശ്യകൾക്കുവേണ്ടി എഴുതിയാലും അതും പ്രത്യേകമായി രേഖപ്പെടുത്താറുണ്ട് (1 പത്രോസ് 1:1); ഒരു സഭയ്ക്കും ഒരു പ്രവിശ്യക്കുമായി എഴുതുമ്പോൾ അതും വെവ്വേറെ രേഖപ്പെടുത്താറുണ്ട് (2 കൊരി 1:1). മാത്രമല്ല, സഭകൾക്ക് പൊതുവായി എഴുതുമ്പോൾ ഒന്നുകിൽ പൊതുവായ സൂചനകൾ നൽകാറുണ്ട് (യാക്കോബ് 1:1; പത്രോസ് 1:1; യൂദ 1:1), അല്ലെങ്കിൽ യാതൊരു അഭിവാദ്യവും പരാമർശവും നടത്താറില്ല (എബ്രായർ, 1 യോഹന്നാൻ).

മുകളിൽ ചൂണ്ടിക്കാണിച്ച കാരണങ്ങൾകൊണ്ടും, ഐറേനിയസ്, ഒറിജിൻ, ക്ലെമണ്ട് മുതലായ സഭാപിതാക്കന്മാരുടെ സാക്ഷ്യം അനുസരിച്ചും, പുതിയനിയമത്തിൽ പത്താമതായി ചേർത്തിരിക്കുന്ന ഈ ലേഖനം അപ്പോസ്തലനായ പൗലോസ് എഫെസൊസിലുള്ള വിശുദ്ധന്മാരും ക്രിസ്തുയേശുവിൽ വിശ്വാസികളുമായവർക്ക് എഴുതി എന്നാണ് മനസ്സിലാക്കുവാൻ സാധിക്കുന്നത്. ലേഖനത്തിന്റെ ആദ്യത്തെ അനുവാചകർ മേൽപ്രസ്താവിച്ചവർ ആയിരുന്നുവെങ്കിലും മറ്റുള്ള എല്ലാ തിരുവെഴുത്തും പോലെ ഇതും എക്കാലത്തുമുള്ള എല്ലാ ക്രിസ്തുവിശ്വാസികൾക്കും വേണ്ടിയുള്ളതാണ്; ലേഖനത്തിന്റെ സ്വഭാവം ഇത് സാധൂകരിക്കുന്നു.

## ലേഖന രചനയ്ക്കുള്ള അടിയന്തിര കാരണങ്ങൾ

അനുവാചകർക്ക് വേണ്ടിയുള്ള ദൈവീക പദ്ധതിയെക്കുറിച്ചും പ്രവൃത്തിയെ കുറിച്ചും അവർക്ക് ഗ്രാഹ്യം ഉണ്ടാകുവാനും (1:13–14,17–19; 2:4–7; 3:3–11), തന്റെ ഇപ്പോഴത്തെ അവസ്ഥ അനുവാചകർ അറിയുവാനും (3:1; 4:1; 6:21–22), തന്റെ അവസ്ഥ നിമിത്തം അനുവാചകർ കലങ്ങി പോകാതിരിക്കുവാനും (3:13), അവർക്ക് ആത്മീക വളർച്ച ഉണ്ടാകുവാനും (3:17–19), സഭയുടെ കെട്ടുപണിക്ക് അവർ പ്രാപ്തരായി തീരുവാനും (4:1–16 c.f. 2:20), ചുറ്റുമുള്ള ജാതികളിൽ നിന്നും ജീവിതം കൊണ്ട് വേർപ്പെട്ടിരിക്കുവാനും (4:17–19; 5:3–18), ആത്മീകപോരാട്ടത്തിന് അവരെ സജ്ജരാക്കുവാനും (6:10–20) വേണ്ടിയാണ് ഈ ലേഖനം എഴുതുന്നത്.

## ലേഖനത്തിന്റെ സാഹിത്യപരമായ പ്രത്യേകതകൾ

എഫെസ്യർക്ക് എഴുതിയ ലേഖനം സാഹിത്യപരമായി മൂന്നുനിലയിൽ അസാധാരണമാണ്. ഒന്നാമതായി, സുദീർഘമായ കൂടുതൽ വാചകങ്ങളും (1:3–14; 1:15–23; 2:1–7; 3:2–13; 14–19; 4:1–6; 4:11–16; 6:14–20) അതോട് ബന്ധപ്പെട്ട് ധാരാളം ഉപവാക്യങ്ങളും ഇതിലടങ്ങിയിരിക്കുന്നു. രണ്ടാമതായി, സൂക്ഷ്മനിരീക്ഷണം ഇല്ലെങ്കിൽ അർത്ഥത്തെ ബാധിക്കുന്ന നിലയിലുള്ള വ്യാകരണ ശൈലിയും ഒന്നിൽ കൂടുതൽ അർത്ഥമുള്ള പദങ്ങളും ഇതിൽ ധാരാളം ഉപയോഗിച്ചിരിക്കുന്നു. മൂന്നാമതായി, ആവശ്യത്തിലധികമായ വാക്കുകളുടെ ഉപയോഗം കാണുന്നു (1:5,8,11, 19,21; 2:7; 3:7,19; 5:5; 6:10).

സഭാപിതാക്കന്മാർ ഈ ലേഖനത്തെക്കുറിച്ച് അഭിപ്രായപ്പെട്ടതിൽ നിന്നും ഇതിന്റെ പ്രാധാന്യം വളരെ വ്യക്തമാണ്: ക്രിസോസ്റ്റം ഇതിനെ

ഗ്രഹിക്കുവാൻ പ്രയാസമുള്ളത് എന്ന് വിളിച്ചപ്പോൾ, അജ്ഞാതമായ ആശയങ്ങൾകൊണ്ടും യുഗങ്ങൾക്ക് മറഞ്ഞിരിക്കുന്ന മർമ്മങ്ങൾ കൊണ്ടും ഈ ലേഖനം വ്യത്യസ്തമാണെന്നാണ് ഒറിജിൻ പറഞ്ഞത്. എന്നാൽ പത്രോസ് സൂചിപ്പിച്ച ഗ്രഹിക്കുവാൻ പ്രയാസമുള്ള വേദഭാഗങ്ങൾ അടങ്ങിയ പൗലോസിന്റെ ലേഖനം ഇതാണെന്നാണ് ഇറാസ്മെസ് അഭിപ്രായപ്പെട്ടത് (2 പത്രോസ് 3:15-16).

## ലേഖനത്തിന്റെ പ്രതിപാദ്യ വിഷയം

കാലസമ്പൂർണ്ണതയിൽ സകലവും ക്രിസ്തുവിൽ വീണ്ടും ഒന്നായി ചേർക്കുന്ന ദൈവിക പദ്ധതിയുടെ മർമ്മം; ഇത് തന്റെ വലിയ കൃപയാൽ സകല ജ്ഞാനവും വിവേകവുമായി ദൈവം തന്റെ ജനത്തെ അറിയിച്ചു; അപ്പോസ്തലൻ അതിന്റെ ശുശ്രൂഷകൻ ആകുന്നു (c. 1).

നൂറ്റാണ്ടുകളായി യഹൂദനും വിജാതിയനും എന്നനിലയിൽ വേർപ്പെട്ടിരുന്ന മനുഷ്യവർഗ്ഗത്തിൽ നിന്നും ദൈവം തനിക്കായും തന്റെ മഹത്വത്തിനായും ക്രിസ്തുവിൽ ഒരു പുതിയ മനുഷ്യകുലത്തെ സൃഷ്ടിച്ചു; അവരെ തന്നോടും തമ്മിലും നിരപ്പിച്ചു (c. 2). ഇതിൽ ദൈവത്തിന്റെ ബഹുവിധമായ ജ്ഞാനം വാഴ്ചകൾക്കും അധികാരങ്ങൾക്കും സഭ മുഖാന്തരം അറിവായ്‌വരുന്നു (c. 3). ക്രിസ്തുയേശുവിലുള്ള വിശ്വാസത്താൽ ഈ ദൈവിക പദ്ധതിയിൽ പങ്കാളികളായവർക്ക് ജീവിക്കുവാൻ പുതിയ മാർഗനിർദേശങ്ങളും (cc. 4-5) കരുതിയിരിക്കുവാൻ ചില മുന്നൊരുക്കങ്ങളും നിർദ്ദേശിച്ചിരിക്കുന്നു (c. 6).

## എഫെസൊസിലെ സംസ്കാരവും ചരിത്രപരമായ പശ്ചാത്തലവും

ഒന്നാം നൂറ്റാണ്ടിൽ എഫെസൊസ് ആസ്യയുടെ തലസ്ഥാനവും ലോകത്തെ നാലാമത്തെ വലിയ പട്ടണവും ആയിരുന്നു. പുരാവസ്തു ഗവേഷകർ AD 1870 മുതലുള്ള ശ്രമങ്ങളുടെ ഫലമായി 25 അടി താഴ്ചയിൽ എഫെസൊസിലെ അർത്ഥമീസ് ക്ഷേത്രവും അക്കാലത്തെ നാണയങ്ങൾ ശില്പങ്ങൾ പ്രതിമകൾ ശിലാഫലകങ്ങൾ ചുമർചിത്രങ്ങൾ മുതലായവയും കണ്ടെടുക്കുകയുണ്ടായി. ചക്രവർത്തി ആരാധന വളരെ ശക്തമായി നിലനിന്നിരുന്ന ആസ്യയുടെ രാഷ്ട്രീയ സാമ്പത്തിക സാംസ്കാരിക മതപരമായ തലസ്ഥാന നഗരമായിരുന്നു എഫെസൊസ്. AD 11-13 കാലഘട്ടത്തിൽ എഫെസൊസിൽ നിർമ്മിച്ച ക്ഷേത്രം അർത്ഥമീസ് ദേവിക്കും അഗസ്തോസ് കൈസറിനും പുത്രനായ തൈബേരിയസ്സ് കൈസറിനും എഫെസൊസിലുള്ള സകല ഭൂതങ്ങൾക്കുമായി

സമർപ്പിച്ചതായിരുന്നു.

ലോകരാജ്യങ്ങളെ യുദ്ധങ്ങളിലൂടെ കീഴടക്കി ലോകത്തിൽ ഐക്യവും ഏകീകൃത സ്വഭാവവും അടിച്ചേൽപ്പിക്കുവാൻ റോമൻ ചക്രവർത്തിമാർ ശ്രമിച്ചിരുന്നു; അതിൽ പ്രധാനിയായിരുന്നു അഗസ്തോസ് കൈസർ. അക്കാലത്തെ ക്രമീകൃത ലോകം ദേവന്മാരുടെയും അഗസ്തോസ് കൈസറുടെയും ശ്രമഫലമായി ഉണ്ടായതാണെന്ന് അവർ വിശ്വസിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തിരുന്നു. കാരണം, ചക്രവർത്തിമാരെ ദേവന്മാരുടെ യോദ്ധാക്കൾ ആയിട്ടാണ് കരുതി പോന്നിരുന്നത്. ഇതെല്ലാം അവിടെനിന്നും കണ്ടെടുത്ത നാണയങ്ങളിൽ നിന്നും യാഗപീഠങ്ങളിൽ നിന്നും ചുമർ ചിത്രങ്ങളിൽ നിന്നും ശില്പങ്ങളിൽ നിന്നും പ്രതിമകളിൽ നിന്നും ശിലാഫലകങ്ങളിൽ നിന്നും ശവകുടീരങ്ങളിൽ നിന്നും ക്ഷേത്രങ്ങളിൽ നിന്നും മനസ്സിലാക്കുവാൻ കഴിയും.

മാത്രമല്ല, അക്കാലത്തെ യുദ്ധത്തിനും ദുരിതത്തിനും നാശത്തിനും അറുതിവരുത്തി ലോകത്തിലുള്ള സകലവും ഉപകാരപ്രദമാകുന്ന നിലയിലേക്ക് യഥാസ്ഥാനപെടുത്തി ലോകത്തിന് ഒരു പുതിയ തുടക്കം കുറിക്കുന്നതിന്റെ സൂചനയായി അഗസ്തോസ് ചക്രവർത്തിയുടെ ജന്മദിനത്തിൽ ആരംഭിക്കുന്ന നിലയിൽ ആസ്യയിലെ വാർഷിക കലണ്ടർ പോലും പുനക്രമീകരിച്ചു. ഈ കലണ്ടർ ചക്രവർത്തിയെ രക്ഷകനും ദൈവവുമായിട്ടാണ് അവതരിപ്പിച്ചത്; മാത്രമല്ല, ചക്രവർത്തിയുടെ ജന്മദിവസം ലോകത്തിനുള്ള നല്ല നാളെയുടെ, അഥവാ, ഒരു പുതിയ ആരംഭത്തിന്റെ തുടക്കമായി എന്നും, ചക്രവർത്തിയുടെ ഭരണം നിത്യമാണെന്നും അതിലൂടെ പ്രചരിപ്പിച്ചു.

ക്രിസ്തുവിശ്വാസികളുടെ ഭാവി പ്രത്യാശയെ ഈ നിലയിലുള്ള ചക്രവർത്തി ആരാധന പരോക്ഷമായി ചോദ്യം ചെയ്തിരുന്നതുകൊണ്ട്, ദൈവിക പദ്ധതിയിലുള്ള ഭാവിയുഗ ഭരണസംവിധാനത്തെ കുറിച്ച് അനുവാചകർക്ക് വേദശാസ്ത്രപരമായ വ്യക്തത നൽകുവാനാണ് പൗലോസ് ഈ ലേഖനം എഴുതിയത്.

## ലേഖനത്തിന്റെ വേദശാസ്ത്രപരമായ പശ്ചാത്തലം

അനന്തമായ ആകാശവും ആഴിയും ഊഴിയും അതിലുള്ള സകലവും സൃഷ്ടിക്കുന്നതിലും അവയെ ക്രമീകരിക്കുന്നതിലും അവയ്ക്ക് സ്ഥാനവും പങ്കും പരിധിയും നിർണ്ണയിക്കുന്നതിലും അവയെ പരിപാലിക്കുന്നതിലും പരമാധികാരിയായ ഒരു ദൈവവും, ഈ ദൈവത്തിന്റെ കൽപനകളും മുൻഗണനകളും നടപടിക്രമങ്ങളും പാലിച്ചുകൊണ്ടും

അദൃശ്യനും ആത്മാവുമായ ഈ ദൈവത്തെ സർവ്വ ലോകത്തിലും പ്രതിനിധാനം ചെയ്തുകൊണ്ടും സർവ്വ സൃഷ്ടിയുടെ മേലും വാഴുവാൻ ദൈവത്തിന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട് നിയോഗം പ്രാപിച്ച മനുഷ്യനുമാണ് ഉൽപ്പത്തി (1:1–2:3 c.f. സങ്കീർത്തനം 8:6–8) ആദ്യ അദ്ധ്യായങ്ങളിലെ പ്രമേയം.

സൃഷ്ടിപ്പിലും നിലനിൽപ്പിലും ദൈവം പരമാധികാരിയും മനുഷ്യൻ ആശ്രിതനുമാണ്. മനുഷ്യന് ഉപജീവനവും മനുഷ്യബന്ധങ്ങളടക്കം അവന് ആവശ്യമായതെല്ലാം നൽകിക്കൊണ്ട്, പ്രപഞ്ചമന്ദിരത്തിൽ മനുഷ്യജീവിതം എപ്രകാരമായിരിക്കണം എന്ന വ്യക്തമായ മാർഗ്ഗനിർദ്ദേശത്തോട് കൂടിയാണ് ദൈവം ആദ്യം പുരുഷനെയും തുടർന്ന് സ്ത്രീയെയും ഏദൻതോട്ടത്തിൽ ആക്കിയത്.

എന്നാൽ ദൈവത്തിന്റെ മാത്രം അധികാരപരിധിയിൽ ഉൾപ്പെട്ട നന്മതിന്മകളെ കുറിച്ചുള്ള അറിവ് – ധാർമികമായി ശരിയും തെറ്റും, നന്മയും തിന്മയും, വിശുദ്ധിയും അശുദ്ധിയും, സത്യവും ഭോഷ്കും സ്വതന്ത്രമായി തീരുമാനിക്കുന്നതിനുള്ള അധികാരം – ദൈവത്തെ ഒഴിവാക്കി മനുഷ്യൻ സ്വയം ഏറ്റെടുത്തുകൊണ്ട്, ദൈവത്തിന്റെ വിശേഷാധികാരത്തെ മനുഷ്യൻ അപഹരിച്ചെടുക്കുന്നതും ദൈവത്തിൽ നിന്നുള്ള സ്വാതന്ത്ര്യം ശക്തിയുക്തം സ്ഥാപിക്കുന്നതുമാണ് തുടർന്ന് കാണുന്നത്.

ഇതോടുള്ള ബന്ധത്തിൽ മനുഷ്യൻ തന്നെ അവന്റെ വിധികർത്താവായി തീർന്നു. ആരെ വിശ്വസിക്കണം – ആരെ വിശ്വസിക്കരുത്, എന്ത് തിന്നണം – എന്ത് തിന്നരുത്, എന്ത് ചെയ്യണം – എന്ത് ചെയ്യരുത്, എന്ത് പാലിക്കണം – എന്ത് പാലിക്കരുത് എന്നും തനിക്ക് നല്ലത് ഏതെന്നും ശരി ഏതെന്നും തീരുമാനിക്കാനുള്ള ദൈവത്തിന്റെ അധികാരം സ്വയം ഏറ്റെടുത്തുകൊണ്ട് നന്മതിന്മകളെ നിർണയിക്കുന്ന കാര്യത്തിൽ മനുഷ്യൻ ദൈവത്തെ പോലെയായി (ഉല്പത്തി 3:22). അതിന്റെ ഫലമായി, സത്യത്തിന്റെയും വിശുദ്ധിയുടെയും ധാർമികതയുടെയും നന്മയുടെയും നിലവാരം നിശ്ചയിക്കുന്നതും അവസാന വാക്ക് പറയുന്നതും ഇന്ന് മനുഷ്യനാണ്, സ്വന്തം മനസ്സാക്ഷിയാണ്, അവനവന്റെ സംസ്കാരമാണ്, ബന്ധപ്പെട്ട വ്യക്തികളാണ്, പരിമിത ജ്ഞാനമുള്ള അധികാരവർഗ്ഗമാണ്, മനുഷ്യനിർമ്മിത കോടതികളാണ്, വൈവിധ്യ സ്വഭാവക്കാരുടെ ഭൂരിപക്ഷ അഭിപ്രായമാണ്.

മേൽസൂചിപ്പിച്ച മനുഷ്യ സംവിധാനങ്ങളും സ്ഥാപനങ്ങളും അതതിന്റെ സംഭാവന സമൂഹത്തിന് നൽകുന്നുണ്ടെന്ന് സമ്മതിച്ചാലും സത്യം,

ധർമ്മം, വിശുദ്ധി, നീതി, നന്മ മുതലായവയുടെ നിലവാരം നിശ്ചയിക്കുവാനും അതിന് അവസാനവാക്ക് പറയുവാനും അധികാരമുള്ളത് സൃഷ്ടിക്കോ സൃഷ്ടാവിനോ? ആരുടെ മാനദണ്ഡം ഉപയോഗിച്ചാണ് ഒരു പ്രവൃത്തിയെ ശരിയായും മറ്റൊന്നിനെ തെറ്റായും വിധിക്കുന്നത് - മനുഷ്യന്റെയോ ദൈവത്തിന്റെയോ? എവിടെനിന്നാണ് ഇതിനെല്ലാം ഉത്തരം കണ്ടെത്തേണ്ടത് - മാനുഷിക ബുദ്ധിയിൽനിന്നോ ദൈവിക വെളിപ്പാടിൽ നിന്നോ?

മനുഷ്യൻ സ്വയനിർണയ അധികാരം സ്ഥാപിച്ചെടുത്തതിലൂടെ തന്നോടുള്ള ബന്ധത്തിൽ സാത്താന്റെ വലിയ കെണിയിലാണ് വീണത് (ഉൽപ്പത്തി 3:5 c.f. 2 കൊരിന്ത്യർ 11:3). കാരണം, ഈ അവസ്ഥയിൽ നിന്നും മനുഷ്യന് സ്വന്ത പരിശ്രമത്തിലൂടെ ഒരിക്കലും മോചനമില്ല (2 കൊരിന്ത്യർ 4:4 c.f. എഫെസ്യർ 4:22). എന്നാൽ ദൈവത്തോടുള്ള ബന്ധത്തിൽ കല്പനാലംഘനമാണ് സംഭവിച്ചത്; അതിന്റെ ഫലമായി, അവൻ ദൈവത്തിൽനിന്നും അകലുകയും അന്യോന്യം അകലുകയും ചെയ്തു; എന്നാൽ അധികം കൈപ്പേറിയത് സംഭവിക്കാതിരിക്കാൻ അനന്തരം ദൈവം മനുഷ്യനെ തോട്ടത്തിൽനിന്നും പുറത്താക്കി (ഉൽപ്പത്തി 3: 22-24). മനുഷ്യന് ദൈവിക സാന്നിധ്യവും സംരക്ഷണവും കൂട്ടായ്മയും എല്ലാ അനുഗ്രഹ അവകാശങ്ങളും നഷ്ടപ്പെട്ട്, ആത്മീകമായി പാപ്പരായതിന്റെ പ്രതീകമാണ് ഏദെൻ തോട്ടത്തിൽ നിന്നുള്ള പുറത്താക്കൽ.

എന്നാൽ മനുഷ്യന്റെ പ്രശ്നം അവിടെ അവസാനിക്കുകയല്ലാ, മറിച്ച്, ആരംഭിക്കുകയാണ് ചെയ്തത്. പ്രത്യക്ഷമായി മനുഷ്യൻ ദൈവത്തിന്റെ കല്പന ലംഘിച്ചതിന്റെ ഫലമായി അവൻ മരണത്തിന് അതീനനായി, അവന്റെ സകല തലമുറകളും അതുപോലെ ദൈവ മുമ്പാകെ ശിക്ഷയ്ക്ക് അർഹരായി (റോമർ 5:12-13), ഭൂമി ശപിക്കപ്പെട്ടതായി തീർന്നു (ഉല്പത്തി 3:17), സർവ്വസൃഷ്ടിയും ഇന്നുവരെ ഒരുപോലെ ഞരങ്ങി ഈറ്റുനോവോടിരിക്കുന്നു (റോമർ 5:12). മാത്രമല്ല, സൃഷ്ടിപ്പിൽ ദൈവം നല്ലതെന്ന് പറഞ്ഞതെല്ലാം നല്ലതല്ലാതായിത്തീർന്നു; ദൈവം നല്ല ക്രമത്തിൽ ചെയ്തതെല്ലാം ക്രമരഹിതമായി തീർന്നു; മനുഷ്യനും മനുഷ്യനും, മനുഷ്യനും പ്രകൃതിയും, മനുഷ്യനും ദൈവവും തമ്മിലുള്ള ബന്ധവും താറുമാറായി.

അതുകൊണ്ട് സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകലത്തിന്റെയും പ്രാപഞ്ചിക അനുരഞ്ജനമാണ് എഫേസ്യർക്കുള്ള ലേഖനത്തിന്റെ പ്രമേയം. സഹസ്രാബ്ദങ്ങളായി പ്രപഞ്ചത്തിലെ ചിന്നിയും ചിതറിയും

അഴിഞ്ഞും അകന്നും ക്രമരഹിതമായ എല്ലാ ഘടകങ്ങളും ദൈവത്തിന്റെ അഭിഷിക്തനായ കർത്താവായ യേശുവിലൂടെ പുനരൈക്യപ്പെടുത്തി ഒരുമിച്ചു കൊണ്ടുവന്ന് സകലവും വീണ്ടും ക്രിസ്തുവിൽ ഒന്നായി ചേർക്കുക എന്നതാണ് ഭാവിയുഗത്തെക്കുറിച്ചുള്ള ദൈവിക പദ്ധതി (1:10). അതുകൊണ്ട് വിഷയാധിഷ്ഠിതമായി എഫേസ്യർക്കുള്ള ലേഖനത്തെ താഴെ കാണുന്ന നിലയിൽ വിഭജിക്കാം.

## ഭാവിയുഗ ദൈവീക പദ്ധതിയുടെ രൂപരേഖ

I. സകലവും ക്രിസ്തുവിൽ വീണ്ടും ഒന്നായി ചേർക്കുന്നതിന് ദൈവം എല്ലാവർക്കും ഏകപുത്രനിലൂടെ ഒരു പദ്ധതി ഒരുക്കി (1:3–23)

II. സകലവും ക്രിസ്തുവിൽ വീണ്ടും ഒന്നായി ചേർക്കുന്നതിന് ദൈവം എല്ലാവരെയും ക്രിസ്തുവിൽ ഒരു പുതിയ സൃഷ്ടിയാക്കി (2:1–22)

III. സകലവും ക്രിസ്തുവിൽ വീണ്ടും ഒന്നായി ചേർക്കുന്ന ദൈവിക പദ്ധതിയുടെ മർമ്മം എല്ലാവരെയും അറിയിക്കുവാൻ ദൈവം അപ്പോസ്തലന് നിയോഗം നൽകി (3:1–21)

IV. സകലവും ക്രിസ്തുവിൽ വീണ്ടും ഒന്നായി ചേർക്കുന്ന ദൈവിക പദ്ധതിക്ക് അനുയോജ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ദൈവം എല്ലാവർക്കും നൽകി (4:1–6:9)

V. സകലവും ക്രിസ്തുവിൽ വീണ്ടും ഒന്നായി ചേർക്കുന്ന ദൈവീക പദ്ധതിയിലെ പങ്കാളികളെ നിർവീര്യമാക്കുവാൻ ശ്രമിക്കുന്ന ആത്മ ശക്തികൾക്കെതിരെ ദൈവിക മുന്നൊരുക്കത്തോടെ എതിർത്തു നിൽക്കുവാനുള്ള നിർദ്ദേശം ദൈവം എല്ലാവർക്കും നൽകി (6:10–20)

എഫേസ്യർക്ക് എഴുതിയ ലേഖനം ദൈവിക പദ്ധതിയെക്കുറിച്ചും ഭാവി ലോകത്തെക്കുറിച്ചും ക്രിസ്തീയ ജീവിതത്തെക്കുറിച്ചും ആത്മീക ശുശ്രൂഷയെക്കുറിച്ചുള്ള നമ്മുടെ കാഴ്ചപ്പാടുകളെ സമൂലമായി മാറ്റുന്നു.

നമ്മുടെ മാറിയ ചിന്താഗതിയിലൂടെയും അതുമൂലമുള്ള രൂപാന്തരത്തിലൂടെയും ദൈവം മഹത്വപ്പെടുത്തുകയും കാലസമ്പൂർണ്ണതയിൽ ക്രിസ്തുവിൽ എല്ലാം ഒന്നായി ചേർക്കുന്ന ദൈവിക പദ്ധതി കൂടുതൽ പരിപോഷിപ്പിക്കപ്പെടുകയും ചെയ്യുന്നു.

അതിനായി ദൈവത്തിന്റെ കല്പനകളും ചട്ടങ്ങളും ക്രമങ്ങളും മുൻഗണനകളും പാലിച്ചുകൊണ്ട് നമ്മുടെ കാഴ്ചപ്പാടുകളും ലക്ഷ്യങ്ങളും തന്റേതിന് അനുസൃതമായി രൂപപ്പെടുത്തുവാൻ ആഹ്വാനം ചെയ്യുന്ന ഒരു ലേഖനമാണ് എഫേസ്യർക്ക് എഴുതിയ ലേഖനം. അപ്പോസ്തലനായ പൗലോസ് എഴുതിയ മറ്റ് എല്ലാ ലേഖനങ്ങളിലും കാണുന്നതുപോലെ അഭിവാദ്യം അവതരണം അവസാനം എന്ന നിലയിൽ മൂന്ന് പ്രധാന ഭാഗങ്ങൾ ഈ ലേഖനത്തിലും കാണുന്നു.

# അഭിവാദ്യം

**''ദൈവേഷ്ടത്താൽ ക്രിസ്തുയേശുവിന്റെ അപ്പൊസ്തലനായ പൌലൊസ് [എഫെസൊസിൽ ഉള്ള] വിശുദ്ധന്മാരും ക്രിസ്തുയേശുവിൽ വിശ്വാസികളുമായവർക്കു എഴുതുന്നതു: നമ്മുടെ പിതാവായ ദൈവത്തിങ്കൽനിന്നും കർത്താവായ യേശുക്രിസ്തുവിങ്കൽനിന്നും നിങ്ങൾക്കു കൃപയും സമാധാനവും ഉണ്ടാകട്ടെ.''** (1:1–2)

1:1–2 വാക്യങ്ങൾ ഒരു വാചകമല്ല, മറിച്ച് ലേഖനത്തിന്റെ ഒരു തലക്കെട്ട് മാത്രമാണ്. ലേഖകനെയും പ്രഥമ അനുവാചകരെയും സംബന്ധിച്ച് ചെറിയൊരു വിവരണം ആരംഭത്തിൽ തന്നെ നമുക്ക് ഇതിലൂടെ ലഭിക്കുന്നു. ഔദ്യോഗികമായ പുരാതന എബ്രായ – ഗ്രീക്ക് എഴുത്തുകളിൽ ഈ ശൈലി സർവ്വസാധാരണമായിരുന്നു.

## ലേഖകൻ

**''ദൈവേഷ്ടത്താൽ ക്രിസ്തുയേശുവിന്റെ അപ്പോസ്തലനായ പൗലോസ്''**

ഇങ്ങനെ പറയുന്നതിലൂടെ സ്വന്തം ഇഷ്ടപ്രകാരമല്ല മറ്റുള്ളവരുടെ ആവശ്യപ്രകാരവും അല്ല, മറിച്ച്, ''**ദൈവേഷ്ടത്താൽ**'' തന്നെ ക്രിസ്തുയേശുവിന്റെ അപ്പോസ്തലനായവനാണ് പൗലോസ് എന്നത് ഇവിടെ ഊന്നി പറയുന്നു (ഗലാത്യർ 1:1); ഇത് അപ്പോസ്തലനായി തീർന്ന മുഖാന്തരത്തെയും സൂചിപ്പിക്കുന്നു. അതുകൊണ്ട് ദൈവഹിതത്തിലൂടെ ക്രിസ്തുയേശുവിന്റെ ''**അപ്പോസ്തലൻ**'' ആകുന്നു എന്ന ബോധ്യത്തിലും ആധികാരികതയിലുമാണ് താൻ ഈ ലേഖനം എഴുതുന്നത്. ഇതിന്റെ എല്ലാ അനുവാചകരും ഈ ബോധ്യത്തോടെ ലേഖനം വായിക്കേണ്ടതിനാണ് ആരംഭത്തിൽ തന്നെ താനിക്കാര്യം രേഖപ്പെടുത്തുന്നത്.

അപ്പോസ്തലൻ (apostolos) എന്നതിന് പ്രത്യേക പ്രതിനിധി, ദൂത

ൻ, സന്ദേശവാഹകൻ എന്നാർത്ഥം. സാങ്കേതികമായി, ദൈവസഭയുടെ അടിസ്ഥാന പണിക്കും (2:20-21) വളർച്ചയ്ക്കും (4:11,13) ദൈവിക അരുളപ്പാടുകളും മർമ്മങ്ങളും അറിയിക്കുന്നതിനും (3:1-8) ക്രിസ്തുയേശുവിന്റെ നിയോഗം ലഭിച്ച പ്രത്യേക പ്രതിനിധിയാണ് അപ്പോസ്തലൻ. പ്രത്യേകിച്ച് ജാതികൾക്കു വേണ്ടിയുള്ള അപ്പോസ്തലൻ എന്ന നിലയിൽ ആയിരുന്നു പൗലോസിന്റെ ശുശ്രൂഷകൾ (1 തിമൊ. 2:7). ഇവിടെ "**ക്രിസ്തുയേശുവിന്റെ**" എന്നത് ഉടമസ്ഥതയെ സൂചിപ്പിക്കുന്നു (ഗലാത്യർ 1:1).

**അനുവാചകർ**

"[**എഫെസോസിലുള്ള**] **വിശുദ്ധന്മാരും ക്രിസ്തുയേശുവിൽ വിശ്വാസികളുമായവർക്ക് എഴുതുന്നത്**"

ചില പഴയ കയ്യെഴുത്ത് പ്രതികളിൽ "[**എഫെസോസിലുള്ള**]" എന്ന് കാണുന്നില്ലെങ്കിലും വ്യാകരണപ്രകാരം ഇവിടെ ഒരു ഉദ്ദിഷ്ടസ്ഥാനം ആവശ്യമായതുകൊണ്ട് "**എഫെസോസിലുള്ള**" എന്നതും ആദ്യകൈയെഴുത്തിന്റെ ഭാഗമായിരിക്കുവാൻ സാധ്യതയുണ്ട്. മാത്രമല്ല സ്ഥലപ്പേര് കൂടാതെ എഴുതുന്നത് പൗലോസിന്റെ രീതിയും അല്ല.

എങ്കിലും ഈ ലേഖനം എഴുതുമ്പോൾ എഫെസോസിലുള്ള എല്ലാ വിശ്വാസികളെയും അപ്പോസ്തലൻ നേരിട്ട് അറിഞ്ഞിരുന്നില്ല (1:5; 3:3; 4:21). കാരണം, ഏഴു വർഷങ്ങൾക്ക് മുമ്പാണ് താൻ എഫെസോസിൽ ശുശ്രൂഷ ചെയ്തിരുന്നത്; ഇതിനോടകം അവിടെ അനേകം പുതിയ വിശ്വാസികൾ സഭയോട് ചേർന്നിട്ടുണ്ടാകാം; അതിനേക്കാൾ ഉപരിയായി, ആസ്യയിലെ ഏറ്റവും വലിയ പട്ടണവും തലസ്ഥാന നഗരവുമായ എഫെസോസിലെ ചില വിശ്വാസ ഭവനങ്ങളിൽ പുതിയ സഭകൾ തന്നെ ആരംഭിച്ചിട്ടുണ്ടാകാം. ഒരു പക്ഷേ, അതുകൊണ്ടാകാം എഫെസോസിലെ സഭയ്ക്ക് എന്ന് സംബോധന ചെയ്യാതെ "**എഫെസോസിലുള്ള വിശുദ്ധന്മാരും ക്രിസ്തുയേശുവിൽ വിശ്വാസികളുമായവർക്ക്**" എന്ന് പ്രത്യേകം എഴുതിയത്.

അനുവാചകരെ വിശുദ്ധന്മാർ എന്നാണ് ലേഖനത്തിൽ ഉടനീളം അപ്പോസ്തലൻ പരാമർശിക്കുന്നത് (1:15,18; 3:8,18; 4:13; 5:4; 6:18); ഇതിനൊരു പഴയനിയമ പശ്ചാത്തലം ഉണ്ട് (പുറപ്പാട് 19:6; ലേവി. 11:44-45; 19:2; 20:7). പഴയനിയമത്തിൽ യിസ്രായേൽ ദൈവത്തിനു വിശുദ്ധ ജനമായിരുന്നതുപോലെ (പുറപ്പാട് 22:31; ലേവി. 11:45; 19:2; ആവർത്തനം

7:6), പുതിയനിയമപ്രകാരം ക്രിസ്തുയേശുവിൽ വിശ്വസിക്കുന്ന യിസ്രായേല്യരോടൊപ്പം ക്രിസ്തുവിൽ വിശ്വസിക്കുന്ന ജാതികളും ദൈവത്തിനായി വേർതിരിക്കപ്പെട്ട വിശുദ്ധന്മാരാണ് (എഫെ. 2:19,21; 1 കൊരി. 1:2). എന്നാൽ പ്രവൃത്തിയാലല്ല അവരാരും വിശുദ്ധരായി തീർന്നത്, മറിച്ച്, ദൈവം ക്രിസ്തുയേശുവിലൂടെ സാധ്യമാക്കിയ വിശുദ്ധീകരണ പ്രവൃത്തിയിൽ വിശ്വസിച്ചതു കൊണ്ടാണ് (അപ്പൊ. 15:9; 1 കൊരി. 1:2). എങ്കിലും ഈ ലേഖനത്തിന്റെ ആദ്യ അനുവാചകരിൽ ബഹുഭൂരിപക്ഷവും ജാതികളിൽ നിന്നുള്ള വിശുദ്ധന്മാർ തന്നെ ആയിരുന്നു.

അതുകൊണ്ട് "**വിശുദ്ധന്മാരും ക്രിസ്തുയേശുവിൽ വിശ്വാസികളുമായവർക്ക്**" എന്നതിലൂടെ ഇവിടെ പരാമർശിക്കുന്ന വിശുദ്ധന്മാർ യിസ്രായേൽ ജനതയല്ല, മറിച്ച്, ക്രിസ്തുയേശുവിലുള്ള വിശ്വാസികളാണ്; ഇവിടെ "**വിശുദ്ധന്മാരും**" എന്നത് ക്രിസ്തുവിശ്വാസികൾക്ക് ഇപ്പോൾ ദൈവ മുമ്പാകെയുള്ള പ്രത്യേക സ്ഥാനത്തെയും, "**ക്രിസ്തുയേശുവിൽ വിശ്വാസികളും**" എന്നത് അവർ വിശുദ്ധന്മാർ ആയിരിക്കുന്ന പ്രത്യേക മണ്ഡലത്തെയും സൂചിപ്പിക്കുന്നു. ചുരുക്കത്തിൽ, ക്രിസ്തുയേശുവിൽ വിശ്വസിക്കുന്നവർ അഥവാ ക്രിസ്തുവിനോട് വിശ്വസ്തരായിരിക്കുന്നവരാണ് പുതിയ നിയമ പ്രകാരം വിശുദ്ധന്മാർ ആയിരിക്കുന്നത്.

കാരണം ഇവിടെ "**വിശുദ്ധന്മാരും**" "**വിശ്വാസികളും**" എന്നതിനിടയിൽ സമുച്ചയ പദം (and) ഉണ്ടെങ്കിലും "**വിശുദ്ധന്മാരും**" എന്നതിനോട് ബന്ധപ്പെട്ട് മാത്രമാണ് വിശേഷണ ഭേദകം (the) ചേർത്തിരിക്കുന്നത് എന്നതുകൊണ്ട് രണ്ടുപേരുകളും ഒരേ ഗണത്തിൽ ഉള്ളവരെ തന്നെ സൂചിപ്പിക്കുന്നു. അർത്ഥാൽ പുതിയ നിയമപ്രകാരമുള്ള വിശുദ്ധന്മാരെല്ലാം ക്രിസ്തുയേശുവിൽ വിശ്വാസികളും ക്രിസ്തുവിനോട് വിശ്വസ്തരുമാണ്.

എന്നാൽ "**ക്രിസ്തുയേശുവിൽ വിശ്വാസികളുമായവർക്ക്**" എന്നതിലൂടെ വിശ്വാസികൾ ആശ്രയിക്കുന്ന യേശുക്രിസ്തു എന്ന വ്യക്തിയുടെ വിശ്വാസീയതയും ദൈവം മുമ്പാകെ അവർ വിശുദ്ധരും വിശ്വാസികളും ആകേണ്ടതിനുള്ള മുഖാന്തിരത്തെയും ലേഖകൻ സൂചിപ്പിക്കുന്നു.

വിജാതീയ ആരാധനയ്ക്ക് പ്രസിദ്ധമായ എഫെസോസ് പട്ടണത്തിൽ 'വിശുദ്ധന്മാരും വിശ്വാസികളും' എന്ന് അവകാശപ്പെടുന്ന അനേ

കർ ഉണ്ടാകാമെങ്കിലും, അവർക്കല്ല, മറിച്ച് എഫെസോസിലുള്ള "**വിശുദ്ധന്മാരും ക്രിസ്തുയേശുവിൽ വിശ്വാസികളുമായവർക്ക്**" മാത്രമാണ് അപ്പോസ്തലൻ ഈ ലേഖനം എഴുതുന്നത് എന്ന് നാമവിശേഷണങ്ങൾ വ്യക്തമാക്കുന്നു.

**ആശിർവാദം**

**"നമ്മുടെ പിതാവായ ദൈവത്തിങ്കൽ നിന്നും കർത്താവായ യേശു ക്രിസ്തുവിങ്കൽ നിന്നും നിങ്ങൾക്ക് കൃപയും സമാധാനവും ഉണ്ടാകട്ടെ"**

ലേഖനത്തിലെ അഭിവാദ്യത്തിൽ നിന്നും ലേഖനം അയക്കുന്ന വ്യക്തിയുടെ തത്വദർശനം ഏറെക്കുറെ മനസ്സിലാക്കാം. അഭിവൃദ്ധിയും ശാരീരിക ക്ഷേമവും ആയിരുന്നു തിരുവെഴുത്തിന് പുറത്ത് അക്കാലത്ത് ഏറ്റവും അധികമായി ഉപയോഗിക്കപ്പെട്ടിരുന്ന അഭിവാദ്യ വാക്കുകൾ. എന്നാൽ പഴയനിയമത്തിലെ അഹരോന്യ ആശിർവാദമായ കൃപയും സമാധാനവും ആണ് അപ്പോസ്തലൻ ഇവിടെ ഉപയോഗിച്ചിരിക്കുന്നത് (സംഖ്യ 6:24-27).

പഴയനിയമം ദൈവത്തെ വിശ്വാസികളുടെ പിതാവായി അവതരിപ്പിക്കുന്നുവെങ്കിലും നമ്മുടെ പിതാക്കന്മാരുടെ ദൈവം എന്നല്ലാതെ "**നമ്മുടെ പിതാവായ**" ദൈവം എന്ന് പൊതുവിൽ പറയുന്നില്ല; ഇങ്ങനെ പറയുവാൻ കഴിയുന്നത് ക്രിസ്തുയേശുവിലൂടെ നമുക്ക് ലഭിച്ചിരിക്കുന്ന പ്രത്യേക പദവി നിമിത്തമാണ്. അതുപോലെ "**കൃപയും സമാധാനവും**" പിതാവായ ദൈവത്തിൽ നിന്നും കർത്താവായ യേശു ക്രിസ്തുവിലൂടെ മാത്രം ലഭിക്കുന്നതാണ്. ഇവിടെ കൃപ നിമിത്തവും സമാധാനം ഫലവും ആണ്. നമുക്ക് ദൈവത്തിന്റെ കൃപ ലഭിച്ചതു കൊണ്ട് നമുക്ക് ദൈവത്തോട് സമാധാനമുണ്ട്. എന്നാൽ കൃപയും സമാധാനവും "**ഉണ്ടാകട്ടെ**" എന്നത് ഇവിടെ ഒരു ആശംസ മാത്രമല്ല മറിച്ച്, ഒരു പ്രാർത്ഥന കൂടിയാണ്.

തുടർന്ന് ദൈവം തന്റെ ജനത്തിന് എങ്ങനെ കൃപയും സമാധാനവും നൽകി അനുഗ്രഹിക്കുന്നുവെന്ന് അപ്പോസ്തലൻ വിവരിക്കുന്നു.

***

# അവതരണം

## I

## സകലവും ക്രിസ്തുവിൽ വീണ്ടും ഒന്നായി ചേർക്കുന്നതിന് ദൈവം എല്ലാവർക്കും ഏകപുത്രനിലൂടെ ഒരു പദ്ധതി ഒരുക്കി (1:3–23)

### A. ക്രിസ്തുവിശ്വാസികളോടുള്ള ബന്ധത്തിൽ ദൈവം ചെയ്തത് (1:3–14)

“സ്വർഗ്ഗത്തിലെ സകല ആത്മികാനുഗ്രഹത്താലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുന്ന നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും പിതാവുമായവൻ വാഴ്ത്തപ്പെട്ടവൻ. നാം തന്റെ സന്നിധിയിൽ വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിന്നു അവൻ ലോകസ്ഥാപനത്തിന്നു മുമ്പെ നമ്മെ അവനിൽ തിരഞ്ഞെടുക്കയും തിരുഹിതത്തിന്റെ പ്രസാദപ്രകാരം യേശുക്രിസ്തുമുഖാന്തരം നമ്മെ ദത്തെടുക്കേണ്ടതിന്നു അവൻ പ്രിയനായവനിൽ നമുക്കു സൗജന്യമായി നല്കിയ തന്റെ കൃപാമഹത്വത്തിന്റെ പുകഴ്ചെക്കായി സ്നേഹത്തിൽ നമ്മെ മുന്നിയമിക്കയും ചെയ്തുവല്ലോ. അവനിൽ നമുക്കു അവന്റെ രക്തത്താൽ അതിക്രമങ്ങളുടെ മോചനമെന്ന വീണ്ടെടുപ്പു ഉണ്ടു. അതു അവൻ നമുക്കു താൻ ധാരാളമായി കാണിച്ച കൃപാധനപ്രകാരം സകലജ്ഞാനവും വിവേകവുമായി നൽകിയിരിക്കുന്നു. അവനിൽ താൻ മുന്നിർണ്ണയിച്ച തന്റെ പ്രസാദത്തിന്നു തക്കവണ്ണം തന്റെ ഹിതത്തിന്റെ മർമ്മം അവൻ നമ്മോടു അറിയിച്ചു. അതു സ്വർഗ്ഗത്തിലും ഭൂമിയിലുമു

**ള്ളതു എല്ലാം പിന്നെയും ക്രിസ്തുവിൽ ഒന്നായിച്ചേർക്ക എന്നിങ്ങനെ കാലസമ്പൂർണ്ണതയിലെ വ്യവസ്ഥക്കായിക്കൊണ്ടു തന്നേ. അവനിൽ നാം അവകാശവും പ്രാപിച്ചു, തന്റെ ഹിതത്തിന്റെ ആലോചനപോലെ സകലവും പ്രവർത്തിക്കുന്നവന്റെ നിർണ്ണയപ്രകാരം മുന്നിയമിക്കപ്പെട്ട തു മുമ്പിൽകൂട്ടി ക്രിസ്തുവിൽ ആശവെച്ചവരായ ഞങ്ങൾ അവന്റെ മ ഹത്വത്തിന്റെ പുകഴ്ചെക്കാകേണ്ടതിന്നു തന്നേ. അവനിൽ നിങ്ങൾ ക്കും നിങ്ങളുടെ രക്ഷയെക്കുറിച്ചുള്ള സുവിശേഷം എന്ന സത്യവച നം നിങ്ങൾ കേൾക്കയും അവനിൽ വിശ്വസിക്കയും ചെയ്തിട്ടു, തന്റെ സ്വന്തജനത്തിന്റെ വീണ്ടെടുപ്പിന്നു വേണ്ടി തന്റെ മഹത്വത്തിന്റെ പുക ഴ്ചെക്കായിട്ടു നമ്മുടെ അവകാശത്തിന്റെ അച്ചാരമായ വാഗ്ദത്തത്തി ൻ പരിശുദ്ധാത്മാവിനാൽ മുദ്രയിട്ടിരിക്കുന്നു.''**

1:3-14 വരെയുള്ള ഭാഗം 202 വാക്കുകളുള്ള പുതിയ നിയമത്തിലെ ഏറ്റവും വലിയ വേദഭാഗമാണെങ്കിലും പല ക്രിയാപദങ്ങൾ ഇതിൽ കാണുന്നുണ്ടെങ്കിലും ഇതിൽ ഒരു തലക്രിയ (principal verb) കാണാത്ത തിനു കാരണം ഇത് ഒരു ഗദ്യരചനയല്ല, മറിച്ച്, സ്തുതിയും അനുഗ്രഹ വും അടങ്ങിയ ഒരു പ്രശംസാകൃതി (eulogy) ആയതുകൊണ്ടാണ്. എ ങ്കിലും വിഷയത്തിന്റെ ഒഴുക്ക് അനുസരിച്ച് ഈ ഭാഗത്തെ നാലായി വി ഭജിക്കാവുന്നതാണ്.

## 1. പുതിയ സൃഷ്ടിയാക്കുവാൻ അനുഗ്രഹിച്ചു (1:3)

എഫെസോസിലുള്ള വിശുദ്ധന്മാരും വിശ്വാസികളുമായവർക്കുവേ ണ്ടി അപ്പോസ്തലൻ സ്തോത്രം ചെയ്യുന്നതിനും (1:15-16) പ്രാർത്ഥി ക്കുന്നതിനും (17-23) മുമ്പായി ദൈർഘ്യമേറിയ ആശിർവാദവും സ്തു തിയും അനുഗ്രഹവും ദൈവത്തിന് അർപ്പിക്കുന്നു (1:3-14). ഇത് ആദാ മ്യകുലത്തെ ക്രിസ്തുവിൽ പുതിയ സൃഷ്ടി ആക്കുവാൻ സ്വർഗ്ഗത്തിലെ സകല ആത്മീക അനുഗ്രഹങ്ങളാലും ദൈവം നമ്മെ ക്രിസ്തുയേശുവി ൽ അനുഗ്രഹിച്ചതുകൊണ്ടാണ്.

**''സ്വർഗ്ഗത്തിലെ സകല ആത്മീക അനുഗ്രഹത്താലും നമ്മെ ക്രിസ് തുവിൽ അനുഗ്രഹിച്ചിരിക്കുന്ന നമ്മുടെ കർത്താവായ യേശു ക്രിസ്തു വിന്റെ ദൈവവും പിതാവുമായവൻ വാഴ്ത്തപ്പെട്ടവൻ''**

എന്നാൽ ക്രിസ്തുവിശ്വാസികൾക്ക് വേണ്ടിയുള്ള ആത്മീയ അ നുഗ്രഹങ്ങളെല്ലാം ''**ക്രിസ്തുവിൽ**'' എന്ന മേഖലയിലാണ് ലഭിക്കുന്ന

തെന്നും (1:3,4,6,7,9,10,11,12,13), എല്ലാ അനുഗ്രഹങ്ങളും ദൈവത്തിന്റെ മഹത്വത്തിന്റെ പുകഴ്ച്ചയ്ക്കുവേണ്ടിയാണെന്നും ഈ ഭാഗത്ത് (1:3,6,12, 14) പറയുന്നു.

ഇവിടെ "**അനുഗ്രഹിച്ചിരിക്കുന്ന**" എന്നതിലൂടെ വ്യാകരണപ്രകാരം (eulogēsas – constative aorist) അനുഗ്രഹിച്ചിരിക്കുന്നത് എപ്പോൾ ആരംഭിച്ചുവെന്നോ എപ്പോൾ അവസാനിക്കുമെന്നോ സൂചിപ്പിക്കാതെ അനുഗ്രഹിച്ചിരിക്കുന്ന പ്രവൃത്തിയെ മാത്രം സൂചിപ്പിക്കുന്നു. ഇതിൽ പ്രധാനമായും അഞ്ചു ഭാഗങ്ങൾ അടങ്ങിയിരിക്കുന്നു.

## a. ആരാണ് അനുഗ്രഹിച്ചത്

"**നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും പിതാവുമായവൻ**"

പഴയ ഉടമ്പടിയിൽ നിന്നും പുതിയ ഉടമ്പടിയിലേക്ക് മാറിയപ്പോൾ യിസ്രായേലിന്റെ ദൈവം അഥവാ പിതാക്കന്മാരുടെ ദൈവം നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും പിതാവും (യോഹ. 20:17; 1 പത്രോസ് 1:3), നമ്മുടെ ദൈവവും പിതാവുമായി മാറിയിരിക്കുന്നു (1:2).

കാരണം, പ്രപഞ്ചപുനഃസൃഷ്ടിയിൽ ദൈവം യഹൂദന്മാരുടെ ദൈവം മാത്രമല്ല, മറിച്ച്, തന്നെ വിളിച്ചപേക്ഷിക്കുന്ന ഏവരുടെയും ദൈവമാണ്. ഈ ദൈവമാണ് നമ്മെ പുതിയസൃഷ്ടിയാക്കുവാൻ അനുഗ്രഹിച്ചത് (യെശയ്യാ. 57:19; യിരെ. 23:23; അപ്പോ. 2:39; റോമർ 3:29–30).

## b. ആരെയാണ് അനുഗ്രഹിച്ചത്

"**നമ്മെ**" ക്രിസ്തുയേശുവിൽ അനുഗ്രഹിച്ചിരിക്കുന്ന". ഇപ്പോൾ അനുഗ്രഹിച്ചിരിക്കുന്നു എന്നല്ല, മറിച്ച് ജലജന്തുക്കളെയും പറവ ജാതിയെയും ആദ്യ മനുഷ്യരെയും പെരുകുവാൻ സൃഷ്ടിപ്പിനോട് ബന്ധപ്പെട്ട ദൈവം അനുഗ്രഹിച്ചത് പോലെ (ഉല്പത്തി 1:22,28), വീണ്ടെടുപ്പിനോട് ബന്ധപ്പെട്ട് ക്രിസ്തുവിശ്വാസികളായ "**നമ്മെ**" ദൈവം അനുഗ്രഹിച്ചിരിക്കുന്നു (മത്തായി 5:3–11; 25:34; ഗലാത്യർ 3:8–9). ആദാമ്യകുലത്തെ ആദാമിൽ ദൈവം അനുഗ്രഹിച്ചത് പോലെ (ഉല്പത്തി 1:28) പുതിയ സൃഷ്ടിയെ ക്രിസ്തുവിൽ ദൈവം അനുഗ്രഹിച്ചിരിക്കുന്നു.

പാപം നിമിത്തം ഉണ്ടായ ശാപത്തിന്റെ പരിണിതഫലം അനുഭവി

ച്ചവരായിരുന്നു നമ്മൾ എല്ലാവരും; നമ്മുടെ യോഗ്യതകൾ എല്ലാം ദൈവമുമ്പാകെ അയോഗ്യതകൾ മാത്രമായിരുന്നു. പാപികൾ, അനുസരണം കെട്ടവർ, ശാപഗ്രസ്ഥർ, ശത്രുക്കൾ, ശിക്ഷാവിധിക്ക് അർഹർ, മൃതാവസ്ഥയിലുള്ളർ, പരിഗണിക്കപ്പെടുവാൻ അയോഗ്യർ മുതലായവ ആയിരുന്നു നമ്മുടെ അവസ്ഥ (2:1-3; റോമർ 5:6,8,10; 1 കൊരി. 1:27-28; തീത്തോസ് 3:3).

## c. ആരിലൂടെയാണ് അനുഗ്രഹിച്ചത്

### "നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുന്ന"

ദൈവത്തിൽ നിന്നുള്ള ഏത് അനുഗ്രഹവും ദൈവപുത്രനായ ക്രിസ്തുവിലൂടെ മാത്രമാണ് നമുക്ക് ലഭിക്കുന്നത്. അർത്ഥാൽ, യേശുക്രിസ്തുവിന്റെ സുവിശേഷം കേട്ട് വിശ്വസിക്കുന്ന, യേശു ക്രിസ്തുവിലൂടെ ദൈവത്തെ അന്വേഷിക്കുന്ന, യേശുക്രിസ്തുവിലൂടെ ദൈവവുമായി ബന്ധപ്പെട്ടിരിക്കുന്ന മണ്ഡലത്തിൽ മാത്രമാണ് ഈ അനുഗ്രഹങ്ങൾ ലഭിക്കുന്നത്. കാരണം, ക്രിസ്തുവിലാണ് ദൈവം നമ്മെ സ്വീകരിച്ചിരിക്കുന്നത്; ക്രിസ്തുവിനെ കൂടാതെ നാം ഇന്നും ദൈവമുമ്പാകെ അന്യരും യാതൊരു പരിഗണനയും അർഹിക്കാത്തവരുമാണ്.

## d. എങ്ങനെയുള്ള അനുഗ്രഹത്താൽ ആണ് അനുഗ്രഹിച്ചത്

### "സ്വർഗ്ഗത്തിലെ സകല ആത്മീക അനുഗ്രഹത്താലും"

സ്വർഗ്ഗത്തിലെ ആത്മീക അനുഗ്രഹങ്ങൾ സാധാരണ നിലയിൽ ആത്മീക മണ്ഡലത്തിലെ ദൈവീക അനുഗ്രഹങ്ങളാണ് (യെശയ്യാ. 44:3; മത്തായി 5:3-11); അത് ഭൗമികമായതിൽ നിന്നും ലൗകീകമായതിൽ നിന്നും വ്യത്യസ്തമാണ്. പാപം നിമിത്തം നമുക്ക് നഷ്ടപ്പെട്ടതും വിലക്കപ്പെട്ടതുമായ എല്ലാ പദവികളും അവകാശങ്ങളും യേശുക്രിസ്തുവിലൂടെ ദൈവം പുനസ്ഥാപിച്ചു. ദൈവമക്കൾ എന്ന പദവി (യോഹ. 1:12; 1 യോഹ. 3:1), ദൈവരാജ്യത്തിൽ പ്രവേശനം/പൗരത്വം (യോഹ. 3:5; ഫിലിപ്പിയർ 3:21), ദൈവരാജ്യത്തിലെ അവകാശം (പത്രോസ് 1:4-5), ദൈവിക പ്രകൃതം (എഫേസിയർ 4:24; റോമർ 8:29), ദൈവിക കൂട്ടായ്മയുള്ള നിത്യജീവൻ (1 കൊരിന്ത്യർ 1:9; 1 യോഹ. 5:13), ദൈവസന്നിധിയിലേക്ക് പ്രവേശനം (എഫെ. 2:18), ദൈവീക സംരക്ഷണം (യോഹ. 10: 28-29), ദൈവീക സാന്നിധ്യം (മത്തായി 28:20), ദൈവീക സമാധാനം (ഫിലിപ്പിയർ 4:7) മുതലായവയെല്ലാം സ്വർഗത്തിലെ ആത്മീക അനുഗ്രഹത്തിലൂടെ ദൈവം ലഭ്യമാക്കി.

മാത്രമല്ല ഈ ആത്മീക അനുഗ്രഹങ്ങൾ എല്ലാം പഴയ നിയമ വാഗ്ദത്ത നിവൃത്തിയുമാണ് (യെശയ്യാവ് 44:3; യെഹ. 36:26–27; യോവേൽ 2:28–29; സെഖ. 12:10; യോഹ. 7:38–39; അപ്പൊ. 2:17).

ഈ ആത്മീക അനുഗ്രഹങ്ങൾ പ്രായോഗിക തലത്തിൽ ദൈവാത്മാവിന്റെ വിവിധ പ്രവൃത്തിയിലൂടെ നാം ഇപ്പോൾ അനുഭവിക്കുന്നു. ആത്മാവ് പാപബോധം വരുത്തുന്നു (യോഹ. 16:8), ദൈവീക മർമ്മങ്ങളെ വെളിപ്പെടുത്തുന്നു (1 കൊരി. 2:10,13), ഉപദേശിക്കുന്നു (യോഹ. 14: 26; 1 യോഹ. 2:27), സകല സത്യത്തിലും വഴി നടത്തുന്നു (യോഹ. 16: 13), വിശുദ്ധീകരിക്കുന്നു (1 പത്രോസ് 1:2), പ്രാർത്ഥനയിൽ തുണനിൽക്കുന്നു (റോമർ 8:26), നമ്മിൽ വസിക്കുന്നു (യോഹ. 14:17), നമ്മെ നിറയ്ക്കുന്നു/നിയന്ത്രിക്കുന്നു (അപ്പോ. 2:4), നമുക്ക് വരങ്ങൾ നൽകുന്നു (1 കൊരി. 12:7–11), നമ്മെ ശക്തിപ്പെടുത്തുന്നു (അപ്പോ. 1:8), നമുക്ക് സുബോധം തരുന്നു (തിമൊ. 1:7).

## e. ആത്യന്തികമായി എന്തിനുവേണ്ടിയാണ് അനുഗ്രഹിച്ചത്

**‘‘കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും പിതാവുമായവൻ വാഴ്ത്തപ്പെട്ടവൻ’’**

പാപം നിമിത്തം ഉണ്ടായ ശാപം നീക്കി പുതിയസൃഷ്ടിയിക്കുവാൻ സ്വർഗ്ഗത്തിലെ സകല ആത്മീക അനുഗ്രഹത്താലും നമ്മെ അനുഗ്രഹിച്ചിരിക്കുന്ന കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും പിതാവുമായവൻ ‘‘**വാഴ്ത്തപ്പെട്ടവൻ**’’ എന്നത് ഇവിടെ വ്യാകരണപ്രകാരം, സഹായക്രിയ സാങ്കല്പിക സൂചകമായി (estin - indicative) ‘‘**വാഴ്ത്തപ്പെട്ടവൻ**’’ ആകുന്നു എന്ന് ചേർത്തിരിക്കുന്നതിന് പകരം അനുഗ്രഹവും ആജ്ഞയുമായി (estō - imperative) ‘‘വാഴ്ത്തപ്പെടുമാറാകട്ടെ’’ എന്ന് ചേർക്കാവുന്നതാണ്. ഈ വാക്യാംശം ഇങ്ങനെ പറയുമ്പോഴാണ് ഈ ഭാഗത്ത് ഇതേ ആവശ്യത്തിനായി ഉപയോഗിച്ചിരിക്കുന്ന മറ്റ് വാക്യാംശങ്ങളുമായി (6,12,14) പൊരുത്തപ്പെടുന്നത്. അർത്ഥാൽ, സ്വർഗ്ഗത്തിലെ സകല ആത്മീയ അനുഗ്രഹത്താലും നമ്മെ അനുഗ്രഹിച്ചിരിക്കുന്നതിന്റെ ആത്യന്തിക ലക്ഷ്യം നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും പിതാവുമായവൻ ഈ പ്രവൃത്തിയിലൂടെ വാഴ്ത്തപ്പെടുമാറാകേണം എന്നതാണ്. കാരണം, വാഴ്ത്തപ്പെട്ടവൻ, സ്തുതിക്കപ്പെട്ടവൻ, അനുഗ്രഹിക്കപ്പെട്ടവൻ മുതലായ പദങ്ങളെല്ലാം അലങ്കാരികമായി ദൈവത്തെ സ്തുതിക്കുന്ന ഒരു പഴയ ശൈലിയാണ്. പഴയനിയമത്തിൽ നോഹ (ഉല്

പത്തി 9:26), മൽക്കിസേദെക്ക് (ഉല്പത്തി 14:19–20), ദാവീദ് (2 ശമുവേൽ 22:47; 1 രാജാ. 1:48; സങ്കീ. 66:20) മുതലായവർ അങ്ങനെ ചെയ്തിട്ടുണ്ട്. പ്രത്യേകിച്ച് ദൈവത്തിന്റെ അനുഗ്രഹങ്ങളും അത്ഭുത പ്രവൃത്തികളും നിമിത്തം ദൈവത്തെ വാഴ്ത്തുവാൻ ആഹ്വാനം ചെയ്യുന്നതും ആജ്ഞാപിക്കുന്നതും സങ്കീർത്തനങ്ങളിലെ രീതിയാണ് (സങ്കീ. 98,135,136, 146,148). പുതിയ നിയമത്തിൽ സെഖര്യാവ് (ലൂക്കോസ് 1:68), പൗലോസ് (1:3), പത്രോസ് (1 പത്രോസ് 1:3) എന്നിവരും ഈ രീതിയിൽ ദൈവത്തെ സ്തുതിച്ചിട്ടുണ്ട്.

ആത്മാവിന്റെ സകല ആത്മീക അനുഗ്രഹവും അനുഭവമാക്കുവാൻ കഴിയുന്ന മേഖല ക്രിസ്തുവിൽ ആണ്. കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന എല്ലാവർക്കും ഇത് ലഭ്യമാണ്. ഒരു ക്രിസ്തുവിശ്വാസിയെ സംബന്ധിച്ചിടത്തോളം ആത്മാവിന്റെ സകല അനുഗ്രഹവും ഭാവികാല പ്രതീക്ഷയല്ല, മറിച്ച്, വർത്തമാനകാല യാഥാർത്ഥ്യവും അനുഭവവും ആണെന്നുള്ള ഈ സത്യം ആത്മാവിന്റെ സകല അനുഗ്രഹത്താലും നമ്മെ അനുഗ്രഹിച്ചിരിക്കുന്ന ദൈവത്തെ വ്യക്തിപരമായും സമൂഹപരമായും വാഴ്ത്തുവാനും സ്തുതിക്കുവാനും അനുഗ്രഹിക്കുവാനും നമ്മെ പ്രേരിപ്പിക്കുന്നു.

## 2. മക്കളാക്കുവാൻ തിരഞ്ഞെടുത്തു (1:4–6)

**“നാം അവന്റെ സന്നിധിയിൽ വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിന് അവൻ ലോക സ്ഥാപനത്തിന് മുമ്പേ നമ്മെ അവനിൽ തിരഞ്ഞെടുക്കുകയും”**

ഇവിടെ തിരഞ്ഞെടുക്കുകയും എന്നത് വ്യാകരണപ്രകാരം (exelexato – ingressive aorist) തിരഞ്ഞെടുത്തതിന്റെ ആരംഭത്തെ മാത്രമാണ് സൂചിപ്പിക്കുന്നതെങ്കിലും, തിരഞ്ഞെടുപ്പിനോട് ബന്ധപ്പെട്ട് കുറച്ച് വിശദീകരണം അപ്പോസ്തലൻ ഇവിടെ നൽകുന്നുണ്ട്. ഇതോട് ബന്ധപ്പെട്ട് ആറ് ഭാഗങ്ങൾ ഇവിടെ കാണുന്നു.

### a. ആരാണ് തിരഞ്ഞെടുത്തത്

**“... അവൻ ... തിരഞ്ഞെടുക്കയും...”**

സർവ്വ പ്രപഞ്ചത്തിന്റെയും പരമാധികാരിയായ, സദാകാലവും വിശുദ്ധനായി വാഴുന്ന, ആരുടെ സഹായവും ആവശ്യമില്ലാത്ത, ആരിലും

ഒന്നിലും ആശ്രയിക്കാത്ത സ്വയം നിലനിൽപ്പുള്ള സ്വയംഭൂ ആയിരിക്കുന്ന സൃഷ്ടാവായ ദൈവമാണ് നമ്മെ തെരഞ്ഞെടുത്തത് (അപ്പോ. 17:24-25)

## b. ആരെയാണ് തിരഞ്ഞെടുത്തത്

**"... നമ്മെ... തിരഞ്ഞെടുക്കയും..."**

അനുസരണം കെട്ടവരും അഭക്തരും അശുദ്ധരും അറയ്ക്കപ്പെട്ടവരും അകലപ്പെട്ടവരും ശത്രുക്കളും യാതൊരു നല്ല കാര്യത്തിനും പരിഗണിക്കുവാൻ യോഗ്യരല്ലാത്തവരും ശിക്ഷാവിധിക്ക് മാത്രം അർഹരായ നമ്മെ ദൈവം തിരഞ്ഞെടുത്തു (ആവർത്തനം 7:6-7; റോമർ 5:6,8,10; 1 കൊരി. 1:26-28).

## c. ആരിലൂടെയാണ് തിരഞ്ഞെടുത്തത്

**"... അവനിൽ... തിരഞ്ഞെടുക്കുകയും..."**

ഇവിടെ അവനിൽ എന്നത് തിരഞ്ഞെടുത്ത മുഖാന്തിരത്തെ സൂചിപ്പിക്കുന്നു. ക്രിസ്തുവും ക്രിസ്തുവിശ്വാസികളും തമ്മിലുള്ള ബന്ധത്തെ മൂലക്കല്ലും കെട്ടിടവും തമ്മിലുള്ള ബന്ധമായും (2:20-22), തലയും ശരീരവും തമ്മിലുള്ള ബന്ധമായും (4:15-16; 5:23,32) വിവരിച്ചിരിക്കുന്നു. ദൈവത്തിൽ നിന്നുള്ള എല്ലാ നന്മകളും യേശുക്രിസ്തുവുമായുള്ള ഈ ബന്ധത്തിലൂടെ ആണ് നമുക്ക് ലഭിക്കുന്നത്. കാരണം ക്രിസ്തുവിലൂടെയല്ലാതെ ദൈവം നമ്മെ നോക്കിയാൽ നാം ഇന്നും അന്യരാണ് (എഫെ. 2:18; 4:32; ഫിലിപ്പി. 1:1).

## d. എപ്പോഴാണ് തിരഞ്ഞെടുത്തത്

**"... ലോകസ്ഥാപനത്തിനു മുമ്പേ..."**

ഇവിടെ "**ലോകസ്ഥാപനത്തിന് മുമ്പേ**" എന്നത് ഒരു ഉപവാക്യമാണ്; ഒരു ക്രിയാവിശേഷണമായി അത് പ്രവൃത്തിക്കുന്നു; ദൈവത്തിന്റെ അനാദിനിർണയപ്രകാരമുള്ള പ്രവൃത്തിയെ സൂചിപ്പിക്കുന്ന ശൈലിയാണിത് (മത്തായി 25:34; എബ്രായർ 4:3; 1 പത്രോസ് 1:20; വെളിപ്പാട് 13:8; 17:8).

എഫെസൊസിലുള്ള ക്രിസ്തുവിശ്വാസികൾ ഇപ്പോൾ അറിഞ്ഞിരിക്കുന്ന യേശുക്രിസ്തുവിന്റെ പിതാവായ ദൈവം സകലത്തിനും മുമ്പെ

യുള്ളവനും നിത്യനുമാണ്; അതുകൊണ്ട് വീണ്ടെടുപ്പിന്റെ പ്രവൃത്തികളെല്ലാം ലോക സ്ഥാപനത്തിന് മുമ്പേ തന്നെ നിർണയിക്കപ്പെട്ടതാണ്. അറുക്കപ്പെട്ട കുഞ്ഞാട് (1 പത്രോസ് 1:20); ഒരുക്കിയിരിക്കുന്ന രാജ്യം (മത്തായി 25:34), ജീവപുസ്തകത്തിൽ പേരുകൾ എഴുതപ്പെട്ടത് (വെളിപ്പാട് 13:8; 17:8); അതുപോലെ തന്നെ നമ്മെ ക്രിസ്തുവിൽ തിരഞ്ഞെടുത്തതും ലോകസ്ഥാപനത്തിന് മുമ്പാണ്.

ദൈവം യാക്കോബിനെയും (റോമർ 9:11-13), ശിംശോനെയും (ന്യായാധി. 13:5), യോശിയാവേയും (1 രാജ. 13:2), കോരശിനെയും (യെശയ്യ. 45:1-4) യെശയ്യാവേയും (യെശയ്യാ. 49:5-6), യിരമ്യാവേയും (യിരമ്യാവ് 1:4-5), യോഹന്നാനെയും (ലൂക്കോസ് 1:13-17), പൗലോസിനെയും (ഗലാത്യർ 1:15) അവരുടെ ജനനത്തിനു മുമ്പേ പ്രത്യേക ദൗത്യത്തിനായി തിരഞ്ഞെടുത്തതുപോലെ എല്ലാ ക്രിസ്തുവിശ്വാസികളും പിതാവായ ദൈവത്തിന്റെ മുന്നറിവിൽ (1 പത്രോസ് 1:2) ലോകസ്ഥാപനത്തിന് മുമ്പേ രക്ഷക്കായി ക്രിസ്തുവിൽ തിരഞ്ഞെടുക്കപ്പെട്ടവരാണ് (കൊലോ. 3:12; 2 തെസ്സ. 2:13; വെളിപ്പാട് 17:14). അതുകൊണ്ടാണ് തിരഞ്ഞെടുക്കപ്പെട്ട എല്ലാവരും വലിയ കഷ്ടതയിലും സുവിശേഷ വചനം സന്തോഷത്തോടെ സ്വീകരിച്ചു എന്നും (1 തെസ്സ. 1:4-7), നിത്യജീവനായി നിയമിക്കപ്പെട്ട എല്ലാവരും സുവിശേഷം വിശ്വസിച്ചു എന്നും എന്നാൽ വചനം തള്ളിക്കളഞ്ഞവർ നിത്യജീവന് അയോഗ്യരായി തങ്ങളെ തന്നെ വിധിച്ചു എന്നും (അപ്പോ. 13:46,48) കാണുന്നത്. മാത്രമല്ല വൃതന്മാർക്ക് വേണ്ടിയാണ് പൗലോസ് സകലവും സഹിച്ചതെന്നും (2 തിമൊ. 2:10; തീത്തോസ് 1:3; വെളിപ്പാട് 17:8) തിരുവെഴുത്ത് പറയുന്നു.

അതുകൊണ്ട് ദൈവം യിസ്രായേലിനെ തനിക്കായും തന്റെ പ്രത്യേക ആവശ്യത്തിനായും പ്രവൃത്തി കൂടാതെ അബ്രഹാമിലൂടെ തിരഞ്ഞെടുത്തത് പോലെ (ആവർത്തനം 7:7-8; 10:15; യെശയ്യാ. 43:20), ദൈവം പുതിയ നിയമ വിശ്വാസ സമൂഹമായ സഭയെയും തനിക്കായും തന്റെ പ്രത്യേക ആവശ്യത്തിനായും പ്രവൃത്തി കൂടാതെ ക്രിസ്തുവിലൂടെ തിരഞ്ഞെടുത്തിരിക്കുന്നു (ലൂക്കോസ് 6:13; യോഹ. 15:19; റോമർ 8:28-29; 9:11; 11:5-6; 1 കൊരി. 1:27-28).

ഉന്നതനായ ദൈവം നിത്യൻ ആകയാൽ താൻ സകലവും കാണുന്നത് ഭൂത - വർത്തമാന - ഭാവികാല സമയങ്ങൾക്ക് അതീതനായിട്ടാണ്; വലിയ നീളത്തിലുള്ള ഒരു ജാഥ നീങ്ങുന്നത് വളരെ ഉയരത്തിൽ നിന്ന് ഒരാൾ വർത്തമാനകാലത്തിൽ വീക്ഷിക്കുന്നതുപോലെയാണ് നിത്യത മുതൽ നിത്യത വരെയുള്ള സംഭവങ്ങളെ ദൈവം കാണുന്നത്.

ലോക സ്ഥാപനത്തിന് മുമ്പേ നിങ്ങളെ ക്രിസ്തുവിൽ തിരഞ്ഞെടുത്തു എന്ന് ഇവിടെ പറയുന്നത് എഫെസൊസിലുള്ള വിശുദ്ധന്മാരും ക്രിസ്തുയേശുവിൽ വിശ്വാസികളുമായവരുടെ തിരഞ്ഞെടുപ്പ് യാദൃശ്ചികമല്ല, ദൈവീക പദ്ധതിയിലും നിർണയത്തിലും അത് മുമ്പേ ഉണ്ടായിരുന്നതാണെന്ന് അനുവാചകരെ അറിയിക്കുവാൻ വേണ്ടിയുള്ളതാണ്.

## e. എന്തിനുവേണ്ടിയാണ് തിരഞ്ഞെടുത്തത്

**''നാം അവന്റെ സന്നിധിയിൽ വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിന്''**

ഇവിടെ ഇത് വ്യാകരണ പ്രകാരം (einai - progressive present) വിശുദ്ധരും നിഷ്കളങ്കരുമായി ഊനമില്ലാത്ത അവസ്ഥയിൽ തുടരേണ്ട ആവശ്യത്തെ സൂചിപ്പിക്കുന്നു (പുറപ്പാട് 29:37; ലേവ്യ. 1:3,10; സംഖ്യ. 6:14). ഇതിനെ തുടർന്ന് വരുന്ന ''സ്നേഹത്തിൽ'' എന്നതിനെ ഇതോടൊപ്പം ചേർക്കുകയാണെങ്കിൽ വിശുദ്ധരും നിഷ്കളങ്കരുമായി തുടരേണ്ടത് ഏത് മനോഭാവത്തോടെ ആയിരിക്കണം എന്നതിനെ സൂചിപ്പിക്കുന്നു.

ഇവിടെ വിശുദ്ധി ധാർമിക പവിത്രതയും, നിഷ്കളങ്കത അപരാധത്തിൽ നിന്നുള്ള പൂർണ്ണ സ്വാതന്ത്ര്യവും ആണ്; അർത്ഥാൽ, ഇത് ദൈവമുമ്പാകെ ഊനമില്ലാത്ത അവസ്ഥയാണ്; ക്രിസ്തുവിന്റെ പ്രായശ്ചിത്ത യാഗത്തിലൂടെയാണ് ഇതെല്ലാം സാധ്യമാകുന്നത് (5:26–27; കൊലോ. 1:21–22; 2:10; വെളി. 7:14,15 c.f. സങ്കീർത്തനം 32:1–2).

വിശുദ്ധിയും നിഷ്കളങ്കതയും ഈ ജീവിതത്തിൽ തന്നെ ആരംഭിക്കുന്നതാണെങ്കിലും ശരീരത്തിന്റെ വീണ്ടെടുപ്പിലാണ് അതിന്റെ പൂർണ്ണതയിൽ എത്തുന്നത്; അതിന്റെ ഉറപ്പിനായി ക്രിസ്തുവിനെ മരിച്ചവരിൽ നിന്നും ഉയർപ്പിച്ച വിശുദ്ധിയുടെ ആത്മാവിനാൽ നമ്മെ മുദ്രയിട്ടിരിക്കുന്നു (1:14; 4:30).

വിശുദ്ധിയും നിഷ്കളങ്കതയും തിരഞ്ഞെടുപ്പിന്റെ അടിസ്ഥാനം അല്ല മറിച്ച്, ആവശ്യമാണ്. കാരണം, ദൈവത്തിന്റെ തിരഞ്ഞെടുപ്പ് ഒരിക്കലും മനുഷ്യന്റെ പ്രവൃത്തിയുടെയോ യോഗ്യതയുടെ അടിസ്ഥാനത്തിൽ അല്ല (2:1–3), മറിച്ച്, ദിവ്യസ്നേഹത്തിന്റെ അടിസ്ഥാനത്തിലാണ്. എന്നാൽ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവർ ദൈവം ആവശ്യപ്പെടുന്ന ജീവിതക്രമം പാലിക്കുവാൻ ഉത്തരവാദിത്തപ്പെട്ടവരാണ്. കാരണം അവർ വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിനാണ് ദൈവം അവരെ

തിരഞ്ഞെടുത്തത് (1:4; 5:26-27; 1 കൊരി. 1:8; എബ്രായർ 12:14).

## f. എങ്ങനെയാണ് തിരഞ്ഞെടുത്തത്

"**മുന്നിയമിക്കയും**" ചെയ്തുകൊണ്ട്

നമ്മെ മുന്നിയമിച്ചത് ദൈവമാണ്; അതോടുള്ള ബന്ധത്തിൽ മൂന്ന് ഭാഗങ്ങൾ അപ്പോസ്തലൻ ഇവിടെ വെളിപ്പെടുത്തുന്നു.

i. എങ്ങനെ മുന്നിയമിച്ചു

"**സ്നേഹത്തിൽ മുന്നിയമിക്കയും**"

ദൈവം യിസ്രായേലിനെ യോഗ്യത നിമിത്തമല്ല (ആവർത്തനം 7: 6,7; 14:2; യെശയ്യാ. 43:10), മറിച്ച്, സ്നേഹം നിമിത്തം തിരഞ്ഞെടുത്തതു പോലെ നമ്മെയും സ്നേഹത്തിൽ മുന്നിയമിച്ചുകൊണ്ട് തിരഞ്ഞെടുത്തിരിക്കുന്നു (റോമർ 8:29; 9:11,12; 1 കൊരി. 1:27-28; 2 തിമൊ. 1:9-10; തീത്തോസ് 1:1-2).

ii. എന്തിനുവേണ്ടി മുന്നിയമിച്ചു

"**യേശുക്രിസ്തു മുഖാന്തരം നമ്മെ (ദൈവഭവനത്തിലേക്ക്) ദത്തെടുക്കേണ്ടതിന്**"

ദൈവം നമ്മെ തിരഞ്ഞെടുത്തതിന്റെ ആവശ്യം നാം അവന്റെ മുമ്പാകെ വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിനാകുമ്പോൾ മുന്നിയമിച്ചതിന്റെ ആവശ്യം മക്കളായി ദത്തെടുക്കുവാനാണ് (1:5; 5:1; റോമർ 8:15; 9:4; ഗലാത്യർ 4:5). കാരണം, ദത്തെടുക്കേണ്ടതിന് (eis huiothesian) എന്നതിലൂടെ മുന്നിയമിച്ചതിന്റെ ആവശ്യത്തെ സൂചിപ്പിക്കുന്നു

പഴയനിയമത്തിൽ ദൈവം യിസ്രായേലിനെ ദത്തെടുത്തതു പോലെ (പുറപ്പാട് 4:22-23; ഹോശയ 11:1) നമ്മെ ദത്തെടുക്കുവാനും തന്നോട് നിരപ്പിച്ച് (കൊലോ 1:20) തന്റെ സമ്പത്തിന് അവകാശികൾ ആക്കുവാനും (1 പത്രോസ് 1:4-5) ദൈവം നമ്മെ മുന്നിയമിച്ചിരിക്കുന്നു.

പുരാതന സങ്കല്പത്തിൽ ഗൃഹം ഭവനം കുടുംബം എന്നതുകൊണ്ട് ഇക്കാലത്തെ അണുകുടുംബം പോലെയുള്ള കുടുംബത്തെ അല്ല ഉദ്ദേശിക്കുന്നത്; മറിച്ച്, ഇയ്യോബിന്റെയും അബ്രഹാമിന്റെയും കുടുംബം പോലെ കുടുംബ ബന്ധത്തിൽ ഉള്ളവരും, ദാസരും സ്വതന്ത്രരുമായ വേലക്കാരും അവരുടെ കാര്യസ്ഥന്മാരും അടങ്ങിയ നൂറ് കണക്കിന്

അംഗങ്ങൾ ഉള്ള ഒരു ബൃഹത്കുടുംബത്തെയാണ് ഉദ്ദേശിക്കുന്നത്.

അതുപോലെ തന്നെ പുരാതന യവന - റോമ സംസ്കാരത്തിലെ ദത്തെടുപ്പും വ്യത്യസ്തമാണ്. പ്രാപ്തിയില്ലാത്തവർക്കും ആരോരുമില്ലാത്തവർക്കും ആഹാരം വസ്ത്രം പാർപ്പിടം മുതലായ അടിസ്ഥാന സൗകര്യങ്ങൾ നൽകി പുലർത്തുന്നതും സംരക്ഷണം കൊടുക്കുന്നതും അല്ല, മറിച്ച്, ഗൃഹനാഥന്റെ ശേഷം തന്റെ സ്ഥാനത്ത് ഗൃഹകാര്യങ്ങൾ നോക്കി നടത്തുന്നതിനും പ്രസ്തുത ഗൃഹത്തിന് അവകാശിയായി തീരേണ്ടതിനും ഗൃഹനാഥന്റെ പേരും പ്രസിദ്ധിയും നില നിർത്തേണ്ടതിനും വേണ്ടിയുള്ളതാണ് ദത്തെടുക്കൽ. അതുകൊണ്ട് ധനികർ, സൈന്യാധിപന്മാർ, രാജാക്കന്മാർ മുതലായവരാണ് സാധാരണ നിലയിൽ അക്കാലത്ത് ദത്തെടുത്തിരുന്നത്. മാത്രമല്ല ദത്തെടുക്കപ്പെടുവാൻ ചില യോഗ്യതകളും ആവശ്യമായിരുന്നു. ഉദാഹരണമായി, ബന്ധുവായിരിക്കണം, ഗൃഹകാര്യം കൈകാര്യം ചെയ്യുവാൻ പ്രാപ്തനായിരിക്കണം, പുരുഷനായിരിക്കണം, ജനിച്ച കുടുംബവുമായുള്ള ബന്ധം എന്നേക്കുമായി ഉപേക്ഷിക്കണം, സ്വന്തം മേൽവിലാസവും ഉപേക്ഷിക്കണം. കാരണം, ഗൃഹനാഥന്റെ പേരും പ്രശസ്തിയും നിലനിർത്തുവാൻ തന്റെ പിന്തുടർച്ചാവകാശിയായി തീരുക എന്നൊരു സ്വാർത്ഥ ലക്ഷ്യം മാത്രമാണ് ഇതിന്റെ പിന്നിലുള്ളത്. എങ്കിലും സമൂഹത്തിൽ ചുരുക്കം ചിലർക്കു മാത്രമായി ലഭിക്കുന്ന ഒരു മഹാഭാഗ്യമായി ഇത് കണക്കാക്കപ്പെട്ടിരുന്നു. അങ്ങനെ റോമൻ ചക്രവർത്തിയായിരുന്ന ജൂലിയസ് സീസർ തന്റെ ബന്ധുവായ ഒക്ടോവിയനെ ദത്തെടുത്ത് ഔഗസ്തോസ് എന്ന് പേരിട്ടതായും തന്റെ മരണശേഷം ഔഗസ്തോസ് റോമിന്റെ ചക്രവർത്തി ആയതായും റോമിന്റെ ചരിത്രത്തിൽ കാണുന്നു.

ദത്തെടുപ്പിൽ ഒരാൾ സ്വാഭാവിക പിതാവിന്റെ അധികാരത്തിൻ കീഴിൽ നിന്നും സ്വതന്ത്രൻ ആവുകയും ദത്തെടുത്ത പിതാവിന്റെ അധികാരത്തിൻ കീഴിൽ ആകുകയും ചെയ്യുന്നു. ദത്തുപുത്രൻ പിതാവിന്റെ പൂർണ്ണസ്വത്തിനും അവകാശിയായി തീരുമെങ്കിലും (ഗലാത്യർ 4:5-7), ദത്തെടുക്കൽ ദത്തുപിതാവിന്റെ താല്പര്യം മാത്രം സംരക്ഷിക്കുന്നതിനുള്ളതായിരുന്നു. അതുകൊണ്ടാണ് നമ്മെ തനിക്കായി (eis auton) ദത്തെടുക്കേണ്ടതിന് എന്ന് ഇവിടെ പ്രത്യേകം പറയുന്നത്. ഈ നിലയിൽ യിസ്രായേൽ ദൈവത്തിന്റെ പുത്രനും ആദ്യജാതനും ആയിരുന്നു (പുറപ്പാട് 4:22-23), മക്കൾ ആയിരുന്നു (ആവർത്തനം 4:1; യെശയ്യാ. 1:2; 30:9; 63:8; ഹോശയ്യ 1:10; 2 കൊരി. 6:17-18).

എന്നാൽ ക്രിസ്തുവിശ്വാസികളുടെ കാര്യത്തിൽ നാം എല്ലാവരും അശക്തരും അഭക്തരും അനുസരണംകെട്ടവരും അകലപ്പെട്ടവരും ശത്രുക്കളും ശാപഗ്രസ്ഥരും ശിക്ഷാവിധിക്ക് യോഗ്യരും പരിഗണിക്കപ്പെടുവാൻ അയോഗ്യരും ആയിരുന്നുവെങ്കിലും ദൈവം എല്ലാ ക്രിസ്തുവിശ്വാസികളെയും, യഹൂദൻ - യവനൻ, സ്ത്രീ - പുരുഷൻ, അടിമ - സ്വതന്ത്രൻ മുതലായവരെയെല്ലാം തന്റെ സ്വന്തം പുത്രരായി ദൈവ ഭവനത്തിലേക്ക് ദത്തെടുത്തുകൊണ്ട് (ഗലാത്യർ 3:28), പുത്രത്വവും (3:26; 4:5), പുത്രത്വത്തിന്റെ അവകാശവും (3:29), പുത്രത്വത്തിന്റെ ആത്മാവിനെയും (റോമർ 8:15), പുത്രത്വത്തിന്റെ പദവിയേയും (1 യോഹ. 3:1), പുത്രത്വത്തിന്റെ സ്വരൂപവും സാദൃശ്യവും പ്രകൃതവും തന്നിരിക്കുന്നു (റോമർ 8:29; 2 കൊരി. 3:18; 1 യോഹ. 3:2). ഒരു ദത്തുപുത്രനും ഒരിക്കലും ലഭിക്കുവാൻ കഴിയാത്ത നിലയിൽ അത്രയധികം പദവികളാണ് ദൈവത്തിന്റെ മക്കൾ എന്ന നിലയിൽ പുത്രനിലൂടെ ലഭിച്ചിരിക്കുന്നത്.

നമ്മുടെ യോഗ്യതകൾ എല്ലാം ദൈവം മുമ്പാകെ നമുക്കുള്ള അയോഗ്യതകൾ മാത്രമായിരുന്നു (2:1–3; 5:6,8; 4:17–19; റോമർ 5:6,8,10; 1 കൊരി. 1:27–28). എങ്കിലും ഇങ്ങനെയുള്ളവരെ രണ്ടാംകുടി മക്കൾ ആക്കുകയല്ല, മറിച്ച്, സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകലത്തെയും ഒന്നാക്കി തീർക്കുന്നവനും സകലത്തിന്റെയും ആദ്യജാതനും ദൈവത്തിന്റെ ഏകജാതനുമായ സ്വന്തം പുത്രനിലൂടെ സ്വന്തം മക്കൾ ആക്കുകയും, ദൈവത്തിനുള്ള സകലത്തിനും മീതെ വാഴുവാൻ അവകാശമുള്ള സ്വന്തപുത്രന് കൂട്ടവകാശികൾ ആക്കുകയുമാണ് ചെയ്തത് (1:11; ഗലാത്യർ 3:29). അതുകൊണ്ട്, തുടർന്ന് ദത്തെടുക്കപ്പെട്ടവർ സ്വാഭാവിക പിതാവിനോടുമല്ല, പഴയ കുടുംബത്തോടുമല്ല, കൂറ് പുലർത്തേണ്ടത്, മറിച്ച്, ദത്തുപിതാവിനോടാണ്, പുതിയ ഗൃഹത്തോടാണ് (ലൂക്കോസ് 9:59–60; യോഹ. 8:38,44).

ദത്തെടുക്കുന്നതിന്റെ ഉദ്ദേശം ദൈവവുമായി അവർക്ക് യേശുക്രിസ്തുവിനുള്ളതുപോലെയുള്ള പുത്രോചിതമായ ബന്ധം ഉണ്ടായിരിക്കുവാൻ വേണ്ടിയാണ്. ക്രിസ്തുവിശ്വാസികളുടെ ശരീരത്തിന്റെ വീണ്ടെടുപ്പോടുകൂടി അവരുടെ പുത്രത്വത്തിന് പൂർണ്ണത വരും (റോമർ 8:4–17; ഗലാത്യർ 4:1–7; 1 യോഹ. 3:3).

iii. ഏതു കാരണത്താൽ മുന്നിയമിച്ചു

**‘‘തിരുഹിതത്തിന്റെ പ്രസാദപ്രകാരം ... സ്നേഹത്തിൽ...’’ (5–6)**

മനുഷ്യന് പാപം നിമിത്തം നഷ്ടപ്പെട്ട പിതൃസ്നേഹം വീണ്ടെടുപ്പിൽ ദൈവം പുനസ്ഥാപിക്കുന്നു (യെശയ്യ. 12:1–2).

ദത്തെടുക്കൽ നിയമപ്രകാരം സ്വന്തം കുടുംബത്തിന്റെ പിന്തുടർച്ചയ്ക്ക് വേണ്ടിയാണ് ഒരു ഗൃഹനാഥൻ ദത്തെടുക്കുന്നത്. എന്നാൽ ദൈവം നമ്മെ തന്റെ മക്കളായി ദത്തെടുക്കുന്നതിനുള്ള പ്രചോദനം സ്വാർത്ഥ താല്പര്യമല്ല, മറിച്ച്, ദത്തെടുക്കപ്പെടുന്നവരോടുള്ള "**സ്നേഹത്തിൽ**", "**തിരുഹിതത്തിന്റെ പ്രസാദ പ്രകാരം**" ചെയ്തതാണ് (ലൂക്കോസ് 12:32; ഫിലിപ്പി. 2:13; 1 തെസ്സ. 1:4); അതിൽ ദൈവം ആനന്ദിക്കുന്നു.

ദൈവം യിസ്രയേലിനെ ദൈവത്തിന്റെ ആദ്യജാതനായി ദത്തെടുത്തതിന്റെ കാരണവും മറ്റൊന്നായിരുന്നില്ല (ആവർത്തനം 7:7–8; 10:15; 14:1; യെശയ്യാ. 1:2; 30:9; യിരെ. 31:9; ഹോശയ്യ 11:1; റോമർ 9:4).

പഴയ നിയമത്തിൽ ഏശാവ് നിരാകരിക്കപ്പെട്ട പുത്രനും പുതിയ നിയമത്തിൽ ധൂർത്ത്പുത്രൻ അന്യാധീനപ്പെട്ട പുത്രനും ദൃഷ്ടാന്തങ്ങളാണ്. നിരാകരിക്കപ്പെട്ട പുത്രന് പിതൃഭവനത്തിൽ പ്രവേശനമില്ല, അവകാശമില്ല, അനുഗ്രഹമില്ല; എന്നാൽ അന്യാധീനപെട്ട പുത്രന് ഇതെല്ലാം ഉണ്ട്.

iv. മുന്നിയമിച്ചതിന്റെ ആത്യന്തിക ലക്ഷ്യം എന്താണ് (v.6)

"**തന്റെ കൃപാമഹത്വത്തിന്റെ പുകഴ്ചയ്ക്കായി**" (1:6,12,14)

തിരഞ്ഞെടുത്തത് "ക്രിസ്തുവിൽ" (1:4), മുന്നിയമിച്ചത് "യേശുക്രിസ്തു മുഖാന്തിരം" (1:5), സൗജന്യമായി കൃപ നൽകിയത് "പ്രിയനായവനിൽ" (1:6), ഇതിന്റെ നിർണയം നടന്നത് "ലോകസ്ഥാപനത്തിന് മുമ്പെ" (1:4; തിമൊ. 1:9–10), ഇതിൽ അംഗങ്ങൾ ആയത് "ക്രിസ്തുയേശുവിലെ വിശ്വാസത്താൽ" (ഗലാത്യർ 3:26–29).

നമുക്ക് യാതൊരു യോഗ്യതയും ഇല്ലാതിരിക്കുകയും നമ്മെ മക്കളാക്കി കൈക്കൊള്ളുവാൻ ദൈവത്തിന് യാതൊരു ബാധ്യതയും ഇല്ലാതിരിക്കുകയും ചെയ്തിട്ടും താൻ പിതാവും നാം മക്കളും എന്ന നിലയിൽ നമ്മെ സ്നേഹത്തോടും സന്തോഷത്തോടും കൂടെ തന്റെ ഭവനത്തിലേക്ക് കൈക്കൊള്ളുകയും പരമാധികാരത്തോടു കൂടെ സ്നേഹത്തിൽ മുന്നിയമിക്കുകയും ചെയ്ത ദൈവത്തിന്റെ ഈ പ്രവൃത്തി "**തന്റെ കൃപാമഹത്വത്തിന്റെ പുകഴ്ചക്കായി**"ട്ടാണ്; അർത്ഥാൽ, തന്റെ കൃപയുടെ

മഹത്വം പുകഴ്ത്തപ്പെടേണ്ടതിനാണ് (സങ്കീ. 116:12-14; യെശയ്യ. 43:20-21; വെളിപ്പാട് 11:13; 15:3,4).

## 3. അവകാശമാക്കുവാൻ വീണ്ടെടുത്തു (1:7 - 12)

അവൻ പ്രിയനായവനിൽ നമുക്ക് സൗജന്യമായി നൽകിയ കൃപാമഹത്വത്തിന്റെ ഫലമായി (v.6) "**അവനിൽ നമുക്ക് അവന്റെ രക്തത്താൽ അതിക്രമങ്ങളുടെ മോചനമെന്ന വീണ്ടെടുപ്പ് ഉണ്ട്**" (v.7) എന്ന് അപ്പോസ്തലൻ പറയുന്നു.

ഇവിടെ "**പ്രിയനായവനിൽ**" (v.6) എന്നത് ദൈവിക യുഗാന്ത്യ പദ്ധതിയുടെ ഭരണനിർവഹണത്തോടുള്ള ബന്ധത്തിൽ പിതാവ് പുത്രന് നൽകിയ വാത്സല്യ നാമമാണ് (മത്തായി 3:17; 12:17; 17:5; c.f. യെശയ്യാ. 42:1). വീണ്ടെടുപ്പിനോടുള്ള ബന്ധത്തിൽ നാല് ഭാഗങ്ങൾ നാം ഇവിടെ കാണുന്നു.

### a. വീണ്ടെടുപ്പിന്റെ അർത്ഥം

**"അതിക്രമങ്ങളുടെ മോചനം എന്ന വീണ്ടെടുപ്പ് ഉണ്ട്"**

ബദ്ധരായവരെയോ അടിമകളെയോ മതിപ്പു വിലയ്ക്ക് വാങ്ങി സ്വതന്ത്രരാക്കുന്നതിനാണ് അക്ഷരികമായി വീണ്ടെടുപ്പ് (apolytrōsin) എന്ന് പറയുന്നത്. പഴയനിയമത്തിൽ യിസ്രായേലിന്റെ മിസ്രയീമിൽ നിന്നുള്ള വീണ്ടെടുപ്പ് നാം കാണുന്നു (പുറപ്പാട് 6:6; ആവർത്തനം 15:15; 24:18); എന്നാൽ പുതിയ നിയമത്തിൽ ഇവിടെ പറയുന്ന വീണ്ടെടുപ്പ് അതിക്രമങ്ങളുടെ മോചനമാണ് (കൊലോ. 1:14; 2:14); അതിൽ അതിക്രമങ്ങളിൽ നിന്നുള്ള സ്വാതന്ത്ര്യവും അടങ്ങിയിരിക്കുന്നു (4:22-31; റോമർ 6:6-14; കൊലോ. 3:9-11; 1 പത്രോസ് 1:18-19).

നമ്മുടെ വീണ്ടെടുപ്പും അതിനോട് ബന്ധപ്പെട്ടുള്ള മുന്നിർണയവും ദൈവം തന്റെ പ്രിയനായവനിലൂടെ എങ്ങനെ യാഥാർത്ഥ്യമാക്കി എന്നതാണ് അപ്പോസ്തലൻ തുടർന്ന് പറയുന്നത്. അതിക്രമങ്ങളും പാപങ്ങളുമാണ് മനുഷ്യനെ ദൈവത്തിൽ നിന്നും അകറ്റിയത് (2:1; മത്തായി 1:21; യോഹ. 8:34; റോമർ 5:12-20). അതുകൊണ്ട് അതിക്രമങ്ങളിൽ നിന്നുള്ള മോചനമാണ് പരിഹാരം; ക്രിസ്തുവിന്റെ രക്തത്തിലൂടെയാണ് അത് സാധ്യമാക്കിയത് (1 യോഹ. 1:7); ഇതിനാണ് ഇവിടെ വീണ്ടെടുപ്പ് എന്ന് പറയുന്നത്.

## b. വീണ്ടെടുപ്പിന്റെ വില

"**അവന്റെ രക്തത്താൽ**" (1:7 c.f. 1 തിമൊ. 2:6; തീത്തോസ് 2:14)

തന്റെ ഏകജാതനായ പുത്രന്റെ വിലയേറിയ രക്തം അഥവാ, ജീവൻ എന്ന വില കൊടുത്താണ് പാപങ്ങളുടെ മോചനം എന്ന വീണ്ടെടുപ്പ് ദൈവം സാധ്യമാക്കിയത് (അപ്പോ 20:28; 1 കൊരി. 6:19; ഗലാത്യർ 3:13; കൊലോ. 1:20; തീത്തോസ് 2:14; എബ്രായർ 2:14-15; 9:12; 1 പത്രോസ് 1: 18-19; വെളിപ്പാട് 1:6; 5:9; 7:14).

വീണ്ടെടുപ്പിന്റെ വില പൂർണമായി കൊടുത്ത് ഇടപാട് പൂർത്തിയാക്കുകയും (1 യോഹ. 19:30; എബ്രായ. 10:6-14) അതിന്റെ ഫലം ഇപ്പോൾ നിലനിൽക്കുകയും ഈ അവസ്ഥയിൽ തന്നെ വിശ്വാസികൾ തുടരുകയും ചെയ്യുന്നതായി ഇവിടെ കാണുന്നു. വീണ്ടെടുപ്പിലൂടെ പാപത്തിന്റെ ശിക്ഷയിൽ നിന്നും ഒഴിവാക്കുക മാത്രമല്ല (കൊലോ. 1:14), പാപശക്തിയിൽ നിന്നും മോചനം തരുന്നു (2:1-3; റോമർ 6:3-7; തീത്തോസ് 2:14). വീണ്ടെടുപ്പിന്റെ ഭാവിഘട്ടമാണ് ലേഖകൻ തുടർന്ന് രേഖപ്പെടുത്തുന്നതെങ്കിലും (1:14; 4:30) വീണ്ടെടുപ്പിന്റെ നിലനിൽക്കുന്നതും തുടരുന്നതുമായ വർത്തമാനകാല അവസ്ഥയെയാണ് വ്യാകരണം (echomen – progressive present) ഇവിടെ സൂചിപ്പിക്കുന്നത്.

## c. വീണ്ടെടുപ്പുവിലയുടെ മൂല്യം

"**അതു അവൻ നമുക്ക് താൻ ധാരാളമായി കാണിച്ച കൃപാധനപ്രകാരം**" ഉള്ളതാകുന്നു.

ഇവിടെ "**ധാരാളമായി കാണിച്ച**" എന്നത് വ്യാകരണപ്രകാരം (eperisseusen – constative aorist) ഒരു പ്രവൃത്തിയുടെ ആരംഭത്തെയോ അവസാനത്തെയോ പ്രത്യേകമായി സൂചിപ്പിക്കാതെ പ്രവൃത്തിയെ മൊത്തത്തിൽ സൂചിപ്പിക്കുന്നു. അനർഹരായവരിൽ ചൊരിഞ്ഞ ദൈവത്തിന്റെ അളവറ്റ പ്രീതിയാണ് ഈ "**കൃപാധനപ്രകാരം**" നമുക്ക് ലഭിച്ചത് (1:8; 2:6 യെശയ്യ. 43:20-25; റോമർ 5:20).

ദൈവം തന്റെ കൃപാധനപ്രകാരമുള്ള വലിയ വില കൊടുത്ത് നമുക്ക് വീണ്ടെടുപ്പ് സാധ്യമാക്കുക മാത്രമല്ല ചെയ്തത്, മറിച്ച്, ഈ കൃപാധനപ്രകാരം തന്നെ വീണ്ടെടുപ്പിന് കാരണമായ "**തന്റെ ഹിതത്തിന്റെ**

**മർമ്മം അവൻ നമ്മോട് അറിയിച്ചു''** (v.9)

ദൈവത്തിനു മാത്രം അറിയാവുന്നതും ദൈവം മാത്രം വെളിപ്പെടുത്തുന്നതുമാണ് തിരുവെഴുത്തിൻ പ്രകാരമുള്ള മർമ്മങ്ങൾ (ദാനിയേൽ 2:10-11; 18-19,28,47). പല മർമ്മങ്ങളെക്കുറിച്ച് തിരുവെഴുത്ത് സൂചിപ്പിക്കുന്നുമുണ്ട് (1:9; 5:23-33; 6:19; മത്തായി 13:5-50; റോമർ 16:24-25; 1 കൊരി. 2:7; 15:5-52; കൊലോ. 1:26-27; 1 തിമൊ. 3:16; വെളിപ്പാട് 1:20). എന്നാൽ ഇവിടെ പറയുന്നത് ദൈവത്തിന്റെ ഭാവിയുഗപദ്ധതിയുടെ മർമ്മമാണ്. ഈ മർമ്മം മുമ്പ് പ്രവാചകന്മാർക്കും പിതാക്കന്മാർക്കും മറഞ്ഞിരിക്കുന്നതും എന്നാൽ ഇപ്പോൾ തന്റെ അപ്പോസ്തലന്മാരിലൂടെ ദൈവസഭയ്ക്ക് വെളിപ്പെട്ടിരിക്കുന്നതും ക്രിസ്തുയേശുവിലൂടെ ദൈവം പൂർത്തീകരിക്കുന്നതുമായ ദൈവീക പദ്ധതിയുടെ വിശദാംശമാണ് (1:9; 3:3-4; 5:32; 6:19; കൊലോ. 1:26-27).

യിസ്രായേൽ മാത്രം ദൈവത്തിന്റെ ജനം ആയിരുന്ന പഴയ ഉടമ്പടിയിൽ നിന്നും വ്യത്യസ്തമായി പുതിയ ഉടമ്പടിയിൽ ദൈവം ജാതികളെയും ചേർക്കുന്നു; അവർ ഇരുവരും ക്രിസ്തുയേശുവിലെ വിശ്വാസത്താൽ ദൈവത്തിന് ഒരു പുതിയ ജനതയായി തീരുന്നു, ഏകാത്മവിനാൽ പിതാവിങ്കലേക്ക് പ്രവേശനം ലഭിക്കുന്നു, ദൈവം വസിക്കുന്ന ആലയമായി ഇരുവരും ഒരുമിച്ച് പണിയപ്പെടുന്നു (2:18,19,22; 3:6; യോഹ. 10:16). ഈ മർമ്മം ആത്മാവിനാൽ അപ്പോസ്തലന് വെളിപ്പെട്ടിരിക്കുന്നു (3:5). ഇത് പ്രസംഗിക്കുവാൻ ദൈവം തന്നെ ഭരമേൽപ്പിച്ചുമിരിക്കുന്നു. ദൈവം തന്റെ ഹിതത്തിന്റെ മർമ്മം ഈ നിലയിൽ വെളിപ്പെടുത്തിയില്ലായിരുന്നെങ്കിൽ ദൈവത്തിന്റെ ഭാവിയുഗ പദ്ധതിയെ കുറിച്ചുള്ള അജ്ഞത ഇന്നും നിലനിൽക്കുമായിരുന്നു (മത്തായി 11:25; ലൂക്കോസ് 10:21). തുടർന്ന് ഈ ദൈവീക മർമ്മത്തിന്റെ വിശദീകരണമാണ് അപ്പോസ്തലൻ നൽകുന്നത്.

i. ഈ മർമ്മം എങ്ങനെ നമ്മോട് അറിയിച്ചു

**''അത് സകല ജ്ഞാനവും വിവേകവുമായി നൽകിയിരിക്കുന്നു''**

മനുഷ്യകുലത്തെ വീണ്ടെടുക്കുന്ന ദൈവിക പദ്ധതിയെകുറിച്ചുള്ള അറിവാണ് ഇവിടെ ''ജ്ഞാനം''; അതുപോലെ വീണ്ടെടുപ്പിന് ആവശ്യമായതെല്ലാം ഒരുക്കി അത് നടപ്പിലാക്കുന്നതിനെക്കുറിച്ചുള്ള അറിവാണ് പരിജ്ഞാനം അഥവാ, ''വിവേകം'' (3:10-11).

ദൈവം തന്റെ പരമാധികാരത്തിലും പ്രസാദത്തിലും നമ്മെ മക്കളാക്കുവാൻ തിരഞ്ഞെടുക്കുകയും തന്റെ ധാരാളമായ കൃപ നൽകി അവകാശമാക്കുവാൻ വീണ്ടെടുക്കുകയും മാത്രമല്ല, തന്റെ ജനത്തിനു വേണ്ടി തന്റെ പുത്രനിലൂടെ നിവർത്തിക്കുന്ന തന്റെ പദ്ധതിയെ "**സകല ജ്ഞാനവും വിവേകവുമായി**" സന്തോഷത്തോടെ നമ്മെ അറിയിക്കുകയും ചെയ്യുന്നു (1 കൊരി. 2:9-10).

ii. ഈ മർമ്മം ഏത് മനോഭാവത്തോടെ നമ്മെ അറിയിച്ചു

തന്റെ ഹിതത്തിന്റെ മർമ്മം നമ്മോട് അറിയിച്ചത് "**തന്റെ പ്രസാദത്തിന് തക്കവണ്ണം**" അഥവാ തന്റെ പ്രസാദപ്രകാരമായിരുന്നു. തിരുഹിതത്തിന്റെ പ്രസാദപ്രകാരം നമ്മെ ദത്തെടുക്കുവാൻ മുൻ നിയമിച്ചതു പോലെ (5-6) തന്റെ ഹിതത്തിന്റെ മർമ്മവും തന്റെ പ്രസാദത്തിന് തക്കവണ്ണം നമ്മോട് അറിയിച്ചു.

iii. ഈ മർമ്മത്തിന്റെ പ്രത്യേകത എന്താണ്

അത് "**അവനിൽ താൻ മുന്നിർണയിച്ച**"താണ്. മുന്നിർണയിച്ച എന്നത് ഇവിടെ വ്യാകരണപ്രകാരം (proetheto – ingressive aorist) സംഭവിച്ചു കഴിഞ്ഞ ഒരു പ്രവൃത്തിയുടെ ആരംഭത്തെ മാത്രം സൂചിപ്പിക്കുന്നു; അതുപോലെ ഏത് സമയത്തേക്കായി നിർണയിച്ചിരിക്കുന്നു എന്നതിന് "കാലസമ്പൂർണ്ണതയിലെ വ്യവസ്ഥക്കായി കൊണ്ട് തന്നെ" എന്നാണ് അപ്പോസ്തലൻ തുടർന്ന് പറയുന്നത്.

iv. ഈ മർമ്മത്തിന്റെ ഉള്ളടക്കം എന്താണ്

"**അത് സ്വർഗ്ഗത്തിലും ഭൂമിയിലും ഉള്ളത് എല്ലാം പിന്നെയും ക്രിസ്തുവിൽ ഒന്നായി ചേർക്ക**" എന്നിങ്ങനെ കാലസമ്പൂർണ്ണതയിലെ ദൈവീക വ്യവസ്ഥയ്ക്ക് വേണ്ടിയുള്ളതാണ്.

"**തന്റെ ഹിതത്തിന്റെ മർമ്മം**" ഇപ്പോൾ തന്നെ ആരംഭിച്ചിരിക്കുന്നതും, സകല പ്രപഞ്ചത്തിനും വേണ്ടിയുള്ളതും ക്രിസ്തുവിലൂടെയുള്ള ദൈവത്തിന്റെ അന്ത്യകാല ഭരണനിർവഹണവുമായി ബന്ധപ്പെട്ടുള്ളതുമാണ് (1:22-23). സൃഷ്ടിയുടെ ആരംഭത്തിൽ ഉണ്ടായിരുന്നതും എന്നാൽ പാപം നിമിത്തം നഷ്ടപ്പെട്ടതുമായ പ്രപഞ്ചത്തിന്റെയും അതിലുൾപ്പെടുന്ന സകലത്തിന്റെയും പൂർവ്വാവസ്ഥയെ ക്രിസ്തുവിലൂടെ ദൈവഹിത

പ്രകാരം ക്രമപ്പെടുത്തി പുനസ്ഥാപിക്കുന്നതാണിത് (കൊലോ. 1:20–22, 26–27).

ഇത് പ്രഥമമായി ക്രിസ്തുവിന്റെ ഭരണാധികാര വ്യാപ്തിയെ സൂചിപ്പിക്കുന്നു. മാത്രമല്ല, ഇതിലൂടെ ക്രിസ്തുവിൽ ദൈവത്തിന്റെ ചരിത്രപരമായ ലക്ഷ്യത്തിന് പരിസമാപ്തി വരുന്നു (ഗലാ. 4:4). ചരിത്രത്തിന്റെ ആത്യന്തികലക്ഷ്യം നിറവേറ്റുന്ന ഭരണനിർവഹണത്തിൽ തന്റെ ഹിതത്തിന്റെ മർമ്മം തന്റെ ജനത്തെ അറിയിക്കുന്നത് തന്റെ പദ്ധതിയുടെ ഭാഗമായിരുന്നു.

ഒരു സംവാദത്തിന്റെ അവസാനം പ്രധാന വസ്തുതകളെ ഒരുവാക്കിൽ ചുരുക്കുന്നതിനാണ് "**ഒന്നായി ചേർക്ക**" എന്ന് ഭാഷയിൽ പറയുന്നത് (റോമർ 13:9). ഇവിടെ ഇതിന് ഒരു ഗൃഹകാര്യം മുഴുവനും ഒരു കാര്യസ്ഥന്റെ അധികാരത്തിൻ കീഴിൽ കൊണ്ടുവരുന്നതു പോലെ പ്രപഞ്ചത്തിലെ സകലവും വീണ്ടും ക്രിസ്തുവിന്റെ അധികാരത്തിൻ കീഴിൽ ക്രമപ്പെത്തുക എന്നാണർത്ഥം (കൊലോ. 1:20). ദൈവം തനിക്കായി സകലവും ക്രിസ്തുവിൽ ഒന്നായി ചേർക്കുന്ന അവസാന സമയത്തെയാണ് ഇവിടെ വ്യാകരണം (anakephaliōsasthai – consumative aorist) സൂചിപ്പിക്കുന്നത്. പാപത്തിന്റെ ഫലമായി ദൈവീക ക്രമത്തിൽ നിന്നും പുറത്തായ പ്രപഞ്ചത്തിലെ സകലത്തെയും ക്രിസ്തുവിന്റെ അധികാരത്തിൻ കീഴിൽ വീണ്ടും ക്രമത്തിൽ കൊണ്ടുവരുന്നു (ഫിലിപ്പി. 2:10–11; കൊലോ. 1:20). കാരണം, ഇപ്പോൾ സഭ മാത്രമാണ് കർത്താവിന് പൂർണ്ണമായി കീഴടങ്ങിയിരിക്കുന്നത്; എന്നാൽ അന്ന് സർവ്വ സൃഷ്ടിയും തന്റെ അധികാരത്തിൽ കീഴിൽ വരും; സകലവും പുത്രന് കീഴ്പ്പെട്ടിരിക്കും (കൊലോ. 1:20); സർവ്വരും ദൈവ മഹത്വത്തിനായി പുത്രനെ ആരാധിക്കും (ഫിലിപ്പി. 2:10–11); അവസാനം ദൈവം സകലത്തിലും സകലവും ആകേണ്ടതിന് പുത്രൻ താനും ദൈവത്തിന് കീഴ്പ്പെട്ടിരിക്കും (1 കൊരി. 15:28).

എന്നാൽ സകലവും ക്രിസ്തുവിൽ ഒന്നായി ചേർക്കുന്ന ഈ ദൈവിക പദ്ധതി "**കാലസമ്പൂർണ്ണതയിലെ ദൈവിക വ്യവസ്ഥയ്ക്കായി കൊണ്ടുതന്നെ**" ഉള്ളതാണ്. സമയം അതിന്റെ പൂർണ്ണതയിൽ എത്തുന്നതിനെയാണ് കാലസമ്പൂർണ്ണത (tou plērōmatos) സൂചിപ്പിക്കുന്നത് (ഗലാത്യർ 4:4). മാത്രമല്ല കാല സമ്പൂർണ്ണതയ്ക്ക് ചില സൂചനകൾ വചനത്തിൽ കാണുന്നുമുണ്ട്. ജാതികളുടെ കാലം തികയുവോളം (ലൂ

ക്കോസ് 21:24), വരും കാലത്ത് (എഫെ. 2:6), ലോകാവസാനത്തിൽ (1 കൊരി. 10:11), കർത്താവിന്റെ നാളിൽ (ഫിലിപ്പിയർ 2:10-11), സകല ശത്രുക്കളെയും തന്റെ കാൽകീഴാക്കിയ ശേഷം (1 കൊരി. 15:27-28), പുതിയ ആകാശഭൂമിയിൽ (വെളിപ്പാട് 21:1-3), ദൈവം ലോകാരംഭം മുതൽ തന്റെ വിശുദ്ധപ്രവാചകന്മാർ മുഖാന്തരം അരുളിചെയ്തത് ഒക്കെയും യഥാസ്ഥാനമാക്കുന്ന കാലം വരുമ്പോൾ (അപ്പോ. 3:21) മുതലായവ അതിൽ ചിലതാണ്.

മാത്രമല്ല, സകലവും ക്രിസ്തുവിൽ ഒന്നായി ചേർക്കുന്ന പ്രവൃത്തിയിലാണ് ദൈവം ഇപ്പോൾ ഏർപ്പെട്ടിരിക്കുന്നത്. ഈ പ്രവൃത്തി ഇപ്പോൾ പിതാവും പുത്രനും ചെയ്യുന്നതായും (യോഹ. 5:17,36), വിശ്വസിക്കുന്നവരെല്ലാം ചെയ്യുന്നതായും (യോഹ. 9:4; 14:12), പിതാവ് പുത്രനിലൂടെ ചെയ്യുന്നതായും (യോഹ. 14:10), പിതാവ് വിശ്വാസികളിൽ ചെയ്യുന്നതായും (ഫിലിപ്പി. 1:4) തിരുവെഴുത്തു പറയുന്നു.

ക്രിസ്തു സകലവും വീണ്ടും ഒന്നായി ചേർക്കുന്ന ഒരു മുഖാന്തിരം മാത്രമല്ല, മറിച്ച്, അവനാണ് സകലത്തിന്റെയും കേന്ദ്രബിന്ദു, അവനിലേക്കാണ് സകലവും നീങ്ങുന്നത്; കാരണം സകലവും അവനായും അവനുവേണ്ടിയും ആണ് സൃഷ്ടിക്കപ്പെട്ടത് (റോമർ 11:36; കൊലോ. 1:16; 2 തെസ്സ. 1:9).

കാലസമ്പൂർണ്ണതയിലെ ദൈവീക വ്യവസ്ഥ പ്രകാരം കാലാന്ത്യത്തിൽ അവൻ ആകാശത്തിലും ഭൂമിയിലും ഭൂമിക്ക് കീഴിലുമുള്ള സകലത്തെയും തന്റെ കാൽകീഴാക്കി, തന്നിൽ വിശ്വസിക്കുന്ന എല്ലാവരെയും തന്റെ ശരീരമാക്കി, സകലത്തിനും മീതെ തന്നെ തലയാക്കി (1:22-23; കൊലോ. 1:18) രാജാധിരാജാവും കർത്താധികർത്താവുമായി വാഴേണ്ടതാകുന്നു (വെളി. 17:14). അങ്ങനെ ഏക കർത്താവായ യേശുവിൽ എല്ലാം ക്രമപ്പെടുന്നു, രമ്യപ്പെടുന്നു, ഐക്യപ്പെടുന്നു, രൂപാന്തരപ്പെടുന്നു, പൂർണ്ണമാക്കപ്പെടുന്നു പൂർത്തീകരിക്കപ്പെടുന്നു, പൂർവസ്ഥിതിയിലാകുന്നു, എല്ലാറ്റിനും ദൈവം നിർണയിച്ച അവസാനം വരുന്നു (അപ്പോ. 1:6-7; 3:20-21; കൊലോ. 1:20).

## d. വീണ്ടെടുപ്പിന്റെ ഫലം (1:11-12)

“**അവനിൽ നാം അവകാശവും പ്രാപിച്ചു**” എന്നത് ഇവിടെ കർമ്മണി പ്രയോഗത്തിൽ (plural aorist passive indicative) അവനിൽ നാം ദൈവത്തിന്റെ അവകാശമായി നിയമിക്കപ്പെട്ടിരിക്കുന്നു എന്നാണ് അർ

ത്ഥം. ക്രിസ്തുവിൽ മനുഷ്യനുവേണ്ടിയുള്ള ദൈവീകപദ്ധതിയുടെ കൊടുമുടി ദൈവം നമ്മെ വീണ്ടെടുത്ത് തന്റെ അവകാശമാക്കി എന്നതാണ്. യിസ്രായേലിനെ ദൈവം വീണ്ടെടുത്ത് അവകാശമാക്കിയത് പോലെ (ആവർത്തനം 4:20; 9:29; സങ്കീർത്തനം 135:4) നമ്മെയും വീണ്ടെടുത്ത് തന്റെ അവകാശമാക്കിയിരിക്കുന്നു (1:18). ഇതോടു ബന്ധപ്പെട്ട മൂന്നു ഭാഗങ്ങൾ ഇവിടെ കാണുന്നു.

i. ആരിലൂടെ / ആര് മുഖാന്തരമാണ് നാം ദൈവത്തിന്റെ അവകാശമായി തീർന്നത്

ഇവിടെ "**അവനിൽ**" എന്നത് ദൈവത്തിന്റെ അവകാശമായി തീരുന്നതിനുള്ള മുഖാന്തിരത്തെ സൂചിപ്പിക്കുന്നു. ക്രിസ്തുവിനെ കൂടാതെ ഒരു മനുഷ്യന് ആത്യന്തികമായി ലഭിക്കുന്ന അവകാശം ശിക്ഷാവിധിയാണ്. പൊതുവായതും പ്രകൃതിദത്തവുമായ നന്മകൾ ദൈവം എല്ലാവർക്കും നൽകുന്നു എങ്കിലും (മത്തായി 5:45), തന്റെ ആത്മീക നന്മകൾ/ അവകാശം ക്രിസ്തുവിൽ ഉള്ളവർക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു (1:1.3-4,6-7,9,14).

ii. ഏതു കാരണത്താൽ /എങ്ങനെയാണ് നാം ദൈവത്തിന്റെ അവകാശമായി തീർന്നത്

"**തന്റെ ഹിതത്തിന്റെ ആലോചന പോലെ**" (v.11)

ദൈവം തന്റെ പ്രവൃത്തികൾ ഒന്നും യാദൃശ്ചികമായി ചെയ്യുന്നില്ല, മറിച്ച്, ആലോചിച്ച് ഉറപ്പിച്ചതും തന്റെ ഹിതപ്രകാരം സംഭവിക്കുന്നതുമാകുന്നു (യെശയ്യ. 28:29). മാത്രമല്ല, യേശുക്രിസ്തുവിലൂടെ ദൈവത്തിന്റെ അവകാശമായി തീരുവാൻ നമ്മൾ "**സകലവും പ്രവൃത്തിക്കുന്നവന്റെ നിർണയപ്രകാരം മുന്നിയമിക്കപ്പെട്ടവരുമാണ്**". സകലവും പ്രവൃത്തിക്കുന്നവന്റെ എന്നത് ഇവിടെ വ്യാകരണപ്രകാരം (energountos – gnomic present) ദൈവത്തിന്റെ സ്ഥായിയായ സ്വഭാവത്തെ സൂചിപ്പിക്കുന്നു. തന്റെ ഹിതത്തിന്റെ ആലോചന പോലെയും സകലവും പ്രവൃത്തിക്കുന്നവന്റെ നിർണയപ്രകാരവും വീണ്ടെടുപ്പിലൂടെ നാം ദൈവത്തിന്റെ അവകാശമായി മുൻ നിയമിക്കപ്പെട്ടിരിക്കുന്നു (1:5).

യിസ്രായേൽമക്കൾ ദൈവത്തിന് അവകാശമായി തീർന്നതു പോലെയും (പുറപ്പാട് 19:5; ആവർത്തനം 4:20; 7:6; 9:26,29; 14:2; 32:9; മലാഖി 3:16-17), ചീട്ടിട്ട് നൂലുകൊണ്ട് അളന്ന് അവർ ദേശം അവകാശമാക്കിയ

തുപോലെയും (സങ്കീർത്തനം 78:55) ദൈവത്തിന്റെ നിർണയപ്രകാരം നാം മുന്നിയമിക്കപ്പെട്ടതുകൊണ്ട് ദൈവം നമ്മെ തന്റെ അവകാശമാക്കിയിരിക്കുന്നു.

ദൈവത്തിന്റെ യഥാർത്ഥ അവകാശമായിരുന്ന ആദിമനുഷ്യൻ പാപം നിമിത്തം ദൈവത്തിൽ നിന്നും അന്യാധീനപ്പെട്ടു പോയിരുന്നു (2:1-3). എന്നാൽ ദൈവം നമ്മെ ലോകസ്ഥാപനത്തിനു മുമ്പേ "**തന്റെ ഹിതത്തിന്റെ ആലോചന പോലെ**" തന്റെ പുത്രനിൽ മക്കൾ ആക്കുവാൻ തിരഞ്ഞെടുക്കുകയും അവകാശമാക്കുവാൻ വീണ്ടെടുക്കുകയും ചെയ്തിരിക്കുന്നു.

iii. എന്തിനുവേണ്ടിയാണ് ദൈവം നമ്മെ വീണ്ടെടുത്ത് അവകാശമാക്കിയത്

**"മുമ്പിൽ കൂട്ടി ക്രിസ്തുവിൽ ആശവെച്ചവരായ ഞങ്ങൾ അവന്റെ മഹത്വത്തിന്റെ പുകഴ്ചയ്ക്കാകേണ്ടതിന് തന്നെ."**

ഇവിടെ "**മുമ്പിൽ കൂട്ടി ക്രിസ്തുവിൽ ആശവെച്ചവരായ ഞങ്ങൾ**" എന്നതിലൂടെ ക്രിസ്തുവിലൂടെയുള്ള വാഗ്ദത്ത നിവൃത്തിക്ക് മുമ്പ് തന്നെ വാഗ്ദത്തത്തിൽ ആശവെച്ച അപ്പോസ്തലന്മാരും പ്രവാചകന്മാരും അടങ്ങിയ ആദ്യകാല യഹൂദ ക്രിസ്ത്യാനികളെയാണ് സൂചിപ്പിക്കുന്നത്. കാരണം അവർക്ക് സുവിശേഷ കേൾവിയിൽ മുൻഗണന ഉണ്ടായിരുന്നു (മത്തായി 10:5-6; 15:24; അപ്പോ.1:8; റോമർ 1:16). അവർ പിതാക്കന്മാരിലൂടെ ലഭിച്ച വാഗ്ദത്തനിവൃത്തിക്കായി പ്രത്യാശയോടെ കാത്തിരുന്നവർ ആയിരുന്നു (ലൂക്കോസ് 2:25; 36-38; അപ്പോ. 26; 28:20).

എന്നാൽ ഇത് യഹൂദന്റെ മാത്രം പ്രത്യാശയെ സൂചിപ്പിക്കുന്നതല്ല, മറിച്ച്, സകല ക്രിസ്തുവിശ്വാസികളുടെയും പ്രത്യാശയെ സൂചിപ്പിക്കുന്നു. സകലവും വീണ്ടും ക്രിസ്തുവിൽ ഒന്നായി ചേർക്കുന്നതിലുള്ള പ്രത്യാശയാണിത് (റോമർ 8:19-25). പുത്രന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട എല്ലാവരെയും അത് സൂചിപ്പിക്കുന്നു. എങ്കിലും ഒരു വ്യക്തി വീണ്ടെടുക്കപ്പെട്ട് ദൈവത്തിന്റെ അവകാശമായി തീരുന്നതിന്റെ ആത്യന്തിക ലക്ഷ്യം ദൈവമഹത്വത്തിന്റെ പുകഴ്ചയ്ക്കാകേണ്ടതിനാണ്. അതായത് തന്റെ അവകാശമാക്കുവാൻ ക്രിസ്തുവിലൂടെ ദൈവം നമ്മെ മുൻനിയമിച്ചതും മുമ്പു കൂട്ടി ക്രിസ്തുവിൽ ആശ വെച്ചവരായ യഹൂദന്മാർക്ക് ഒപ്പം നമ്മെ അവകാശമാക്കിയതും "**അവന്റെ മഹത്വത്തിന്റെ പുകഴ്ച**

**യ്ക്കാകേണ്ടതിന്**" തന്നെയാണ്; അർത്ഥാൽ, അവന്റെ മഹത്വം വീണ്ടെടുക്കപ്പെട്ടവരിലൂടെ പുകഴ്ത്തപ്പെടേണ്ടതിനാണ്.

## 4. ഉറപ്പാക്കുവാൻ മുദ്രയിട്ടു (1:13-14)

ക്രിസ്തുവിൽ മുമ്പെ ആശവെച്ചവരും ക്രിസ്തുവിന്റെ തേജസ്സുള്ള സുവിശേഷത്തിന്റെ പ്രകാശനം പിന്നീട് ലഭിച്ചവരും വീണ്ടെടുപ്പിലൂടെ ദൈവത്തിന്റെ അവകാശമായി തീർന്നതിന്റെ ഇടപാട് ഉറപ്പാക്കുവാൻ അവർ ആത്മാവിനാൽ മുദ്രയിടപ്പെട്ടതാണ് അവർക്കുള്ള ദൈവിക നിർണ്ണയത്തിന്റെ പരമോന്നത സ്ഥാനം. ഇതോടുള്ള ബന്ധത്തിൽ നാലു ഭാഗങ്ങൾ ഇവിടെ കാണുന്നു.

### a. മുദ്രയിട്ടതിന്റെ ആവശ്യം

**"സ്വന്തജനത്തിന്റെ വീണ്ടെടുപ്പിന് വേണ്ടി"**

പുരാതനകാലത്ത് പ്രധാനമായും മൂന്ന് ആവശ്യങ്ങൾക്കായി മുദ്രയിട്ടിരുന്നു. മുദ്ര, പ്രഥമമായി, ആധികാരികതയെയും അംഗീകാരത്തെയും അടയാളത്തെയും സൂചിപ്പിക്കുന്നു (യോഹ. 3:33; 6:27; 1 കൊരി. 9: 2). രാജകീയ കൽപ്പനകളും (1 രാജ. 21:8; എസ്ഥേർ 8:8,10) ക്രയവിക്രയ പ്രമാണങ്ങളും (യിരെമ്യാവ് 32:10) മുദ്രയിട്ട് സൂക്ഷിച്ചിരുന്നു. രണ്ടാമതായി, മുദ്ര അവകാശത്തെയും ഉടമസ്ഥതയെയും സൂചിപ്പിക്കുന്നു. അടിമകൾ, പട്ടാളക്കാർ, ദൈവത്തിന്റെ ജനം എന്നിവരെ മുദ്രയിട്ടിരുന്നു (യെഹ. 9:4; വെളി. 7:3-4; 9:4). മൂന്നാമതായി, മുദ്ര സുരക്ഷിതത്വത്തെയും ഉറപ്പിനെയും സൂചിപ്പിക്കുന്നു (ദാനിയേൽ 6:17; മത്തായി 27:66; വെളിപ്പാട് 20:3). ഗുഹ കല്ലറ അഗാധം മുതലായവ അടച്ച് മുദ്രയിട്ടിരുന്നതായി കാണുന്നു.

ഇവിടെ വീണ്ടെടുപ്പിലൂടെ നാം ദൈവത്തിന്റെ അവകാശമായതിന്റെ അടയാളത്തെയും ദൈവം നമ്മെ അവകാശമാക്കിയതിന്റെ ഉറപ്പിനെയും മുദ്ര സൂചിപ്പിക്കുന്നു. മറ്റൊരു നിലയിൽ പറഞ്ഞാൽ, ദൈവം നമ്മുടെ വീണ്ടെടുപ്പ് പൂർത്തീകരിക്കും എന്നതിന്റെയും ദൈവം നമ്മെ അവകാശമാക്കും എന്നതിന്റെയും ഉറപ്പിനായി തന്റെ ആത്മാവിനെ അച്ചാരമായി നൽകുകയും, തന്റെ ഉടമസ്ഥതയുടെ അടയാളമായി ആത്മാവിനാൽ മുദ്രയിടുകയും ചെയ്തിരിക്കുന്നു (റോമർ 8:23; 2 കൊരി. 1:22; 5:5). മനുഷ്യരുടെ വാഗ്ദത്തങ്ങൾക്ക് വിശ്വാസീയത ഇല്ലാത്തതുകൊണ്ട്, ദൈവീക വാഗ്ദത്തത്തിൽ മനുഷ്യൻ വിശ്വസിക്കണമെങ്കിൽ മനുഷ്യന്

ദൈവത്തിൽ നിന്നും മതിയായ ഉറപ്പു വേണം (എബ്രായർ 6:13–18).

### b. മുദ്രയിടപ്പെട്ട സമയം (v. 13)

**"അവനിൽ നിങ്ങൾക്കും നിങ്ങളുടെ രക്ഷയെ കുറിച്ചുള്ള സുവിശേഷം എന്ന സത്യവചനം നിങ്ങൾ കേൾക്കയും അവനിൽ വിശ്വസിക്കയും ചെയ്തിട്ട്..."**

ഇവിടെ "**സുവിശേഷം എന്ന സത്യവചനം**" (യോഹ. 17:17; 2 തിമൊ. 2:15; യാക്കോബ് 1:18) വീണ്ടും ജനിപ്പിക്കുന്ന മുഖാന്തിരമായ ദൈവവചനത്തെ സൂചിപ്പിക്കുമ്പോൾ "**കേൾക്കയും വിശ്വസിക്കുകയും ചെയ്തിട്ട്**" (റോമർ 10:17; കൊലോ. 1:3,6) എന്നത് രക്ഷയുടെ വചനം സ്വീകരിച്ചതിനെ സൂചിപ്പിക്കുന്നു.

അതുപോലെ ഇവിടെ "**മുദ്രയിട്ടിരിക്കുന്നു**" എന്നത് വ്യാകരണപ്രകാരം (esphragisthēte – ingressive aorist) സുവിശേഷം കേട്ട് വിശ്വസിച്ചതിന്റെ ആരംഭത്തിൽ തന്നെ സംഭവിച്ചതിനെ സൂചിപ്പിക്കുന്നു.

എഫെസോസിലുള്ളവർ യേശുക്രിസ്തുവിലുള്ള ദൈവീക പദ്ധതിയോട് ക്രിയാത്മകമായി പ്രതികരിച്ചതിന്റെ തെളിവാണ് ഇവിടെ പരാമർശിക്കപ്പെടുന്ന സുവിശേഷം, സത്യവചനം, വിശ്വാസം, രക്ഷ, കേൾവി മുതലായ വാക്കുകൾ. മാത്രമല്ല വചനം കേട്ട് വിശ്വസിച്ചു, മുദ്രയിട്ടു മുതലായതെല്ലാം സംഭവിച്ചു കഴിഞ്ഞതിനെ (ഭൂതകാലം) സൂചിപ്പിക്കുന്നു.

എന്നാൽ ഇവിടെ "**കേൾക്കയും**" "**വിശ്വസിക്കുകയും**" എന്നുള്ള രണ്ട് ക്രിയകളും ഭൂതകാലത്തിൽ തന്നെ (aorist tense) കാണുന്നുവെങ്കിലും അതിൽ പ്രധാന ക്രിയയായ "**വിശ്വസിക്കുകയും ചെയ്തിട്ട്**" എന്നതിനോട് ബന്ധപ്പെട്ടാണ് ഇവിടെ "**മുദ്രയിട്ടിരിക്കുന്നു**" എന്ന് പറയുന്നത്. അർത്ഥാൽ, അവർ രക്ഷയുടെ സുവിശേഷം എന്ന സത്യവചനം കേട്ട് വിശ്വസിച്ചപ്പോൾ തന്നെ (റോമർ 10:14–17) അവർക്ക് ആത്മാവിനെ ലഭിച്ചിരിക്കുന്നു.

### c. മുദ്രയിടപ്പെട്ട മുഖാന്തരം (v.14)

**"നമ്മുടെ അവകാശത്തിന്റെ അച്ചാരമായ വാഗ്ദത്തത്തിൻ പരിശുദ്ധാത്മാവിനാൽ മുദ്രയിട്ടിരിക്കുന്നു"**

ദൈവം തന്റെ ആത്മാവിനെ പിതാക്കന്മാർക്ക് പ്രവാചകന്മാരിലൂടെ വാഗ്ദത്തം ചെയ്തത് അനുസരിച്ചാണ് ആത്മാവിനാൽ മുദ്ര ഇട്ടിരിക്കുന്നത് (യെശയ്യ. 32:15; 44:3; യെഹ. 11:19; 36:26–27; 37:14; സെഖ. 12:10; യോഹ. 7:38–39; അപ്പോ. 2:33; ഗലാത്യർ 3:14).

ദൈവജനം ദൈവപുത്രന്റെ വിലയേറിയ രക്തത്താൽ വിലയ്ക്ക് വാങ്ങപ്പെട്ട ദൈവത്തിന്റെ വിലയേറിയ അവകാശമായതുകൊണ്ട് (5:26 –27; അപ്പോ. 20:28; 1 പത്രോസ് 1:18–19), ദൈവജനത്തിന്റെ വീണ്ടെടുപ്പിൻ നാൾ വരെ വീണ്ടെടുപ്പിന്റെ പൂർത്തീകരണത്തിന് ഈ മുദ്ര നമുക്ക് ഉറപ്പും സംരക്ഷണവും നൽകുന്നു (4:30; റോമർ 8:23; 2 കൊരി. 1:21–22).

ക്രിസ്തുവിൽ വിശ്വസിക്കുന്ന എല്ലാവർക്കും ദൈവം തന്റെ ആത്മാവിനെ അച്ചാരമായി നൽകുകയും (1:14), അതിനാൽ തന്നെ മുദ്രയിടുകയും ചെയ്തിരിക്കുന്നു (2 കൊരി. 1:22; 5:5). അതുകൊണ്ട് മുദ്രയിടപ്പെട്ടവരെല്ലാം ദൈവിക അനുഗ്രഹങ്ങളുടെ അവകാശികളായി അംഗീകരിക്കപ്പെട്ടവരാണ്. അവർ ദൈവത്തിന്റെ അവകാശമായി തീർന്നവരും വീണ്ടെടുപ്പ് പൂർത്തീകരിക്കപ്പെടുന്നത് വരെ ദൈവത്താൽ സംരക്ഷിക്കപ്പെടുന്നവരുമാണ് (4:30; 2 കൊരി. 1:22). അവരുടെ വീണ്ടെടുപ്പ് പൂർത്തീകരിക്കപ്പെടുമ്പോൾ സ്വർഗ്ഗത്തിലെ എല്ലാ ആത്മീക അനുഗ്രഹങ്ങളും പൂർണമായും അവരുടെ അനുഗ്രഹമാകും.

### d. മുദ്രയിട്ടിരിക്കുന്നതിന്റെ ആത്യന്തിക ലക്ഷ്യം

**"തന്റെ മഹത്വത്തിന്റെ പുകഴ്ചയ്ക്കായിട്ട്"** (vv.6,12,14)

ക്രിസ്തുവിശ്വാസികളെ ദൈവത്തിന്റെ അവകാശമാക്കി മുദ്രയിട്ടിരിക്കുന്നതിന്റെ ആത്യന്തിക ലക്ഷ്യം സകലവും ക്രിസ്തുവിൽ ഒന്നായി ചേർക്കുന്ന വാഗ്ദത്ത നിവൃത്തിക്കു മുമ്പെ വാഗ്ദത്തത്തിൽ പ്രത്യാശ വെച്ചവരായ നാം അവന്റെ മഹത്വത്തിന്റെ പുകഴ്ചക്കായി തീരേണ്ടതിനാണ്. സർവ്വ സൃഷ്ടിയും വീണ്ടെടുപ്പിൽ പ്രത്യാശ വെച്ചിരിക്കുന്നു എങ്കിലും (റോമർ 8:22) അവിശ്വാസികൾക്ക് ഇങ്ങനെയൊരു പ്രത്യാശയില്ല (2:11).

കാലസമ്പൂർണ്ണതയിലെ ദൈവിക വ്യവസ്ഥപ്രകാരം കാലാന്ത്യത്തിൽ ദൈവം സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകലത്തെയും ക്രിസ്തുവിലൂടെ വീണ്ടും ഒന്നായി ചേർത്ത്, തന്നിൽ വിശ്വസിക്കുന്ന എല്ലാവരെയും തന്റെ ശരീരമാക്കി, സകലത്തിനും മീതെ തന്നെ തലയാക്കി (1:22–

23; 4:5; 5:23), ഏക കർത്താവായ യേശുവിൽ എല്ലാം ക്രമപ്പെടുത്തി രമ്യ പ്പെടുത്തി ഐക്യപ്പെടുത്തി രൂപാന്തരപ്പെടുത്തി പൂർണ്ണമാക്കുന്നു പൂർ ത്തീകരിക്കുന്നു പൂർവസ്ഥിതിയിൽ ആക്കുന്നു. അങ്ങനെ എല്ലാറ്റിനും ദൈവം നിർണയിച്ച അവസാനം വരുന്നു (2:6–7; അപ്പോ. 1:6; 3:20–21; കൊലോ. 1:20). ഇതെല്ലാം "**തന്റെ മഹത്വത്തിന്റെ പുകഴ്ചക്കായിട്ട്**" ത ന്നെ; അർത്ഥാൽ, അവന്റെ മഹത്വം പുകഴ്ത്തപ്പെടേണ്ടതിന് വേണ്ടിയാ ണ് (1:3,6,12).

നമ്മെ പുതിയ സൃഷ്ടിയാക്കുവാൻ അനുഗ്രഹിക്കുകയും, മക്കളാ ക്കുവാൻ തിരഞ്ഞെടുക്കുകയും, അവകാശമാക്കുവാൻ വീണ്ടെടുക്കുക യും ഉറപ്പാക്കുവാൻ മുദ്രയിടുകയും ചെയ്തുകൊണ്ട് തിരുവുള്ളമുണ്ടാ യി സകലവും പ്രവൃത്തിക്കുന്ന ഈ ദൈവം വാഴ്ത്തപ്പെടുവാൻ യോ ഗ്യൻ! അവന്റെ മഹത്വം എന്നേക്കും പുകഴ്ത്തപ്പെടേണ്ടത് തന്നെ!

## B. ക്രിസ്തുവിനോടുള്ള ബന്ധത്തിൽ ദൈവം ചെയ്തത് (1:15–23)

**"അതുനിമിത്തം ഞാനും നിങ്ങൾക്കു കർത്താവായ യേശുവിലു ള്ള വിശ്വാസത്തെയും സകല വിശുദ്ധന്മാരോടുമുള്ള സ്നേഹത്തെ യും കുറിച്ചു കേട്ടിട്ടു, നിങ്ങൾക്കു വേണ്ടി ഇടവിടാതെ സ്തോത്രംചെ യ്തു എന്റെ പ്രാർത്ഥനയിൽ നിങ്ങളെ ഓർത്തുംകൊണ്ടു നമ്മുടെ കർ ത്താവായ യേശുക്രിസ്തുവിന്റെ ദൈവവും മഹത്വമുള്ള പിതാവുമായ വൻ നിങ്ങൾക്കു തന്നെക്കുറിച്ചുള്ള പരിജ്ഞാനത്തിൽ ജ്ഞാനത്തി ന്റെയും വെളിപ്പാടിന്റെയും ആത്മാവിനെ തരേണ്ടതിന്നും നിങ്ങളുടെ ഹൃദയദൃഷ്ടി പ്രകാശിപ്പിച്ചിട്ടു അവന്റെ വിളിയാലുള്ള ആശ ഇന്നതെ ന്നും വിശുദ്ധന്മാരിൽ അവന്റെ അവകാശത്തിന്റെ മഹിമാധനം ഇന്ന തെന്നും അവന്റെ ബലത്തിൻ വല്ലഭത്വത്തിന്റെ വ്യാപാരത്താൽ വിശ്വ സിക്കുന്ന നമുക്കുവേണ്ടി വ്യാപരിക്കുന്ന അവന്റെ ശക്തിയുടെ അളവ റ്റ വലിപ്പം ഇന്നതെന്നും നിങ്ങൾ അറിയേണ്ടതിന്നും പ്രാർത്ഥിക്കുന്നു. അങ്ങനെ അവൻ ക്രിസ്തുവിലും വ്യാപരിച്ചു അവനെ മരിച്ചവരുടെ ഇ ടയിൽനിന്നു ഉയിർപ്പിക്കയും സ്വർഗ്ഗത്തിൽ തന്റെ വലത്തുഭാഗത്തു എ ല്ലാ വാഴ്ചെക്കും അധികാരത്തിന്നും ശക്തിക്കും കർത്തൃത്വത്തിന്നും ഈ ലോകത്തിൽ മാത്രമല്ല വരുവാനുള്ളതിലും വിളിക്കപ്പെടുന്ന സക**

**ല നാമത്തിന്നും അത്യന്തം മീതെ ഇരുത്തുകയും സർവ്വവും അവന്റെ കാൽക്കീഴാക്കിവെച്ചു അവനെ സർവ്വത്തിനും മീതെ തലയാക്കി എല്ലാറ്റിലും എല്ലാം നിറെക്കുന്നവന്റെ നിറവായിരിക്കുന്ന അവന്റെ ശരീരമായ സഭെക്കു കൊടുക്കയും ചെയ്തിരിക്കുന്നു.**''

ക്രിസ്തുവിശ്വാസികൾക്ക് ക്രിസ്തുവിലുള്ള തങ്ങളുടെ അനുഗ്രഹ അവകാശം യാഥാർത്ഥ്യമാക്കുവാൻ വേണ്ടി അവരിൽ പ്രവൃത്തിക്കുന്ന ദൈവത്തിന്റെ ശക്തിയുടെ വലിപ്പം അവർ അറിയണമെന്ന് അപ്പോസ്തലൻ ആഗ്രഹിക്കുന്നു. കാരണം ഇത് വിശ്വാസികൾക്ക് മാത്രം തിരിച്ചറിയാവുന്നതും അനുഭവിക്കാവുന്നതുമായ ശക്തിയാണ്.

ഈ അളവറ്റ ശക്തിയുടെ അത്ഭുതപ്രകടനം കർത്താവായ യേശുവിനെ ദൈവം മരിച്ചവരിൽ നിന്നും ഉയർപ്പിച്ചതിലും, തന്റെ വലതുഭാഗത്ത് ഇരുത്തിയതിലും, സകലത്തെയും അവന്റെ കാൽകീഴാക്കിയതിലും, സകലത്തിനും അവനെ തലയാക്കി സഭയ്ക്ക് നൽകിയതിലും ദർശിക്കാവുന്നതാണ്. ഇതാണ് ഈ ഭാഗത്തെ മുഖ്യ വിഷയം. എങ്കിലും എഫെസോസിലുള്ള വിശുദ്ധരും വിശ്വാസികളുമായവർക്കു വേണ്ടി സ്തോത്രം ചെയ്തു പ്രാർത്ഥിക്കുന്നതിനോട് ബന്ധപ്പെട്ടാണ് അപ്പോസ്തലൻ ഇക്കാര്യം വിവരിക്കുന്നത്.

എഫെസ്യർക്കുള്ള ഈ ലേഖനം എഴുതുമ്പോൾ അപ്പോസ്തലനായ പൗലോസ് സുവിശേഷം നിമിത്തം റോമയിൽ കാരാഗൃഹത്തിൽ ആയിരുന്നു; മാത്രമല്ല, ഈ ലേഖനം എഴുതുന്നതിനും ഏകദേശം ഏഴുവർഷങ്ങൾക്കു മുമ്പായിരുന്നു താൻ എഫെസോസിൽ ശുശ്രൂഷ ചെയ്തിരുന്നത്. എങ്കിലും എഴുത്തുകളിലൂടെയും കാരാഗൃഹത്തിൽ തന്നെ സന്ദർശിച്ചവരിലൂടെയും എഫെസോസിലുള്ള ക്രിസ്തുവിശ്വാസികളെക്കുറിച്ച് അത്യാവശ്യം ചില വിവരം തനിക്ക് ലഭിച്ചിരുന്നു (1:13,15). അതിന്റെ അടിസ്ഥാനത്തിലാണ് അപ്പോസ്തലൻ അവർക്ക് വേണ്ടി സ്തോത്രം ചെയ്യുന്നതും പ്രാർത്ഥിക്കുന്നതും.

## 1. വിശുദ്ധരും വിശ്വാസികളുമായവർക്കു വേണ്ടി അപ്പോസ്തലൻ സ്തോത്രം ചെയ്യുന്നു (1:15 - 16)

**''അതുനിമിത്തം ഞാനും നിങ്ങൾക്ക് കർത്താവായ യേശുവിലുള്ള വിശ്വാസത്തെയും സകല വിശുദ്ധന്മാരോടുമുള്ള സ്നേഹത്തെയും കുറിച്ച് കേട്ടിട്ട് നിങ്ങൾക്കു വേണ്ടി ഇടവിടാതെ സ്തോത്രം ചെയ്തു...**''

''**അതുനിമിത്തം**'', അർത്ഥാൽ, സ്വർഗ്ഗത്തിലെ സകല ആത്മീക അനുഗ്രഹത്താലും ക്രിസ്തുവിൽ നമ്മെ അനുഗ്രഹിച്ചിരിക്കുന്നതിന്റെ അടിസ്ഥാനത്തിലും (1:3-14), അനുവാചകരുടെ രക്ഷയെ കുറിച്ചുള്ള സുവിശേഷം എന്ന സത്യവചനം അവർ കേൾക്കുകയും അത് വിശ്വസിക്കുകയും ചെയ്തിട്ട് അവർക്ക് കർത്താവായ യേശുവിൽ ഉള്ള വിശ്വാസത്തെയും സകല വിശുദ്ധന്മാരോടുള്ള സ്നേഹത്തെയും കുറിച്ച് കേട്ടതിന്റെ അടിസ്ഥാനത്തിലും അപ്പോസ്തലൻ അവരെക്കുറിച്ച് കേട്ട സമയം മുതൽ അവർക്ക് വേണ്ടി ഇടവിടാതെ സ്തോത്രം ചെയ്തു അവരെ ഓർത്തു പ്രാർത്ഥിക്കുന്നു (കൊലോ. 1:9).

ദൈവം അവരെ പുതിയ സൃഷ്ടിയാക്കുവാൻ അനുഗ്രഹിച്ചതും മക്കൾ ആക്കുവാൻ തിരഞ്ഞെടുത്തതും അവകാശമാക്കുവാൻ വീണ്ടെടുത്തതും ഉറപ്പാക്കുവാൻ മുദ്രയിട്ടതും ദൈവമഹത്വത്തിന്റെ പുകഴ്ചയ്ക്കായിട്ടായിരുന്നു (1:3,6,12,14). കർത്താവായ യേശുവിലുള്ള വിശ്വാസത്തിലും സകല വിശുദ്ധന്മാരോടുള്ള സ്നേഹത്തിലും അവർ ദൈവ മഹത്വത്തിനായി നിലനിൽക്കുന്നു എന്ന് കേട്ടതുകൊണ്ട് അപ്പോസ്തലൻ പ്രാർത്ഥനയിൽ അവരെ ഓർത്ത് ഇടവിടാതെ ദൈവത്തിനു സ്തോത്രം ചെയ്യുന്നു; ഇതിൽ രണ്ടു കാരണങ്ങൾ അടങ്ങിയിരിക്കുന്നു.

## a. കർത്താവായ യേശുവിലുള്ള വിശ്വാസം (v.15)

എഫെസോസിലുള്ള വിശ്വാസികളുടെ വിശ്വാസത്തിന് ആധാരമായ വ്യക്തിയെയും അവരുടെ വിശ്വാസ മേഖലയെയും ''**കർത്താവായ യേശുവിലുള്ള**'' വിശ്വാസം സൂചിപ്പിക്കുന്നു. കർത്താവായ യേശുവിൽ രക്ഷക്കായി ആശ്രയിക്കുന്നവരുടെ ആദ്യ വിശ്വാസമല്ല, തുടർമാന വിശ്വാസമാണ് പൗലോസ് ഇവിടെ സൂചിപ്പി ക്കുന്നത്; ഇത് രക്ഷയുടെ ഒന്നാമത്തെ അടയാളം. ഒരാൾ രക്ഷയ്ക്കായി കർത്താവായ യേശുവിൽ വിശ്വസിക്കുമ്പോൾ ആ വ്യക്തിക്ക് യേശു രക്ഷിതാവായി തീരുന്നു. കർത്താവായി വിശ്വസിക്കുന്ന സമയത്ത് കർത്താവിനെ കുറിച്ച് പരിമിതമായ അറിവാണ് ഉള്ളതെങ്കിലും കർത്താവിനെ കൂടുതലായി അറിയുന്ന മുറക്ക് കർത്താവിനെ കൂടുതലായി സ്നേഹിക്കുകയും അനുസരിക്കുകയും അനുഗമിക്കുകയും ചെയ്യുന്നു (മത്തായി 9:9; 10:37-39), സകലവും കർത്താവിനായി ത്യജിക്കുന്നു (മത്തായി 13:44-46), കർത്താവിന്റെ വചനത്തിൽ നിലനിൽക്കുന്നു (യോഹ. 8:31), ആദ്യ വിശ്വാസം അവസാനത്തോളം മുറുകെ പിടിക്കുന്നു (എബ്രായർ 3:14). ഇങ്ങനെ എഫെസോസിലുള്ള ക്രിസ്തുവിശ്വാസികളിൽ കർത്താവായ യേശുവിലുള്ള വിശ്വാസത്തി

ന്റെ ഫലം ആദ്യം മുതൽ തന്നെ പ്രസിദ്ധമായിരുന്നു (അപ്പോ. 19:18-19; 1 തെസ്സ. 1:8).

## b. സകല വിശുദ്ധന്മാരോട് ഉള്ള സ്നേഹം (v.15)

സ്നേഹം ലേഖനത്തിലെ ഒരു പ്രധാന വിഷയമാണ്. വിശ്വാസികൾക്ക് വേണ്ടിയുള്ള ദൈവസ്നേഹം (2:4; 3:17), വിശ്വാസികൾക്ക് ക്രിസ്തുവിനോടുള്ള സ്നേഹം (6:24), വിശ്വാസികൾ തമ്മിൽ അന്യോന്യമുള്ള സ്നേഹം (1:15; 4:2,15,16; 5:2,25,28,33) മുതലായതെല്ലാം ഇവിടെ കാണുന്നു.

ഇവിടെ രക്ഷയുടെ രണ്ടാമത്തെ അടയാളം "**സകല വിശുദ്ധന്മാരോടുമുള്ള സ്നേഹ**"മാകുന്നു. ക്രിസ്തീയ സ്നേഹം പക്ഷപാതരഹിതമാണ്; ചിലരെ മാത്രം തിരഞ്ഞ് സ്നേഹിക്കുന്നതല്ല, എല്ലാവരെയും സ്നേഹിക്കുന്നതാണ്. കാരണം ക്രിസ്തു എല്ലാവരെയും സ്നേഹിക്കുന്നു. എല്ലാവരും തനിക്ക് ഒരുപോലെ വിലയേറിയവരാണ് (യോഹ. 13:1,5,34-35). യഥാർത്ഥ വിശ്വാസം യഥാർത്ഥ സ്നേഹം വെളിപ്പെടുത്തുന്നു; യഥാർത്ഥ സഹോദര സ്നേഹം കൂടാതെ ക്രിസ്തീയ ജീവിതത്തിന് നിലനിൽപ്പില്ല. കാരണം, സ്നേഹം ഒരു തോന്നലല്ല, മറിച്ച് വിശ്വാസത്തിൽ അടിസ്ഥാനപെട്ട പ്രവൃത്തിയാണ് (1 യോഹ. 3:16-18; 5:1). എഫെസോസിലെ ക്രിസ്തുവിശ്വാസികളിൽ സകല വിശുദ്ധന്മാരോടുള്ള സ്നേഹം പ്രകടമായിരുന്നതുകൊണ്ട് അപ്പോസ്തലൻ അവരെ ഓർക്കുമ്പോൾ ഒക്കെയും ഇക്കാര്യങ്ങൾ ഓർത്ത് ദൈവത്തിന് സ്തോത്രം ചെയ്യുന്നു.

## 2. വിശുദ്ധരും വിശ്വാസികളുമായവർക്കു വേണ്ടി അപ്പോസ്തലൻ പ്രാർത്ഥിക്കുന്നു (1:16 - 19)

"**നിങ്ങൾക്ക് വേണ്ടി ഇടവിടാതെ... എന്റെ പ്രാർത്ഥനയിൽ നിങ്ങളെ ഓർത്തും കൊണ്ട്...**"

എല്ലാ സഭകൾക്കും വിശ്വാസികൾക്കും വേണ്ടിയുള്ള പൊതുവായ പ്രാർത്ഥനകൾ അല്ല, മറിച്ച്, എഫെസോസിലെ വിശുദ്ധന്മാരും ക്രിസ്തുയേശുവിൽ വിശ്വാസികളുമായവർക്ക് വേണ്ടിയുള്ള പ്രത്യേക പ്രാർത്ഥനയെ ഇത് സൂചിപ്പിക്കുന്നു

കാലസമ്പൂർണ്ണതയിലെ ദൈവിക പദ്ധതിയുടെ നിർവഹണത്തിനായി ക്രിസ്തുവിനോടുള്ള ബന്ധത്തിൽ ദൈവം ചെയ്തിരിക്കുന്നത് വി

ശ്വാസികൾ അറിയുവാനാണ് വിശ്വാസികൾക്ക് വേണ്ടി അപ്പോസ്തലൻ പ്രാർത്ഥിക്കുന്നത്. മാത്രമല്ല, ഇടവിടാതെ പ്രാർത്ഥിക്കുന്നത് ഇവിടെ വ്യാകരണപ്രകാരം (pauomai – customary present) നിരന്തരം പ്രാർത്ഥിക്കുന്ന സ്വഭാവത്തെ സൂചിപ്പിക്കുന്നു. ഈ പ്രാർത്ഥനയിൽ പ്രധാനമായും രണ്ട് ആവശ്യങ്ങൾ അടങ്ങിയിരിക്കുന്നു.

**a. ആത്മീക പരിജ്ഞാനത്തിനായി പ്രാർത്ഥിക്കുന്നു**

i. ആത്മീക പരിജ്ഞാനം ആര് തരേണം

"**നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും മഹത്വമുള്ള പിതാവുമായവൻ...**"

ഇവിടെ "**നമ്മുടെ കർത്താവായ**" എന്നത് സഭയുടെ ആദ്യകാല ക്രിസ്തീയ ഏറ്റു പറയലിന്റെ ഭാഗമായിരുന്നു (അപ്പോ. 2:36; 10:36 റോമർ 10:9; 14:9; 1 കൊരി. 12:3; 2 കൊരി. 4:5; ഫിലി. 2:11). തുടർന്ന് "**യേശുക്രിസ്തുവിന്റെ ദൈവവും മഹത്വമുള്ള പിതാവുമായവൻ**" എന്നതിലൂടെ മേലിൽ ദൈവം യിസ്രായേലിന്റെ ദൈവവും പിതാക്കന്മാരുടെ ദൈവവും അല്ല മറിച്ച്, "**നമ്മുടെ**" കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും പിതാവും ആണ്; ദൈവം ഇനിമുതൽ ഏതെങ്കിലും ഒരു ജനതയുടെ മാത്രം ദൈവമല്ല, മറിച്ച്, സകല ക്രിസ്തുവിശ്വാസികളുടെയും ദൈവവും പിതാവുമാണ് (യോഹ. 20:17). ഈ ദൈവമാണ് സകല മനുഷ്യർക്കും ദിവ്യജ്ഞാനവും ആത്മീക പരിജ്ഞാനവും നൽകുന്നത് (ഉല്പത്തി 40:8; 41:39; ദാനിയേൽ 2:28; 1 കൊരി. 2:9-10).

ii. എന്ത് ആത്മീക പരിജ്ഞാനമാണ് ആവശ്യമായിരിക്കുന്നത്

"**തന്നെ കുറിച്ചുള്ള പരിജ്ഞാനത്തിൽ ജ്ഞാനത്തിന്റെയും വെളിപ്പാടിന്റെയും ആത്മാവിനെ തരേണ്ടതിന്...**"

പരിശുദ്ധാത്മാവിന്റെ പ്രകാശനവരത്തെയാണ് ലേഖകൻ ഇവിടെ സൂചിപ്പിക്കുന്നത് (ആവർത്തനം 34:9; യെശയ്യ. 11:2-3; 1 കൊരി. 2:6-13; യാക്കോബ് 3:17). എഫെസോസിലുള്ള വിശുദ്ധന്മാർക്ക് ദൈവത്തെക്കുറിച്ചുള്ള ആത്മീകപരിജ്ഞാനമാണ് ആവശ്യമായിരിക്കുന്നത്. അവർ പരിശുദ്ധാത്മാവിനെ സ്വീകരിച്ചവരായതുകൊണ്ടും (1:13; 4:30), ഇവിടെ ആത്മാവിനു മുമ്പ് വിവേചകഭേദകം (the) ഇല്ലാത്തതുകൊണ്ടും "**ആ**

**ത്മാവിനെ**'' എന്നതിലൂടെ ദൈവാത്മാവായ പരിശുദ്ധാത്മാവിനെ അല്ല, മറിച്ച് ആത്മാവിന്റെ പ്രകാശനമാണ് അപ്പോസ്തലൻ ഇവിടെ സൂചിപ്പി ക്കുന്നത്. കാരണം, ദൈവം തന്റെ പദ്ധതി തന്റെ ജനത്തിന് ''**സകല ജ്ഞാനവും വിവേകവുമായി നൽകിയിരിക്കുന്നു**'' എന്ന് അപ്പോസ്തല ൻ മുമ്പ് പറഞ്ഞിട്ടുണ്ട് (v. 8). മാത്രമല്ല, ദൈവം ദൈവീക സത്യങ്ങളെ വെളിപ്പെടുത്തുന്നതായി പിന്നീടും അപ്പോസ്തലൻ പറയുന്നുണ്ട് (3:4–5); തന്നെയുമല്ല, പഴയ പുതിയ നിയമങ്ങളിൽ ഇതിനു വ്യക്തമായ സൂ ചനകളും ഉണ്ട് (യെശയ്യാ. 11:2–3; 1 കൊരി. 2:6–16). മാത്രമല്ല, ഇവിടെ ''**തരേണ്ടതിന്**'' എന്നത് (dōē – constative aorist) വ്യാകരണപ്രകാരം ഒരു പ്രവൃത്തിയുടെ ആരംഭമൊ അവസാനമോ സൂചിപ്പിക്കാതെ പ്രവൃത്തി യെ മൊത്തത്തിൽ സൂചിപ്പിക്കുന്നതും ആകുന്നു.

## b. ആത്മീക കാഴ്ചപ്പാടിനായി പ്രാർത്ഥിക്കുന്നു

### i. ആത്മീക കാഴ്ചപ്പാട് എങ്ങനെ ഉണ്ടാക്കണം

''**നിങ്ങളുടെ ഹൃദയദൃഷ്ടി പ്രകാശിപ്പിച്ചിട്ട്...**''

ഇവിടെ ''**പ്രകാശിപ്പിച്ചിട്ട്**'' എന്നത് വ്യാകരണപ്രകാരം (pephotis menous – intensive perfect) കഴിഞ്ഞ പ്രവൃത്തിയുടെ ഇപ്പോഴത്തെ ഫല ത്തെ സൂചിപ്പിക്കുന്നു. മനുഷ്യന്റെ ചിന്തയുടെയും കാഴ്ചപ്പാടിന്റെയും വികാരത്തിന്റെയും ഇച്ഛയുടെയും ഇരിപ്പിടമായി ഹൃദയത്തെയും ഹൃദ യദൃഷ്ടിയെയും പുരാതനകാലം മുതൽ കണക്കാക്കുന്നു. എന്നാൽ ആ ത്മീകയാഥാർത്ഥ്യങ്ങളെ ഉൾക്കൊള്ളുവാൻ മനുഷ്യന്റെ ഹൃദയദൃഷ്ടി ത ന്നെത്താൻ പ്രകാശിക്കയില്ല (4:18; 2 കൊരി. 4:3–4); അത് ദൈവം പ്രകാ ശിപ്പിക്കണം (passive participle). എഫെസോസിലെ ക്രിസ്തുവിശ്വാസി കളുടെ ഹൃദയത്തിലെ ഇരുട്ട് ദൈവം നീക്കിയതു കൊണ്ട് (5:8; മത്താ യി 4:14–16; അപ്പോ. 26:18; 2 കൊരി. 4:6; എബ്രായർ 10:32) ഇപ്പോൾ അ വരുടെ ഹൃദയദൃഷ്ടി പ്രകാശിക്കുവാൻ കഴിയുന്ന അവസ്ഥയിലാണ്. അ തുകൊണ്ട് ദൈവീക പദ്ധതിയെ കുറിച്ചുള്ള പരിജ്ഞാനവും വെളിപ്പാ ടും തന്റെ ആത്മാവിലൂടെ അവരിലേക്ക് പകരുവാൻ ദൈവത്തിന് കഴി യും.

കർത്താവായ യേശുവിന്റെ ദൈവവും മഹത്വമുള്ള പിതാവുമായവ ൻ തന്റെ പുത്രനിൽ വിശ്വസിക്കുന്നവർക്ക് ജീവനും ഭക്തിക്കും ആവശ്യ മായതെല്ലാം ക്രിസ്തുയേശുവിൽ ദാനം ചെയ്തിരിക്കുകയാൽ (2 പത്രോ

സ് 1:3) വീണ്ടെടുപ്പിന്റെ പൂർത്തീകരണത്തിന് ആവശ്യമായതെല്ലാം അതിലടങ്ങിയിട്ടുണ്ട്. അതുകൊണ്ട് ദൈവം നൽകിയതിലും കൂടുതലായി ഒന്നുംതന്നെ നമുക്ക് ആവശ്യമില്ല. ഇക്കാരണത്താൽ ദൈവം നൽകിയിരിക്കുന്ന ആത്മീക വിഭവങ്ങളെ തിരിച്ചറിയുകയും അവയെ വേണ്ടതുപോലെ ഉപയോഗിക്കുകയുമാണ് നാം ചെയ്യേണ്ടത്. കാരണം, വിശ്വാസികളുടെ പ്രശ്നം ആത്മീക അനുഗ്രഹത്തിന്റെ അപര്യാപ്തതയല്ല, മറിച്ച് അത് അറിയുവാനും ഉൾക്കൊള്ളുവാനും ഉപയോഗിക്കുവാനും ആവശ്യമായ ആത്മിക കാഴ്ചപ്പാടാണ് ആവശ്യമായിരിക്കുന്നത്.

ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് ഒരുക്കിയിട്ടുള്ളത് കണ്ണ് കണ്ടിട്ടില്ല; ചെവി കേട്ടിട്ടില്ല; ഒരു മനുഷ്യന്റെയും ഹൃദയത്തിൽ തോന്നിയിട്ടുമില്ല എങ്കിലും നമുക്ക് ദൈവം തന്റെ ആത്മാവിനാൽ വെളിപ്പെടുത്തിയിരിക്കുന്നു (1 കൊരി. 2:9–12) എന്നും, ദാഹിച്ച് വലഞ്ഞ ഹാഗാറിന്റെ കണ്ണ് ദൈവം തുറന്നപ്പോൾ അവൾ ഒരു നീരുറവ കണ്ടു എന്നും (ഉല്പത്തി 21:19), യഹോവ ബിലയാമിന്റെ കണ്ണ് തുറന്നപ്പോൾ യഹോവയുടെ ദൂതൻ വാൾ ഊരി പിടിച്ചുകൊണ്ട് നിൽക്കുന്നത് ബിലയാം കണ്ടു എന്നും (സംഖ്യ. 22:31), ഏലീശ പ്രാർത്ഥിച്ചപ്പോൾ ശിഷ്യന്റെ കണ്ണ് തുറന്നു അവൻ ദൈവിക സംരക്ഷണം കണ്ടു എന്നും (2 രാജാ. 6:17), പെന്തക്കോസ്തുനാളിൽ ഉണ്ടായ ആത്മപകർച്ച അന്ന് യെരുശലേമിൽ ഉണ്ടായിരുന്ന എല്ലാവർക്കും മനസ്സിലായില്ലെങ്കിലും അപ്പോസ്തലനായ പത്രോസിനും മറ്റ് ശിഷ്യന്മാർക്കും മനസ്സിലായതായും കാണുന്നു (അപ്പോ. 2:15–16). അതുപോലെ അനുവാചകരുടെ ഹൃദയദൃഷ്ടി ദൈവം പ്രകാശിപ്പിച്ചിട്ട് അവർ ദൈവീക പദ്ധതിയെ കുറിച്ച് ആത്മീക കാഴ്ചപ്പാടുള്ളവരാകുവാൻ അപ്പോസ്തലൻ പ്രാർത്ഥിക്കുന്നു.

ii. ആത്മിക കാഴ്ചപ്പാട് എന്തിന് ഉണ്ടാകണം

എഫെസോസിലെ ക്രിസ്തുവിശ്വാസികൾക്ക് പ്രത്യേകിച്ച് മൂന്നു വിഷയങ്ങളിൽ ആത്മിക കാഴ്ചപ്പാട് ഉണ്ടാകണമെന്ന് അപ്പോസ്തലൻ ആഗ്രഹിക്കുന്നു. ഇവിടെ "**നിങ്ങൾ അറിയേണ്ടതിന്**" എന്നത് വ്യാകരണപ്രകാരം (eis to eidenai – intensive perfect) പൂർത്തിയായ പ്രവർത്തിയുടെ ഇപ്പോഴത്തെ ഫലത്തെ സൂചിപ്പിക്കുന്നു.

അതിൽ ഒന്നാമതായി, "**അവന്റെ വിളിയാലുള്ള ആശ**" ഇന്നതെന്ന് അറിയേണ്ടതിന് പ്രാർത്ഥിക്കുന്നു. അർത്ഥാൽ, ദൈവം നമ്മെ എന്തിനു വേണ്ടി വിളിച്ചു എന്ന് നാം അറിയേണ്ടതിനായി പ്രാർത്ഥിക്കുന്നു. തന്റെ

പരമാധികാരത്തിലാണ് ദൈവം വിളിക്കുന്നത് (റോമർ 11:29); തന്റെ കൃപയിൽ നിന്നാണ് അത് ഉൽഭവിക്കുന്നത് (റോമർ 8:28-30; 2 തിമൊ. 1:9). തന്റെ കൂട്ടായ്മയിലേക്കും (1 കൊരി. 1:9), കർത്താവായ യേശുക്രിസ്തുവിന്റെ മഹത്വം പ്രാപിപ്പാനും (2 തെസ്സ. 2:14), വിശുദ്ധീകരണത്തിനുമായി (1 തെസ്സ. 4:7) ദൈവം നമ്മെ വിളിച്ചിരിക്കുന്നു. അവന്റെ വിളിയാലുള്ള ആശ ഉറപ്പില്ലാത്തതല്ല, മറിച്ച് കാണപ്പെടുന്ന സാഹചര്യം ആശയ്ക്ക് എതിരായിരുന്നതിനാലും പ്രത്യാശിക്കുന്നതു പോലെ തന്നെ സംഭവിക്കുമെന്ന ഉറച്ച ബോധ്യം അതിനുണ്ട് (റോമർ 4:16-18; 8:24-25; 1 പത്രോസ് 1:3).

കാരണം ക്രിസ്തുവിശ്വാസികളുടെ പ്രത്യാശ ലോകത്തിന്റെ പ്രതീക്ഷയിൽ നിന്നും വ്യത്യസ്തമാണ്. പ്രതീക്ഷ പല കാര്യങ്ങളെ ആശ്രയിച്ചും അടിസ്ഥാനപെട്ടുമിരിക്കുമ്പോൾ, പ്രത്യാശ ദൈവത്തിന്റെ വിശ്വസ്തതയിലും വിശ്വാസ്യതയിലും മാത്രം അടിസ്ഥാനപ്പെട്ടിരിക്കുന്നു.

നമ്മുടെ ഹൃദയദൃഷ്ടി പ്രകാശിപ്പിച്ചതിന് ശേഷമാണ് നാം ക്രിസ്തുവിൽ ആരായിരിക്കുന്നു എന്ന് നമ്മൾ ശരിയായി തിരിച്ചറിയുന്നത്. അങ്ങനെ തിരിച്ചറിഞ്ഞാൽ മാത്രമാണ് കർത്താവിനെ പൂർണമായി സ്നേഹിക്കുവാനും അനുസരിക്കുവാനും നമുക്ക് കഴിയുകയുള്ളൂ. നിത്യതയ്ക്കായി നമ്മുടെ ജീവിതം എങ്ങനെ ഉറപ്പിച്ചിരിക്കുന്നു എന്ന് അറിഞ്ഞാൽ മാത്രമാണ് അതിനനുസൃതമായി ഇപ്പോൾ ജീവിതം ക്രമീകരിക്കുവാൻ കഴിയുകയുള്ളൂ. കാരണം, അവന്റെ രാജ്യത്തിൽ അവനോട് അനുരൂപരായി (റോമർ 8:29; 1 യോഹ. 3:2) അവന്റെ മഹത്വത്തിന് പങ്കാളികളായി അവനോടൊപ്പം ഇരിക്കുക എന്നതാണ് നമുക്ക് വേണ്ടിയുള്ള ദൈവിക പദ്ധതിയുടെ ഉച്ചസ്ഥാനം (peak). വിശ്വാസികളെ കുറിച്ചുള്ള ഈ ദൈവിക പദ്ധതി അവർ അറിയണമെന്ന് അപ്പോസ്തലൻ ആഗ്രഹിച്ചു അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

അതിൽ രണ്ടാമതായി "**വിശുദ്ധന്മാരിൽ അവന്റെ അവകാശത്തിന്റെ മഹിമാധനം**" ഇന്നതെന്ന് അറിയേണ്ടതിന് പ്രാർത്ഥിക്കുന്നു.

യേശുക്രിസ്തുവിന്റെ വിലയേറിയ രക്തത്താൽ വീണ്ടെടുക്കപ്പെട്ട നാമെന്ന അവകാശം ദൈവത്തിന് എത്ര വിലയേറിയ സമ്പത്ത് ആകുന്നു എന്നും എത്ര പ്രിയപ്പെട്ടവർ ആകുന്നു എന്നും നാം അറിയേണ്ടതിനായി പ്രാർത്ഥിക്കുന്നു. മറ്റൊരു നിലയിൽ പറഞ്ഞാൽ വിശുദ്ധന്മാരെ ദൈവം ക്രിസ്തുവിൽ എത്ര വിലയേറിയവരായി കാണുന്നുവെന്നും ക

ണക്കാക്കുന്നുവെന്നും അറിയേണ്ടതിനും, ക്രിസ്തുവിശ്വാസികൾ ദൈവ ത്തിന്റെ വിശുദ്ധന്മാരുടെ ഗണത്തിൽ ഉൾപ്പെടുന്നത് എത്ര ഭാഗ്യമേറിയ പദവിയാണെന്ന് നാം അറിയേണ്ടതിനും പ്രാർത്ഥിക്കുന്നു.

സകല ജാതികളുടെയും ഇടയിൽ യിസ്രായേൽ ദൈവത്തിന് ഒരു നിക്ഷേപമായിരുന്നതുപോലെ (പുറപ്പാട് 19:5; ആവർത്തനം 4:20; 7:6; 9: 26,29; 14:2; 26:15; 32:9; മലാഖി 3:16–17) ദൈവത്തിന്റെ സകല വിശുദ്ധന്മാ രിലും വെച്ച് ദൈവ സഭ - ക്രിസ്തുവിന്റെ മണവാട്ടി ദൈവത്തിന് ഒരു പ്രത്യേക നിക്ഷേപം ആയിരിക്കും.

കല്യാണ ദിവസം ഒരു മണവാട്ടിയുടെ വിലയും നിലയും മഹത്വ വും എന്തായിരിക്കുമോ അതുപോലെ കർത്താവിന്റെ കാന്ത നിത്യതയി ൽ ദൈവ മഹത്വത്തിനായി വിളങ്ങും (യോഹ. 3:29).

മാത്രമല്ല, ക്രിസ്തുവിശ്വാസികൾക്ക് ക്രിസ്തുവിൽ ദൈവവുമായു ള്ള ഉടമ്പടി നിമിത്തം ദൈവം അവരുടെ ദൈവവും അവർ ദൈവത്തി ന്റെ അവകാശവുമാണ്; മുമ്പ് അവർ ദൈവത്തിൽ നിന്നും അകന്നവരും അന്യരുമായിരുന്നു (2:11–12); എന്നാൽ ഇപ്പോൾ ദൈവത്താൽ തിരഞ്ഞെ ടുക്കപ്പെട്ടവരും ദൈവത്തിന്റെ അവകാശമായി മുദ്രയേറ്റവരും ആകുന്നു (1:3–14; 2 കൊരി. 1:22). പിതാവിന്റെ ഭവനത്തിലെ അവകാശം പോലെ യും സഹോദരന്മാരുടെ ഇടയിലെ അവകാശം പോലെയും (ഇയ്യോബ് 42:15) അവർ ക്രിസ്തുവിൽ ദൈവത്തിന് അവകാശമായി തീർന്നിരിക്കു ന്നു. ഇതെല്ലാം എഫെസോസിലെ ക്രിസ്തുവിശ്വാസികൾ അറിയുന്നതി നായി അപ്പോസ്തലൻ അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

അതിൽ മൂന്നാമതായി "**നമുക്ക് വേണ്ടി വ്യാപരിക്കുന്ന അവന്റെ ശ ക്തിയുടെ അളവറ്റ വലിപ്പം**" ഇന്നതെന്ന് അറിയേണ്ടതിനായി പ്രാർത്ഥി ക്കുന്നു.

ഇവിടെ അവന്റെ ബലത്തിൻ വല്ലഭത്വത്തിന്റെ വ്യാപാരത്തിൽ "**വി ശ്വസിക്കുന്ന**" എന്നത് വ്യാകരണപ്രകാരം (pisteuontas – customary pres ent) വിശ്വസിക്കുന്ന സ്വഭാവത്തെയാണ് സൂചിപ്പിക്കുന്നത്. അവൻ ക്രി സ്തുവിലും "**വ്യാപരിച്ചു**" എന്നത് ഇവിടെ വ്യാകരണപ്രകാരം (enērgē sen – constative aorist) ആരംഭമോ അവസാനമോ തുടർച്ചയോ സൂചിപ്പി ക്കാതെ ക്രിസ്തുവിലുള്ള ദൈവത്തിന്റെ പ്രവർത്തി പൂർത്തിയായതിനെ മാത്രം സൂചിപ്പിക്കുന്നു. അതുപോലെ തന്നെ അവന്റെ ശക്തിയുടെ "**അ**

**ളവറ്റ**'' വലിപ്പം ഇവിടെ വ്യാകരണ പ്രകാരം (hyperballon – gnomic pres ent) നിലനിൽക്കുന്ന ദൈവശക്തിയുടെ വലിപ്പത്തിന്റെ പൊതുസ്വഭാവ ത്തെ സൂചിപ്പിക്കുന്നു.

വിശ്വാസികളുടെ വീണ്ടെടുപ്പിന്റെ പൂർത്തീകരണത്തിന് വേണ്ടി അ വരിൽ ഇപ്പോൾ ''**വ്യാപരിക്കുന്ന**'' അഥവാ പ്രവർത്തിച്ചു കൊണ്ടിരിക്കു ന്ന ദൈവത്തിന്റെ ശക്തിയുടെ അളവറ്റ വലിപ്പം ഊന്നി പറയേണ്ടതിനാ ണ് ശക്തിയുടെ പര്യായങ്ങളായ ബലം, വല്ലഭത്വം, വ്യാപാരം, ശക്തി മു തലായ വാക്കുകൾ അപ്പോസ്തലൻ ഉപയോഗിക്കുന്നത് (1:19; 3:20). ദൈ വത്തിന്റെ അളവറ്റ ശക്തിയുടെ വലിപ്പം അനുവാചകർ അറിയണമെന്ന് അപ്പോസ്തലൻ ആഗ്രഹിക്കുന്നു.

ദൈവത്തിന്റെ അളവറ്റ ശക്തിയുടെ അത്ഭുത പ്രകടനം കർത്താവാ യ യേശുവിനെ ദൈവം മരിച്ചവരിൽ നിന്നും ഉയർപ്പിച്ചതിലും, സ്വർഗ ത്തിൽ തന്നെ വലതുഭാഗത്ത് ഇരുത്തിയതിലും, സർവ്വത്തിനും മീതെ ത ന്നെ തലയായി ഉയർത്തിയതിലും, സകലവും നിറയ്ക്കുന്നവന്റെ നിറ വായ സഭയ്ക്ക് അവനെ കാന്തനായി നൽകിയതിലും ദർശിക്കാവുന്നതാ ണ്.

ക്രിസ്തുവിശ്വാസികൾക്ക് ദൈവത്തിന്റെ ഈ അളവറ്റ ശക്തി ലഭി ക്കുവാൻ വേണ്ടിയല്ല അപ്പോസ്തലൻ പ്രാർത്ഥിക്കുന്നത്; മറിച്ച്, അവരി ൽ വ്യാപരിക്കുന്ന ശക്തിയുടെ വലിപ്പം ഒരളവുവരെ അവർ തിരിച്ചറിയേ ണ്ടതിനും (3:20; 2 കൊരി. 4:7), ഈ ദൈവിക ശക്തി ഓരോ വിശ്വാസിയെ യും രക്ഷിച്ച് ഉയരത്തിൽ മഹിമയുടെ വലതുഭാഗത്ത് എത്തിക്കുവാൻ മ തിയായതെന്ന് അവർ ഗ്രഹിക്കേണ്ടതിനുമാണ് (ഫിലി. 1:4; 3:21; യൂദ 1: 24) അപ്പോസ്തലൻ പ്രാർത്ഥിക്കുന്നത്.

സകലവും ക്രിസ്തുവിൽ ഒന്നായി ചേർക്കുന്നതിനായി ദൈവം ത ന്റെ അളവറ്റ ശക്തിയിലൂടെ ക്രിസ്തുവിനോടുള്ള ബന്ധത്തിൽ ചെയ്ത നാല് പ്രവർത്തികളാണ് തുടർന്നുള്ള 20–23 വാക്യങ്ങളിൽ കാണുന്നത്.

ആദ്യത്തെ പ്രവർത്തി ദൈവം ക്രിസ്തുവിനെ മരിച്ചവരിൽ നിന്നും ഉയർപ്പിച്ചു എന്നതാണ്. ദൈവശക്തിയുടെ അളവറ്റ വലിപ്പം ദൈവം ''**ക്രിസ്തുവിലും വ്യാപരിച്ചു അവനെ മരിച്ചവരുടെ ഇടയിൽ നിന്നും ഉയർപ്പിക്കുകയും**'' ചെയ്തതിൽ കാണുന്നു (v. 20).

പഴയനിയമത്തിൽ ദൈവം തന്റെ വലിയ ശക്തി പലതരത്തിലും

പലതലത്തിലും വെളിപ്പെടുത്തിയിട്ടുണ്ട്. പ്രത്യേകിച്ച് സൃഷ്ടിപ്പിനോടുള്ള ബന്ധത്തിലും യിസ്രായേലിന്റെ വീണ്ടെടുപ്പിനോടുള്ള ബന്ധത്തിലും (ഉല്പത്തി 1:1-24; പുറപ്പാട് 4:30,31; സങ്കീർത്തനം 78:42; റോമ. 4:17) പുതിയ നിയമത്തിൽ ദൈവം ക്രിസ്തുവിലൂടെ ചെയ്ത അത്ഭുതപ്രവർത്തികൾ ദൈവത്തിന്റെ വലിയ ശക്തിയുടെ തെളിവാണ് (യോഹ. 15:24; അപ്പൊ. 10:38). എന്നാൽ ക്രിസ്തുവിനെ ദൈവം മരിച്ചവരിൽ നിന്നും ഉയർപ്പിച്ചതിലൂടെ ദൈവശക്തിയുടെ ഏറ്റവും വലിയ പ്രകടനമാണ് പ്രപഞ്ച മണ്ഡലത്തിൽ മനുഷ്യൻ കണ്ടത് (അപ്പോ. 10:39-41; റോമർ 1:5; 1 കൊരി. 6:14).

രണ്ടാമത്തെ പ്രവർത്തി ദൈവം ക്രിസ്തുവിനെ തന്റെ വലതുഭാഗത്ത് ഇരുത്തി എന്നതാണ്. ദൈവശക്തിയുടെ അളവറ്റ വലിപ്പം ദൈവം ക്രിസ്തുവിനെ **"സ്വർഗത്തിൽ തന്റെ വലതുഭാഗത്ത്... ഇരുത്തുകയും"** ചെയ്തതിൽ കാണുന്നു (v.21).

ദൈവത്തിന്റെ വലതുഭാഗത്ത് ഇരിക്കുന്നത് ഏറ്റവും വലിയ പദവിയാണ് (സങ്കീർത്തനം 45:9; അപ്പോ. 5:31; റോമർ 8:34; എബ്രായർ 1:3; 8:1). ഒരു യുദ്ധം വിജയിച്ച ശേഷം രാജാവിന്റെ വലതുഭാഗത്ത് ഇരിക്കുന്നത് ശത്രുക്കളോട് മേലുള്ള അധികാരത്തിന്റെ പങ്കിനെ സൂചിപ്പിക്കുന്നു (സങ്കീർത്തനം 110:1; ലൂക്കോസ് 22:69; അപ്പോ. 2:25; 1 പത്രോസ് 3:22); അത് രാജകീയ സിംഹാസനത്തിൽ ഇരിക്കുന്നതിന് തുല്യമാണ് (വെളിപ്പാട് 7:10); ഭൂമിയിലെ തന്റെ ദൗത്യം പൂർത്തീകരിച്ചതിന്റെ തെളിവുമാണ് (എബ്രായർ 1:3; 10:11-12).

സൃഷ്ടിയുടെ പൂർണ്ണമായ വീണ്ടെടുപ്പിന്റെ (ഉയർപ്പ് തേജസ്കരണം) ഉറപ്പിനുള്ള അച്ചാരമായി പരിശുദ്ധാത്മാവിനെ ലഭിച്ചതിലൂടെ (1:13-14; 4:30; 1 കൊരി. 1:22) വിശ്വാസികളും സ്ഥാനീയമായി ക്രിസ്തുവിനോട് കൂടെ ഉയർത്ത് സ്വർഗ്ഗസ്ഥലങ്ങളിൽ ഇരുത്തപ്പെട്ടു (2:5-7; റോമർ 6:3-10; ഗലാത്യർ 2:20; കൊലോ. 2:12; 3:1-4).

ദൈവത്തിന്റെ വലതുഭാഗത്ത് ഇരുന്നതോടുകൂടി ദൈവപുത്രൻ തന്റെ "ശത്രുക്കളുടെ മധ്യേ" വാഴ്ച തുടങ്ങി (സങ്കീർത്തനം 110:1-2); പുതിയ യുഗത്തിലെ വാഴ്ച ക്രിസ്തു ആരംഭിച്ചു (1 കൊരിന്ത്യർ 15:25), നീതിമാന്മാരുടെ പുനരുത്ഥാനത്തിൽ ഒടുക്കത്തെ ശത്രുവായ മരണം നീങ്ങി പോകുന്നതുവരെ (1 കൊരി. 15:23-26) ഈ വാഴ്ച ഇതുപോലെ തുടരും. അതുകൊണ്ട് പ്രപഞ്ചത്തിലെ സകല അധികാരവും ഇപ്പോൾ ക്രി

സ്തുവിനാണ് (മത്തായി 28:18); ക്രിസ്തുവിന്റെ നാളിലാണ് അതു പൂർണ്ണമായി പ്രകടമാകുന്നത്; എങ്കിലും ദൈവം ഇന്നും പ്രപഞ്ചത്തിലും സഭയിലും തന്റെ ആധിപത്യവും പുത്രന്റെ പരമാധികാരവും വെളിപ്പെടുത്തികൊണ്ടിരിക്കുന്നു (സങ്കീർത്തനം 115:3; ദാനിയേൽ 4:35; അപ്പോ. 5: 11; 12:23).

മൂന്നാമത്തെ പ്രവർത്തി ദൈവം സകല ശത്രുക്കളെയും ക്രിസ്തുവിന്റെ കാൽകീഴാക്കി സകലത്തിനും മീതെ അവനെ തലയായി ഉയർത്തി എന്നതാണ്. ദൈവശക്തിയുടെ അളവറ്റ വലിപ്പം ദൈവം ക്രിസ്തുവിനെ "**എല്ലാ വാഴ്ചയ്ക്കും അധികാരത്തിനും ശക്തിക്കും കർതൃത്വത്തിനും... വിളിക്കപ്പെടുന്ന സകല നാമത്തിനും അത്യന്തം മീതെ ഇരുത്തുകയും സർവ്വവും അവന്റെ കാൽകീഴാക്കിവെച്ച് അവനെ സർവ്വത്തിനും മീതെ തലയാക്കി**" ഉയർത്തുകയും ചെയ്തതിൽ കാണുന്നു (21-22).

ദൈവം ഇങ്ങനെ ചെയ്തതിലൂടെ ക്രിസ്തുവിന് എതിരായ ആത്മീക ശക്തികളെ മാത്രമല്ല ഭൂമിയിലെ എല്ലാ രാഷ്ട്രീയ ശക്തികളെയും അവന്റെ കാൽകീഴാക്കി, ഇപ്പോഴുള്ളതിനേയും വരുവാനുള്ളതിനെയും. അതുകൊണ്ട് ക്രിസ്തുവിന്റെ അധികാരം "**ഈ ലോകത്തിൽ മാത്രമല്ല വരുവാനുള്ളതിലും**" പൂർണ്ണമാണ് (മത്തായി 12:32). മാത്രമല്ല, ആദാമിന് ഭൂമിയിലുള്ളത് മാത്രം ദൈവം കീഴ്പെടുത്തി കൊടുത്തപ്പോൾ (സങ്കീർത്തനം 8:6-8; എബ്രായർ 2:8), ക്രിസ്തുവിന് സ്വർഗത്തിലും ഭൂമിയിലുമുള്ള സകലവും കീഴ്പെടുത്തി കൊടുത്തിരിക്കുന്നു (1:20-21; മത്തായി 28:18). അതുകൊണ്ട് തന്റെ അധികാരസ്ഥാനം എല്ലാവർക്കും മുകളിലാണ്, എല്ലായിടത്തുമുള്ളതാണ്, എന്നേക്കുമുള്ളതാണ്; ഇത് തന്റെ സർവ്വാധികാരത്തെയും പരമാധികാരത്തെയും നിത്യവാഴ്ചയെയും സൂചിപ്പിക്കുന്നു. സകലവും അവന്റെ കാൽകീഴാക്കിയതിലൂടെ സ്വാഭാവികമായി സഭയടക്കം സകലത്തിനും മീതെ ക്രിസ്തു തലയായി തീർന്നിരിക്കുന്നു. അർത്ഥാൽ, എല്ലാ മനുഷ്യർക്കും മുകളിൽ, എല്ലാ അധികാരങ്ങൾക്കും മുകളിൽ, എല്ലാ ലോക വ്യവസ്ഥിതിക്കും മുകളിൽ, എല്ലാ ആത്മശക്തികൾക്കും മുകളിൽ, എല്ലാ വിശുദ്ധന്മാർക്കും മുകളിൽ, എല്ലാ വിശുദ്ധ ദൂതന്മാർക്കും മുകളിൽ "**അത്യന്തം മീതെ**"യാണ് ദൈവം ക്രിസ്തുവിനെ ഉയർത്തിയത് (മത്തായി 28:18; 2 തെസ്സ. 1:9; 1 പത്രോസ് 3:22).

ഈ ലോകത്തിന്റെ മേലും ലോകാധിപതികളുടെ മേലുമുള്ള കർത്താവിന്റെ വിജയം പൂർണമായിരിക്കുന്നുവെങ്കിലും (1:20-20; യോഹന്നാൻ 16:33; കൊലോ.2:15; 1 പത്രോസ് 3:22), ഈ ദുഷ്ടശക്തികൾ അവയുടെ പരിമിതിയിൽ ഇന്നും കർമ്മനിരതരായി (2:1-3; 6:12)) ദൈവജനത്തെ ദൈവിക പദ്ധതിയിൽ പ്രയോജനരഹിതരാക്കുവാൻ ശ്രമിക്കുന്നതുകൊണ്ട് അവരുമായി നാം പോരാട്ടത്തിലാണ് (6:12). അവയ്ക്കുമേൽ നമുക്ക് പൂർണ്ണവിജയം അനുഭവിക്കാൻ കഴിയുന്നത് ഭാവിയിലാണെന്നും താൻ സൂചിപ്പിക്കുന്നു (1:10,14; 4:30; 5:27).

നാലാമത്തെ പ്രവർത്തി സർവവും കാൽക്കീഴാക്കി സകലത്തിനും തലയായ ക്രിസ്തുവിനെ ദൈവം സഭയ്ക്ക് കാന്തനായി നൽകി എന്നതാണ്. ദൈവശക്തിയുടെ അളവറ്റ വലിപ്പം ദൈവം ക്രിസ്തുവിനെ "**എല്ലാറ്റിലും എല്ലാം നിറയ്ക്കുന്നവന്റെ നിറമായിരിക്കുന്ന അവന്റെ ശരീരമായി സഭയ്ക്ക്** " തലയായി - കാന്തനായി നൽകിയതിൽ കാണുന്നു (v. 23).

സഭ ക്രിസ്തുവിന്റെ ശരീരവും നിറവുമാണ് (1:23). പഴയനിയമത്തിൽ നിറവ് ദൈവസന്നിധ്യത്തെയും ദൈവത്തിന്റെ വാസത്തെയും സൂചിപ്പിക്കുന്നത് പോലെ ഇവിടെയും നിറവ് സഭയിൽ ക്രിസ്തുവിന്റെ സാന്നിധ്യത്തെയും വാസത്തെയുമാണ് സൂചിപ്പിക്കുന്നത്. പഴയനിയമത്തിൽ ദൈവം ആലയത്തെ നിറച്ചുപോലെയും (യെശയ്യാ. 6:1,14; യെഹ. 8:4) പ്രപഞ്ചത്തെ നിറച്ചതുപോലെയും (യിരമ്യാവ് 23:24) പുതിയനിയമത്തിൽ ക്രിസ്തു സഭയെ നിറയ്ക്കുന്നു (3:19); അതുപോലെതന്നെ തന്റെ സാന്നിധ്യം കൊണ്ട് ക്രിസ്തു പ്രപഞ്ചത്തെയും നിറയ്ക്കുന്നു (1:23; മത്തായി 28:18). സഭയോടുള്ള ബന്ധത്തിൽ നിറവ് ക്രിസ്തുവിന്റെ ആത്മാവും ശക്തിയും സാന്നിധ്യവും ഉൾപ്പെടുന്നു. സർവത്തോടുമുള്ള ബന്ധത്തിൽ നിറവ് ക്രിസ്തുവിന്റെ ഭരണവും ആധിപത്യവും പരമാധികാരവും ഉൾപ്പെടുന്നു.

"**നിറക്കുന്നവന്റെ**" എന്നത് ഇവിടെ വ്യാകരണപ്രകാരം (plēroumenou – customary present) എല്ലാ നിലയിലും എപ്പോഴും നിറയ്ക്കുന്നവൻ എന്ന അർത്ഥമാണുള്ളത്; നിറയ്ക്കുന്ന സ്വഭാവത്തെയാണ് ഇത് സൂചിപ്പിക്കുന്നത്.

3:9-ൽ ദൈവത്തിന്റെ നിറവിൽ വിശ്വാസികൾ നിറയ്ക്കപ്പെടുന്നതായും 5:18-ൽ വിശ്വാസികൾ ദൈവാത്മാവിനാൽ നിറക്കപ്പെടുന്നതായും

കാണുന്നു. നിറയ്ക്കുന്നതിൽ ക്രിസ്തു active ആയിരിക്കുമ്പോൾ വിശ്വാസികൾ passive ആകുന്നു.

"**ശരീരമായ സഭ**" എന്ന രൂപകാലങ്കാരം മറ്റു ലേഖനങ്ങളിൽ സഭയിൽ വിശ്വാസികളുടെ വ്യത്യസ്തമായ പങ്കിനെയും അവർക്ക് ക്രിസ്തുവിൽ ഉള്ള ബന്ധത്തെയും സൂചിപ്പിക്കുമ്പോൾ (റോമർ 12:4-8; 1 കൊരി. 12:12-13), ഈ ലേഖനത്തിൽ വിശ്വാസികളുടെ ഐക്യത്തെയും ക്രിസ്തുവുമായുള്ള ജീവൽഘടനയെയും (1:20-23; 2:16; 4:4,12; 5:23,30) വളർച്ചയെയും സൂചിപ്പിക്കുന്നു.

ആദാമിന് ഹവ്വ ആയിരുന്നതുപോലെ (ഉല്പത്തി 2:23) വിശ്വാസികൾ ക്രിസ്തുവിന് ശരീരമാകുന്നു (5:30-32); വിശ്വാസികൾ ദൈവത്തിന്റെ പുതിയ സൃഷ്ടിയും (2:10; 2 കൊരി. 5:17; ഗലാത്യർ 6:15) ക്രിസ്തു പുതിയ സൃഷ്ടിയുടെ തലയുമാണ്.

നമ്മുടെ കാന്തൻ സർവത്തിനും മീതെ തലയായി ഉയർത്തപ്പെട്ടവനാണ്; എല്ലാ അധികാരങ്ങൾക്കും മീതെ എന്നേക്കും ഉള്ള പരമാധികാരിയാണ്; സഭയുടെ ഭാവി തലയായ ഈ കാന്തന്റെ കീഴിൽ സുരക്ഷിതയാണ്; അതുകൊണ്ട് ഒന്നിനെക്കുറിച്ചും ഭാരപ്പെടേണ്ടതില്ല.

കുഞ്ഞാടിന്റെ കല്യാണ ദിവസത്തേക്കായി ക്രിസ്തുവിനെ മരിച്ചവരിൽ നിന്നും ഉയർപ്പിച്ച് ഈ നിലയിൽ ഏറ്റവും ഉന്നതനായി ഉയർത്തി ഒരുക്കുവാൻ പ്രവർത്തിച്ച ദൈവത്തിന്റെ അളവറ്റ വ്യാപാരശക്തി - അതേ ശക്തി, അതേ അളവിൽ, വിശ്വാസികളെ ദൈവിക ലക്ഷ്യത്തിൽ എത്തിക്കുവാൻ ഇന്ന് പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു (ഫിലിപ്പിയർ 1:5; 3:21; യൂദ 1:24). ഈ ശക്തിയുടെ അളവറ്റ വലിപ്പം ക്രിസ്തുവിശ്വാസികളായ അനുവാചകരും അറിയണമെന്ന് ആഗ്രഹിച്ച് അപ്പോസ്തലൻ അവർക്ക് വേണ്ടി പ്രാർത്ഥിക്കുന്നു.

***

# II

# സകലവും ക്രിസ്തുവിൽ വീണ്ടും ഒന്നായി ചേർക്കുന്നതിന് ദൈവം എല്ലാവരെയും ക്രിസ്തുവിൽ ഒരു പുതിയ സൃഷ്ടിയാക്കി (2:1–22)

## A. മനുഷ്യന്റെ വ്യക്തിപരമായ പ്രശ്നങ്ങളെ പരിഹരിച്ചുകൊണ്ട് വ്യക്തിപരമായി (2:1 – 10)

**"അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവരായിരുന്ന നിങ്ങളെയും അവൻ ഉയിർപ്പിച്ചു. അവയിൽ നിങ്ങൾ മുമ്പെ ഈ ലോകത്തിന്റെ കാലഗതിയെയും ആകാശത്തിലെ അധികാരത്തിന്നും അനുസരണക്കേടിന്റെ മക്കളിൽ ഇപ്പോൾ വ്യാപരിക്കുന്ന ആത്മാവിന്നും അധിപതിയായവനെയും അനുസരിച്ചു നടന്നു. അവരുടെ ഇടയിൽ നാം എല്ലാവരും മുമ്പെ നമ്മുടെ ജഡമോഹങ്ങളിൽ നടന്നു ജഡത്തിന്നും മനോവികാരങ്ങൾക്കും ഇഷ്ടമായതുചെയ്തുംകൊണ്ടു മറ്റുള്ളവരെപ്പോലെ പ്രകൃതിയാൽ കോപത്തിന്റെ മക്കൾ ആയിരുന്നു. കരുണാസമ്പന്നനായ ദൈവമോ നമ്മെ സ്നേഹിച്ച മഹാ സ്നേഹംനിമിത്തം അതിക്രമങ്ങളാൽ മരിച്ചവരായിരുന്ന നമ്മെ ക്രിസ്തുവിനോടു കൂടെ ജീവിപ്പിക്കയും – കൃപയാലത്രേ നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നു – ക്രിസ്തുയേശുവിൽ നമ്മെക്കുറിച്ചുള്ള വാത്സല്യത്തിൽ തന്റെ കൃപയുടെ അത്യന്തധനത്തെ വരുംകാലങ്ങളിൽ കാണിക്കേണ്ടതിന്നു ക്രിസ്തുയേശുവിൽ അവനോടുകൂടെ ഉയിർത്തെഴുന്നേല്പിച്ചു സ്വർഗ്ഗത്തിൽ ഇരുത്തുകയും ചെയ്തു. കൃപയാലല്ലോ നിങ്ങൾ വിശ്വാസംമൂലം രക്ഷിക്കപ്പെട്ടിരിക്കുന്നതു; അതിന്നും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രേയാകുന്നു. ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല. നാം അവന്റെ കൈപ്പണിയായി സൽപ്രവർത്തികൾക്കായിട്ടു ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു; നാം ചെയ്തുപോരേണ്ടതിന്നു ദൈവം അവ മുന്നൊരുക്കിയിരിക്കുന്നു."**

ഒന്നാമത്തെ അധ്യായത്തിൽ പാപം നിമിത്തം മനുഷ്യന് നഷ്ടപ്പെട്ടതും വിലക്കപ്പെട്ടതുമായ എല്ലാ ദൈവീക അനുഗ്രഹങ്ങളും അവകാശ

ങ്ങളും ദൈവത്തിന്റെ ഭാവിയുഗ പദ്ധതിയുടെ അടിസ്ഥാനത്തിൽ ദൈവം ക്രിസ്തുവിൽ എങ്ങനെ യഥാർത്ഥ്യമാക്കി എന്നതായിരുന്നു വിഷയമെങ്കിൽ, രണ്ടാം അധ്യായത്തിൽ ക്രിസ്തുവിനെ മരിച്ചവരിൽ നിന്നും ഉയർപ്പിച്ച് ശത്രുക്കളുടെ മേൽ ഉയർത്തി സ്വർഗ്ഗത്തിൽ തന്റെ വലതുഭാഗത്ത് ഇരുത്തിയ ദൈവത്തിന്റെ അളവറ്റ ശക്തിയിലൂടെ, ക്രിസ്തുവിനെ കൂടാതെയുള്ള മനുഷ്യകുലത്തിന്റെ പഴയ അവസ്ഥയിൽ നിന്നും ക്രിസ്തുവിലുള്ള പുതിയ അവസ്ഥയിലേക്ക് ക്രിസ്തുവിശ്വാസികളെ വ്യക്തിപരമായും സമൂഹപരമായും എങ്ങനെ ഉയർത്തി എന്നതാണ് വിഷയമായിരിക്കുന്നത്.

ക്രിസ്തുവിനെ മരിച്ചവരിൽ നിന്നും ഉയർപ്പിച്ചതിൽ വ്യാപരിച്ച ദൈവത്തിന്റെ അളവറ്റ ശക്തി എങ്ങനെ വ്യക്തിപരമായി വിശ്വാസികളിൽ പ്രവർത്തിച്ചുവെന്ന് (2:1-10) വാക്യങ്ങളിൽ കാണുന്നു. ഒരിക്കൽ ലോകം ജഡം പിശാച് എന്നിവയുടെ ഇഷ്ടത്തിന് നടന്ന് അവയുടെ ഉപകാരണങ്ങളായി പ്രവർത്തിച്ചവർ, ഇപ്പോൾ ദൈവത്തിന്റെ കൈപ്പണിക്കായിട്ട് സൃഷ്ടിക്കപ്പെട്ടവർ എന്ന പദവിയിലേക്ക് ദൈവത്തിന്റെ അളവറ്റ ശക്തിയാൽ എങ്ങനെ ഉയർത്തപ്പെട്ടുവെന്ന് ഇവിടെ കാണുന്നു.

ദൈവത്തിന്റെ അളവറ്റ ശക്തിയിലൂടെ ക്രിസ്തുവിനോടുള്ള ബന്ധത്തിൽ യാഥാർത്ഥ്യമായതെല്ലാം അതേ ശക്തിയിലൂടെ തന്നെ ക്രിസ്തുവിശ്വാസികൾക്കും യാഥാർത്ഥ്യമായിരിക്കുന്നു. അർത്ഥാൽ, അതിക്രമങ്ങളിലും പാപങ്ങളിലും മരിച്ചവരെ ദൈവം യേശുക്രിസ്തുവുമായുള്ള ബന്ധം നിമിത്തം ആത്മീകമായി ക്രിസ്തുവിനോട് കൂടെ ജീവിപ്പിക്കുകയും ക്രിസ്തുവിനോട് കൂടെ ശത്രുക്കളുടെ മേൽ ഉയർത്തുകയും, ക്രിസ്തുവിനോട് കൂടെ സ്വർഗത്തിൽ ഇരുത്തുകയും ചെയ്തു (2:1-3 c.f. 5-6).

2:1-3 വാക്യങ്ങളിൽ ദൈവിക ദൃഷ്ടിയിൽ ഒരു വ്യക്തിയുടെ ക്രിസ്തുവിനെ കൂടാതെയുള്ള പഴയ അവസ്ഥയും, 2:4-10 വാക്യങ്ങളിൽ ക്രിസ്തുവിലുള്ള പുതിയ അവസ്ഥയും അപ്പോസ്ഥലൻ വിവരിക്കുന്നു.

## 1. ആദാമ്യ പഴയ സൃഷ്ടി എന്ന നിലയിൽ അനുവാചകരുടെ മുൻകാല അവസ്ഥ

### a. അനുവാചകരുടെ മുൻകാല ആത്മീക അവസ്ഥ (2:1)

i. അവർ "**അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവർ**" ആയിരുന്നു (2:1).

രണ്ടാം അധ്യായത്തിന്റെ ആരംഭത്തിൽ കാണുന്ന സമുച്ചയപദം (and) മുൻ വാക്യങ്ങളെയും തുടർന്നുവരുന്ന വാക്യങ്ങളെയും ബന്ധിപ്പിക്കുന്നു; അർത്ഥാൽ, ക്രിസ്തുവിനെ മരിച്ചവരിൽ നിന്നും ഉയർത്തെഴുന്നേൽപ്പിച്ച് എല്ലാ വാഴ്ചയ്ക്കും അധികാരത്തിനും ശക്തിക്കും മീതെ ഉയർത്തി ദൈവത്തിന്റെ വലതുഭാഗത്ത് ഇരുത്തുകയും ചെയ്ത ദൈവത്തിന്റെ അതേ ശക്തി അതേ അളവിൽ ക്രിസ്തുവിശ്വാസിയിലും വ്യാപരിച്ചതിനെ ഈ സമുച്ചയപദം സൂചിപ്പിക്കുന്നു.

എന്നാൽ ക്രിസ്തുവുമായി അനുവാചകർ ബന്ധപ്പെടുന്നതിനു മുമ്പ് അവർ "**അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവരായിരുന്ന**" അവസ്ഥയിൽ ആയിരുന്നു. അവർ മരിച്ചിരുന്ന മണ്ഡലത്തെയും മുഖാന്തരത്തെയും കാരണത്തെയും ഇത് സൂചിപ്പിക്കുന്നു.

ചില മനഃശാസ്ത്രജ്ഞർ പറയുന്നതുപോലെ മനുഷ്യന്റെ മുഖ്യപ്രശ്നം അവൻ തന്റെ സാഹചര്യങ്ങളോട് ഇണങ്ങിച്ചേരാത്തതല്ല, മറ്റുള്ളവരുമായി നല്ല ബന്ധങ്ങൾ നിലനിർത്തുവാൻ അവന് കഴിയാത്തതുമല്ല, മറിച്ച് മനുഷ്യൻ ആത്മാവിൽ ദൈവത്തോടും ദൈവിക കാര്യങ്ങളോടും മരിച്ചവനാണ് എന്നതാണ്; അതിന്റെ ഫലമായി ആത്മീക കാര്യങ്ങളോട് അവൻ പ്രതികരിക്കുന്നില്ല. ജഡത്തിൽ ജനിക്കുന്ന എല്ലാവരും ഈ നിലയിൽ ദൈവത്തിൽനിന്നും ദൈവത്തിന്റെ ജീവനിൽ നിന്നും അകന്നവരാണ്.

ധാർമികമായും ആത്മീകമായും ഒരു നിശ്ചിത നിലവാരത്തിൽ നിൽക്കുന്നവരെ ജീവനുള്ളവർ എന്നും പ്രസ്തുത നിലവാരത്തിന് താഴെ നിൽക്കുന്നവരെ മരിച്ചവർ എന്നും വിശേഷിപ്പിക്കുന്ന സാഹിത്യ ശൈലി അപ്പോസ്തലൻ മാത്രമല്ല (യോഹ. 5:24) കർത്താവും ഉപയോഗിച്ചിട്ടുണ്ട് (മത്തായി 8:22; ലൂക്കോസ് 9:60; 15:24,34; യോഹ. 5:24). മാത്രമല്ല, ഇതൊരു പഴയനിയമ ശൈലിയുമാണ് (യെഹ. 31:18-20).

എഫെസോസിലുള്ള വിശുദ്ധന്മാരും ക്രിസ്തുയേശുവിൽ വിശ്വാസികളുമായവർ ക്രിസ്തുമായുള്ള ബന്ധത്തിന് മുമ്പ് അതിക്രമങ്ങളിലും പാപങ്ങളിലും മരിച്ചവർ ആയിരുന്നു; എന്നാൽ ക്രിസ്തുവുമായുള്ള അവരുടെ ബന്ധത്തിനുശേഷം അതിക്രമങ്ങളോടും പാപങ്ങളോടും മരിച്ചവരായി തീർന്നു. അതിക്രമം ദൈവിക നിയമത്തിനെതിരെയുള്ള ലംഘനവും (1:7; 2:1; യെഹ. 3:18-19; റോമർ 5:14-18) പാപം ദൈവിക നിലവാരത്തേക്കാൾ കുറവുള്ള അവസ്ഥയുമാണ് (ദാനിയേൽ 5:27; റോമർ 3:23). ആത്യന്തികമായി രണ്ടിന്റെയും ഫലം മരണമാണ് (റോമർ

6:23; 1 കൊരി. 15:56).

മനുഷ്യൻ പ്രവർത്തിയാൽ തെറ്റിപ്പോകുക മാത്രമായിരുന്നില്ല മറിച്ച്, മനപ്പൂർവ്വം തെറ്റ് ചെയ്തു അതിൽ മുഴുകി ജീവിക്കുകയായിരുന്നു (4:17–18; കൊലോ. 3:7; 1 യോഹ. 1:6–10). അതുകൊണ്ട് ദൈവത്തോടും ദൈവിക കാര്യങ്ങളോടും മരിച്ചവനായിരുന്നു മനുഷ്യൻ (ഉല്പത്തി 2: 16–17; 3:3–7; ആവർത്തനം 30:19–20; യെഹ. 3:18–20; റോമർ 1:32; 5:12–14; 6:23; 7:9–13; 8:13). മുൻപറഞ്ഞ വേദഭാഗങ്ങളുടെ അടിസ്ഥാനത്തിൽ അനുസരണക്കേടിന്റെ ഫലമായുള്ള ശിക്ഷയാണ് ആത്മാവിന്റെ മരണവും ശരീരത്തിന്റെ മരണവും. എഫെസോസിലുള്ള വിശ്വാസികൾ യേശുക്രിസ്തുവിന്റെ സുവിശേഷത്തിൽ വിശ്വസിക്കുന്നതിന് മുമ്പ് (അപ്പോ. 19:18 –19) ആത്മാവ് സംബന്ധമായി അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ച അവസ്ഥയിലായിരുന്നു (4:17–19; 5:3–18,11,12,16).

### b. അവരുടെ മുൻകാല ആത്മീക ജീവിതം (2:2–3)

അവരുടെ മുൻകാല ആത്മീക ജീവിതത്തിൽ പ്രധാനമായും മൂന്ന് ഘടകങ്ങൾ അടങ്ങിയിരുന്നു.

i. അവർ മുമ്പേ ഈ ലോകത്തിന്റെ കാലഗതിക്കനുസരിച്ച് നടന്നവർ ആയിരുന്നു.

“**അവയിൽ നിങ്ങൾ മുമ്പെ ഈ ലോകത്തിന്റെ കാലഗതിയെയും... അനുസരിച്ച് നടന്നു**” (2:2)

പഴയനിയമത്തിലും പുതിയനിയമത്തിലും നടപ്പ് ജീവിതത്തെ സൂചിപ്പിക്കുന്നു (1 രാജാ. 3:14; സങ്കീർത്തനം 1:1; എഫെ. 4:17; 1 പത്രോസ് 2:12). ഈ ലോകത്തിന്റെ കാലഗതിക്കനുസരിച്ച് മനസ്സു കൊണ്ടും, ജീവിതരീതികൾ കൊണ്ടും നടക്കുന്നവർ ഈ ലോകത്തിന്റെ വ്യവസ്ഥകൾക്കനുസരിച്ച് ജീവിക്കുന്നവരാണ് (ഗലാത്യർ 1:3). കാരണം, ഈ ലോകത്തെ വരുവാനുള്ള ലോകത്തോടാണ് ഇവിടെ താരതമ്യം ചെയ്തിരിക്കുന്നത് (2:6; മത്തായി 12:32; ലൂക്കോസ് 18:30). പാപം നിമിത്തം പൈശാചിക നിയന്ത്രണത്തിലായ ലോകവ്യവസ്ഥിതിയെയാണ് ഇവിടെ “**ഈ ലോകത്തിന്റെ കാലഗതി**” എന്ന് പറയുന്നത്; അതിക്രമങ്ങളിലും പാപങ്ങളിലും മരിച്ച മനുഷ്യൻ കുത്തൊഴുക്കിൽപ്പെട്ട മൃതശരീരം പോലെ സ്വന്തമായി യാതൊരു നിയന്ത്രണവുമില്ലാതെ ഈ ലോകത്തിന്റെ ഒഴുക്കിനനുസരിച്ച് നീങ്ങുന്നു. വ്യാകരണ പ്രകാരം ഇവിടെ “**നടന്നു**”

(periepatēsate – constative aorist) എന്നതിലൂടെ മുൻകാല ജീവിത രീതി യെയാണ് സൂചിപ്പിക്കുന്നത്. അതുപോലെ "**മുമ്പേ**" എന്നതിലൂടെ അ നുവാചകർ ക്രിസ്തുവിൽ വിശ്വസിക്കുന്നതിന് മുമ്പ് ഈ ലോകനില വാരത്തിനനുസരിച്ച് ജീവിച്ച കാര്യമാണ് സൂചിപ്പിക്കുന്നത്.

ii. അവർ മുമ്പേ ആകാശത്തിലെ അധികാരത്തെ അനുസരിച്ച് നടന്നവർ ആയിരുന്നു (v.2).

ഇവിടെ "**ആകാശത്തിലെ അധികാരത്തിനും**" എന്നത് അമാനുഷി കമായ പൈശാചിക അധികാരമേഖലയെ സൂചിപ്പിക്കുന്നു (ലൂക്കോസ് 22:53; യോഹ. 12:31). തന്റെ ക്രൂശിലെ മരണത്തിലൂടെ ക്രിസ്തു പരാജ യപ്പെടുത്തിയ വാഴ്ചകളുടെയും അധികാരങ്ങളുടെയും പ്രഭുവാണ് പി ശാച് (1:21–22; യോഹ. 12:31; 16:33; കൊലോ. 2:15; എബ്രായർ 2:14; വെ ളിപ്പാട് 12:7–12). ആകാശത്തിലെ ഈ അധികാരത്തിന് സാത്താൻ (1 തെ സ്സ. 2:18; 2 തെസ്സ. 2:9), ബലിയാൽ (1 കൊരി. 6:15), പരീക്ഷകൻ (1 തെ സ്സ. 3:5) മുതലായ പേരുകളും തിരുവെഴുത്തിൽ കാണുന്നുണ്ട്. ആകാശ ത്തിലെ ഈ അധികാരത്തിന് കീഴിലുള്ളതാണ് ലേഖകൻ പിന്നീട് പരാ മർശിക്കുന്ന "**സ്വർലോകങ്ങളിലെ ദുഷ്ടാത്മസേന**" (6:11–12). പുരാതന കാലം മുതൽ ആകാശം ആത്മീക ശക്തികളുടെ പ്രവർത്തനമേഖലയാ യി ഗ്രീക്ക് തത്വജ്ഞാനികളും വിശ്വസിച്ചിരുന്നു.

ആകാശത്തിലെ ഈ അധികാരമാണ് "**അനുസരണക്കേടിന്റെ മക്ക ളിൽ**" ഇപ്പോൾ വ്യാപരിക്കുന്ന ആത്മാവ്. അതിന്റെ പ്രവർത്തന മേഖല യെയാണ് ഇത് സൂചിപ്പിക്കുന്നത്; അതോടൊപ്പം നാശം ഉറപ്പായ ഒരു വലിയ വിഭാഗം ജനതയെയും ഇത് സൂചിപ്പിക്കുന്നു. ഇങ്ങനെയുള്ള എ ല്ലാവരും സ്വാഭാവികമായി ദൈവത്തോടുള്ള അനുസരണക്കേടിൽ ജീവി ക്കുന്നവരും അതിനെ തിരഞ്ഞെടുത്തവരും ആണ്. മാത്രമല്ല, "**വ്യാപരി ക്കുന്ന**" എന്നത് ഇവിടെ വ്യാകരണ പ്രകാരം (energountos – customary or gnomic present) നിലനിൽക്കുന്ന ഒരു സ്വഭാവത്തെ സൂചിപ്പിക്കുന്നു. ആകാശക്തികളെ ക്രിസ്തു തന്റെ ക്രൂശിലെ മരണത്തിലൂടെ പരാജയ പ്പെടുത്തിയെങ്കിലും (കൊലോ. 2:15; 1 പത്രോസ് 3:22), അവയുടെ ആ ധിപത്യം മനുഷ്യമണ്ഡലത്തിൽ ഒരു പരിധിവരെ ഇന്നും നിലനിൽക്കു ന്നുണ്ട്; അതുകൊണ്ടാണ് അനുസരണക്കേടിന്റെ മക്കളിൽ അത് ഇ പ്പോൾ വ്യാപരിക്കുന്നതും അവർക്കുമേൽ അതിന് ആധിപത്യം ഉള്ള

തും. ക്രിസ്തുവിശ്വാസികൾക്ക് അതിനോട് പോരാട്ടം ഉണ്ടെങ്കിലും അവർ ആരും ആകാശത്തിലെ അധികാരത്തിന് അടിമകളല്ല (6:10-18; 1 യോഹ. 4:4). അതുകൊണ്ട് ദൈവിക കൽപ്പനകൾ പ്രത്യക്ഷത്തിൽ അവഗണിച്ച് ജീവിക്കുന്നവർ മാത്രമല്ല അനുസരണക്കേടിന്റെ മക്കൾ, മറിച്ച്, സുവിശേഷം വിശ്വസിക്കാത്തവരും അനുസരണക്കേടിന്റെ മക്കളാണ് (അപ്പോ. 17:30; 2 തെസ്സ.1:9). ദൈവകോപം അനുസരണം കെട്ടവരുടെ മേൽ വരുന്നുവെന്നും തിരുവെഴുത്ത് വ്യക്തമായി പറയുന്നു (റോമർ 1:18; 2:5,8; കൊലോ. 3:6).

iii. അവർ മുമ്പെ ജഡമോഹങ്ങൾക്കനുസരിച്ച് നടന്നവർ ആയിരുന്നു.

മനസ്സ് ചിന്ത ശരീരം പ്രവൃത്തി മുതലായ ഘടകങ്ങൾ എല്ലാം ജഡമോഹങ്ങളിൽ അടങ്ങിയിരിക്കുന്നു. "**ജഡമോഹങ്ങളിൽ നടന്നു**" എന്നത് ഇവിടെ വ്യാകരണപ്രകാരം (anestraphēmen – aorist passive indicative) അവർ മുൻകാലങ്ങളിൽ നടത്തപ്പെട്ടതും നിയന്ത്രിക്കപ്പെട്ടതുമായ ഒരു ജീവിതരീതിയെ സൂചിപ്പിക്കുന്നു. അതുപോലെ "**ജഡത്തിനും മനോവികാരങ്ങൾക്കും ഇഷ്ടമായത് ചെയ്തുംകൊണ്ട്**" എന്നത് വ്യാകരണപ്രകാരം (poiountes – participle of manner) ഇവിടെ ഒരു മുൻകാല ജീവിത രീതിയെ സൂചിപ്പിക്കുന്നു (2:11); മാത്രമല്ല "**ജഡം**" എന്ന വാക്ക് ശരീരത്തോടുള്ള ബന്ധത്തിലും (6:12; 1 കൊരി. 15:50), ജഡപ്രകൃതത്തോടുള്ള ബന്ധത്തിലും (റോമർ 7:18), ജഡപ്രശംസയോടുള്ള ബന്ധത്തിലും (ഗലാ. 6:12; ഫിലി. 3:4) തിരുവെഴുത്ത് ഉപയോഗിച്ചിട്ടുണ്ട്. സ്വഭാവം കൊണ്ടും സംഭാഷണം കൊണ്ടും ജീവിതം കൊണ്ടും മനുഷ്യന്റെ സമ്പൂർണ്ണ ആത്മിക അധപതനത്തേയും ജീർണിച്ച അവസ്ഥയെയുമാണ് ഇത് മൊത്തത്തിൽ സൂചിപ്പിക്കുന്നത് (യിരെ. 17:23; റോമർ 3:10-19; 8:6; ഗലാത്യർ 5:20,21). തിന്മയുള്ള ഹൃദയത്തിൽ നിന്നാണ് ഈ പാപപ്രവർത്തികളെല്ലാം ബഹിർഗമിക്കുന്നത് (4:22; മത്തായി 15:11; യാക്കോബ് 1: 14-15). അതുപോലെതന്നെ "**നാം എല്ലാവരും**" എന്നത് ഇവിടെ ഒന്നുകിൽ ജാതികളെയും യഹൂദന്മാരെയും, അല്ലെങ്കിൽ അനുവാചകരെയും ലേഖകനെയും സൂചിപ്പിക്കുന്നു.

### c. അവരുടെ മുൻകാല ആത്മീക പ്രതീക്ഷ (2:3)

**"മറ്റുള്ളവരെ പോലെ പ്രകൃതിയാൽ കോപത്തിന്റെ മക്കളായിരുന്നു"**

ഇവിടെ **"പ്രകൃതിയാൽ"** എന്നതിലൂടെ ആദാമ്യപ്രകൃതപ്രകാരം ജനിച്ച അവസ്ഥയെയാണ് സൂചിപ്പിക്കുന്നത്. അനുവാചകർ പ്രകൃതി യാൽ മാത്രമല്ല, പ്രവർത്തിയാലും അങ്ങനെ തന്നെ ജീവിച്ചവർ ആയി രുന്നു എന്ന് തുടർന്ന് അപ്പോസ്തലൻ പറയുന്നു (4:18–19).

ആദാമിന്റെ സന്തതികൾ എന്ന നിലയിൽ ആദാമിന്റെ ലംഘനത്തി ന്റെ ഫലമായുള്ള ന്യായവിധിയും ശിക്ഷയും നമുക്കെതിരെയും നിലനി ന്നിരുന്നു (റോമർ 5:12–21). സൃഷ്ടാവായ ദൈവത്തെയും തന്റെ കരുണ യെയും നിരസിക്കുന്നവർക്കെതിരെ ദൈവത്തിന്റെ കോപം ഇന്നും നില നിൽക്കുന്നു (യോഹ. 3:36). അഭക്തർക്കെതിരെയുള്ള ദൈവകോപം ഇ പ്പോൾതന്നെ ദൈവത്തിൽ നിന്നും വെളിപ്പെട്ടിരിക്കുന്നതും (റോമർ 1:18); കാലാന്ത്യത്തിൽ പൂർണ്ണതയിൽ വെളിപ്പെടുന്നതുമാണ് (1 തെസ്സ. 1:10; 2 തെസ്സ. 1:6–7).

അബ്രഹാമിന്റെ സന്തതികൾ എല്ലാം പ്രകൃതിയിൽ രാജ്യത്തിന്റെ മക്കൾ അല്ല, മറിച്ച്, കോപത്തിന്റെ മക്കളാണ് (മത്തായി 8:12; ലൂക്കോ സ് 13:28,29; യോഹ. 8:39–47;17:12; റോമർ 2:28–29; 9:6,7,8). തിരുവെഴു ത്തിൻ പ്രകാരം യഹൂദനും യവനനും പ്രകൃതിയാൽ കോപത്തിന്റെ മ ക്കളായിരുന്നു (റോമർ 3:9; ഗലാത്യർ 2:15). മനുഷ്യന്റെ ചില പ്രവർത്തി കൾക്ക് മാറ്റം വരുത്തുവാൻ അവന് കഴിയുമെങ്കിലും പ്രകൃതത്തിന് മാ റ്റം വരുത്തുവാൻ അവന് കഴിയുകയില്ല (ഇയ്യോബ് 15:14; സങ്കീർത്തനം 51:5; റോമർ 5:12).

പ്രകൃതിയാൽ അല്ലാതെ ജനിച്ചത് ക്രിസ്തു മാത്രമാണ് (എബ്രായ. 4:15; 1 യോഹ. 3:5); അതുകൊണ്ട്, ഒരു ക്രിസ്തുവിശ്വാസി പ്രകൃതിയാൽ ദൈവത്തിന്റെ ക്രോധപുത്രനും കൃപയാൽ ദൈവത്തിന്റെ ദത്തുപുത്രനു മാണ് (1:5).

## 2. ദൈവിക പുതിയസൃഷ്ടി എന്ന നിലയിൽ അവരുടെ ഇപ്പോഴത്തെ അ വസ്ഥ (2:4-10)

ദൈവം അവരെ ക്രിസ്തുവിനോട് കൂടെ ആത്മാവിൽ ജീവിപ്പിച്ചു, ക്രിസ്തുവിനോട് കൂടെ ശത്രുക്കളുടെമേൽ ഉയർത്തി, ക്രിസ്തുവിനോട് കൂടെ സ്വർഗത്തിൽ ഇരുത്തി (2:5–7) മുതലായ ദൈവത്തിന്റെ പ്രവർ ത്തികളെ സൂചിപ്പിക്കുന്ന പ്രത്യേക വാക്കുകളും അവയെ തമ്മിൽ ബ ന്ധിപ്പിക്കുന്ന പ്രത്യേക സമുച്ചയപദങ്ങളും (synezōopoiēsen… kai synēg eiren… kai synekathisen) ഇവിടെ പ്രത്യേകം ശ്രദ്ധേയമാണ്.

നമ്മുടെ യോഗ്യതകൾക്ക് അതീതമായും വിപരീതമായും നമുക്കു വേണ്ടിയുള്ള ദൈവത്തിന്റെ ഈവിധ പ്രവർത്തികൾക്ക് പ്രചോദനമായ ത് തന്റെ സ്വഭാവ ഗുണങ്ങൾ ആയ വലിയ കരുണയും മഹാസ്നേഹവും ആണ്. ഇക്കാര്യമാണ് "**കരുണാസമ്പന്നനായ ദൈവമോ നമ്മെ സ്നേ ഹിച്ച മഹാസ്നേഹം നിമിത്തം**" എന്നതിലൂടെ അപ്പോസ്തലൻ വെളി പ്പെടുത്തുന്നത്. ദൈവം തന്റെ കടമ നിമിത്തമല്ല, മറിച്ച്, കരുണ നിമിത്ത മാണ് നമുക്ക് വേണ്ടി പ്രവർത്തിച്ചത് (2:8-9; റോമർ 3:24; 11:6; തീത്തോ സ് 3:5). അർത്ഥാൽ, നമ്മിൽ നല്ലതൊന്നും കണ്ടിട്ടല്ല, മറിച്ച്, തന്റെ കരു ണയിൽ അടിസ്ഥാനപ്പെട്ട സ്നേഹം നിമിത്തമാണ് നമുക്ക് വേണ്ടി പ്ര വർത്തിച്ചത് (റോമർ 9:22-26). ഇവിടെ "**കരുണാസമ്പന്നനായ**" ദൈവം എന്നത് ദൈവത്തിന്റെ പ്രകൃതത്തെയും "**നമ്മെ സ്നേഹിച്ച മഹാസ്നേ ഹം**" എന്നത് നമുക്ക് വേണ്ടി കാരണം കൂടാതെയുള്ള ദൈവത്തിന്റെ പ്രവർത്തിയെയും സൂചിപ്പിക്കുന്നു (റോമർ 5:8; 1 യോഹ. 4:10). വ്യാകര ണപ്രകാരം (ēgapēsen – constative aorist) ഇവിടെ നമ്മെ സ്നേഹിച്ചു എ ന്നുള്ള പ്രവർത്തിയുടെ ആരംഭമൊ അവസാനമോ സൂചിപ്പിക്കാതെ സ് നേഹിച്ച പ്രവർത്തിയെ മാത്രം ഊന്നി പറയുകയും നമ്മോടുള്ള ബന്ധ ത്തിൽ ദൈവത്തിന്റെ മൂന്ന് സ്നേഹപ്രവർത്തികളെ വെളിപ്പെടുത്തുക യും ചെയ്യുന്നു.

### a. ദൈവം അവരെ ക്രിസ്തുവിനോട് കൂടെ ആത്മാവിൽ ജീവിപ്പി ച്ചു (v.5).

ഇവിടെ നമ്മെ "ക്രിസ്തുവിനോട് കൂടെ **ജീവിപ്പിക്കയും**" എന്നത് അക്ഷരികമായി "യോജിപ്പിക്കുകയും" എന്ന് പറയാവുന്നതാണ് (മത്താ യി 19:6). വ്യാകരണപ്രകാരം (synezōopoiēsen – ingressive aorist) ആത്മാ വിന് ദൈവീക ജീവൻ ലഭിച്ച അവസ്ഥയുടെ ആരംഭത്തെ മാത്രം സൂചി പ്പിക്കുന്നു. അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവരായിരുന്നവരെ ദൈ വം ക്രിസ്തുവിനോട് കൂടെ യോജിപ്പിച്ച് ക്രിസ്തുവിനോട് കൂടെ ജീവിപ്പി ച്ചിരിക്കുന്നു (2 രാജ. 13:21; യോഹ. 11:44; റോമർ 6:4-8; ഗലാത്യർ 2:20). ദൈവം തന്റെ വലിയ ശക്തിയാൽ ക്രിസ്തുവിനെ മരിച്ചവരിൽ നിന്നും ഉയർപ്പിച്ചപ്പോൾ ക്രിസ്തുവിൽ നമ്മെയും ആത്മാവിൽ ജീവിപ്പിച്ചു. ക്രി സ്തുവിനോട് വിശ്വാസത്താൽ ഏകീഭവിച്ചിരിക്കുന്ന ക്രിസ്തുവിശ്വാസി കൾക്കാണ് ഇത് യാഥാർത്ഥ്യമായിരിക്കുന്നത്. അങ്ങനെ ക്രിസ്തുവിന്റെ മരണം, വിശ്വാസിയുടെ പഴയ ജീവിതക്രമത്തോടുള്ള മരണമായും

ക്രിസ്തുവിന്റെ ഉയർപ്പ് പുതിയ ജീവിതക്രമത്തിനുള്ള ജീവനായും തീർന്നു (കൊലോ. 2:12). ക്രിസ്തുവിനോട് കൂടെ മരിച്ച് ക്രിസ്തുവിനോട് കൂടെ ജീവിപ്പിക്കപ്പെടുന്നത് ക്രിസ്തുവിന്റെ പ്രാതിനിധ്യത്തിലൂടെ പഴയ അധികാരമേഖലയിൽ നിന്നും പുതിയ അധികാരമേഖലയിലേക്ക് വന്നതിനെയും സൂചിപ്പിക്കുന്നു (യോഹ. 5:24; റോമർ 6:3–11; ഗലാ. 2:20; കൊലോ. 2:12; 3:1–4).

ദൈവം നമ്മെ ക്രിസ്തുവിനോട് കൂടെ ആത്മികമായി ജീവിപ്പിച്ചു എന്നതിന്റെ മറ്റൊരു ശൈലിയാണ് ഇവിടെ "**കൃപയാലത്രെ നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നു**" എന്ന് പറയുന്നത്. വ്യാകരണപ്രകാരം (este sesōmenoi – intensive perfect) നാം ഇപ്പോൾ രക്ഷിക്കപ്പെട്ട അവസ്ഥയിലായിരിക്കുന്നതിനെ ഇത് സൂചിപ്പിക്കുന്നു (1 കൊരി. 1:18; 2 കൊരി. 2:15). എന്നാൽ തിരുവെഴുത്തിന്റെ ചില ഭാഗങ്ങളിൽ ഭാവിയിലാണ് രക്ഷ യാഥാർത്ഥ്യമാകുന്നതെന്നും പറയുന്നുണ്ട് (റോമർ 5:9–10; 1 കൊരി. 3:15; 5:5; എബ്രായർ 9:28; 1 പത്രോസ് 1:9). രക്ഷയ്ക്കു വേണ്ടിയ പ്രവർത്തികൾ എല്ലാം ദൈവിക ദൃഷ്ടിയിൽ പൂർത്തീകരിക്കപ്പെട്ടതാണെങ്കിലും, രക്ഷയുടെ പൂർണ്ണതയായി നാം തേജസ് ധരിക്കുന്നത് ഭാവിയിൽ ആയതുകൊണ്ടാണ് അങ്ങനെ കാണുന്നത് (റോമർ 8:29–30). മറ്റൊരു നിലയിൽ പറഞ്ഞാൽ, നമ്മുടെ ആത്മാവിന്റെ രക്ഷ പൂർത്തീകരിക്കപ്പെട്ടിരിക്കുന്നു എങ്കിലും, ദേഹത്തിന്റെയും ദേഹിയുടെയും രക്ഷ പൂർത്തീകരിക്കപ്പെട്ടിട്ടില്ല. ആദ്യത്തേത് യാഥാർത്ഥ്യമായെങ്കിൽ അതിനോട് ബന്ധപ്പെട്ടുള്ളതും യാഥാർത്ഥ്യമാകും എന്നതിന്റെ ഉറപ്പും ദൈവം തന്നിട്ടുണ്ട് (1:14; 4:30).

### b. ദൈവം അവരെ ക്രിസ്തുവിനോട് കൂടെ ശത്രുക്കളുടെ മേൽ ഉയർത്തി (v.7)

"**ക്രിസ്തുയേശുവിൽ അവനോടുകൂടെ ഉയർത്തെഴുന്നേൽപ്പിച്ചു**" എന്നത് ഇവിടെ മരിച്ചവരിൽ നിന്നുള്ള ഉയർപ്പിനെ അല്ല, ഉയർച്ചയെയാണ് സൂചിപ്പിക്കുന്നത്. വ്യാകരണപ്രകാരം (synegeiren – ingressive aorist) വിശ്വാസി ക്രിസ്തുയേശുവിൽ പുതിയൊരു തലത്തിലേക്ക് ഉയർത്തപ്പെട്ടതിന്റെ ആരംഭത്തെ മാത്രം ഇത് സൂചിപ്പിക്കുന്നു. ദൈവം ക്രിസ്തുവിനെ സകല ശത്രുക്കളുടെ മേലും ഉയർത്തിയത് പോലെ ക്രിസ്തുവിശ്വാസികളും ക്രിസ്തുവിൽ സ്ഥാനീയമായി ഉയർത്തപ്പെട്ടിരിക്കുന്നു. അതുകൊണ്ട് ക്രിസ്തുവിശ്വാസികളും ക്രിസ്തുവിനോട് കൂടെ ശത്രുക്കളുടെ മേൽ മേലധികാരമുള്ളവരാണ്. അവർ ക്രിസ്തുവിനോട് വിശ്വാസത്താ

ൽ ഏകീഭവിച്ചതിലൂടെ അവരുടെ പഴയ ജീവിതത്തിൽ ഉണ്ടായിരുന്ന ശത്രുവിന്റെ ബന്ധനം അഴിഞ്ഞിരിക്കുന്നു (2:1 -3; 1 യോഹ. 4:4).

പ്രതിയോഗിയായ പിശാചിനെ ക്രിസ്തു തത്വത്തിൽ ആയുധവർഗ്ഗം വെപ്പിച്ചുവെങ്കിലും (1:21; കൊലോ. 2:15; എബ്രായർ 2:14-15), ഈ പ്രതിയോഗി ഇന്നും ലോകത്തിന്റെ അധിപതിയാണ് (2 കൊരി. 4:4); ലോകജനതയും ലോകത്തിന്റെ അധികാരികളും ഇന്നും അവന്റെ അധീനതയിൽ കിടക്കുന്നു (റോമർ 16:20; 1 കൊരി. 15:24-25; ഗലാത്യർ 1:3; 1 യോഹ. 5:19).

അതുകൊണ്ട് ഒരു വിശ്വാസി ഈ ലോകത്തിൽ ഇരിക്കുവോളം വീണ്ടെടുപ്പിൻ നാളുവരെ ശത്രുവർഗ്ഗത്തോട് പോരാട്ടം തുടരുന്നു (6:10-20).

### c. ദൈവം അവരെ ക്രിസ്തുവിനോട് കൂടെ സ്വർഗ്ഗത്തിൽ ഇരുത്തി (v.7)

**''ക്രിസ്തുയേശുവിൽ... സ്വർഗ്ഗത്തിൽ ഇരുത്തുകയും ചെയ്തു''** എന്നത് ഇവിടെ വ്യാകരണപ്രകാരം (synekathisen – ingressive aorist) വിശ്വാസി ക്രിസ്തുയേശുവിൽ ആത്മീകമായി പുതിയൊരു സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടതിന്റെ ആരംഭം മാത്രം സൂചിപ്പിക്കുന്നു.

ഇവിടെ ''**ക്രിസ്തുയേശുവിൽ**'' എന്നതും ''**സ്വർഗ്ഗത്തിൽ**'' എന്നതും വിശ്വാസികൾ സ്ഥാനീയമായി ഇപ്പോൾ ആയിരിക്കുന്ന സുരക്ഷിത മേഖലയെ സൂചിപ്പിക്കുന്നു; മാത്രമല്ല ക്രിസ്തുവുമായുള്ള ബന്ധത്തിലൂടെയാണ് വിശ്വാസിക്ക് ഈ പദവികൾ എല്ലാം ലഭ്യമായതും പൂർത്തീകരിക്കപ്പെടുന്നതും എന്നതിനെയും ഇത് സൂചിപ്പിക്കുന്നു. ക്രിസ്തുവിന്റെ മരണത്തോടും പുനരുത്ഥാനത്തോടും ഉള്ള വിശ്വാസിയുടെ പങ്കാളിത്തത്തിന്റെ ഫലം **''ക്രിസ്തുയേശുവിൽ അവനോടുകൂടെ ഉയർത്തെഴുന്നേൽപ്പിച്ച് സ്വർഗ്ഗത്തിൽ ഇരുത്തുകയും ചെയ്തു''** എന്നതിൽ (v.7) കാണുവാൻ കഴിയും (1:20; റോമ. 6:3-5).

ക്രിസ്തുവിനെ ദൈവം തന്റെ അളവറ്റ ശക്തിയാൽ മരിച്ചവരിൽ നിന്നും ഉയർപ്പിക്കുകയും വിളിക്കപ്പെടുന്ന സകല നാമത്തിനും സകല ശത്രുക്കൾക്കും മീതെ ഉയർത്തുകയും സ്വർഗ്ഗത്തിൽ തന്റെ വലതുഭാഗത്ത് ഇരുത്തുകയും ചെയ്തു (1:20-21). ക്രിസ്തുവുമായുള്ള ബന്ധത്തിന്റെ ഫലമായി ക്രിസ്തുവിശ്വാസികളും ക്രിസ്തുവിന്റെ വിജയത്തിൽ പങ്കാളികളാണ്. ക്രിസ്തുവിനെ ദൈവം തന്റെ വലതുഭാഗത്ത് ഇരുത്തിയെങ്കി

ലും വിശ്വാസികളെ ഈ നിലയിൽ ഇരുത്തിയിട്ടില്ല, മറിച്ച്, അവർ ക്രിസ്തുവിൽ ആണ് ഇരിക്കുന്നത് (കൊലോ. 3:3).

അതിക്രമങ്ങളിലും പാപങ്ങളിലും മരിച്ച് ഈ ലോകത്തെയും പിശാചിനെയും ജഡത്തെയും അനുസരിച്ച് ജീവിച്ചവരെ ദൈവം തന്റെ അളവറ്റ ശക്തിയാൽ പുത്രനോട് കൂടെ ജീവിപ്പിച്ച് പുത്രനോട് കൂടെ സകല ശത്രുക്കളുടെ മേലും ഉയർത്തി പുത്രനോട് കൂടെ സ്വർഗത്തിൽ ഇരുത്തിയതിന്റെ ആവശ്യം "**ക്രിസ്തുയേശുവിൽ... തന്റെ കൃപയുടെ അത്യന്തധനത്തെ വരുംകാലങ്ങളിൽ കാണിക്കേണ്ടതിന്**" ആകുന്നു (v.6).

ക്രിസ്തുയേശുവിലുള്ള ദൈവകൃപയുടെ അളവറ്റ വലിപ്പത്തിന്റെ സ്മാരകമായി ക്രിസ്തുവിന്റെ കാന്തയായ ദൈവസഭ സ്വർഗ്ഗത്തിൽ വരുന്ന യുഗങ്ങളിൽ നിലനിൽക്കും. പിശാചും അവന്റെ ദൂതന്മാരും അവനെ അനുഗമിക്കുന്ന മനുഷ്യരും നിത്യാഗ്നിയിൽ കിടന്ന് ദൈവം കൃപയും കരുണയും സ്നേഹവും ഇല്ലാത്തവനാണെന്ന് ദുഷിക്കുമ്പോൾ (ലൂക്കോസ് 13:28), ദൈവകൃപയുടെയും കരുണയുടെയും സ്നേഹത്തിന്റെയും വലിപ്പത്തെ പ്രാപഞ്ചികമായി നിത്യകാലം വെളിപ്പെടുത്തുന്നതിനാണ് ദൈവം തന്റെ രക്ഷാപദ്ധതിക്ക് മുൻകൈയെടുത്തത്. ദൈവത്തിൽ നിന്നും ക്ഷമ ലഭിച്ചവരുടെ കൂട്ടമായ ദൈവസഭ. ഒന്നിനു പുറകെ ഒന്നായി തിരമാല വരുന്നതുപോലെ, വരുന്ന യുഗങ്ങളിൽ -നിത്യതയിൽ- ദൈവകൃപയുടെയും കരുണയുടെയും സ്നേഹത്തിന്റെയും കൈവേലയുടെയും മിടുക്കിന്റെയും സ്മാരകമായി നിലനിൽക്കും. മനുഷ്യർക്ക് മാത്രമല്ല സഭയ്ക്ക് മാത്രമല്ല, ദൂതന്മാർക്ക് മാത്രമല്ല, മറിച്ച്, സർവ്വ സൃഷ്ടിക്കും ദൈവകൃപയുടെ മാഹാത്മ്യം സഭ മുഖാന്തരം അന്ന് വെളിപ്പെടും (വെളിപ്പാട് 7:10-12).

അതുകൊണ്ട് രക്ഷയുടെ ആത്യന്തികലക്ഷ്യം മാനുഷികമല്ല, മറിച്ച്, ദൈവീകമാണ്; അതുകൊണ്ടുതന്നെയാണ് രക്ഷ അവന്റെ നാമം മൂലം, അഥവാ, അവന്റെ നാമത്തിനായി എന്ന് തിരുവെഴുത്ത് പറയുന്നത് (യോഹ. 20:31; അപ്പോ. 2:38; 4:12; 10:43; 1 യോഹ. 2:12).

ഇവിടെ "**കാണിക്കേണ്ടതിന്**" എന്നത് വ്യാകരണപ്രകാരം (endeixētai – constative aorist) ഒരു പ്രവർത്തിയുടെ ആരംഭമോ അവസാനമോ സൂചിപ്പിക്കാതെ പ്രസ്തുത പ്രവർത്തിയെ മാത്രം ഊന്നി പറയുന്നു; ഇതോട് ബന്ധപ്പെട്ട് പ്രധാനമായും മൂന്നു വസ്തുതകൾ ചിന്തനീയമാണ്.

i. ദൈവം തന്റെ "**കൃപയുടെ അത്യന്തധനത്തെ**" കാണിക്കേണ്ട

തിനാണ് പുത്രനിൽ വിശ്വസിക്കുന്നവരെ ക്രിസ്തുവിനോട് കൂടെ ജീവിപ്പിച്ച്, സകല ശത്രുക്കളുടെ മേലും ഉയർത്തി സ്വർഗ്ഗത്തിൽ ഇരുത്തിയത്.

ഇവിടെ "**അത്യന്ത**"ധനത്തെ എന്നത് വ്യാകരണപ്രകാരം (hyperballon – customary present) നിരന്തരം നിലനിൽക്കുന്ന അവസ്ഥയെ സൂചിപ്പിക്കുന്നു. ക്രിസ്തുവിന്റെ രക്തത്താൽ സാധ്യമായ വിലയേറിയ വീണ്ടെടുപ്പിന് കാരണമായ ദൈവത്തിന്റെ "**കൃപാധനം**" ലേഖകൻ ആദ്യം സൂചിപ്പിച്ചു (1:8), വീണ്ടെടുപ്പിന്റെ ഫലമായുള്ള തന്റെ അവകാശത്തിന്റെ "**മഹിമാധനം**" പിന്നീട് സൂചിപ്പിച്ചു (1:18), ഇവിടെ തന്റെ കൃപയുടെ "**അത്യന്തധനം**" സൂചിപ്പിക്കുന്നു (2:6).

ii. തന്റെ പുത്രനിൽ വിശ്വസിക്കുന്നവരും പുത്രനോട് ബന്ധപ്പെട്ടവരുമായ "**നമ്മെ**"യാണ് (2:4,5) ദൈവം തന്റെ കൃപയുടെ അത്യന്തധനത്തെ പ്രധാനമായും കാണിക്കുന്നത് (1:6–7; 1 പത്രോസ് 1:3–5). ദൈവത്തിന്റെ കൃപയാൽ വീണ്ടെടുക്കപ്പെട്ട തന്റെ ജനംതന്നെ തന്റെ അത്യന്ത കൃപയുടെ തെളിവായി എന്നേക്കും തന്നോടൊപ്പം ഇരിക്കും (2 കൊരി. 2:14).

iii. ദൈവം തന്റെ ജനത്തെ "**ദൈവകൃപയുടെ അത്യന്തധനത്തെ വരുംകാലങ്ങളിൽ**" കാണിക്കേണ്ടതിനാണ് തന്നിൽ വിശ്വസിക്കുന്നവരെ പുത്രനോടുകൂടെ ജീവിപ്പിച്ച്, പുത്രനോടുകൂടെ ഉയർത്തി, പുത്രനോടുകൂടെ സ്വർഗത്തിൽ ഇരുത്തിയത്.

"**വരുംകാലങ്ങളിൽ**" എന്നത് ഇവിടെ വ്യാകരണപ്രകാരം (eperchomenois – futuristic present) ആസന്നമായതും ഉറപ്പായതുമായ ഒരു കാലഘട്ടത്തെയും ഒരു സംഭവത്തെയും സൂചിപ്പിക്കുന്നു. വരുന്ന യുഗങ്ങളിലും ദൈവകൃപയുടെ അത്യന്തധനം തന്റെ ജനം കണ്ടുകൊണ്ടിരിക്കും. നമ്മെ കുറിച്ചുള്ള വാത്സല്യത്തിൽ വരുന്ന യുഗങ്ങളിലും ദൈവം അത് നമ്മെ കാണിച്ചുകൊണ്ടിരിക്കും (പത്രോസ് 1:3–5).

അതിക്രമങ്ങളിലും പാപങ്ങളിലും മരിച്ച്, ഈ ലോകത്തിന്റെ കാലഗതിക്കനുസരിച്ചും, ആകാശത്തിലെ അധികാരത്തിനനുസരിച്ചും, ജഡമോഹങ്ങൾക്കനുസരിച്ചും ജീവിച്ച് പ്രകൃതിയാൽ കോപത്തിന്റെ മക്കൾ ആയിരുന്നവരെ ദൈവം ക്രിസ്തുവിനോട് കൂടെ ജീവിപ്പിച്ച്, ക്രിസ്തുവിനോടുകൂടെ ശത്രുക്കളുടെ മേൽ ഉയർത്തി, ക്രിസ്തുവിനോട് കൂടെ സ്വർഗ്ഗത്തിൽ ഇരുത്തിയത് തന്റെ കൃപയുടെ അത്യന്തധനത്തെ വരുംകാലങ്ങളിൽ കാണിക്കേണ്ടതിന് ആകുന്നു. അതിന്റെ കാരണം സമുച്ച

യപ്രകാരം (gar - conjunction) ഈ അത്യന്തകൃപയുടെ അടിസ്ഥാനത്തി ൽ വിശ്വാസം മുഖാന്തരമാണ് അവർ രക്ഷിക്കപ്പെട്ടിരിക്കുന്നത് എന്നതി നാലാണ്. ഇക്കാര്യമാണ് "**കൃപയാലല്ലോ നിങ്ങൾ വിശ്വാസംമൂലം ര ക്ഷിക്കപ്പെട്ടിരിക്കുന്നത്**" (v.8) എന്നതിലൂടെ അപ്പോസ്തലൻ വ്യക്തമാ ക്കുന്നത്. എന്നാൽ ഇവിടെ "**കൃപ**" രക്ഷിക്കപ്പെടുവാനുള്ള ദൈവത്തിന്റെ ഓഹരിയും "**വിശ്വാസം**" മനുഷ്യന്റെ ഓഹരിയുമായുമായിരിക്കുന്നില്ല (not a fifty fifty deal); കാരണം വിശ്വാസം ഒരു പ്രവർത്തിയല്ല, മറിച്ച്, ഒരു മുഖാന്തരം മാത്രമാണ്; അതുകൊണ്ട്, അതിലൂടെ പ്രശംസിക്കുവാ ൻ ആർക്കും കഴിയുകയില്ല (റോമർ 3:27; 1 കൊരി. 1:26-29; തീത്തോസ് 3:4-5).

അതിക്രമികളും പാപികളും ദൈവത്തിന്റെ ശത്രുക്കളും എന്ന നി ലയിൽ ദൈവത്തിന്റെ ന്യായവിധിക്ക് മാത്രം അർഹരായിരുന്നവരുടെ മേ ൽ ദൈവം അനർഹമായി ചൊരിഞ്ഞ വലിയ പ്രീതിയാണ് കൃപ. കൃപ യാൽ വിശ്വാസം മൂലമാണ് മനുഷ്യൻ എക്കാലത്തും ന്യായവിധിയിൽ നിന്നും രക്ഷിക്കപ്പെടുന്നത്. ഓരോ യുഗത്തിലും വിശ്വാസത്തിന്റെ ഉള്ള ടക്കത്തിൽ വ്യത്യാസമുണ്ടാകാമെങ്കിലും വിശ്വാസം എന്ന മുഖാന്തരത്തി ന് ഒരിക്കലും മാറ്റമില്ല. അവിശ്വാസം മനുഷ്യനെ അനുസരണക്കേടിലേ ക്കും തുടർന്ന് ശിക്ഷാവിധിയിലേക്കും നയിച്ചത് പോലെ വിശ്വാസം മനു ഷ്യനെ നീതികരണത്തിലേക്കും തുടർന്ന് രക്ഷയിലേക്കും നയിക്കുന്നു (ഉല്പത്തി 2:16-17; റോമർ 5:17-19; 10:9-10).

കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം "**രക്ഷിക്കപ്പെട്ടിരിക്കുന്നത്**" എന്നത് വ്യാകരണ പ്രകാരം ഇവിടെ (este sesōmenoi – perfect periphras tic) വിശ്വാസികളുടെ ഇപ്പോഴത്തെ അവസ്ഥയെ ഊന്നിപറയുന്നു. അർ ത്ഥാൽ, വിശ്വാസികൾ രക്ഷിക്കപ്പെട്ട അവസ്ഥയിലാണ് ഇപ്പോൾ ആയി രിക്കുന്നത്. തുടർന്ന് "**അതിനും നിങ്ങൾ കാരണമല്ല**" എന്നതിൽ "**അതി നും**" എന്നത് നപുംസികലിംഗവും മുൻപ്രസ്താവിച്ച "**കൃപയും**" "**വി ശ്വാസവും**" സ്ത്രീലിംഗവും ആണ്. അതുകൊണ്ട് "**അതിനും**" എന്ന ത് "കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്" എന്ന വസ്തുതയെയും വാക്യാംശത്തെയും മൊത്തത്തിൽ സൂചിപ്പിക്കു ന്നു. അതുപോലെ "**നിങ്ങൾ കാരണമല്ല**" എന്നതിന് അത് നിങ്ങളിൽ നിന്ന് ഉത്ഭവിച്ചതല്ല, മറിച്ച്, ദൈവത്തിൽ നിന്നുള്ള ദാനം ആകുന്നു എ

ന്നാണ് അർത്ഥം. അതുപോലെ "**ആരും പ്രശംസിക്കാതിരിക്കാൻ പ്രവർത്തികളും കാരണമല്ല**" എന്നും തുടർന്ന് പറയുന്നു (2:9; റോമർ 3:24–28; 11:6; 1 കൊരി. 1:28–30; ഗലാത്യർ 2:16; 3:2,5,8; 2 തിമൊ. 1:9). കാരണം. ദൈവം ഈ രക്ഷയെ ദാനമായി നൽകുന്നതുകൊണ്ട് (റോമർ 3:27–4:8), മനുഷ്യൻ അത് പ്രവർത്തി കൂടാതെ വിശ്വാസത്താൽ മാത്രം സ്വീകരിക്കണം (1:13). അതുകൊണ്ട് ആരും "**പ്രശംസിക്കാതിരിപ്പാൻ**" എന്നതിന് വ്യാകരണപ്രകാരം (kauchēsetai – constative aorist) ഇതിൽ മനുഷ്യർ ആരും തങ്ങളിൽ തന്നെ ഒരിക്കലും പ്രശംസിക്കുവാൻ ഇടവരരുത് എന്നാണ് ഇവിടെ അർത്ഥമാക്കുന്നത് (റോമർ 3:27; 4:2–5; 1 കൊരി. 1:26–31; ഗലാ. 6:14; ഫിലി. 3:3). "**പ്രവർത്തികളും കാരണമല്ല**" എന്നതിലൂടെ അപ്പോസ്തലൻ ഇവിടെ പരാമർശിക്കുന്ന പ്രവർത്തികൾ നീതീകരണത്തിനായി മനുഷ്യൻ ഭൂതദയയിൽ ചെയ്യുന്ന പൊതുവായ സൽപ്രവർത്തികളാണ്. എന്നാൽ റോമർ, ഗലാത്യർ മുതലായ ലേഖനങ്ങളിൽ പരാമർശിക്കുന്ന പ്രവർത്തികൾ നീതികരണത്തിനായി മനുഷ്യർ ചെയ്യുന്ന ന്യായപ്രമാണത്തിലെ ആചാരപരമായ പ്രവർത്തികളാണ് (റോമർ 3: 20; 4:2–6; ഗലാത്യർ 2:16; 3:2,5,10).

തിരുവെഴുത്ത് തത്വത്തിൽ ഈ വക പ്രവർത്തികൾക്ക് എതിരല്ല, (റോമർ 6:14–18; തീത്തോസ് 2:14). എന്നാൽ ഈവക പ്രവർത്തികൾ ദൈവമുമ്പാകെ രക്ഷയ്ക്ക് വേണ്ടിയുള്ള വ്യവസ്ഥയൊ മുഖാന്തരമോ ആയിരിക്കുന്നില്ല; മാത്രമല്ല ദൈവം നമ്മോട് ആവശ്യപ്പെടാത്ത പ്രവർത്തികൾ ദൈവത്തിന് പ്രസാദകരമായ പ്രവർത്തികൾ ആകുന്നില്ല (മത്തായി 7:23); തന്നെയുമല്ല, ദൈവം ആവശ്യപ്പെടുന്ന ഏറ്റവും നല്ല പ്രവർത്തി എന്താണെന്ന് മനുഷ്യൻ പലപ്പോഴും അറിയുന്നുമില്ല (യോഹ. 6:23–29); അതുപോലെതന്നെ ദൈവം ആവശ്യപ്പെടുന്ന നിലവാരത്തിൽ പ്രവർത്തികൾ ചെയ്യുവാൻ മനുഷ്യന് പ്രാപ്തിയുമില്ല (മത്തായി 5:48; യാക്കോബ് 2:10; 1 പത്രോസ് 1:16).

കൃപയാൽ വിശ്വാസം മൂലമാണ് നാം രക്ഷിക്കപ്പെട്ടിരിക്കുന്നത്; അതിന് നമ്മുടെ യാതൊരു പ്രവർത്തിയും കാരണമായിരിക്കുന്നില്ല എന്ന് മാത്രമല്ല, നാം തന്നെ ദൈവത്തിന്റെ പ്രവർത്തിയും ദൈവത്തിന്റെ പ്രവർത്തികളെ ചെയ്യുവാൻ ദൈവത്തിന്റെ കൈപ്പണിക്കായിട്ട് സൃഷ്ടിക്കപ്പെട്ടവരും ആകുന്നു എന്ന് അപ്പോസ്തലൻ തുടർന്ന് പറയുന്നു (v.10). ഇതോടുള്ള ബന്ധത്തിൽ രണ്ടു വസ്തുതകൾ ഇവിടെ ശ്രദ്ധേയമാണ്.

ഒന്നാമതായി നാം തന്നെ ദൈവത്തിന്റെ പ്രവർത്തി ആകുന്നു "**നാം ... ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു**". ഇവിടെ "**സൃഷ്ടിക്കപ്പെട്ട**" (ktisthentes) എന്ന വാക്ക് പ്രപഞ്ചസൃഷ്ടിയോടുള്ള ബന്ധത്തിലും (റോമർ 1:20), പുതിയ സൃഷ്ടിയായ സഭയോടുള്ള ബന്ധത്തിലും ആണ് പുതിയ നിയമത്തിൽ ഉപയോഗിച്ചിരിക്കുന്നത് (2:15); മാത്രമല്ല, ഇവ രണ്ടും ദൈവത്തിന്റെ പ്രവർത്തിയുമാണ്. വ്യക്തികളെ പുനസൃഷ്ടിക്കുന്നതിലും ഉപരിയായി (പുനർജനനം) ഭാവിയുഗത്തിന്റെ പ്രാരംഭ പ്രവർത്തി കൂടിയാണിത്. വിശ്വാസികളെല്ലാം ക്രിസ്തുവിലൂടെ ദൈവം സൃഷ്ടിച്ച പുതിയ സൃഷ്ടിയുടെ ഭാഗമാകുന്നു (4:24; 2 കൊരി. 5:17; ഗലാത്യർ 6:15). മാത്രമല്ല, നാം ദൈവത്തിന്റെ കൈപ്പണിക്കായിട്ട് സൃഷ്ടിക്കപ്പെട്ടവരും ആകുന്നു. അതിക്രമങ്ങളിലും പാപങ്ങളിലും മരിച്ച നാം കുശവന്റെ കൈയിലെ കേടായി പോയ പാത്രം പോലെ ആയിരുന്നെങ്കിലും, ദൈവം നമ്മെ തനിക്കായും തന്റെ ഉപകരണമായും ക്രിസ്തുവിൽ പുതുക്കി സൃഷ്ടിച്ചു (2:10; യെശയ്യ. 42:21; യിരെ. 18:3-8).

രണ്ടാമതായി നാം ദൈവത്തിന്റെ പ്രവർത്തികൾ ചെയ്യുവാൻ സൃഷ്ടിക്കപ്പെട്ടവർ ആകുന്നു. "**നാം സൽപ്രവർത്തികൾക്കായിട്ട് ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു**". രക്ഷ മനുഷ്യന്റെ പ്രവർത്തിയിൽ നിന്നും ഉത്ഭവിക്കുന്നില്ല, മറിച്ച്, മനുഷ്യൻ തന്നെ ദൈവത്തിന്റെ പ്രവർത്തിയും (സൃഷ്ടിയും) ദൈവം ഒരുക്കിയ സൽപ്രവർത്തികൾക്കായി സൃഷ്ടിക്കപ്പെട്ടവനുമാണ്. രക്ഷ മനുഷ്യന്റെ പ്രവർത്തിയുടെ ഫലമല്ല, എന്നാൽ രക്ഷ മനുഷ്യനെ പ്രവൃത്തിയിലേക്ക് നയിക്കുന്നു (റോമർ 6:19,22; 1 തെസ്സ. 1:2-3). കാരണം, ഈ പ്രവർത്തികൾ വിശ്വാസികൾ ചെയ്യുവാനുള്ള കേവലം ചില പ്രവർത്തികൾ അല്ല, മറിച്ച്, അതിൽ നടക്കുവാൻ ഉള്ളതാണ്; അർത്ഥാൽ, അതൊരു ജീവിതരീതിക്ക് വേണ്ടിയുള്ളതാണ്. അപ്പോസ്തലൻ പരാമർശിക്കുന്ന സൽപ്രവർത്തികൾ ലേഖകൻ പിന്നീട് രേഖപ്പെടുത്തുന്നുണ്ട് (4:1-2; 5:2,9,15). മാത്രമല്ല ഇവിടെ "**നാം ചെയ്തു പോരേണ്ടതിന് ദൈവം അവ മുന്നൊരുക്കിയിരിക്കുന്നു**" എന്നതിലെ "നാം ചെയ്തു പോരേണ്ടതിന് എന്നത്" വ്യാകരണപ്രകാരം (peripatēsōmen – constative aorist) ദൈവത്തിന്റെ ശക്തിയിലും സജ്ജീകരണത്തിലും നാം എപ്പോഴും പിന്തുടരേണ്ടതായ ഒരു ജീവിതരീതിയെ സൂചിപ്പിക്കുന്നു (യോഹ. 5:1-8; റോമർ 2:7,10; 13:3; 2 കൊരി. 9:8; ഗലാത്യർ 6:10; ഫിലി. 1:27; 2:12-13; കൊലോ. 1:9-10; 2 തെസ്സ. 2:16-17; 2 തി

മൊ. 3:16–17; തീത്തോസ് 2:14; എബ്രായർ 13:20–21; യാക്കോബ് 2:17–26). മുമ്പ് അതിക്രമങ്ങളിലും പാപങ്ങളിലും മരിച്ച് അതിൻ പ്രകാരം "**നടന്നു**" വന്നവർ ഇപ്രകാരമുള്ള സൽപ്രവർത്തികളിൽ നടക്കേണ്ടതിന് (2: 1–3 c.f. 2:10) ദൈവം അത് മുന്നൊരുക്കിയിരിക്കുന്നു. "**മുന്നൊരുക്കിയിരിക്കുന്നു**" എന്നത് ഇവിടെ വ്യാകരണപ്രകാരം (proētoimasen – constative aorist) വിശദീകരണം കൂടാതെ ഒരു പ്രവർത്തിയെ മൊത്തത്തിൽ സൂചിപ്പിക്കുന്നു. ദൈവത്തിന്റെ അനുഗ്രഹവും തിരഞ്ഞെടുപ്പും ലോക സ്ഥാപനത്തിന് മുമ്പ് തന്നെ നിർണയിക്കപ്പെട്ടതുപോലെ അവർ ചെയ്യുണ്ടതായ പ്രവർത്തികളും (അവരുടെ ജീവിതരീതിയും) ലോക സ്ഥാപനത്തിന് മുമ്പ് തന്നെ നിയമിക്കപ്പെട്ടതാണ് (4:1–6:20). അതുകൊണ്ട് ഇവിടെ പരാമർശിക്കപ്പെടുന്ന സൽപ്രവർത്തികൾ ക്രിസ്തുവിശ്വാസികൾക്ക് ഐച്ഛികമല്ല, മറിച്ച് അനിവാര്യമാണ്.

## B. മനുഷ്യന്റെ സാമൂഹിക പ്രശ്നങ്ങളെ പരിഹരിച്ചുകൊണ്ട് സമൂഹപരമായി (2:11–22).

**"ആകയാൽ നിങ്ങൾ മുമ്പെ പ്രകൃതിയാൽ ജാതികളായിരുന്നു; ജഡത്തിൽ കയ്യാലുള്ള പരിച്ഛേദന ഏറ്റു പരിച്ഛേദനക്കാർ എന്നു പേരുള്ളവരാൽ അഗ്രചർമ്മക്കാർ എന്നു വിളിക്കപ്പെട്ടിരുന്നു; അക്കാലത്തു നിങ്ങൾ ക്രിസ്തുവിനെ കൂടാതെയുള്ളവരും യിസ്രായേൽപൗരതയോടു സംബന്ധമില്ലാത്തവരും വാഗ്ദത്തിന്റെ നിയമങ്ങൾക്കു അന്യരും പ്രത്യാശയില്ലാത്തവരും ലോകത്തിൽ ദൈവമില്ലാത്തവരും ആയിരുന്നു എന്നു ഓർത്തുകൊൾവിൻ. മുമ്പെ ദൂരസ്ഥരായിരുന്ന നിങ്ങൾ ഇപ്പോൾ ക്രിസ്തുയേശുവിൽ ക്രിസ്തുവിന്റെ രക്തത്താൽ സമീപസ്ഥരായിത്തീർന്നു. അവൻ നമ്മുടെ സമാധാനം; അവൻ ഇരുപക്ഷത്തെയും ഒന്നാക്കി, ചട്ടങ്ങളും കല്പനകളുമായ ന്യായപ്രമാണം എന്ന ശത്രുത്വം തന്റെ ജഡത്താൽ നീക്കി വേർപ്പാടിന്റെ നടുച്ചുവർ ഇടിച്ചുകളഞ്ഞതു സമാധാനം ഉണ്ടാക്കിക്കൊണ്ടു, ഇരുപക്ഷത്തെയും തന്നിൽ ഒരേ പുതുമനുഷ്യനാക്കി സൃഷ്ടിപ്പാനും ക്രൂശിന്മേൽവെച്ചു ശത്രുത്വം ഇല്ലാതാക്കി അതിനാൽ ഇരുപക്ഷത്തെയും ഏകശരീരത്തിൽ ദൈവത്തോടു നിരപ്പിപ്പാനും തന്നേ. അവൻ വന്നു ദൂരത്തായിരുന്ന നിങ്ങൾക്കു സമാധാനവും സമീപത്തുള്ളവർക്കു സമാധാനവും സുവിശേഷിച്ചു. അവൻ മുഖാന്തരം നമുക്കു ഇരുപക്ഷക്കാർക്കും ഏകാത്മാവിനാൽ പിതാവിങ്ക**

**ലേക്കു പ്രവേശനം ഉണ്ടു. ആകയാൽ നിങ്ങൾ ഇനി അന്യന്മാരും പരദേശികളുമല്ല വിശുദ്ധന്മാരുടെ സഹപൗരന്മാരും ദൈവത്തിന്റെ ഭവനക്കാരുമത്രേ. ക്രിസ്തുയേശു തന്നേ മൂലക്കല്ലായിരിക്കെ നിങ്ങളെ അപ്പൊസ്തലന്മാരും പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിന്മേൽ പണിതിരിക്കുന്നു. അവനിൽ കെട്ടിടം മുഴുവനും യുക്തമായി ചേർന്നു കർത്താവിൽ വിശുദ്ധമന്ദിരമായി വളരുന്നു. അവനിൽ നിങ്ങളെയും ദൈവത്തിന്റെ നിവാസമാകേണ്ടതിന്നു ആത്മാവിനാൽ ഒന്നിച്ചു പണിതുവരുന്നു.**"

ക്രിസ്തുവിനെ മരിച്ചവരിൽനിന്നും ഉയർപ്പിച്ച് ശത്രുക്കളുടെ മേൽ ഉയർത്തി സ്വർഗ്ഗത്തിൽ ദൈവത്തിന്റെ വലതുഭാഗത്ത് ഇരുത്തിയ ദൈവത്തിന്റെ അളവറ്റ ശക്തിയിലൂടെ ക്രിസ്തുവിനെ കൂടാതെയുള്ള മനുഷ്യകുലത്തിന്റെ പഴയ അവസ്ഥയിൽ നിന്നും ക്രിസ്തുവിലുള്ള പുതിയ അവസ്ഥയിലേക്ക് ദൈവം അനുവാചകരെ സമൂഹപരമായി എങ്ങനെ ഉയർത്തി എന്നതാണ് ഈ ഭാഗത്ത് വിഷയം ആയിരിക്കുന്നത്.

സുവിശേഷത്തിന്റെ ആഗമനത്തിനു മുമ്പ് വരെ യിസ്രായേല്യരെ അപേക്ഷിച്ച് ജാതികളുടെ ആത്മീക അവസ്ഥ ദൈവമുമ്പാകെ വളരെ പരിതാപകരമായിരുന്നു എങ്കിലും (2:11–12), ദൈവം പിന്നീട് ഇരുപക്ഷത്തെയും ഒരു ശരീരമായി തന്നോട് നിരപ്പിച്ചുകൊണ്ട് അനുവാചകരെ ആത്മികമായി സമൂഹപരമായി എങ്ങനെ ഉയർത്തി എന്നത് തുടർന്നുള്ള വാക്യങ്ങളിൽ നാം കാണുന്നു (2:13–22).

"**ഓർത്തുകൊൾവിൻ**" (mnēmoneuete) എന്നതാണ് ഈ വേദഭാഗത്തെ പ്രധാന ക്രിയാപദം. വ്യാകരണ പ്രകാരം (customary present) അവരുടെ ഇപ്പോഴത്തെ അവസ്ഥയെ അപേക്ഷിച്ച് മുൻകാല അവസ്ഥയെ ഓർത്തുകൊൾവിൻ എന്നാണ് അപ്പോസ്തലൻ അവരോട് ആവശ്യപ്പെടുന്നത്. എഫെസോസിലെ ക്രിസ്തുവിശ്വാസികൾ ജാതികളും അവിശ്വാസികളും എന്ന നിലയിൽ ദൈവജനത്തോടും ദൈവത്തോടും ശത്രുതയിലായിരുന്ന അവരുടെ മുൻകാല അവസ്ഥയെ ഓർക്കുന്നതിലൂടെ ക്രിസ്തുവിലുള്ള അവരുടെ ഇപ്പോഴത്തെ അവസ്ഥ എത്ര ശ്രേഷ്ഠമാണെന്ന് ഗ്രഹിക്കുന്നതിനും അതിലൂടെ ദൈവത്തെ കൂടുതൽ സ്നേഹിക്കുന്നതിനും ഇടയാകും. ഇക്കാരണത്താലാണ് യിസ്രായേലിനോട് അവരുടെ വീണ്ടെടുപ്പ് ഓർക്കുവാൻ ദൈവം ആവശ്യപ്പെട്ടത്. ശബത്ത്, പെസഹ, കൂടാരപെരുന്നാൾ മുതലായതെല്ലാം വിവിധനിലയിൽ അവരുടെ വീണ്ടെടുപ്പുമായി ബന്ധപ്പെട്ട സ്മരണയ്ക്കു വേണ്ടിയുള്ളതായിരുന്നു (പുറപ്പാട്

13:3; ആവർത്തനം 5:15).

## 1. ദൈവജനത്തോടും ദൈവത്തോടും അകൽച്ചയിൽ ആയിരുന്ന അനുവാചകരുടെ മുൻകാല അവസ്ഥയെ ഓർത്തുകൊൾവിൻ (2:11-12)

## a. യഹൂദസമ്പ്രദായത്തിൽ നിന്നുള്ള അകൽച്ചയെ ഓർത്തുകൊൾവിൻ (2:11).

ഇവിടെ "**ആകയാൽ**" എന്ന് ആരംഭിക്കുന്നതിലൂടെ ഈ വേദഭാഗത്തെ (2:11-22) മുൻവേദഭാഗത്തോട് (2:1-10) ബന്ധിപ്പിക്കുകയാണ് അപ്പോസ്തലൻ ചെയ്യുന്നത്. അർത്ഥാൽ, അതിക്രമങ്ങളിലും പാപങ്ങളിലും മരിച്ച്, ലോകം ജഡം പിശാച് എന്നിവയുടെ അധീനതയിൽ കിടന്ന ജാതികളായ അനുവാചകരെ ദൈവം തന്റെ കൃപയാൽ ക്രിസ്തുവിനോട് കൂടെ ജീവിപ്പിക്കുകയും ഉയർത്തുകയും ഇരുത്തുകയും സൽപ്രവർത്തികൾക്കായി ക്രിസ്തുയേശുവിൽ പുതുക്കി സൃഷ്ടിക്കുകയും ചെയ്തിരിക്കുകയാൽ അതിന്റെ ശ്രേഷ്ഠത അറിയുന്നതിന് ക്രിസ്തുവിനെ കൂടാതെയുള്ള അവരുടെ മുൻകാല അവസ്ഥയെ ഓർക്കണം എന്ന് പ്രഥമമായി അപ്പോസ്തലൻ ആവശ്യപ്പെടുന്നു.

### i. "നിങ്ങൾ മുമ്പെ പ്രകൃതിയാൽ ജാതികൾ ആയിരുന്നു"

വ്യർത്ഥമായ ജീവിതം, അജ്ഞത അന്ധത അധാർമികത ആശയറ്റ അവസ്ഥ ഹൃദയ കാഠിന്യം മുതലായവയാണ് ചുരുക്കത്തിൽ ജാതികളുടെ പ്രകൃതം എന്ന് അപ്പോസ്തലൻ തുടർന്ന് പറയുന്നുണ്ട് (4:17-19).

### ii. "അഗ്രചർമ്മക്കാർ എന്ന് വിളിക്കപ്പെട്ടിരുന്നു"

യിസ്രായേല്യരെ ജാതികളിൽ നിന്നും വേർതിരിച്ചിരുന്ന ഒരു ശാരീരിക അടയാളമായിരുന്നു പരിച്ഛേദന. തലമുറകളുടെ വർദ്ധനയ്ക്കും, ബഹുജാതികളുടെ പിതാവ് ആകുവാനും, യഹോവ അവർക്ക് ദൈവമായിരിക്കുവാനും, കനാൻ അവകാശമാക്കുവാനും, അബ്രഹാമും (തന്റെ തലമുറകളും) ദൈവവും തമ്മിലുള്ള ഉടമ്പടിയുടെ (നിയമത്തിന്റെ) ശാരീരിക അടയാളമായിരുന്നു പരിച്ഛേദന (ഉല്പത്തി 17:11-13). മാത്രമല്ല, ആന്തരികമായി, ആത്മാവിൽ ദൈവത്തെ സ്നേഹിക്കുവാൻ ഓർമ്മപ്പെടുത്തുന്നതിന്റെയും (ആവർത്തനം 30:6 റോമർ 2:25-29; ഫിലിപ്പിയർ 3:3) ജഡത്തെ നീക്കം ചെയ്യുവാൻ ഓർമ്മപ്പെടുത്തുന്നതിന്റെയും (കൊലോ. 2:11), വിശ്വാസത്താൽ നീതീകരിക്കപ്പെടേണ്ടതിന്റെ ആവശ്യത്തെ ഓർമ്മപ്പെടുത്തുന്നതിന്റെയും (റോമർ 4:11) ബാഹ്യവും രഹസ്യവുമായ അടയാളം

ആയിരുന്നു പരിച്ഛേദന. അതുകൊണ്ട് യിസ്രായേല്യർ അവരുടെ സാമൂഹ്യബന്ധത്തിന് പുറത്തുള്ളവരെയെല്ലാം ഒറ്റവാക്കിൽ "**അഗ്രചർമ്മക്കാർ**" എന്നാണ് വിളിച്ചിരുന്നത്. അതുകൊണ്ട് ഇവിടെ "**വിളിക്കപ്പെട്ടിരുന്നു**" എന്നത് വ്യാകരണപ്രകാരം (legomenēs – customary present) സാധാരണയായി യഹൂദന്മാരുടെ ഇടയിൽ നിലനിന്നിരുന്ന ഒരു രീതിശാസ്ത്രത്തെയാണ് സൂചിപ്പിക്കുന്നത്.

എന്നാൽ പരിച്ഛേദനയോ അഗ്രചർമ്മമോ ദൈവമുമ്പാകെ ഏതുമില്ലായെന്നും (1 കൊരി. 7:19; ഗലാത്യർ 5:6; 6:15), ദൈവകൽപ്പന പ്രമാണിക്കുന്നതും ദൈവസ്നേഹത്തിൽ വ്യാപരിക്കുന്ന വിശ്വാസവും, ദൈവത്തിന്റെ പുതുസൃഷ്ടി ആയിതീരുന്നതും, ക്രിസ്തുവിലൂടെ ജഡപ്രകൃതം നീക്കം ചെയ്യപ്പെട്ട് ഹൃദയത്തിന് പരിച്ഛേദന ഏറ്റവരാകുന്നതും ആണ് വലിയ കാര്യമെന്ന് അപ്പോസ്തലൻ തന്നെ ഇതര ഭാഗങ്ങളിൽ പറയുന്നുണ്ട് (റോമർ 2:29; കൊലോ. 2:11). മാത്രമല്ല, ദൈവം തന്റെ ജനത്തിന്റെ ഹൃദയത്തിന് പരിച്ഛേദന ചെയ്യുമെന്ന് മോശ പറയുമ്പോൾ (ആവർത്തനം 30:6), ദൈവം തന്റെ നിയമം തന്റെ ജനത്തിന്റെ ഹൃദയത്തിൽ എഴുതുമെന്നും തന്റെ ആത്മാവിനെ അവരുടെ ഉള്ളിൽ ആക്കുമെന്നും മുൻപ്രവാചകന്മാരും പറയുന്നുണ്ട് (യിരെ. 31:31–33; യെഹ. 36:26–27). അതുകൊണ്ട് അവർ "**ജഡത്തിൽ കൈയ്യാലുള്ള പരിച്ഛേദന ഏറ്റു പരിച്ഛേദനക്കാർ എന്ന്**" പേരുള്ളവർ ആയിരുന്നു എങ്കിലും, വാസ്തവത്തിൽ അവർ ദൈവഹിത പ്രകാരമുള്ള പരിച്ഛേദനക്കാർ ആയിരുന്നില്ല; കാരണം യഥാർത്ഥ പരിച്ഛേദന ശരീരത്തിൽ അല്ല, മറിച്ച് ഹൃദയത്തിലാണ്; അത് കൈകൊണ്ട് ചെയ്യുന്നതല്ല, മറിച്ച് ആത്മാവിൽ നടക്കുന്നത് ആകുന്നു (റോമർ 2:28–29 കൊലോ. 2:11–12). യഥാർത്ഥ പരിച്ഛേദനക്കാരുടെ അടയാളം ആത്മാവുകൊണ്ട് ആരാധിക്കുകയും ക്രിസ്തുയേശുവിൽ പ്രശംസിക്കുകയും ജഡത്തിൽ ആശ്രയിക്കാതിരിക്കുകയും ചെയ്യുക എന്നതാണ് (ഫിലി. 3:3). അതുകൊണ്ട് ക്രിസ്തുവിശ്വാസികൾ ദൈവഭവനത്തിൽ അംഗങ്ങൾ ആകുന്നതിന് ജഡത്തിൽ കൈകൊണ്ടുള്ള പരിച്ഛേദന ആവശ്യമില്ല (റോമർ 4:11,16; ഗലാത്യർ 6:15). ഇക്കാരണത്താൽ തന്നെ "പ്രകൃതിയാൽ ജാതികൾ" ആയിരുന്നവരും ജഡത്തിൽ കൈയ്യാലുള്ള പരിച്ഛേദന ഏറ്റവരും ദൈവമുമ്പാകെ ഇന്ന് ഒരുപോലെ ഇരിക്കുന്നു (1 കൊരി. 7:19; ഗലാത്യർ 5:6; 6:15).

## b. ദൈവിക പദവികളിൽ നിന്നുള്ള അകൽച്ചയെ ഓർത്തുകൊൾവിൻ (2:11)

### i. "അക്കാലത്ത് നിങ്ങൾ ക്രിസ്തുവിനെ കൂടാതെയുള്ളവരും" ആയിരുന്നു

ദൈവത്തിൽനിന്നുള്ള എല്ലാ ആത്മീക അനുഗ്രഹങ്ങളും ക്രിസ്തുവിൽ മാത്രമാണ് ലഭിക്കുന്നത് (1:3-14; റോമർ 8:29-30; 1 കൊരി. 1:30); അതിക്രമങ്ങളിലും പാപങ്ങളിലും മരിച്ച് ലോകം ജഡം പിശാച് എന്നിവയ്ക്ക് അധീനരായവരെ ദൈവം ആത്മാവിൽ ജീവിപ്പിച്ച് ഉയർത്തി സ്വർഗ്ഗത്തിൽ ഇരുത്തിയത് ക്രിസ്തുവിലാണ് (2:1-6); പിതാവിന്റെ സന്നിധിയിലേക്കുള്ള പ്രവേശനവും ക്രിസ്തുവിലാണ് (2:18); ക്രിസ്തുവിനെ കൂടാതെ നാം ഇന്നും ദൈവത്തിന്റെ മുമ്പിൽ അന്യരാണ്.

### ii. "**അക്കാലത്ത് നിങ്ങൾ... യിസ്രായേൽ പൗരതയോട് സംബന്ധമില്ലാത്തവരും**" ആയിരുന്നു

ദൈവം ആദ്യം യിസ്രായേലിനെയാണ് തന്റെ ജനമായി തിരഞ്ഞെടുത്തത് (ആവർത്തനം 7:6-8; ആമോസ് 3:2); ദൈവത്തിന്റെ ആത്മീക നന്മകൾക്ക് അവർക്ക് മുൻഗണന നൽകുകയും (മത്തായി 15:21-28; റോമർ 1:16) തന്റെ അരുളപ്പാടുകൾ അവരെ അറിയിക്കുകയും (സങ്കീർത്തനം 147:19 -20; റോമർ 3:1-2) പുത്രത്വം തേജസ് നിയമങ്ങൾ ആരാധന വാഗ്ദത്തങ്ങൾ മുതലായ അനുഗ്രഹങ്ങൾ നൽകുകയും ചെയ്തു (റോമർ 9:4-5). അവർ ദൈവത്തിന്റെ അത്ഭുതപ്രവർത്തികൾ നേരിട്ട് കണ്ടവരും (ആവർത്തനം 4:34-35), വിളിച്ചപേക്ഷിക്കുമ്പോൾ ഒക്കെയും ദൈവം അടുത്തിരിക്കുന്നവരും (ആവർത്തനം 4:7), തീയുടെ ഇടയിൽനിന്നും സംസാരിക്കുന്ന ദൈവത്തിന്റെ ശബ്ദം കേട്ടിട്ടും ജീവിച്ചിരുന്നവരും (ആവർത്തനം 4:32-36), ദൈവം നേരിട്ട് ഭരിച്ചവരും ദൈവത്തിന്റെ പ്രത്യേകമായ സ്നേഹവും കരുതലും സംരക്ഷണവും പരിപാലനവും അനുഭവിച്ചറിഞ്ഞവരുമാണ് (ആവർത്തനം 32:9-14; 33:27-29; യെശയ്യ. 63:7-9). ദൈവവുമായുള്ള അവരുടെ ബന്ധം ക്രമപ്പെടുത്തുന്നതിനും നിലനിർത്തുന്നതിനും വഴിപാടും യാഗങ്ങളും പൗരോഹിത്യവും അവർക്ക് ലഭിച്ചിരുന്നു. എന്നാൽ യിസ്രായേല്യരിൽ നിന്നും വ്യത്യസ്തമായ ആരാധനയും ആചാരങ്ങളും ജീവിതരീതിയും ദൈവബോധവും ഉണ്ടായിരുന്ന വിജാതീയർ എല്ലാ നിലയിലും ദൈവത്തിന്റെ ജനമായ യിസ്രായേല്യരിൽ നിന്നും അകന്നവർ ആയിരുന്നു.

മാത്രമല്ല, അവർക്ക് യിസ്രായേല്യരുടെ വസ്തുവകകൾ വാങ്ങുവാനോ അവകാശമാക്കുവാനോ, അവരുമായി വിവാഹബന്ധം കൂടുവാനൊ കഴിയാത്തവരായി വ്യക്തിപരവും സമൂഹപരവുമായ എല്ലാവിധ ദൈവിക നന്മകൾക്കും ജാതികൾ അനർഹരായിരുന്നു. അടിമ ഉടമ ബന്ധത്തിലെ അവകാശങ്ങൾക്കും, വിറ്റ നിലം വീണ്ടെടുക്കുന്നതിനും യോബേൽ സംവത്സര സ്വാതന്ത്ര്യം അനുഭവിക്കുന്നതിനും, വ്യവഹാരത്തിൽ ന്യായവും നീതിയും അടിസ്ഥാനമാക്കിയുള്ള വിധി ലഭിക്കുന്നതിനും, പാപങ്ങൾക്ക് പരിഹാരം വരുത്തുന്നതിനും, നരാബലി കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുന്നതിനും, തലമുറകളുടെ അനുഗ്രഹത്തിനും അവർ അനർഹർ ആയിരുന്നു.

എന്നാൽ ഇവിടെ പരാമർശിക്കപ്പെടുന്ന "**യിസ്രായേൽ പൗരത**" അബ്രഹാമിന്റെ തലമുറയിൽ ജനിച്ച എല്ലാ യഹൂദരും അല്ല (റോമർ 2: 28–29; 9:6–8), മറിച്ച്, ദൈവത്തിന്റെ യിസ്രയേൽ മാത്രമാകുന്നു (ഗലാത്യർ 6:16). അവർ ദൈവിക വാഗ്ദത്തം വിശ്വാസത്താൽ സ്വീകരിച്ചവരും ദൈവമുമ്പാകെ നീതിയോടെ ജീവിച്ചവരും (ലൂക്കോസ് 1:6), യിസ്രായേലിന്റെ ആശ്വാസത്തിനായി കാത്തിരുന്നവരും (ലൂക്കോസ് 2:25), ഉപവാസത്തോടും പ്രാർത്ഥനയോടും കൂടെ രാപ്പകൽ ദൈവത്തെ ആരാധിച്ചവരും (ലൂക്കോസ് 2:36–38; അപ്പോ. 26:7), സാക്ഷാൽ യിസ്രയേല്യൻ എന്ന കർത്താവ് സാക്ഷ്യപ്പെടുത്തിയ നഥനയേലിനെ പോലെയുള്ളവരും (1 യോഹന്നാൻ 1:47), ഭക്തിയുള്ള യഹൂദന്മാരും (അപ്പോ. 13:43), ദൈവത്തെ ആത്മാവിൽ ആരാധിക്കുകയും ക്രിസ്തുയേശുവിൽ പ്രശംസിക്കുകയും ജഡത്തിൽ ആശ്രയിക്കാതിരിക്കുകയും ചെയ്യുന്നവരെയാണ് യിസ്രായേൽ പൗരത (ഫിലിപ്പിയർ 3:3) എന്ന് പറയുന്നത്.

iii. "**അക്കാലത്ത് നിങ്ങൾ... വാഗ്ദത്തത്തിന്റെ നിയമങ്ങൾക്ക് അന്യരും**" ആയിരുന്നു

അബ്രഹാം മുതൽ, മോശെ ദാവീദ് യിരമ്യാവ് യെഹസ്കേൽ മുതലായ പ്രവാചകരിലൂടെ ദൈവം തന്റെ ജനവുമായി വാഗ്ദത്ത ഉടമ്പടികൾ ചെയ്തിരുന്നതിന്റെയും വാഗ്ദത്തങ്ങൾ പുതുക്കിയതിന്റെയും തെളിവുകൾ ദൈവവചനത്തിൽ കാണുന്നുണ്ട്. അബ്രഹാമിനും അവന്റെ സന്തതികൾക്കും, ബഹുജാതികൾക്ക് പിതാവ്, വലിയ ജാതി, കനാൻ ദേശം, തലമുറകൾക്ക് വാഗ്ദത്തം (ഉല്പത്തി 13:14–17; 15:5,18–21: 17:6,8; 18: 18; 22:18; അപ്പോ. 3:25; ഗലാത്യർ 3:8,14); യഥാസ്ഥാന വാഗ്ദത്തം (2 ശമുവേൽ 7:14–16; യിരെ. 31:31–34; യെഹ. 36:25–27), മശിഹയുടെ വാഗ്ദ

ത്തം (ഗലാത്യർ 3:16); വീണ്ടെടുപ്പിന്റെ വാഗ്ദത്തം (എബ്രായർ 8:6; 9: 15); ആത്മാവിന്റെ വാഗ്ദത്തം (എഫെ. 1:14; അപ്പൊ. 2:33) മുതലായ വാഗ്ദത്തങ്ങൾ ലഭിച്ചതായി കാണുന്നുണ്ട്. എന്നാൽ ദൈവം ജാതികൾക്ക് നേരിട്ടൊരു വാഗ്ദത്തവും നൽകിയിട്ടില്ല; അവരുമായി ഒരു ഉടമ്പടിയും ചെയ്തിട്ടില്ല.

മോശെ മുഖാന്തിരം ദൈവം യിസ്രായേല്യരുമായി ചെയ്ത ദൈവത്തിന്റെ പഴയനിയമ ഉടമ്പടി യേശുക്രിസ്തുവിൽ നീക്കം ചെയ്യപ്പെട്ടുവെങ്കിലും (എഫെ. 2:14–15; ഗലാ. 3:19; 2 കൊരി. 3:7–11; റോമർ 7:6), അബ്രഹാമിനുള്ള വാഗ്ദത്തങ്ങളിൽ ക്രിസ്തുവും ക്രിസ്തുവിലൂടെയുള്ള വാഗ്ദത്തങ്ങളും നിലനിൽക്കുന്നു. ആത്മാവിന്റെ വാഗ്ദത്തം (ഗലാത്യർ 3: 14; 2 കൊരിന്ത്യർ 3:6), അന്ത്യകാലത്തെ ആത്മാവിന്റെ അനുഗ്രഹം (യെശയ്യ. 32:15; 44:3; യെഹ. 11:19; 36:26–27; 37:14; അപ്പോ. 1:4; ഗലാത്യർ 3:1 4) ദൈവത്തിന്റെ വീണ്ടെടുപ്പിൻ പദ്ധതി (റോമർ 3:2; 9:4; തീത്തോസ് 1: 2) മുതലായവയും ഈ വാഗ്ദത്തങ്ങളിൽ ഉൾപ്പെടുന്നു.

സുവിശേഷത്തിനു മുമ്പുവരെ ദൈവകോപത്തിൽ നിന്നുള്ള രക്ഷയുടെ പ്രത്യാശ യഥാർത്ഥ യിസ്രായേല്യർക്ക് മാത്രമായിരുന്നു ഉണ്ടായിരുന്നത്. വിജാതീയരിൽ വ്യക്തിഗതമായി ചിലർ യിസ്രായേലിന്റെ ദൈവത്തെ ഭയപ്പെടുകയും (അപ്പോ. 10:1–2), ദൈവാലയത്തിൽ പോവുകയും തിരുവെഴുത്ത് വായിക്കുകയും (അപ്പോ. 8:27–28), യിസ്രായേല്യരോട് ചേർന്ന് നടക്കുകയും (യെശയ്യാ. 56:6–7; അപ്പോ. 13:43) അങ്ങനെയുള്ളവർ ഒരു പരിധിവരെ സമാധാനവും പ്രത്യാശയും അനുഭവിക്കുകയും ചെയ്തിരുന്നു എങ്കിലും (ലൂക്കോസ് 7:4–5; അപ്പോ. 10:2; 13:43; 17:4,17; 18:7) സമൂഹപരമായി ജാതികൾ എന്നും വാഗ്ദത്ത നിയമങ്ങൾക്ക് അന്യർ ആയിരുന്നു.

### iv. “**അക്കാലത്ത് നിങ്ങൾ... പ്രത്യാശ ഇല്ലാത്തവരും ലോകത്തിൽ ദൈവമില്ലാത്തവരും ആയിരുന്നു**”

വിജാതീയർ പൂർവ്വകാലം മുതൽ ബഹുദൈവ വിശ്വാസികൾ ആയിരുന്നു എങ്കിലും യിസ്രായേല്യരുടെ ദൈവമായ യഹോവ എന്ന സത്യദൈവത്തിൽ അവർ വിശ്വസിച്ചിരുന്നില്ല (അപ്പോ. 14:15; ഗലാ. 4:8; 1 തെസ്സ. 4:4); ആത്മാവിന്റെ അമർത്യതയിലും അവർ വിശ്വസിച്ചിരുന്നില്ല. ലോകത്തിൽ പലതും അവർക്കുണ്ടായിരുന്നെങ്കിലും (സങ്കീർത്തനം 17:14) സത്യദൈവവുമായി അവർക്ക് യാതൊരു ബന്ധവും ഇല്ലായിരുന്നു; അവർ ദൈവത്തെ വ്യക്തിപരമായി അറിഞ്ഞിട്ടില്ല, ദൈവം ആവരെ ആ നില

യിൽ പരിഗണിച്ചിട്ടില്ല (ഗലാത്യർ 8-9; 1 തെസ്സ. 4:4). അതുകൊണ്ട് ദൈവത്തിലും ദൈവീക വീണ്ടെടുപ്പിലും അനുഗ്രഹത്തിലും അവർക്ക് പ്രത്യാശയുണ്ടായിരുന്നില്ല. അങ്ങനെ പുനരുത്ഥാനത്തിന്റെയും നിത്യജീവന്റെയും ആത്മീക അനുഗ്രഹത്തിന്റെയും പ്രത്യാശ ഇല്ലാത്തവരായി അവർ ജീവിച്ചു (യിരെ. 17:13; അപ്പൊ. 28:20).

സുവിശേഷത്തിന്റെ വരവിനു മുമ്പുവരെ യിസ്രായേല്യർക്ക് വിജാതീയരേക്കാൾ ദൈവവിഷയമായി വിശേഷതയുണ്ടായിരുന്നെങ്കിലും യേശുക്രിസ്തുവിന്റെ സുവിശേഷം ഈ വിശേഷതയെല്ലാം റദ്ദു ചെയ്തു. ആത്മീക ശുദ്ധീകരണത്തിനും ആത്മാവിന്റെ രക്ഷയ്ക്കും ദൈവത്തോട് നിരക്കുന്നതിനും ദൈവ സന്നിധിയിലേക്ക് പ്രവേശിക്കുന്നതിനും ഇരു പക്ഷത്തിനും ഒരേ വ്യവസ്ഥ ബാധകമായി തീർന്നു (2:16,18; അപ്പോ. 15: 9,11).

വിജാതീയരിൽ നിന്നുള്ള എഫെസോസിലെ ക്രിസ്തുവിശ്വാസികൾക്ക് മുമ്പ് സത്യദൈവത്തോടും ദൈവിക വിഷയങ്ങളോടും ബന്ധമുണ്ടായിരുന്നില്ല; ദൈവപ്രസാദമില്ലാത്തവരായി ന്യായവിധി മാത്രം പ്രതീക്ഷിച്ചു കഴിഞ്ഞവർ ആയിരുന്നു അവർ (2:1–3;2:11–12). എന്നാൽ കൃപയാൽ ദൈവം അവരുടെ അവസ്ഥയ്ക്ക് മാറ്റം വരുത്തിയിരിക്കുന്നു; ഇപ്പോൾ അവർ ക്രിസ്തുവിൽ എല്ലാം ഉള്ളവരായി തീർന്നിരിക്കുന്നു.

## 2. ദൈവജനത്തോടും ദൈവത്തോടും അടുത്തിരിക്കുന്ന അവരുടെ ഇപ്പോഴത്തെ അവസ്ഥയെ ഓർത്തുകൊൾവിൻ (2:13- 12)

### a. അവരുടെ ഇപ്പോഴത്തെ അവസ്ഥക്ക് കാരണം

i. അവൻ നമ്മുടെ സമാധാനം ആകുന്നു (2:13–16)

ഇതോടെ ബന്ധപ്പെട്ട് അപ്പോസ്തലൻ മൂന്ന് വസ്തുതകൾ വിവരിക്കുന്നുണ്ട്. അതിൽ *ആദ്യമായി,* അവൻ എങ്ങനെ നമ്മുടെ സമാധാനം ആകുന്നു എന്ന് പറയുന്നു. ക്രിസ്തു തന്റെ രക്തത്താൽ നമ്മെ ദൈവജനത്തോടും ദൈവത്തോടും സമീപസ്ഥരാക്കി തീർത്തത് കൊണ്ട് ''**അവൻ നമ്മുടെ സമാധാനം**'' ആകുന്നു (കൊലോ. 1:20). ഇവിടെ വ്യാകരണ പ്രകാരം (estin – customary present) ''**ആകുന്നു**'' എന്നതിലൂടെ ക്രിസ്തുവും ക്രിസ്തുവിശ്വാസികളും തമ്മിൽ നിലനിൽക്കുന്നതും തുടരുന്നതുമായ ബന്ധത്തെ സൂചിപ്പിക്കുന്നു. ക്രിസ്തു സഭയുടെ സമാധാനം ആകുന്നു എന്നതിനോട് ബന്ധപ്പെട്ടാണ് ക്രിസ്തു നമുക്ക് സമാധാനം ഉണ്ടാക്കി എന്നും (2:15), ക്രിസ്തു നമ്മോട് സമാധാനം പ്രസംഗിച്ചു എ

ന്നും (2:17) കാണുന്നത്.

പഴയ നിയമത്തിൽ "**സമാധാനം**" യുദ്ധം ഇല്ലാത്ത അവസ്ഥയെ മാത്രം സൂചിപ്പിക്കുന്നതല്ല. മറിച്ച്, വിവിധ വിഭാഗങ്ങൾ തമ്മിലുള്ള സ്വരച്ചേർച്ചയെയും അടുപ്പത്തെയും ഐക്യത്തെയും ഇത് സൂചിപ്പിക്കുന്നു (ലേവി. 3:1; സംഖ്യ. 6:26). യഹോവയായ ദൈവവും തന്റെ ജനവും തമ്മിലുള്ള സമാധാനകാലം പ്രവാചകൻ മുൻകണ്ടിരുന്നു (യെശയ്യാവ് 48:18; 52:7; 54:13; 57:19; 66:12) അതിൽ 57:19 -ന്റെ ശൈലിയാണ് "**മുമ്പെ ദൂരസ്ഥരായിരുന്നു നിങ്ങൾ... സമീപസ്ഥരായിതീർന്നു**" എന്ന് പറയുന്നത് (v. 13). എന്നാൽ യെശയ്യാ പ്രവാചകന്റെ പശ്ചാത്തലത്തിൽ യിസ്രായേൽ ദേശത്ത് പാർക്കുന്ന യിസ്രായേല്യർ സമീപസ്ഥരും, പ്രവാസികളായ യിസ്രായേൽ ദൂരസ്ഥരുമാകുന്നു. എങ്കിലും ഭാവിയിൽ ജാതികൾ യിസ്രായേലിന്റെ ദൈവത്തെ ആരാധിക്കുന്ന കാര്യവും പ്രവാചകൻ തന്നെ സൂചിപ്പിക്കുന്നത് കൊണ്ട് (56:6–8) അപ്പോസ്തലന് ഇവിടെ യിസ്രായേല്യർ സമീപസ്ഥരും വിജാതീയർ ദൂരസ്ഥരും ആകുന്നു. കാരണം, യിസ്രായേല്യരുടെ കൂടെ ജാതികളുടെ രക്ഷയും ദൈവം മുൻ കണ്ടിരുന്നു (യോവേൽ 2:32; യോഹ. 10:16; അപ്പൊ. 2:29).

ദൂരസ്ഥരായിരുന്ന വിജാതീയർ ക്രിസ്തുവിന്റെ യാഗമരണത്തിലൂടെയാണ് സമീപസ്ഥനായി തീർന്നത്. "**സമീപസ്ഥരായിതീർന്നു**" എന്നതിന് ഇവിടെ വ്യാകരണപ്രകാരം (egenēthēte engys – aorist passive indicative) സമീപസ്ഥരാക്കപ്പെട്ടു, സമീപത്തേക്ക് കൊണ്ടുവരപ്പെട്ടു എന്നാണ് അർത്ഥം. ഇതിനുള്ള മുഖാന്തരത്തെയാണ് **"ക്രിസ്തുയേശുവിൽ ക്രിസ്തുവിന്റെ രക്തത്താൽ**" എന്ന് അലങ്കാരിക ഭാഷയിൽ പറയുന്നത് (1:7; 2:14,16). ദൈവം ആവശ്യപ്പെടുന്ന നീതി നിറവേറ്റുന്നതും (പുറപ്പാട് 24:8; മർക്കോസ് 14:24; റോമർ 3:25,16; 5:9), ദൈവം ആവശ്യപ്പെടുന്ന നിലവാരത്തിൽ ശുദ്ധീകരിക്കുന്നതുമാകുന്നു ക്രിസ്തുവിന്റെ രക്തം (5:26; എബ്രായർ 9:22; 1 യോഹ. 1:7).

സുവിശേഷത്തിന്റെ വരവിനു മുമ്പുവരെ ജാതീയമായും സമൂഹപരമായും സംവരണ അടിസ്ഥാനത്തിലായിരുന്നു ദൈവമക്കൾ ആയിതീർന്നത്. യിസ്രായേല്യർക്ക് മാത്രമാണ് ഈ സംവരണം ഉണ്ടായിരുന്നത് (പുറപ്പാട് 4:22; യെശയ്യാ. 43:6; ഹോശയ 1:10). എന്നാൽ യേശുക്രിസ്തുവിന്റെ സുവിശേഷത്തിന്റെ ആഗമനത്തോടുകൂടി ഈ സംവരണം എടുത്തു കളഞ്ഞു. ഇന്ന് യിസ്രായേല്യർ അടക്കം ഏത് ജാതിക്കും ക്രിസ്

തുവിലൂടെ ദൈവത്തിന്റെ ജനവും മക്കളും ആകുവാനുള്ള അവസരവും അവകാശവും ഉണ്ട് (യോഹ. 1:11-12; റോമർ 10:12-13; ഗലാത്യർ 3:26 -28). ഇക്കാരണത്താൽ വിജാതീയർ എന്ന നിലയിൽ ദൂരസ്ഥരായിരുന്ന അനുവാചകർ "**ഇപ്പോൾ ക്രിസ്തുയേശുവിൽ ക്രിസ്തുവിന്റെ രക്തത്താൽ സമീപസ്ഥരായിതീർന്നു**" (അപ്പൊ. 2:39). കാരണം, ക്രിസ്തുവിൽ ജാതിയമായ വേർതിരിവും സവിശേഷതയും പദവിയും ഇല്ലാതെ ആവുകയും (റോമർ 10:12-13), ഈ നിലയിൽ മനുഷ്യരെ വേർതിരിച്ചിരുന്ന യാഗങ്ങൾ വഴിപാടുകൾ ഉത്സവങ്ങൾ ശുദ്ധീകരണ നിയമങ്ങൾ ആചാര നിയമങ്ങൾ മറ്റു പ്രത്യേക നിയമങ്ങൾ മുതലായതെല്ലാം ക്രിസ്തു തന്റെ മരണത്തിലൂടെ റദ്ദാക്കുകയും ചെയ്തു കൊണ്ട് (അപ്പോ. 10:9-15,34-35; കൊലോ. 2:16-17) ക്രിസ്തുവിശ്വാസികളെയെല്ലാം ഒരു കൂടും ഒരു ഇടയനും എന്ന ബന്ധത്തിലേക്ക് കൊണ്ടുവന്നു (യോഹ. 10:16). "നിന്നിൽ ഭൂമിയിലെ സകലവംശങ്ങളും അനുഗ്രഹിക്കപ്പെടും" എന്നുള്ള വാഗ്ദത്ത നിവൃത്തിയാണിത് (ഉല്പത്തി 12:3;22:18; ഗലാ. 3:8). അബ്രഹാമിന് ശേഷം യിസ്ഹാക്ക് (ഉല്പത്തി 26:3), യാക്കോബ് (ഉല്പത്തി 28:14), യിസ്രായേൽ മക്കൾ (യെശയ്യാ. 60:2-3) എന്നിവരിലൂടെ ഈ വാഗ്ദത്തം ദൈവം പുതുക്കിയിരുന്നു (സങ്കീർത്തനം 105:9,10).

അവൻ നമ്മുടെ സമാധാനം ആകുന്നു എന്നതിനോട് ബന്ധപ്പെട്ട് *രണ്ടാമതായി,* നമുക്ക് സമാധാനം ഉണ്ടാക്കുവാൻ അവൻ എന്ത് ചെയ്തു എന്ന് പറയുന്നു. നമുക്ക് സമാധാനം ഉണ്ടാക്കുവാൻ അവൻ "**വേർപാടിന്റെ നടുച്ചുവർ**" ഇടിച്ചു കളഞ്ഞു (2:14). വേർപാടിന്റെ നടുച്ചവർ ദൂരസ്ഥന്മാരെ സമീപസ്ഥന്മാരിൽ നിന്നും വേർതിരിച്ച് നിർത്തിയതായിരുന്നു (2:14-16). ജാതികൾക്കും ദൈവത്തിന്റെ യിസ്രായേലിനും ഇടയിൽ നിലനിന്നതായിരുന്നു (യെശയ്യ. 5:2; മത്തായി 21:33; മർക്കോസ് 12:1; ഗലാ. 6:15). ഇവിടെ "**ഇടിച്ചു കളഞ്ഞത്**" വ്യാകരണപ്രകാരം (lysas – con stative aorist) സംഭവിച്ചു കഴിഞ്ഞ ഒരു പ്രവർത്തിയെ വിശദീകരണം കൂടാതെ മൊത്തത്തിൽ സൂചിപ്പിക്കുന്നു.

ദൈവാലയത്തിന്റെ പുറം മതിലിനെയാണ് വേർപാടിന്റെ നടുച്ചുവർ അക്ഷരീകമായി സൂചിപ്പിക്കുന്നത്. അതുപോലെതന്നെ അതിവിശുദ്ധസ്ഥലത്തെ ആലയത്തിന്റെ മറ്റു ഭാഗങ്ങളിൽ നിന്നും വേർതിരിക്കുന്ന ചുമരിനെയും ഇത് സൂചിപ്പിക്കുന്നു.

ഹെരോദാവ് നിർമ്മിച്ച ദേവാലയത്തിന് പുറത്ത് ചുറ്റുമതിലും ഉണ്ടാ

യിരുന്നു. അതിനകത്തേക്ക് യഹൂദന്മാർക്ക് പ്രവേശിക്കാമായിരുന്നു എങ്കിലും വിജാതീയരുടെ സ്ഥാനം മതിലിന് പുറത്തായിരുന്നു (അപ്പോ. 21:28). മതിൽ വിട്ടു അകത്ത് കടക്കുന്ന വിജാതീയർ മരണ ശിക്ഷ ഏൽക്കേണ്ടി വരുമെന്ന് മതിലിന്റെ തൂണുകളിൽ ഗ്രീക്ക്, ലാറ്റിൻ ഭാഷകളിൽ കൊത്തിവെച്ചിരുന്നതായി യഹൂദചരിത്രകാരനായ യോസീഫസ് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

വിജാതീയരുടെ അശുദ്ധിയിൽ നിന്നും സ്വാധീനത്തിൽ നിന്നും യിസ്രായേലിനെ വേർതിരിച്ച് സൂക്ഷിക്കുന്നതിനുള്ള വേലിയും മതിലുമായ ഈ "**വേർപാടിന്റെ നടുചുവർ**" അലങ്കാരികമായി "**ചട്ടങ്ങളും കല്പനകളുമായ ന്യായപ്രമാണം**" ആകുന്നു.

ജാതികളുടെ മുമ്പാകെ ഒരു സാക്ഷ്യമായി ഇരിക്കുവാനും അവരുമായി ഇടകലരാതിരിക്കുവാനും ഭക്ഷ്യങ്ങൾ പാനീയങ്ങൾ വസ്ത്രധാരണം വിവാഹബന്ധം ആരാധന ആചാരങ്ങൾ മുതലായ കാര്യങ്ങളിൽ വ്യക്തമായ കൽപ്പനകൾ ദൈവം യിസ്രായേലിന് നൽകിയിരുന്നു. എന്നാൽ ജാതികളെ പൂർണമായും ദൈവത്തിൽ നിന്ന് അകറ്റുവാനാണ് യിസ്രായേല്യർ അത് ഉപയോഗിച്ചത്.

മോശയുടെ ന്യായപ്രമാണം യിസ്രായേല്യരുടെ ജീവിതത്തിനുള്ള മാർഗദർശിക ആയതുകൊണ്ട് പല സാമൂഹിക ചുമരുകളാലും അവർ വിജാതീയരിൽ നിന്നും വേർതിരിക്കപ്പെട്ടിരുന്നു. യേശുവിനെ മശിഹയായി അംഗീകരിച്ച യഹൂദന്മാർക്ക് അവരുടെ പാരമ്പര്യമായ ആചാരങ്ങൾ പാടെ ഉപേക്ഷിക്കുന്നത് പ്രയാസമായിരുന്നതുപോലെ വിജാതീയർക്കും നൂറ്റാണ്ടുകളായി നിലനിന്നിരുന്ന ജാതീയ വേർപാടിൽ നിന്നും മോചനം പ്രയാസമാക്കുന്ന ഒരു അവസ്ഥയും ഒന്നാം നൂറ്റാണ്ടിലെ വിശ്വാസികൾക്കിടയിൽ ഉണ്ടായിരുന്നു

അവൻ നമുക്ക് സമാധാനം ഉണ്ടാക്കുവാൻ വേർപാടിന്റെ നടുച്ചവർ ഇടിച്ച് "**ചട്ടങ്ങളും കല്പനകളുമായ ന്യായപ്രമാണം എന്ന ശത്രുത്വം തന്റെ ജഡത്താൽ നീക്കി...**" (2:14)

വാസ്തവത്തിൽ ന്യായപ്രമാണം ആർക്കും ഒരിക്കലും ഒരു ശത്രു ആയിരുന്നില്ല; കാരണം, ന്യായപ്രമാണം ദൈവത്തിന്റെ വചനമാണ് (റോമർ 7:22; 8:7). അത് നല്ലതും വിശുദ്ധവും നീതിയുള്ളതും ആത്മീകവും ആകുന്നു (റോമർ 7:12-14,16; 1 തിമൊ. 1:10); അതിൽ പൗലോസ് സന്തോഷിക്കുന്നു (റോമർ 7:22) എന്നും പറയുന്നു. എങ്കിലും ന്യായപ്രമാ

ണം അറിവ് തരുന്ന പാപത്താലും അതിന്റെ ശിക്ഷയാലും മനുഷ്യൻ ബ ന്ധിക്കപ്പെട്ടിരിക്കുന്നു അഥവാ അടക്കപ്പെട്ടിരിക്കുന്നു (ഗലാത്യർ 3:23). കാരണം, ന്യായപ്രമാണലംഘകരെ എല്ലാം അത് ന്യായം വിധിക്കുന്നു; അങ്ങനെയാണ് മനുഷ്യന് "**ന്യായപ്രമാണം എന്ന ശത്രുത്വം**" ഉണ്ടാ യത്.

എന്നാൽ കല്ലിൽ അക്ഷരമായി കൊത്തിയിരുന്ന മരണ ശുശ്രൂഷയാ യ മോശയുടെ ഈ ന്യായപ്രമാണം നീക്കം ചെയ്യപ്പെട്ടതായി (passive voice) മറ്റൊരു ഭാഗത്ത് കാണുന്നുണ്ട് (2 കൊരി. 3:7-14). അതുപോലെ ക്രിസ്തുവിശ്വാസികൾ ന്യായപ്രമാണത്തിൽ നിന്നും ഒഴിവാക്കപ്പെട്ടതാ യും (passive voice) തിരുവെഴുത്തിൽ കാണുന്നുണ്ട് (റോമർ 7:2-4; 2 കൊ രി. 3:7,11-14). അങ്ങനെ "ചട്ടങ്ങളും കല്പനകളുമായ ന്യായപ്രമാണം എ ന്ന ശത്രുത്വം തന്റെ ജഡത്താൽ നീക്കി" "**അവൻ ഇരുപക്ഷത്തേയും ഒ ന്നാക്കി**". യിസ്രായേല്യരുടെയും വിജാതീയരുടെയും രണ്ടു വ്യത്യസ്ത മ ണ്ഡലങ്ങളെയാണ് ഇവിടെ "**ഇരുപക്ഷത്തെയും**" (ta amphotera) എന്ന ത് നപുംസലിംഗത്തിലൂടെ സൂചിപ്പിക്കുന്നത്. മുമ്പ് ജാതികൾക്ക് ദൈ വജനത്തിന്റെ ഭാഗമാകുന്നതിന് തടസ്സമായി നിന്നിരുന്നത് ചട്ടങ്ങളും കൽപ്പനകളുമായ ഈ ന്യായപ്രമാണം ആയിരുന്നു. കാരണം, ഇവിടെ ക്രിസ്തു സ്ഥാപിച്ച ഐക്യം മുൻപ് അവിശ്വാസികൾ എന്ന നിലയിൽ ദൈവത്തിന്റെ വാഗ്ദത്ത നിയമങ്ങൾക്ക് അന്യരായിരുന്ന ജാതികളും മുമ്പ് തന്നെ വിശ്വാസികൾ എന്ന നിലയിൽ ക്രിസ്തുവിലുള്ള വാഗ്ദത്ത നി വർത്തിക്കായി കാത്തിരുന്ന ദൈവത്തിന്റെ യിസ്രയേലും തമ്മിലാണ്. എ ന്നാൽ ക്രിസ്തുവിന്റെ മരണത്തിന്റെ ഫലമായി തന്നിൽ വിശ്വസിക്കുന്ന "**ഇരുപക്ഷത്തെയും**" അടിമകളും സ്വതന്ത്രരും ദൂരസ്ഥരും സമീപസ്ഥരും യഹൂദരും യവനരും യിസ്രായേലും ജാതികളും ആയ എല്ലാവരെയും ക്രി സ്തു തന്നിൽ സ്ഥാനീയമായി ഒന്നാക്കിയിരിക്കുന്നു (1 കൊരി. 12:12-13; ഗലാത്യർ 3:26-28); - അവർക്ക് ഇപ്പോൾ ഒരു ശരീരമായി ഒരു ആത്മാ വിൽ പിതാവിങ്കലേക്ക് പ്രവേശനം സാധ്യമായി തീർന്നു. ഇത് മുന്നിൽ കണ്ടാണ് ജാതികളോടും സുവിശേഷം പ്രസംഗിക്കുവാനും (മർക്കോ സ് 16:15); സകല ജാതികളെയും ശിഷ്യരാക്കുവാനും (മത്തായി 28:20), ഭൂമിയുടെ അറ്റത്തോളം തന്റെ സാക്ഷികൾ ആകുവാനും (അപ്പോ. 1:8) കർത്താവ് പറഞ്ഞത്. ഈ നിലയിൽ മനുഷ്യകുലം തന്നിൽ ഒന്നായി ചേർക്കപ്പെടണം എന്നുള്ളത് കർത്താവിന്റെ ആദിമുതലുള്ള ആഗ്രഹ

വും പ്രാർത്ഥനയും ആയിരുന്നു (യോഹ. 10:16; 17:11,21; 3:18; ഗലാത്യർ 3:28; കൊലോ. 1:20).

ഇവിടെ "ഇരുപക്ഷത്തെയും **ഒന്നാക്കി**" എന്നത് വ്യാകരണ പ്രകാരം (poiēsas hen – constative aorist) പൂർത്തിയായ ഒരു പ്രവർത്തിയെ വിശദീകരണം കൂടാതെ മൊത്തത്തിൽ സൂചിപ്പിക്കുന്നു.

എന്നാൽ ചട്ടങ്ങളും കല്പനകളുമായ ന്യായപ്രമാണം എന്ന ശത്രുത്വം തന്റെ ജഡത്താൽ നീക്കം ചെയ്തു കൊണ്ടാണ് അവൻ ഇരുപക്ഷത്തേയും ഒന്നാക്കിയത്. അതുകൊണ്ട് ഇവിടെ "**ചട്ടങ്ങളും കല്പനകളുമായ ന്യായപ്രമാണം**" എന്നതിലൂടെ ആചാരപരമായും അനുഷ്ഠാനപരമായും, ജീവിതംകൊണ്ടും പ്രവർത്തികൊണ്ടും യിസ്രായേല്യരെ വിജാതീയരിൽ നിന്നും വ്യത്യസ്തരാക്കുന്ന മോശയുടെ ന്യായപ്രമാണപ്രകാരമുള്ള എല്ലാവിധ ചട്ടങ്ങളെയും കൽപ്പനകളെയും ആണ് അപ്പോസ്തലൻ ഉദ്ദേശിക്കുന്നത് (കൊലോ. 2:14). കാരണം ന്യായപ്രമാണപ്രകാരമുള്ള ആചാരങ്ങളും അനുഷ്ഠാനങ്ങളും ചട്ടങ്ങളും കല്പനകളും ഒരു പ്രത്യേക കാലഘട്ടത്തെ മാത്രം ഉദ്ദേശിച്ചുള്ളതും (ലൂക്കോസ് 16:16) ഒരു പ്രത്യേക ആവശ്യത്തിന് വേണ്ടിയുള്ളതുമായിരുന്നു (ഗലാത്യർ 3:19); നിശ്ചയിക്കപ്പെട്ട സമയത്ത് അതിന്റെ ദൗത്യം നിറവേറ്റപ്പെടുകയും അതിനു നിർണയിക്കപ്പെട്ട അവസാനം വരികയും ചെയ്തു. ക്രിസ്തുവിൽ പുതിയ ഉടമ്പടി വന്നപ്പോൾ മോശയിലൂടെ ലഭിച്ച പഴയ ഉടമ്പടി ക്രിസ്തു വിശ്വാസികളോടുള്ള ബന്ധത്തിൽ പ്രവർത്തനരഹിതമായി തീർന്നു (റോമർ 10:4; 2 കൊരി. 3:15-17).

ചുരുക്കത്തിൽ, ശുദ്ധീകരണകാലം വരെ നിഴലായി നിലനിന്നിരുന്ന പഴയ ഉടമ്പടിയിലെ എല്ലാ ആചാര അനുഷ്ഠാന നിയമങ്ങളും ക്രിസ്തു തന്റെ മരണത്തിലൂടെ നീക്കി (കൊലോ. 2:14-17; എബ്രായർ 9:9-10). അതോടൊപ്പം തന്നെ വിശ്വസിക്കുന്നവരെ എല്ലാം തന്റെ മരണത്തിലൂടെ പഴയ ഉടമ്പടിയിൽ നിന്നും അതിന്റെ അധികാരത്തിൽ നിന്നും സ്ഥാനിയമായി ക്രിസ്തു തന്റെ അധികാരത്തിൻ കീഴിലാക്കി (റോമർ 7:1-6; 10:4; 2 കൊരിന്ത്യർ 3:14-17; ഗലാത്യർ 2:19). അതുകൊണ്ട് ഇപ്പോൾ ക്രിസ്തു വിശ്വാസികൾക്ക് ആചാര അനുഷ്ഠാനങ്ങളും സദാചാര ധാർമിക നിയമങ്ങളും ഉൾപ്പെടുന്ന പഴയ ഉടമ്പടിയിൽ അധിഷ്ഠിതമായ മോശയുടെ ന്യായപ്രമാണം അല്ല, മറിച്ച്, അതിനേക്കാൾ ശ്രേഷ്ഠമായതും പുതിയ ഉടമ്പടിയിൽ അധിഷ്ഠിതമായതുമായ ക്രിസ്തുവിന്റെ ന്യായപ്രമാണമാണ് ബാധകമായിരിക്കുന്നത് (റോമർ 6:14; 7:4,6; 1 കൊരിന്ത്യർ 9:21; ഗലാ

ത്യർ 6:2; യാക്കോബ് 2:8,12). ഇത് കൃപയുടെ പ്രമാണം, രാജകീയ പ്രമാണം, സ്വാതന്ത്ര്യത്തിന്റെ ന്യായപ്രമാണം മുതലായ പേരുകളിലും അറിയപ്പെടുന്നു. അതുകൊണ്ട് പുതിയ ഉടമ്പടിയിൽ അടിസ്ഥാനപ്പെട്ടുള്ള ക്രിസ്തുവിന്റെ ന്യായപ്രമാണത്തിന് അനുസൃതമല്ലാത്ത, മോശയുടെ ന്യായപ്രമാണത്തിലെ ഒരു കൽപ്പനക്കും ക്രിസ്തുവിശ്വാസി ഇന്ന് വിധേയനായിരിക്കുന്നില്ല (മത്തായി 5:21-22,27-28,31-32,33-37,38-40,43-44; റോമർ 6:14; 1 കൊരി. 9:21).

**മോശയുടെ ന്യായപ്രമാണത്തിന്റെ ഇക്കാലത്തെ പങ്ക്**

ഒന്നാമതായി, ന്യായപ്രമാണം മനുഷ്യനു വേണ്ടിയുള്ള ദൈവത്തിന്റെ പൊതുനിലവാരമായി ഇന്നും നിലനിൽക്കുന്നു (റോമർ 3:9-23; 1 തിമൊ. 1:8-11); രണ്ടാമതായി, ന്യായപ്രമാണം മനുഷ്യന്റെ പാപത്തെ വെളിപ്പെടുത്തി മനുഷ്യൻ പാപിയാണെന്ന് വിധിക്കുന്നു (റോമർ 3:10-19; 5:12, 20; 7:5,7; 1 കൊരി. 15:56; 1 തിമൊ. 1:8-10); മൂന്നാമതായി, ന്യായപ്രമാണം ദൈവീക പ്രകൃതത്തെയും ദൈവിക ഇടപെടലുകളെയും വെളിപ്പെടുത്തുന്നതോടൊപ്പം മനുഷ്യന്റെ പ്രകൃതത്തെയും നിസ്സഹായ അവസ്ഥയെയും വെളിപ്പെടുത്തി മനുഷ്യനെ രക്ഷകനായ ക്രിസ്തുവിലേക്ക് നയിക്കുന്നു (ലൂക്കോസ് 24:26-27; ഗലാത്യർ 3:24); നാലാമതായി, ക്രിസ്തുവിശ്വാസികൾക്ക് പ്രത്യാശയോടെ ജീവിക്കുന്നതിന് ആവശ്യമായ ബുദ്ധിയുപദേശം ന്യായപ്രമാണം നൽകുന്നു (റോമർ 15:4; 1 കൊരി. 10:11; എബ്രായർ 11:4-40); അഞ്ചാമതായി, എല്ലാ പുതിയ നിയമ ഉപദേശങ്ങളുടെയും അടിസ്ഥാനം പഴയ നിയമത്തിൽ ആയതുകൊണ്ട് പുതിയ നിയമ ഉപദേശങ്ങളുടെ വ്യാപ്തിയും പശ്ചാത്തലവും മനസ്സിലാക്കുന്നതിന് ന്യായപ്രമാണം ആവശ്യമാണ് (1 കൊരി. 5:7; 10:4; എബ്രായർ 10:1; 1 പത്രോസ് 3:11).

ഈ അർത്ഥത്തിലാണ് താൻ ന്യായപ്രമാണത്തെ നീക്കുവാൻ വന്നതല്ല - ന്യായപ്രമാണത്തിലെ ഒരു വള്ളി പോലും നീങ്ങിപ്പോകുന്നത് അസാധ്യം എന്ന് പറഞ്ഞിട്ട്, ന്യായപ്രമാണത്തിന്റെയും പ്രവാചകന്മാരുടെയും കാലം യോഹന്നാൻ വരെ ആയിരുന്നു എന്ന് കർത്താവ് പറഞ്ഞതും (മത്തായി 5:17-19; ലൂക്കോസ് 16:16-17), വിശ്വാസം ന്യായപ്രമാണത്തെ നീക്കം ചെയ്യുന്നില്ല എന്ന് പറഞ്ഞിട്ട് ക്രിസ്തുവിശ്വാസികൾ ന്യായപ്രമാണത്തിൽ നിന്ന് ഒഴിവുള്ളവരായി തീർന്നു എന്ന് കർത്താവിന്റെ അപ്പോസ്തലനായ പൗലോസ് പറഞ്ഞതും (റോമർ 3:31; 10:4; 1 കൊരി. 9:20-21).

അവൻ നമ്മുടെ സമാധാനം ആകുന്നു എന്നതിനോട് ബന്ധപ്പെട്ട് *മൂന്നാമതായി* അവൻ സമാധാനം ഉണ്ടാക്കുന്നതിന്റെ പ്രധാന ആവശ്യങ്ങൾ എന്താണെന്ന് പറയുന്നു (2:15-16).

അവൻ ചട്ടങ്ങളും കല്പനകളും ആയ ന്യായപ്രമാണം എന്ന ശത്രുത്വം തന്റെ ജഡത്താൽ നീക്കി വേർപാടിന്റെ നടുച്ചവർ ഇടിച്ചു കളഞ്ഞ് ഇരുപക്ഷത്തെയും ഒന്നാക്കിയതിന്റെ ഒന്നാമത്തെ ആവശ്യം "**ഇരുപക്ഷത്തെയും തന്നിൽ ഒരു പുതു മനുഷ്യനാക്കി സൃഷ്ടിപ്പാനും**" വേണ്ടിയായിരുന്നു (2:15).

"**സൃഷ്ടിപ്പാൻ**" (ktise) എന്ന വാക്ക് തിരുവെഴുത്തിൽ ദൈവത്തിന്റെ പ്രവർത്തിയെ സൂചിപ്പിക്കുന്നതാണ് (2:10; 3:9; ഉല്പത്തി 1:1-2; മത്തായി 19:4; റോമർ 1:25; 1 കൊരി. 11:9; കൊലോ. 1:16; 3:10; 1 തിമോ. 4:3; വെളിപ്പാട് 4:11). ദൈവമാണ് സകലത്തിന്റെയും സൃഷ്ടാവ്; വിശ്വാസികൾ ക്രിസ്തുയേശുവിൽ ദൈവത്താൽ സൃഷ്ടിക്കപ്പെട്ടവർ ആകുന്നു എന്നും (2: 10), ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതു മനുഷ്യനെ ധരിച്ചിരിക്കുന്നുവല്ലോ എന്നും (4:24), അതിനായി ക്രിസ്തു ഒരു പുതിയ ആദാമായി തീർന്നു എന്നും (1 കൊരി. 15:22; 45-49; കൊലോ. 3:10-11) കാണുന്നു. അതിന്റെ ഫലമായി ആദാമ്യപ്രകൃതമുള്ള പഴയ മനുഷ്യൻ ക്രിസ്തുവിനോട് കൂടെ ക്രൂശിക്കപ്പെടുകയും ക്രിസ്തുവിൽ വിശ്വസിക്കുന്ന എല്ലാവരും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട ഒരു പുതിയ മനുഷ്യനായി ക്രിസ്തുവിനോട് കൂടെ ജീവിപ്പിക്കപ്പെടുകയും ചെയ്തു (1 കൊരി. 15:4,49; 2 കൊരി. 5:17; ഗലാത്യർ 3:28; കൊലോ. 3:10-11). അതുകൊണ്ട് അവർ ഇനി മോശയിലൂടെ ലഭിച്ച പഴയ ഉടമ്പടിക്ക് കീഴിൽ അല്ല, മറിച്ച് ക്രിസ്തുവിലൂടെ ലഭിച്ച പുതിയ ഉടമ്പടിക്ക് കീഴിലാണ് ആയിരിക്കുന്നത്.

അവൻ വേർപാടിന്റെ നടുചുവർ ഇടിച്ചുകളഞ്ഞ് ഇരുപക്ഷത്തെയും ഒന്നാക്കിയതിന്റെ രണ്ടാമത്തെ ആവശ്യം "**ഇരുപക്ഷത്തെയും ഏക ശരീരത്തിൽ ദൈവത്തോട് നിരപ്പിപ്പാനും**" വേണ്ടിയായിരുന്നു (2:16; കൊലോ. 1:20).

ഇവിടെ "**നിരപ്പിപ്പാനും**" എന്നത് വ്യാകരണപ്രകാരം (apokatallaxē – constative aorist) പൂർത്തിയായ ഒരു പ്രവർത്തിയെ വിശദീകരണം കൂടാതെ മൊത്തത്തിൽ സൂചിപ്പിക്കുന്നു. ദൈവവും മനുഷ്യനും തമ്മിൽ നിരപ്പാകുക അഥവാ രമ്യമാകുക എന്നത് ഒരു വേദശാസ്ത്ര വിഷയമാ

ണ്; നിരപ്പിന്റെ ആവശ്യകതയെ തിരുവെഴുത്ത് വ്യക്തമാക്കുന്നുണ്ട് (റോമർ 5:10–11; 11:15; 2 കൊരിന്ത്യർ 5:17–20). ഇവിടെ ക്രിസ്തുവാണ് ഇരുപക്ഷത്തെയും ഏകശരീരമായി അന്യോന്യം നിരപ്പിക്കുന്നതും ദൈവത്തോട് നിരപ്പിക്കുന്നതും (2:16–17; 2 കൊരിന്ത്യർ 5:17–21). പ്രധാന ശത്രുത്വം ദൈവവും മത്സരികളായ മർത്യകുലവും തമ്മിലായിരുന്നു (2:1–3, 11–12). ദൈവത്തിന്റെ ശത്രുക്കളെ ദൈവത്തിന്റെ മിത്രങ്ങൾ ആക്കുന്നത് ക്രിസ്തുവിന്റെ ക്രൂശിലെ രക്തത്തിനാലാണ് (2:13). അർത്ഥാൽ, തന്റെ പ്രായശ്ചിത്ത യാഗത്തിലൂടെയാണ് (2:16; 1 യോഹ. 2:2).

ന്യായപ്രമാണത്തിന്റെ ശത്രുത്വവും ന്യായവിധിയും ക്രിസ്തു തന്റെ പ്രായശ്ചിത്ത യാഗത്തിലൂടെ നീക്കിയതിലൂടെ തന്നിൽ വിശ്വസിക്കുന്ന എല്ലാവരെയും ഒരു ശരീരമായി ദൈവത്തോട് സമാധാനത്തിൽ നിരപ്പിക്കുവാനും ഏക ആത്മാവിൽ എല്ലാവർക്കും ക്രിസ്തുവിലൂടെ ദൈവസന്നിധിയിലേക്ക് പ്രവേശനം സാധ്യമാക്കുവാനും കഴിഞ്ഞു.

ഇവിടെ "**ഏകശരീരത്തിൽ**" എന്നതിലൂടെ ക്രിസ്തുവിന്റെ ക്രൂശിക്കപ്പെട്ട ശരീരത്തിലൂടെ എന്നല്ല മറിച്ച്, യിസ്രായേല്യരും വിജാതിയരും അടങ്ങിയ സഭ എന്നുള്ള വിശ്വാസ സമൂഹത്തെ ഏക ശരീരമായി ദൈവത്തോട് നിരപ്പിച്ചു എന്നാണ് ഇവിടെ പറയുന്നത് (കൊലോ. 1:20–22); എന്നാൽ ക്രിസ്തു ഇതെല്ലാം സാധ്യമാക്കിയത് "**ക്രൂശിൽവെച്ച് ശത്രുത്വം ഇല്ലാതാക്കി**" കൊണ്ടായിരുന്നു (2:16; റോമർ 5:10). ഇവിടെ "**ഇല്ലാതാക്കി**" എന്നതിന് (apokteinas – aorist active participle) ശത്രുത്വം നിർജീവമാക്കി, തീർത്തുകളഞ്ഞു, ഇല്ലായ്മ ചെയ്തു എന്നാണ് ഇതിനർത്ഥം. ശത്രുത്വം ഇല്ലാതാക്കിയ മുഖാന്തരത്തെയാണ് ഇവിടെ വ്യാകരണം ഊന്നി പറയുന്നത്.

ഈ വേദഭാഗത്ത് യിസ്രായേല്യരുമല്ല, ജാതികളും അല്ല മറിച്ച്, പൗലോസ് അടക്കമുള്ള എല്ലാ ക്രിസ്തുവിശ്വാസികളും ആണ് വിഷയം. യഹൂദനും യവനനും എന്ന വ്യത്യാസവും വേർതിരിവും ഇല്ലാതെ, വിശ്വസിക്കുന്ന എല്ലാവരെയും ക്രിസ്തുവിൽ സൃഷ്ടിക്കപ്പെട്ട ഒരു പുതിയ സൃഷ്ടി എന്ന നിലയിലും ഒരു പുതിയ മനുഷ്യൻ എന്ന നിലയിലും സമൂഹപരമായി ഒരു ശരീരമായി ക്രിസ്തു ദൈവത്തോട് നിരപ്പിച്ചു.

ii. അവൻ നമ്മോട് സമാധാന സുവിശേഷം അറിയിച്ചിരിക്കുന്നു (2:17–18)

**“അവൻ വന്നു ദൂരത്തായിരുന്ന നിങ്ങൾക്ക് സമാധാനവും സമീപത്തുള്ളവർക്ക് സമാധാനവും സുവിശേഷിച്ചു”** (2:17). ഇതോടു ബന്ധപ്പെട്ട് പ്രധാനമായും മൂന്ന് വസ്തുതകളാണ് അപ്പോസ്തലൻ ഈ വാകൃത്തിൽ പറയുന്നത്.

*ഒന്നാമതായി,* അവൻ എന്താണ് സുവിശേഷിച്ചതെന്ന് പറയുന്നു. ഇവിടെ “**സുവിശേഷിച്ചു**” എന്നത് വ്യാകരണപ്രകാരം (euēngelisato – constative aorist) സംഭവിച്ചു കഴിഞ്ഞ ഒരു പ്രവർത്തിയെ വിശദീകരണം കൂടാതെ മൊത്തത്തിൽ സൂചിപ്പിക്കുന്നു. അവൻ സമാധാനം സുവിശേഷിച്ചു എന്നാണ് അപ്പോസ്തലൻ ഇവിടെ പറയുന്നത്. നന്മ സുവിശേഷിക്കുക, സുവാർത്ത അറിയിക്കുക, സദ്വർത്തമാനം അറിയിക്കുക മുതലായതെല്ലാം സമാധാനം സുവിശേഷിക്കുന്നതിനെ വിവക്ഷിക്കുന്നതിനുള്ള യെശയ്യാ പ്രവാചകന്റെ ശൈലിയാണ് (യെശയ്യ. 40:9; 52:7; 61:1–3).

പഴയ നിയമത്തിൽ “**സുവിശേഷിച്ചു**” എന്നതിനുള്ള വാക്ക് സൈനിക വിജയം പ്രഘോഷിക്കുന്നതിനെയും (2 ശമുവേൽ 4:10; 18:19–20), യിസ്രായേലിന്റെ പ്രവാസം അവസാനിച്ച് ദേശത്ത് ദൈവിക ഭരണം വരുന്നതിനെയും (യെശയ്യ. 40:9; 52:7), അടിമകൾക്ക് സ്വാതന്ത്ര്യം വരുന്നതിനേയും സൂചിപ്പിക്കുന്നതാകുന്നു. ഈ നിലയിൽ ക്രിസ്തു സമാധാനം സുവിശേഷിച്ചതായി നാം കാണുന്നു (ലൂക്കോസ് 4:18–19). ക്രിസ്തു ഈ നിലയിൽ സമാധാനം സുവിശേഷിക്കുവാൻ യോഗ്യനാണ്; കാരണം ക്രിസ്തു സമാധാന പ്രഭുവാണ് (യെശയ്യാ. 9:6), സമാധാനം തരുന്നവൻ ആണ് (യോഹ 14:27), നമ്മെ സമാധാനം ഉണ്ടാക്കുന്നവരും പ്രസംഗിക്കുന്നവരും ആക്കിയവനാണ് (മത്തായി 5:9; ലൂക്കോസ് 10:5–6; അപ്പോ. 10:36); മാത്രമല്ല, അവന്റെ രാജ്യം നീതിയും സമാധാനവും പരിശുദ്ധാത്മാവിൽ സന്തോഷവും ആകുന്നു എന്നും അപ്പോസ്തലൻ പറയുന്നു (റോമർ 14:17). യെശയ്യാവ് മുൻകണ്ട ദൈവരാജ്യത്തിന്റെ മർമ്മമാണ് അപ്പോസ്തലൻ ഇവിടെ സൂചിപ്പിക്കുന്നത്. എന്നാൽ അതിൽ യിസ്രായേൽ മാത്രമല്ല ജാതികളും ഉൾപ്പെട്ടിരിക്കുന്നു എന്നതാണ് അതിന്റെ ഇവിടത്തെ പ്രാധാന്യം. 2:14–15 -ൽ പരാമർശിക്കുന്ന സമാധാനം യിസ്രായേല്യരും വിജാതീയരും തമ്മിൽ ആയിരുന്നെങ്കിൽ 2:17–ൽ പരാമർശിക്കുന്ന സമാധാനം മനുഷ്യനും ദൈവവും തമ്മിൽ ആണ് .

*രണ്ടാമതായി,* അവൻ എപ്പോൾ സമാധാനം സുവിശേഷിച്ചു എന്ന് പറയുന്നു. ഇവിടെ “**അവൻ വന്നു**” എന്നതിന് വ്യാകരണപ്രകാരം

(elthōn – aorist active participle) അവൻ വന്നപ്പോൾ എന്ന അർത്ഥമാണ് ഉള്ളത്. യേശുക്രിസ്തുവിന്റെ മനുഷ്യാവതാരത്തിലെ പരസ്യശുശ്രൂഷയെ സൂചിപ്പിക്കുന്നതാണിത്. കാരണം അവൻ വന്നു എന്നതും സുവിശേഷിച്ചു എന്നതും സംഭവിച്ചു കഴിഞ്ഞ ഒരു പ്രവർത്തിയായി പറഞ്ഞിരിക്കുന്നു. യിസ്രായേലിനോട് സമാധാനം അറിയിക്കുന്നത് ക്രിസ്തു ആകുന്നു എന്ന് യെശയ്യാ പ്രവാചകനെ ഉദ്ധരിച്ച് പത്രോസ് അപ്പോസ്തലനും പറഞ്ഞിട്ടുണ്ട് (യെശയ്യാ. 57:19; അപ്പോ. 10:36).

*മൂന്നാമതായി,* അവൻ ആരോട് സമാധാനം സുവിശേഷിച്ചു എന്ന് പറയുന്നു. "അവൻ വന്നു **ദൂരത്തായിരുന്നു നിങ്ങൾക്ക് സമാധാനവും സമീപത്തുള്ളവർക്ക് സമാധാനവും സുവിശേഷിച്ചു**" (v.13)

ഈ ശൈലി യെശയ്യാവ് 57:19-ന്റെ അടിസ്ഥാനത്തിൽ പ്രവാസികളായ യിസ്രായേല്യരെയും സ്വദേശത്ത് പാർക്കുന്ന യിസ്രായേല്യരെയും ആണ് സൂചിപ്പിക്കുന്നത്. എന്നാൽ പ്രസ്തുത ശൈലിയിലൂടെ പൗലോസ് ഇവിടെ വിജാതീയരെയും യിസ്രായേല്യരെയുമാണ് ഉദ്ദേശിക്കുന്നത് എന്ന് മുമ്പ് തന്നെ സൂചിപ്പിച്ചു. എന്നാൽ ക്രിസ്തു വന്നപ്പോൾ ശമര്യയിൽ ഒഴികെ യിസ്രായേല്യരോടല്ലാതെ ഏതെങ്കിലും വിജാതീയരോട് സമാധാനം സുവിശേഷിച്ചതായി അറിവില്ല. അതിൽനിന്നും ജലപ്രളയത്തിനു മുമ്പ് നോഹയിലൂടെ ക്രിസ്തു പ്രസംഗിച്ചത് പോലെ (1 പത്രോസ് 3:19) പുതിയ യുഗപ്പിറവിയിൽ ക്രിസ്തു അപ്പസ്തോലന്മാരിലൂടെ ഇരു പക്ഷത്തോടും സമാധാനം സുവിശേഷിച്ചു എന്നാണ് മനസ്സിലാക്കേണ്ടത് (അപ്പോ. 10:36; റോമർ 3:29-30; 10:15-16; കൊലോ. 1:24-29; 1 തിമൊ. 2:4-7). എന്നാൽ ഇവിടെ പരാമർശിക്കുന്ന സമീപസ്ഥർ വെറും യഹൂദർ അല്ല മറിച്ച് പഴയ ഉടമ്പടിക്കാരും പ്രവാചകരുടെ മക്കളുമായ യിസ്രായേല്യരാണ് (അപ്പോ. 3:25) അഥവാ ദൈവത്തിന്റെ യിസ്രയേൽ തന്നെ ആകുന്നു എന്ന് മുമ്പ് സൂചിപ്പിച്ചു. അവർ ഉടമ്പടിയിലും വാഗ്ദത്തത്തിലും നിയമത്തിലും ദൈവത്തോട് അടുത്തിരുന്നു (സങ്കീർത്തനം 148:14). അപ്പോസ്തലന്മാരിലൂടെയും പ്രവാചകന്മാരിലൂടെയും ദൈവം തന്റെ ഭാവിയുഗപദ്ധതി വെളിപ്പെടുത്തി എന്നും (3:5-6) അതിന്റെ പ്രസംഗിയായി പൗലോസിനെ നിയോഗിച്ചു എന്നും താൻ പിന്നീട് സൂചിപ്പിക്കുന്നുണ്ട് (2:18-22).

### b. അനുവാചകരുടെ ഇപ്പോഴത്തെ അവസ്ഥയുടെ ഫലം (2:18-22)

i. മുമ്പ് വിജാതീയർ ആയിരുന്നവർക്ക് ഇപ്പോൾ യേശുക്രിസ്തു മുഖാന്തരം വിശുദ്ധന്മാരോടൊപ്പം ഏകാത്മാവിൽ പിതാവിങ്ക

ലേക്ക് പ്രവേശനം ലഭിച്ചിരിക്കുന്നു (2:18)

**“അവൻ മുഖാന്തിരം നമുക്ക് ഇരുപക്ഷക്കാർക്കും ഏകാത്മാവിൽ പിതാവിങ്കലേക്ക് പ്രവേശനം ഉണ്ട്**”.

മോശെയുടെ ന്യായപ്രമാണപ്രകാരം “**ഇരുപക്ഷക്കാർക്കും**” ഇങ്ങനെയുള്ള പ്രവേശനം ലഭിച്ചിരുന്നില്ല (2:15-16); എന്നാൽ ക്രിസ്തുവിന്റെ ക്രൂശിലെ മരണം ഈ തടസ്സം നീക്കുകയും (2:16), വിശ്വസിക്കുന്ന എല്ലാവർക്കും പ്രവേശനം സാധ്യമാക്കുകയും ചെയ്തു (റോമർ 4:5; 5:1-2). എന്നാൽ ഇവിടെ “**പ്രവേശനം ഉണ്ട്**” എന്ന് പറയുന്നതിലൂടെ പരമാധികാരം ഉള്ള ഒരു രാജ്യസന്നിധിയിലേക്ക് ഒരു പ്രജക്ക് അപൂർവ്വമായി ലഭിക്കുന്ന ഒരു പ്രവേശനാനുമതി പോലെയും അതിപരിശുദ്ധ സ്ഥലത്തേക്ക് മഹാപുരോഹിതന് ആണ്ടിൽ ഒരിക്കൽ ലഭിക്കുന്ന പ്രവേശനാനുമതി പോലെയുള്ള ഒരു പ്രത്യേക പ്രവേശനാനുമതിയാണ് “**പ്രവേശനം**” എന്നതിനൊപ്പമുള്ള വിവേചകഭേദകം (The) സൂചിപ്പിക്കുന്നത് (2:18; 3:12; റോമർ 5:2; എബ്രായർ 9:7-8). എന്നാൽ സ്വാഭാവികമായി നിലനിൽക്കുന്നതും തുടരുന്നതുമായ പ്രവേശനത്തെയാണ് വ്യാകരണം (echomen tēn prōsagogēn – customary present) ഇവിടെ സൂചിപ്പിക്കുന്നത്. ഈ നിലയിലുള്ള പ്രവേശനം മുമ്പ് “**ഇരുപക്ഷക്കാർക്കും**” ഉണ്ടായിരുന്നില്ല.

ക്രിസ്തുവിന്റെ വരവിന് മുമ്പുതന്നെ ക്രിസ്തുവിനെ സംബന്ധിച്ചുള്ള ദൈവീക വാഗ്ദത്തങ്ങളിൽ വിശ്വസിച്ച് ജീവിച്ച യിസ്രായേല്യർക്ക് ന്യായവിധിയും ശിക്ഷാവിധിയും വിശ്വാസത്താൽ നീങ്ങിപോയിരുന്നു (എബ്രായർ 9:15) (For them forgiveness was based on credit), അതുമായി ബന്ധപ്പെട്ടുള്ള ദൈവവുമായുള്ള ബന്ധം ക്രമപ്പെടുത്തി നിലനിർത്തുന്നതിന് അവർക്ക് തുടർമാന യാഗങ്ങൾ ഉണ്ടായിരുന്നു, മധ്യസ്ഥത വഹിക്കുവാൻ പുരോഹിതർ ഉണ്ടായിരുന്നു. എന്നാൽ ജാതികളുടെ അവസ്ഥ അതായിരുന്നില്ല; അവർ എപ്പോഴും ദൈവോപത്തിന് കീഴിലായിരുന്നു, ന്യായപ്രമാണത്തിന്റെ ചട്ടങ്ങളും കൽപ്പനകളും അവർക്കെതിരായിരുന്നു. അതിലൂടെ അവർ ദൈവത്തിൽനിന്നും ദൈവജനത്തിൽനിന്നും അകലപ്പെട്ടവരായിരുന്നു. എന്നാൽ യേശു തന്റെ ക്രൂശിലെ യാഗത്തിലൂടെ അവർ സമീപസ്ഥരാക്കപ്പെട്ടു (2:13), ശത്രുത്വം നീക്കി ഇരുപക്ഷത്തെയും ഒന്നാക്കി (2:14), ഒരു പുതുമനുഷ്യനാക്കി (2:15), ഏക

ശരീരമായി ദൈവത്തോട് നിരപ്പിച്ചു (2:16), അത് നിമിത്തം ഇരുപക്ഷ ക്കാർക്കും ഏകാത്മാവിൽ പിതാവിങ്കലേക്ക് പ്രവേശനം (2:18) ഉണ്ട് (For us forgiveness is based on debit).

ii. മുമ്പ് വിജാതിയർ ആയിരുന്നവർ ഇനി അന്യന്മാരും പരദേശി കളും അല്ല, വിശുദ്ധന്മാരുടെ സഹപൗരന്മാരും ദൈവത്തിന്റെ ഭവ നക്കാരും ആകുന്നു (v.19)

ക്രിസ്തുവിന്റെ ക്രൂശിലെ മരണത്തിലൂടെ ഇരുപക്ഷത്തെയും തമ്മി ൽ നിരപ്പിച്ചതിലൂടെയും ദൈവത്തോട് നിരപ്പിച്ചതിനാലും, ഇരുപക്ഷക്കാർ ക്കും ഏക ആത്മാവിൽ പിതാവിങ്കലേക്ക് പ്രവേശനമുള്ളതിനാലും, അ തിൽ അനുവാചകർ ഉൾപ്പെടുന്നതിനാലും അനുവാചകർ ഇനി "**അന്യ ന്മാരും പരദേശികളുമല്ല**". തിരുവെഴുത്തിൽ ഇവ പര്യായപദങ്ങളാണ് (ഉ ല്പത്തി 15:13; 23:4; ലേവി. 25:23,35,40,45,47; സംഖ്യ. 35:15; ആവർത്തനം 14:21; 23:7).

യഥാർത്ഥ യിസ്രായേല്യരും അവരുടെ പിതാക്കന്മാരും ഭൂമിയിൽ അന്യരും പരദേശികളും ആയിരുന്നെങ്കിലും (ലേവി. 25:23; എബ്രായർ 13:14), അവർ ദൈവരാജ്യത്തിലെ പൗരന്മാർ ആയിരുന്നതുപോലെ (ലൂക്കോസ് 13:28) ക്രിസ്തുവിശ്വാസികളും ഇവിടെ അന്യരും പരദേശകളുമായി ജീ വിക്കുന്നുവെങ്കിലും (പത്രോസ് 2:11) ദൈവരാജ്യത്തിൽ അവർ അന്യന്മാ രും പരദേശകളുമല്ല മറിച്ച്, "**വിശുദ്ധന്മാരുടെ സഹപൗരന്മാരും ദൈവ ത്തിന്റെ ഭവനക്കാരും**" ആകുന്നു (ഫിലിപ്പിയർ 3:20). വ്യാകരണപ്രകാരം (este… este – customary present) സ്വാഭാവികമായി തുടരുന്നതും നിലനി ൽക്കുന്നതുമായ ഒരു ബന്ധത്തെയാണ് ഇവിടെ സൂചിപ്പിക്കുന്നത്.

എന്നാൽ അപ്പോസ്തലൻ ഇവിടെ പരാമർശിക്കുന്ന "**വിശുദ്ധന്മാർ**" അക്കാലത്തെയോ ഇക്കാലത്തെയോ യഹൂദരെയോ യഹൂദക്രിസ്ത്യാനിക ളെയൊ സൂചിപ്പിക്കുന്നതല്ല, മറിച്ച്, വിജാതീയരും യിസ്രായേല്യരും എ ന്ന വ്യത്യാസം ഇല്ലാതെ ക്രിസ്തുവിൽ പുതിയ സൃഷ്ടിയായ പുതിയ വിശ്വാസസമൂഹത്തെയാണ് ഉദ്ദേശിക്കുന്നത് (1:1,15,18; 4:13; 5:4; 6:18); മാ ത്രമല്ല, ജാതീയ വേർതിരിവില്ലാത്ത നാമമാണിത് (ഗലാത്യർ 3:26–28). വി ജാതീയരിൽ നിന്നുള്ള ക്രിസ്തുവിശ്വാസികൾക്ക് യിസ്രായേല്യരോടൊ പ്പം ദൈവരാജ്യത്തിൽ പൗരത്വം ലഭിച്ചു എന്നല്ല, മറിച്ച്, ഇരുപക്ഷക്കാ ർക്കും ക്രിസ്തുയേശുവിൽ ദൈവം മുമ്പാകെ ഒരേ വ്യവസ്ഥയിലൂടെ

ഒരേ പദവിയും പൗരത്വവും പ്രവേശനവും ആണുള്ളത്; ഇരുവരും ഒരേ ഭവനക്കാരും ഇരുവർക്കും ഒരേ ദൈവം തന്നെ പിതാവും ആണ് (4:4–6; യോഹ. 10:16).

iii. മുമ്പ് വിജാതീയർ ആയിരുന്നവർ ഇപ്പോൾ ദൈവം വസിക്കുന്ന വിശുദ്ധ മന്ദിരമായി ദൈവജനത്തോടൊപ്പം പണിയപ്പെടുന്നു (2:20–22).

അതിൽ *ഒന്നാമതായി* ദൈവജനം ദൈവം വസിക്കുന്ന മന്ദിരമായി എങ്ങനെ പണിയപ്പെടുന്നു എന്ന് പറയുന്നു.

**"ക്രിസ്തുയേശു തന്നെ മൂലകല്ലായിരിക്കെ നിങ്ങളെ അപ്പോസ്തലന്മാരും പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിന്മേൽ പണിതിരിക്കുന്നു"** (v.20)

അപ്പോസ്തലന്മാരും പ്രവാചകന്മാരും ഉപദേശത്തിലൂടെയും ശുശ്രൂഷയിലൂടെയും സഭയ്ക്ക് അടിസ്ഥാനം ഇട്ടവരാണ് (1 കൊരി. 3:10–12; 12:28–29). സഭയുടെ കാന്തനായ ക്രിസ്തു തന്നെയാണ് അടിസ്ഥാനം ആയിരിക്കുന്നതും മൂലക്കല്ലായിരിക്കുന്നതും (യെശയ്യാ. 28:16; മത്തായി 16:18; ലൂക്കോസ് 20:17; 1 പത്രോസ് 2:7). ഒരു കെട്ടിടത്തിന് അടിസ്ഥാനം പോലെയും (2:20–22), ഒരു ശരീരത്തിന് തല പോലെയും (5:23) സഭയിൽ ക്രിസ്തുവിന്റെ അപ്രമാദിത്വം വളരെ സ്പഷ്ടമാണ്. ഇവിടെ **"പണിതിരിക്കുന്നു"** എന്നത് വ്യാകരണപ്രകാരം (epoikodomēthentes – aorist passive participle) പണി തുടങ്ങിയതും പണിയുടെ അനന്തരഫലങ്ങളും ഒന്നും സൂചിപ്പിക്കാതെ പണിയപ്പെട്ടിരിക്കുന്ന വസ്തുതയെ മാത്രം ഊന്നിപറയുന്നു. ആത്യന്തികമായി ദൈവമാണ് സകലവും പണിയുന്നത് (1 കൊരി. 3:6,9). ദൈവത്താൽ പണിയപ്പെടുന്നതുകൊണ്ടാണ് നാം ദൈവത്തിന്റെ ഭവനക്കാർ ആയതും ദൈവം ആത്മാവിൽ വസിക്കുന്ന ആലയമായി തീർന്നതും.

അതിൽ *രണ്ടാമതായി*, ദൈവജനം ദൈവം വസിക്കുന്ന മന്ദിരമായി ഏത് നിലയിൽ വളരുന്നു എന്ന് പറയുന്നു.

**"അവനിൽ കെട്ടിടം മുഴുവനും യുക്തമായി ചേർന്ന് കർത്താവിൽ വിശുദ്ധ മന്ദിരമായി വളരുന്നു"**. (2:21)

ഇവിടെ പരാമർശിക്കുന്ന കെട്ടിടം ദൈവം വസിക്കുന്ന ആലയമായ

സഭയാണ്; അത് വിശുദ്ധ മന്ദിരമായി "**വളരുന്നു**". വ്യാകരണപ്രകാരം (auxei – customary present) തുടർമാനമായി വളരുന്ന സ്വഭാവത്തെ ആണ് വർത്തമാനകാലക്രിയ ഊന്നി പറയുന്നത്.

അതിൽ *മൂന്നാമതായി*, ദൈവജനം ദൈവം വസിക്കുന്ന മന്ദിരമായി പണിയപ്പെടുന്നതിൽ ആരെല്ലാം ഉൾപ്പെടുന്നു എന്ന് പറയുന്നു.

യിസ്രായേലിന്റെ യഥാസ്ഥാനത്തിങ്കൽ യിസ്രായേല്യരോടൊപ്പം വിജാതീയരും ദൈവാലയത്തിൽ പ്രവേശിക്കുന്നതിനെക്കുറിച്ച് പ്രവാചകൻ പറഞ്ഞിട്ടുണ്ട് (യെശയ്യാ. 2:1-2; 56:3-8). അതോട് ബന്ധപ്പെട്ടാണ് "**അവനിൽ നിങ്ങളെയും... ഒന്നിച്ച് പണിതു വരുന്നു**" (v.22) എന്ന് പറയുന്നത്. ക്രിസ്തുവിശ്വാസികളുടെ ഏറ്റവും വലിയ പ്രത്യാശ, ദൈവം ക്രിസ്തുവിൽ സകലതും ഒന്നായി ചേർക്കുന്ന പദ്ധതിയിൽ അവരും ആത്മാവിൽ ദൈവത്തിന്റെ നിവാസമാകേണ്ടതിന് ഒരു മന്ദിരമായി ഒരുമിച്ചു വളരുന്നു എന്നതാണ്.

അതിൽ *നാലാമതായി*, ദൈവജനം വിശുദ്ധ മന്ദിരമായി എന്തിനുവേണ്ടി പണിയപ്പെടുന്നു എന്ന് പറയുന്നു.

ഇവിടെ "**ദൈവത്തിന്റെ നിവാസം ആകേണ്ടതിന്**" എന്നതിലെ നിവാസം സമാഗമനകൂടാരത്തിലെ നിവാസത്തെയൊ (പുറപ്പാട് 25:8), ശീലോവിലെ നിവാസത്തെയൊ (1 ശമുവേൽ 4:3-4), സ്വർഗ്ഗത്തിലെ നിവാസത്തെയൊ സൂചിപ്പിക്കുന്നതല്ല (1 രാജ. 8:39,43,49). മുമ്പ് ദൈവത്തിന്റെ ആത്മാവിലുള്ള നിവാസം നിയമ പെട്ടകത്തിലും (2 ശമുവേൽ 15:25), സമാഗമന കൂടാരത്തിലും (പുറപ്പാട് 25:8), ദൈവാലയത്തിലും (യെശയ്യാ. 6:1-5) ആയിരുന്നു. എന്നാൽ ഇന്ന് ആത്മാവിൽ ദൈവത്തിന്റെ നിവാസം ക്രിസ്തുവിന്റെ ശരീരമായ സഭയിലാണ് (1 കൊരി. 3:16-17; 6:17, 19; 2 കൊരി. 6:16; 1 തിമൊ. 3:15; 1 പത്രോസ് 2:5). ദൈവം തന്റെ ജനത്തിൽ വ്യക്തിപരമായും സമൂഹപരമായും ആത്മാവിൽ വസിക്കുന്നു (യെഹ. 36:27; ഹഗ്ഗായി 2:5; യോഹ. 14:23; റോമർ 8:9; 1 കൊരി. 3:16; 2 കൊരി. 6:16). 2:9-ൽ വിശുദ്ധന്മാർ ദൈവത്തിന്റെ ഭവനക്കാർ ആയെങ്കിൽ, 2:22 -ൽ വിശുദ്ധന്മാർ ദൈവത്തിന്റെ ഭവനം തന്നെ ആകുന്നു (യോഹ. 14:23; 1 കൊരി. 6:19; വെളിപ്പാട് 21:3).

അപ്പോസ്തലൻ പറഞ്ഞുവരുന്നതിന്റെ ചുരുക്കം: ഒന്നാമതായി, മുമ്പ് ന്യായപ്രമാണപ്രകാരം വേർപ്പെടിരുന്ന ഇരുപക്ഷത്തെയും ക്രിസ്തു തന്നിൽ ഒന്നാക്കി തീർത്തു (2:14), രണ്ടാമതായി, ക്രിസ്തു തന്നിൽ

ഇരുപക്ഷത്തെയും ഒരു പുതിയ മനുഷ്യനായി സൃഷ്ടിച്ചു (2:15), മൂന്നാമതായി, ക്രിസ്തു ഇരുപക്ഷത്തെയും ഒരു ശരീരമായി ദൈവത്തോട് നിരപ്പിച്ചു (2:16), നാലാമതായി, ക്രിസ്തു ഇരുപക്ഷത്തിനും ഏക ആത്മാവിൽ പിതാവിങ്കലേക്ക് പ്രവേശനം സാധ്യമാക്കി (2:18), അഞ്ചാമതായി, ആത്മാവിൽ ദൈവത്തിന്റെ നിവാസം ആകേണ്ടതിന് ക്രിസ്തുവിൽ ഇരുപക്ഷത്തെയും ഒന്നിച്ച് പണിയപ്പെടുന്നു(2:22).

മറ്റൊരു നിലയിൽ പറഞ്ഞാൽ, 2:13 -ൽ പരാമർശിച്ചിരിക്കുന്ന ദൂരസ്ഥന്മാരും സമീപസ്ഥന്മാരും ക്രിസ്തുവിൽ ഒരു പുതുമനുഷ്യനായി (2: 15), ഒരു ശരീരമായി (2:16), ഒരു ഭവനമായി (2:19), ഒരു മന്ദിരമായി (2: 21) ദൈവം ആത്മാവിൽ വസിക്കുന്ന ഒരു നിവാസമായി പണിയപ്പെടുന്നു (2:22). ഒരു വൃക്ഷമോ ഒരു ശരീരമോ സ്വാഭാവികമായി വളരുന്നതുപോലെ വിശുദ്ധമന്ദിരമായ സഭ മനുഷ്യസങ്കൽപ്പങ്ങൾക്ക് ഊഹിക്കാവുന്നതിലും ഉപരിയായി ഒരു സാർവത്രിക മന്ദിരമായി വളരുന്നു.

സഹസ്രാബ്ദ വാഴ്ചയിൽ യെരുശലേമും അതിലെ ആലയവും സകല ജാതികളുടെയും ശ്രദ്ധാകേന്ദ്രവും ആരാധന കേന്ദ്രവും ആകുമെന്ന് വിശുദ്ധ പ്രവാചകന്മാർ പറയുന്നതിന്റെ മർമ്മം (1 രാജാ. 8:41-43; യെശയ്യാവ് 2:2-4; 56:3-8; 66:18; യിരെ. 3:17; മീഖ 4:2; സെഖര്യാവ് 8:22-23; 14:16); ഈ സഭാകാലഘട്ടത്തിൽ യാഥാർത്ഥ്യമായിരിക്കുന്നു.

***

# III

# സകലവും ക്രിസ്തുവിൽ വീണ്ടും ഒന്നായി ചേർക്കുന്ന ദൈവിക പദ്ധതിയുടെ മർമ്മം എല്ലാവരെയും അറിയിക്കുവാൻ ദൈവം അപ്പോസ്തലന് നിയോഗം നൽകി (3:1–21)

വിജാതീയർ ഉൾപ്പെടുന്ന അനുവാചകരെ സുവിശേഷത്താൽ ക്രിസ്തുയേശുവിൽ കൂട്ടവകാശികളും ഏകശരീരസ്ഥരും വാഗ്ദത്തത്തിൽ പങ്കാളികളുമാക്കി ദൈവജനത്തോട് ചേർത്ത് ഒന്നാക്കി അവരിലൂടെ ദൈവത്തിന്റെ ആത്യന്തിക ലക്ഷ്യം നിറവേറ്റുന്ന അനാദിനിർണയപ്രകാരമുള്ള ഒരു മഹനീയ പദ്ധതി. ഈ പദ്ധതിയുടെ ഭാഗമായി വിജാതീയർക്കു വേണ്ടി അപ്പോസ്തലന് ലഭിച്ച ദൈവകൃപയുടെ വ്യവസ്ഥയും (3:1–13) അതിന്റെ ഫലമായി അപ്പോസ്തലൻ അനുവാചകർക്കുവേണ്ടി അർപ്പിക്കുന്ന പ്രാർത്ഥനയും (3:14–21) ഇവിടെ വിശദമായി രേഖപ്പെടുത്തിയിരിക്കുന്നു.

## A. വിജാതീയർക്ക് വേണ്ടി അപ്പോസ്തലന് വെളിപ്പെട്ട ക്രിസ്തുവിനെ സംബന്ധിച്ചുള്ള മർമ്മം (3:1–6)

**‘‘അതുനിമിത്തം പൌലൊസ് എന്ന ഞാൻ ജാതികളായ നിങ്ങൾക്കു വേണ്ടി ക്രിസ്തുയേശുവിന്റെ ബദ്ധനായിരിക്കുന്നു. നിങ്ങൾക്കായി എനിക്കു ലഭിച്ച ദൈവകൃപയുടെ വ്യവസ്ഥയെക്കുറിച്ചു ഞാൻ മീതെ ചുരുക്കത്തിൽ എഴുതിയതുപോലെ വെളിപ്പാടിനാൽ എനിക്കു ഒരു മർമ്മം അറിയായ്വന്നു എന്നു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. നിങ്ങൾ അതുവായിച്ചാൽ ക്രിസ്തുവിനെ സംബന്ധിച്ചുള്ള മർമ്മത്തിൽ എനിക്കുള്ള ബോധം നിങ്ങൾക്കു ഗ്രഹിക്കാം. ആ മർമ്മം ഇപ്പോൾ അവന്റെ വിശുദ്ധ അപ്പൊസ്തലന്മാർക്കും പ്രവാചകന്മാർക്കും ആത്മാവിനാൽ വെളിപ്പെട്ടതുപോലെ പൂർവ്വകാലങ്ങളിൽ മനുഷ്യർക്കു അറിയായ്വന്നിരു**

**ന്നില്ല. അതോ ജാതികൾ സുവിശേഷത്താൽ ക്രിസ്തുയേശുവിൽ കൂട്ടവകാശികളും ഏകശരീരസ്ഥരും വാഗ്ദത്തത്തിൽ പങ്കാളികളും ആകേണം എന്നുള്ളതു തന്നേ.**"

വിജാതീയർ ഉൾപ്പെടുന്ന അനുവാചകരെ ദൈവജനത്തോട് ചേർക്കുന്ന ദൈവിക പദ്ധതി മുൻതലമുറകൾക്ക് മറഞ്ഞിരുന്നതും, ക്രിസ്തുവിനെ സംബന്ധിച്ചുള്ളതും, ക്രിസ്തുവിന്റെ സുവിശേഷത്തിലൂടെ സാധ്യമായതുമായ ഒരു മർമ്മം ആയിരുന്നു എന്നും, അതിൽ അപ്പോസ്തലന്റെ നിയോഗം എന്താണെന്നും അതിന്റെ ആത്യന്തിക ലക്ഷ്യം എന്താണെന്നും ഇവിടെ പറയുന്നു.

ഇതോടു ബന്ധപ്പെട്ട് അപ്പോസ്തലന്റെ ഇപ്പോഴത്തെ അവസ്ഥയാണ് "**അതുനിമിത്തം പൗലോസ് എന്ന ഞാൻ ജാതികളായ നിങ്ങൾക്ക് വേണ്ടി ക്രിസ്തുയേശുവിന്റെ ബദ്ധനായിരിക്കുന്നു**" (v. 1) എന്നതിലൂടെ അപ്പോസ്തലൻ അനുവാചകരെ അറിയിക്കുന്നത്.

ഇവിടെ "**അതുനിമിത്തം**" (tou tou charin) അഥവാ ഇക്കാരണത്താൽ എന്നതിലൂടെ മുൻ വാക്യങ്ങളെയാണ് അപ്പോസ്തലൻ സൂചിപ്പിക്കുന്നത് (2:11–22). ക്രിസ്തുയേശുവിലുള്ള ദൈവിക പദ്ധതിയിൽ ക്രിസ്തുവിൽ വിശ്വസിക്കുന്ന ജാതികളെയും ദൈവം തന്റെ ജനത്തിൽ ഉൾപ്പെടുത്തിയതുകൊണ്ടും (2:11–12, 19–22), മുമ്പ് ദൂരസ്ഥരായിരുന്നവരെല്ലാം ഇപ്പോൾ ക്രിസ്തുയേശുവിന്റെ രക്തത്താൽ സമീപസ്ഥർ ആകുന്നത് കൊണ്ടും (2:13), വിശ്വസിക്കുന്ന വിജാതിയരും യിസ്രായേല്യരും ക്രിസ്തുവിൽ ഒരു പുതുമനുഷ്യനായി സൃഷ്ടിക്കപ്പെടുന്നത് കൊണ്ടും (2:15), ഒരു ശരീരമായി ദൈവത്തോട് നിരപ്പ് പ്രാപിക്കുന്നത് കൊണ്ടും (2:16), ഇരുപക്ഷക്കാർക്കും ഏകാത്മാവിൽ പിതാവിങ്കലേക്ക് പ്രവേശനം ഉള്ളതുകൊണ്ടും (2:18), വിശ്വസിക്കുന്ന എല്ലാവരും ഒരുപോലെ ദൈവരാജ്യത്തിലെ പൗരന്മാരും ദൈവഭവനത്തിലെ അംഗങ്ങളും ആകുന്നത് കൊണ്ടും (2:19), ഇരുപക്ഷവും യുക്തമായി ചേർന്ന് ദൈവത്തിന്റെ ആലയവും നിവാസവുമായി പണിയപ്പെടുന്നതുകൊണ്ടും (2:21–22), ഇങ്ങനെ വിജാതീയർക്കുള്ള ദൈവീക പദ്ധതിയിലെ നിയോഗം നിമിത്തം "**പൗലോസ് എന്ന ഞാൻ ജാതികളായ നിങ്ങൾക്കുവേണ്ടി ക്രിസ്തുയേശുവിന്റെ ബദ്ധനായിരിക്കുന്നു**".

അപ്പോസ്തലന് ലഭിച്ച ദൈവീക നിയോഗത്തിന്റെ നിവൃത്തിയാണ് ഈ ബന്ധനത്തിലൂടെ വെളിപ്പെടുന്നത് (അപ്പോ. 9:15–16; 26:16–18).

ഇക്കാരണത്താൽ ഇവിടെ "**ബദ്ധനായിരിക്കുന്നു**" എന്നതിനോടൊപ്പം ഉള്ള വിശേഷണഭേദകം (the), റോമയിലെ കാരാഗൃഹത്തിലാണ് താൻ ബന്ധിതനായിരിക്കുന്നതെങ്കിലും റോമൻ കാരാഗൃഹത്തിലുള്ള ഏതെങ്കിലും ഒരു ബന്ധിതനായിട്ടല്ല മറിച്ച്, അനുവാചകരായ ജാതികൾക്ക് വേണ്ടിയുള്ള ക്രിസ്തുയേശുവിന്റെ ഒരു പ്രത്യേക ബദ്ധനായിട്ടാണ് (ho desmios) അപ്പോസ്തലൻ തന്നെത്താൻ കരുതുന്നത്. ആരംഭത്തിൽ താൻ "**ദൈവേഷ്ടത്താൽ ക്രിസ്തുയേശുവിന്റെ അപ്പോസ്തലൻ**" ആകുന്നു എന്ന് അവകാശപ്പെട്ടിട്ട് (1:1), ഇവിടെ താൻ "**ക്രിസ്തുയേശുവിന്റെ ബദ്ധനായിരിക്കുന്നു**" എന്ന് പറയുന്നതിന് (3:1) പ്രത്യേക കാരണങ്ങളുണ്ട്.

കർത്താവായ യേശുക്രിസ്തുവിന്റെ സുവിശേഷം നിമിത്തം സൻഹദ്രിൻ സംഘത്തിന്റെ മുമ്പിലും ഗവർണർമാരുടെ മുമ്പിലും അഗ്രിപ്പാരാജാവിന്റെ മുമ്പിലും താൻ വിസ്തരിക്കപ്പെട്ടിട്ടുണ്ട്; കൈസര്യയിൽ തടവുകാരനായി കിടന്നിട്ടുണ്ട്; ഇപ്പോൾ റോമയിൽ വിചാരണ തടവുകാരനായിരിക്കുന്നു (അപ്പോ. 21-28). എന്നാൽ റോമൻ കൈസറുടെ തടവുകാരൻ ആയിട്ടല്ല, മറിച്ച്, ക്രിസ്തുയേശുവിന്റെ ബദ്ധനായിട്ടാണ് താൻ അതിനെ കാണുന്നത്; കാരണം ആദ്യം തന്നെ ക്രിസ്തുവിന്റെ ദാസനും ബദ്ധനും ആയതുകൊണ്ടാണ് താൻ ഇപ്പോൾ കൈസറുടെ ബദ്ധനായിരിക്കുന്നത്; മാത്രമല്ല താൻ ഇപ്പോൾ തടവിലായിരിക്കുന്നതിന്റെ കാരണമായിരിക്കുന്നതെല്ലാം - താൻ ചെയ്തതും പ്രവർത്തിച്ചതും എല്ലാം ദൈവീക വാഗ്ദത്ത പ്രകാരമാണ്, കർത്താവിന്റെ സുവിശേഷം നിമിത്തമാണ്, ജാതികളുടെ രക്ഷയ്ക്ക് വേണ്ടിയാണ് (3:13; 2 കൊരി. 1:6), തന്നെ കുറിച്ചുള്ള ദൈവിക പദ്ധതിയുടെ ഭാഗമാണ്, തനിക്ക് ലഭിച്ച നിയോഗത്തിൽ ഉൾപ്പെട്ടതാണ് (അപ്പൊ. 9:15-16; 26:16-19). അതുകൊണ്ട് രാജാധിരാജാവും കർത്താധികർത്താവുമായ തന്റെ കർത്താവായ യേശു അറിയാതെയും അനുവദിക്കാതെയും തനിക്ക് ഒരു ബന്ധനവും ഇല്ല വിസ്താരവുമില്ല വിചാരണയുമില്ല ശിക്ഷയുമില്ല മരണവും ഇല്ല എന്നുള്ള ബോധ്യത്തിലാണ് താൻ ജീവിച്ചത് (യോഹ. 19:10-11).

അപ്പോസ്തലൻ സേവിക്കുന്ന തന്റെ യജമാനനും കർത്താവുമായ ക്രിസ്തുയേശു മരിച്ചവരിൽ നിന്നും ഉയർത്തെഴുന്നേറ്റവനും, സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാ അധികാരങ്ങൾക്കും നാമങ്ങൾക്കും മീതെയുള്ളവനും, സകലത്തെയും തന്റെ കാൽകീഴാക്കിയവനും ആകുന്നു (1:21-23; മത്തായി 28:18). എങ്കിലും ഈ വലിയ കർത്താവിന്റെ അപ്പോ

സ്തലൻ ഇപ്പോൾ കൈസറുടെ തടവുകാരൻ ആയിരിക്കുന്നു; ഒരു ദുഷ്പ്രവർത്തിക്കാരൻ എന്നപോലെ ചങ്ങല ധരിച്ചിരിക്കുന്നു; മാനുഷികമായി ചിന്തിച്ചാൽ ഇതിനേക്കാൾ വലിയൊരു അപമാനവും താഴ്ചയും വൈരുധ്യവും ഇല്ല.

എന്നാൽ അപ്പോസ്തലന്റെ ഈ അനുഭവവും അവസ്ഥയും താത്വികമായി എല്ലാ ക്രിസ്തുവിശ്വാസികളുടെയും ഇപ്പോഴത്തെ അവസ്ഥയെയും അനുഭവത്തെയും ആണ് സൂചിപ്പിക്കുന്നത്. കാരണം അവർ ഇന്ന് സ്വർഗ്ഗത്തിലെ സകല ആത്മിക അനുഗ്രഹങ്ങളാലും അനുഗ്രഹിക്കപ്പെട്ട് (1:3), വിശുദ്ധന്മാരുടെ സഹപൗരന്മാരും ക്രിസ്തുയേശുവിനോട് കൂടെ കൂട്ടവകാശികളും (2:19), ദൈവത്തിന്റെ ആലയവും നിവാസവുമായി പണിയപ്പെടുന്നവരും (2:21-22) ആകുന്നു എങ്കിലും അവർ ഇവിടെ പലപ്പോഴും അവഗണിക്കപ്പെടുന്നവരും ഉപദ്രവിക്കപ്പെടുന്നവരും നിന്ദിതരും നിസ്സാരരും ദുർബലരും പരാജിതരും ആയിരിക്കുന്നു.

എന്നാൽ ഏതൊരു സാഹചര്യത്തേക്കാളും പ്രാധാന്യം ഉള്ളത് നാം ഓരോ സാഹചര്യത്തെയും എങ്ങനെ കാണുന്നു അഥവാ എങ്ങനെ കണക്കാക്കുന്നു എന്നതാണ്. തന്റെ ജീവന്റെ മേലും ജീവിതത്തിന്റെ മേലും അധികാരമുള്ളതും തന്റെ ഭാവി നിർണയിക്കുന്നതും, പടയാളികളും കാരാഗൃഹപ്രമാണിയും ചക്രവർത്തിയും ആയിരുന്നു എന്ന് താൻ ധരിച്ചിരുന്നുവെങ്കിൽ നിരാശ മാത്രമായിരുന്നു ഫലം. എന്നാൽ പ്രഥമമായി താൻ കർത്താവിന്റെ ആയുഷ്കാല ബദ്ധനായിരിക്കുന്നു എന്ന ബോധ്യം കൈസരുടെ തൽക്കാല ബദ്ധനായിരിക്കുന്നുവെന്ന അവസ്ഥയെ അപ്രസക്തമാക്കുന്നു; പ്രഥമമായി, താൻ കർത്താവിന്റെ ആയുഷ്കാല ദാസൻ ആയിരിക്കുന്നു എന്ന ബോധ്യം ലോകത്തിൽ എത്ര താഴ്ചയിൽ ഇരിക്കുന്നു എന്നതിനെ അപ്രസക്തമാക്കുന്നു; പ്രഥമമായി താൻ എപ്പോഴും കർത്താവിനെ പ്രസാദിപ്പിക്കുന്നുവെന്ന ബോധ്യം ഈ ജീവിതത്തിൽ എന്തെല്ലാം സഹിക്കുന്നു എന്നതിനെ അപ്രസക്തമാക്കുന്നു. ഈ നിലയിലുള്ള ബോധ്യവും കാഴ്ചപ്പാടും ആണ് തന്റെ ജീവിതത്തെയും ശുശ്രൂഷയെയും സ്വാധീനിച്ചതും നയിച്ചതും.

ജാതികളോട് സുവിശേഷം അറിയിക്കുന്നത് നിമിത്തമുള്ള തന്റെ ബന്ധനത്തെ സൂചിപ്പിച്ചതിനുശേഷം അതിനായി തനിക്ക് ലഭിച്ച ദൈവകൃപയുടെ വ്യവസ്ഥ എന്താണെന്ന് അപ്പോസ്തലൻ വിശദീകരിക്കുന്നു.

## 1. വിജാതീയർക്കുവേണ്ടി അപ്പോസ്തലന് വെളിപ്പെട്ട ക്രിസ്തുവിനെ സംബന്ധിച്ചുള്ള മർമ്മത്തിന്റെ വ്യവസ്ഥ (3:2-3)

ഇതോടുള്ള ബന്ധത്തിൽ **"നിങ്ങൾക്കായി എനിക്ക് ലഭിച്ച ദൈവകൃപയുടെ വ്യവസ്ഥയെകുറിച്ച്... എനിക്ക് ഒരു മർമ്മം അറിയായ്വന്നു എന്ന് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ"** എന്നാണ് അപ്പോസ്തലൻ പ്രാരംഭമായി പറയുന്നത് (3:2-3).

ഇവിടെ "**കേട്ടിട്ടുണ്ടല്ലോ**" എന്നതിന് വ്യാകരണപ്രകാരം (ei ge ēkousate – constative aorist) കേട്ടിട്ടുണ്ടെങ്കിൽ എന്നാണ് അർത്ഥം. ഇവിടെ പരാമർശിക്കപ്പെട്ടതുപോലെ അനുവാചകർ തന്നെ കുറിച്ച് കേട്ടിട്ടുണ്ടെന്ന് അപ്പോസ്തലൻ ഇവിടെ അനുമാനിക്കുന്നു. എന്താണ് തന്നെക്കുറിച്ച് കേട്ടത് എന്നതിന്റെ വിശദീകരണമായി **"നിങ്ങൾക്കായി എനിക്ക് ലഭിച്ച"** (tēs dotheisēs moi – constative aorist) എന്നതിലൂടെ അപ്പോസ്തലന് ഈ വിഷയത്തോട് ബന്ധപ്പെട്ട് ദൈവം നൽകിയതിനെ മൊത്തത്തിൽ സൂചിപ്പിക്കുന്നു. വിജാതീയരെ തന്റെ ഗൃഹത്തിലേക്ക് ചേർക്കുന്നതുൾപ്പെടുന്ന ദൈവത്തിന്റെ പ്രാപഞ്ചിക പദ്ധതിയുടെ ഭരണനിർവഹണത്തിന്റെ ഒരു പങ്ക് ദൈവം ഈ അപ്പോസ്തലനും നൽകിയിരുന്നു എന്നാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. അതുപോലെതന്നെ ഇവിടെ പരാമർശിക്കപ്പെടുന്ന "**ദൈവകൃപയുടെ വ്യവസ്ഥ**" (tēn oikonomian tēs charitos tou Theou) അപ്പോസ്തലന് ലഭിച്ച ദൈവഗൃഹത്തിന്റെ കാര്യവിചാരകത്വമാണ്, ഔദ്യോഗിക ഗൃഹഭരണ ചുമതലയാണ്, ദൈവത്തിന്റെ പ്രാപഞ്ചിക ഭരണനിർവഹണ പദ്ധതിയിൽ സുവിശേഷം പ്രസംഗിക്കുവാനും കൃപാവരങ്ങളെ വിശ്വസ്തതയോടെ വിനിയോഗിക്കുവാനുമുള്ള പ്രത്യേക ഉത്തരവാദിത്തമാണ് (1:10; 1 കൊരി. 3:16-17; കൊലോ. 1:25; 1 പത്രോസ് 4:10); ഇവിടെ ജാതികളുടെ അപ്പോസ്തലൻ എന്ന നിലയിൽ തനിക്ക് ലഭിച്ച പ്രത്യേക നിയോഗത്തെയാണ് ഇത് സൂചിപ്പിക്കുന്നത്.

ഇതോട് ബന്ധപ്പെട്ടുണ്ടായ അപ്പോസ്തലന്റെ ബന്ധനം പ്രതിസന്ധിയിൽ ദൈവം തന്നെ കൈവിട്ടതിന്റെ തെളിവായിരിക്കുന്നില്ല; മറിച്ച്, ഏറ്റവും വലിയ പ്രതികൂലത്തിലും തന്നിലൂടെ ദൈവീകശക്തി വെളിപ്പെടുത്തുന്നതിന്റെയും ദൈവത്താൽ ഉപയോഗിക്കപ്പെടുന്നതിന്റെയും ദൈവകൃപ വ്യാപരിക്കുന്നതിന്റെയും തെളിവായിരിക്കുന്നു. അതുകൊണ്ട് ദൈവഹിത പ്രകാരം ജീവിക്കുന്നവരുടെ സാഹചര്യങ്ങൾ എത്ര പ്രതികൂലമായിരുന്നാലും ദൈവകൃപയാൽ പൗലോസിനെ പോലെ എല്ലാവരെയും ദൈവമഹത്വത്തിനായി ഉപയോഗിക്കുവാൻ ദൈവത്തിന് കഴിയും എന്നതിന് അപ്പോസ്തലന്റെ ജീവിതം ഒരു ദൃഷ്ടാന്തം ആയിരിക്കുന്നു.

ഈ ദൈവകൃപയുടെ വ്യവസ്ഥ അപ്പോസ്തലൻ വെളിപ്പാടിനാൽ അറിഞ്ഞ "**ഒരു മർമ്മം**" ആയിരുന്നു. പഴയ നിയമ കാലഘട്ടത്തിൽ മറഞ്ഞിരുന്നതും പുതിയനിയമ കാലഘട്ടത്തിൽ പ്രത്യേക വെളിപ്പാടിലൂടെ ദൈവം വെളിപ്പെടുത്തിയതുമായ ആത്മീയ സത്യങ്ങൾക്കാണ് "**മർമ്മം**" എന്ന് പറയുന്നത് (1:9; 3:3–4; 5:32; 6:19; കൊലോ. 1:25–26).

ഇവിടെ "എനിക്കൊരു മർമ്മം **അറിയായ്‌വന്നു**" എന്നതിലൂടെ വ്യാകരണപ്രകാരം (egnōristhē – constative aorist) പൗലോസ് അടക്കമുള്ള അപ്പോസ്തലന്മാർക്കും പ്രവാചകന്മാർക്കും ഈ മർമ്മം ദൈവം വ്യക്തമായി അറിയിച്ചു കൊടുത്തതിനെ സൂചിപ്പിക്കുന്നു. എന്നാൽ "**വെളിപ്പാടിനാൽ**" എന്നതിലൂടെ ദൈവകൃപയുടെ വ്യവസ്ഥയെ കുറിച്ചുള്ള ഈ മർമ്മത്തിൽ മറഞ്ഞിരിക്കുന്ന ആത്മീക സത്യങ്ങൾ ദൈവം മനുഷ്യനെ അറിയിച്ച മുഖാന്തരത്തെയാണ് സൂചിപ്പിക്കുന്നത്.

## 2. വിജാതീയർക്കുവേണ്ടി അപ്പോസ്തലന് വെളിപ്പെട്ട ക്രിസ്തുവിനെ സംബന്ധിച്ചുള്ള മർമ്മത്തിന്റെ ഉൾക്കാഴ്ച (3: 3 – 4).

ഇവിടെ "**ക്രിസ്തുവിനെ സംബന്ധിച്ചുള്ള മർമ്മത്തിൽ**" (en tō mystēriō tou Christou) അഥവാ, ക്രിസ്തുവിന്റെ ഈ മർമ്മത്തിൽ താൻ "**മീതെ ചുരുക്കത്തിൽ എഴുതിയതുപോലെ**" (kathos proegrapsa en oligō) എന്നത് എഴുതിയ രീതിയേയും അല്പം മുമ്പ് സംഭവിച്ചതിനെയും (2: 11–22) സൂചിപ്പിക്കുന്നു (immediate past aorist). അത് വായിച്ചാൽ ഈ മർമ്മത്തിൽ "**എനിക്കുള്ള ബോധം**" (tēn synesin mou) അഥവാ, പ്രത്യേക ഉൾക്കാഴ്ച നിങ്ങൾക്ക് ഗ്രഹിക്കാം എന്ന് അപ്പോസ്തലൻ പറയുന്നു. എന്നാൽ ഈ ഉൾക്കാഴ്ച താൻ സ്വയം നേടിയെടുത്തതല്ല, മറിച്ച് ദൈവം നൽകിയതാണ് (പുറപ്പാട് 31:3–5; അപ്പോ. 9:15–16; 22:6–21; 26:12–18; ഗലാത്യർ 1:11–12; കൊലോ. 2:2). ഇവിടെ "**നിങ്ങൾ അതു വായിച്ചാൽ**" (anaginoskontes – present tense) എന്നതിന് വായിക്കുമ്പോൾ "**നിങ്ങൾക്ക് ഗ്രഹിക്കാം**" എന്നാണ് അർത്ഥം. ഗ്രഹിക്കുവാനുള്ള മുഖാന്തരം വായിക്കുകയാണെന്നും ഇതിനർത്ഥമുണ്ട്. എന്നാൽ വായിക്കുക എന്നതുകൊണ്ട് പരസ്യമായ വചനപാരായണത്തെയാണ് അപ്പോസ്തലൻ ഇവിടെ സൂചിപ്പിക്കുന്നത്. കാരണം പുരാതനകാലത്ത് സാക്ഷരത നിരക്ക് വളരെ കുറവായിരുന്നതുകൊണ്ടും (3–10 %) തിരുവെഴുത്തിന്റെ കൈയെഴു

ത്ത് ചുരുളുകൾ വളരെ വിരളമായിരുന്നതുകൊണ്ടും പരസ്യമായ വചന പാരായണത്തെ ആയിരുന്നു എല്ലാവരും ആശ്രയിച്ചിരുന്നത് (കൊലോ. 4 :16; 1 തെസ്സ. 5:27; 1 തിമൊ. 4:13).

ദൈവം അപ്പോസ്തലന് ഈ മർമ്മം വെളിപ്പെടുത്തിയതുകൊണ്ടും, താൻ അത് അനുവാചകരിലേക്ക് പകർന്നതുകൊണ്ടും അതിൽ അപ്പോ സ്തലന്റെ ഉൾക്കാഴ്ച (dynasthe noēsai – progressive present) ക്രമാനുഗ തമായി അനുവാചകർക്ക് ഗ്രഹിക്കുവാൻ കഴിയും എന്ന് വ്യാകരണം ഇ വിടെ സൂചിപ്പിക്കുന്നു.

## 3. വിജാതീയർക്ക് വേണ്ടി അപ്പോസ്തലന് വെളിപ്പെട്ട ക്രിസ്തുവിനെ സംബന്ധിച്ചുള്ള മർമ്മത്തിന്റെ പ്രത്യേകത (3:5)

**"ആ മർമ്മം ഇപ്പോൾ അവന്റെ വിശുദ്ധ അപ്പോസ്തലന്മാർക്കും പ്രവാചകന്മാർക്കും ആത്മാവിനാൽ വെളിപ്പെട്ടതുപോലെ പൂർവ്വകാല ങ്ങളിൽ മനുഷ്യർക്ക് അറിയായ്വന്നിരുന്നില്ല"** (3:5)

പൗലോസ് ഇവിടെ പ്രസ്താവിക്കുന്ന മർമ്മം പഴയനിയമത്തിൽ പ ല നിലയിൽ ദൈവം ഭാഗികമായും നിഴലായും സൂചന നൽകിയ ആ ത്മീക യാഥാർത്ഥ്യങ്ങളുടെ വ്യക്തമായ പുതിയനിയമ വെളിപ്പാടാകു ന്നു (യെശയ്യ. 56:6–7); മറ്റ് അപ്പോസ്തലന്മാർക്കും അത് വെളിപ്പെട്ടിരു ന്നു (അപ്പൊ. 10:34–35; 11:18–21). എന്നാൽ അതിന്റെ അർത്ഥവും ആഴ വും വ്യാപ്തിയും മനുഷ്യർക്ക് ഈ നിലയിൽ അറിയായ്വന്നിരുന്നില്ല.

സുവിശേഷത്തിലൂടെ ജാതികൾ ദൈവജനത്തോട് ചേരുന്നു, അ വരെ ഒന്നിച്ച് ദൈവത്തോട് നിരപ്പിക്കുന്നു, അവർ ക്രിസ്തുവിൽ ഒരു ശരീരമായി തീരുകയും ഒരു ഭവനമായി പണിയപ്പെടുകയും ചെയ്യുന്നു എന്നതാണ് "**ആ മർമ്മം**" (2:11–22). ജാതികളെ ദൈവജനത്തോട് ചേ ർക്കുന്ന സൂചന പഴയ നിയമത്തിൽ ഉണ്ടായിരുന്നു എങ്കിലും (സങ്കീർ ത്തനം 68:29,31; യെശയ്യാ. 45:14; 56:6–7; 1 പത്രോസ് 1:10–12) അത് വ്യ ക്തതയോടെ വെളിപ്പെട്ടതും പൂർണ്ണതയിൽ യാഥാർത്ഥ്യമായതും പുതി യനിയമ കാലഘട്ടത്തിലാണ്.

ആ മർമ്മം ഇപ്പോൾ "**അവന്റെ**" വിശുദ്ധ അപ്പോസ്തലന്മാർക്കും പ്രവാചകന്മാർക്കും എന്നതുകൊണ്ട് ഒന്നുകിൽ ദൈവത്തിന്റെ (കൊ ലോ. 1:26) അല്ലെങ്കിൽ ക്രിസ്തുവിന്റെ (4:1) എന്നാണ് അർത്ഥം. അതു പോലെ "**വിശുദ്ധ**" എന്ന വിശേഷണത്തിൽ കർത്താവിന്റെ അപ്പോസ്

തലന്മാരോടൊപ്പം പുതിയനിയമ പ്രവാചകന്മാരും ഉണ്ടായിരുന്നു; കാരണം അവരും ആത്മീക സത്യങ്ങൾ ദൈവജനത്തെ അറിയിച്ചിരുന്നു (4:10; അപ്പോ. 13:1). യഹൂദരും വിജാതീയരും ഉൾപ്പെടുന്ന കല്ലുകളാൽ പണിയപ്പെട്ട ദൈവാലയത്തിന്റെ അടിസ്ഥാനമാണ് അപ്പോസ്തലന്മാരും പ്രവാചകന്മാരും (2:20–22). അതിൽ പത്രോസ്, പൗലോസ്, ബർന്നബാസ്, അപ്പല്ലോസ് മുതലായവരും ഉണ്ടായിരുന്നു (അപ്പോ. 13:1–2; 1 കൊരി. 9:5–6; ഗലാത്യ. 2:7–9); ദൈവിക മർമ്മങ്ങളുടെ ഗൃഹവിചാരകർ എന്ന നിലയിൽ അവർക്കുള്ള പങ്കിനെപ്പറ്റിയും അപ്പോസ്തലൻ പറയുന്നുണ്ട് (1 കൊരി. 3:22; 4:1; കൊലോ. 1:25–28).

ഇവിടെ "**ആത്മാവിനാൽ** വെളിപ്പെട്ടതുപോലെ" എന്നതിലൂടെ ഈ മർമ്മം ദൈവത്തിന്റെ ആത്മാവിലൂടെയാണ് ദൈവം തന്റെ ദാസന്മാർക്ക് വെളിപ്പെടുത്തിയത് എന്നതിനെ സൂചിപ്പിക്കുന്നു. അർത്ഥാൽ, സുവിശേഷം പ്രസംഗിക്കുന്നവരിലൂടെ ദൈവം തന്റെ ആത്മാവിനാൽ ഈ മർമ്മത്തിന്റെ ജ്ഞാനം വെളിപ്പെടുത്തി (1 കൊരിന്ത്യർ 2:6–10). കാരണം ആത്മാവ് ദൈവത്തിന്റെ ആഴങ്ങളെയും രഹസ്യങ്ങളെയും വെളിപ്പെടുത്തുന്നു (1 കൊരി. 2:10–13). ആത്മീക സത്യങ്ങളെ ഈ നിലയിൽ ആത്മാവിനാൽ വെളിപ്പെടുത്തുന്നത് കർത്താവിന്റെ വാഗ്ദത്തത്തിന് അനുസൃതമാണ് (യോഹ. 14:26; 15:26; 16:23). എന്നാൽ "**വെളിപ്പെട്ടതുപോലെ**" എന്നത് ഇവിടെ വ്യാകരണപ്രകാരം (apekalyphthē – constative aorist) സംഭവിച്ചു കഴിഞ്ഞ ഒരു പ്രവർത്തിയെ വിശദീകരണം കൂടാതെ മൊത്തത്തിൽ സൂചിപ്പിക്കുകയും, ഇതൊന്നും തന്നെത്താൻ വെളിപ്പെട്ടതല്ല, മറിച്ച് ദൈവം വെളിപ്പെടുത്തിയതാണ് എന്നതിനെ സൂചിപ്പിക്കുകയും ചെയ്യുന്നു (divine passive). മാത്രമല്ല "**ഇപ്പോൾ വെളിപ്പെട്ടതുപോലെ**" (hōs – as - comparison) എന്നതിലൂടെ വെളിപ്പാടുകളുടെ താരതമ്യത്തെയും സൂചിപ്പിക്കുന്നു. അർത്ഥാൽ, ഈ വിഷയത്തിലുള്ള വെളിപ്പാടുകൾ ഇപ്പോൾ ലഭിച്ച അളവിൽ മുമ്പ് "**മനുഷ്യർക്ക്**" അർത്ഥാൽ, മുൻ തലമുറകൾക്ക് "**അറിയായ്വന്നിരുന്നില്ല**". മുമ്പ് ഇത് മനുഷ്യർക്ക് മറച്ചിരുന്നത് ദൈവമായിരുന്നു എന്ന് വ്യാകരണം ഇവിടെ പരോക്ഷമായി സൂചിപ്പിക്കുന്നു (ouk egonōristhē – divine passive).

എന്നാൽ "**മനുഷ്യർക്ക് അറിയായ്വന്നിരുന്നില്ല**" എന്നതിലൂടെ ഇവിടെ ആത്മീക പിതാക്കന്മാരെയും പ്രവാചകന്മാരെയും അല്ല ഉദ്ദേശിക്കുന്നത്, മറിച്ച്, സാമാന്യ ജനങ്ങളെയാണ്. ഇങ്ങനെയുള്ളവരെ അപേ

ക്ഷിച്ച് പിതാക്കന്മാർക്കും പ്രവാചകന്മാർക്കും ന്യായശാസ്ത്രിമാർക്കും ഇക്കാര്യങ്ങളിൽ കൂടുതൽ ഉൾക്കാഴ്ച ഉണ്ടായിരുന്നു എങ്കിലും (1 പത്രോസ് 1:10-12) പുതിയനിയമ വെളിപ്പാടുമായി താരതമ്യം ചെയ്യുമ്പോൾ ഈ മർമ്മത്തിൽ അവർക്കുള്ള അറിവ് വളരെ പരിമിതമായിരുന്നു.

കാരണം, പല പഴയനിയമ വേദഭാഗങ്ങളുടെയും അർത്ഥം പുതിയ നിയമത്തിലൂടെയും അപ്പോസ്തലിക വിശദീകരണത്തിലൂടെയുമാണ് നാം മനസ്സിലാക്കുന്നത്. ഭൂമിയിലെ സകല കുടുംബങ്ങളും നിന്നിൽ അനുഗ്രഹിക്കപ്പെടും (ഉല്പത്തി 12:3) എന്ന തിരുവെഴുത്തിന്റെ വ്യാപ്തി എത്രത്തോളം എന്നതും എങ്ങനെ എന്നതും പഴയനിയമത്തിൽ ഒരു മർമ്മം ആയിരുന്നു; പുതിയനിയമത്തിൽ നിന്നാണ് പ്രസ്തുത തിരുവെഴുത്തിന്റെ ആഴവും വ്യാപ്തിയും നാം അറിയുന്നത് (ഗലാത്യർ 3:8,16); അതുപോലെ എന്റെ രക്ഷ ഭൂമിയുടെ അറ്റത്തോളം അറിയേണ്ടതിന് ഞാൻ നിന്നെ ജാതികൾക്ക് വെളിച്ചമാക്കും എന്ന പഴയനിയമ തിരുവെഴുത്തിൽ അടങ്ങിയിരിക്കുന്ന അപ്പോസ്തലിക നിയോഗം പുതിയനിയമത്തിൽ നിന്ന് നാം അറിയുന്നു (യെശയ്യ. 49:6; അപ്പോ. 13:46-47). അതുപോലെതന്നെ പഴയ നിയമത്തിൽ ക്രിസ്തുവിന്റെ ശരീരമായ സഭയെക്കുറിച്ചും, യഹൂദനും യവനനും ഒരു ശരീരമായി ദൈവത്തോട് നിരപ്പ് പ്രാപിക്കുന്നതും, ജാതികൾ ദൈവത്തിന്റെ അവകാശം ആകുന്നതും, ദൈവത്തിന്റെ നിവാസവും മന്ദിരവുമായി ഒരുമിച്ച് പണിയപ്പെടുന്നതും അങ്ങിങ്ങായി പല നിലയിൽ നിഴലായി സൂചിപ്പിക്കുന്നു (ഉല്പത്തി 12:3; സങ്കീ. 67:1-7; 68:29,31,32; യെശയ്യ. 45:14; 56:6-7; 66:18) എങ്കിലും അക്കാര്യങ്ങൾക്ക് ഇന്നറിയുന്നത് പോലെ അതിന്റെ അർത്ഥവും ആഴവും വ്യാപ്തിയും പൂർവ്വകാലങ്ങളിൽ മനുഷ്യർക്ക് അറിയായ്വന്നിരുന്നില്ല.

## 4. വിജാതീയർക്ക് വേണ്ടി അപ്പോസ്തലന് വെളിപ്പെട്ട ക്രിസ്തുവിനെ സംബന്ധിച്ചുള്ള മർമ്മത്തിന്റെ ഉള്ളടക്കം (3:6)

**''അതോ ജാതികൾ സുവിശേഷത്താൽ ക്രിസ്തുയേശുവിൽ കൂട്ടവകാശികളും ഏകശരീരസ്ഥരും വാഗ്ദത്തത്തിൽ പങ്കാളികളും ആകേണം എന്നുള്ളതു തന്നെ''** (3:6)

ഇവിടെ ''**ആകേണം**'' എന്നത് വ്യാകരണപ്രകാരം (einai – are – equative present) ആകുന്നു എന്നാണ് അർത്ഥം. അർത്ഥാൽ, ദൂരസ്ഥരായിരുന്ന ജാതികൾ ക്രിസ്തുയേശുവിൽ ക്രിസ്തുവിന്റെ രക്തത്താൽ സമീ

പസ്ഥർ ആകുന്നതും (2:13), വിശ്വസിക്കുന്ന എല്ലാവരും ക്രിസ്തുവിൽ ഒരു പുതുമനുഷ്യനായി സൃഷ്ടിക്കപ്പെടുന്നതും (2:15), യിസ്രായേല്യർക്കൊപ്പം ജാതികളെയും ചേർത്ത് ഒരു ശരീരമായി ക്രിസ്തുവിൽ ദൈവത്തോട് നിരപ്പിക്കുന്നതും (2:16), ഇരുപക്ഷക്കാർക്കും ഏകാത്മാവിൽ പിതാവിങ്കലേക്ക് പ്രവേശനം ഉള്ളതും (2:18), വിശ്വസിക്കുന്ന ജാതികൾ യിസ്രായേല്യരോടൊപ്പം ഒന്നിച്ച് ദൈവത്തിന്റെ ആലയവും നിവാസവുമായി പണിയപ്പെടുന്നതും (2:21-22) ആകുന്നു ഈ മർമ്മത്തിന്റെ ഉള്ളടക്കം. എന്നാൽ ഇക്കാര്യങ്ങളെല്ലാം ഇവിടെ ചുരുക്കി ഒറ്റവാക്യത്തിൽ പറഞ്ഞിരിക്കുന്നു എന്ന് മാത്രം.

അതുപോലെ "**ജാതികൾ**" എന്നതുകൊണ്ട് യഹൂദേതരായ ക്രിസ്തുവിശ്വാസികളെ സൂചിപ്പിക്കുന്നു. അവർ "**സുവിശേഷത്താൽ**" (dia tou euangeliou), അർത്ഥാൽ, സുവിശേഷം എന്ന മുഖാന്തരത്തിലൂടെ "**ക്രിസ്തുയേശുവിൽ**" (en Christo Iēsou) അഥവാ, ക്രിസ്തുവിന്റെ മണ്ഡലത്തിൽ ആയിത്തീർന്നിരിക്കുന്ന പദവികളെ അപ്പോസ്തലൻ ഇവിടെ വെളിപ്പെടുത്തുന്നു (1:3,4,5,6,7,8,9,10,11,12,13); കാരണം, ദൈവത്തിൽ നിന്നും ലഭിക്കുന്നതെല്ലാം ക്രിസ്തുയേശുവിലൂടെ മാത്രമാണ് ലഭിക്കുന്നത്.

അതിൽ ഒന്നാമതായി, ജാതികൾ സുവിശേഷത്താൽ ക്രിസ്തുയേശുവിൽ ദൈവജനത്തോടൊപ്പം "**കൂട്ടവകാശികൾ** ആകുന്നു" (synklēronoma). ഒരുപോലെ ഒരുമിച്ച് അനുഭവിക്കുവാൻ അവകാശം സ്വീകരിക്കുന്നവർ തമ്മിലുള്ള ബന്ധത്തെയും തുല്യതയെയും പദവിയെയും ഇത് സൂചിപ്പിക്കുന്നു (1:11,14; 3:6; റോമർ 8:17; ഗലാത്യർ 3:9; 4:7; 1 പത്രോസ് 1:4-6).

അതിൽ രണ്ടാമതായി, ജാതികൾ സുവിശേഷത്താൽ ക്രിസ്തുയേശുവിൽ ദൈവജനത്തോടൊപ്പം "**ഏകശരീരസ്ഥർ**" (syssoma) ആകുന്നു. പലനിലയിൽ പലരായി കഴിഞ്ഞിരുന്ന മനുഷ്യസമൂഹം സമൂഹപരമായും വർഗ്ഗപരമായും പങ്കാളിത്തപരമായും ഒരു ശരീരമായി തീർന്നു (യാക്കോബ് 1:18).

അതിൽ മൂന്നാമതായി, ജാതികൾ സുവിശേഷത്താൽ ക്രിസ്തുയേശുവിൽ "**വാഗ്ദത്തത്തിൽ പങ്കാളികൾ**" (symmetocha) ആകുന്നു. ഒരേ വാഗ്ദത്തത്തിന്റെ ഒരു പോലെയുള്ള അവകാശികൾക്കാണ് വാഗ്ദത്ത

ത്തിൽ പങ്കാളികൾ എന്ന് പറയുന്നത്. അതിൽ അബ്രഹാമിലൂടെയുള്ള വാഗ്ദത്തവും ക്രിസ്തുവിലുള്ള വാഗ്ദത്തവും (റോമർ 4:13; ഗലാത്യർ 4:7) ആത്മാവിന്റെ വാഗ്ദത്തവും ദൈവജനത്തിനുള്ള മറ്റ് അനുഗ്രഹ വാഗ്ദത്തങ്ങളും അടങ്ങിയിരിക്കുന്നു (1:14; യെശയ്യ. 32:15; 44:3; യെഹ. 11:19; 36:26–29; 37:14; യോവേൽ 2:28; അപ്പൊ. 1:4; 2:38–39).

ഇതോടെ ബന്ധപ്പെട്ട് അനുവാചകരായ ക്രിസ്തുവിശ്വാസികളെ ദൈവം ക്രിസ്തുയേശുവിനോട് കൂടെ ജീവിപ്പിക്കുകയും, ഉയർത്തുകയും, ഇരുത്തുകയും ചെയ്തു (2:5–7), എന്നും അവർ ക്രിസ്തുവിൽ സഹപൗരന്മാരും ദൈവത്തിന്റെ ഭവനക്കാരുമായി വിശുദ്ധ മന്ദിരമായി വളരുന്നുവെന്നും, ദൈവജനത്തോട് യുക്തമായി ചേർന്ന് ദൈവത്തിന്റെ നിവാസമാകേണ്ടതിന് ഒന്നിച്ച് പണിയപ്പെടുന്നു എന്നും (2:19–22), ക്രിസ്തുവിൽ കൂട്ടവകാശികളും ഏകശരീരസ്ഥരും പങ്കാളികളും ആക്കിയെന്നും (3:6) അപ്പോസ്തലൻ പറയുന്നു.

ഇക്കാര്യങ്ങളെല്ലാം അനാദിനിർണയകാലം മുതൽ ദൈവത്തിന്റെ പദ്ധതിയിൽ ഉള്ളതായിരുന്നു; പഴയനിയമത്തിൽ അങ്ങിങ്ങായി സൂചിപ്പിച്ചതുമാണ് (യെശയ്യാ. 60:3; 66:18–23; മീഖ 4:1–3). എന്നാൽ കർത്താവ് പുതിയനിയമ ഉടമ്പടി സ്ഥാപിക്കുന്നതുവരെ ഇതിന്റെ അർത്ഥം പൂർണമായി ആർക്കും മനസിലായിരുന്നില്ല, ഈ വാഗ്ദത്തങ്ങളൊന്നും നിറവേറിയുമില്ല (എബ്രായർ 9:15). സഭയുടെ ആദ്യ നാളുകളിൽ കർത്താവിൽ വിശ്വസിച്ച വിജാതീയരെ, ആദ്യം തന്നെ വിശ്വാസത്തിലൂടെ ദൈവത്തിന്റെ ജനമായിത്തീർന്ന യിസ്രായേല്യയർ കൈകൊള്ളാതിരുന്നത്, കുടുംബത്തിന് പുറത്തുള്ളവർ, പ്രത്യേകിച്ച് അന്യരും പരദേശികളും പുറജാതികളുമായി പരിഗണിക്കപ്പെട്ടവർ (2:11–12,19) കുടുംബത്തിലെ അവകാശം കവർന്നെടുക്കുന്ന സാഹചര്യം ഒഴിവാക്കുവാൻ വേണ്ടിയാണ്.

കാരണം ജാതികൾ "**സുവിശേഷത്താൽ**" ക്രിസ്തുയേശുവിൽ കൂട്ടവകാശികളും ഏകശരീരസ്ഥരും വാഗ്ദത്തത്തിൽ പങ്കാളികളും ആകേണം എന്നതിലെ "**സുവിശേഷം**" കുടുംബപരമായും സമൂഹപരമായും ജാതീയമായും സാംസ്കാരികമായും മനുഷ്യചരിത്രത്തിൽ വലിയ വിപ്ലവം ഉണ്ടാക്കിയ ഒരു മുഖാന്തിരം ആണ് (ഗലാത്യർ 3:18 c.f. അപ്പോ. 16:20; 17:6).

## B. വിജാതീയർക്കുവേണ്ടി ക്രിസ്തുവിനെ സംബന്ധിച്ചുള്ള മർമ്മം പ്രസംഗിക്കുവാൻ അപ്പോസ്തലന് ലഭിച്ച നിയോഗം (3:7–13)

**ആ സുവിശേഷത്തിന്നു ഞാൻ അവന്റെ ശക്തിയുടെ വ്യാപാരപ്രകാരം എനിക്കു ലഭിച്ച ദൈവത്തിന്റെ കൃപാദാനത്താൽ ശുശ്രൂഷക്കാരനായിത്തീർന്നു. സകല വിശുദ്ധന്മാരിലും ഏറ്റവും ചെറിയവനായ എനിക്കു ജാതികളോടു ക്രിസ്തുവിന്റെ അപ്രമേയധനത്തെക്കുറിച്ചു പ്രസംഗിപ്പാനും സകലവും സൃഷ്ടിച്ച ദൈവത്തിൽ അനാദികാലംമുതൽ മറഞ്ഞുകിടന്ന മർമ്മത്തിന്റെ വ്യവസ്ഥ ഇന്നതെന്നു എല്ലാവർക്കും പ്രകാശിപ്പിപ്പാനുമായി ഈ കൃപ നല്കിയിരിക്കുന്നു. അങ്ങനെ ഇപ്പോൾ സ്വർഗ്ഗത്തിൽ വാഴ്ചകൾക്കും അധികാരങ്ങൾക്കും ദൈവത്തിന്റെ ബഹുവിധമായ ജ്ഞാനം, അവൻ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിവർത്തിച്ച അനാദിനിർണ്ണയപ്രകാരം സഭമുഖാന്തരം അറിയായ്‌വരുന്നു. അവനിൽ ആശ്രയിച്ചിട്ടു അവങ്കലുള്ള വിശ്വാസത്താൽ നമുക്കു ധൈര്യവും പ്രവേശനവും ഉണ്ടു. അതുകൊണ്ടു ഞാൻ നിങ്ങൾക്കുവേണ്ടി സഹിക്കുന്ന കഷ്ടങ്ങൾ നിങ്ങളുടെ മഹത്വമാകയാൽ അവ നിമിത്തം അധൈര്യപ്പെട്ടുപോകരുതു എന്നു ഞാൻ അപേക്ഷിക്കുന്നു.''**

**''ആ സുവിശേഷത്തിന് ഞാൻ... ശുശ്രൂഷക്കാരനായിതീർന്നു''** (v.7)

ഇവിടെ ''ശുശ്രൂഷക്കാരൻ'' (diakonos) എന്നതിന് സഹായി, ദാസൻ, മറ്റൊരാൾക്ക് പകരം ചെയ്യുന്നവൻ എന്നാണ് അർത്ഥം. ഈ അർത്ഥത്തിൽ വീട്ടുവേലക്കാരൻ മുതൽ ചക്രവർത്തിവരെ ദാസൻ അഥവാ ശുശ്രൂഷക്കാരൻ ആകുന്നു (റോമർ 13:4). അങ്ങനെ പ്രത്യേക നിയോഗത്താൽ അപ്പോസ്തലൻ ദൈവത്തിന്റെ സുവിശേഷത്തിന് ഒരു ശുശ്രൂഷക്കാരൻ ''**ആയിതീർന്നു**'' എന്നാണ് ഇവിടെ കാണുന്നത്. വ്യാകരണപ്രകാരം (egenēthēn – ingressive aorist) അപ്പോസ്തലൻ ദൈവത്തിന്റെ സുവിശേഷത്തിന് ശുശ്രൂഷക്കാരനായി തീർന്ന സമയത്തിന്റെ ആരംഭം മാത്രം ഇവിടെ സൂചിപ്പിക്കുന്നു (അപ്പോ. 9:1–19; 22:1–22; 26:1–32). മനുഷ്യരെ ദൈവത്തോട് നിരപ്പിക്കുന്നത് ഒരു ശുശ്രൂഷ ആകുന്നു (1 കൊരി. 3:5; 2 കൊരി. 3:3,6; 4:1; 5:18; 6:3–4; 11:23; 1 തിമൊ. 1:12). എന്നാൽ സുവിശേഷപ്രഘോഷണത്തിലൂടെയാണ് അപ്പോസ്തലൻ ഈ ശുശ്രൂഷ നിവർത്തിച്ചത് (1.13).

എങ്കിലും സഭയെ ഉപദ്രവിച്ചവൻ എന്ന നിലയിൽ "**സകല വിശുദ്ധന്മാരിലും ഏറ്റവും ചെറിയവനായ**" പൗലോസ് ഈ നിയോഗത്തിന് തന്നിൽതന്നെ യോഗ്യനായിരുന്നില്ല (1 കൊരി. 15:9; 1 തിമൊ. 1:12–16). പഴയ നിയമ കാലത്തെ ചില വിശുദ്ധന്മാരും തങ്ങൾക്ക് ലഭിച്ച നിയോഗം നിവർത്തിക്കുവാൻ തങ്ങൾ അയോഗ്യരും അപ്രാപ്തരും ആണെന്ന് ദൈവമുമ്പാകെ ഏറ്റു പറഞ്ഞിട്ടുണ്ട്. മോശയും (പുറപ്പാട് 4:10–13), ഗിദെയോനും (ന്യായാധിപന്മാർ 6:15–16), യെശയ്യാവും (യെശയ്യാ. 6:1–7), യിരെമ്യാവും (യിരെ. 1:5–7) ഇക്കൂട്ടത്തിൽ പെടുന്നു. എന്നാൽ പൗലോസിന്റെ 'അപകർഷതാ' ബോധത്തിന് കാരണം ദൈവസഭയ്ക്ക് എതിരെയുള്ള തന്റെ മുൻകാല ചെയ്തികൾ തന്നെ ആയിരുന്നു (1 തിമൊ. 1:13).

## 1. അപ്പോസ്തലനെ ദൈവം സുവിശേഷത്തിന്റെ ശുശ്രൂഷയ്ക്ക് യോഗ്യനാക്കിതീർത്ത വിധം (3:7)

മാനുഷിക നിലയിൽ സുവിശേഷത്തിന്റെ ശുശ്രൂഷയ്ക്ക് അയോഗ്യനായ തന്നെ അതിനു യോഗ്യനാക്കിതീർത്ത രണ്ടു ഘടകങ്ങളുണ്ട്.

അതിൽ ഒന്നാമതായി, "**അവന്റെ ശക്തിയുടെ വ്യാപാരപ്രകാരം... ശുശ്രൂഷക്കാരൻ ആയിത്തീർന്നു**" എന്ന് പറയുന്നു ( 1:19,20). ഇവിടെ പരാമർശിക്കുന്ന "**ശക്തിയുടെ**" എന്നത് തന്റെ നിയോഗത്തിന്റെ മുഖാന്തിരത്തെയും "**വ്യാപാരപ്രകാരം**" എന്നത് അതിന്റെ പ്രവർത്തനനിലവാരത്തെയും സൂചിപ്പിക്കുന്നു.

അതിൽ രണ്ടാമതായി, "**എനിക്ക് ലഭിച്ച ദൈവത്തിന്റെ കൃപാദാനത്താൽ ശുശ്രൂഷക്കാരനായിതീർന്നു**" എന്നും പറയുന്നു. ഇവിടെ പരാമർശിക്കുന്ന ദൈവത്തിന്റെ കൃപയും ദാനവും ഫലത്തിൽ ഒന്നുതന്നെയാണ് (റോമർ 4:16). താൻ മുമ്പു പരാമർശിച്ച "**എനിക്ക് ലഭിച്ച ദൈവകൃപയുടെ വ്യവസ്ഥ**" എന്ന വാക്യാംശത്തിന്റെ വിശദീകരണമാണിത് (3:2). സുവിശേഷത്തിന്റെ ശുശ്രൂഷയ്ക്ക് തന്നെ യോഗ്യനാക്കുവാൻ ദൈവത്തിൽ നിന്നും ലഭിച്ച സകലത്തെയും (Tēs dotheises) ഇത് മൊത്തത്തിൽ സൂചിപ്പിക്കുന്നു.

## 2. അപ്പോസ്തലനെ ദൈവം സുവിശേഷത്തിന്റെ ശുശ്രൂഷക്ക് യോഗ്യനാക്കിയതിന്റെ ആവശ്യം (3:8 – 9)

ഇവിടെയും രണ്ട് ആവശ്യങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു.

ഒന്നാമതായി, "**ജാതികളോട് ക്രിസ്തുവിന്റെ അപ്രമേയധനത്തെക്കുറിച്ച് പ്രസംഗിപ്പാൻ...**" വേണ്ടിയാണ്. ഇവിടെ "**പ്രസംഗിപ്പാനും**" എന്നത് വ്യാകരണപ്രകാരം (euangelisasthai – constative aorist) വിശദീകരണം കൂടാതെ പ്രസ്തുത പ്രവർത്തിയെ മൊത്തത്തിൽ സൂചിപ്പിക്കുന്നു. മാനുഷികമായി അയോഗ്യനായ തന്നെ കൃപയും ശക്തിയും പകർന്ന് ദൈവം യോഗ്യനാക്കിയത് "**ക്രിസ്തുവിന്റെ അപ്രമേയധനത്തെക്കുറിച്ച്**" പ്രസംഗിക്കുവാൻ വേണ്ടിയാണ്. "**അപ്രമേയധനം**" എന്നതിലൂടെ ഗ്രഹിക്കാനാവാത്ത, ഊഹിക്കാനാവാത്ത, അവസാനമില്ലാത്ത ജീവൻ മഹത്വം രാജത്വം അധികാരം ധനം ജ്ഞാനം മുതലായവയെയാണ് സൂചിപ്പിക്കുന്നത് (മത്തായി 28:18; എഫെ. 1:21–23; ഫിലിപ്പി. 2:9–11; കൊലോ. 1:15–20; എബ്രായർ 1: 1–4; പ്രത്രോസ് 3:22; വെളി. 1:13–18; 5:6–14). കാരണം, ക്രിസ്തു ശ്രേഷ്ഠവും മാന്യവുമായ വിലയേറിയ ഒരു മൂലക്കല്ല് ആകുന്നു (1 പത്രോസ് 2:6). വിശ്വസിക്കുന്ന എല്ലാവരും ഇത് അറിയുന്നുവെങ്കിലും അവിശ്വാസികളായ യഹൂദരും വിജാതീയരും ഇത് അറിയുന്നില്ല (1 പത്രോസ് 2:4).

രണ്ടാമതായി, "**അനാദികാലം മുതൽ മറഞ്ഞുകിടന്ന മർമ്മത്തിന്റെ വ്യവസ്ഥ ഇന്നതെന്ന് എല്ലാവർക്കും പ്രകാശിപ്പിപ്പാനുമായി...**" ആകുന്നു.

യഹൂദനും യവനനും ഒരുമിച്ച് ദൈവത്തോട് നിരപ്പ് പ്രാപിക്കുന്നു, ഒരുമിച്ച് ക്രിസ്തുവിൽ ഒരു പുതിയ മനുഷ്യനാകുന്നു (2:15; റോമർ 16: 24–25; 1 കൊരി. 2:7; കൊലോ.1:25–27), ക്രിസ്തുവിലൂടെ ദൈവീക നീതി അന്വേഷിക്കുന്ന ഏതൊരുവനെയും ജാതീയ വേർതിരിവില്ലാതെ ഈ വ്യവസ്ഥപ്രകാരം ദൈവം അംഗീകരിക്കുന്നു (അപ്പോ. 17:30; 1 കൊരി. 12:13; ഗലാ. 3:28; കൊലോ. 3:10–11). ഇതോടെ ബന്ധപ്പെട്ട് മൂന്നു വസ്തുതകൾ അപ്പോസ്തലൻ ഇവിടെ ചൂണ്ടിക്കാണിക്കുന്നു. അതിൽ *ആദ്യമായി* ദൈവകൃപയുടെ വ്യവസ്ഥയെന്ന ക്രിസ്തുവിനെ കുറിച്ചുള്ള മർമ്മം അനാദികാലം മുതൽ "**മറഞ്ഞുകിടന്ന**"തായിരുന്നു എന്ന് പറയുന്നു. ഈ മർമ്മത്തിന്റെ നിശ്ചയിക്കപ്പെട്ട സമയം വരെ മറഞ്ഞുകിടന്ന സ്വഭാവത്തെ ആണ് വ്യാകരണം (apokekrymmenou – extensive perfect) ഇവിടെ സൂചിപ്പിക്കുന്നത്. സുവിശേഷത്താൽ ജാതികൾ ക്രിസ്തു

യേശുവിൽ ദൈവജനത്തോട് ചേർന്ന് ഇരുവരും ഒരു ജനതയായി ദൈവത്തിന്റെ അവകാശവും ക്രിസ്തുവിന്റെ കൂട്ടവകാശികളും ആയിത്തീരുന്നു. അപ്പോസ്തലന്മാർക്കും പ്രവാചകന്മാർക്കും ഈ മർമ്മം ഈ അളവിൽ വെളിപ്പെടും മുമ്പ് ദൈവം മാത്രം അറിഞ്ഞിരിക്കുന്ന ഒരു ആത്മീക സത്യമായിരുന്നു ഇത്. അതിൽ *രണ്ടാമതായി,* ഈ മർമ്മം "**അനാദികാലം**" മുതൽ മറഞ്ഞുകിടന്ന ഒരു മർമ്മം ആയിരുന്നു (apo ton aiōnōn) എന്ന് പറയുന്നു. അനാദികാലം മുതൽ ദൈവം മാത്രം അറിയുന്ന ചില മർമ്മങ്ങൾ ഉണ്ട് (ആവർത്തനം 29:28); എന്നാൽ അതിൽ ചിലത് നിർണയപ്രകാരം പുതിയ നിയമ കാലഘട്ടത്തിന്റെ ആരംഭത്തിൽ തന്നെ ദൈവം വെളിപ്പെടുത്തിയതാണ്; വേറെ ചിലത് കർത്താവിന്റെ പ്രത്യക്ഷതയിൽ മാത്രം ദൈവം വെളിപ്പെടുത്തുന്നതാണ് (2 തെസ്സ. 1:9; 1 പത്രോസ് 1:7; 1 യോഹ. 3:2; c.f. മലാഖി 3:17-18); മറ്റു ചിലത് നിത്യതയിൽ ഉടനീളം നമുക്ക് വെളിപ്പെട്ടുകൊണ്ടിരിക്കുന്നതാണ് (2:6). അതിൽ *മൂന്നാമതായി,* ഈ മർമ്മം "**സകലവും സൃഷ്ടിച്ച ദൈവത്തിൽ**" മറഞ്ഞുകിടന്നതായിരുന്നു. മനുഷ്യരിൽ യഹൂദനും യവനനും എന്നുള്ള വ്യത്യാസം നീക്കി ക്രിസ്തുവിൽ ഇരുപക്ഷത്തെയും ഒന്നാക്കി തന്നോട് നിരപ്പിച്ച് തന്റെ ഒരേയൊരു ജനമാക്കി തീർക്കുമെന്നത് ദൈവം മാത്രം അറിഞ്ഞിരുന്ന മർമ്മം ആയിരുന്നു (1:4-6, 9-10; 2:15; 5:32). എന്നാൽ ഈ മർമ്മത്തിന്റെ വ്യവസ്ഥ ഇന്നതെന്ന് എല്ലാവർക്കും പ്രകാശിപ്പിപ്പാനുമായി തനിക്ക് "**ഈ കൃപ നൽകിയിരിക്കുന്നു**" എന്ന് അപ്പോസ്തലൻ പറയുന്നു. ഇവിടെ "**പ്രകാശിപ്പിപ്പാനുമായി**" എന്നത് വ്യാകരണപ്രകാരം (photisai – constative aorist) ക്രിയയുടെ പ്രവർത്തി ചുരുക്കി പറഞ്ഞിരിക്കുന്നു.

സകല വിശുദ്ധന്മാരിലും ഏറ്റവും ചെറിയവനും ഇപ്പോൾ ബദ്ധനുമായ ഒരാൾക്കാണ് ജാതികളോട് ക്രിസ്തുവിന്റെ അപ്രമേയധനത്തെക്കുറിച്ച് പ്രസംഗിപ്പാനും മറഞ്ഞിരിക്കുന്ന മർമ്മത്തിന്റെ വ്യവസ്ഥ എന്താണെന്ന് പ്രകാശിപ്പിപ്പാനുമായി ദൈവം കൃപ കൊടുത്തത്. പൗലോസിന്റെ ഈ പരിമിതിയിലാണ് ദൈവകൃപ ശരിക്കും പ്രകടമായത്. മാത്രമല്ല, പൗലോസിലൂടെ സാധ്യമായതെല്ലാം ദൈവകൃപയാൽ ദൈവത്തിന്റെ ശക്തിയിലൂടെ മാത്രം സാധ്യമായതാണ് (1 കൊരി. 15:10); അതുകൊണ്ട് ഇവിടെ മാനുഷിക മഹത്വത്തിന് സ്ഥാനമില്ല (2 കൊരി. 12: 6,9-10). കാരണം "**ലഭിച്ച**" (3:2,7), "**അറിയായ്വന്നു**" (3:3), "**വെളിപ്പെ**

**ട്ടു**'' (3:5), **''നൽകിയിരിക്കുന്നു**'' (3:9), ''**ശുശ്രൂഷക്കാരനായിതീർന്നു**'' (3:7) മുതലായ കർമ്മണി പ്രയോഗങ്ങൾ എല്ലാം (divine passives) ദൈവത്തിന്റെ പ്രവർത്തിയെ സൂചിപ്പിക്കുന്നതാണ്.

പൗലോസിനെ തന്റെ പരിമിതിയിൽ ദൈവം വലിയ നിലയിൽ ഉപയോഗിച്ചു എങ്കിൽ, ഏതു വിശ്വാസിയേയും ഏതു പരിമിതിയിലും തന്റെ മഹത്വത്തിനായി വലിയ നിലയിൽ ഉപയോഗിക്കുവാൻ ദൈവത്തിനു കഴിയും എന്നതാണ് ഇതിലെ പാഠം (3:13). കാരണം, സകലവും ക്രിസ്തുവിൽ വീണ്ടും ഒന്നായി ചേർക്കുന്ന ദൈവീക പദ്ധതിയിൽ ഓരോ വിശ്വാസിക്കും നിശ്ചിത അളവിൽ പങ്കുള്ളതുകൊണ്ട് ഒരാൾ എത്ര തന്നെ ബലഹീനൻ ആയാലും അയോഗ്യൻ ആയാലും മുൻകാല അവസ്ഥയെ നോക്കാതെ ദൈവമഹത്വത്തിനായി ഉപയോഗിക്കുവാൻ ദൈവത്തിനു കഴിയും.

## 3. അപ്പോസ്തലനെ ദൈവം സുവിശേഷത്തിന്റെ ശുശ്രൂഷയ്ക്ക് യോഗ്യനാക്കിയതിന്റെ പ്രാപഞ്ചിക ലക്ഷ്യം (3:10 - 13)

സുവിശേഷത്താൽ ജാതികൾ ക്രിസ്തുയേശുവിൽ കൂട്ടവകാശികളും ഏക ശരീരസ്ഥരും വാഗ്ദത്തത്തിൽ പങ്കാളികളും ആയി തീർന്നതിന്റെ പുറകിൽ പ്രവർത്തിച്ച ദൈവത്തിന്റെ വിദഗ്ധ ബുദ്ധി അഥവാ ''**ദൈവത്തിന്റെ ബഹുവിധമായ ജ്ഞാനം**'' ''**സ്വർഗ്ഗത്തിൽ വാഴ്ചകൾക്കും അധികാരങ്ങൾക്കും... സഭമുഖാന്തിരം**'' അറിയായ്‌വരേണം എന്നതായിരുന്നു അപ്പോസ്തോലിക നിയോഗത്തിന്റെ പ്രാപഞ്ചിക ലക്ഷ്യം. ഇവിടെ ''**അറിയായ്‌വരുന്നു**'' എന്നത് വ്യാകരണപ്രകാരം (gnōristhe – constative aorist) അറിയപ്പെട്ടിരിക്കുന്നു എന്നാണർത്ഥം. മാത്രമല്ല ഇവിടെ ഇത് അറിയപ്പെട്ടിരിക്കുന്ന പ്രവർത്തിയെ മൊത്തത്തിൽ സൂചിപ്പിക്കുന്നു.

അതുപോലെ ദൈവത്തിന്റെ ബഹുവിധമായ ജ്ഞാനം ഈ നിലയിൽ അറിയപ്പെട്ടിരിക്കുന്ന സ്വർഗ്ഗത്തിലെ വാഴ്ചകളെയും അധികാരങ്ങളെയും രണ്ട് ഗണത്തിൽ മനസ്സിലാക്കാം.

ഒന്നാമത്തേത് വാഴ്ചകളും അധികാരങ്ങളുമായ വിശുദ്ധ ദൂതന്മാർ ആകുന്നു. പ്രപഞ്ചസൃഷ്ടിയിൽ ദൈവത്തിന്റെ ശക്തിയും, മിസ്രയീമിൽ ദൈവത്തിന്റെ വീണ്ടെടുപ്പും, സീനായി പർവതത്തിൽ ദൈവത്തിന്റെ വിശുദ്ധിയും, മരുഭൂമിയിൽ ദൈവത്തിന്റെ പരിപാലനവും, കാൽവറിയിൽ

ദൈവത്തിന്റെ സ്നേഹവും സ്വർഗ്ഗത്തിലെ എല്ലാ വാഴ്ചകൾക്കും പൂർവ്വകാലം മുതൽ അറിയായ്‌വന്നിട്ടുള്ള കാര്യമാണ്. എന്നാൽ വീണ്ടെടുപ്പിൽ ദൈവീക ജ്ഞാനത്തിന്റെ വിവിധ വശങ്ങൾ വിവിധ നിലയിൽ സഭ മുഖാന്തിരം ഇപ്പോൾ അറിയപ്പെട്ടിട്ടുണ്ട്. ക്രിസ്തുവിലൂടെ എല്ലാവരെയും ഏക ശരീരമായി ദൈവത്തോട് നിരപ്പിക്കുന്നത്, യഹൂദൻ-യവനൻ, ദാസൻ-സ്വതന്ത്രൻ, സ്ത്രീ-പുരുഷൻ തുടങ്ങിയുള്ള വ്യത്യാസം ഇല്ലാതെ എല്ലാവരും ക്രിസ്തുയേശുവിലെ വിശ്വാസത്താൽ ദൈവമക്കൾ ആയിത്തീരുന്നത്, സർവ്വ ഗോത്രം ഭാഷ വംശം ജാതി എന്നിവയിൽ നിന്നുള്ളവർ ദൈവത്തെ ഒരേ വായിൽ സ്തുതിക്കുന്നത്, അവരെല്ലാവരും ദൈവഭവനത്തിൽ ഒരേ പദവിയിലുള്ള അംഗങ്ങൾ ആയിത്തീർന്നത്, വിശ്വസിക്കുന്ന എല്ലാവരും ക്രിസ്തുവിൽ ഒരു പുതിയ സൃഷ്ടി ആക്കപ്പെട്ടത്, ജാതികൾ യിസ്രായേലിനോടൊപ്പം ദൈവത്തിന്റെ അവകാശമായി തീർന്നത്, ദൈവകൃപയുടെ ജ്ഞാപകമായി ദൈവമഹത്വത്തിനായി പുത്രനിലൂടെ വീണ്ടെടുക്കപ്പെട്ട ദൈവസഭ നിലനിൽക്കുന്നത് - ഇങ്ങനെ "**ദൈവത്തിന്റെ ബഹുവിധമായ ജ്ഞാനം**" ഇപ്പോൾ, അർത്ഥാൽ, ഈ പുതിയ നിയമയുഗത്തിൽ ദൈവത്തിന്റെ "**സഭ മുഖാന്തിരം**" സ്വർഗ്ഗത്തിലെ വാഴ്ചകളും അധികാരങ്ങളും ആയ വിശുദ്ധ ദൂതന്മാർക്ക് അറിയായ്‌വന്നിരിക്കുന്നു (3:5, 11).

അവർ ജിജ്ഞാസയോടും സന്തോഷത്തോടും കൂടിയാണ് ഇക്കാര്യങ്ങൾ വീക്ഷിക്കുന്നത് (1 പത്രോസ് 1:10-12). അതുകൊണ്ടാണ് മാനസാന്തരപ്പെടുന്ന ഒരു പാപിയെ കുറിച്ച് ഈ ദൂതന്മാരുടെ മധ്യേ സന്തോഷം ഉണ്ടാകുന്നത് (ലൂക്കോസ് 15:10), ഈ രക്ഷാപദ്ധതിയെ ദൂതന്മാർ കുനിഞ്ഞു നോക്കുന്നത് (1 പത്രോസ് 1:12), ദൂതന്മാർ നിമിത്തം സ്ത്രീകൾക്ക് സഭയിൽ അധീനതാലക്ഷ്യം ഉണ്ടാകണം എന്ന് പറയുന്നത് (1 കൊരി 11:10), ദൂതന്മാരെ സാക്ഷിയാക്കി പൗലോസ് തിമൊഥെയോസിനോട് ആജ്ഞാപിക്കുന്നത് (1 തിമൊ. 5:21), ദൂതന്മാർ രക്ഷ പ്രാപിക്കാനുള്ളവരുടെ സേവാത്മാക്കൾ ആയിരിക്കുന്നത് (എബ്രായർ 1:14).

ശത്രുവർഗ്ഗത്തെ പരാജയപ്പെടുത്തി മഹത്വത്തിൽ ഉയർത്തെഴുന്നേറ്റ യേശുക്രിസ്തുവും, ക്രിസ്തുവിൽ ദൈവത്തിന്റെ പുതിയ സൃഷ്ടിയായ സഭയും അതിലെ അംഗങ്ങളും ദൂതന്മാർക്ക് ആശ്ചര്യവും അത്ഭുതവിഷയവുമാണ് (1:20-22; കൊലോ. 2:15). അവരുടെ ആരാധനയ്ക്ക് ദൂതന്മാർ സാക്ഷികളും പങ്കാളികളും ആണ് (എബ്രായർ 12:22-23); ഈ നിലയിൽ വെളിപ്പെട്ട ദൈവത്തിന്റെ ശക്തിയും ജ്ഞാനവും നിമിത്തം

അവർ ദൈവത്തെ സ്തുതിക്കുന്നു (വെളിപ്പാട് 5:7–14; 7:9–12).

രണ്ടാമത്തേത് സ്വർലോകങ്ങളിലെ വാഴ്ചകളും അധികാരങ്ങളുമായ ദുഷ്ടാത്മസേന ആകുന്നു (2:2; 6:12). ദൈവത്തിന്റെ വിദഗ്ധജ്ഞാനം വെളിപ്പെട്ടിരിക്കുന്നത് സ്വർഗ്ഗത്തിലെ വിശുദ്ധ ദൂതന്മാരുടെ മധ്യേ മാത്രമല്ല, മറിച്ച്, അശുദ്ധ ദൂതന്മാരുടെ മധ്യേയുമാണ് (കൊലോ. 2:15; 1 പത്രോസ് 3:22). മനുഷ്യകുലത്തെ പാപത്തിലേക്കും അതിന്റെ അനന്തരഫലമായ മരണത്തിലേക്കും തള്ളിവിട്ടതിൽ ഈ ശക്തികൾക്ക് പൂർണ്ണ പങ്കാണുള്ളത് (2 കൊരി. 11:3; 1 തിമൊ. 2:14). പിന്നീട് ഈ ശക്തികൾ മനുഷ്യമണ്ഡലത്തിലേക്ക് കടന്നുവന്ന് പുരാതനലോകത്തെ തിന്മയിലേക്ക് നയിച്ചതായും കാണുന്നു (ഉല്പത്തി 6:1–16; 1 പത്രോസ് 3:19–20; 2 പത്രോസ് 3:5–6; യൂദാ 1:6). മനുഷ്യകുലത്തിന്റെ വീണ്ടെടുപ്പിനായി ഇറങ്ങിവന്ന ദൈവപുത്രനെ പോലും നശിപ്പിക്കുവാൻ ഈ ശക്തികൾ ശ്രമിച്ചതായും കാണുന്നു (മത്തായി 2:16; 4:1–10; വെളിപ്പാട് 12:1–4). എന്നിട്ടും വീണ്ടെടുപ്പിന്റെ പദ്ധതി ദൈവം ക്രിസ്തുയേശുവിലൂടെ നിറവേറ്റി മനുഷ്യന്റെ രക്ഷ സാധ്യമാക്കി, ശത്രുവർഗ്ഗത്തെ കീഴ്പ്പെടുത്തി. ഇതിൽ പ്രവർത്തിച്ച ദൈവത്തിന്റെ വിദഗ്ധബുദ്ധി അഥവാ ദൈവത്തിന്റെ ബഹുവിധമായ ജ്ഞാനം വീണ്ടെടുക്കപ്പെട്ടവരിലൂടെ അർത്ഥാൽ "**സഭമുഖാന്തിരം**" ശത്രുക്കളെ അറിയിക്കുക എന്ന ലക്ഷ്യം ഇവിടെ നിറവേറ്റപ്പെടുന്നു.

ഈ ദൈവിക ജ്ഞാനത്തിന്റെ ചില പ്രത്യേകതകൾ അപ്പോസ്തലൻ ഇവിടെ ഊന്നി പറയുന്നു. അതിൽ *ആദ്യമായി* ഇത് "**ദൈവത്തിന്റെ ബഹുവിധമായ ജ്ഞാനം**" ആകുന്നു (റോമർ 11:33). ഇവിടെ ബഹുവിധമായ എന്നതിന് (polypoikilos sophia) വിവിധ വശങ്ങളുള്ള, വൈവിധ്യമാർന്ന, പല നിറത്തിലുള്ള എന്നെല്ലാം അർത്ഥം വരുന്നു. *രണ്ടാമതായി*, ദൈവത്തിന്റെ ബഹുവിധമായ ജ്ഞാനം സ്വർഗ്ഗത്തിലെ വാഴ്ചകളെയും അധികാരങ്ങളെയും അറിയിച്ചത് "**അനാദിനിർണയപ്രകാരം**" ആയിരുന്നു. അർത്ഥാൽ, ഇത് ദൈവത്തിന്റെ പെട്ടെന്ന് ഉണ്ടായ വൈകാരികമായ ഒരു തീരുമാനമായിരുന്നില്ല, മറിച്ച് മുൻനിർണയ പ്രകാരമുള്ളതായിരുന്നു. *മൂന്നാമതായി*, ദൈവത്തിന്റെ ബഹുവിധമായ ജ്ഞാനം അതിന്റെ ആഴം ശക്തി ധനം മുതലായവ താൻ വീണ്ടെടുത്ത തന്റെ "**സഭമുഖാന്തിരം**" സ്വർഗ്ഗത്തിലെ വാഴ്ചകൾക്കും അധികാരങ്ങൾക്കും "**അറിയായ്വരുന്നു**". അഥവാ അറിയിക്കപ്പെട്ടിരിക്കുന്നു (റോമർ 9:22–24;

11:33-36). അതുകൊണ്ട് ദൈവീക പദ്ധതിയുടെ നിർവഹണത്തിൽ സഭ ക്ക് വലിയ പങ്കാണുള്ളത്. കാരണം സഭയിലൂടെയും സഭയിലെ ഓരോ അംഗത്തിലൂടെയും ആണ് ദൈവത്തിന്റെ ജ്ഞാനവും ശക്തിയും സർവ്വ ലോകവും അറിയുന്നത്. *നാലാമതായി*, "**നമ്മുടെ കർത്താവായ യേശു ക്രിസ്തുവിൽ നിവർത്തിച്ച**" അഥവാ നിറവേറ്റിയ ജ്ഞാനമാണ് ഇത് (epoiēsen en to Christo – constative aorist). ദൈവം തന്റെ പദ്ധതി നിറവേ റ്റിയത് നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ ആണ്. അവൻ ലോ കസ്ഥാപനത്തിന് മുമ്പേ അറിയപ്പെട്ടവനും ഈ അന്ത്യകാലത്ത് നമു ക്ക് വേണ്ടി വെളിപ്പെട്ടവനും ആണ് (റോമർ 3:24-26; 1 തിമൊ. 3:16; 1 പ ത്രോസ് 1:20). അവനിൽ ഒരു പുതിയ മനുഷ്യലത്തെ തന്റെ മഹത്വത്തി നായി സൃഷ്ടിക്കുവാനുള്ള ദൈവത്തിന്റെ കഴിവും, ശത്രുപാളയത്തിൽ ദുഷ്ടശക്തികളുടെ ഇടയിൽ ദൈവത്തിന്റെ ആലയവും മന്ദിരവും നിവാ സവുമായി ദൈവസഭ പണിയുവാനും വളർത്തി വലുതാക്കി നിലനിർ ത്തുവാനും അതിൽ തന്റെ സാന്നിധ്യം നിറയ്ക്കുവാനുമുള്ള ദൈവത്തി ന്റെ കഴിവും (മത്തായി 16:18; എഫെ. 1:23; 2:21-22) ഇപ്പോൾ സഭ മുഖാ ന്തരം സ്വർഗ്ഗത്തിലെ വാഴ്ചകൾക്കും അധികാരങ്ങൾക്കും അറിയപ്പെട്ടി രുന്നു.

അങ്ങനെ ദൈവിക മർമ്മം അഥവാ ദൈവത്തിന്റെ ബഹുവിധമായ ജ്ഞാനം ആദ്യം അപ്പോസ്തലിന് വെളിപ്പെട്ടു (3:3), അപ്പോസ്തലന്മാർ ക്കും പ്രവാചകന്മാർക്കും വെളിപ്പെട്ടു (3:5), വിശുദ്ധന്മാർക്കും വിശ്വാസി കളായ ജാതികൾക്കും വെളിപ്പെട്ടു (3:9), ഇപ്പോൾ സ്വർഗ്ഗത്തിലെ വാഴ് ചകൾക്കും അധികാരങ്ങൾക്കും അത് വെളിപ്പെട്ടിരിക്കുന്നു (3:10); എ ന്നാൽ വെള്ളം സമുദ്രത്തിൽ നിറഞ്ഞിരിക്കുന്നത് പോലെ ഭാവിയിൽ സർവ്വഭൂമിയും ദൈവമഹത്വത്തിന്റെ പരിജ്ഞാനം കൊണ്ട് നിറയും എ ന്നും വചനം പറയുന്നു (ഹബക്കൂക്ക് 2:14).

ദൈവത്തിന്റെ അനാദിനിർണയപ്രകാരമുള്ള ഈ സാർവത്രിക പ ദ്ധതി നമ്മുടെ കർത്താവായ യേശുക്രിസ്തുവിലൂടെ ദൈവം നിറവേറ്റി യതിന്റെ ഫലമായി ദൈവസന്നിധിയിൽ "**നമുക്ക് ധൈര്യവും പ്രവേശന വും ഉണ്ട്**". ഇവിടെ "**ഉണ്ട്**" എന്നത് വ്യാകരണപ്രകാരം (echomen – cu stomary present) എപ്പോഴും ഉണ്ട് എന്നാണർത്ഥം. ദൈവസന്നിധിയിൽ പ്രവേശിക്കുവാനും നിൽക്കുവാനും ആവശ്യങ്ങൾ അറിയിക്കുവാനും ഉ ള്ളതാണ് ഈ വലിയ പദവി (2:8). എന്നാൽ ഈ ധൈര്യവും പ്രവേശ

നവും ''**അവനിൽ ആശ്രയിച്ചിട്ട് അവങ്കലുള്ള വിശ്വാസത്താൽ**'' മാത്രം നമുക്ക് ലഭിച്ചതാണ്. ഉപദേശപരമായി ഈ വ്യാഖ്യാനം വളരെ ശരിയാണെങ്കിലും, പശ്ചാത്തലം അത് അനുവദിക്കുന്നുവെങ്കിലും വ്യാകരണപ്രകാരം (dia tēs pisteōs autou – through the faithfulness of Him) വിശ്വാസിക്ക് ക്രിസ്തുവിൽ ഉള്ള വിശ്വാസമല്ല മറിച്ച്, തന്റെ വാഗ്ദത്തത്തിലുള്ള കർത്താവിന്റെ പ്രത്യേക വിശ്വസ്തതയാണ് നമുക്ക് ദൈവസന്നിധിയിലേക്കുള്ള പ്രവേശനത്തിന് ആധാരമാക്കിയിരിക്കുന്നത് (എബ്രായർ 7: 25; 1 യോഹ. 1:9).

''**അതുകൊണ്ട് ഞാൻ നിങ്ങൾക്ക് വേണ്ടി സഹിക്കുന്ന കഷ്ടങ്ങൾ നിങ്ങളുടെ മഹത്വമാകയാൽ അവനിമിത്തം അധൈര്യപ്പെട്ടു പോകരുത് എന്ന് ഞാൻ അപേക്ഷിക്കുന്നു**''(v. 13)

ഇവിടെ ''**അപേക്ഷിക്കുന്നു**'' എന്നത് വ്യാകരണപ്രകാരം (aithumai – instantaneous present) അപേക്ഷിച്ചപ്പോൾ തന്നെ പ്രസ്തുത പ്രവർത്തി പൂർണ്ണമായതിനെ സൂചിപ്പിക്കുന്നു; കാരണം ഇത് അനുവാചകരോട് ഒരു വിഷയത്തിൽ ഒരിക്കൽ ചെയ്യുന്ന അപേക്ഷയാണ് **''നിങ്ങൾ അധൈര്യപ്പെട്ടു പോകരുത്**'' എന്നാണ് അതിന്റെ ഉള്ളടക്കം. അതിനു വ്യാകരണപ്രകാരം (me enkakein – customary present) സ്വാഭാവികമായി അധൈര്യപ്പെട്ടുപോകരുത്, അതിൽ തുടരരുത് എന്നാണർത്ഥം. അനുവാചകർ അധൈര്യപ്പെടുന്നതിനുള്ള പ്രധാന കാരണം അപ്പോസ്തലൻ തടവിൽ അവർക്കുവേണ്ടി ''**സഹിക്കുന്ന കഷ്ടങ്ങൾ''** ആകുന്നു; എന്നാൽ അനുവാചകർ ''**അധൈര്യപ്പെട്ടുപോകരുത്**'' എന്ന് അപേക്ഷിക്കുന്നതിനുള്ള പ്രധാനകാരണം താൻ അവർക്ക് വേണ്ടി ''സഹിക്കുന്ന കഷ്ടങ്ങൾ'' ആത്യന്തികമായി അവരുടെ ''**മഹത്വം**'' ആകുന്നു (estin doxa hymōn – customary present) എന്നതിനാലാണ് (ഫിലിപ്പി. 1:12-14). അപ്പോസ്തലൻ തടവിൽ ആയിരിക്കുന്നത് സുവിശേഷം നിമിത്തം ആകുന്നത് പോലെ സുവിശേഷം നിമിത്തം തന്നെ അവരിലൂടെ ദൈവത്തിന്റെ അനാദിനിർണയപ്രകാരമുള്ള പദ്ധതിയും നിറവേറ്റപ്പെടുന്നു.

സകലവും ക്രിസ്തുവിൽ ഒന്നായിചേർക്കുന്ന ദൈവത്തിന്റെ മഹനീയ പദ്ധതിയിൽ ജാതികളോട് ക്രിസ്തുവിന്റെ അപ്രമേയധനത്തെക്കുറിച്ച് പ്രസംഗിപ്പാനും അത് എല്ലാവർക്കും പ്രകാശിപ്പാനും അതിലൂടെ

സ്വർഗ്ഗത്തിലെ വാഴ്ചകൾക്കും അധികാരങ്ങൾക്കും ദൈവത്തിന്റെ ബഹുവിധമായ ജ്ഞാനം സഭ മുഖാന്തരം അറിയപ്പെടുവാനും തന്റെ പരിമിതികളെയും താഴ്ചകളെയും അതിജീവിക്കുന്ന ദൈവിക ശക്തിയുടെ വ്യാപാര പ്രകാരം തന്റെ മഹത്വത്തിനായി ദൈവകൃപ തന്നിൽ വ്യാപരിക്കുന്നു എന്നതിനാൽ, ഇതെല്ലാം വിശുദ്ധന്മാരുടെ ധൈര്യത്തിനും ദൈവത്താൽ കൂടുതൽ പ്രയോജനപ്പെടുന്നതിനും ഇടയാക്കും എന്നതിനാൽ താൻ അനുവാചകർക്ക് വേണ്ടി സഹിക്കുന്ന കഷ്ടങ്ങൾ നിമിത്തം അവർ അധൈര്യപ്പെട്ടു പോകരുതെന്ന് അപ്പോസ്തലൻ അവരോട് അപേക്ഷിക്കുന്നു.

## C. വിജാതീയർക്ക് വേണ്ടി ലഭിച്ച നിയോഗത്തിന്റെ അടിസ്ഥാനത്തിൽ അപ്പോസ്തലൻ അനുവാചകർക്ക് വേണ്ടി അർപ്പിക്കുന്ന പ്രാർത്ഥന (3:14-21)

**"അതുനിമിത്തം ഞാൻ സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകലകുടുംബത്തിന്നും പേർ വരുവാൻ കാരണമായ പിതാവിന്റെ സന്നിധിയിൽ മുട്ടുകുത്തുന്നു. അവൻ തന്റെ മഹത്വത്തിന്റെ ധനത്തിന്നു ഒത്തവണ്ണം അവന്റെ ആത്മാവിനാൽ നിങ്ങൾ അകത്തെ മനുഷ്യനെ സംബന്ധിച്ചു ശക്തിയോടെ ബലപ്പെടേണ്ടതിന്നും ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കേണ്ടതിന്നും വരം നല്കേണം എന്നും നിങ്ങൾ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ടവരായി വീതിയും നീളവും ഉയരവും ആഴവും എന്തു എന്നു സകല വിശുദ്ധന്മാരോടുംകൂടെ ഗ്രഹിപ്പാനും പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിൻ സ്നേഹത്തെ അറിവാനും പ്രാപ്തരാകയും ദൈവത്തിന്റെ എല്ലാ നിറവിനോളം നിറഞ്ഞുവരികയും വേണം എന്നും പ്രാർത്ഥിക്കുന്നു. എന്നാൽ നാം ചോദിക്കുന്നതിലും നിനെക്കുന്നതിലും അത്യന്തം പരമായി ചെയ്‌വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവന്നു സഭയിലും ക്രിസ്തുയേശുവിലും എന്നേക്കും തലമുറതലമുറയായും മഹത്വം ഉണ്ടാകട്ടെ ആമേൻ."**

എഫെസോസിലെ വിശുദ്ധന്മാർക്ക് വേണ്ടിയുള്ള അപ്പോസ്തലനായ പൗലോസിന്റെ ഈ ലേഖനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ആദ്യത്തെ പ്രാർത്ഥന 1:15-23 വാക്യങ്ങളിൽ കാണുന്നു. രണ്ടാമത്തെ പ്രാർത്ഥനയാണ് ഈ ഭാഗത്ത് (3:14-21) കാണുന്നത്. വിഷയാടിസ്ഥാനത്തി

ൽ ഈ വേദഭാഗത്തെ മൂന്നായി വിഭജിക്കാം. ഒന്നാമതായി, അപ്പോസ്തലൻ അനുവാചകർക്ക് വേണ്ടി പ്രാർത്ഥിക്കുന്നതിനുള്ള അടിസ്ഥാന കാരണം (3:14–15), രണ്ടാമതായി, പ്രാർത്ഥിക്കുന്നതിനുള്ള അടിയന്തിര ആവശ്യങ്ങൾ (3:16–19), മൂന്നാമതായി, പ്രാർത്ഥിക്കുന്നതിനുള്ള അസാധാരണമായ ഉറപ്പ് (3:20–21).

## 1. പ്രാർത്ഥിക്കുന്നതിനുള്ള അടിസ്ഥാന കാരണം (3:14 – 15).

''**അതുനിമിത്തം ഞാൻ സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകല കുടുംബത്തിനും പേർവരുവാൻ കാരണമായ പിതാവിന്റെ സന്നിധിയിൽ മുട്ടുകുത്തുന്നു**''

ഇവിടെ ''**അതുനിമിത്തം**'' എന്നതിലൂടെ ക്രിസ്തുവിൽ വിശ്വസിക്കുന്ന വിജാതീയർ ദൈവത്തോട് നിരപ്പ് പ്രാപിച്ച് ദൈവത്തിന്റെ ഭവനവും ആലയവും നിവാസവുമായി ആത്മാവിനാൽ ദൈവജനത്തോടൊപ്പം പണിയപ്പെടുന്നത് നിമിത്തം (2:15–21), ജാതികൾ സുവിശേഷത്താൽ ക്രിസ്തുയേശുവിൽ കൂട്ടവകാശികളും ഏക ശരീരസ്ഥരും വാഗ്ദത്തങ്ങളിൽ പങ്കാളികളും ആകുന്നത് നിമിത്തം (3:6), സുവിശേഷത്തിന്റെ മർമ്മം അപ്പോസ്തലന് വെളിപ്പെട്ടതുനിമിത്തം, അത് അറിയിക്കുവാൻ കൃപ ലഭിച്ചത് നിമിത്തം (3:8,9), അതിലൂടെ ദൈവത്തിന്റെ ബഹുവിധമായ ജ്ഞാനം എല്ലാവരും അറിയുന്നത് നിമിത്തം (3:10–11), വിശ്വസിക്കുന്ന എല്ലാവർക്കും ക്രിസ്തുയേശുവിലൂടെ ദൈവസന്നിധിയിൽ പ്രവേശനവും ധൈര്യവും ഉള്ളത് നിമിത്തം (3:12), തന്റെ ബന്ധനം ദൈവിക പദ്ധതിയിൽ ഉൾപ്പെട്ടത് ആകുന്നതുകൊണ്ട് അതിനാൽ ആരും അധൈര്യപ്പെട്ടു പോകരുത് എന്ന നിർബന്ധം നിമിത്തമാണ് (3:13) അപ്പോസ്തലൻ അനുവാചകർക്ക് വേണ്ടി പ്രാർത്ഥിക്കുന്നത്.

എന്നാൽ ജാതികളുടെ അപ്പോസ്തലനായി നിയോഗിക്കപ്പെട്ടിരിക്കുന്നതിന്റെ അടിസ്ഥാനത്തിലുള്ള ഔപചാരികമായ ഒരു പ്രാർത്ഥനയല്ല മറിച്ച്, ജാതികൾക്ക് വേണ്ടി ഇപ്പോൾ ''**ക്രിസ്തുയേശുവിന്റെ ബദ്ധനായിരിക്കുന്നു**'' എന്ന അവസ്ഥയിൽ നിന്നും അനുഭവത്തിൽ നിന്നുമാണ് അപ്പോസ്തലൻ അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നത്.

ഇവിടെ ''**മുട്ടുകുത്തുന്നു**'' എന്നതിലൂടെ വിനയപൂർവ്വം പ്രാർത്ഥിക്കുന്നു എന്നാണ് അപ്പോസ്തലൻ ഉദ്ദേശിക്കുന്നത്. അതുപോലെ ''**പിതാവിന്റെ സന്നിധിയിൽ**'' എന്നതിലൂടെ അടുത്ത ബന്ധത്തെയും പൂർ

ണ്ണ സ്വാതന്ത്ര്യത്തെയും അധികാരത്തെയും സൂചിപ്പിക്കുന്നു. പല പ്രാർത്ഥന രീതികളിൽ ഒന്നുമാത്രമാണ് മുട്ടുകുത്തി പ്രാർത്ഥിക്കുന്നത്; കാരണം, അബ്രഹാം നിന്നുകൊണ്ട് പ്രാർത്ഥിച്ചതായും (ഉല്പത്തി 18:22–23), ദാവീദ് ഇരുന്നുകൊണ്ട് പ്രാർത്ഥിച്ചതായും (1 ദിനവൃത്താന്തം 17:16), കർത്താവായ യേശു കവിണ്ണുവീണു പ്രാർത്ഥിച്ചതായും (മത്തായി 26:39), പുരുഷന്മാർ എല്ലായിടത്തും വിശുദ്ധ കൈകളെ ഉയർത്തി പ്രാർത്ഥിക്കണമെന്നും (1 തിമൊ. 2:8) തിരുവെഴുത്ത് പറയുന്നു. യവന–റോമ സംസ്കാരങ്ങളിൽ ഉള്ളതുപോലെ യഹൂദ സംസ്കാരത്തിലും നിന്നുകൊണ്ട് പ്രാർത്ഥിക്കുന്നത് ഒരു സാധാരണ രീതി ആയിരുന്നെങ്കിലും, വിഷമഘട്ടങ്ങളിലും വൈകാരികമായി പ്രാർത്ഥിക്കുമ്പോഴും മുട്ടുകുത്തി പ്രാർത്ഥിക്കുന്നതും ഒരു സാധാരണ രീതി ആയിരുന്നു (2 രാജ. 1:13; യെശയ്യ. 45:22–23; മത്തായി 20:20; മർക്കോസ് 1:40; ലൂക്കോസ് 5:8; 22:41; അപ്പോ. 7:60; 20:36; 21:6; ഫിലിപ്പി. 2:10). മാത്രമല്ല, ഒരു പരമാധികാരിയുടെ മുമ്പാകെ ആദരസൂചകമായി മുട്ടുകുത്തി അപേക്ഷിക്കുന്നത് പൂർവ്വകാലം മുതൽ തുടർന്നുവരുന്ന ഒരു രീതിയാണ്. എന്നാൽ പ്രാർത്ഥിക്കുന്നതിന് മാത്രമല്ല, ആരാധിക്കുന്നതിനും യഹൂദന്മാർ മുട്ടുകുത്തിയിരുന്നു (റോമർ 11:4; 14:11; ഫിലിപ്പി. 2:10; വെളിപ്പാട് 4:10; 5:14). എങ്കിലും അനുവാചകർക്ക് വേണ്ടിയുള്ള അപ്പോസ്തലന്റെ പ്രാർത്ഥന ഒരു ചടങ്ങല്ല, മറിച്ച് ആഴത്തിലുള്ള ആഗ്രഹത്തിൽ നിന്നും വലിയ ഹൃദയഭാരത്തിൽ നിന്നും ഉളവായതാകുന്നു എന്നതിന്റെ ഒരു തെളിവുമാണ് ഇത്.

താൻ മുട്ടുകുത്തി പ്രാർത്ഥിക്കുന്ന ദൈവത്തിന്റെ വിശേഷണമായി ‘‘**സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകല കുടുംബത്തിനും പേർവരുവാൻ കാരണമായ പിതാവിന്റെ സന്നിധിയിൽ**’’ മുട്ടുകുത്തുന്നു എന്നാണ് പറയുന്നത്. സകല കുടുംബത്തിനും ‘‘**പേർവരുവാൻ**’’ കാരണമായതിന് അടിസ്ഥാനമായി, പിതാവായ ദൈവമാണ് സകലത്തിനും ആദ്യം പേർ വിളിച്ചത് എന്ന് കാണുന്നു (ഉല്പത്തി 5:1–2). ആദ്യം പേർ വിളിക്കുവാനുള്ള അവകാശം അധികാരത്തെയും ഉടമസ്ഥതയെയും സൂചിപ്പിക്കുന്നു (ഉല്പത്തി 2:19–20; യെശയ്യ. 40:26; ലൂക്കോസ് 1:63). കുടുംബസ്ഥാപകൻ എന്ന നിലയിലും സർവ്വത്തിന്റെയും സൃഷ്ടാവും സംരക്ഷകനും പരിപാലകനും എന്ന നിലയിലും ദൈവം എല്ലാവർക്കും പിതാവാണ്. വ്യാകരണപ്രകാരം (onomazetai – extending – from – past to present) പേര് ലഭിച്ചത് അഥവാ സ്വീകരിച്ചത് ഭൂതകാലത്ത് ആരംഭിച്ചതും വർത്തമാനകാലത്ത് തുടരുന്നതും ആകുന്നു.

എന്നാൽ ഇവിടെ "**സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകല കുടുംബ ത്തിനും**" എന്നതുകൊണ്ട് ദൈവത്തിന്റെ സ്വർഗീയമായ പ്രാപഞ്ചിക അ ധികാര വ്യാപ്തിയെ ആണ് സൂചിപ്പിക്കുന്നത് (1:10; കൊലോ. 1:16,20). ഇവിടെ ഇങ്ങനെ പറയുന്നതിലൂടെ സ്വർഗത്തിലും ഭൂമിയിലുമുള്ള എല്ലാ കുടുംബങ്ങളെയുമല്ല, മറിച്ച് കടന്നുപോയവരും ഇപ്പോഴുള്ളവരും ആയ വിശുദ്ധന്മാരുടെ സാർവത്രിക കുടുംബത്തെയാണ് ഉദ്ദേശിക്കുന്നത്; കാ രണം, "കുടുംബവും" അതിന് "പേര്" ലഭിച്ചതും ഏകവചനത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്; മാത്രമല്ല, ദൈവഭവനത്തിലെ അംഗങ്ങളിൽ ചിലർ സ്വർഗ്ഗത്തിലും ഭൂമിയിലുമാണ് ഇപ്പോൾ ആയിരിക്കുന്നത്. യഹൂ ദരിൽ നിന്നും, യവനരിൽ നിന്നും, സകല ജാതികളിൽ നിന്നും സകല ഗോത്രം വംശം ഭാഷ ജാതി എന്നിവയിൽ നിന്നും ക്രിസ്തുവിലൂടെ ദൈ വം രൂപവൽക്കരിച്ച ദൈവത്തിന്റെ ജനം അഥവാ, ദൈവമക്കൾ എന്ന പേരിൽ അറിയപ്പെടുന്ന ദൈവത്തിന്റെ ഭവനവും കുടുംബവുമായ സഭ യെയാണ് ഇത് സൂചിപ്പിക്കുന്നത് (4:6; 1 യോഹ. 3:1).

## 2. പ്രാർത്ഥിക്കുന്നതിനുള്ള അടിയന്തിര ആവശ്യങ്ങൾ (3:16 - 19)

മൂന്നു വാക്യാംശങ്ങളിലൂടെ (hina clause) മൂന്നു പ്രത്യേക ആവശ്യ ങ്ങൾ വ്യക്തമാക്കുന്ന ഒരു വാചകഘടനയാണിത്. സമുച്ചയപദങ്ങളാൽ കൂട്ടിച്ചേർക്കാത്തതും ഒന്നിൽ അടിസ്ഥാനപ്പെട്ട് മറ്റൊന്ന് എന്ന നിലയി ൽ ആശയപരമായ പ്രാധാന്യം കൊണ്ട് ചെറുതിൽ നിന്നും വലുതിലേ ക്കും സാവധാനതയിൽ നിന്നും വേഗതയിലേക്കും ആണ് ഈ പ്രാർത്ഥ ന പുരോഗമിക്കുന്നത്. അതിൽ പ്രധാനമായും മൂന്നു കാര്യങ്ങൾ അട ങ്ങിയിരിക്കുന്നു.

### a. ആത്മിക ബലത്തിനായി പ്രാർത്ഥിക്കുന്നു (3:16–17)

"**അവൻ തന്റെ മഹത്വത്തിന്റെ ധനത്തിനൊത്തവണ്ണം അവന്റെ ആത്മാവിനാൽ നിങ്ങൾ അകത്തെ മനുഷ്യനെ സംബന്ധിച്ച് ശക്തി യോടെ ബലപ്പെടേണ്ടതിനും... പ്രാർത്ഥിക്കുന്നു**"

ആത്മികമായി ബലപ്പെടുന്നത് സംബന്ധിച്ച് പ്രധാനമായും നാല് കാര്യങ്ങൾ അപ്പോസ്തലൻ ഇവിടെ പരാമർശിക്കുന്നുണ്ട്

i. എവിടെ ബലപ്പെടേണം എന്നതിനോടുള്ള ബന്ധത്തിൽ "**അ കത്തെ മനുഷ്യനെ സംബന്ധിച്ച്**" ബലപ്പെടേണം എന്നാണ് അപ്പോസ്

തലൻ പറയുന്നത്. ആദാമിനെ പോലെ പഴയ പ്രകൃതത്തിൽ അല്ല, ശിംശോനെ പോലെ ജഡത്തിലും അല്ല, മറിച്ച് അകത്തെ മനുഷ്യനെ സംബന്ധിച്ചു (റോമർ 7:22) ശക്തിയോടെ ബലപ്പെടേണ്ടതിന് പ്രാർത്ഥിക്കുന്നു. മുമ്പ് അനുവാചകർ ദൈവത്തിന്റെ അളവറ്റ ശക്തിയുടെ വലിപ്പം അറിയുവാൻ വേണ്ടി പ്രാർത്ഥിച്ചു എങ്കിൽ (1:18-19), ഇപ്പോൾ ദൈവത്തിന്റെ ശക്തി ലഭിക്കുവാൻ വേണ്ടിയാണ് പ്രാർത്ഥിക്കുന്നത്. ഒരു വിശ്വാസിയുടെ ക്രിസ്തീയ ജീവിതത്തിൽ അവൻ ബലപ്പെടേണ്ട മേഖല മാനസികവും വൈകാരികവുമായ ഘടകങ്ങൾ അടങ്ങിയ അവന്റെ അകത്തെ മനുഷ്യനാണ്, അഥവാ അവന്റെ അന്തരാത്മാവിലാണ്.

ii. എങ്ങനെ ബലപ്പെടേണം എന്നതിനോടുള്ള ബന്ധത്തിൽ "**അവന്റെ ആത്മാവിനാൽ ശക്തിയോടെ**" ബലപ്പെടേണ്ടതിനായി പ്രാർത്ഥിക്കുന്നു (dia tou pneumatos autou). ഒരു പ്രവർത്തിയെ തന്നെയാണ് "**ശക്തിയോടെ**" എന്നും "**ബലപ്പെടേണ്ടതിനും**" എന്നും രണ്ടായി പറഞ്ഞിരിക്കുന്നത്. ഈ പ്രവർത്തി വിശ്വാസത്താലും ദൈവത്തിന്റെ ആത്മാവിനാലുമാണ് സംഭവിക്കുന്നത്; മാത്രമല്ല, ഈ പ്രവർത്തി അന്തരംഗത്തിൽ സംഭവിക്കുന്നു; അതിലൂടെ ആത്മധൈര്യവും (1 ശമുവേൽ 4:9; 2 ശമുവേൽ 10:12), ഹൃദയനിശ്ചയവും (രൂത്ത് 1:18), പുരുഷത്വവും ലഭിക്കുന്നു (2 കൊരി. 4:16). ദൈവം വിശ്വാസിയെ ഈ നിലയിൽ ബലപ്പെടുത്തുന്നത് തന്റെ ശക്തിയാൽ തന്റെ ആത്മാവിലൂടെ ആകുന്നു.

iii. ഏത് അളവിൽ ബലപ്പെടേണം എന്നതിനോടുള്ള ബന്ധത്തിലാണ് "**തന്റെ മഹത്വത്തിന്റെ ധനത്തിനൊത്തവണ്ണം**" എന്ന് പറയുന്നത്.

അഹശ്വരോശ് രാജാവ് തന്റെ മഹത്വത്തിന്റെ ധനം സേനാധിപന്മാരും പ്രഭുക്കന്മാരും സംസ്ഥാനനാധിപന്മാരും അടങ്ങിയ സദസ്സിന് 180 ദിവസം വെളിപ്പെടുത്തിയതായി കാണുന്നു (എസ്ഥേർ 1:4-7). അതുപോലെ ദൈവതേജസിന്റെ ധനം കരുണാപാത്രങ്ങളായ നമ്മിൽ വെളിപ്പെടുത്തുവാൻ ദൈവം ഇച്ഛിച്ച കാര്യവും തിരുവെഴുത്തിൽ കാണുന്നു (റോമർ 9:24). ധന്യനായ ഏകാധിപതിയും രാജാധിരാജും കർത്താധികർത്താവും അമർത്യനുമായ ദൈവത്തിന്റെ മഹത്വത്തിന്റെ ധനത്തിന് അനുസൃതമായ നിലയിൽ തന്നെ ദൈവം നമ്മെ ബലപ്പെടുത്തേണ്ടതിനായി അപ്പോസ്തലൻ പ്രാർത്ഥിക്കുന്നു (1 തിമൊ. 6:15-16).

iv. എന്തിനുവേണ്ടി ബലപ്പെടണം എന്നതിനോടുള്ള ബന്ധത്തി

ൽ "**ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കേണ്ട തിന്**" എന്നാണ് അപ്പോസ്തലൻ പറയുന്നത്. ഇവിടെ "**വിശ്വാസത്താൽ**" എന്നതുകൊണ്ട് വിശ്വാസം എന്ന മുഖാന്തിരത്തിലൂടെ എന്നാണ് അർത്ഥം (dia tēs pisteōs – 1:15; 2:8; 3:12). ആത്മാവിൽ ബലപ്പെട്ട ഒരു വിശ്വാസിയിൽ ക്രിസ്തു, വിശ്വാസം എന്ന മുഖാന്തരത്തിലൂടെ ആഴത്തിലും പരപ്പിലും വസിക്കുവാൻ ഇടയാകും. എന്നാൽ ഇവിടെ പരാമർശിക്കുന്ന വിശ്വാസം രക്ഷക്കു വേണ്ടിയുള്ള പ്രാരംഭവിശ്വാസം അല്ല, മറിച്ച് തുടർമാന വിശ്വാസമാണ് (2 കൊരി. 13:5; ഗലാതൃർ 2:20). വിശുദ്ധന്മാരുടെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും ക്രിസ്തു വിശ്വാസത്തിലൂടെ വസിക്കുന്നതിനു വേണ്ടിയുള്ള പ്രാർത്ഥനയാണിത്. ഈ തുടർമാന വിശ്വാസത്തിലൂടെ ക്രിസ്തു അവരിൽ രൂപപ്പെടുകയും (ഗലാതൃർ 4:19), അവർ ക്രിസ്തുവിനോട് അനുരൂപരാവുകയും (റോമർ 8:29), ആത്മാവിന്റെ ശക്തിയുടെ കൂടിയ സ്വാധീനം നിമിത്തം ക്രിസ്തീയ സ്വഭാവം അവരിൽ പ്രകടമാകുകയും ചെയ്യും (4:13–16; 2 കൊരി. 3:18; 4:10–11; ഗലാതൃർ 2:20; കൊലോ.1:28). ക്രിസ്തു വിശ്വാസിയുടെ ഹൃദയത്തിൽ ആഴത്തിലും പരപ്പിലും വാസം ചെയ്താൽ വിശ്വാസിയുടെ ജീവിതത്തിന്റെ കേന്ദ്രസ്ഥാനം അവനായിരിക്കും, എല്ലാ മേഖലകളിലും അവൻ അധികാരം നടത്തുകയും ചെയ്യും. അല്ലെങ്കിൽ ഒരു ഭവനത്തിലെ അംഗത്തിന്റെ സ്വാതന്ത്ര്യം അല്ല, മറിച്ച് അതിഥിയുടെ സ്വാതന്ത്ര്യമാണ് കർത്താവിന് നമ്മുടെ ജീവിതത്തിൽ ഉണ്ടാകുന്നത്.

തുടർന്ന് ഏതു കാരണത്താൽ ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയത്തിൽ വസിക്കും എന്നതിന്റെ വിശദീകരണം ആയിട്ടാണ് നിങ്ങൾ "**സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപെട്ടവരായി**" ഇരിക്കുന്ന കാര്യം പറയുന്നത്. കാരണം, ഇവിടെ "**വേരൂന്നി അടിസ്ഥാനപട്ടവരായി**" എന്നത് വ്യാകരണപ്രകാരം (errizomenoi kai tethemeliōmenoi - participle) "**വസിക്കേണ്ടതിനും**" എന്ന പ്രധാനക്രിയയുടെ മുൻപദമാണ്. അർത്ഥാൽ, ക്രിസ്തു നിങ്ങളുടെ ഹൃദയത്തിൽ ആഴത്തിലും പരപ്പിലും വസിക്കുവാൻ കഴിയുന്നതിനുള്ള അടിസ്ഥാന കാരണം നിങ്ങൾ ആദ്യം തന്നെ അവനിൽ അവന്റെ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപെട്ടവരായി ഇരിക്കുന്നു എന്നതാണ്.

### b. ആത്മിക ഗ്രാഹ്യത്തിനായി പ്രാർത്ഥിക്കുന്നു (3:18–19)

“... **വീതിയും നീളവും ഉയരവും ആഴവും എന്ത് എന്ന് സകല വിശുദ്ധന്മാരോടുംകൂടെ ഗ്രഹിപ്പാനും... ക്രിസ്തുവിന്റെ സ്നേഹത്തെ അറിയുവാനും... പ്രാർത്ഥിക്കുന്നു**”.

ഇതോടെ ബന്ധപ്പെട്ട് മൂന്നു കാര്യങ്ങൾ ലേഖകൻ ഇവിടെ പരാമർശിക്കുന്നുണ്ട്.

i. ആത്മീകമായി എന്താണ് ഗ്രഹിക്കേണ്ടത് എന്നതിനോടുള്ള ബന്ധത്തിൽ അപ്പോസ്തലൻ ഈ വാക്യങ്ങളിൽ വ്യക്തമായി ഒന്നും പറയുന്നില്ല എങ്കിലും ലേഖന പശ്ചാത്തലത്തിന്റെ അടിസ്ഥാനത്തിൽ നമുക്ക് ചില നിഗമനങ്ങളിൽ എത്തിച്ചേരുവാൻ കഴിയും. അതിൽ ഒന്നാമതായി ദൈവത്തിന്റെ ശക്തിയാണ് (1:19); അതിൽ രണ്ടാമതായിട്ടുള്ളത് ദൈവത്തിന്റെ കൃപയുടെ ധനമാണ് (2:6); അതിൽ മൂന്നാമതായിട്ടുള്ളത് ദൈവത്തിന്റെ ജ്ഞാനമാണ് (3:10-11). ഇതിനെല്ലാം അനുകൂലവും പ്രതികൂലവുമായ ഘടകങ്ങൾ ഈ ലേഖനത്തിൽ തന്നെ നാം കാണുന്നുണ്ട്. അതിൽ നാലാമതായിട്ടുള്ള അനുമാനം യേശുക്രിസ്തുവിലൂടെ വെളിപ്പെട്ട ദൈവത്തിന്റെ സ്നേഹമാണ്. സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ടവരായി എന്നുള്ള ആശയം ഈ വാക്യാംശത്തിന്റെ മുൻപദമായും ദൈവപുത്രനായ ക്രിസ്തുവിന്റെ സ്നേഹത്തെ അറിയണമെന്ന് അതിന്റെ പിൻപദമായും പറയുന്നതുകൊണ്ട് v. 18 -ൽ ക്രിസ്തുവിൽ ഉള്ള ദൈവത്തിന്റെ സ്നേഹത്തെ ഗ്രഹിക്കുന്ന കാര്യമാണ് ഇവിടെ പരാമർശിക്കുന്നത് എന്ന് ന്യായമായി നമുക്ക് അനുമാനിക്കാവുന്നതാണ്. എന്നാൽ അത് വിശ്വാസികൾ തമ്മിലുള്ള സ്നേഹമല്ല, വിശ്വാസികൾക്ക് പിതാവിനോടും പുത്രനോടുള്ള സ്നേഹവും അല്ല, മറിച്ച് നമുക്ക് വേണ്ടി ക്രിസ്തുയേശുവിലുള്ള ദൈവത്തിന്റെ സ്നേഹമാണ്.

ii. ആത്മീകമായി എങ്ങനെയാണ് ഗ്രഹിക്കേണ്ടത് എന്നതിനോട് ബന്ധപ്പെട്ട് “**സകല വിശുദ്ധന്മാരോടും കൂടെ**” ഗ്രഹിക്കണം എന്നാണ് അപ്പോസ്തലൻ പറയുന്നത് (2:19; 3:6,18). കാരണം ക്രിസ്തുവിലുള്ള ദൈവസ്നേഹം വിശുദ്ധന്മാർ സമൂഹപരമായി അനുഭവിക്കുന്നത് സകല വിശുദ്ധന്മാരിലൂടെയാണ്, സഹവിശ്വാസികളിലൂടെയാണ് (3:18), പലതരത്തിലും പലതലത്തിലും പലനിറത്തിലും പല രൂപത്തിലും പല ഭാവത്തിലും പല രുചിയിലും പല അളവിലും അത് വെളിപ്പെടും. അത് ആവശ്യങ്ങളിൽ സഹായമോ സഹതാപമോ ആകാം, കാവലോ കരുതലോ ആകാം, ദയയൊ മനസ്സലിവോ ആകാം, ക്ഷമയോ പൊറുമ

യോ ആകാം, ആലോചനയോ അനുഗ്രഹമോ ആകാം, ശാസനയോ ഗുണീകരണമോ ആകാം. എല്ലാം ദൈവസ്നേഹത്തിൽ കാണുകയും കൈകാര്യം ചെയ്യുകയും ചെയ്യുന്ന ഒരു തലമാണിത്.

iii. ആത്മീകമായി എത്രത്തോളം ആണ് ഗ്രഹിക്കേണ്ടത് എന്നതിനോടുള്ള ബന്ധത്തിൽ ദൈവസ്നേഹത്തിന്റെ "**വീതിയും നീളവും ഉയരവും ആഴവും**" നാം ഗ്രഹിക്കേണ്ടതിനാണ് അപ്പോസ്തലൻ പ്രാർത്ഥിക്കുന്നത്. എന്നാൽ അനുബന്ധമായി തന്നെ "**പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിൻ സ്നേഹത്തെ**" അറിയേണ്ടതിനും പ്രാർത്ഥിക്കുന്നു. അർത്ഥാൽ, മാനുഷികമായി ഗ്രഹിക്കുവാനും അറിയുവാനും അസാധ്യമായതിനെ ദൈവികമായി ഗ്രഹിക്കുവാനും അറിയുവാനും ആണ് അപ്പോസ്തലൻ പ്രാർത്ഥിക്കുന്നത്. കാരണം ക്രിസ്തുവിന്റെ സ്നേഹം അളവറ്റതും അതിരറ്റതും അനന്തമായതും അഗാധമായതുമാണ് (3: 19; റോമർ 8:39 ); അത് സ്വയമായി ഉൾക്കൊള്ളുവാൻ അസാധ്യമായതു കൊണ്ടാണ് അതിനെ സകല വിശുദ്ധന്മാരോട് കൂടെ ഗ്രഹിക്കുവാനും അറിയുവാനും അപ്പോസ്തലൻ ആഗ്രഹിച്ചു പ്രാർത്ഥിക്കുന്നത്. വിശ്വാസികൾ ക്രിസ്തുവിന്റെ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപെട്ടവരായിരിക്കുന്നതിന്റെ ഫലമായും, ആത്മികമായി ബലപ്പെട്ട് ക്രിസ്തു നമ്മിൽ ആഴത്തിനും പരപ്പിലും വസിക്കുന്നതിന്റെ ഫലമായും പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിൻ സ്നേഹത്തിന്റെ വീതി നീളം ഉയരം ആഴം എന്നിവയെ സകല വിശുദ്ധന്മാരോട് കൂടെ ഗ്രഹിക്കുവാനും അറിയുവാനും അവർ പ്രാപ്തരാകും. കാരണം സ്നേഹത്തിലാണ് ദൈവം നമ്മെ മുന്നിയമിച്ചത് (1:5), പ്രിയനായവനിലാണ് ദൈവം നമുക്ക് കൃപ നൽകിയത് (1:6), സ്നേഹത്തിലാണ് വിശ്വാസികൾ എല്ലാം ചെയ്യേണ്ടത് (4:2,15,16; 5:2).

സഹസ്രാബ്ദ ദൈവാലയത്തിലെ യാഗപീഠത്തിന്റെ വീതിയും നീളവും ഉയരവും ആഴവും രേഖപ്പെടുത്തിയിരുന്നു (യെഹെ. 43:13-17); അതു പോലെ ക്രിസ്തുവിന്റെ യാഗമരണത്തിലൂടെ വെളിപ്പെടുത്തിയ തന്റെ സ്നേഹത്തിന്റെ വ്യാപ്തിയെ ആണ് ഈ അളവ് സൂചിപ്പിക്കുന്നത്.

### c. ആത്മീക നിറവിനായി പ്രാർത്ഥിക്കുന്നു (3:19)

ക്രിസ്തുവിശ്വാസികളെ കുറിച്ചുള്ള ദൈവിക ലക്ഷ്യം "**അവർ ദൈവത്തിന്റെ എല്ലാ നിറവിനോളം നിറഞ്ഞു വരികയും വേണം**" എന്നതാണ്. ഇവിടെ ഇത് വ്യാകരണപ്രകാരം (plērōthēte – ingressive aorist) നിറ

ഞ്ഞുവരുന്ന പുതിയൊരു അവസ്ഥയുടെ ആരംഭത്തെ മാത്രം സൂചിപ്പി ക്കുന്നു; ക്രിസ്തുവിൽ നിറയുന്നതിനെകുറിച്ചും (4:10), ആത്മാവിൽ നി റയുന്നതിനെക്കുറിച്ചും (5:18) പിന്നീട് അപ്പോസ്തലൻ പരാമർശിക്കു ന്നുണ്ട്.

അകത്തെ മനുഷ്യൻ ദൈവത്തിന്റെ ശക്തിയാൽ ബലപ്പെടുകയും ആഴത്തിലും പരപ്പിലും ക്രിസ്തു അവരിൽ വസിക്കുകയും ക്രിസ്തുവി ന്റെ സ്നേഹത്തിന്റെ വ്യാപ്തി അവർ സമൂഹപരമായി അറിയുകയും ചെയ്യുന്നതിന്റെ ആത്യന്തിക ലക്ഷ്യം അവർ ദൈവത്തിന്റെ എല്ലാ നിറ വിനോളം നിറഞ്ഞു വരിക എന്നതാണ്. അതിനെ ദൈവീക പൂർണ്ണത യിലേക്കും പ്രകൃതത്തിലേക്കും നിറയുക എന്നും (മത്തായി 5:48; 1 പ ത്രോസ് 1:16; 2 പത്രോസ് 1:3-8), പഴയ മനുഷ്യന് യാതൊരു നിയന്ത്രണ വും ഇല്ലാത്ത നിലയിൽ അകത്തെ മനുഷ്യൻ പൂർണമായും ദൈവത്തി ന്റെ നിയന്ത്രണത്തിൽ കീഴിലായി സ്വയത്തിൽ ശൂന്യമായി ദൈവത്തിൽ നിറയുക എന്നുമാണ് അർത്ഥം (5:18). ദൈവത്തിന്റെ നിറവിനാൽ നിറ യുവാൻ അല്ല, മറിച്ച് ദൈവത്തിന്റെ നിറവിലേക്ക് നിറയുകയും ആത്മാ വിനാൽ ദൈവത്തിന്റെ നിവാസമായി ദൈവത്തിന്റെ മഹത്വം നിറയുന്ന മന്ദിരം ആകുകയും വേണം വിശ്വാസികൾ; അർത്ഥാൽ, ദൈവത്തിന്റെ നീതിയും വിശുദ്ധിയും സ്നേഹവും സ്വഭാവവും ഉള്ളവരായി അതിൽ നിറയണം (2:21-22; 2 പത്രോസ് 1:3-11).

ദൈവത്തിന്റെ മഹത്വം സമാഗമനകൂടാരത്തെ നിറച്ചതുപോലെയും (പുറപ്പാട് 40:34-35), ദൈവാലയത്തെ നിറച്ചത് പോലെയും (1 രാജ. 8:10 -11) വിശ്വാസികൾ ദൈവമഹത്വം നിറയ്ക്കുന്ന അഥവാ വെളിപ്പെടുത്തു ന്ന മന്ദിരങ്ങൾ ആകണം. പഴയനിയമത്തിൽ ദൈവം തന്റെ മഹത്വം വെ ളിപ്പെടുത്തിയത് സമാഗമനകൂടാരത്തിലും ദൈവാലയത്തിലും വസിച്ചു കൊണ്ടാണ് (1 രാജ. 6:13; സെഖര്യാവ് 2:10,11). ഒരിക്കൽ ദൈവമഹത്വ ത്തിന്റെ മേഘം ആലയത്തെ നിറച്ചു എങ്കിലും (യെഹെ. 10:3-4,18,19), പിന്നീട് യിസ്രായേലിന്റെ പാപഹേതുവായ വിഗ്രഹങ്ങളെ ദൈവാലയ ത്തിൽ കണ്ടതിനാൽ ദൈവം മഹത്വം ആലയത്തെ വിട്ടുപോയി. എന്നാ ൽ ഭാവിയിൽ പുതിയ ഉടമ്പടിയുടെ ഭാഗമായി ആലയത്തിലേക്ക് ദൈവ മഹത്വം വീണ്ടും വരികയും (43:3-4) ദൈവമഹത്വം കൊണ്ട് ആലയം വീണ്ടും നിറയുകയും ചെയ്യും (43:5). അതിന്റെ ഒരു ഭാഗിക നിറവേറൽ സഭ എന്ന ദൈവമന്ദിരത്തിൽ വ്യക്തിപരമായും സമൂഹപരമായും നാം ഇവിടെ കാണുന്നു.

## 3. പ്രാർത്ഥിക്കുന്നതിനുള്ള അസാധാരണമായ ഉറപ്പ് (3:20 - 21)

**"എന്നാൽ നാം ചോദിക്കുന്നതിലും നിനക്കുന്നതിലും അത്യന്തം പരമായി ചെയ്യുവാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്ന വന്...**"

നമ്മിൽ വ്യാപരിക്കുന്ന ദൈവത്തിന്റെ ശക്തി ക്രിസ്തുവിനെ മരിച്ചവരിൽ നിന്നും ഉയർപ്പിച്ച് എല്ലാ വാഴ്ചയ്ക്കും അധികാരത്തിനും എല്ലാ നാമത്തിനും മീതെ ഉയർത്തി സ്വർഗത്തിൽ ഇരുത്തുകയും (1:20-21), വിശ്വാസികളെയും ക്രിസ്തുവിനോട് കൂടെ ജീവിപ്പിച്ച് ക്രിസ്തുവിനോട് കൂടെ ഉയർത്തുകയും, ക്രിസ്തുവിനോട് കൂടെ സ്വർഗ്ഗത്തിൽ ഇരുത്തുകയും ചെയ്ത (2:5-7) ശക്തിയാകുന്നു. ഈ ശക്തി നമ്മെ രക്ഷയുടെ പൂർണ്ണ ലക്ഷ്യത്തിൽ എത്തിക്കുവാൻ ഇന്നും നമ്മിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ് (ഫിലിപ്പി. 1:4; 3:21). ഈ ശക്തിയാൽ ആത്മികബലം, ആത്മീക ഗ്രാഹ്യം, ആത്മിക നിറവ് മുതലായി തന്നോട് അപേക്ഷിക്കുന്നതൊക്കെയും ചെയ്യുവാനും അതിൽ കൂടുതൽ ചെയ്യുവാനും ദൈവം കഴിവുള്ളവനാണെന്ന ബോധ്യത്തിൽ ദൈവമഹത്വത്തിനായി ആഗ്രഹിച്ചുകൊണ്ട് തന്റെ പ്രാർത്ഥനയേ ഉപസംഹരിക്കുന്നു. നാം ചോദിക്കുന്നതിൽ കൂടുതൽ ചെയ്യുവാൻ ദൈവത്തിന് തന്റെ ശക്തിയാൽ കഴിയുമെന്ന് മാത്രമല്ല, നാം വിചാരിക്കുന്നതിലും നിനക്കുന്നതിലും അധികമായി ചെയ്യുവാനും കഴിവുള്ളവനാണ് നമ്മുടെ ദൈവം എന്നുള്ള ബോധ്യത്തിലാണ് താൻ പ്രാർത്ഥിക്കുന്നത്.

ഈ നിലയിലും അളവിലും നമ്മുടെ പ്രാർത്ഥന നിറവേറ്റുവാൻ കഴിയുന്ന ദൈവത്തോടുള്ള മാനുഷിക പ്രതികരണമാണ് സമ്പൂർണ്ണ സ്തുതിയും സാഷ്ടാംഗപ്രണാമവും ആരാധനയുമായി "**നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവന് സഭയിലും ക്രിസ്തുയേശുവിലും എന്നേക്കും തലമുറതലമുറയും മഹത്വം ഉണ്ടാകട്ടെ ആമേൻ**" എന്ന് അപ്പോസ്തലൻ പറയുന്നത്. കാരണം, ഈ ശൈലി ആരാധനയുമായി സാമ്യമുള്ളത് ആകുന്നു (ലൂക്കോസ് 17:18; വെളിപ്പാട് 4:9-10; 5:13-14; 7: 11-12).

***

# IV

# സകലവും ക്രിസ്തുവിൽ വീണ്ടും ഒന്നായി ചേർക്കുന്ന ദൈവിക പദ്ധതിക്ക് അനുയോജ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ദൈവം എല്ലാവർക്കും നൽകി

## (4:1 – 6:9)

എഫേസ്യർക്കുള്ള ഈ ലേഖനത്തിന്റെ ആദ്യത്തെ മൂന്ന് അധ്യായങ്ങൾ ക്രിസ്തുവിശ്വാസികൾക്ക് ക്രിസ്തുവിലുള്ള അനുഗ്രഹങ്ങളും പദവികളും പ്രതിപാദിക്കുമ്പോൾ, തുടർന്നുള്ള 3 അധ്യായങ്ങൾ ക്രിസ്തുവിശ്വാസികളുടെ കടമകളും കടപ്പാടുകളും ആണ് വിവരിക്കുന്നത്. അതുകൊണ്ട് നാലാം അധ്യായം പുതിയൊരു അധ്യായം മാത്രമല്ല, ലേഖനത്തിന്റെ പ്രധാന വിഭജനം കൂടിയാണ്. ആദ്യഭാഗത്ത് ക്രിസ്തുവിൽ ദൈവത്തിന്റെ പദ്ധതിയെ കുറിച്ചുള്ള ഉപദേശം നൽകുകയും, തുടർന്ന് ഈ പദ്ധതി പ്രകാരം ഇവിടെ ജീവിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരിക്കുന്നു.

## A. എല്ലാവരും വിളിക്ക് യോഗ്യമായി നടക്കണം (4:1–24)

**"കർത്തൃസേവനിമിത്തം ബദ്ധനായിരിക്കുന്ന ഞാൻ പ്രബോധിപ്പിക്കുന്നതു: നിങ്ങളെ വിളിച്ചിരിക്കുന്ന വിളിക്കു യോഗ്യമാംവണ്ണം പൂർണ്ണവിനയത്തോടും സൌമ്യതയോടും ദീർഘക്ഷമയോടുംകൂടെ നടക്കയും സ്നേഹത്തിൽ അന്യോന്യം പൊറുക്കയും ആത്മാവിന്റെ ഐക്യത സമാധാനബന്ധത്തിൽ കാപ്പാൻ ശ്രമിക്കയും ചെയ്വിൻ. നിങ്ങളെ വിളിച്ചപ്പോൾ ഏകപ്രത്യാശെക്കായി നിങ്ങളെ വിളിച്ചതുപോലെ ശരീരം ഒന്നു, ആത്മാവു ഒന്നു, കർത്താവു ഒരുവൻ, വിശ്വാസം ഒന്നു, സ്നാനം ഒന്നു, എല്ലാവർക്കും മീതെയുള്ളവനും എല്ലാവരിലും കൂടി വ്യാപരിക്കുന്നവനും എല്ലാവരിലും ഇരിക്കുന്നവനുമായി എല്ലാവർക്കും ദൈവവും പിതാവുമായവൻ ഒരുവൻ. എന്നാൽ നമ്മിൽ ഓരോരുത്തന്നു ക്രിസ്തുവിന്റെ ദാനത്തിന്റെ അളവിന്നു ഒത്തവണ്ണം കൃപ ലഭിച്ചിരി**

ക്കുന്നു. അതുകൊണ്ടു: "അവൻ ബദ്ധന്മാരെ പിടിച്ചു കൊണ്ടുപോയി ഉയരത്തിൽ കയറി മനുഷ്യർക്കു, ദാനങ്ങളെ കൊടുത്തു" എന്നു പറയുന്നു. കയറി എന്നതിനാൽ അവൻ ഭൂമിയുടെ അധോഭാഗങ്ങളിലേക്കു ഇറങ്ങി എന്നു വരുന്നില്ലയോ? ഇറങ്ങിയവൻ സകലത്തെയും നിറെക്കേണ്ടതിന്നു സ്വർഗ്ഗാധിസ്വർഗ്ഗത്തിന്നു മീതെ കയറിയവനും ആകുന്നു. അവൻ ചിലരെ അപ്പൊസ്തലന്മാരായും ചിലരെ പ്രവാചകന്മാരായും ചിലരെ സുവിശേഷകന്മാരായും ചിലരെ ഇടയന്മാരായും ഉപദേഷ്ടാക്കന്മാരായും നിയമിച്ചിരിക്കുന്നു; അതു നാം എല്ലാവരും വിശ്വാസത്തിലും ദൈവപുത്രനെക്കുറിച്ചുള്ള പരിജ്ഞാനത്തിലുമുള്ള ഐക്യതയും തികഞ്ഞ പുരുഷത്വവും ക്രിസ്തുവിന്റെ സമ്പൂർണ്ണതയായ പ്രായത്തിന്റെ അളവും പ്രാപിക്കുവോളം വിശുദ്ധന്മാരുടെ യഥാസ്ഥാനത്വത്തിന്നായുള്ള ശുശ്രൂഷയുടെ വേലെക്കും ക്രിസ്തുവിന്റെ ശരീരത്തിന്റെ ആത്മികവർദ്ധനെക്കും ആകുന്നു. അങ്ങനെ നാം ഇനി മനുഷ്യരുടെ ചതിയാലും ഉപായത്താലും തെറ്റിച്ചുകളയുന്ന തന്ത്രങ്ങളിൽ കുടുങ്ങിപ്പോകുവാൻ തക്കവണ്ണം ഉപദേശത്തിന്റെ ഓരോ കാറ്റിനാൽ അലഞ്ഞുഴലുന്ന ശിശുക്കൾ ആയിരിക്കാതെ സ്നേഹത്തിൽ സത്യം സംസാരിച്ചുകൊണ്ടു ക്രിസ്തു എന്ന തലയോളം സകലത്തിലും വളരുവാൻ ഇടയാകും. ശരീരം മുഴുവനും യുക്തമായി ചേർന്നും ഏകീഭവിച്ചും ഓരോ അംഗത്തിന്റെ അതതു വ്യാപാരത്തിന്നു ഒത്തവണ്ണം ഉതവി ലഭിപ്പാനുള്ള ഏതു സന്ധിയാലും സ്നേഹത്തിലുള്ള വർദ്ധനെക്കായി അവനിൽനിന്നു വളർച്ച പ്രാപിക്കുന്നു. ആകയാൽ ഞാൻ കർത്താവിൽ സാക്ഷീകരിച്ചു പറയുന്നതു എന്തെന്നാൽ: ജാതികൾ തങ്ങളുടെ വ്യർത്ഥബുദ്ധി അനുസരിച്ചു നടക്കുന്നതുപോലെ നിങ്ങൾ ഇനി നടക്കരുതു. അവർ അന്ധബുദ്ധികളായി അജ്ഞാനം നിമിത്തം, ഹൃദയകാഠിന്യം നിമിത്തം തന്നേ, ദൈവത്തിന്റെ ജീവനിൽനിന്നു അകന്നു മനംതഴമ്പിച്ചു പോയവർ ആകയാൽ അത്യാഗ്രഹത്തോടെ സകല അശുദ്ധിയും പ്രവർത്തിപ്പാൻ ദുഷ്കാമത്തിന്നു തങ്ങളെത്തന്നേ ഏല്പിച്ചിരിക്കുന്നു. നിങ്ങളോ യേശുവിൽ സത്യം ഉള്ളതുപോലെ അവനെക്കുറിച്ചു കേട്ടു അവനിൽ ഉപദേശം ലഭിച്ചു എങ്കിൽ ക്രിസ്തുവിനെക്കുറിച്ചു ഇങ്ങനെയല്ല പഠിച്ചതു. മുമ്പിലത്തെ നടപ്പു സംബന്ധിച്ചു ചതിമോഹങ്ങളാൽ വഷളായിപ്പോകുന്ന പഴയ മനുഷ്യനെ ഉപേക്ഷിച്ചു നിങ്ങളുടെ ഉള്ളിലെ ആത്മാവു സംബന്ധമായി പുതുക്കം പ്രാപിച്ചു സത്യത്തിന്റെ ഫലമായ നീതിയിലും വിശുദ്ധിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിച്ചുകൊൾവിൻ."

ഒരാൾ ഒരു സംഘടനയിലോ സ്ഥാപനത്തിലോ അംഗമായാൽ അതിന്റെ നിയമങ്ങളും നിബന്ധനകളും അംഗീകരിക്കുവാനും ഉദ്ദേശലക്ഷ്യങ്ങൾക്കനുസരിച്ച് നിലനിൽക്കുവാനും ബാധ്യസ്ഥനാണ്. പല ക്രിസ്തുവിശ്വാസികളും തങ്ങൾക്ക് ക്രിസ്തുവിലുള്ള ആത്മീക അനുഗ്രഹങ്ങളെ കുറിച്ചും, ആത്മീക വാഗ്ദത്തങ്ങളെ കുറിച്ചും, ആത്മിക സുരക്ഷിതത്വത്തെക്കുറിച്ചും ബോധവാന്മാരും അതിൽ അഭിമാനിക്കുന്നവരും ആകുന്നുവെങ്കിലും, തങ്ങളുടെ ആത്മീക ജീവിതത്തിലെ കടമകളെക്കുറിച്ചും ഉത്തരവാദിത്വങ്ങളെ കുറിച്ചും ദൗത്യത്തെക്കുറിച്ചും ഉത്സാഹികൾ അല്ലെന്ന് മാത്രമല്ല, ഇക്കാര്യങ്ങളിൽ പലപ്പോഴും അജ്ഞരും ആണ്.

എന്നാൽ അംഗീകരിച്ചാലും ഇല്ലെങ്കിലും, ഒരാൾ കർത്താവായ യേശുവിൽ വിശ്വസിച്ചപ്പോൾ തന്നെ പുതിയൊരു അധികാരത്തിൻ കീഴിലായി, പുതിയൊരു രാജ്യത്തിലെ പൗരനായി, പുതിയൊരു സൃഷ്ടിയും പുതിയൊരു കുടുംബത്തിലെ അംഗവും ആയിത്തീർന്നു. അതിന്റെ ഫലമായി അനുഗ്രഹങ്ങളും പദവികളും മാത്രമല്ല, കടമകളും ഉത്തരവാദിത്വങ്ങളും ഉണ്ട്; അതുകൊണ്ട് പുതിയ കുടുംബത്തിന്റെ ആഗ്രഹങ്ങളും ലക്ഷ്യങ്ങളും അറിയുകയും, കടമകളും കടപ്പാടുകളും നിറവേറ്റുകയും നിലവാരം കാത്തുസൂക്ഷിക്കുകയും വേണം. ഇക്കാര്യത്തോട് ബന്ധപ്പെട്ട ഒരു പ്രബോധനമാണ് ആകയാൽ "**കർതൃസേവനിമിത്തം ബദ്ധനായിരിക്കുന്ന ഞാൻ പ്രബോധിപ്പിക്കുന്നത്**" എന്ന മുഖവുരയോടു കൂടി അപ്പോസ്തലൻ അനുവാചകർക്ക് നൽകുന്നത്. എന്നാൽ വാചകത്തിന്റെ ആരംഭത്തിൽ തന്നെ "ആകയാൽ", "അതുനിമിത്തം" "അതുകൊണ്ട്" മുതലായ വാക്കുകളാൽ വിവർത്തനം ചെയ്യാവുന്നതും ഇവിടെ വലിയ പ്രാധാന്യമുള്ളതുമായ ഒരു ഗ്രീക്ക് വാക്ക് (oun) മലയാള ഭാഷാന്തരങ്ങളിൽ വിട്ടുപോയിട്ടുണ്ടെന്നുള്ളത് പ്രത്യേകം അറിഞ്ഞിരിക്കേണ്ടതുണ്ട്. കാരണം, വിഷയസംബന്ധിയായി ലേഖനത്തിന്റെ പ്രധാന രണ്ടു ഭാഗങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു വാക്കാണ് ഇത്. അർത്ഥാൽ, ക്രിസ്തുവിന്റെ ശരീരമായ സഭയെ കുറിച്ചുള്ള ഉപദേശങ്ങളെയും (1-3) പിന്നീട് ഈ ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രായോഗികമാക്കാനുള്ള നിർദ്ദേശങ്ങളെയും (4-6) തമ്മിൽ ബന്ധിപ്പിക്കുന്ന വാക്കാണ് ഇത്.

ഈ വാക്യാംശത്തിലെ **"പ്രബോധിപ്പിക്കുന്ന"** എന്നുള്ള പ്രധാന ക്രിയ (parakalō – progressive present) വ്യാകരണപ്രകാരം ഇവിടെ തുടരുന്ന പ്രവർത്തിയെ സൂചിപ്പിക്കുന്നു. ഈ പ്രബോധനത്തിന്റെ ഉള്ളടക്ക

മാണ് "**നിങ്ങളെ വിളിച്ചിരിക്കുന്ന വിളിക്ക് യോഗ്യമാംവണ്ണം... നടക്കയും... ചെയ്യുവിൻ**" (4:1-3) എന്നതിലൂടെ അപ്പോസ്തലൻ വിവരിക്കുന്നത്.

എന്നാൽ ഇവിടെ "**നിങ്ങളെ വിളിച്ചിരിക്കുന്ന**" എന്നതിലൂടെ വ്യാകരണപ്രകാരം (eklēthēte – ingressive aorist), ദൈവം അനുവാചകരെ വിളിച്ചതിന്റെ ആരംഭപ്രവർത്തിയെ മാത്രം സൂചിപ്പിക്കുന്നു. അനുവാചകർക്ക് സുവിശേഷം കേൾക്കുകയും വിശ്വസിക്കുകയും ചെയ്യുവാൻ കാരണമായ രക്ഷയ്ക്കായുള്ള ദൈവത്തിന്റെ വിളിയെയാണ് ഇത് പരാമർശിക്കുന്നത് (ഗലാത്യർ 1:6; 1 കൊരി. 1:26; 7:20-22,24). നമ്മുടെ സാമൂഹിക നില നോക്കാതെയും (1 കൊരി. 1:26), ജാതീയ വേർതിരിവ് ഇല്ലാതെയും (1 കൊരി. 12:13; ഗലാത്യർ 3:28), സൽപ്രവർത്തികൾ പരിഗണിക്കാതെയും (2 തിമൊ. 1:9; എഫെ. 2:8-9) ദൈവരാജ്യത്തിലേക്കും അതിന്റെ അനുഗ്രഹങ്ങളിലേക്കുമുള്ള ഒരു ക്ഷണമാണിത് (എഫെ. 4:4; 1 തെസ്സ. 2:11; 2 തെസ്സ. 2:14; 1 തിമൊ. 6:12). ഇതിനെ തിരുവെഴുത്ത് വിവിധ നിലയിൽ വിശേഷിപ്പിക്കുന്നുണ്ട്. അതുകൊണ്ടാണ്, കർത്താവായ യേശുക്രിസ്തുവിന്റെ കൂട്ടായ്മയിലേക്ക് വിളിച്ചിരിക്കുന്നു (1 കൊരി. 1:9), ഉന്നത വിളികൊണ്ട് വിളിച്ചിരിക്കുന്നു (ഫിലിപ്പി. 3:14), വിശുദ്ധ വിളികൊണ്ട് വിളിച്ചിരിക്കുന്നു (2 തിമൊ. 1:9), സ്വർഗീയ വിളികൊണ്ട് വിളിച്ചിരിക്കുന്നു (എബ്രായർ 3:1), വിശുദ്ധീകരണത്തിനായി വിളിച്ചിരിക്കുന്നു (1 തെസ്സ. 4:15), കർത്താവായ യേശുക്രിസ്തുവിന്റെ മഹത്വം പ്രാപിപ്പാൻ വിളിച്ചിരിക്കുന്നു (2 തെസ്സ. 2:14) എന്നെല്ലാം തിരുവെഴുത്ത് പറയുന്നത്. അതുകൊണ്ടുതന്നെയാണ് വിളിയാലുള്ള ആശ ഇന്നതെന്ന് അനുവാചകർ അറിയേണ്ടതിന് അപ്പോസ്തലൻ അവർക്ക് വേണ്ടി പ്രാർത്ഥിക്കുന്നത് (1:18).

ഇവിടെ "**നിങ്ങളെ വിളിച്ചിരിക്കുന്ന വിളിക്ക് യോഗ്യമാംവണ്ണം... നടക്കയും... ചെയ്യുവിൻ**" എന്നതിലൂടെ വിളിയുടെ ഉദ്ദേശലക്ഷ്യങ്ങൾക്കനുസരിച്ച് ജീവിക്കുവാനാണ് അപ്പോസ്തലൻ അനുവാചകരോട് ആവശ്യപ്പെടുന്നത് (1 തെസ്സ. 2:11). ദൈവം തന്റെ സഭയിലൂടെ മഹത്വപ്പെടുന്നതുകൊണ്ട് വിശ്വാസികൾ ദൈവത്തെ മഹത്വപ്പെടുത്തുന്ന നിലയിൽ തന്നെ നടക്കണം. ദൈവം വിളിച്ചവരുടെ പെരുമാറ്റത്തിന് ദൈവം തന്നെ നിലവാരം വെച്ചിട്ടുള്ളതുകൊണ്ട് ദൈവവിളിയോടുള്ള പ്രതികരണവും പ്രതിഫലനവുമാണ് വിളിച്ച വിളിക്ക് യോഗ്യമായി നടക്കുന്നത്. മുമ്പ് ഈ ലോകത്തിന്റെ കാലഗതിക്കനുസരിച്ചും ആകാശത്തിലെ അധികാര

ത്തിനും ജഡമോഹങ്ങൾക്കനുസരിച്ചും ജീവിച്ചവർ (2:2-3) തുടർന്ന് ദൈവം ഒരുക്കിയ സൽപ്രവർത്തികളിൽ നടക്കണം (2:10).

ഇവിടെ "**നടക്കയും**" എന്നതിലൂടെ വ്യാകരണപ്രകാരം (peripatēs ai – complementary infinitive, constative aorist) നടക്കുക, പെരുമാറുക, ജീവിക്കുക എന്നാണ് അർത്ഥം. ക്രിസ്തീയ ജീവിതം അലങ്കാരികമായി ഒരു നടപ്പാണ്, ഒരു ദീർഘയാത്രയാണ്; അതിൽ പ്രവർത്തിയും ചലനവും പുരോഗതിയും പുതിയ കാഴ്ചപാടുകളും പുതിയ അനുഭവങ്ങളുമുണ്ട്.

വിളിക്ക് യോഗ്യമാംവണ്ണം നടക്കുന്നതിലൂടെ വിശ്വാസവും ജീവിതവും ആയ ഒരു ത്രാസിന്റെ സന്തുലിതാവസ്ഥ നിലനിർത്തുകയാണ് ചെയ്യുന്നത്. ഉപദേശവും ജീവിതവും ഒരേ നിലയിൽ അഥവാ ഒരു അളവിൽ നിലനിൽക്കണം. കാരണം ക്രിസ്തീയ ജീവിതത്തിൽ ഉപദേശവും ജീവിതവും ഒരുപോലെ പ്രധാനപ്പെട്ടതും വേർപിരിക്കുവാൻ കഴിയാത്ത നിലയിൽ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നതുമാണ്.

മറ്റൊരു ഭാഗത്ത് ഉപദേശത്തെ സൽപ്രവർത്തികൾ കൊണ്ടു അലങ്കരിക്കണമെന്ന് അപ്പോസ്തലൻ പറയുന്നുണ്ട് (തീത്തോസ് 2:9). ഉപദേശം ഒരു നിറം മാത്രമുള്ള ഒറ്റ തുണിയാണെങ്കിൽ അതിനെ ആകർഷണീയമാക്കുന്ന ചിത്രപ്പണികളാണ് (embroidery works) അതിലെ സൽപ്രവർത്തികൾ. കാണുന്നവരെല്ലാം അത് ആസ്വദിക്കുകയും അതിനെ അഭിനന്ദിക്കുകയും ചെയ്യും. അതുപോലെ വിശ്വാസികൾ ഉപദേശത്തെ അതിനനുയോജ്യമായ ജീവിതരീതികൾ കൊണ്ട് അലങ്കരിക്കണം. അതിനു സാധ്യമാകുന്ന നിലയിലേക്ക് ദൈവം നമ്മെ സുവിശേഷത്തിലൂടെ ശക്തിപ്പെടുത്തിയിരിക്കുന്നു (റോമർ 1:16; 1 കൊരി. 1:18, 22-24; കൊലോ. 1:12; 2:8,10; 1 തിമൊ. 1:9-10; തീത്തോസ് 2:14).

ഒരു രാജ്യത്തിന്റെ മാനം അതിലെ പൗരന്മാരുടെ കൈകളിൽ ആയിരിക്കുന്നതുപോലെയും, ഒരു കുടുംബത്തിലെ മാനം അതിലെ അംഗങ്ങളുടെ കൈകളിൽ ആയിരിക്കുന്നതുപോലെയും ദൈവരാജ്യത്തിന്റെ മാനം ദൈവമക്കളുടെ കൈകളിൽ ആയിരിക്കുന്നു. അതുകൊണ്ട് ദൈവത്തിന്റെ ജനമായ നാം ദൈവിക നിലവാരം കാത്തുസൂക്ഷിക്കുന്നതിന് നമ്മെ "**വിളിച്ചിരിക്കുന്ന വിളിക്ക് യോഗ്യമാംവണ്ണം...**" നടക്കണം. തുടർന്ന് ഇതോട് ബന്ധപ്പെട്ട് വിളിക്ക് യോഗ്യമാംണ്ണം നടക്കുക എന്നതിന്റെ അർത്ഥം, ആവശ്യം, അനിവാര്യത മുതലായവ ലേഖകൻ വിശ

ദീകരിക്കുന്നു.

## 1. വിളിക്ക് യോഗ്യമാംവണ്ണം നടക്കുക എന്നതിന്റെ അർത്ഥം (4:1-3).

### a. പൂർണ്ണ വിനയത്തിന്റെ അകമ്പടിയോടെ നടക്കണം

ഇവിടെ "**പൂർണ്ണവിനയത്തോടും... നടക്കയും**" എന്നതുകൊണ്ട് വിശ്വാസികൾ ഏതൊരു കാര്യവും എപ്പോഴും വിനയത്തോടെ വിചിന്തനം ചെയ്യുകയും വിലയിരുത്തുകയും വിധിക്കുകയും പ്രവർത്തിക്കുകയും പ്രതികരിക്കുകയും ചെയ്യുന്ന ഒരു വിശാല മാനസികാവസ്ഥ ഉള്ളവരായിരിക്കണം എന്നാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. ക്രിസ്തുവിശ്വാസികൾക്ക് ഭാവിക്കേണ്ടതിനും മീതെ ഭാവിക്കുവാനോ പ്രശംസിക്കുവാനോ അവകാശമില്ല. കാരണം, നാം ആകുന്നത് ക്രിസ്തുവിൽ ആകുന്നു, കൃപയാൽ ആകുന്നു; ദൈവമാണ് നമുക്ക് വേണ്ടി സകലവും ചെയ്തതും ചെയ്യുന്നതും (cc. 1-3).

### b. പൂർണ്ണ സൗമ്യതയുടെ അകമ്പടിയോടെ നടക്കണം

ഇവിടെ "**സൗമ്യതയോടെ... നടക്കയും**" എന്നത് മുൻപറഞ്ഞ നിർദ്ദേശത്തിന് അനുബന്ധമായിട്ടുള്ളതാണ്. പലരും വിചാരിക്കുന്നതുപോലെ സൗമ്യത ബലഹീനതയല്ല, മറിച്ച് ബലമാണ്, നിയന്ത്രണത്തിന് വിധേയപ്പെട്ട ശക്തിയാണ്; അവസരവും സാധ്യതയും കഴിവും സ്വാർത്ഥതാല്പര്യത്തിന് ഉപയോഗിക്കാതിരിക്കുന്ന ഒരു വലിയ മനസ്സാണിത്. അതുകൊണ്ടാണ് മോശയുടെ സൗമ്യതയെയും (സംഖ്യ. 12:3), ദാവീദിന്റെ സൗമ്യതയെയും (2 ശമുവേൽ 16:5-14), കർത്താവായ യേശുവിന്റെ സൗമ്യതയെയും (മത്തായി 11:29; 27:40; ഫിലിപ്പി. 2:3-8) വചനം പ്രശംസിക്കുന്നത്.

### c. ദീർഘക്ഷമയുടെ അകമ്പടിയോടെ നടക്കണം

ഇവിടെ പറയുന്ന "**ദീർഘക്ഷമയോടും കൂടെ നടക്കയും**" എന്നതിലെ ദീർഘക്ഷമ ദീർഘസമയം വികാരങ്ങൾക്ക് കീഴ്പ്പെടാതിരിക്കുന്നതാണ്; അത് ചിന്തയിലും സംസാരത്തിലും പ്രവർത്തിയിലും ഉള്ള ആത്മനിയന്ത്രമാണ്. അനീതിക്കും അധർമ്മത്തിനും എതിരെയുള്ള പ്രകോപനത്തെയും പ്രലോഭനത്തെയും പ്രതികരണത്തെയും അത് സമചിത്തതയോടെ കൈകാര്യം ചെയ്യുന്നു. ദീർഘക്ഷമയുള്ളവൻ പ്രതിസന്ധികളിൽ തളരുകയില്ലെന്ന് മാത്രമല്ല, പ്രതികൂലങ്ങളെ അതിജീവിക്കുകയും ചെയ്യും; അബ്രഹാമും പ്രവാചകരും ദീർഘക്ഷമയ്ക്ക് മാതൃകയാണ്

(എബ്രായർ 6:15; യാക്കോബ് 5:10).

### d. സ്നേഹത്തിൽ അന്യോന്യം വഹിച്ചുകൊണ്ട് നടക്കണം

വിളിച്ച വിളിക്ക് യോഗ്യമാംവണ്ണം നടക്കണം എന്നതുകൊണ്ട് "**സ്നേഹത്തിൽ അന്യോന്യം പൊറുക്കുകയും**" വഹിക്കുകയും സഹിക്കുകയും ചെയ്തുകൊണ്ട് നടക്കണം എന്നാണ് ഉദ്ദേശിക്കുന്നത്. കാരണം സ്നേഹം പാപങ്ങളുടെ ബഹുത്വത്തെ മറെക്കുന്നു (1 കൊരി. 13:7; കൊലോ. 3:12-14; 1 പത്രോസ് 4:8).

### e. ആത്മാവിന്റെ ഐക്യത സമാധാന ബന്ധത്തിൽ കാപ്പാൻ സർവ്വ പരിശ്രമവും ചെയ്തുകൊണ്ട് നടക്കണം

ഇവിടെ "**ആത്മാവിന്റെ ഐക്യത**" എന്നതുകൊണ്ട് ആത്മാവ് ഉണ്ടാക്കിയ ഐക്യം, ആത്മാവ് ഒരുമിപ്പിക്കുന്ന അഥവാ ഒന്നാക്കുന്ന ഐക്യം എന്നാണർത്ഥം. അതുപോലെ ഇവിടെ "**സമാധാന ബന്ധത്തിൽ**" (en tō syndesmō tēs eirēnēs) എന്നതുകൊണ്ട് ഐക്യം സൂക്ഷിക്കേണ്ടതായ മേഖലയെയാണ് ലേഖകൻ സൂചിപ്പിക്കുന്നത്. അതുപോലെതന്ന "**കാപ്പാൻ**" എന്നതുകൊണ്ട് (tērein – complementary infinitive) നഷ്ടപ്പെടാതെ സൂക്ഷിക്കുവാൻ എന്നാണർത്ഥം. വ്യാകരണപ്രകാരം (customary present) ഇവിടെ ആത്മാവിന്റെ ഐക്യത സൂക്ഷിക്കുന്നത് വിശ്വാസി തുടരേണ്ടതും നിലനിർത്തേണ്ടതുമായ ഒരു സ്വഭാവമായിരിക്കണം. അതുപോലെ "**ശ്രമിക്കുകയും ചെയ്യുവിൻ**" (spoudazontes) എന്നതുകൊണ്ട് ഐക്യം നിലനിർത്തുവാൻ ആവശ്യമായ എല്ലാ പരിശ്രമവും ചെയ്യുക, സകല ഉത്സാഹവും കഴിക്കുക എന്നാണർത്ഥം.

ദൈവപുത്രന്റെ മരണത്തിലൂടെ ദൈവജനത്തിന്റെ ഇടയിൽ സ്ഥാനീയമായി ദൈവാത്മാവ് സ്ഥാപിച്ച ഐക്യം (2:14,15,16,17) പ്രായോഗികമായി നിലനിർത്തുവാൻ സകല പരിശ്രമവും ചെയ്യുവാനായി സമാധാന ബന്ധത്തിന്റെ ഉടമ്പടിയാലും സമാധാനത്തിന്റെ പ്രമാണത്താലും വിശ്വാസികൾ കടപ്പെട്ടിരിക്കുന്നു. അതുകൊണ്ടാണ് കഴിയുമെങ്കിൽ നിങ്ങളാൽ ആവോളം സകല മനുഷ്യരോടും സമാധാനമായിരിപ്പിൻ എന്നും (റോമർ 12:18), സമാധാനത്തിനും ആത്മീക വർദ്ധനക്കുമുള്ളത് ശ്രമിച്ചുകൊൾവിൻ എന്നും (റോമർ 14:19), സമാധാനത്തിൽ ജീവിപ്പാൻ ദൈവം നമ്മെ വിളിച്ചിരിക്കുന്നു എന്നും (1 കൊരി. 7:15), ദൈവം കലക്കത്തിന്റെ

ദൈവമല്ല സമാധാനത്തിന്റെ ദൈവമത്രേ എന്നും (1 കൊരി. 14:33) തിരുവെഴുത്ത് പറയുന്നത്.

ദൈവിക ഐക്യത്തിന്റെ പ്രതീകമായി ദൈവം സഭയെ രൂപകൽപ്പന ചെയ്തതുകൊണ്ടും, സകലവും ക്രിസ്തുവിൽ വീണ്ടും ഒന്നാക്കി ചേർക്കുന്നതിന്റെ മാതൃകയായും പ്രാരംഭപ്രവർത്തിയായും സഭ ഇരിക്കുന്നതുകൊണ്ടും അന്യോന്യം ഉള്ള ക്രിസ്തീയ ഐക്യം നിലനിർത്തുന്ന ജീവിതരീതി എല്ലാ ദൈവമക്കളിൽ നിന്നും എപ്പോഴും ദൈവം പ്രതീക്ഷിക്കുന്നു. അല്ലെങ്കിൽ ദൈവസഭ ദൈവീക പദ്ധതിക്ക് അപവാദമായി തീരും (3:9–11).

## 2. വിളിക്ക് യോഗ്യമാംവണ്ണം നടക്കേണ്ടതിന്റെ ആവശ്യം (4:4 - 6).

വിശ്വാസികളുടെ ഐഹിക ജീവിതത്തിലെ ഐക്യത്തിന് അടിസ്ഥാനം ആത്മീക ഐക്യമാണ്. തുടർന്ന് ദൈവം ആത്മീക ഐക്യം യാഥാർത്ഥ്യമാക്കിയ ചില മേഖലകളാണ് പരാമർശിക്കുന്നത്.

### a. ഒരു പ്രത്യാശയിലേക്കാണ് ദൈവം നമ്മെ വിളിച്ചത്.

"**നിങ്ങളെ വിളിച്ചപ്പോൾ ഏക പ്രത്യാശയ്ക്കായി നിങ്ങളെ വിളിച്ചതുപോലെ**" എന്നതിലൂടെ മഹത്വത്തിൽ ക്രിസ്തുവിനോട് ചേർക്കപ്പെടുമെന്ന പ്രത്യാശയും (1 തെസ്സ. 4:17), ക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ ക്രിസ്തുവിനെ പോലെ ആകുമെന്ന പ്രത്യാശയും (റോമർ 8:29; 2 കൊരി. 3:18; 1 യോഹ. 3:2), ക്രിസ്തുവിനോട് കൂടെ വാഴുമെന്ന പ്രത്യാശയും (2 തിമൊ. 2:11), ക്രിസ്തുവിനുള്ള സകലത്തിലും കൂട്ടവകാശികൾ ആകുമെന്ന പ്രത്യാശയും ആണുള്ളത് (3:6; റോമർ 8:17).

### b. ഒരു ശരീരമാണ് നമുക്കുള്ളത്

യഹൂദനെന്നോ യവനനെന്നോ വ്യത്യാസമില്ലാതെ ഒന്നായി ചേർന്ന ഒരു ജനപദത്തെ, അഥവാ ക്രിസ്തുവിന്റെ ശരീരമായ സഭയെയാണ് "**ശരീരം ഒന്ന്**" സൂചിപ്പിക്കുന്നത്.

അവയവങ്ങൾ പലതാണ് എങ്കിലും നാം എല്ലാം ക്രിസ്തുവിന്റെ ശരീരത്തിന്റെ ഭാഗമാകയാൽ (1 കൊരി. 12:27; ഗലാത്യർ 3:26–28) ഒരുമിച്ച് പ്രവർത്തിക്കണം. നാം സ്വതന്ത്രർ എന്ന നിലയിൽ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുമ്പോൾ ഒരു അവയവത്തിന്റെ പ്രവർത്തി നിമിത്തം മറ്റേ അവയവങ്ങളും കഷ്ടപ്പെടുവാൻ ഇടയാകും (1 കൊരി.12:26).

## c. ഒരു ആത്മാവാണ് നമുക്കുള്ളത്

കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവർക്ക് ലഭിക്കുന്ന ദൈവത്തിന്റെ ആത്മാവായ പരിശുദ്ധാത്മാവിനെയാണ് "**ആത്മാവ് ഒന്ന്**" സൂചിപ്പിക്കുന്നത് (അപ്പോ. 2:38; 1 കൊരിന്ത്യർ 12:13; ഗലാത്യർ 3: 2). എല്ലാവരെയും വീണ്ടും ജനിപ്പിക്കുന്നതും എല്ലാവരിലും എപ്പോഴും വസിക്കുന്നതും എല്ലാവരെയും വഴി നടത്തുന്നതുമായ ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവാണിത് (യോഹ. 3:5,6,8; 14:6; 16:13; 2 തിമൊ. 1:7).

## d. ഒരു കർത്താവാണ് നമുക്കുള്ളത്

മരിച്ചവരിൽ നിന്നും ഉയർത്തെഴുന്നേറ്റവനും സ്വർഗ്ഗത്തിലും ഭൂമിയിലും സർവ്വാധികാരിയായവനും എല്ലാവരുടെയും കർത്താവുമായ യേശു എന്ന ഏക കർത്താവിനെ ആണ് "**കർത്താവ് ഒരുവൻ**" സൂചിപ്പിക്കുന്നത് (മത്തായി 28:18; അപ്പോ. 10:36; റോമർ 10:12; 14:9; 1 കൊരി. 8:6).

## e. ഒരു വിശ്വാസമാണ് നമുക്കുള്ളത്

എല്ലാവരുടെയും പാപമോചനത്തിനും നീതീകരണത്തിനും വിശുദ്ധീകരണത്തിനും തേജസ്കരണത്തിനും എല്ലാവരും വിശ്വസിക്കുകയും ഏറ്റുപറയുകയും ചെയ്യുന്ന ഏക വിശ്വാസ സംഹിതയെയാണ് "**വിശ്വാസം ഒന്ന്**" സൂചിപ്പിക്കുന്നത് (റോമർ 10:8; 2 തിമൊ. 4:8; യൂദ 1:3).

## f. ഒരു സ്നാനമാണ് നമുക്കുള്ളത്

വിശ്വസിക്കുന്ന എല്ലാവരെയും ക്രിസ്തുവിനോടും അന്യോന്യവും ചേർക്കുന്ന ആത്മാവിന്റെ സ്നാനത്തെയാണ് "**സ്നാനം ഒന്ന്**" പ്രഥമമായി സൂചിപ്പിക്കുന്നത് (മർക്കോസ് 1:8; അപ്പോ. 1:5; 11:16; 1 കൊരിന്ത്യർ 12:13; ഗലാത്യർ 3:26-28). എന്നാൽ കർത്താവായ യേശുവിന്റെ നാമത്തിലുള്ള ജലസ്നാനത്തെയും "സ്നാനം ഒന്ന്" രണ്ടാമത് സൂചിപ്പിക്കുന്നു (അപ്പോ. 2:38; 8:16; 10:48; 19:5 c.f. റോമർ 6:3-4; കൊലോ. 2:12).

## g. ഒരു ദൈവവും പിതാവുമാണ് നമുക്കുള്ളത്

സകലവും ക്രിസ്തുവിൽ ഒന്നായി ചേർക്കുന്നവനും (1:10), സകലവും ക്രിസ്തുവിന്റെ കാൽകീഴാക്കിയവനും (1:22), ക്രിസ്തുവിനെയും

ക്രിസ്തുവിശ്വാസികളെയും തന്റെ അളവറ്റ ശക്തിയാൽ മരിച്ചവരിൽ നിന്നും ഉയർപ്പിച്ചവനും (1:20; 2:1), സകലത്തെയും സൃഷ്ടിച്ചവനും (3:9), സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകല കുടുംബത്തിനും പേർ വരുവാൻ കാരണമായവനും (3:14–15), സകലത്തിലും സകലവും നിറയ്ക്കുന്ന സർവ്വവ്യാപിയായ (3:19–21) നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ "**ദൈവവും പിതാവുമായവൻ ഒരുവൻ**". അതുകൊണ്ട് ദൈവഭവനത്തിലെ അംഗങ്ങളായ വിശ്വാസികൾ ഒരു കുടുംബത്തിലെ അംഗങ്ങൾ എന്ന നിലയിൽ ആത്മാവിന്റെ ഐക്യത സമാധാന ബന്ധത്തിൽ നിലനിർത്തുവാൻ സകല പരിശ്രമവും കഴിക്കണം. കാരണം ആത്മാവിന്റെ ഐക്യത സമാധാന ബന്ധത്തിൽ സൂക്ഷിച്ചു നിലനിർത്തുന്നത് ക്രിസ്തീയ സാക്ഷ്യമാണ് (യോഹ. 13:35), ക്രിസ്തീയ വിശ്വാസത്തിന്റെ പ്രതീകമാണ് (4:4–6), കാലസമ്പൂർണ്ണതയിൽ സകലവും ക്രിസ്തുവിൽ ഒന്നായി ചേർക്കുന്നതിന്റെ പ്രാരംഭപ്രവർത്തിയാണ് (1:10).

### h. ഒരുമിച്ച് വളരുവാൻ ആവശ്യമായ ആത്മവരങ്ങളാണ് ദൈവം നമുക്ക് നൽകിയിരിക്കുന്നത് (4:7–16).

ക്രിസ്തുവിന്റെ ശരീരമായ സഭയുടെ ഐക്യവും വളർച്ചയും വ്യക്തിപരമായും സമൂഹപരമായും ഇതുവരെയും പൂർണ്ണമായിട്ടില്ല എങ്കിലും വളർച്ചയുടെ പാതയിലാണ് ഇപ്പോൾ ആയിരിക്കുന്നത്. ദൈവത്തിന്റെ യിസ്രായേലും ഈ ദൈവത്തിൽ വിശ്വസിക്കുന്ന വിജാതീയരും തമ്മിൽ ക്രിസ്തുവിൽ ഒരു ശരീരം എന്ന നിലയിൽ ആത്മാവിന്റെ ഐക്യം ഉണ്ടെങ്കിലും ശരീരത്തിലെ ഓരോ അംഗവും ഈ ഐക്യം നിലനിർത്തുന്നതിലും അതിന്റെ പൂർണ്ണതയിൽ എത്തിച്ചേരുന്നതിലും പങ്കാളിയാണ് (4:7,13,16). എന്നാൽ അതിനുള്ള വിഭവങ്ങൾ ദൈവത്തിൽ നിന്നാണ് നമുക്ക് ലഭിക്കുന്നത്. ഇതോട് ബന്ധപ്പെട്ട് രണ്ടു വസ്തുതകൾ അപ്പോസ്തലൻ ഇവിടെ പരാമർശിക്കുന്നു.

i. ക്രിസ്തു സഭയിലെ ഓരോ അംഗത്തിനും പ്രത്യേക വരങ്ങൾ നൽകിയിരിക്കുന്നു (4:7)

അതുകൊണ്ടാണ് "**എന്നാൽ നമ്മിൽ ഓരോരുത്തനും... കൃപ ലഭിച്ചിരിക്കുന്നു**" എന്ന് പറയുന്നത്. അപ്പോസ്തലന് ലഭിച്ചതുപോലെ (3: 2,7,8–9) നമ്മിൽ ഓരോ അംഗത്തിനും കൃപാവരങ്ങൾ ലഭിച്ചിരിക്കുന്നു (റോമർ 12:3; 1 കൊരി. 12:7,11; 1 പത്രോസ് 4:10). ഇവിടെ "**ലഭിച്ചിരിക്കുന്നു**" എന്നത് വ്യാകരണപ്രകാരം (edothē – gnomic aorist/constative aori

st) എല്ലാ ക്രിസ്തുവിശ്വാസികൾക്കും യാഥാർത്ഥ്യമായ ഒരു സംഭവത്തെ വിശദീകരണം കൂടാതെ മൊത്തത്തിൽ സൂചിപ്പിക്കുന്നു. 4:7-16 വാക്യങ്ങളിലെ മുഖ്യവിഷയം "**ലഭിച്ചിരിക്കുന്നു**" എന്നതും (4:7), "**കൊടുത്തു**" (4:8) "**നിയമിച്ചിരിക്കുന്നു**" (4:11) മുതലായവ അതിന്റെ പര്യായപദങ്ങളുമാണ് (edothē, edoken, edoken). മാത്രമല്ല, ഇവിടെ പരാമർശിക്കുന്ന "**കൃപ**" നൈസർഗികമല്ല, നേടിയെടുത്തതുമല്ല, മറിച്ച് ദൈവത്തിൽ നിന്നും ദാനമായി ലഭിച്ചതും (aorist passive) ദൈവമഹത്വത്തിനായി പ്രവർത്തിക്കുന്നതിനുള്ള പ്രത്യേക പ്രാപ്തിയുമാണ് (1 പത്രോസ് 4:11).

ക്രിസ്തുവിന്റെ ശരീരമായ സഭയ്ക്ക് ആത്മാവിന്റെ ഐക്യത ഉണ്ട്; എന്നാൽ ഈ ഐക്യത്തിൽ വൈവിധ്യം ഉണ്ട്; കാരണം ഐക്യത ഒരുപോലെ ഇരിക്കുന്നതല്ല (unity is not uniformity). ദൈവസഭയിലെ ഓരോ വ്യക്തിയും, അഥവാ കർത്താവിന്റെ മാർമ്മിക ശരീരത്തിലെ ഓരോ അവയവവും വ്യത്യസ്തമാണ്; അതുകൊണ്ട് ഓരോരുത്തർക്കും വ്യത്യസ്ത കൃപാവരങ്ങൾ വ്യത്യസ്ത അളവിൽ വ്യത്യസ്ത ആവശ്യത്തിന് നൽകിയിരിക്കുന്നു (1 പത്രോസ് 4:10). എന്നാൽ ഓരോരുത്തരുടെയും താൽപര്യങ്ങളും കഴിവുകളും അവസരങ്ങളും പരിഗണിച്ചല്ല, ദൈവം കൃപാവരങ്ങൾ നൽകുന്നത്. മറിച്ച്, ലഭിച്ച കൃപയ്ക്ക് അനുസൃതമായി എല്ലാം ഒരുക്കുകയും അതിനായി അവരെ പ്രാപ്തരാക്കുകയും ചെയ്യുന്നു.

വിശ്വാസികൾക്കുള്ള കൃപാവരങ്ങൾ ആർക്കും തിരിച്ചറിയുവാൻ കഴിയാത്ത ഒരുകൂട്ടം വസ്ത്രങ്ങൾ പോലെയല്ല നൽകിയിരിക്കുന്നത്; മറിച്ച് ഓരോരുത്തർക്കും കൃത്യമായി പാകമാകതക്കവണ്ണം പ്രത്യേകം പ്രത്യേകമായി തയ്ച്ചിരിക്കുന്ന നിലയിലാണ് നൽകിയിരിക്കുന്നത്. എന്നാൽ ഈ വ്യത്യസ്ത വരങ്ങൾ വിശ്വാസികളുടെ വ്യക്തിപരവും സമൂഹപരവുമായ വളർച്ചയ്ക്കായി ഐക്യത്തിൽ പ്രവർത്തിക്കുന്നു.

മാത്രമല്ല, ഈ വരങ്ങൾ "**ക്രിസ്തുവിന്റെ ദാനത്തിന്റെ അളവിന് ഒത്തവണ്ണം**" ലഭിച്ചിരിക്കുന്നു എന്ന് പ്രത്യേകം പറയുന്നു (kata to metron tēs doreās tou Christou) (4:16; റോമർ 12:4-6; 1 കൊരി. 12:4-12). ഇതിൽ രണ്ട് കാര്യങ്ങൾ അടങ്ങിയിരിക്കുന്നു. ഒന്നാമതായി ക്രിസ്തുവാണ് കൃപാവരത്തിന്റെ ദാതാവ് (doreās tou Christou); രണ്ടാമതായി ക്രിസ്തുവാണ് ഓരോരുത്തർക്കും ഉള്ള കൃപാവരത്തിന്റെ അളവ് നിശ്ചയിക്കുന്നത്

(kata to metron… tou Christou) (മത്തായി 25:14-15).

ii. ക്രിസ്തു സഭയ്ക്ക് പ്രത്യേക വരങ്ങൾ നൽകിയിരിക്കുന്നു (4:8-16)

മുൻ വാക്യത്തിൽ "**നമ്മിൽ ഓരോരുത്തനും... കൃപ ലഭിച്ചിരിക്കുന്നു**" (v.7) എന്നത് സഭയിലെ ഓരോ അംഗത്തിനും ലഭിച്ച പ്രത്യേക കൃപാവരത്തെ സൂചിപ്പിക്കുമ്പോൾ, ഇവിടെ "**... മനുഷ്യർക്ക് ദാനങ്ങളെ കൊടുത്തു**" എന്നതിലൂടെ സാർവത്രിക സഭയ്ക്കും പ്രാദേശിക സഭകൾക്കും ലഭിച്ച പ്രത്യേക വരങ്ങളെയാണ് സൂചിപ്പിക്കുന്നത് (v.8). ആദ്യഭാഗത്ത് ഏകവചനത്തിൽ പറഞ്ഞതിനെ രണ്ടാം ഭാഗത്ത് ബഹുവചനത്തിലാണ് പറഞ്ഞിരിക്കുന്നത്. തുടർന്ന് ക്രിസ്തു സഭയ്ക്ക് പ്രത്യേക വരങ്ങൾ നൽകിയതുമായി ബന്ധപ്പെട്ട് അഞ്ച് വസ്തുതകൾ അപ്പോസ്തലൻ പറയുന്നു.

a) ക്രിസ്തു സഭയ്ക്ക് പ്രത്യേക വരങ്ങൾ നൽകിയത് എപ്പോഴാണ്

"**അതുകൊണ്ട് അവൻ ബദ്ധന്മാരെ പിടിച്ചു കൊണ്ടുപോയി ഉയരത്തിൽ കയറി മനുഷ്യർക്ക് ദാനങ്ങളെ കൊടുത്തു എന്ന് പറയുന്നു**" (4:8 c.f. സങ്കീ. 68:18). ഇവിടെ "**എന്നു പറയുന്നു**" (legei – perfective present) എന്നതിലൂടെ ഇക്കാര്യങ്ങളെല്ലാം ദൈവം നിഴലായി പഴയനിയമത്തിൽ തന്നെ അറിയിച്ചിരുന്നു എങ്കിലും ഈ വിവരങ്ങൾ ദൈവത്തിന്റെ ജനമായ യിസ്രായേലിനോട് മാത്രം ബന്ധപ്പെട്ടിരിക്കുന്നില്ല, മറിച്ച്, വിജാതീയരായ അനുവാചകരോടും ബന്ധപ്പെട്ടിരിക്കുന്നു എന്നാണ് ഉദ്ദേശിക്കുന്നത്. എന്നാൽ "**അവൻ ബദ്ധന്മാരെ പിടിച്ചുകൊണ്ടുപോയി ഉയരത്തിൽ കയറി മനുഷ്യർക്ക് ദാനങ്ങളെ കൊടുത്തു**" എന്നതിലൂടെ യഹൂദൻ പൊതുവിൽ മനസ്സിലാക്കുന്നത്, മോശെ യിസ്രായേൽ മക്കളെ ഫറവോന്റെ അധികാരത്തിൽ നിന്നും വിടുവിച്ചു കൊണ്ടുപോയി സീനായി പർവതത്തിൽ കയറി ദൈവീക അനുഗ്രഹങ്ങളുടെ വാഗ്ദത്തങ്ങളെ അവർക്ക് അവകാശമാക്കി കൊടുത്തു എന്നാണ്.

എന്നാൽ ഒരു യുദ്ധം ജയിച്ചു മടങ്ങി വരുമ്പോൾ രാജാവ് ബന്ധിതരെ സ്വതന്ത്രർ ആക്കുന്നതും തന്റെ സംഘത്തിലുള്ളവർക്ക് സമ്മാനങ്ങൾ പകുത്തു കൊടുക്കുന്നതുമായ പുരാതന രീതിയാണ് ലേഖനം ഇ

വിടെ സൂചിപ്പിക്കുന്നത് (ഉല്പത്തി 14:18–20; ന്യായാധി. 5:30; 1 ശമുവേൽ 30:26–31). മാത്രമല്ല, ഇവിടെ "**മനുഷ്യർക്ക് ദാനങ്ങളെ കൊടുത്തു**" എന്ന് പറയുന്നത് സങ്കീർത്തനത്തിൽ നിന്നുള്ള (68:18) ഉദ്ധരണിയും അതിന്റെ പശ്ചാത്തലം ദാവീദ് അമാലേക്യരെ പിന്തുടർന്ന് അവർ കൊണ്ടുപോയതൊക്കെയും വീണ്ടെടുത്ത് വിജയം ആഘോഷിക്കുന്ന കാര്യവുമാണ് (1 ശമുവേൽ 30:1–31). രാജാവിന്റെ വലിയ വിജയം നിമിത്തം ബന്ധിതരെ സ്വതന്ത്രർ ആക്കുകയും കൊള്ളമുതൽ ദാനമായി പങ്കുവയ്ക്കുകയും ചെയ്തതുപോലെ (1 ശമുവേൽ 30:18,19,26–31) "**അവൻ... ഉയരത്തിൽ കയറി**" എന്നത് യേശുക്രിസ്തുവിന്റെ ഉയർപ്പിനെയും സ്വർഗ്ഗാരോഹണത്തെയും സൂചിപ്പിക്കുന്നു. യോഹന്നാന്റെ ശൈലിയിൽ ഇറങ്ങുന്നതും കയറുന്നതും പിതാവിന്റെ സന്നിധിയിൽ നിന്നും ഇറങ്ങി വരുന്നതും പിതാവിന്റെ സന്നിധിയിലേക്ക് കയറി പോകുന്നതും ആകുന്നു (യോഹ. 3:13; 6:33,41,50–51,58,62). കാരണം, ക്രിസ്തു ആദ്യം പിതാവിന്റെ സന്നിധിയിൽ ആയിരുന്നു (യോഹ.1:1–2; 3:12; ഫിലിപ്പി. 2:6–8). എന്നാൽ "**അവൻ ബദ്ധന്മാരെ പിടിച്ചുകൊണ്ടുപോയി**" എന്നതിലൂടെ പാതാളത്തിന്റെ ആടുകളെയും, ഇരുട്ടിലും അന്ധതമസ്സിലും ഇരുന്നവരെയും, ജീവപര്യന്തം മരണഭീതിയിലിരുന്നവരെയും വീണ്ടെടുത്ത് രക്ഷിച്ച കാര്യമാണ് സൂചിപ്പിക്കുന്നത് (സങ്കീ. 49:14; മത്തായി 4:15; എബ്രായർ 2:15).

തുടർന്ന് "**കയറി എന്നതിനാൽ അവൻ ഭൂമിയുടെ അധോഭാഗങ്ങളിലേക്ക് ഇറങ്ങി എന്ന് വരുന്നില്ലയോ? ഇറങ്ങിയവൻ സകലത്തെയും നിറക്കേണ്ടതിന് സ്വർഗ്ഗാധിസ്വർഗ്ഗത്തിനു മീതെ കയറിയവനും ആകുന്നു**" (4:9–10) എന്ന് പറയുന്നു.

ക്രമപ്രകാരം ആദ്യം "**ഇറങ്ങി**" എന്നത് ക്രിസ്തുവിന്റെ മനുഷ്യാവതാരത്തെ സൂചിപ്പിക്കുന്നു; "**ഭൂമിയുടെ അധോഭാഗങ്ങളിലേക്ക് ഇറങ്ങി**" എന്നത് തന്റെ അടക്കത്തെ സൂചിപ്പിക്കുന്നു (മത്തായി 12:40); തന്റെ മനുഷ്യാവതാരത്തിന്റെ ആഴം അതിലടങ്ങിയിരിക്കുന്നു. ക്രിസ്തുവിന്റെ **ഇറങ്ങി**വരവ് തന്റെ മനുഷ്യത്വത്തിലേക്കും മരണത്തിലേക്കും മരണാനന്തര അവസ്ഥയിലേക്കുള്ള താഴ്ചയെ സൂചിപ്പിക്കുന്നു (ഫിലിപ്പി. 2:4–11).

യഹോവ സിയോനിൽ തന്റെ വിശുദ്ധ ആലയത്തിലേക്ക് കയറിയ

ത് പോലെ (സങ്കീ. 68:17–18), കർത്താവായ യേശു ഉയരത്തിൽ ദൈവ ത്തിന്റെ വലതു ഭാഗത്തേക്ക് ഉയർത്തപ്പെട്ടു (എഫെ. 1:20; 2:6); യഹോ വ അവിടെ നിന്നും തന്റെ ജനത്തിന് ബലവും ശക്തിയും കൊടുത്തു അനുഗ്രഹിച്ചതുപോലെ (സങ്കീ. 68:35) അവൻ "**മനുഷ്യർക്ക് ദാനങ്ങളെ കൊടുത്തു**". അർത്ഥാൽ, ക്രിസ്തുവും തന്റെ ജനത്തിന് കൃപയുടെ വ രങ്ങളെ കൊടുത്തു അനുഗ്രഹിച്ചിരിക്കുന്നു. അവൻ സ്വർഗ്ഗാധിസ്വർഗ്ഗ ത്തിൽ കയറിയത് "**സകലത്തെയും നിറക്കേണ്ടതിന്**" ആകുന്നു. അർ ത്ഥാൽ, ഉയരത്തിലുള്ളതും താഴെയുള്ളതുമായ സകല ശത്രുക്കളെയും നീക്കം ചെയ്ത്, സകല പ്രപഞ്ചത്തിലും അവന്റെ ശക്തിയും സാന്നിധ്യ വും നിറയ്ക്കുവാൻ വേണ്ടി ആകുന്നു.

b) ക്രിസ്തു സഭയ്ക്ക് നൽകിയ പ്രത്യേക വരങ്ങൾ ഏതെല്ലാ മാണ്

"**അവൻ ചിലരെ അപ്പോസ്തലന്മാരായും ചിലരെ പ്രവാചകന്മാ രായും ചിലരെ സുവിശേഷകന്മാരായും ചിലരെ ഇടയന്മാരായും ഉപദേ ഷ്ടാക്കന്മാരായും നിയമിച്ചിരിക്കുന്നു**" (4:11). ഈ പ്രസ്താവനയോട് ബ ന്ധപ്പെട്ട മൂന്ന് വസ്തുതകൾ ശ്രദ്ധിക്കേണ്ടതുണ്ട്. അതിൽ ഒന്നാമതായി, സാർവത്രിക സഭയ്ക്കും പ്രാദേശിക സഭകൾക്കുമുള്ള പ്രത്യേക വരങ്ങ ളാണ് ഇവിടെ പരാമർശിക്കുന്നത്, കൃപാവരങ്ങളുടെ പൂർണ്ണ പട്ടികയ ല്ല; രണ്ടാമതായി, ഇവിടെ പരാമർശിക്കുന്നത് നേതൃവരങ്ങളെ കുറിച്ചാ ണ് (leading gifts and speaking gifts), ശുശ്രൂഷവരങ്ങളെ കുറിച്ചല്ല (servi ng gifts); മൂന്നാമതായി, ഇവിടെ പരാമർശിക്കുന്ന വരങ്ങൾ സഭയുടെ മൊത്തത്തിലുള്ള വളർച്ചയെ ലക്ഷ്യമാക്കി പ്രവർത്തിക്കുന്നതാണ്, വ്യ ക്തികളെ പ്രത്യേകമായി ഉദ്ദേശിച്ചുള്ളതല്ല.

"**അവൻ ചിലരെ അപ്പോസ്തലന്മാരായും... നിയമിച്ചിരിക്കുന്നു**". കർത്താവ് നേരിട്ട് തിരഞ്ഞെടുത്തവരും നിയോഗിച്ചവരും സഭയുടെ അ ടിസ്ഥാനപണിക്ക് പങ്കാളികളുമാണ് ഇവർ (2:20). അവരുടെ എണ്ണം പരി മിതപ്പെട്ടിരിക്കുന്നു എങ്കിലും പിന്നീട് വിശ്വാസത്തിൽ വന്ന കർത്താ വിന്റെ സഹോദരനായ യാക്കോബും ബർന്നബാസും പൗലോസും അ പ്പോസ്തലന്മാർ എന്ന പേരിൽ തന്നെ കണക്കാക്കപ്പെട്ടിരുന്നു (ഗലാത്യ ർ 1:18–19).

"**അവൻ ചിലരെ പ്രവാചകന്മാരായും... നിയമിച്ചിരിക്കുന്നു**". പു

തിയനിയമപ്രകാരമുള്ള പ്രവാചകന്മാർ പ്രധാനമായും വിശ്വാസികളോട് ദൈവിക അരുളപ്പാട് അറിയിക്കുകയും (3:5; അപ്പോ. 21:10-11; 1 കൊരി. 14:3), അവർക്ക് ആത്മീക വർദ്ധന വരുത്തുകയും (1 കൊരി.13:2; 14: 3-4), അവിശ്വാസികൾക്ക് മാനസാന്തര സന്ദേശം നൽകുകയും ചെയ്തിരുന്നു (1 കൊരി. 14:24-25).

''**അവൻ ചിലരെ... സുവിശേഷകന്മാരായും... നിയമിച്ചിരിക്കുന്നു**''. അപ്പോസ്തലന്മാരിലൂടെയും പ്രവാചകന്മാരിലൂടെയും വെളിപ്പെട്ട സുവിശേഷത്തിന്റെ മർമ്മം ലോകത്തോട് പ്രഘോഷിക്കുന്നവരാണ് ഇവർ; അവരുടെ ശുശ്രൂഷയുടെ പരിധി ഭൂമിയുടെ അറ്റത്തോളം ആകുന്നു (മത്തായി 28:18-20; അപ്പോ. 1:6; എഫെ. 1:13; 3:5-9).

''**അവൻ ചിലരെ... ഇടയന്മാരായും നിയമിച്ചിരിക്കുന്നു**''. പുരാതനകാലങ്ങളിൽ രാഷ്ട്രീയ - ആത്മീക നേതൃത്വത്തിന് ഉപയോഗിച്ചിരുന്ന ഒരു വാക്കാണിത്. ഈ നിലയിൽ ദൈവം യിസ്രായേലിന് ഇടയനാകുന്നു. മോശെ, യോശുവ, ദാവീദ് എന്നിവരും ദൈവജനത്തിന് ഇടയന്മാർ ആയിരുന്നു (സംഖ്യ. 27:16-20; 2 ശമുവേൽ 5:2). ക്രിസ്തുവും അതുപോലെ ഇടയനായിരുന്നു (യിരെ. 23:2-6; യെഹെ. 34:11,23,24; യോഹ. 10:11; 1 പത്രോസ് 5:1-4). അതുപോലെ ദൈവജനത്തെ ആത്മീകമായി നയിക്കുവാൻ യേശുക്രിസ്തുവിനാൽ നിയമിക്കപ്പെട്ടവരാണ് ഇടയന്മാർ (അപ്പോ. 20:28-29; എബ്രായർ 2:2-3; 13:20; 1 പത്രോസ് 5:1-4). യിസ്രായേലിലെ ഇടയന്മാർ കുടുംബത്തലവന്മാരും പക്വതയുള്ളവരും സത്യസന്ധരും വിശ്വസ്തരും ദൈവത്തെ ഭയപ്പെടുന്നവരും ഉയർന്ന ധാർമിക നിലവാരം ഉള്ളവരും (പുറപ്പാട് 18:21-22) ആത്മനിറവുള്ളവരും, നീതിയോടെ വിധിക്കുന്നവരും (ആവർത്തനം 1:13-17) ആകണം എന്നതായിരുന്നു ദൈവിക വ്യവസ്ഥ. യിസ്രായേൽ സഭയുടെ നേതൃത്വത്തിലുള്ളവർ ഇടയശുശ്രൂഷ ചെയ്തിരുന്നു (2 ശമുവേൽ 5:2; 1 ദിനവൃത്താന്തം 11:2; യിരെ. 23:2; യെഹെ. 34:11).

''**അവൻ ചിലരെ... ഉപദേഷ്ടാക്കന്മാരായും നിയമിച്ചിരിക്കുന്നു**''. തിരുവെഴുത്തിന്റെ പൊരുൾ തിരിക്കുവാനും ഉപദേശ രൂപത്തെ പഠിപ്പിക്കുവാനും വരം ലഭിച്ചവരാണ് ഇവർ (അപ്പോ. 13:1; റോമർ 12:7; 1 കൊരി. 12:28; ഗലാത്യർ 6:6; യാക്കോബ് 3:1). ഒരു വിശ്വാസിക്ക് കുറഞ്ഞപക്ഷം ഒരു വരം എങ്കിലും ഉണ്ടായിരിക്കും, ചിലർക്ക് ഒന്നിൽ കൂടുതൽ വിവരങ്ങൾ ഉണ്ടായിരിക്കും. അതുകൊണ്ടാണ് പൗലോസ് അപ്പോസ്തലനും പ്രവാചകനും സുവിശേഷകനും ഉപദേഷ്ടാവുമായിരുന്നത് (അ

പ്പോ. 13:1; റോമർ 15:15,19; 1 തിമൊ. 2:7), പത്രോസ് അപ്പോസ്തലനും സുവിശേഷകനും മൂപ്പനും ആയിരുന്നത് (അപ്പോ. 10:20; 1 പത്രോസ് 5: 1). മേൽ പ്രസ്താവിച്ച വരങ്ങൾ എല്ലാം സഭക്കുള്ള പ്രത്യേക വരങ്ങൾ ആയിരുന്നു, സഭയെ ആത്മീകമായി നയിക്കുവാൻ ഉള്ള പ്രത്യേക വരങ്ങൾ ആയിരുന്നു (അപ്പോ. 13:1; റോമർ 12:7; 1 കൊരി. 12:28; ഗലാത്യർ 6:6; 1 തെസ്സ. 5:12; യാക്കോബ് 3:1).

c) ക്രിസ്തു സഭയ്ക്ക് പ്രത്യേകവരങ്ങൾ നൽകിയതിന്റെ ആവശ്യം എന്താണ്.

''**വിശുദ്ധന്മാരുടെ യഥാസ്ഥാനത്വത്തിനായുള്ള ശുശ്രൂഷയുടെ വേലക്കും ക്രിസ്തുവിന്റെ ശരീരത്തിന്റെ ആത്മിക വർദ്ധനക്കും ആകുന്നു**'' (4:13)

സഭയ്ക്ക് പ്രത്യേക വരങ്ങൾ നൽകിയതിന്റെ പ്രധാന ആവശ്യം വിശുദ്ധന്മാരെ ശുശ്രൂഷയ്ക്ക് പ്രാപ്തരാക്കുന്നതിനും പരിശീലിപ്പിക്കുന്നതിനും ഒരുക്കുന്നതിനും വേണ്ടിയാണ്. അങ്ങനെയാണ് ക്രിസ്തുവിന്റെ ശരീരമായ സഭ ഐക്യത്തിലും സ്നേഹത്തിലും പണിയപ്പെടുന്നതും ക്രിസ്തു എന്ന തലയോളം വളരുന്നതും.

ഇവിടെ ''**വിശുദ്ധന്മാരുടെ യഥാസ്ഥാനത്വത്തിനായുള്ള**'' (katartismon) എന്നതിലൂടെ വിശുദ്ധന്മാരെ പരിശീലിപ്പിക്കുന്നതിനും പ്രാപ്തരാക്കുന്നതിനും സജ്ജരാക്കുന്നതിനും ഒരുക്കുന്നതിനും വേണ്ടിയുള്ളത് എന്നാണ് ഉദ്ദേശിക്കുന്നത്. അർത്ഥാൽ, പ്രത്യേക വരങ്ങളിലൂടെയാണ് വിശുദ്ധന്മാരെ ''**ശുശ്രൂഷയുടെ വേലക്ക്**'' (eis ergon diakonias) ഒരുക്കി പ്രാപ്തരാക്കുന്നത്. വ്യക്തിപരമായ യഥാസ്ഥാനം മാത്രമല്ല, സഭാപരമായ യഥാസ്ഥാനവും ഇതിൽ ഉൾപ്പെടുന്നു (1 കൊരിന്ത്യർ 1:10; കൊലോ. 1:28). മറ്റൊരു നിലയിൽ പറഞ്ഞാൽ, തല നിർദ്ദേശം നൽകുന്നു, നേതൃത്വം വിശുദ്ധന്മാരെ സജ്ജരാക്കുന്നു, വിശുദ്ധന്മാർ ഐക്യത്തിനും ആത്മിക വളർച്ചയ്ക്കും ആയി സ്നേഹത്തിൽ പ്രവർത്തിക്കുന്നു (4:11–13), അങ്ങനെ സഭ വളരുന്നു. ചുരുക്കത്തിൽ സഭയുടെ വളർച്ചയുടെയും ഐക്യത്തിന്റെയും ഉത്തരവാദിത്വം നേതൃത്വത്തിന് മാത്രമല്ല, എല്ലാ വിശുദ്ധന്മാർക്കുമുണ്ട് (4:7–16). മാത്രമല്ല, ഈ വളർച്ച രഹസ്യത്തിൽ അല്ല, മറിച്ച് സഹവിശ്വാസികളുടെ കൂട്ടായ്മയിൽ ഓരോ വിശ്വാസിയും തന്റെ കൃപാവരം - കൃപാവരങ്ങൾ വിശ്വസ്തതയോടെ കൈകാര്യം ചെയ്യുന്നതിലൂടെയാണ്.

ക്രിസ്തു സഭയ്ക്ക് പ്രത്യേക വരങ്ങൾ നൽകി വിശുദ്ധന്മാരെ ഈ നിലയിൽ സജ്ജരാക്കുന്നത് "**ക്രിസ്തുവിന്റെ ശരീരത്തിന്റെ ആത്മിക വർദ്ധനയ്ക്ക് ആകുന്നു**" (eis oikodomēn tou sōmatos tou Christou) അഥവാ, ക്രിസ്തുവിന്റെ ശരീരമായ സഭയുടെ കെട്ടുമണിക്കുവേണ്ടി ആകുന്നു. ഇപ്പോൾ തന്നെ ഇരുപക്ഷവും ക്രിസ്തുവിൽ ഒരു പുതുമനുഷ്യനായി, ഒരു ശരീരമായി, ഒരു വിശുദ്ധമന്ദിരമായി, പണിയപ്പെടുന്നു (2:15-16,20-22) എങ്കിലും പൂർണ്ണ ഐക്യത്തിലും വളർച്ചയിലും ഇതുവരെ എത്തിച്ചേർന്നിട്ടില്ല.

d) ക്രിസ്തു സഭയ്ക്ക് നൽകിയ പ്രത്യേക വരങ്ങളുടെ കാലാവധി എത്രത്തോളം ആണ് (4:12)

"**അതു നാം എല്ലാവരും വിശ്വാസത്തിലും ദൈവപുത്രനെ കുറിച്ചുള്ള പരിജ്ഞാനത്തിലുമുള്ള ഐക്യതയും തികഞ്ഞ പുരുഷത്വവും ക്രിസ്തുവിന്റെ സമ്പൂർണ്ണതയായ പ്രായത്തിന്റെ അളവും പ്രാപിക്കുവോളം**" ആകുന്നു (4:12)

ക്രിസ്തു സഭയ്ക്ക് പ്രത്യേക വരങ്ങൾ നൽകിയത് ഒന്നാമതായി, സഭ "**വിശ്വാസത്തിലും ദൈവപുത്രനെ കുറിച്ചുള്ള പരിജ്ഞാനത്തിലുമുള്ള ഐക്യത**" പ്രാപിക്കുവോളം ആകുന്നു. ഇവിടെ പരാമർശിക്കുന്ന വിശ്വാസം ക്രിസ്തീയ വിശ്വാസപ്രമാണവും വിശ്വാസ സംഹിതയും ആണ്; അതുപോലെതന്നെ ദൈവപുത്രനെ കുറിച്ചുള്ള പരിജ്ഞാനം വിശ്വാസസമൂഹത്തിന് കർത്താവിനെ കുറിച്ചുള്ള അനുഭവജ്ഞാനമാണ് (ഫിലിപ്പി. 3:10-11). ഈ രണ്ടു മേഖലകളിലും സഭ ആഗോളപരമായും പ്രാദേശികമായും ക്രിസ്തീയ നിലവാരത്തിലുള്ള ഐക്യതയിലേക്ക് വളരുവോളം ആകുന്നു സഭയ്ക്ക് പ്രത്യേക കൃപാവരങ്ങൾ നൽകിയത്.

ഇവിടെ "**പ്രാപിക്കുവോളം**" എന്നത് (mechri katantēsōmen) വ്യാകരണപ്രകാരം ഒരു പ്രത്യേക സമയം വരെ തുടരുന്നതിനെ സൂചിപ്പിക്കുന്നു; അതിന് ലക്ഷ്യത്തിൽ എത്തിച്ചേരുവോളം അഥവാ, കരയിൽ എത്തിച്ചേരുവോളം എന്ന അർത്ഥമാണുള്ളത് (അപ്പോ. 16:1; 18:19,24; 20:15; 21:7; 25:13; 28:13).

ക്രിസ്തു സഭയ്ക്ക് പ്രത്യേക വരങ്ങൾ നൽകിയത് രണ്ടാമതായി, സഭ പൂർണ്ണ മനുഷ്യനായി "**തികഞ്ഞ പുരുഷത്വം**" അഥവാ പൂർണ്ണ പ

ക്വതയിലേക്ക് വളരുന്നത് വരെ ആകുന്നു (eis andra teleion). ആത്മികമായി ശിശു എന്ന അവസ്ഥയിൽ നിന്നും പുരുഷൻ എന്ന അവസ്ഥയിലേക്കുള്ള വളർച്ചയെയാണ് ഇത് സൂചിപ്പിക്കുന്നത് (c.f. 4:14). വ്യക്തികളുടെ വളർച്ചയല്ല, മറിച്ച് സഭയുടെ വളർച്ചയാണ് ഇവിടെ വിഷയം; കാരണം, സഭയെ ഒരു പുതിയ സൃഷ്ടി ആയിട്ടാണ് അപ്പോസ്തലൻ ചിത്രീകരിക്കുന്നത് (2:15; 4:24).

ക്രിസ്തു സഭയ്ക്ക് പ്രത്യേക വരങ്ങൾ നൽകിയത് മൂന്നാമതായി, സഭ "**ക്രിസ്തുവിന്റെ സമ്പൂർണ്ണതയായ പ്രായത്തിന്റെ അളവ് പ്രാപിക്കുവോളം**" ആകുന്നു; അഥവാ, ക്രിസ്തുവിന്റെ പൂർണ്ണതയിലേക്ക് എത്തുന്നത് വരെ ആകുന്നു (eis metron ēlikias tou plērematos tou Christou). ഉപദേശത്തിലും ജീവിതത്തിലും ഐക്യത്തിലേക്കും, ആത്മീക പക്വതയിലേക്കും ക്രിസ്തുവിന്റെ പൂർണ്ണ നിറവിലേക്കും സഭ വളർന്ന് ക്രിസ്തുവിന്റെ സ്വഭാവം എല്ലാ മേഖലയിലും പൂർണ്ണമായി വെളിപ്പെടുന്നതു വരെയാണ് ക്രിസ്തു സഭയ്ക്ക് പ്രത്യേക കൃപാവരങ്ങൾ നൽകിയത് (5:27; റോമർ 8:29; 2 കൊരി. 3:18; 1 യോഹ. 3:2; വെളിപ്പാട് 19:7).

e) ക്രിസ്തു സഭയ്ക്ക് പ്രത്യേക വരങ്ങൾ നൽകിയതിന്റെ ആത്യന്തിക ലക്ഷ്യം എന്താണ് (4: 14-16)

"**അങ്ങനെ നാം ഇനി മനുഷ്യരുടെ ചതിയാലും ഉപായത്താലും തെറ്റിച്ചുകളയുന്ന തന്ത്രങ്ങളിൽ കുടുങ്ങി പോകുവാൻ തക്കവണ്ണം ഉപദേശത്തിന്റെ ഓരോ കാറ്റിനാൽ അലഞ്ഞുഴലുന്ന ശിശുക്കൾ ആയിരിക്കാതെ...**" (4:14).

ക്രിസ്തു സഭയ്ക്ക് പ്രത്യേക വരങ്ങൾ നൽകിയതിന്റെ ആത്യന്തിക ലക്ഷ്യം ഒന്നാമത്, ആത്മികമായി "**നാം ഇനി ശിശുക്കൾ ആയിരിക്കാതെ**" ഇരിക്കുവാൻ വേണ്ടിയാണ് (hina mēketi ōmen nepioi). ഇങ്ങനെയുള്ള ശിശുക്കൾ ആയിരിക്കാതെ എന്നതിന്റെ വിശദീകരണം ആയിട്ടാണ് തുടർന്ന് "**ഉപദേശത്തിന്റെ ഓരോ കാറ്റിനാൽ അലഞ്ഞുഴലുന്ന ശിശുക്കൾ**" എന്ന് പറയുന്നത്. എല്ലാ ദിശയിൽ നിന്നും വിശ്വാസികൾ അഭിമുഖീകരിക്കുന്ന ദുരുപദേശത്തെയാണ് ഉപദേശത്തിന്റെ "**ഓരോ കാറ്റ്**" സൂചിപ്പിക്കുന്നത്. അതുകൊണ്ട് തിരയിൽ അകപ്പെട്ട് അലഞ്ഞുഴലുന്ന വള്ളത്തെപ്പോലെ ഉപദേശപരമായി വിശ്വാസികൾ ലോകത്തിൽ

ആകാതിരിക്കുന്നതിന് വേണ്ടിയാണ് സഭയ്ക്ക് പ്രത്യേക വരങ്ങൾ നൽകിയത്. തുടർന്ന് ദുരുപദേഷ്ടാക്കൾ ദുരുപദേശത്തിൽ വിശ്വാസികളെ വശീകരിക്കുവാൻ ശ്രമിക്കുന്ന രീതിയാണ് "**മനുഷ്യരുടെ ചതിയാലും ഉപായത്താലും**" സൂചിപ്പിക്കുന്നത് (2 കൊരിന്ത്യർ 4:2; 11:3; ഗലാത്യർ 1:6; കൊലോ. 2:8); അറിഞ്ഞുകൊണ്ട് തെറ്റിക്കുന്നതിനെ ഇത് സൂചിപ്പിക്കുന്നു. മറ്റൊരു രീതിയാണ് "**തെറ്റിച്ചു കളയുന്ന തന്ത്രങ്ങളിൽ**" കാണുന്നത് (1 തെസ്സ. 2:3; 1 യോഹ. 4:6; യൂദ 1:11).

ക്രിസ്തു സഭയ്ക്ക് പ്രത്യേക വരങ്ങൾ നൽകിയതിന്റെ ആത്യന്തിക ലക്ഷ്യം രണ്ടാമതായി, നാം "**സ്നേഹത്തിൽ സത്യം സംസാരിച്ചുകൊണ്ട് ക്രിസ്തു എന്ന തലയോളം സകലത്തിലും വളരുവാൻ**" വേണ്ടിയാണ്. ഇവിടെ "**വളരുവാൻ ഇടയാകും**" (auxēsomen – ingressive aorist) എന്നത് വളർച്ചയുടെ പുതിയൊരു ഘട്ടത്തിലേക്ക് കടന്നതിനെയും "**ക്രിസ്തു എന്ന തലയോളം**" (eis auton… ē kephalē) എന്നത് വളർച്ചയുടെ പുതിയൊരു നിലവാരത്തെയും സൂചിപ്പിക്കുന്നു. മുമ്പ് (4:12) വിശ്വാസത്തിലും ദൈവപുത്രനെ കുറിച്ചുള്ള പരിജ്ഞാനത്തിലുമുള്ള ഐക്യതയിൽ വളരുന്ന കാര്യം പറഞ്ഞിട്ട് ഇവിടെ "**സകലത്തിലും**" (ta panta) വളരുന്ന കാര്യം പറയുന്നു. മുമ്പ് (2:22) സഭ പണിയപ്പെടുന്നു എന്ന് പറഞ്ഞിട്ട് ഇവിടെ സഭ വളരുന്ന കാര്യം പറയുന്നു (4:16). അതിനു കാരണം, സഭയുടെ വളർച്ചയ്ക്ക് ശക്തി നൽകുന്നതും നിർദ്ദേശം നൽകുന്നതും തലയായ കർത്താവും, പ്രവർത്തിക്കുന്നത് ശരീരത്തിന്റെ അവയവങ്ങളായ വിശ്വാസികളും ആയതുകൊണ്ടാണ്. കർത്താവിന്റെ പ്രത്യക്ഷതവരെ ഈ നിലയിൽ സഭ വളർന്നുകൊണ്ടിരിക്കും. എല്ലാവരെയും തികഞ്ഞവരാക്കി പൂർണ്ണതയുള്ള മണവാട്ടിയാക്കി തനിക്ക് തന്നെ മുൻനിർത്തുക എന്ന ലക്ഷ്യമാണ് ഈ വളർച്ചയ്ക്ക് ഉള്ളത് (എഫെ. 5:26–27; കൊലോ. 1:28–29; യൂദ 24; വെളി. 19:7–8).

തുടർന്ന് ക്രിസ്തുവിശ്വാസികളുടെ ആത്മീക വളർച്ചയോട് ബന്ധപ്പെട്ട് അപ്പോസ്തലൻ ഇവിടെ (4:15–16) അഞ്ച് വസ്തുതകൾ പരാമർശിക്കുന്നു. ഒന്നാമതായി, സഭ എങ്ങനെ വളരുന്നു എന്ന് പറയുന്നു. "**സ്നേഹത്തിൽ സത്യം സംസാരിച്ചുകൊണ്ട്…**" ആകുന്നു ഈ നിലയിൽ വളരുന്നത്. ലോകത്തിന്റെ ചതി ഉപായം തന്ത്രം എന്നിവയ്ക്ക് വിപരീതമാണ് സ്നേഹവും സത്യവും (1:13; 2 കൊരി. 2:17; 4:2; ഗലാത്യർ 4:16).

രണ്ടാമതായി, സഭ ഏത് നിലയിൽ വളരുന്നു എന്ന് പറയുന്നു: "**ശരീരം മുഴുവനും യുക്തമായി ചേർന്നും ഏകീഭവിച്ചും**" (synarmologoumenon, symbibazomenon) ആകുന്നു വളരുന്നത്. വ്യാകരണപ്രകാരം നിരന്തരം തുടരുന്ന പ്രവർത്തിയെയും ദൈവം ചെയ്യുന്ന പ്രവർത്തിയെയും ഇത് സൂചിപ്പിക്കുന്നു. മൂന്നാമതായി, സഭ ഏത് അളവിൽ വളരുന്നു എന്ന് പറയുന്നു. അത് "**ഓരോ അംഗത്തിന്റെ അതത് വ്യാപാരത്തിന് ഒത്തവണ്ണം**" (kak energian en metrō) ആകുന്നു. സഭയിലെ ഓരോ അംഗവും അഥവാ, ശരീരത്തിലെ ഓരോ അവയവവും മൊത്തം വളർച്ചയ്ക്ക് ആവശ്യമായ പങ്കുവഹിക്കുന്നു. എന്നാൽ ഓരോ അംഗവും വഹിക്കുന്ന പങ്കിന് അനുസൃതമായിട്ടാണ് ഓരോ അംഗവും വളരുന്നത്. വളർച്ചയുടെ നിലവാരത്തിന്റെ അടിസ്ഥാനത്തെയാണ് ഇത് സൂചിപ്പിക്കുന്നത് (റോമർ 8:29; 2 കൊരിന്ത്യർ 3:18). നാലാമതായി, സഭ ഏത് ദിശയിലേക്ക് എത്രത്തോളം വളരുന്നു എന്ന് പറയുന്നു: "**ക്രിസ്തു എന്ന തലയോളം**" "**സകലത്തിലും അവനിൽ അവനിലേക്ക്**" വളരുവാൻ ഇടയാകുന്നു (eis auton ta panta). ക്രിസ്തുവിനോട് ബന്ധപ്പെട്ട് എല്ലാ മേഖലകളിലും ഈ വളർച്ച സാധ്യമാണ് അനിവാര്യവുമാണ്. ഇവിടെ "**ക്രിസ്തു എന്ന തലയോളം**" എന്നതിലൂടെ വളർച്ചയുടെ നിലവാരത്തെയും പരിധിയെയും സൂചിപ്പിക്കുന്നു. അഞ്ചാമതായി, ഏത് മുഖാന്തിരത്തിലൂടെ എങ്ങനെ സഭ വളരുന്നു എന്ന് പറയുന്നു: (ex hou pan to sōma, synarmologoumenon kai symbibazomenon dia pasēs haphēs tēs epichorēgias kat energeian en metrō henos hekastou merous tēn auxēsin tou sōmatos…). ഓരോ അവയവത്തിന്റെയും സംഭാവനയ്ക്ക് അനുസരിച്ച് ശരീരം വളരുവാൻ, ഓരോ അവയവവും മറ്റ് അവയവങ്ങളുമായി യുക്തമായി ചേർത്തിരിക്കുന്നതും ഏകീഭവിപ്പിച്ചിരിക്കുന്നതും തലയായ ക്രിസ്തുവിൽ നിന്നാകുന്നു അർത്ഥാൽ, ക്രിസ്തു ആകുന്നു. അങ്ങനെ ശരീരത്തിന്റെ മൊത്തത്തിലുള്ള വളർച്ചയ്ക്കായി ഓരോ അംഗത്തിന്റെയും സംഭാവനക്കനുസരിച്ച് സഭ സ്നേഹത്തിൽ പണിയപ്പെടുന്നു (poieitai eis oikodomēn heautou en agapē). കർത്താവിൽ നിന്നും ലഭിച്ച കൃപാവരത്തിന് അനുസൃതമായി ഓരോ വിശ്വാസിയും ക്രിസ്തുവിന്റെ ശരീരത്തിന്റെ അവയവം എന്ന നിലയിൽ അന്യോന്യം സ്നേഹത്തിൽ പ്രവർത്തിക്കുകയും അത് സഭയുടെ/ശരീരത്തിന്റെ മൊത്തത്തിലുള്ള വളർച്ചയ്ക്ക് കാരണമാവുകയും അതിന്റെ ഫലമായി വ്യക്തിപരമായ വളർച്ച സാധ്യമാവുകയും ചെയ്യുന്നു.

കാരണം ഒരുമിച്ച് വളരുന്നതിന് ആവശ്യമായ കൃപാവരങ്ങളാണ് ദൈവം നമുക്ക് നൽകിയത്, ശരീരം ഒരുമിച്ച് വളരുന്നതിനുള്ള അവയവങ്ങളാണ് നമുക്കുള്ളത്.

ക്രിസ്തു സഭയ്ക്ക് പ്രത്യേക വരങ്ങൾ നൽകിയത് സഭ വിശ്വാസത്തിലും ക്രിസ്തീയ പരിജ്ഞാനത്തിലും ആത്മിക പക്വതയിലേക്ക് വളരുവാനും, ദുരുപദേഷ്ടാക്കളുടെ തന്ത്രങ്ങളെ അതിജീവിപ്പാനും, സ്നേഹത്തിലുള്ള വളർച്ചയ്ക്കായി അന്യോന്യമുള്ള ശുശ്രൂഷയുടെ വേലയ്ക്ക് വിശുദ്ധന്മാരെ ഒരുക്കി പ്രാപ്തരാക്കുന്നതിനുമാണ്.

## 3. വിളിക്കു യോഗ്യമാംവണ്ണം നടക്കേണ്ടതിന്റെ അനിവാര്യത (4:17 - 24)

ദൈവത്തിന്റെ പുതിയ സൃഷ്ടിയായ ക്രിസ്തുവിശ്വാസികൾ ദൈവിക സത്യത്തിന്റെ അടിസ്ഥാനത്തിലുള്ള നീതിയിലും വിശുദ്ധിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതിയ മനുഷ്യനെ ധരിച്ചിരിക്കുന്നതിനാൽ (4:14) അവർ തുടർമാനമായി യേശുക്രിസ്തുവിന്റെ ദിവ്യസ്വരൂപത്തോട് അനുരൂപരായി രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുന്നു. ഈ രൂപാന്തര ജീവൻ അനുയോജ്യമായ ചിന്തയിലൂടെയും വാക്കുകളിലൂടെയും പ്രവർത്തികളിലൂടെയും വെളിപ്പെടുന്നു. വീണ്ടും ജനനത്തിൽ പഴയ മനുഷ്യൻ, അഥവാ ആദാമ്യപ്രകൃതം നീക്കം ചെയ്യപ്പെട്ടു എങ്കിലും പഴയ മനുഷ്യന്റെ വാസസ്ഥലം ആയിരുന്ന പഴയ ശരീരത്തിൽ തന്നെയാണ് ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതിയ മനുഷ്യനും വസിക്കുന്നത്. എങ്കിലും മാറിയ പ്രകൃതം മാറിയ സ്വഭാവം, അഥവാ, പ്രവർത്തി ആവശ്യപ്പെടുന്നതുകൊണ്ട് പുതിയ സംവിധാനത്തിൽ ആരും പഴയ നിലയിൽ നടക്കരുത് എന്ന് അപ്പോസ്തലൻ ശക്തമായി പ്രബോധിപ്പിക്കുന്നു. ഇതിനോട് ബന്ധപ്പെട്ട് മൂന്നു നിർദ്ദേശങ്ങൾ ഇവിടെ നൽകിയിരിക്കുന്നു.

### a. ക്രിസ്തുവിശ്വാസികൾ ഇനി വിജാതീയരെപോലെ നടക്കരുത് (4: 17-19)

‘‘**ആകയാൽ ഞാൻ കർത്താവിൽ സാക്ഷീകരിച്ച് പറയുന്നത് എന്തെന്നാൽ**’’ എന്ന് ആരംഭിക്കുന്നതിലൂടെ കർത്താവിന്റെ അധികാരത്തിൽ കർത്താവിനെ സാക്ഷിയാക്കി അപ്പോസ്തലൻ തുടർന്നു പറഞ്ഞു കൊണ്ടിരിക്കുന്നതിനെയാണ് വ്യാകരണം (legō kai martyromai – progressive present) ഇവിടെ സൂചിപ്പിക്കുന്നത്. പറയുന്നതിന്റെ ഉള്ളടക്കം

‘‘**ജാതികൾ തങ്ങളുടെ വ്യർത്ഥബുദ്ധി അനുസരിച്ച് നടക്കുന്നതുപോലെ നിങ്ങൾ ഇനി നടക്കരുത്**’’ (v.17) എന്നതാണ്. ഇവിടെ ‘‘**ജാതികൾ... ന ടക്കുന്നതുപോലെ**’’ എന്നതിലൂടെ ജാതികളുടെ സാധാരണ ജീവിത രീ തിയെയാണ് സൂചിപ്പിക്കുന്നത് (peripatei – customary present). അതുപോ ലെ നിങ്ങൾ ഇനി ‘‘**നടക്കരുത്**’’ (mēketi hymas peripatein) എന്ന് പറയു മ്പോൾ ജാതികളുടേതിന് സമാനമായുള്ള സ്വഭാവം വെളിപ്പെടുത്തുന്ന നിലവിലെ ജീവിതരീതി പൂർണമായി നിരോധിച്ചുകൊണ്ടുള്ള ഒരു കൽ പ്പനയെയാണ് ഇത് സൂചിപ്പിക്കുന്നത്. മാത്രമല്ല, ഈ കൽപ്പന പാലിച്ചി ല്ലെങ്കിൽ ഗുരുതര പ്രത്യാഘാതങ്ങൾ; അർത്ഥാൽ, വിശ്വാസം തന്നെ ചോദ്യം ചെയ്യപ്പെടാം എന്നുള്ള മുന്നറിയിപ്പാണ് ഇതിൽ അടങ്ങിയിരി ക്കുന്നത്.

യഹോവ വിജാതീയ ദേവന്മാരിൽ നിന്നും വ്യത്യസ്തൻ ആകയാ ലും ഉടമ്പടികളുടെ ദൈവം ആകയാലും യിസ്രായേൽ യഹോവയെ വ്യ ത്യസ്ത നിലയിൽ തന്നെ സേവിക്കണമെന്ന് ന്യായപ്രമാണം പ്രത്യേകം നിഷ്കർഷിച്ചിരുന്നത് പോലെ (ലേവി. 18:1–5), പൂർണ്ണ ആത്മാവോടും പൂർണ്ണഹൃദയത്തോടും പൂർണ്ണ മനസ്സോടും പൂർണ്ണ ശക്തിയോടും കൂ ടെ തന്നെ ക്രിസ്തുവിശ്വാസികൾ ദൈവത്തെ സേവിക്കണം (മത്തായി 6:24;10:37; മർക്കോസ് 12:30,31; 1 യോഹ. 4:20–21). അതിന് വിപരീതമായി അനുവാചകർ ജാതികളെ പോലെ നടന്നാൽ അവരിലൂടെ ക്രിസ്തുവി ലുള്ള ദൈവിക പദ്ധതി നിറവേറ്റുവാൻ കഴിയുകയില്ല. എന്നാൽ ഇവി ടെ ‘‘**ജാതികൾ... നടന്നതുപോലെ**’’ എന്നതുകൊണ്ട് ഏതെങ്കിലും ഒരു പ്രത്യേക ജനതയെ അല്ല, മറിച്ച് അഭക്തരും അവിശ്വാസികളും ദൈവി ക പരിജ്ഞാനം ഇല്ലാത്തവരുമായ ജനതയെയാണ് ഉദ്ദേശിക്കുന്നത്. അ വരുടെ ജീവിത രീതിയെക്കുറിച്ച് അപ്പോസ്തലനായ പത്രോസും പറ ഞ്ഞിട്ടുണ്ട് (1 പത്രോസ് 4:3). എന്നാൽ ഇവിടെ ജാതികളുടെ തെറ്റായ ജീവിതരീതികൾക്കു ഉപരിയായി, അതിന്റെ കാരണങ്ങളെയാണ് അപ്പോ സ്തലൻ വിശദീകരിക്കുന്നത്. പ്രധാനമായും മൂന്നു കാരണങ്ങൾ താൻ ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നു.

i. ജാതികൾ അവരുടെ വ്യർത്ഥബുദ്ധിയാൽ ആത്മാവിൽ അ ന്ധബുദ്ധികളായി നടക്കുന്നു.

ഇവിടെ ‘‘**ജാതികൾ തങ്ങളുടെ വ്യർത്ഥബുദ്ധി അനുസരിച്ച് നട**

**ക്കുന്നതുപോലെ**'' എന്നതിലൂടെ ശൂന്യമായതും അർത്ഥമില്ലാത്തതും പ്രയോജനം ഇല്ലാത്തതും ലക്ഷ്യബോധമില്ലാത്തതും ആയ ഒരു വിജാതീയ ജീവിതരീതിയെയാണ് സൂചിപ്പിക്കുന്നത്; അതിന്റെ പല തെളിവുകളും തിരുവെഴുത്തിൽ ഉണ്ട് (അപ്പോ. 14:15; റോമർ 1:28). അതിന്റെ ഫലമായി ''**അവർ അന്ധബുദ്ധികളായി**'' അർത്ഥാൽ, ആത്മിക ഗ്രാഹ്യത്തിൽ അന്ധതയുള്ളവരായി തീർന്നിരിക്കുന്നു. വ്യാകരണപ്രകാരം (eskotōmenoi te dianoia – perfect passive) വ്യർത്ഥബുദ്ധിക്ക് അനുസരിച്ച് ജീവിക്കുന്നത് നിമിത്തം ആത്മാവിൽ അന്ധബുദ്ധികൾ ആയിത്തീർന്നതിനെ, അഥവാ അന്ധബുദ്ധികൾ ആക്കപ്പെട്ടതിനെ ഇത് സൂചിപ്പിക്കുന്നു (റോമ. 1:21-22). അതിന് ആത്മാവിൽ ഇരുട്ടായി തീരുക, മനസ്സിൽ ഇരുട്ടായി തീരുക എന്നാണ് അർത്ഥം (2 കൊരി. 4:4).

പൗലോസ് ഒരു യഹൂദൻ ആയതുകൊണ്ട് ആത്മാവിൽ പ്രകാശനം ലഭിച്ചവനാണെന്ന് സ്വയം നിരൂപിച്ചിരുന്നു എങ്കിലും ദമസ്കോസിന്റെ പടിവാതിൽക്കൽ വെച്ച് കർത്താവ് കാണിച്ച വെളിച്ചത്തിൽ നിന്നാണ് താനും ഇരുട്ടിൽ നടക്കുകയാണെന്ന് തനിക്ക് ബോധ്യമായത് (അപ്പോ. 9:3; 8-9 26:18). കർത്താവും യിസ്രയേലിന്റെ ആത്മീക അന്ധതയെ കുറിച്ച് പരാമർശിച്ചിട്ടുണ്ട് (യോഹ. 9:39-41).

ii. ജാതികൾ അവരുടെ ഹൃദയ കാഠിന്യത്താലുള്ള അജ്ഞത നിമിത്തം ദൈവത്തിന്റെ ജീവനിൽനിന്ന് അകന്നവരായി നടക്കുന്നു.

ഇവിടെ പരാമർശിക്കുന്ന ''**ദൈവത്തിന്റെ ജീവനിൽനിന്ന്**'' എന്നത് ദൈവത്തിൽ നിന്ന് വരുന്ന ജീവനും ദൈവം തരുന്ന നിത്യജീവനും ആകുന്നു. പഴയനിയമത്തിലെ ഏറ്റവും വലിയ വാഗ്ദത്തമാണ് ദൈവത്തിന്റെ ജീവൻ (ആവർത്തനം 30:15-20). എന്നാൽ വിജാതീയർ ദൈവത്തിന്റെ ജീവനിൽ നിന്നും ''**അകന്നവരാണ്**''. വ്യാകരണപ്രകാരം (apellotriōmenoi – perfect passive) ഇവിടെ അകലപ്പെട്ടവരായിരിക്കുന്നു എന്നാണ് അർത്ഥം. പൂർണ്ണമായ ഒരു പ്രവർത്തിയെയും അതിന്റെ നിലനിൽക്കുന്ന ഫലത്തെയും ഇത് സൂചിപ്പിക്കുന്നു. വിജാതീയർ ദൈവത്തിന്റെ ജീവനിൽ നിന്ന് അകന്നവരായിരിക്കുന്നതിനുള്ള കാരണം അവരുടെ ''**ഹൃദയകാഠിന്യം നിമിത്തം**'' ആകുന്നു. ദൈവിക ജ്ഞാനത്തെ മനപ്പൂർവ്വം ത്യജിച്ചതുകൊണ്ട് ആകുന്നു. ഈ ലോകത്തിന്റെ ദൈവം അവിശ്വാസികളുടെ മനസ്സ് കുരുടാക്കിയിരിക്കുന്നു (യെശയ്യ. 44:14-20;

2 കൊരി. 4:4; യോഹ. 12:39–41). അവർ ദൈവത്തിന്റെ ജീവനിൽ നിന്ന് അകന്നത് ഹൃദയ കാഠിന്യം നിമിത്തമുള്ള ''**അജ്ഞാനം നിമിത്തം**'' എന്ന് തുടർന്ന് പറയുന്നു. ഈ അജ്ഞാനം മനപ്പൂർവ്വം ഉണ്ടാക്കിയ അജ്ഞതയാണ് (അപ്പോ. 3:17; 1 പത്രോസ് 1:14). അവർ ദൈവത്തെ അറിയുന്നില്ല എന്നതുകൊണ്ട് വ്യക്തിപരമായി അറിയുന്നില്ല എന്നാണ് അർത്ഥമാക്കുന്നത് (ഗലാത്യർ 4:8).

iii. ജാതികൾ അവരുടെ മനം തഴമ്പിച്ചു പോയവരായി, അത്യാഗ്രഹത്തോടെ സകല അശുദ്ധിയും പ്രവർത്തിപ്പാൻ ദുഷ്കാമത്തിന് തങ്ങളെ തന്നെ ഏൽപ്പിച്ചുകൊണ്ട് നടക്കുന്നു.

വിജാതീയർ തെറ്റായ ജീവിതരീതി തുടരുന്നതിന് കാരണം അവർ ''**മനം തഴമ്പിച്ച പോയവർ ആകയാൽ**'' ആകുന്നു. വ്യാകരണപ്രകാരം (apēlgēkotes - perfect active) ഇവിടെ ഇത് പൂർണ്ണമായതും തുടരുന്നതുമായ ഒരു അവസ്ഥയെ സൂചിപ്പിക്കുന്നു. അതിന്റെ ഫലമായി ''**അത്യാഗ്രഹത്തോടെ സകല അശുദ്ധിയും പ്രവർത്തിപ്പാൻ ദുഷ്കാമത്തിന് തങ്ങളെ തന്നെ ഏൽപ്പിച്ചിരിക്കുന്നു**''. ഇവിടെ ''**ഏൽപ്പിച്ചിരിക്കുന്നു**'' എന്നത് വ്യാകരണപ്രകാരം (paredōkan – constative aorist) സ്വയം സമർപ്പിച്ചിരിക്കുന്നു, അഥവാ, സ്വയം വിറ്റു കളഞ്ഞിരിക്കുന്നു എന്നാണ് അർത്ഥം. നന്മയും തിന്മയും, ധാർമികതയും അധാർമികതയും, സത്യവും ഭോഷ്കും, വിശുദ്ധവും മലിനതയും തിരിച്ചറിയുവാൻ കഴിയാതെ അനിയന്ത്രിതമായ നിലയിൽ അശുദ്ധ സ്വഭാവത്തിന് അവർ ഏൽപ്പിച്ചു കൊടുത്തവരായി നടക്കുന്നു. അതുകൊണ്ട് ദൈവവും അവരെ അശുദ്ധിയിൽ ഏൽപ്പിച്ചു കൊടുത്തു (റോമർ 1:24). ഇക്കാരണത്താൽ നന്ദികേട് അവിശ്വസ്തത വഞ്ചന ചതി ഭോഷ്ക് കള്ളസാക്ഷ്യം മോഷണം പിടിച്ചുപറി കോപം ക്രോധം ദുർന്നടപ്പ് അശുദ്ധി മുതലായതെല്ലാം അവരുടെ സാധാരണ ജീവിതത്തിന്റെ ഭാഗമാണ്.

### b. ക്രിസ്തുവിശ്വാസികൾ വിജാതീയരെ പോലെ നടക്കുവാൻ പഠിച്ചിട്ടില്ല.

''**നിങ്ങളോ യേശുവിൽ സത്യം ഉള്ളതുപോലെ അവനെക്കുറിച്ച് കേട്ട് അവനിൽ ഉപദേശം ലഭിച്ചു എങ്കിൽ ക്രിസ്തുവിനെ കുറിച്ച് ഇങ്ങനെയല്ല പഠിച്ചത്**'' (4:20 – 21)

ഇവിടെ "**യേശുവിൽ സത്യമുള്ളതുപോലെ**" (en tō Iēsou) എന്നതി ലൂടെ പ്രഥമമായി ഇത് സത്യത്തിന്റെ മേഖലയെ സൂചിപ്പിക്കുന്നു. മാത്ര മല്ല യേശുവിലാണ് സത്യമുള്ളതെന്നും (യോഹ. 14:6), യേശുവിൽ സ ത്യം എപ്പോഴും ഉണ്ട് എന്നും (estin) ഈ പ്രസ്താവന സൂചിപ്പിക്കുന്നു. അഭക്തർ സത്യമെന്താണെന്ന് എപ്പോഴും ചോദിക്കുമെങ്കിലും (യോഹ. 18:38), എത്ര പഠിച്ചാലും അവർ ഒരിക്കലും സത്യത്തിന്റെ പരിജ്ഞാന ത്തിൽ എത്തുകയില്ല (2 തിമൊ. 3:7).

തുടർന്ന് "**അവനെക്കുറിച്ച് കേട്ട് അവനിൽ ഉപദേശം ലഭിച്ചു എ ങ്കിൽ**" എന്നതിലെ ക്രിയകളുടെ വ്യാകരണം (ēkousate, edidachthēte – constative aorist) ഒരു സംശയത്തെ സൂചിപ്പിക്കുന്നതല്ല, മറിച്ച്, സംഭവി ച്ചു കഴിഞ്ഞ ഒരു പ്രവർത്തിയെ വിശദീകരണം കൂടാതെ മൊത്തത്തിൽ സൂചിപ്പിക്കുന്നു. എഫെസോസിലുള്ള ക്രിസ്തുവിശ്വാസികൾ അവനിൽ നിന്ന് (കർത്താവിൽ നിന്ന്) നേരിട്ട് കേട്ടിട്ടില്ല; എന്നാൽ അപ്പോസ്തല ന്മാരിൽ നിന്നും സുവിശേഷത്തിലൂടെ അവനെക്കുറിച്ച് കേട്ടിട്ടുണ്ട്. ഇ വിടെ "**അവനിൽ ഉപദേശം ലഭിച്ചു**" എന്നത് ക്രിസ്തീയ ഉപദേശം ലഭി ക്കുന്ന മേഖലയെ സൂചിപ്പിക്കുന്നു. യേശു തന്റെ പരസ്യ ശുശ്രൂഷയിൽ പഠിപ്പിച്ചതും, അനുവാചകർ അപ്പോസ്തലനിൽ നിന്നും കേട്ടതും, എ ല്ലാ ക്രിസ്തുവിശ്വാസികളും വിശ്വസിക്കേണ്ടതിനും പാലിക്കേണ്ടതിനും മാതൃകയാക്കേണ്ടതിനും ഉപദേശത്തിനും ജീവിതത്തിനും ആവശ്യമായ തുമായ ധാർമികവും സദാചാര സംബന്ധവുമായ വിശ്വാസ സംഹിത യെയാണ് അപ്പോസ്തലൻ ഇവിടെ സൂചിപ്പിക്കുന്നത് (മത്തായി 28:20).

തിരുവെഴുത്ത് ആവശ്യപ്പെടുന്ന വിധത്തിൽ വിശ്വാസികളെ യഥാ സ്ഥാനപ്പെടുത്തുകയും ക്രമപ്പെടുത്തുകയും ആണ് ക്രിസ്തീയ ഉപദേ ശം പഠിപ്പിക്കുന്നതിന്റെ ലക്ഷ്യം. അതിലൂടെ ക്രിസ്തുവിനെ കൂടുതലാ യി മനസ്സിലാക്കുവാനും മാതൃകയാക്കുവാനും അനുഭവമാക്കുവാനും ക ഴിയുന്നു; ഇത് തുടർമാനമായി നടക്കുന്ന ഒരു സംഗതിയാണ് (2 കൊരി. 5:14–17; ഗലാ. 2:20; 6:14; ഫിലിപ്പിയർ 1:21; 3:4–11). എന്നാൽ ഒരു ക്രിസ്തു വിശ്വാസിയും ഇതിന് വിരുദ്ധമായി ക്രിസ്തുവിനെ കുറിച്ച് പഠിച്ചിട്ടില്ല. ഇക്കാര്യമാണ് നിങ്ങൾ "**ക്രിസ്തുവിനെ കുറിച്ച് ഇങ്ങനെയല്ല പഠിച്ചത്**" എന്ന് അപ്പോസ്തലൻ പറയുന്നത്. എന്നാൽ ഇവിടെ "**പഠിച്ചത്**" എന്ന തിലൂടെ വ്യാകരണപ്രകാരം (emathete – ingressive aorist) പഠിച്ചതിന്റെ ആരംഭത്തെ മാത്രം സൂചിപ്പിക്കുന്നു (റോമർ 16:17). അവർ ക്രിസ്തുവി

നെ കുറിച്ച് പഠിച്ച ആദ്യപാഠങ്ങളുടെ അടിസ്ഥാനത്തിൽ അവരുടെ ജീവിതത്തിൽ നിന്നും പഴയ മനുഷ്യനെ ഉപേക്ഷിക്കുവാനും, അന്തരാത്മാവിന് പുതുക്കം പ്രാപിക്കുവാനും, പുതിയ മനുഷ്യനെ ധരിക്കുവാനും ഉണ്ടായിരുന്നു. എന്നാൽ ഇന്ന് ഇതൊരു കൽപ്പന ആയിട്ടല്ല, മറിച്ച് വിശ്വസിക്കുന്ന എല്ലാവരുടെയും വിശ്വാസജീവിതത്തിന്റെ ആരംഭത്തിൽ യാഥാർത്ഥ്യമായ ഒരു അനുഭവത്തെ സൂചിപ്പിക്കുകയും ഓർമ്മപ്പെടുത്തുകയും ആണ് അപ്പോസ്തലൻ ചെയ്യുന്നത്.

### c. ക്രിസ്തുവിശ്വാസികൾ ക്രിസ്തീയമായി നടക്കുവാൻ ഉപദേശിക്കപ്പെട്ടിരിക്കുന്നു (4: 23–24).

**"... ചതിമോഹങ്ങളാൽ വഷളായി പോകുന്ന പഴയ മനുഷ്യനെ ഉപേക്ഷിച്ച് നിങ്ങളുടെ ഉള്ളിലെ ആത്മാവ് സംബന്ധമായി പുതുക്കം പ്രാപിച്ചു... പുതുമനുഷ്യനെ ധരിച്ചു കൊൾവിൻ (ധരിച്ചിരിക്കുന്നുവല്ലോ)"** (4:22–24)

ഈ വേദഭാഗത്തിന്റെ അടിസ്ഥാനത്തിൽ വിളിക്ക് യോഗ്യമാംവണ്ണം നടക്കുന്നതിന് ആവശ്യമായ ഉപദേശം പ്രധാനമായും മൂന്ന് വിഷയങ്ങളിൽ അപ്പോസ്തലനിൽ നിന്നും അനുവാചകർ കേൾക്കുകയും ഉപദേശിക്കപ്പെടുകയും ചെയ്തിരിക്കുന്നു.

i. ഒന്നാമതായി, പഴയ മനുഷ്യനെ ഉപേക്ഷിക്കുവാൻ അവർ ഉപദേശിക്കപ്പെട്ടിരുന്നു (4:22)

ഇവിടെ "**പഴയ മനുഷ്യനെ ഉപേക്ഷിച്ചു**" എന്നതിലെ "**പഴയ മനുഷ്യൻ**" വീണ്ടുംജനനത്തിന് മുമ്പുള്ള ആദാമ്യപ്രകൃതത്തെ അഥവാ 'ഞാൻ' എന്ന പഴയ വ്യക്തിത്വത്തെ സൂചിപ്പിക്കുന്നു (റോമർ 7:18; ഗലാത്യർ 2:20; 6:14). ഈ പഴയ മനുഷ്യന്റെ "**മുമ്പിലത്തെ നടപ്പ് സംബന്ധിച്ച്**" അർത്ഥാൽ, മുൻ ജീവിതപ്രകാരം ചതിമോഹങ്ങളാൽ - ചതിയിൽ നിന്നും ഉത്ഭവിക്കുന്ന മോഹങ്ങൾ നിമിത്തം ധാർമ്മിക സാന്മാർഗിക മേഖലകളിൽ "**വഷളായി പോകുന്ന**" അർത്ഥാൽ, അനുദിനം വഷളായി കൊണ്ടിരിക്കുന്ന അവസ്ഥയിലായിരുന്നു. കാരണം, വ്യാകരണപ്രകാരം (phtheiromenon – customary present) ഇത് എപ്പോഴും തുടരുന്ന അവസ്ഥയെയാണ് സൂചിപ്പിക്കുന്നത്. അതുപോലെ തന്നെ പഴയ മനുഷ്യനെ "ഉപേക്ഷിച്ച്" എന്നത് വ്യാകരണപ്രകാരം (apothestai – constative aorist) സം

ഭവിച്ചു കഴിഞ്ഞ ഒരു കാര്യത്തെ വിശദീകരണം കൂടാതെ സൂചിപ്പിക്കുന്നു. പൗലോസ് ഇവിടെ ഒരു പുതിയ കൽപ്പന കൊടുക്കുകയല്ല ചെയ്യുന്നത്, മറിച്ച്, അനുവാചകരോടുള്ള ബന്ധത്തിൽ അവർക്ക് ലഭിച്ച ആദ്യ ക്രിസ്തീയ ഉപദേശത്തിന്റെ ഉള്ളടക്കം അവരെ ഓർമ്മപ്പെടുത്തുകയാണ് ചെയ്യുന്നത്. അതിൻ പ്രകാരം അവരുടെ പഴയ മനുഷ്യൻ ക്രിസ്തുവിനോട് കൂടെ ക്രൂശിക്കപ്പെട്ട് മരിച്ചു; അതുപോലെ പുതിയ മനുഷ്യൻ ക്രിസ്തുവിനോട് കൂടെ ഉയർത്ത് ജീവിക്കുന്നു (റോമർ 6:3-4,6,8,11: 2 കൊരിന്ത്യർ 5:15-17; ഗലാത്യർ 2:19-20); പഴയത് ഉപേക്ഷിച്ച് പുതിയത് ധരിച്ചിരിക്കുന്നു (ഗലാത്യർ 3:27).

വീണ്ടും ജനനത്തിൽ ക്രിസ്തുവിന്റെ മരണത്തിനോടും ഉയർപ്പിനോടും വിശ്വാസി ആത്മികമായി ഏകീഭവിക്കുന്നു. പഴയ മനുഷ്യന്റെ (പഴയ ജീവിതത്തിന്റെ) അവസാനവും പുതിയ മനുഷ്യന്റെ (പുതിയ ജീവിതത്തിന്റെ) ആരംഭവും അപ്പോൾ സംഭവിക്കുന്നു ഈ ഉപദേശപ്രകാരം പഴയ മനുഷ്യന്റെ ശരീരമല്ല, മറിച്ച് പ്രകൃതമാണ് മരിച്ചത്; അതുകൊണ്ട് പഴയ മനുഷ്യനെ മണ്ണിൽ അല്ല, മറിച്ച് വെള്ളത്തിലാണ് അടക്കിയത് (സങ്കീ.68:26; 87:6-7; യെശ. 48:1; യോഹ. 3:5-6); മാത്രമല്ല, പുതിയ മനുഷ്യൻ ശരീരത്തിലല്ല മറിച്ച് ആത്മാവിലാണ് ഉയർത്തത്. അതുകൊണ്ട് പുതുക്കം ശരീരത്തിനല്ല മറിച്ച് ആത്മാവിലാണ് സംഭവിച്ചിരിക്കുന്നത്.

ii. രണ്ടാമതായി അന്തരാത്മാവിൽ പുതുക്കം പ്രാപിക്കുവാൻ അവർ ഉപദേശിക്കപ്പെട്ടിരിക്കുന്നു (4:23)

ഇവിടെ നിങ്ങളുടെ ഉള്ളിലെ ആത്മാവ് സംബന്ധമായി "**പുതുക്കം പ്രാപിച്ച്...**" എന്നത് വ്യാകരണപ്രകാരം (ananeoustai – customary present, present passive) പുതുക്കം പ്രാപിച്ചുകൊണ്ടിരിക്കുന്ന അവസ്ഥയെ, അർത്ഥാൽ, നിലനിൽക്കുന്നതും തുടരുന്നതുമായ പ്രവർത്തിയെ സൂചിപ്പിക്കുന്നു. അർത്ഥാൽ, ആത്മാവ് സംബന്ധമായ പുതുക്കം വിശ്വാസിയിൽ ഇപ്പോൾ ദൈവത്താൽ സംഭവിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ പഴയ മനുഷ്യനെ ഉപേക്ഷിച്ച് പുതിയ മനുഷ്യനെ ധരിച്ചിരിക്കുന്നു എന്നത് വിശ്വാസിയോടുള്ള ബന്ധത്തിൽ സംഭവിച്ചു കഴിഞ്ഞതാകുന്നു.

പുതിയ മനുഷ്യൻ ആത്മസംബന്ധമായി പുതുക്കം പ്രാപിച്ചതും പുതുക്കം പ്രാപിച്ചു കൊണ്ടിരിക്കുന്നതുമാണ്, അതുകൊണ്ട് പുതിയ മനുഷ്യൻ ആത്മീകനാണ്. മനുഷ്യന്റെ ആത്മാവിലാണ് പുതിയ മനുഷ്യന്റെ

ആരംഭം കുറിച്ചത്. വീണുപോയ പഴയ സൃഷ്ടിയായ ആദാമിലാണ് പഴയ മനുഷ്യൻ ഇരിക്കുന്നതെങ്കിൽ, വീണ്ടെടുപ്പുകാരനായ ക്രിസ്തുവിലാണ് പുതിയ മനുഷ്യൻ ഇരിക്കുന്നത് (കൊലോ. 3:3–4). പഴയ മനുഷ്യൻ പോയെങ്കിലും പഴയ മനുഷ്യൻ വസിച്ച പഴയ ശരീരം ഇപ്പോഴും നിലനിൽക്കുന്നു; ശരീരത്തിന്റെ വീണ്ടെടുപ്പായ തേജസ്കരണം വരെ പുതിയ മനുഷ്യൻ പഴയ ശരീരത്തിൽ തന്നെ ജീവിക്കുന്നു. ഒരു പഴയ മനുഷ്യൻ മാറിപ്പോയി പുതിയൊരു മനുഷ്യൻ വന്നു; എന്നാൽ പഴയ മനുഷ്യൻ വസിച്ച പഴയ വീട്ടിൽ തന്നെയാണ് പുതിയ മനുഷ്യനും വസിക്കുന്നത്. എങ്കിലും ദൈവാത്മാവിന്റെ സഹായത്താൽ പുതിയ മനുഷ്യന്റെ അന്തരാത്മാവിൽ പുതുക്കം പ്രാപിച്ചുകൊണ്ടിരിക്കുന്നു (4:23; 2 കൊരി. 4:16; കൊലോ. 3:10); പുതിയ മനുഷ്യന്റെ പുതുക്കം വിശ്വാസിയിൽ ദൈവികസ്വഭാവത്തെ വെളിപ്പെടുത്തുന്നു (കൊലോ. 3:15–17).

iii. മൂന്നാമതായി, പുതിയ മനുഷ്യനെ ധരിക്കുവാൻ അവർ ഉപദേശിക്കപ്പെട്ടിരുന്നു (4:24).

ഇവിടെ **"ധരിച്ചു കൊൾവിൻ"** എന്നതിന് വ്യാകരണപ്രകാരം (endysastai – constative aorist) ക്രിസ്തുവിനെ കുറിച്ചുള്ള ആദ്യപാഠങ്ങളുടെ അടിസ്ഥാനത്തിൽ അവർ ധരിച്ചിരിക്കുന്നു എന്നാണ് അർത്ഥം. മാത്രമല്ല, ശക്തി ബലം നീതി ബഹുമാനം മുതലായവ അലങ്കാരികമായി ധരിക്കുന്നതിനെ കുറിച്ച് തിരുവെഴുത്ത് പറയുന്നതുപോലെ (ഇയ്യോബ് 29:14; 40:10; സങ്കീർത്തനം 132:9), പുതിയ മനുഷ്യനെ ധരിക്കുവാൻ പറഞ്ഞിരിക്കുന്നതും അലങ്കാരിക ഭാഷയിലാണ്. പുതിയ മനുഷ്യൻ "**ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട**"തും (kata Theon ktisthenta) ദൈവത്താൽ സൃഷ്ടിക്കപ്പെട്ടതും ആകുന്നു. ഇത് പുതിയ മനുഷ്യന്റെ ഉയർന്ന നിലവാരത്തെ സൂചിപ്പിക്കുന്നു (കൊലോ. 3:10). ഈ സൃഷ്ടിപ്പിൽ വിശ്വാസിക്ക് പുതിയൊരു മനസ്സും പുതിയൊരു ഹൃദയവും പുതിയൊരു ആത്മാവും പുതിയൊരു കാഴ്ചപ്പാടും ലഭിക്കുന്നു. അങ്ങനെ മൊത്തത്തിൽ ക്രിസ്തുവിശ്വാസി ഒരു പുതിയ സൃഷ്ടി ആകുന്നു (2 കൊരി. 5:17). പഴയ പ്രകൃതത്തോട് പുതിയ പ്രകൃതം ചേരാത്തതിനാൽ പഴയ പ്രകൃതത്തെ നീക്കി പുതിയ പ്രകൃതം ധരിച്ചിരിക്കുന്നു (ഗലാത്യർ 2:20; 6:14; കൊലോ. 3:9–10). ദൈവത്തെ പ്രസാദിപ്പിക്കുവാനും, ദൈവവചനം പ്രമാണിക്കുവാനും, ദൈവരാജ്യത്തെ കാത്തിരിക്കുവാനും, ജഡത്തിൽ നിന്നുള്ള വിടുതലും ലോകത്തിൽ നിന്നുള്ള വിടുതലും ആഗ്രഹിച്ചുകൊണ്ട് ദൈവത്തോട് ചേരുവാൻ ഈ പുതിയ പ്രകൃതം കാംക്ഷിക്കുന്നു

(ഫിലിപ്പി. 1:21; 3:20–21); കാരണം, ഇത് ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ടത് ആകുന്നു.

തുടർന്ന് ദൈവാനുരൂപമായുള്ള പുതിയ സൃഷ്ടിപ്പ് "**സത്യത്തിന്റെ ഫലമായ**" അർത്ഥാൽ, സത്യത്തിൽ നിന്നും ഉൽഭവിക്കുന്ന "**നീതിയിലും വിശുദ്ധിയിലും**" സൃഷ്ടിക്കപ്പെട്ടതാകുന്നു. ഇത് സൃഷ്ടിപ്പിന്റെ മേഖലയെയും ഉത്ഭവത്തെയുമാണ് സൂചിപ്പിക്കുന്നത്. അർത്ഥാൽ, സത്യത്തിൽ നിന്നും ഉത്ഭവിക്കുന്നതും, നീതിയിലും വിശുദ്ധയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ടതും ആകുന്നു ഈ പുതിയ മനുഷ്യൻ. ദൈവം നീതിമാനും വിശുദ്ധനും ആകയാൽ ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതിയ മനുഷ്യനും വ്യക്തിപരമായും സമൂഹപരമായും നീതിയിലും വിശുദ്ധിയിലും ആണ് കാണപ്പെടേണ്ടത്. കാരണം, പുതിയ മനുഷ്യൻ ക്രിസ്തുവിൽ പുതിയ സൃഷ്ടിയാണ് (കൊരി. 5:17); ക്രിസ്തുവിന്റെ സ്വരൂപത്തോടാണ് ഈ പുതിയ മനുഷ്യൻ അനുരൂപനാകുന്നത്; കാരണം ക്രിസ്തുവാണ് പുതിയ മനുഷ്യന് മാതൃകയായി ഇരിക്കുന്നത് (റോമർ 8: 29; 1 കൊരി. 15:49; 2 കൊരി. 3:18; എഫെ. 3:19; 4:13–16; കൊലോ. 1:28).

പഴയ മനുഷ്യൻ ചതിമോഹങ്ങളാൽ വഷളായിപോകുന്നത് പോകുന്നത് ആകുമ്പോൾ പുതിയ മനുഷ്യൻ ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ടുകൊണ്ടിരിക്കുന്നത് ആകുന്നു; പഴയ മനുഷ്യൻ ചതിമോഹങ്ങൾക്ക് അനുസരിച്ച് ജീവിക്കുന്നത് ആകുമ്പോൾ പുതിയ മനുഷ്യൻ സത്യത്തിന്റെ അടിസ്ഥാനത്തിലുള്ള നീതിയിലും വിശുദ്ധിയിലും ജീവിക്കുന്നതാകുന്നു. വഷളായി പോകുന്ന പഴയ മനുഷ്യനെ അതിന്റെ പ്രവർത്തികളോടുകൂടെ ഉരിഞ്ഞു കളഞ്ഞിട്ട് പുതുക്കം പ്രാപിക്കുന്ന പുതിയ മനുഷ്യനെ ധരിച്ചിരിക്കുന്നു (കൊലോ. 3:9–10). എല്ലാ ക്രിസ്തുവിശ്വാസികളുടെയും അവസ്ഥ ഇതാണെന്ന് തിരുവെഴുത്ത് പറയുന്നു (കൊലോ. 3:11).

ജഡത്തിൽ ആരംഭിക്കുന്ന ഒരു ജീവിതം (ശാരീരിക ജനനം) ഭൗമ മണ്ഡലത്തിലെ അനിവാര്യഘടകങ്ങളായ വായു വെളിച്ചം ഊഷ്മാവ് എന്നിവയോട് പൊരുത്തപ്പെട്ട് പ്രതികരിക്കുന്നു എങ്കിൽ അതിന് ശാരീരിക ജീവൻ ഉണ്ടെന്ന് ഉറപ്പിക്കുന്നതുപോലെ ആത്മാവിൽ ആരംഭിക്കുന്ന ഒരു ജീവിതം (വീണ്ടും ജനനം) ആത്മിക മണ്ഡലത്തിലെ അനിവാര്യ ഘടകങ്ങളായ ദൈവവചനം കേൾക്കുക (യോഹ. 8:47; 1 യോഹ. 4: 16), ദൈവാത്മാവിനെ അനുസരിച്ച് നടക്കുക (റോമർ 8:14,16), ദൈവിക നീതി പ്രവർത്തിക്കുക (1 യോഹ. 2:29; 3:10), ദൈവത്തോടും ദൈവ ജനത്തോടുമുള്ള കൂട്ടായ്മയിൽ നടക്കുക (1 യോഹ. 1:3,7; 4:21) മുതലാ

യവയോട് പൊരുത്തപ്പെടുന്നു എങ്കിൽ, അതിനുള്ള ആഗ്രഹവും പരിശ്രമവും കാണപ്പെടുന്നു എങ്കിൽ അതിന് ആത്മീക ജീവനുണ്ടെന്ന് ഉറപ്പിക്കാം. പരിശുദ്ധാത്മാവിന്റെ പ്രവർത്തിയിലൂടെയും വചനകേൾവിയിലൂടെയും മനുഷ്യന് ലഭിക്കുന്ന യഥാർത്ഥ വിശ്വാസം അവനെ പാപത്തിന്റെ ദാസ്യത്തിൽ നിന്നും സ്വതന്ത്രനാക്കി പുതിയ ജീവിതത്തിനായി ശുദ്ധീകരിച്ച് പുതിയൊരു മനുഷ്യനാക്കുന്നു; അതുകൊണ്ട് ഈ അതിവിശുദ്ധ വിശ്വാസത്തിന് അതിനെ വെളിപ്പെടുത്തുന്ന ജീവിതം അനിവാര്യമാണ്. അർത്ഥാൽ, ക്രിസ്തുവിശ്വാസികൾ വിളിക്കു യോഗ്യമാംവണ്ണം നടക്കേണ്ടത് അനിവാര്യമാണ്.

ചുരുക്കത്തിൽ, വീണ്ടുംജനനത്തിൽ ഓരോ വിശ്വാസിയും പഴയ മനുഷ്യനെ ഉരിഞ്ഞു കളയുവാൻ ഉപദേശിക്കപ്പെട്ടിരുന്നു (4:22), അന്തരാത്മാവിൽ പുതുക്കം പ്രാപിക്കുവാൻ ഉപദേശിക്കപ്പെട്ടിരുന്നു (4:23), പുതിയ മനുഷ്യനെ ധരിക്കുവാൻ ഉപദേശിക്കപ്പെട്ടിരുന്നു (4:24), എന്ന് അപ്പോസ്തലൻ ഇവിടെ (4:21) സാക്ഷ്യപ്പെടുത്തുന്നു. തുടർന്ന് (4:25–5:2) ഈ യാഥാർത്ഥ്യങ്ങളുടെ അടിസ്ഥാനത്തിലുള്ള ഒരു പ്രബോധനമാണ് സ്നേഹത്തിൽ നടപ്പിൻ എന്ന തലക്കെട്ടിൽ നൽകുന്നത്.

## B. എല്ലാവരും സ്നേഹത്തിൽ നടക്കണം (4:25 – 5:2)

**‘‘ആകയാൽ ഭോഷ്കു ഉപേക്ഷിച്ചു ഓരോരുത്തൻ താന്താന്റെ കൂട്ടുകാരനോടു സത്യം സംസാരിപ്പിൻ; നാം തമ്മിൽ അവയവങ്ങളല്ലോ. കോപിച്ചാൽ പാപം ചെയ്യാതിരിപ്പിൻ. സൂര്യൻ അസ്തമിക്കുവോളം നിങ്ങൾ കോപം വെച്ചുകൊണ്ടിരിക്കരുതു. പിശാചിന്നു ഇടം കൊടുക്കരുതു. കള്ളൻ ഇനി കക്കാതെ മുട്ടുള്ളവന്നു ദാനം ചെയ്‌വാൻ ഉണ്ടാകേണ്ടതിന്നു കൈകൊണ്ടു നല്ലതു പ്രവർത്തിച്ചു അദ്ധ്വാനിക്കയത്രേ വേണ്ടതു. കേൾക്കുന്നവർക്കു കൃപ ലഭിക്കേണ്ടതിന്നു ആവശ്യംപോലെ ആത്മികവർദ്ധനെക്കായി നല്ല വാക്കല്ലാതെ ആകാത്തതു ഒന്നും നിങ്ങളുടെ വായിൽനിന്നു പുറപ്പെടരുതു. ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുതു; അവനാലല്ലോ നിങ്ങൾക്കു വീണ്ടെടുപ്പുനാളിന്നായി മുദ്രയിട്ടിരിക്കുന്നതു. എല്ലാ കൈപ്പും കോപവും ക്രോധവും കൂറ്റാരവും ദൂഷണവും സകലദുർഗ്ഗുണവുമായി നിങ്ങളെ വിട്ടു ഒഴിഞ്ഞു പോകട്ടെ. നിങ്ങൾ തമ്മിൽ ദയയും മനസ്സലിവുമുള്ളവരായി ദൈവം ക്രിസ്തുവിൽ നിങ്ങളോടു ക്ഷമിച്ചതുപോലെ അന്യോന്യം ക്ഷമിപ്പിൻ. ആകയാൽ പ്രിയമക്കൾ എന്നപോലെ ദൈവത്തെ അനുകരിപ്പിൻ. ക്രി**

**സ്തുവും നിങ്ങളെ സ്നേഹിച്ചു നമുക്കു വേണ്ടി തന്നെത്താൻ ദൈവ ത്തിന്നു സൌരഭ്യവാസനയായ വഴിപാടും യാഗവുമായി അർപ്പിച്ചതു പോലെ സ്നേഹത്തിൽ നടപ്പിൻ.**''

മുൻ വാക്യങ്ങളുടെ (4:17–24) അടിസ്ഥാനത്തിലുള്ള ഒരു പ്രബോധ നമാണ് ഈ ഭാഗത്ത് (4:25–5:2) ''**ആകയാൽ**'' എന്ന് ആരംഭിക്കുന്നത്. വിശ്വാസികൾ ക്രിസ്തുവിനെ കുറിച്ച് കേട്ട് അവനിൽ ഉപദേശം ലഭിച്ച് ആദാമ്യ പ്രകൃതമുള്ള പഴയ മനുഷ്യനെ ഉരിഞ്ഞ് കളഞ്ഞ് അന്തരാത്മാ വിൽ പുതുക്കം പ്രാപിച്ച് ദൈവീക പ്രകൃതമുള്ള പുതിയ മനുഷ്യനെ ധ രിച്ചിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ എല്ലാവരും അന്യോന്യം സ്നേ ഹത്തിൽ നടക്കുവാൻ ആവശ്യപ്പെടുന്നു. ഇതോട് ബന്ധപ്പെട്ട് ആറ് പ്ര ബോധനങ്ങൾ അപ്പോസ്തലൻ ഇവിടെ നൽകുന്നു (4:25, 26–27, 28, 29 –30, 31–5:1; 5:2).

## 1. സ്നേഹത്തിൽ നടക്കുവാൻ, എല്ലാവരും ഭോഷ്ക് ഉപേക്ഷിച്ച് അന്യോന്യം സത്യം സംസാരിച്ചുകൊണ്ട് ജീവിക്കണം (4:25)

ഇവിടെ ''**ഭോഷ്ക് ഉപേക്ഷിച്ച് ഓരോരുത്തൻ താന്താന്റെ കൂട്ടുകാ രനോട് സത്യം സംസാരിപ്പിൻ**'' എന്നതിലൂടെ പ്രവാസത്തിൽ നിന്നും മ ടങ്ങി വന്നവരും യെരുശലേമിന്റെ സമാധാനത്തിനായി കാത്തിരിക്കുന്ന വരും സഹസ്രാബ്ദവാഴ്ചയുടെ പ്രതീക്ഷയിൽ ഇരിക്കുന്നവരോടുമായി സെഖര്യാവിലൂടെ ദൈവം അരുളിചെയ്ത വചനമാണ് അപ്പോസ്തലൻ സൂചിപ്പിക്കുന്നത് (സെഖര്യാവ് 8:1–16). ദൈവം ചെയ്യുവാൻ പോകുന്ന ചില കാര്യങ്ങളെ സൂചിപ്പിച്ച ശേഷം അതിനോടുള്ള പ്രതികരണമായി മനുഷ്യൻ ചെയ്യേണ്ടതായ ചില കടമകൾ പ്രവാചകൻ അവിടെ സൂചി പ്പിക്കുമ്പോൾ (സെഖ. 8:16), ഇവിടെ ''ആകയാൽ... **സത്യം സംസാരി പ്പിൻ**'' എന്നത് പുതിയ മനുഷ്യനെ ധരിച്ചവർക്കുള്ള ഒരു കൽപ്പനയാ യിട്ടാണ് (4:17–24) അപ്പോസ്തലൻ നൽകുന്നത്. അർത്ഥാൽ, പഴയ മനു ഷ്യനെ ഉപേക്ഷിച്ചതോടുകൂടി പഴയ മനുഷ്യന്റെ സ്വഭാവമായ ഭോഷ്ക് നിങ്ങൾ ഉപേക്ഷിച്ചിരിക്കകൊണ്ട് (apothemenoi – aorist middle participle) ''**ഓരോരുത്തൻ തന്റെ കൂട്ടുകാരനോട് സത്യം സംസാരിപ്പിൻ**'' എന്നാ ണ് അപ്പോസ്തലൻ ഇവിടെ പറയുന്നത് (കൊലോ. 3:9–11). അവിശ്വാസി കളുടെ ജീവിതം ഭോഷ്കിൽ അടിസ്ഥാനപ്പെട്ടതാകകൊണ്ട് അവർക്ക് അരക്ഷിതാവസ്ഥ ഉണ്ട് (4:17–19,22); എന്നാൽ യഥാർത്ഥവിശ്വാസികളു

ടെ ജീവിതം സത്യത്തിൽ അടിസ്ഥാനപ്പെട്ടിരിക്ക കൊണ്ട് അവർക്ക് ഉറപ്പും പ്രത്യാശയുമുണ്ട് (4:15,21,24). മാത്രമല്ല, ഇവിടെ "**സത്യം സംസാരിപ്പിൻ**" എന്നതിലൂടെ (laleite – customary present) വ്യാകരണപ്രകാരം സത്യം സംസാരിക്കുന്നത് ഒരു സ്വഭാവമാക്കി തീർക്കുവാൻ ആണ് അപ്പോസ്തലൻ ആവശ്യപ്പെടുന്നത്. എന്നാൽ എല്ലാവരും സത്യം സംസാരിക്കേണ്ടത് "**നാം തമ്മിൽ അവയവങ്ങളല്ലോ**" എന്ന കാരണത്താലാണ്. വ്യാകരണപ്രകാരം (esmen) വിശ്വാസികൾ തമ്മിൽ അവയവങ്ങൾ ആകുന്നു എന്നത് നിലനിൽക്കുന്ന പൊതുവായ ഒരു സത്യത്തെ സൂചിപ്പിക്കുന്നു (റോമർ 12:3-8; 1 കൊരി. 12:26-27). വിശ്വാസികൾ ആരും തമ്മിൽ തമ്മിൽ അവയവങ്ങൾ അല്ല; മറിച്ച്, ക്രിസ്തുവിന്റെ ശരീരത്തിന്റെ അവയവങ്ങൾ ആകുന്നു (2:16;4:4; 5:23); എങ്കിലും ഒരു അവയവത്തിന്റെ പ്രവർത്തി ശരീരത്തെ മുഴുവനും ബാധിക്കുന്നു.

## 2. സ്നേഹത്തിൽ നടക്കുവാൻ, കോപിച്ചാൽ ആരും പാപം ചെയ്യാതെയും അന്യോന്യം കോപം വെച്ചുകൊണ്ടിരിക്കാതെയും ജീവിക്കണം (4:26 - 27) .

അനീതിക്കെതിരെയുള്ള കോപത്തെ, അഥവാ ധാർമിക രോഷത്തെ വചനം സാധൂകരിക്കുന്നു എങ്കിലും അനിയന്ത്രിതമായ കോപം മനുഷ്യനെ പാപത്തിലേക്ക് നയിക്കുന്നു. "**കോപിച്ചാൽ പാപം ചെയ്യാതിരിപ്പിൻ**" എന്നത് ഇവിടെ വ്യാകരണപ്രകാരം (orgizesthe – conditional imperative) പ്രകോപിക്കപ്പെട്ടാൽ പാപം ചെയ്യരുത് എന്നാകുന്നു. ഒന്ന് ക്രിയാത്മകമായും രണ്ടാമത്തേത് നിഷേധാത്മകമായും പറഞ്ഞിരിക്കുന്നു. അർത്ഥാൽ, ശരിയായ കോപത്തിന് ഒരു ഇടം ഉണ്ടെങ്കിലും അതിനു പരിധിയും ഉണ്ട്. വ്യാകരണപ്രകാരം ഇവിടെ (mē hamartanete – customary present) അനീതിക്കെതിരെ കോപിക്കുന്നത് ഇടയ്ക്കിടയ്ക്ക് സംഭവിക്കുന്നതാണെങ്കിലും അതോടുള്ള ബന്ധത്തിൽ പാപം ചെയ്യുന്നത് അങ്ങനെ സംഭവിക്കുവാൻ പാടില്ലാത്തത് ആകുന്നു. മാത്രമല്ല, കോപിച്ചാൽ കോപം ദീർഘമായി നിലനിർത്തരുത് എന്നാണ് "**സൂര്യൻ അസ്തമിക്കുവോളം നിങ്ങളുടെ കോപം വെച്ചുകൊണ്ടിരിക്കരുത്**" എന്നതിലൂടെ പറയുന്നത്. അർത്ഥാൽ, വിശ്വാസികൾക്ക് കോപിക്കുന്നതിന് പരിധിയും സമയവും ദൈവം നിശ്ചയിച്ചിരിക്കുന്നു. അങ്ങനെ ചെയ്തിരിക്കുന്നത് "**പിശാചിന് ഇടം കൊടുക്കരുത്**" എന്ന കാരണത്താലാണ്.

കോപത്തെ ദീർഘസമയം മനസ്സിൽ നിലനിർത്തിയാൽ അതിലൂടെ പിശാച് പ്രവർത്തിക്കുകയും വിശ്വാസി അങ്ങനെ പാപം ചെയ്യുവാൻ ഇടയാവുകയും ചെയ്യും (2 കൊരി. 2:11; 1 പത്രോസ് 5:8).

## 3. സ്നേഹത്തിൽ നടക്കുവാൻ, എല്ലാവരും ആവശ്യങ്ങളിൽ അന്യോന്യം സഹായിച്ചുകൊണ്ട് ജീവിക്കണം (4:28)

അതിനായി നിഷേധാത്മകമായി "**കള്ളൻ ഇനി കക്കാതെ**" ഇരിക്കണം. ഇവിടെ കള്ളൻ അഥവാ കളവ് ചെയ്യുന്നവൻ വ്യാകരണപ്രകാരം (kleptetō – customary present) നിലനിൽക്കുന്ന ഒരു സ്വഭാവത്തെ സൂചിപ്പിക്കുന്നു (റോമർ 13:9; 1 കൊരി. 6:10). മാത്രമല്ല, നിലവിൽ തുടരുന്ന പ്രവർത്തിയെ അടിയന്തരമായി നിറുത്തേണ്ട ഒരു ആവശ്യത്തെയും ഇത് സൂചിപ്പിക്കുന്നു. അതിനായി ക്രിയാത്മകമായി, "**കൈകൊണ്ട് നല്ലത് പ്രവർത്തിച്ച് അദ്ധ്വാനിക്കയത്രേ വേണ്ടത്**" എന്ന് പറയുന്നു. ഇവിടെ "**അദ്ധ്വാനിക്കയത്രേ**" എന്നതിന് വ്യാകരണപ്രകാരം (kopiatō – ingressive progressive present) അദ്ധ്വാനിക്കുവാൻ ആരംഭിക്കുകയും അതിൽ തുടരുകയും വേണം എന്നാണ് അർത്ഥം. എന്നാൽ തുടർന്ന് എങ്ങനെ അദ്ധ്വാനിക്കണം എന്നതിന്റെ വിശദീകരണം ആയിട്ടാണ് "**കൈകൊണ്ട് നല്ലത് പ്രവർത്തിച്ച് അദ്ധ്വാനിക്കയത്രേ വേണ്ടത്**" എന്ന് പറയുന്നത്. കളവ് കൈക്കൊണ്ടുള്ള അദ്ധ്വാനം ആയതിനാൽ ആണ് "**നല്ലത്**" എന്ന വാക്ക് ഇവിടെ അധികമായി ചേർത്തിരിക്കുന്നത്. കാരണം, ദൈവകൽപ്പനയെ ലംഘിക്കുകയും ദൈവീക നിലവാരത്തിന് കോട്ടം വരുത്തുകയും ചെയ്യുന്ന ഒരു പ്രവർത്തിയിലും വിശ്വാസികൾ ഏർപ്പെടരുത് (റോമർ 2:21; 1 കൊരി. 6:10); അതിന് പകരമായി കൈകൊണ്ട് നല്ല പ്രവർത്തികൾ ചെയ്തു ജീവിക്കണം (പുറപ്പാട് 20:9; 1 തെസ്സ. 4:11–12; 2 തെസ്സ. 3:6–12). തുടർന്ന് "**മുട്ടുള്ളവന് ദാനം ചെയ്യുവാൻ ഉണ്ടാകേണ്ടതിന്**" എന്ന് പറയുന്നതിലെ "**മുട്ടുള്ളവന്**" എന്നത് വ്യാകരണപ്രകാരം (chreian echonti – customary present) സാമ്പത്തികമായി അത്യാവശ്യ അവസ്ഥയിൽ ആയിരിക്കുന്നവനെ സൂചിപ്പിക്കുന്നു. അതുപോലെ "**ദാനം ചെയ്യുവാൻ ഉണ്ടാകേണ്ടതിന്**" (hina eche metadidonai – complementary infinitive) എന്നതിന് ഇപ്പോഴും തുടർമാനമായും ഉണ്ടാകേണ്ടതിന് എന്നാണ് അർത്ഥം. കൈകൊണ്ട് നല്ലത് പ്രവർത്തിച്ച് അദ്ധ്വാനിക്കുന്നതിന്റെ

രണ്ടാമത്തെ ആവശ്യത്തെ ഇത് സൂചിപ്പിക്കുന്നു (അപ്പോ. 2:45; 4:35).

### 4. സ്നേഹത്തിൽ നടക്കുവാൻ, എല്ലാവരും അന്യോന്യം കൃപ ലഭിക്കുന്ന നിലയിൽ സംസാരിച്ചുകൊണ്ട് ജീവിക്കണം (4:29 - 30)

അതിനായി, "**കേൾക്കുന്നവർക്ക് കൃപ ലഭിക്കേണ്ടതിന് ആവശ്യം പോലെ ആത്മികവർദ്ധനയ്ക്കായി നല്ല വാക്കല്ലാതെ ആകാത്തത് ഒന്നും നിങ്ങളുടെ വായിൽ നിന്ന് പുറപ്പെടരുത്**" (4:29-30; 5:4; കൊലോ. 3.8). വിശ്വാസികളുടെ സംഭാഷണം സാഹചര്യത്തിന് യോജിച്ചതും കേൾക്കുന്നവർക്ക് ആത്മിക വർദ്ധനയ്ക്ക് ഉതകുന്നതും ആയിരിക്കണം (സദൃശം 24:26). ഇവിടെ, "**പുറപ്പെടരുത്**" എന്നതിലൂടെ വ്യാകരണപ്രകാരം (ekporeuestho – progressive present) നിലനിൽക്കുന്ന, അഥവാ, തുടരുന്ന സംസാരം ഏതു തന്നെയായാലും അവ നിർത്തുവാൻ ആവശ്യപ്പെടുന്നു (മത്തായി 12:33-37; മർക്കോസ് 7:20-23; യാക്കോബ് 3:6-12). തുടർന്ന്, ആകാത്തത് എന്നതിന്റെ വിശദീകരണമാണ് ആവശ്യം പോലെ ആത്മീക വർദ്ധനയ്ക്കായി നല്ല വാക്ക് അല്ലാതെ എന്നതിലൂടെ ഉദ്ദേശിക്കുന്നത്. ഇവിടെ "**ആത്മിക വർദ്ധനയ്ക്കായി**" എന്നതിലൂടെ വിശ്വാസ സമൂഹത്തിന്റെ നന്മയ്ക്ക് ഉപകാരപ്പെടുന്ന നിലയിൽ ആയിരിക്കണം ക്രിസ്തുവിശ്വാസികളുടെ സംസാരം എന്നും, "**ആവശ്യം പോലെ**" എന്നതിലൂടെ ആവശ്യത്തിനനുസരിച്ച് ആത്മികവർധന വരുത്തുന്ന വാക്കുകൾ, അഥവാ, ആത്മിക വർദ്ധനയ്ക്ക് ആവശ്യമായ വാക്കുകൾ ആയിരിക്കണം എന്നും, അത് "**കേൾക്കുന്നവർക്ക് കൃപ ലഭിക്കേണ്ടതിന്**" ആണെന്നും വാചകഘടന സൂചിപ്പിക്കുന്നു (hina - clause). കേൾക്കുന്നവർക്ക് കൃപ ലഭിക്കേണ്ടതിന് ആവശ്യം പോലെ വായിൽ നിന്ന് നല്ല വാക്ക് പുറപ്പെടുന്നത് ക്രിസ്തുവിശ്വാസികൾക്ക് ഒരു സ്വഭാവം ആയിരിക്കണം. നാവുകൊണ്ട് പാപം ചെയ്യാതിരിക്കാൻ ഞാൻ എന്റെ വഴികളെ സൂക്ഷിക്കുമെന്നും ദുഷ്ടൻ തന്റെ മുമ്പിൽ ഇരിക്കുമ്പോൾ തന്റെ വായ് കടിഞ്ഞാണിട്ട് കാക്കുമെന്നും ദാവീദ് പറയുന്നുണ്ട് (സങ്കീ. 39:1) മാത്രമല്ല, പുതിയനിയമത്തിൽ സംഭാഷണമിതത്വത്തെക്കുറിച്ച് വിശദമായി കർത്താവും (മത്തായി 12:34; മർക്കോസ് 7:14-23), കർത്താവിന്റെ സഹോദരനായ യാക്കോബും (യാക്കോബ് 3:2-18) പറയുന്നുണ്ട്. തന്നെയുമല്ല, ഇവിടെ അപ്പോസ്തലൻ പരാമർശിക്കുന്ന നിലയിലുള്ള ആത്മീക വർദ്ധനയ്ക്കായുള്ള സംസാരത്തിന് കർത്താവ് നമുക്ക് മാതൃകയുമാണ് (യെശയ്യ. 50:4; ലൂക്കോസ് 4:22; കൊലോ. 4:6). അതുകൊണ്ട് ദൈ

വത്തിന്റെ കൃപ ലഭിച്ചവർ സംസാരത്തിലൂടെയും പ്രവർത്തിയിലൂടെ യും കൃപ വെളിപ്പെടുത്തണം. തുടർന്ന് ആകാത്തത് ഒന്നും നിങ്ങളുടെ വായിൽ നിന്ന് പുറപ്പെടരുത് എന്നതിന്റെ കാരണമായിട്ടാണ് ''**ദൈവ ത്തിന്റെ പരിശുദ്ധാത്മാവിനെ ദുഖിപ്പിക്കരുത്**'' എന്ന് പറയുന്നത് (യെശ യ്യ. 63:10). ഇവിടെ ''**ദുഖിപ്പിക്കരുത്**'' എന്നത് വ്യാകരണപ്രകാരം (mē ly peite – customary present) നിലനിൽക്കുവാൻ പാടില്ലാത്ത ഒരു സ്വഭാവ ത്തെ സൂചിപ്പിക്കുന്നു. അതിനോട് ബന്ധപ്പെട്ട് തന്നെ ''**അവനാലല്ലോ നിങ്ങൾക്ക് വീണ്ടെടുപ്പിൻ നാളിനായി മുദ്രയിട്ടിരിക്കുന്നത്**'' എന്നതിലൂ ടെ ഏത് കാരണത്താൽ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുതെന്ന് പറ യുന്നു. ഇവിടെ ''**മുദ്രയിട്ടിരിക്കുന്നത്**'' എന്നത് വ്യാകരണപ്രകാരം (esp hragisthēte – ingressive aorist) മുദ്രയിടപ്പെട്ട സമയത്തിന്റെ ആരംഭത്തെ മാത്രം സൂചിപ്പിക്കുന്നു. അർത്ഥാൽ, വിശ്വാസികളെ ആത്മാവിനാൽ മു ദ്രയിട്ട് ദൈവത്തിന്റെ നിവാസം ആകേണ്ടതിന് ഒന്നിച്ച് പണിതുവരുന്ന പ്രവർത്തിയെ തകർക്കുന്ന പ്രവർത്തിയാണ് ആകാത്ത സംസാരം (2:21 –22). കാരണം പരിശുദ്ധാത്മാവാണ് ക്രിസ്തുവിന്റെ ശരീരമായ സഭയു ടെ ഐക്യം സ്ഥാപിച്ചത് (4:3–4). അതുകൊണ്ട് സഭയുടെ ഐക്യം ന ഷ്ടപ്പെടുത്തുന്ന സംഭാഷണത്തിൽ ആത്മാവ് ദുഃഖിക്കുന്നു (യെശയ്യ. 63: 10; അപ്പൊ. 7:51; 1 തെസ്സ. 5:19).

### 5. സ്നേഹത്തിൽ നടക്കുവാൻ എല്ലാവരും സകല ദുർഗുണങ്ങളെയും ഒഴിവാക്കി ക്ഷമിക്കുന്നതിൽ ദൈവത്തെ മാതൃകയാക്കി ജീവിക്കണം (4:31 - 5:1).

സ്നേഹത്തിൽ നടക്കുവാൻ ''**എല്ലാ കൈപ്പും കോപവും ക്രോധ വും കൂറ്റാരവും ദൂഷണവും സകല ദുർഗുണവുമായി നിങ്ങളെ വിട്ട് ഒ ഴിഞ്ഞു പോകട്ടെ**'' എന്നാണ് നിഷേധാത്മകമായി അപ്പോസ്തലൻ പ റയുന്നത്. ഇവിടെ ''**ഒഴിഞ്ഞു പോകട്ടെ**'' എന്നത് വ്യാകരണപ്രകാരം (arthētō – aorist imperative) വിശ്വാസിക്ക് ഒരിക്കൽ എന്നേക്കുമുള്ള കൽ പ്പനയാണ്. ഒഴിഞ്ഞു പോകേണ്ടത് ''**എല്ലാ കൈപ്പും കോപവും ക്രോധ വും കൂറ്റാരവും ദൂഷണവും**'' തുടങ്ങിയുള്ള സകല ദുർഗുണങ്ങളാണ് (ഗലാത്യർ 5:19–21, 22–23; കൊലോ. 3:8–13; തീത്തോസ് 1:7–8). ഇവിടെ പരാമർശിക്കപ്പെടുന്ന വകഭേദങ്ങൾ എല്ലാം (4:25,29,31) ചതി മോഹങ്ങ

ളാൽ വഷളായി പോകുന്ന ആദാമ്യപ്രകൃതമുള്ള പഴയ മനുഷ്യന്റെ രീതിയാണ് (4:22); മാത്രമല്ല, അത് ശരീരത്തിന്റെ, അഥവാ സഭയുടെ ഐക്യം നഷ്ടപ്പെടുത്തുന്നതുമാണ്; അതുകൊണ്ട് അവയെ പൂർണ്ണമായി ഒഴിവാക്കുവാൻ അപ്പോസ്തലൻ ആവശ്യപ്പെടുന്നു. മാത്രമല്ല, സ്നേഹത്തിൽ നടക്കുവാൻ എല്ലാവരും "**തമ്മിൽ ദയയും മനസ്സലിവുമുള്ളവരായി**" ഇരിക്കണമെന്നും അപ്പോസ്തലൻ ക്രിയാത്മകമായി പറയുന്നു. വ്യാകരണപ്രകാരം (ginesthe – customary present) വിശ്വാസികൾ സ്വഭാവികമായി ആയിതീരേണ്ടതും അതിൽ നിലനിൽക്കേണ്ടതുമായ ഒരു അവസ്ഥയെ ഇത് സൂചിപ്പിക്കുന്നു. തുടർന്ന് എങ്ങനെ ദയയും മനസ്സലിവും ഉള്ളവർ ആകേണം എന്നതാണ് "**ദൈവം ക്രിസ്തുവിൽ നിങ്ങളോട് ക്ഷമിച്ചത് പോലെ അന്യോന്യം ക്ഷമിപ്പിൻ**" എന്നതിലൂടെ വെളിപ്പെടുത്തുന്നത്. വ്യാകരണപ്രകാരം (charizomenoi – present middle participle) അന്യോന്യം ക്ഷമിച്ചു തമ്മിൽ ദയയും മനസ്സലിവുമുള്ളവർ ആയിരിക്കുവാനാണ് അപ്പോസ്തലൻ ആവശ്യപ്പെടുന്നത്. എന്നാൽ ക്ഷമിക്കുവാനുള്ള മാതൃക ദൈവം ക്രിസ്തുവിൽ നിങ്ങളോട് "**ക്ഷമിച്ചതുപോലെ**" എന്നതാണ് (കൊലോ. 2:13,14). ഇവിടെ വ്യാകരണപ്രകാരം (echarisato – constative aorist) സംഭവിച്ചു കഴിഞ്ഞ ഒരു പ്രവർത്തിയെ വിശദീകരണം കൂടാതെ മൊത്തത്തിൽ സൂചിപ്പിക്കുന്നു. ദൈവം "**ക്രിസ്തുവിൽ**" നിങ്ങളോട് ക്ഷമിച്ചത് പോലെ എന്നതിൽ ക്ഷമിക്കുന്ന കാര്യത്തിൽ വിശ്വാസികൾ "**ദൈവത്തെ അനുകരിപ്പിൻ**" എന്നും തുടർന്ന് അപ്പോസ്തലൻ പ്രബോധിപ്പിക്കുന്നു (5:1); അനുഗമിക്കുക പിൻപറ്റുക പറ്റിനിൽക്കുക മുതലായ അർത്ഥമാണ് "**അനുകരിപ്പിൻ**" എന്ന വാക്കിനുള്ളത്. ദൈവത്തെ അനുകരിക്കുവാൻ പഴയനിയമവും പഠിപ്പിക്കുന്നുണ്ട്. ഈ അർത്ഥത്തിലാണ് യോശുവയും കാലേബും യഹോവയോട് പറ്റിനിന്നു എന്ന് വചനം പറയുന്നത് (സംഖ്യ. 14:24; 32:11,12; യോശുവ 14:8,9,14).

സ്വഭാവത്തിൽ ദൈവം ദയയും മനസ്സലിവും ഉള്ളവനാണ് (മത്തായി 9:36; 14:14; 18:27; ലൂക്കോസ് 15:20; റോമർ 2:4; 1 പത്രോസ് 2:3). ഈ ദൈവം ക്രിസ്തുവിൽ നമ്മോട് ക്ഷമിച്ചതുപോലെ ദൈവമക്കളായ നാം അന്യോന്യം ക്ഷമിക്കണം; ഇക്കാര്യത്തിൽ ദൈവമക്കൾ ദൈവത്തെ തന്നെ അനുകരിക്കണം (4:32; മത്തായി 18:21-35; കൊലോ. 2:13-14). ഇവിടെ വ്യാകരണപ്രകാരം (ginesthe oun mimētai) വിശ്വാസികൾ ദൈവ

ത്തെ അനുകരിക്കുന്നത് ഒരു സ്വഭാവമാക്കണം എന്നാണ് അർത്ഥം. അർത്ഥാൽ, അന്യോന്യം ക്ഷമിക്കുന്നത് ഒരിക്കൽ മാത്രം സംഭവിക്കേണ്ടതല്ല, ഒരു വിഷയത്തോടുള്ള ബന്ധത്തിൽ മാത്രം സംഭവിക്കേണ്ടതുമല്ല, മറിച്ച്, അതൊരു ജീവിതശൈലി ആയിരിക്കണം. അതാണ് സ്നേഹത്തിലുള്ള നടപ്പ്. ഇതോടൊപ്പം തന്നെ എങ്ങനെ ദൈവത്തിന് അനുകാരികൾ ആകണമെന്നതാണ് "**പ്രിയമക്കൾ എന്നപോലെ**" എന്നതിലൂടെ സൂചിപ്പിക്കുന്നത്. എന്നാൽ ഈ താരതമ്യത്തിലൂടെ ദൈവത്തിന് രണ്ടു തരം മക്കൾ ഉണ്ടെന്ന് ഈ വാക്യാംശം സൂചിപ്പിക്കുന്നില്ല എന്നതും പ്രത്യേകം ശ്രദ്ധേയമാണ്.

എങ്കിലും "**പ്രിയമക്കൾ**" എന്നപോലെ അന്യോന്യം ക്ഷമിക്കുന്നതിൽ ദൈവത്തെ അനുകരിക്കുവാൻ വിശ്വാസികൾക്ക് സാധ്യമാകുന്നത് വീണ്ടും ജനനത്തിലൂടെയും ആത്മാവിന്റെ നിർമ്മലീകരണത്തിലൂടെയും (1 പത്രോസ് 1:22-23) ദൈവം നമ്മെ അതിന് പ്രാപ്തരാക്കുകയും ദൈവസ്നേഹം നമ്മിൽ പകരുകയും ചെയ്തിരിക്കുന്നത് കൊണ്ടാണ് (റോമർ 5:5). മാത്രമല്ല, മക്കൾ പിതാവിനെ സ്വഭാവത്തിലും പ്രവർത്തിയിലും അനുകരിക്കുന്നത് തികച്ചും സ്വാഭാവികമാണ്. എന്നാൽ അളവ് കൂടാതെ ക്ഷമിക്കുന്നത്, ദൈവസ്നേഹം നമ്മിൽ വ്യാപരിക്കുന്നതിന്റെ ഏറ്റവും വലിയ അടയാളമാണ് (യാക്കോബ് 5:20; 1 പത്രോസ് 4:8).

## 6. സ്നേഹത്തിൽ നടക്കുവാൻ എല്ലാവരും ക്രിസ്തുവിന്റെ സ്നേഹത്തെ മാതൃകയാക്കി ജീവിക്കണം (5:2)

അതുകൊണ്ടാണ് "**ക്രിസ്തുവും നിങ്ങളെ സ്നേഹിച്ചു നമുക്ക് വേണ്ടി തന്നെത്താൻ ദൈവത്തിന് സൗരഭ്യവാസനയായ വഴിപാടും യാഗവുമായി അർപ്പിച്ചത് പോലെ സ്നേഹത്തിൽ നടപ്പിൻ**" (5:2) എന്ന് പറയുന്നത്.

ദൈവത്തോടുള്ള സ്നേഹത്തിനും മനുഷ്യനോടുള്ള സ്നേഹത്തിനും മാതൃകയാക്കാവുന്ന വിശുദ്ധന്മാർ നമ്മുടെ ഇടയിൽ ഉണ്ടെങ്കിലും ഇക്കാര്യത്തിൽ ഏറ്റവും തികഞ്ഞ മാതൃകയായ ക്രിസ്തുവിനെയാണ് നാം അനുകരിക്കേണ്ടതെന്ന് അപ്പോസ്തലന്മാർ പറയുന്നു (റോമർ 15:1-7; ഫിലിപ്പി 2:1-5; 1 യോഹ. 2:6; 3:16). കാരണം, പാപപരിഹാരത്തിനായി ദൈവത്തിന് പ്രസാദകരമായ പ്രായശ്ചിതമാകുവാൻ സ്വയം യാഗമായി തീർന്നു നമ്മെ സ്നേഹിച്ച മാതൃക ക്രിസ്തുവിൽ മാത്രമാണുള്ളത്.

ഇവിടെ "**സ്നേഹത്തിൽ നടപ്പിൻ**" എന്നതിലൂടെ വ്യാകരണപ്രകാരം (peripateite – customary present) വിശ്വാസികൾ സ്വഭാവമാക്കേണ്ട ഒരു ജീവിതരീതിയെയും മാതൃകയാക്കേണ്ട ഒരു മേഖലയെയും സൂചിപ്പിക്കുന്നു. തുടർന്ന് എങ്ങനെ ക്രിസ്തീയസ്നേഹത്തെ മാതൃകയാക്കണം എന്നാണ് "**ക്രിസ്തുവും നിങ്ങളെ സ്നേഹിച്ച്**" (ēgapēsen – constative aorist) "**തന്നെത്താൻ**" വഴിപാടും യാഗവുമായി "**അർപ്പിച്ചതുപോലെ**" (paradōken – constative aorist) എന്നതിലൂടെ വെളിപ്പെടുന്നത്. ഇവിടെ ക്രിസ്തു തന്റെ സ്നേഹം വിശ്വാസികൾക്കുവേണ്ടി എങ്ങനെ വെളിപ്പെടുത്തി എന്നതിനെ വിശദീകരിക്കുന്നു. അർത്ഥാൽ, ക്രിസ്തു നമ്മെ മരണത്തോളം സ്നേഹിച്ചത് പോലെ നാമും മറ്റുള്ളവരെ സ്നേഹിക്കണം; അവന്റെ സ്നേഹം ഉപാധികൾ ഇല്ലാത്തതും പ്രവർത്തിയിലൂടെ പ്രത്യക്ഷമായതുമാണ്. ഇതോടൊപ്പം തന്നെ ക്രിസ്തുവിന്റെ യാഗത്തിന്റെ പ്രത്യേകതയായി അത് തന്നെത്താൻ "**ദൈവത്തിന് സൗരഭ്യവാസനയായ വഴിപാടും യാഗവുമായി**" അർപ്പിച്ചതാകുന്നു എന്നും അപ്പോസ്തലൻ പറയുന്നു. ആരാധകന്റെ ആത്മാർത്ഥതയോടും പൂർണ്ണഹൃദയത്തോടും കൂടെയുള്ള യാഗാർപ്പണം ദൈവത്തിനു സ്വീകാര്യമാണെന്നുള്ള പഴയ നിയമ ശൈലിയാണിത് (ഉല്പത്തി 8:21; സങ്കീ. 40:6–8; എബ്രായർ 10:5–7). അർത്ഥാൽ, ക്രിസ്തു തന്റെ സ്നേഹം സ്വമേധയായി വെളിപ്പെടുത്തിയെന്ന് മാത്രമല്ല, ദൈവത്തിന് പ്രസാദകരമായ നിലയിൽ തന്നെ സ്നേഹം വെളിപ്പെടുത്തിയെന്നാണ് അപ്പോസ്തലൻ പറയുന്നത്. അതുകൊണ്ട് സ്നേഹത്തിന് ആവശ്യമായ ത്യാഗജീവിതത്തിലൂടെ, നമ്മെ സ്നേഹിച്ച ക്രിസ്തുവിനെ മാതൃകയാക്കി "**സ്നേഹത്തിൽ നടപ്പിൻ**" എന്ന് അപ്പോസ്തലൻ പറയുന്നു. വിശ്വാസികൾ ദൈവഭവനത്തിലേക്ക് ദത്തെടുക്കപ്പെട്ട് ദൈവത്തിന്റെ പ്രിയ മക്കളായവരും, ദൈവത്തിന്റെ സ്നേഹം ധാരാളം അനുഭവിച്ചവരും അനുഭവിക്കുന്നവരും ആകകൊണ്ടും, ക്രിസ്തുയേശു യഥാർത്ഥ സ്നേഹത്തിന് മാതൃക ആകകൊണ്ടും നാം ദൈവത്തോടുള്ള സ്നേഹത്തിലും അന്യോന്യം ഉള്ള സ്നേഹത്തിലും ക്രിസ്തുവിനെ മാതൃകയാക്കി നടക്കണം. കാരണം, ലോകത്തിന്റെ സ്വാർത്ഥ സ്നേഹവും അശുദ്ധിക്കായി അതിന്റെ പിന്നിലുള്ള അത്യാഗ്രഹവും ക്രിസ്തുവിന്റെ ത്യാഗത്തിനും അതിന്റെ പിന്നിലുള്ള നിസ്വാർത്ഥ സ്നേഹത്തിനും വിപരീതമായിരിക്കുന്നു.

## C. എല്ലാവരും വെളിച്ചമായി നടക്കണം (5:3 – 14).

**"ദുർന്നടപ്പും യാതൊരു അശുദ്ധിയും അത്യാഗ്രഹവും നിങ്ങളുടെ ഇടയിൽ പേർ പറകപോലും അരുതു; അങ്ങനെ ആകുന്നു വിശുദ്ധന്മാർക്കു ഉചിതം. ചീത്തത്തരം, പൊട്ടച്ചൊൽ, കളിവാക്കു ഇങ്ങനെ ചേർച്ചയല്ലാത്തവ ഒന്നും അരുതു; സ്തോത്രമത്രേ വേണ്ടതു. ദുർന്നടപ്പുകാരൻ, അശുദ്ധൻ, വിഗ്രഹാരാധിയായ ദ്രവ്യാഗ്രഹി ഇവർക്കു ആർക്കും ക്രിസ്തുവിന്റെയും ദൈവത്തിന്റെയും രാജ്യത്തിൽ അവകാശമില്ല എന്നു നിങ്ങൾ അറിയുന്നുവല്ലോ. വ്യർത്ഥവാക്കുകളാൽ ആരും നിങ്ങളെ ചതിക്കരുതു; ഈ വക നിമിത്തമല്ലോ ദൈവകോപം അനുസരണംകെട്ടവരുടെ മേൽ വരുന്നു. നിങ്ങൾ അവരുടെ കൂട്ടാളികൾ ആകരുതു. മുമ്പെ നിങ്ങൾ ഇരുളായിരുന്നു; ഇപ്പോഴോ കർത്താവിൽ വെളിച്ചം ആകുന്നു. കർത്താവിന്നു പ്രസാദമായതു എന്തെന്നു പരിശോധിച്ചുകൊണ്ടു വെളിച്ചത്തിലുള്ളവരായി നടന്നുകൊൾവിൻ. സകലസല്ഗുണവും നീതിയും സത്യവുമല്ലോ വെളിച്ചത്തിന്റെ ഫലം. ഇരുട്ടിന്റെ നിഷ്ഫലപ്രവൃത്തികളിൽ കൂട്ടാളികൾ ആകരുതു; അവയെ ശാസിക്ക അത്രേ വേണ്ടതു. അവർ ഗൂഢമായി ചെയ്യുന്നതു പറവാൻ പോലും ലജ്ജയാകുന്നു. അവയെ ശാസിക്കുമ്പോഴോ സകലത്തെയുംകുറിച്ചു വെളിച്ചത്താൽ ബോധം വരും; ബോധം വരുന്നതെല്ലാം വെളിച്ചംപോലെ തെളിവല്ലോ. അതുകൊണ്ടു: "ഉറങ്ങുന്നവനേ, ഉണർന്നു മരിച്ചവരുടെ ഇടയിൽനിന്നു എഴുന്നേൽക്ക; എന്നാൽ ക്രിസ്തു നിന്റെമേൽ പ്രകാശിക്കും" എന്നു ചൊല്ലുന്നു."**

### 1. വെളിച്ചമായി നടക്കുവാൻ വിശ്വാസികൾ ചെയ്യുവാൻ പാടില്ലാത്ത കാര്യങ്ങൾ (5:3 - 7)

### a. വിശ്വാസികൾ കർത്താവിൽ വെളിച്ചം ആയതിനാൽ അനുസരണക്കേടിന്റെ മക്കളുടെ ജീവിതരീതിക്ക് കൂട്ടാളികൾ ആകരുത് (v.3).

**"ദുർന്നടപ്പും യാതൊരു അശുദ്ധിയും അത്യാഗ്രഹവും നിങ്ങളുടെ ഇടയിൽ പേർ പറകപോലും അരുത്".**

അനുസരണക്കേടിന്റെ മക്കളുടെ സാധാരണ ജീവിത രീതി ഇവിടെ ഒന്നാമതായി "**ദുർന്നടപ്പ്**" ആകുന്നു. ദുർന്നടപ്പ് (porneia) എന്നതിൽ അവിഹിത ബന്ധങ്ങൾ ആയ വ്യഭിചാരം പരസംഗം വേശ്യാവൃത്തി മു

തലായ വിവാഹബന്ധത്തിന് പുറത്തുള്ള ഏതൊരു അസ്സന്മാർഗിക ജീവിതരീതിയും ഉൾപ്പെടുന്നു (കൊരി. 6:13-18; 1 തെസ്സ. 4:3-5). വിജാതീയമായ ഇത്തരം ജീവിതരീതിയെ അക്കാലത്തെ യഹൂദ - യവന സമൂഹം പോലും പൊതുവിൽ അംഗീകരിച്ചിരുന്നില്ല (അപ്പൊ. 15:20; 1 കൊരി. 5: 1).

അനുസരണക്കേടിന്റെ മക്കളുടെ സാധാരണ ജീവിതരീതി ഇവിടെ രണ്ടാമതായി, "**യാതൊരുവിധ അശുദ്ധിയും**" (akatharsia) ആകുന്നു. ശരീരത്തെയും മനസ്സിനെയും ആത്മാവിനെയും മലിനമാക്കുന്ന കായികമോ കലാപരമോ ആനന്ദകരമോ ആയ ഏതൊരു അശുദ്ധിയും ഇതിൽ ഉൾപ്പെടുന്നു (2 കൊരി. 12:21; ഗലാത്യർ 5:19; കൊലോ. 3:5).

അനുസരണക്കേടിന്റെ മക്കളുടെ സാധാരണ ജീവിതരീതി ഇവിടെ മൂന്നാമതായി, "**അത്യാഗ്രഹം**" (plenexia) ആകുന്നു. ഇത് ധാർമികമായും സദാചാര സംബന്ധമായും ദൈവീക നിലവാരം ഇല്ലാത്തതും, ജഡത്തെയും ആത്മാവിനെയും മലിനമാക്കുന്ന അത്യാഗ്രഹത്തിലും അതിനുള്ള ചിന്തയിലും ജീവിക്കുന്നതാകുന്നു (4:18-19). ഇങ്ങനെയുള്ള യാതൊരു കാര്യവും "**നിങ്ങളുടെ ഇടയിൽ പേർ പറക പോലും അരുത്; അങ്ങനെ ആകുന്നു വിശുദ്ധന്മാർക്ക് ഉചിതം**" എന്ന് തുടർന്ന് പറയുന്നതിനുള്ള കാരണം, ഇതെല്ലാം ജഡത്തിന്റെ പ്രവർത്തികൾ ആകുന്നതിനാലും (ഗലാത്യർ 5:19), വിശ്വാസികളുടെ ശരീരം ദൈവത്തിന്റെ മന്ദിരം ആകുന്നതിനാലും (1 കൊരി. 3:16-17; 6:18-19), വിശ്വാസികൾ വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിന് ലോകത്തിൽ നിന്നും ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടതിനാലും ആകുന്നു.

**b. വിശ്വാസികൾ കർത്താവിൽ വെളിച്ചം ആയതിനാൽ അനുസരണക്കേടിന്റെ മക്കളുടെ സംസാരരീതിക്ക് കൂട്ടാളികൾ ആകരുത്** (v.4).

"**ചീത്തത്തരം, പൊട്ടച്ചൊൽ, കളിവാക്ക് ഇങ്ങനെ ചേർച്ചയില്ലാത്തവ ഒന്നും അരുത്; സ്തോത്രമത്രേ വേണ്ടത്**".

അനുസരണക്കേടിന്റെ മക്കളുടെ സാധാരണ സംസാരരീതി ഇവിടെ ഒന്നാമതായി, "**ചീത്തത്തരം**" (aischrotēs) ആകുന്നു. അസഭ്യം അശ്ലീലം മുതലായ വിശ്വാസികൾക്ക് അനുയോജ്യമല്ലാത്ത സംസാരരീതിയാണ് ഇതിൽ ഉൾപ്പെടുന്നത്.

അനുസരണക്കേടിന്റെ മക്കളുടെ സാധാരണ സംസാരരീതി ഇവിടെ രണ്ടാമതായി, "**പൊട്ടച്ചൊൽ**" (mōrologia) ആകുന്നു. മറ്റുള്ളവരെ രസിപ്പിക്കുവാനും ചിരിപ്പിക്കുവാനും വേണ്ടിയുള്ള വിവേകരഹിതമായതും വിഡ്ഢിത്തം നിറഞ്ഞതുമായ സംസാര രീതിയാണിത്.

അനുസരണക്കേടിന്റെ മക്കളുടെ സാധാരണ സംസാരരീതി ഇവിടെ മൂന്നാമതായി, "**കളിവാക്ക്**" (eutrapelia) ആകുന്നു. പ്രാകൃതമായതും തരംതാണതുമായ സംസാര രീതിയാണിത് (ഉല്പത്തി 19:14). ആധുനികലോകത്ത് ഇതെല്ലാം വിവിധ പേരുകളിൽ അറിയപ്പെടുന്ന കലകൾ ആകുന്നു. അതിൽ ആനന്ദം കണ്ടെത്തുകയും അതുകൊണ്ട് ഉപജീവിക്കുകയും ചെയ്യുന്ന അനേകർ ഉണ്ടെങ്കിലും അതൊന്നും ദൈവമക്കൾക്ക് അനുയോജ്യമല്ല. ഇങ്ങനെ വിശുദ്ധന്മാർക്ക് അനുയോജ്യമല്ലാത്തത് അഥവാ "**ചേർച്ചയില്ലാത്തവ ഒന്നും അരുത്**" എന്നാണ് അപ്പോസ്തലൻ പറയുന്നത്. ലോക മനുഷ്യരുടെ ഇടയിൽ സാധാരണമായ ഇങ്ങനെയുള്ള സംസാരരീതി വിശുദ്ധന്മാരുടെ ഇടയിൽ സാധാരണമാകരുതെന്ന് വ്യാകരണം (ouk anken – customary present) സൂചിപ്പിക്കുന്നു. കാരണം, മേൽപ്പറഞ്ഞതെല്ലാം അശുദ്ധ മനസ്സിന്റെ പ്രത്യക്ഷ പ്രകടനങ്ങളാണ്. അവയെല്ലാം പ്രാകൃത മനുഷ്യന്റെ ഹൃദയത്തിൽ നിന്നും പുറപ്പെട്ടു വരുന്നതും ഹൃദയത്തെ വെളിപ്പെടുത്തുന്നതും ആകുന്നു (മത്തായി 15:18; യാക്കോബ് 3:1–12); ദൈവജനത്തിൽ നിന്നും ഇതൊന്നുമല്ല ദൈവം പ്രതീക്ഷിക്കുന്നത്. മറിച്ച്, "**സ്തോത്രമത്രേ വേണ്ടത്**" എന്ന് അപ്പോസ്തലൻ വ്യക്തമായി പറയുന്നു. വ്യാകരണപ്രകാരം (eucharistia – customary present) ഇവിടെ മുൻ സംസാരരീതിയിൽ നിന്നും വ്യത്യസ്തമായി വിശ്വാസികൾ എല്ലാറ്റിനു വേണ്ടിയും എപ്പോഴും ദൈവത്തിന് സ്തോത്രം ചെയ്യുന്ന സ്വഭാവമുള്ളവരാകണം എന്നതിനെ സൂചിപ്പിക്കുന്നു. സ്വർഗ്ഗത്തിലെ സകല ആത്മീക അനുഗ്രഹങ്ങളും അനുഭവിക്കുന്ന ജനതയിൽ നിന്നും അനുചിതമായ വാക്കുകൾ അല്ല, മറിച്ച്, ദൈവത്തിനു മഹത്വം വരുന്ന കൃതജ്ഞതയുടെ വാക്കുകളാണ് ഉയരേണ്ടത്. പൗരോഹിത്യത്തിന്റെ പുതിയ ക്രമത്തിൽ വിശ്വാസികൾ അധരഫലം എന്ന സ്തോത്രയാഗം അർപ്പിക്കുവാനായി നാവിനെ സമർപ്പിക്കണം (5:20; എബ്രായർ 13:15; 1 പത്രോസ് 2:9). കാരണം "കേൾക്കുന്നവർക്ക് കൃപ ലഭിക്കേണ്ടതിന് ആത്മീക വർദ്ധനയ്ക്കായി നല്ല വാക്കല്ലാതെ ആകാത്തത് ഒന്നും നിങ്ങളുടെ വായിൽ നിന്നും പുറപ്പെടരുത്" (4:29) എന്ന് അപ്പോ

സ്തലൻ മുമ്പ് തന്നെ വ്യക്തമാക്കിയിട്ടുണ്ട്.

മുൻപറഞ്ഞ ജീവിത രീതിയിലൂടെയും സംസാരരീതിയിലൂടെയും വിശ്വാസികൾ അനുസരണക്കേടിന്റെ മക്കളുടെ കൂട്ടാളികൾ ആകരുതെന്ന് പറയുന്നതിന്റെ കാരണം ‘‘**ദുർന്നടപ്പുകാരൻ, അശുദ്ധൻ, വിഗ്രഹാരാധിയായ ദ്രവ്യാഗ്രഹി ഇവർക്ക് ആർക്കും ക്രിസ്തുവിന്റെയും ദൈവത്തിന്റെയും രാജ്യത്തിൽ അവകാശമില്ല**’’ എന്ന കാര്യം അനുവാചകരെ ഓർമിപ്പിക്കുവാനാണ് (v.5).

മുമ്പ് (5:3) ദൈവിക വ്യവസ്ഥയ്ക്ക് വിരുദ്ധമായ പ്രവർത്തികളെ അപലപിച്ചുകൊണ്ട് അങ്ങനെ പ്രവർത്തിക്കുന്നവർ വിശുദ്ധന്മാരുടെ പേരിന് അനുയോജ്യരല്ല എന്ന് അപ്പോസ്തലൻ പറയുമ്പോൾ, ഇവിടെ പ്രസ്തുത പ്രവർത്തികൾ ചെയ്യുന്നവരെ അപലപിച്ചുകൊണ്ട് അങ്ങനെയുള്ളവർ ദൈവരാജ്യത്തിന് അനുയോജ്യരല്ല എന്ന് അപ്പോസ്തലൻ പറയുന്നു. ഇവിടെ പുതിയതായി ‘‘**വിഗ്രഹാരാധിയായ ദ്രവ്യാഗ്രഹി**’’ എന്ന വിശദീകരണത്തിലൂടെ (എബ്രായർ 13:5) ദൈവത്തേക്കാൾ കൂടുതൽ ധനത്തെ സ്നേഹിക്കുന്നവനെയും അതിൽ ആശ്രയിക്കുന്നവനെയും അതിനായി ജീവിക്കുന്നവനെയും സൂചിപ്പിക്കുന്നു (ഇയ്യോബ് 22:23–26; 31: 24–25; മത്തായി 6:24; ലൂക്കോസ് 16:13). ഇങ്ങനെയുള്ളവർ ആത്മാവിനുള്ളത് ചിന്തിക്കാതെ ജഡത്തിനുള്ളത് ചിന്തിച്ചുകൊണ്ട് ജീവിക്കുന്നു (റോമർ 8:5–8); ഈ നിലയിൽ അവർ വിഗ്രഹാരാധികൾ ആയിരിക്കുന്നു. ഇങ്ങനെയുള്ള അതിരാഗങ്ങളാണ് മനുഷ്യനെ മറ്റു പല പാപ പ്രവർത്തികളിലേക്കും നയിക്കുന്നത് (1 രാജ. 21:1–19; 1 തിമൊ. 6:10).

‘‘**ഇവർക്ക് ആർക്കും ക്രിസ്തുവിന്റെയും ദൈവത്തിന്റെയും രാജ്യത്തിൽ അവകാശമില്ല**’’ എന്നതിലൂടെ ഇപ്പോഴുമില്ല, ഭാവിയിലും ഇല്ല എന്നാണ് വ്യാകരണം (ouk echei – customary present) സൂചിപ്പിക്കുന്നത്. കാരണം, ഈ രാജ്യം ഇപ്പോഴും ഭാവിയിലും നിലനിൽക്കുന്നതാണ്. തുടർന്ന് ‘‘**എന്ന് നിങ്ങൾ അറിയുന്നുവല്ലോ**’’ എന്നത് അനുവാചകർക്ക് അറിവുള്ള ഒരു കാര്യം അവരെ ഓർമ്മിപ്പിക്കുന്ന പൗലോസിന്റെ ഒരു ശൈലിയാണിത് (1 കൊരി. 6:9–10; ഗലാത്യർ 5:19–21).

ഈ രാജ്യത്തിൽ ക്രിസ്തു പിതാവിന്റെ വലതുഭാഗത്ത് ഇരിക്കുന്നു (1:20–22; യോഹ. 18:37; റോമർ 8:34; 1 കൊരിന്ത്യർ 15:24–27; കൊലോ. 3:1; എബ്രായർ 1:3). യഥാർത്ഥ വിശ്വാസികൾ എല്ലാം അതിൽ

പൗരന്മാരാണ് (2:6,19; ഫിലിപ്പി. 3:20; കൊലോ. 1:13 c.f. മത്തായി 5:3; ലൂക്കോസ് 12:32). ക്രിസ്തുവിന് ഇപ്പോൾ ഒരു രാജ്യം ഉണ്ട് (യോഹ. 18:36–37), താനിപ്പോൾ രാജാവുമാണ്; എങ്കിലും അത് ഇപ്പോൾ ഐഹികമല്ല. തന്റെ രണ്ടാമത്തെ പ്രത്യക്ഷതയിലാണ് ദൈവികരാജ്യം ഐഹികമായി സ്ഥാപിക്കുന്നത് (1 കൊരി. 15:20–24; 2 തിമൊ. 4:1; വെളി. 20:4). എന്നാൽ യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന ഏവർക്കും ഇപ്പോൾ തന്നെ തന്റെ ആത്മിക - മാർമ്മിക രാജ്യത്തിലേക്ക് പ്രവേശനം ഉണ്ട്; എങ്കിലും യഥാർത്ഥ വിശ്വാസികൾക്ക്  മാത്രമാണ് അതിൽ പ്രവേശനവും അവകാശവും ഉള്ളത് (മത്തായി 7:21; മർക്കോസ് 10:15; 1 കൊരി. 6:9–10).

ദൈവരാജ്യത്തിൽ കടക്കുക, അഥവാ ദൈവരാജ്യം അവകാശമാക്കുക എന്നതും, ജീവനിൽ കടക്കുക അഥവാ നിത്യജീവൻ അവകാശമാക്കുക എന്നതും, പുതുതായി ജനിക്കുക അഥവാ ദൈവത്തിൽ നിന്നും ജനിക്കുക എന്നതും, രക്ഷിക്കപ്പെടുക എന്നതും ഫലത്തിൽ ഒന്നാണ് (ലൂക്കോസ് 18:18,24,26,30; യോഹ. 3:3,5; യാക്കോബ് 1:18; 1 പത്രോസ് 1:23).

ക്രിസ്തുവിന്റെയും ദൈവത്തിന്റെയും ആത്മിക - മാർമ്മിക രാജ്യം ഇപ്പോൾ തന്നെ യാഥാർത്ഥ്യമായതുകൊണ്ട് യഥാർത്ഥ വിശ്വാസികൾ എല്ലാം ഇപ്പോൾ തന്നെ പ്രസ്തുത രാജ്യത്തിൽ പ്രവേശിച്ചിരിക്കുന്നു; അഥവാ, രാജ്യം അവകാശമാക്കിയിരിക്കുന്നു (കൊലോ. 1:13; 4:1). എന്നാൽ യഥാർത്ഥ വിശ്വാസികൾ അല്ലാത്ത ആർക്കും - ദുർന്നടപ്പുകാർ അശുദ്ധർ അത്യാഗ്രഹികൾ - ദൈവരാജ്യത്തിൽ പ്രവേശനവും ഇല്ല അവകാശവുമില്ല (5:9; 1 കൊരിന്ത്യർ 6:9–10; ഗലാത്യർ 5:19–21; വെളിപ്പാട് 21:8; 22:14–16).

മുൻപറഞ്ഞ തിന്മ ചെയ്യുന്ന ആർക്കും ദൈവരാജ്യത്തിൽ അവകാശമില്ലെന്ന് അപ്പോസ്തലൻ അനുവാചകരെ ഇപ്പോൾ ഓർമിപ്പിക്കുവാൻ കാരണം "**വ്യർത്ഥവാക്കുകളാൾ ആരും നിങ്ങളെ ചതിക്കരുത്**" എന്ന നല്ല ഉദ്ദേശത്തിലാണ്. ഇവിടെ "**ചതിക്കരുത്**" എന്നതിന് വ്യാകരണപ്രകാരം (apatatō – customary present) വിശ്വാസികളുടെ ഇടയിൽ നിലനിൽക്കുന്ന ഈ അവസ്ഥയെ ഇനി തുടരുവാൻ അനുവദിക്കരുത് എന്നാണ് അർത്ഥം.

ദൈവത്തിന്റെ വിശുദ്ധിക്കും വ്യവസ്ഥയ്ക്കും വിരുദ്ധമായി ജീവിക്കുന്നവർക്ക് തൽക്കാലം ലഭിക്കുന്ന ആകർഷണീയമായതും എന്നാൽ

ആത്യന്തിക നാശത്തിന് ഇടയാക്കുന്നതുമായ വ്യർത്ഥമായ ആശ്വാസവ ചനങ്ങളെയാണ് ഇത് സൂചിപ്പിക്കുന്നത് (The Carnal – Spiritual Believ er Dichotomy Theory). വിശ്വാസ സമൂഹത്തെ സ്വാർത്ഥ താല്പര്യത്തി നായി വ്യർത്ഥവാക്കുകളാൽ ചതിക്കുന്ന ഉപദേഷ്ടാക്കൾ ദൈവസഭകളി ൽ അന്ന് തന്നെ ഉണ്ടായിരുന്നതുകൊണ്ടാണ് അപ്പോസ്തലൻ ഈ മുന്ന റിയിപ്പ് നൽകുന്നത് (മത്തായി 7:21-23; 13:24-30; 2 പത്രോസ് 2:1-3,12-14,17-19; 1 യോഹ. 2:19; വെളിപ്പാട് 2:14-20).

എന്നാൽ ഒരാൾ എന്ത് അറിയുന്നു, അഥവാ എന്ത് അവകാശപ്പെ ടുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ മാത്രമല്ല, മറിച്ച്, എങ്ങനെ ജീവി ക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിലുമാണ് ഒരാളുടെ വിശ്വാസത്തിന്റെ നിജസ്ഥിതി നിർണയിക്കപ്പെടുന്നത് (മത്തായി 7:15-23; 12:33-37; 1 കൊരി. 5:9-11; 6:9-11; ഗലാ. 5:19-21; എഫെ. 5:3-6; 1 യോഹ. 3:4-10) എന്നുള്ള ക ർത്താവിന്റെ മൊഴിയെ അറിഞ്ഞോ അറിയാതെയോ അവർ അവഗണി ക്കുന്നു.

എന്നാൽ "**ഈ വക നിമിത്തമല്ലോ ദൈവകോപം അനുസരണം കെട്ടവരുടെ മേൽ**" വരുന്നതെന്ന് അപ്പോസ്തലൻ ഇവിടെ പ്രത്യേകം പറയുന്നു (2:3; 4:17-19; ലേവി. 18:27-30; റോമർ 16:17-18; കൊലോ. 3: 5-6; 2 പത്രോസ് 2:3-4; യൂദ 1:16,18-19). മുൻപറഞ്ഞ ജീവിതരീതി അവി ശ്വാസികളുടെ, അഥവാ അനുസരണം കെട്ടവരുടെ ജീവിതരീതിയാണ്. അങ്ങനെ ജീവിക്കുന്ന ഏവരോടും, അവിശ്വാസികളോടും അനുസര ണം കെട്ടവരോടും ദൈവം പ്രതികരിക്കുന്നത് പോലെ തന്നെ പ്രതികരി ക്കുമെന്നാണ് അപ്പോസ്തലൻ ഇവിടെ പറയുന്നത്.

ഇവിടെ ദൈവകോപം അനുസരണം കേട്ടവരുടെ മേൽ "**വരുന്നു**" എന്നത് വ്യാകരണപ്രകാരം (erchetai – futuristic present) വർത്തമാനകാ ലത്ത് തന്നെ വരുമെന്ന് പറയാമെങ്കിലും, തിരുവഴുത്തിൽ ഈ ശൈലി സാധാരണയായി ഭാവിയിൽ സംഭവിക്കുന്നതിനെ സൂചിപ്പിക്കുന്നതാകു ന്നു (1 തെസ്സ. 1:10; 5:9-10; കൊലോ. 3:5-6).

അതുപോലെതന്നെ ഇവിടെ അപ്പോസ്തലൻ പരാമർശിക്കുന്ന "**അ നുസരണം കെട്ടവർ**" സാധാരണ ജീവിതത്തിൽ ദൈവത്തെ മനപ്പൂർവ്വം മറന്നു ജീവിക്കുന്നവരും (സങ്കീർത്തനം 50:22), തന്നിഷ്ടപ്രകാരം ജീവി ക്കുന്നവരും (റോമർ 14:7-8; 2 കൊരിന്ത്യർ 5:14-15; ഗലാത്യർ 2:20) ഈ

ലോകത്തിന്റെ കാലഗതിക്ക് അനുസരിച്ച് ജീവിക്കുന്നവരും (എഫെ. 2:2 -3), സുവിശേഷം അനുസരിക്കാത്തവരും (അപ്പോ. 17:30; 2 തെസ്സ. 1:10), തങ്ങളുടെ ദുഷ്പ്രവർത്തി വിട്ട് മാനസാന്തരപ്പെടാത്തവരും (വെളി. 2:20 –23; 9:20–21) ആകുന്നു; അവരുടെമേൽ ദൈവകോപം അതിന്റെ പൂർണ്ണ തയിൽ വെളിപ്പെടും (യോഹ.3:36; റോമർ 1:18; 2 തെസ്സ. 1:6–7,10).

## 2. വെളിച്ചമായി നടക്കുവാൻ വിശ്വാസികൾ ചെയ്യേണ്ടതായ കാര്യങ്ങൾ (5:8 - 14)

### a. വിശ്വാസികൾ കർത്താവിൽ വെളിച്ചം ആകയാൽ സ്വത്വബോധ ത്തോടെ നടക്കണം (vv. 8–9).

“**മുമ്പെ നിങ്ങൾ ഇരുളായിരുന്നു; ഇപ്പോഴോ കർത്താവിൽ വെളി ച്ചം ആകുന്നു**” (v.8).

ഇവിടെ “**ഇരുളായിരുന്നു**” (Ēte skotos) എന്ന ഭൂതകാലക്രിയ മുമ്പ് ആയിരുന്ന അവസ്ഥയെ സൂചിപ്പിക്കുമ്പോൾ “**വെളിച്ചം ആകുന്നു**” (ny n de phōs) എന്ന വർത്തമാനകാല ക്രിയ ഇപ്പോൾ ആയിരിക്കുന്ന അവ സ്ഥയെ സൂചിപ്പിക്കുന്നു (1 കൊരി. 6:9–11; തീത്തോസ് 3:3). ഇവിടെ “**ക ർത്താവിൽ**” (en kyriō) വെളിച്ചമാകുന്നു എന്നതിലൂടെ വെളിച്ചം ആയി രിക്കുന്ന മേഖലയെ സൂചിപ്പിക്കുന്നു. കർത്താവുമായുള്ള ബന്ധത്തിലാ ണ് എഫെസോസിലുള്ള ക്രിസ്തുവിശ്വാസികൾ “**ഇരുളായിരുന്നു**” എ ന്ന അവസ്ഥയിൽ നിന്നും “**വെളിച്ചം ആകുന്നു**” എന്ന അവസ്ഥയിലേ ക്ക് മാറിയത്.

വിശ്വാസികളുടെ പഴയ അവസ്ഥയും പുതിയ അവസ്ഥയും താരത മ്യപ്പെടുത്തി പ്രബോധിപ്പിക്കുന്നത്, സഭയുടെ ആദ്യ നാളുകളിൽ ഒരു സാധാരണ രീതിയായിരുന്നു (2:11,13; റോമർ 11:30; 1 പത്രോസ് 2:10; ഗ ലാത്യർ 1:23).

ഇവിടെ വെളിച്ചം ബൗദ്ധികമായി അറിവും, ധാർമികമായി വിശുദ്ധി യും ആത്മികമായി ജീവനുമാണ്. അതുപോലെ ഇരുട്ട് ബൗദ്ധികമായി അജ്ഞതയും ധാർമികമായി അശുദ്ധിയും ആത്മികമായി മർത്യതയുമാ ണ്. അതുകൊണ്ട് യഥാർത്ഥ വിശ്വാസികൾ വെളിച്ചവും, അവിശ്വാസിക ൾ ഇരുട്ടും ആകുന്നു. ഇരുപക്ഷവും യഥാക്രമം വെളിച്ചത്തിന്റെയും ഇ രുട്ടിന്റെയും മേഖലകളിൽ ആയിരിക്കുകയും അവയാൽ ഭരിക്കപ്പെടുക

യും ചെയ്യുന്നു. അതുകൊണ്ട് അവർക്ക് ചുറ്റുമുള്ള അവസ്ഥയല്ല, മറിച്ച്, അവരുടെ തന്നെ ഇപ്പോഴത്തെ അവസ്ഥയാണ് ഇവിടുത്തെ വിഷയം.

ഇരുളായിരിക്കുകയും ഇരുട്ടിന്റെ മേഖലയിൽ ആയിരിക്കുകയും ചെയ്യുന്ന ഒരു വ്യക്തി, താൻ ഇപ്പോൾ വെളിച്ചം ആകുന്നു എന്നും വെളിച്ചത്തിന്റെ മേഖലയിൽ ആകുന്നു എന്നും അവകാശപ്പെടുകയും എന്നാൽ ഇരുട്ടിന്റെ പ്രവർത്തികളിൽ തുടരുകയും ചെയ്യുന്നു എങ്കിൽ പ്രസ്തുത വ്യക്തി വ്യാജനും വഞ്ചകനും ആണ്. കാരണം ക്രിസ്തുവിശ്വാസികളുടെ കൂറും കുലവും കുടുംബവും പൗരത്വവും പൂർവ്വകാല അവസ്ഥയും മാറിയതുകൊണ്ട് ഒരു യഥാർത്ഥ വിശ്വാസിക്ക് താൻ മുമ്പ് ആയിരുന്ന ഇരുട്ടിന്റെ മേഖലയിലെ പ്രവർത്തികളിൽ തുടരുവാൻ കഴിയില്ല; പകരം പുതിയ, വെളിച്ചത്തിന്റെ മേഖലയ്ക്ക് അനുസൃതമായി മാത്രമേ പ്രവർത്തിക്കുവാൻ കഴിയുകയുള്ളൂ.

അതുകൊണ്ട്, വിശ്വാസികളോട് "**വെളിച്ചത്തിൽ ഉള്ളവരായി നടന്നുകൊൾവിൻ**" എന്നാണ് അപ്പോസ്തലൻ പറയുന്നത്. അക്ഷരീകമായി (hos tekna photos) വെളിച്ചത്തിന്റെ മക്കളെ പോലെ സ്വാഭാവികമായി വെളിച്ചമായി തന്നെ ജീവിക്കണം എന്നാണ് വ്യാകരണം (peripateite – customary present) ഇവിടെ സൂചിപ്പിക്കുന്നത്. കാരണം, വെളിച്ചത്തിന്റെ മക്കൾ ന്യായവിധിയിൽ നിന്നും ഒഴിവുള്ളവരാണ് (1 തെസ്സ. 5:4-5,9).

### b. **വിശ്വാസികൾ കർത്താവിൽ വെളിച്ചം ആയതിനാൽ ദൈവപ്രസാദമുള്ള പ്രവർത്തികൾ ചെയ്തുകൊണ്ട് നടക്കണം** (v.10)

"**കർത്താവിന് പ്രസാദമായത് എന്തെന്ന് പരിശോധിച്ചു കൊണ്ട് വെളിച്ചത്തിലുള്ളവരായി** (വെളിച്ച മക്കളെ പോലെ) **നടന്നുകൊൾവിൻ** (v.9).

വിശ്വാസികൾ വെളിച്ചത്തിൽ നടക്കുവാൻ അല്ല അപ്പോസ്തലൻ ഇവിടെ പ്രബോധിപ്പിക്കുന്നത്, മറിച്ച്, വെളിച്ചത്തിൽ ഉള്ളവരായി, അർത്ഥാൽ, വെളിച്ചത്തിന്റെ മക്കളെ പോലെ (1 തെസ്സ. 5:4-5,9-10) വെളിച്ചമായി തന്നെ നടക്കുവാനാണ് പറയുന്നത് (മത്തായി 5:14-16; ഫിലിപ്പി. 2: 14-15). ഇവിടെ "**നടന്നുകൊൾവിൻ**" എന്നതിലൂടെ ഒരാളുടെ ജീവിതവും പെരുമാറ്റവും ഉൾപ്പെടുന്ന സാധാരണ ജീവിത രീതിയെയാണ് സൂചിപ്പിക്കുന്നത്. ആദ്യം, വിശ്വാസികൾ ആരായി നടക്കണം എന്ന് പറഞ്ഞിട്ട് തുടർന്ന് വിശ്വാസികൾ എങ്ങനെ നടക്കണം എന്ന് പറയുന്നു.

ഇവിടെ "**കർത്താവിന് പ്രസാദം ഉള്ളത് എന്തെന്ന് പരിശോധിച്ചു കൊണ്ട്**" എന്നതിലൂടെ ക്രിസ്തുവിശ്വാസികളെ ദൈവം കർത്താവിൽ വെളിച്ചമാക്കിയതിന്റെ ഉദ്ദേശം എന്താണെന്ന് മനസ്സിലാക്കിക്കൊണ്ട് അതിനനുസരിച്ച് ജീവിക്കണം എന്നാണ് അർത്ഥം (റോമർ 12:1–2). കാരണം, "ദൈവരാജ്യം ഭക്ഷണവും പാനീയവുമല്ല... അതിൽ ക്രിസ്തുവിനെ സേവിക്കുന്നവൻ ദൈവത്തെ പ്രസാദിപ്പിക്കുന്നവനും മനുഷ്യർക്ക് കൊള്ളാകുന്നവനും തന്നെ" (റോമർ 14:17–18) എന്നാണ് അപ്പോസ്തലൻ മറ്റൊരിടത്ത് പറയുന്നത്.

തുടർന്ന് ക്രിസ്തുവിശ്വാസികൾ കർത്താവിൽ വെളിച്ചം ആയിരിക്കുന്നതിന്റെ അടയാളമായിട്ടാണ് "**സകല സദ്ഗുണവും നീതിയും സത്യവുമല്ലോ വെളിച്ചത്തിന്റെ ഫലം**" (v.10) എന്ന് പറയുന്നത്. അർത്ഥാൽ, വിശ്വാസികൾ കർത്താവിൽ വെളിച്ചം ആകുന്നതിന്റെ ഇപ്പോഴുള്ള ഫലം ഇത് ആകുന്നു, അഥവാ വെളിച്ചത്തിൽ അടങ്ങിയിരിക്കുന്ന ഫലം ഇതാകുന്നു. ഇവിടെ "**സകല സദ്ഗുണവും**" (pasē agothosyne) എന്നതിലൂടെ സദ്ഗുണമുള്ള വ്യക്തിത്വത്തെയും (5:9; റോമർ 15:14; ഗലാത്യർ 5:22–23) "**നീതിയും**" (dikaiosynē) എന്നതിലൂടെ നേരും നീതിയും ഉള്ള മനോഭാവത്തെയും (4:24; 6:14), "**സത്യവും**" (alētheia) എന്നതിലൂടെ വിശ്വാസ്യതയെയും സത്യസന്ധതയെയും സൂചിപ്പിക്കുന്നു (4:20,24, 25). ദൈവത്താൽ വിശുദ്ധീകരിക്കപ്പെട്ടതും ദൈവത്തിന്റെ ആത്മാവ് വസിക്കുന്നതുമായ ജീവിതത്തിന്റെ ഫലമാണിത് (ഗലാത്യർ 5:22–23).

### c. വിശ്വാസികൾ കർത്താവിൽ വെളിച്ചം ആയതിനാൽ ഇരുട്ടിന്റെ നിഷ്ഫല പ്രവർത്തികളിൽ പങ്കാളികൾ ആകാതെ നടക്കണം (v. 10)

"**ഇരുട്ടിന്റെ നിഷ്ഫല പ്രവർത്തികളിൽ കൂട്ടാളികൾ ആകരുത്**".

ഇവിടെ "**കൂട്ടാളികൾ ആകരുത്**" എന്നത് വ്യാകരണപ്രകാരം (mē synkoinōeite – customary present) കൂട്ടാളികൾ ആകാതിരിക്കുന്നത് ഒരു സ്വഭാവമാക്കാനുള്ള ആജ്ഞയാണ്. കാരണം, ഇരുട്ടിന്റെ പ്രവർത്തികൾ എല്ലാം ജഡത്തിന്റെ പ്രവർത്തികൾ ആകുന്നു. ക്രിസ്തുവിശ്വാസികൾ ഇരുട്ടിന്റെ നിഷ്ഫല പ്രവർത്തികളെ തിരിച്ചറിയണം എന്ന് വചനം പറയുമ്പോൾ തന്നെ അവയ്ക്ക് കൂട്ടാളികൾ ആകരുതെന്നും വചനം പറയു

ന്നു (4:17–19; റോമർ 13:12–14). കാരണം അവ ദൈവീക പദ്ധതിക്കെതി രാണ് (2:19–22; 4:11–16). അതുകൊണ്ട് ഇവിടെ വിശ്വാസികൾ ഇരുട്ടിന്റെ പ്രവർത്തികളിൽ പങ്കാളികൾ ആകരുതെന്ന് പറയുന്നു. എന്നാൽ ഈ വക പ്രവർത്തിക്കുന്നവർ അവിശ്വാസലോകത്തിൽ ഇരുട്ടായി തന്നെ നിലനിൽക്കുന്നുവെങ്കിലും അവരോട് യാതൊന്നിലും പങ്കാളികളാകരുതെന്ന് ഇവിടെ വചനം പറയുന്നില്ല (1 കൊരി. 5:9–10).

## d. വിശ്വാസികൾ കർത്താവിൽ വെളിച്ചം ആയതിനാൽ ഇരുട്ടിന്റെ പ്രവർത്തികളെ വെളിച്ചത്ത് കൊണ്ടുവരുന്നവരായി നടക്കണം (vv. 12–13)

വിശ്വാസികൾ ഇരുട്ടിന്റെ പ്രവർത്തികൾക്ക് കൂട്ടാളികൾ ആകുകയല്ല, മറിച്ച്, "**അവയെ ശാസിക്കയത്രേ വേണ്ടത്**" എന്ന് ഇവിടെ അപ്പോസ്തലൻ പറയുന്നു. "**ശാസിക്ക**" എന്നതിന് ഇവിടെ വെളിച്ചത്തിലേക്ക് കൊണ്ടുവരിക എന്നാണ് അർത്ഥം. വ്യാകരണപ്രകാരം (elenchette – iterative present) ഇവിടെ ആവർത്തിച്ചാവർത്തിച്ച് ചെയ്യേണ്ടതായ പ്രവർത്തിയെ സൂചിപ്പിക്കുന്നു; അർത്ഥാൽ, ഇത് വിശ്വാസികൾ എപ്പോഴും ചെയ്യേണ്ടതായ ഒരു പ്രവർത്തി ആയിരിക്കുന്നു. ഒരു ശുശ്രൂഷകൻ സഭാംഗങ്ങളെ നേരിട്ട് ശാസിക്കും എങ്കിലും (1 തിമൊ. 5:20; തീത്തോസ് 2:15), വിശ്വാസികൾ ദുഷ്പ്രവർത്തിക്കാരെ അഭിമുഖമായി ശാസിക്കണം എന്നല്ല ഇവിടെ അർത്ഥമാക്കുന്നത്. കാരണം പുറത്തുള്ളവരെ വിധിക്കാൻ എനിക്ക് എന്തുകാര്യം... പുറത്തുള്ളവരെ ദൈവം വിധിക്കുന്നു (കൊരി. 5:12) എന്നതാണ് അപ്പോസ്തലന്റെ നിലപാട്. അതുകൊണ്ട് ഇരുട്ടിന്റെ പ്രവർത്തികളെ വെളിപ്പെടുത്തുക, വെളിച്ചത്താക്കുക, പുറത്തുകൊണ്ടുവരിക എന്നാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. കാരണം, തിന്മ ചെയ്യുന്നവൻ വെളിച്ചത്തെ പകെക്കുന്നു; തന്റെ പ്രവർത്തിക്ക് ആക്ഷേപം വരാതിരിക്കാൻ വെളിച്ചത്തിലേക്ക് വരുന്നതുമില്ല; എന്നാൽ സത്യം പ്രവർത്തിക്കുന്നവനോ തന്റെ പ്രവർത്തി ദൈവത്തിൽ ചെയ്തിരിക്കയാൽ അത് വെളിപ്പെടേണ്ടതിന് വെളിച്ചത്തിലേക്ക് വരുന്നു എന്നാണ് കർത്താവും പറഞ്ഞത് (യോഹ. 3:20–21). അതുകൊണ്ട് സുവിശേഷത്തിലൂടെയാണ് അവരുടെ ഹൃദയ രഹസ്യങ്ങൾ വെളിപ്പെട്ട് വരുന്നത്, അഥവാ വെളിച്ചത്തു കൊണ്ടുവരുന്നത് (1 കൊരിന്ത്യർ 14:24–25). എന്നാൽ ദുഷ്പ്രവർത്തിക്കാരെ സുവിശേഷത്തിലൂടെ ശാസിക്കേണം എന്ന അർത്ഥത്തിലും അല്ല ഇവിടെ പറയുന്നത്. മറിച്ച്, ഇരുട്ടിന്റെ നിഷ്ഫലപ്രവ

ർത്തികൾക്ക് വെളിച്ചത്തിന്റെ സൽപ്രവർത്തികളിലൂടെ, അർത്ഥാൽ, സകല സദ്ഗുണവും നീതിയും സത്യവുമായ പ്രവർത്തികളിലൂടെ ശരി തെറ്റുകളെ കുറിച്ച് ബോധം വരുത്തുക എന്നാണർത്ഥം (മത്തായി 5:14-16; ഫിലിപ്പി. 2:14-15). അതുകൊണ്ടാണ് "നിങ്ങൾ നന്മ ചെയ്തുകൊണ്ട് ബുദ്ധിയില്ലാത്ത മനുഷ്യരുടെ ഭോഷത്വം മിണ്ടാതാക്കേണം എന്നത് ദൈവേഷ്ടം ആകുന്നു" എന്ന പത്രോസ് പറയുന്നത് (1 പത്രോസ് 2:15).

**"അവർ ഗൂഢമായി ചെയ്യുന്നത് പറവാൻ പോലും ലജ്ജയാകുന്നു; അവയെ ശാസിക്കുമ്പോഴോ സകലത്തെയും കുറിച്ച് വെളിച്ചത്താൽ ബോധം വരും; ബോധം വരുന്നതെല്ലാം വെളിച്ചം പോലെ തെളിവല്ലോ"** (vv. 12,13) എന്നാണ് അപ്പോസ്തലൻ പറയുന്നത്.

യഥാർത്ഥവിശ്വാസികളുടെ ജീവിതവും പ്രവർത്തിയും അവിശ്വാസികൾക്ക് എപ്പോഴും ഒരു വെല്ലുവിളിയാണ്. കാരണം, വിശ്വാസികൾ വെളിച്ചം ആകുന്നു എങ്കിൽ (v.8) അവിശ്വാസികൾ ഇരുട്ട് ആകുന്നു (v.8); വിശ്വാസികൾ വെളിച്ചത്തിന്റെ ഫലം ഉള്ളവരാണെങ്കിൽ (v.11) അവിശ്വാസികൾ ഇരുട്ടിന്റെ നിഷ്ഫല പ്രവർത്തികൾ ചെയ്യുന്നവർ ആകുന്നു; വിശ്വാസികൾ സ്വാഭാവികമായി സ്തോത്രം ചെയ്യുന്നവർ ആയിരിക്കുമ്പോൾ (v.4) അവിശ്വാസികൾ സ്വാഭാവികമായി ഉചിതമല്ലാത്തത് സംസാരിക്കുന്നവർ ആകുന്നു (v.4); വിശ്വാസികളുടെ ഇടയിൽ പരസ്യമായി പേര് പറവാൻ ലജ്ജയായത് (v.13) അവിശ്വാസികൾ യാതൊരു ലജ്ജയും ഇല്ലാതെ ഗൂഢമായി ചെയ്യുന്നു (v.13). ഇവിടെ വ്യാകരണപ്രകാരം (kryphē ginomena – customary present) എന്തു ചെയ്യുന്നു എന്നതിലുപരിയായി എങ്ങനെ ചെയ്യുന്നു എന്നതാണ് ഊന്നി പറയുന്നത്. കാരണം, ഇരുട്ടിന്റെ പ്രവർത്തികൾ ചെയ്യുന്നത് പ്രാകൃത മനുഷ്യന്റെ സ്വഭാവമാണ്; മാത്രമല്ല, മനുഷ്യൻ സ്വാഭാവികമായി രഹസ്യം ആയിട്ടാണ് അവ ചെയ്യുന്നത് (റോമർ 2:16; 1 കൊരി. 14:24-25). എന്നാൽ യോഗ്യമായ ജീവിത രീതിയിലൂടെ അവയെ ശാസിക്കുമ്പോഴാണ് അവന് സകലത്തെയും കുറിച്ച് **വെളിച്ചത്താൽ ബോധം** വരുന്നത്, അർത്ഥാൽ, അവന്റെ പ്രവർത്തികൾ വെളിപ്പെടുന്നത്. എന്നാൽ "**ബോധം വരുന്നതെല്ലാം വെളിച്ചം പോലെ തെളിവല്ലോ**" എന്നതിന് ഒന്നുകിൽ വെളിപ്പെട്ടതെല്ലാം വെളിച്ചത്താൽ വ്യക്തമാകും, അല്ലെങ്കിൽ വെളിച്ചത്താൽ വെളിപ്പെട്ടതെല്ലാം വ്യക്തമാകുമെന്നും അർത്ഥമാകാം.

കർത്താവ് ലോകത്തിൽ നിന്നും എടുത്ത് ലോകത്തിൽ ആക്കി വച്ചിരിക്കുന്ന വിശുദ്ധന്മാരുടെ മുഖ്യദൗത്യം ലോകത്തിന്റെ ധാർമിക - സദാചാര നിലവാരം നിലനിർത്തുകയല്ല, മറിച്ച് ഉയർത്തുകയാണ്; അർത്ഥാൽ, അവർ ഭൂമിയുടെ ഉപ്പായിരുന്നാൽ മാത്രം പോരാ ലോകത്തിന്റെ വെളിച്ചമായും ഇരിക്കണം; വെളിച്ചമായിരുന്നു ലോകമനുഷ്യരെ ശരിയായ പാതയിലൂടെ ശരിയായ ലക്ഷ്യത്തിലേക്ക് നയിക്കണം; ആത്മീക പോരാട്ടത്തിൽ ജയജീവിതം സാധ്യമാണെന്ന് അവർക്ക് തെളിയിച്ചു കൊടുക്കണം (6:14–20; 2 കൊരി. 6:4–10).

### e. വിശ്വാസികൾ കർത്താവിൽ വെളിച്ചം ആയതിനാൽ ആത്മീകമായി ഉണർന്നു നടക്കണം (v. 14)

**"അതുകൊണ്ട് ഉറങ്ങുന്നവനെ, ഉണർന്ന് മരിച്ചവരുടെ ഇടയിൽ നിന്ന് എഴുന്നേൽക്ക; എന്നാൽ ക്രിസ്തു നിന്റെ മേൽ പ്രകാശിക്കും എന്ന് ചൊല്ലുന്നു"**

ഈ ചൊല്ല് പഴയ നിയമത്തിൽ നിന്നും നേരിട്ടുള്ള ഒരു ഉദ്ധരണിയല്ല; മറിച്ച് യിസ്രായേലിനെ സംബന്ധിച്ച് ഒരു പഴയ നിയമ വേദഭാഗം അടിസ്ഥാനമാക്കിയുള്ളതും (യെശയ്യാ. 60:1–3; റോമർ 13:11–14) സഭയുടെ ആദ്യനാളുകളിൽ വിശുദ്ധന്മാരുടെ ഇടയിൽ നിലനിന്നിരുന്നതുമായ ഒരു സംഗീതത്തിൽ നിന്നുള്ള ഉദ്ധരണിയാണിത്. അതുകൊണ്ട് ഇക്കാലത്ത് മശിഹയിലൂടെ നിറവേറിയ പ്രവാചക വാക്യത്തിന്റെ ചുരുങ്ങിയ അർത്ഥം മാത്രമാണ് ഈ ഉദ്ധരണിയിൽ അടങ്ങിയിരിക്കുന്നത്.

ഇവിടെ "**എന്ന് ചൊല്ലുന്നു**" എന്നത് വ്യാകരണപ്രകാരം (legei – perfective present) കഴിഞ്ഞ പ്രവൃത്തിയുടെ ഇപ്പോഴത്തെ ഫലത്തെ സൂചിപ്പിക്കുന്നു. അതുപോലെ ഇവിടെ "**ഉറങ്ങുന്നവനെ**" എന്നത് വ്യാകരണപ്രകാരം (ho katheudōn – customary present) ആത്മാവിൽ മയക്കമുള്ള സ്വഭാവത്തെ, അഥവാ ജീവിതരീതിയെ സൂചിപ്പിക്കുന്നു. കാരണം, ഇവിടെ ഉറക്കം എന്നത് രൂപകാലങ്കാരമാണ് (റോമർ 13:11; 1 തെസ്സ. 5:6). അതുപോലെ "**ഉണർന്ന്**" എന്നത് വ്യാകരണപ്രകാരം (Egeire – ingressive aorist) ആത്മിക ജാഗ്രതയേയും തിടുക്കത്തെയും സൂചിപ്പിക്കുന്നു. അതുപോലെതന്നെ "**എഴുന്നേൽക്ക**" (anasta ek tōn nekrōn – ingressive aorist) എന്നത് ആത്മിക ജീവൻ ഇല്ലാത്തവരിൽ നിന്നുള്ള വേർപാടിന്റെ ആവശ്യത്തെ സൂചിപ്പിക്കുന്നു. നിങ്ങൾ ഉണരുകയും മരിച്ചവരുടെ ഇട

യിൽ നിന്നും എഴുന്നേൽക്കുകയും ചെയ്താൽ ക്രിസ്തു നിങ്ങളുടെമേൽ പ്രകാശിക്കും എന്നാണ് വാഗ്ദത്തം. ക്രിസ്തു നമ്മുടെമേൽ പ്രകാശിക്കുന്നത് ഒരു വ്യവസ്ഥ അടിസ്ഥാനമാക്കിയാണ്; അതിനായി വിശ്വാസി ലോകത്തിൽ തന്റെ ക്രിസ്തീയ വ്യക്തിത്വം, അഥവാ സ്വത്വം വെളിപ്പെടുത്തി ജീവിക്കണം (മത്തായി 5:14–16); അപ്പോൾ ക്രിസ്തു അവരിൽ പ്രകാശിക്കുകയും അവർ ലോകത്തിന് ക്രിസ്തുവിൽ നിന്നും പ്രതിഫലിക്കുന്ന വെളിച്ചമായി തീരുകയും ചെയ്യും (റോമർ 13:11–13). കാരണം, ക്രിസ്തുവിശ്വാസികളുടെ നിയോഗം ലോകത്തിന്റെ വെളിച്ചം ആയിരിക്കുക, അർത്ഥാൽ, എല്ലാ കാര്യങ്ങളിലും ലോകത്തിന് ശരിയായ വഴി കാണിക്കുകയും ശരിയായി നിലവാരം ആയിരിക്കുകയും ചെയ്യുക എന്നതാണ്.

യിസ്രായേല്യർക്ക് ലഭിച്ച ദൈവീക നിയോഗത്തിന് ഫലം യിസ്രായേല്യർക്ക് മാത്രമായി പരിമിതപ്പെട്ടിരിക്കുന്നില്ല, അതുകൊണ്ടാണ് "എന്റെ രക്ഷ ഭൂമിയുടെ അറ്റത്തോളം എത്തേണ്ടതിന് ഞാൻ നിന്നെ ജാതികൾക്ക് പ്രകാശമാക്കി വച്ചിരിക്കുന്നു..." (സങ്കീർത്തനം 67:1–7; യെശയ്യ. 49:6) എന്ന് ദൈവം പറയുന്നത്.

## D. എല്ലാവരും ജ്ഞാനികളായി നടക്കണം (5:15 – 6:9)

**"ആകയാൽ സൂക്ഷ്മത്തോടെ, അജ്ഞാനികളായിട്ടല്ല ജ്ഞാനികളായിട്ടത്രേ നടപ്പാൻ നോക്കുവിൻ. ഇതു ദുഷ്കാലമാകയാൽ സമയം തക്കത്തിൽ ഉപയോഗിച്ചുകൊൾവിൻ. ബുദ്ധിഹീനരാകാതെ കർത്താവിന്റെ ഇഷ്ടം ഇന്നതെന്നു ഗ്രഹിച്ചുകൊൾവിൻ. വീഞ്ഞു കുടിച്ചു മത്തരാകരുതു; അതിനാൽ ദുർന്നടപ്പു ഉണ്ടാകുമല്ലോ. ആത്മാവു നിറഞ്ഞവരായി സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മിക ഗീതങ്ങളാലും തമ്മിൽ സംസാരിച്ചും നിങ്ങളുടെ ഹൃദയത്തിൽ കർത്താവിന്നു പാടിയും കീർത്തനം ചെയ്തും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ദൈവവും പിതാവുമായവന്നു എല്ലായ്പോഴും എല്ലാറ്റിന്നു വേണ്ടിയും സ്തോത്രം ചെയ്തുകൊൾവിൻ. ക്രിസ്തുവിന്റെ ഭയത്തിൽ അന്യോന്യം കീഴ്പെട്ടിരിപ്പിൻ. ഭാര്യമാരേ, കർത്താവിന്നു എന്നപോലെ സ്വന്ത ഭർത്താക്കന്മാർക്കു കീഴടങ്ങുവിൻ. ക്രിസ്തു ശരീരത്തിന്റെ രക്ഷിതാവായി സഭെക്കു തലയാകുന്നതുപോലെ ഭർത്താവു ഭാര്യക്കു തലയാകുന്നു. എന്നാൽ സഭ ക്രിസ്തുവിന്നു കീഴടങ്ങിയിരിക്കു**

ന്നതുപോലെ ഭാര്യമാരും ഭർത്താക്കന്മാർക്കു സകലത്തിലും കീഴടങ്ങി യിരിക്കേണം. ഭർത്താക്കന്മാരേ, ക്രിസ്തുവും സഭയെ സ്നേഹിച്ചതു പോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ. അവൻ അവളെ വചന ത്തോടുകൂടിയ ജലസ്നാനത്താൽ വെടിപ്പാക്കി വിശുദ്ധീകരിക്കേണ്ട തിന്നും കറ, ചുളുക്കം മുതലായതു ഒന്നും ഇല്ലാതെ സഭയെ ശുദ്ധയും നിഷ്കളങ്കയുമായി തനിക്കു തന്നേ തേജസ്സോടെ മുന്നിറുത്തേണ്ടതി ന്നും തന്നെത്താൻ അവൾക്കു വേണ്ടി ഏല്പിച്ചുകൊടുത്തു. അവ്വണ്ണം ഭർത്താക്കന്മാരും തങ്ങളുടെ ഭാര്യമാരെ സ്വന്ത ശരീരങ്ങളെപ്പോലെ സ് നേഹിക്കേണ്ടതാകുന്നു. ഭാര്യയെ സ്നേഹിക്കുന്നവൻ തന്നെത്താൻ സ്നേഹിക്കുന്നു. ആരും തന്റെ ജഡത്തെ ഒരുനാളും പകെച്ചിട്ടില്ലല്ലോ; ക്രിസ്തുവും സഭയെ ചെയ്യുന്നതുപോലെ അതിനെ പോറ്റി പുലർത്തു കയത്രേ ചെയ്യുന്നതു. നാം അവന്റെ ശരീരത്തിന്റെ അവയവങ്ങളല്ലോ. അതു നിമിത്തം ഒരു മനുഷ്യൻ അപ്പനെയും അമ്മയെയും വിട്ടു ഭാര്യ യോടു പറ്റിച്ചേരും; ഇരുവരും ഒരു ദേഹമായിത്തീരും. ഈ മർമ്മം വലി യതു; ഞാൻ ക്രിസ്തുവിനെയും സഭയെയും ഉദ്ദേശിച്ചത്രേ പറയുന്ന തു. എന്നാൽ നിങ്ങളും അങ്ങനെ തന്നേ ഓരോരുത്തൻ താന്താന്റെ ഭാ ര്യയെ തന്നെപ്പോലെ തന്നേ സ്നേഹിക്കേണം. ഭാര്യയോ ഭർത്താവി നെ ഭയപ്പെടേണ്ടതാകുന്നു.

മക്കളേ, നിങ്ങളുടെ അമ്മയപ്പന്മാരെ കർത്താവിൽ അനുസരിപ്പിൻ; അതു ന്യായമല്ലോ. "നിനക്കു നന്മ ഉണ്ടാകുവാനും നീ ഭൂമിയിൽ ദീർ ഘായുസ്സോടിരിപ്പാനും നിന്റെ അപ്പനെയും അമ്മയെയും ബഹുമാനി ക്ക" എന്നതു വാഗ്ദത്തോടുകൂടിയ ആദ്യകല്പന ആകുന്നു. പിതാക്ക ന്മാരേ, നിങ്ങളുടെ മക്കളെ കോപിപ്പിക്കാതെ കർത്താവിന്റെ ബാലശി ക്ഷയിലും പത്ഥ്യോപദേശത്തിലും പോറ്റി വളർത്തുവിൻ. ദാസന്മാരേ, ജഡപ്രകാരം യജമാനന്മാരായവരെ ക്രിസ്തുവിനെപ്പോലെ തന്നേ ഹൃ ദയത്തിന്റെ ഏകാഗ്രതയിൽ ഭയത്തോടും വിറയലോടും കൂടെ അനു സരിപ്പിൻ. മനുഷ്യരെ പ്രസാദിപ്പിക്കുന്നവരെപ്പോലെ ദൃഷ്ടിസേവയാൽ അല്ല, ക്രിസ്തുവിന്റെ ദാസന്മാരെപ്പോലെ ദൈവേഷ്ടം മനസ്സോടെ ചെ യ്തും മനുഷ്യരെയല്ല കർത്താവിനെ തന്നേ പ്രീതിയോടെ സേവിച്ചും കൊണ്ടു അനുസരിപ്പിൻ. ദാസനോ സ്വതന്ത്രനോ ഓരോരുത്തൻ ചെ യ്യുന്ന നന്മെക്കു കർത്താവിൽനിന്നു പ്രതിഫലം പ്രാപിക്കും എന്നു നി ങ്ങൾ അറിയുന്നുവല്ലോ. യജമാനന്മാരേ, അവരുടെയും നിങ്ങളുടെയും യജമാനൻ സ്വർഗ്ഗത്തിൽ ഉണ്ടെന്നും അവന്റെ പക്കൽ മുഖപക്ഷം ഇ ല്ലെന്നും അറിഞ്ഞുകൊണ്ടു അങ്ങനെ തന്നേ അവരോടു പെരുമാറുക

**യും ഭീഷണിവാക്കു ഒഴിക്കയും ചെയ്വിൻ.**''

**''ആകയാൽ സൂക്ഷ്മത്തോടെ അജ്ഞാനികളായിട്ടല്ല, ജ്ഞാനിക ളായിട്ടത്രേ നടപ്പാൻ നോക്കുവാൻ...**'' (v.15)

ഇവിടെ ''**ആകയാൽ**'' എന്നതുകൊണ്ട് ക്രിസ്തുവിൽ നിന്നുള്ള ആത്മീക വെളിച്ചം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ എന്നാണ് അർത്ഥം. ഈ വെളിച്ചം ലഭിച്ചവരോടാണ് ''**സൂക്ഷ്മത്തോടെ അജ്ഞാനികളായി ട്ടല്ല ജ്ഞാനകളായിട്ടത്രേ നടപ്പാൻ നോക്കുവിൻ**'' എന്ന് ഇവിടെ പറയു ന്നത് (c.f. 5:14). കാരണം, അജ്ഞാനികളുടെ അവസ്ഥയിൽ നിന്നും ജ്ഞാനികളുടെ അവസ്ഥയിലേക്ക് രൂപാന്തരം പ്രാപിച്ച ഒരു ജീവിതമാ ണ് ക്രിസ്തീയജീവിതം (2:1-3; 4:17-19). ഇവിടെ ജ്ഞാനികളായി നടക്കു വാനുള്ള ആഹ്വാനം ക്രിസ്തീയ നടപ്പിനുള്ള പ്രബോധന പരമ്പരയിൽ അവസാനത്തെ പ്രബോധനമാണ് (4:1; 5:2; 5:9; 5:15).

രണ്ടാം അധ്യായത്തിൽ (2:10) ദൈവമക്കൾ ദൈവിക വഴിയിൽ ന ടക്കുവാൻ ദൈവത്തിന്റെ കൈപ്പണിയായി ക്രിസ്തുയേശുവിൽ സൃഷ്ടി ക്കപ്പെട്ടവരാകുന്നു എന്ന് പറഞ്ഞതിനുശേഷം നാല് - അഞ്ച് അധ്യായ ങ്ങളിൽ (4:1; 5:2,9,15) ക്രിസ്തീയ നടപ്പിനുള്ള വിവിധ മേഖലകളെ അ പ്പോസ്തലൻ വേർതിരിച്ച് പറഞ്ഞിരിക്കുന്നു. ഇവിടെ ജ്ഞാനികളായി നടപ്പാൻ നോക്കുവിൻ എന്നതിലൂടെ വ്യാകരണപ്രകാരം (peripateite, Blepete – customary present) വിശ്വാസികൾ സ്വാഭാവികമായി ജ്ഞാനിക ളായി നടക്കണം, അഥവാ ജ്ഞാനികളായി നടക്കുന്നത് വിശ്വാസികൾ ക്ക് ഒരു സ്വഭാവം ആയിരിക്കണം എന്നതിനെ സൂചിപ്പിക്കുന്നു.

ദൈവിക വീക്ഷണത്തിൽ ജ്ഞാനികളുടെ നടപ്പിന്റെ നാല് പ്രത്യേ കതകൾ അപ്പോസ്തലൻ ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നു.

### 1. ജ്ഞാനികളുടെ നടപ്പ് സൂക്ഷ്മതയുള്ള ജീവിതമാണ് (v.15)

ഇവിടെ ''**സൂക്ഷ്മത്തോടെ**'' എന്നതുകൊണ്ട് ശ്രദ്ധയോടെ, അഥവാ കൃത്യതയോടെ തെറ്റുപറ്റുന്നില്ലായെന്ന് ഉറപ്പാക്കികൊണ്ട് എന്ന അർത്ഥ മാണ് ഉദ്ദേശിക്കുന്നത് (മത്തായി 2:8; ലൂക്കോസ് 1:4); അതിന്റെ വിപരീ തം അശ്രദ്ധയോടും നിയന്ത്രണമില്ലാതെയും വീണ്ടുവിചാരം ഇല്ലാതെ യും നടക്കുക എന്നാണ്.

ആത്മിക പരിജ്ഞാനം ഇല്ലാത്തവർ, അഥവാ ദൈവിക വീക്ഷണ

ത്തിൽ അജ്ഞാനികൾ ആത്മീക ജീവിതത്തിൽ അലസരും ശ്രദ്ധയില്ലാത്തവരുമായി നടക്കുമ്പോൾ ആത്മീകപരിജ്ഞാനം ഉള്ളവർ, അഥവാ ജ്ഞാനികൾ വളരെ സൂക്ഷ്മത്തോടെ ആത്മിക ജീവിതം നയിക്കുന്നു. കാരണം ഈ ആത്മീകപരിജ്ഞാനം ആത്മീക ജീവിതത്തെ ഉത്തരവാദിത്വത്തോടും ഗൗരവത്തോടും കൂടെ കാണുവാൻ ഇടയാക്കുന്നു. അതിനുള്ള പ്രധാനകാരണം ഇന്നത്തെ ജീവിതം നാളത്തെ ഭാവിയെ നിർണയിക്കുന്നത് കൊണ്ടാണ്. എന്നാൽ പലരും ഈ തിരിച്ചറിവില്ലാതെ ഭൗമികവും ലൗകികവുമായ കാര്യങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്നതുകൊണ്ട് ദൈവത്തിന്റെ ദൃഷ്ടിയിൽ അജ്ഞാനികളായി ജീവിക്കുന്നു.

അതുകൊണ്ട് ക്രിസ്തുവിശ്വാസികൾ എന്ന് അവകാശപ്പെടുന്ന എല്ലാവരും എങ്ങനെ നടക്കുന്നു എന്ന് എപ്പോഴും ശ്രദ്ധിക്കണം. കാരണം ഇരുട്ടിന്റെ നിഷ്ഫലപ്രവർത്തികളിൽ കൂട്ടാളികൾ ആകുന്നവർക്ക് ഭാവിയിൽ വലിയ ദോഷം ഒന്നും ഭവിക്കുകയില്ലെന്ന് പഠിപ്പിക്കുന്നവരും വിശ്വാസ സമൂഹത്തിൽ ഉണ്ട് (5:6). അതുകൊണ്ട് ക്രിസ്തുവിശ്വാസങ്ങളുടെ നടപ്പിനെ കുറിച്ച് അവർ ഇപ്പോൾതന്നെ കരുതൽ ഉള്ളവരായില്ലെങ്കിൽ അവസാനം ലജ്ജിതരും വഞ്ചിതരും ദൈവകോപം അനുഭവിക്കുന്നവരും ആയിതീരും (4:17-19; 5:5-6; 1 കൊരി. 6:9-11; ഗലാത്യർ 5:19-21 c.f. റോമർ 1:18; 2 തെസ്സ. 1:6-7).

ഇവിടെ സൂക്ഷ്മതയോടെ നടപ്പാൻ "**നോക്കുവിൻ**" എന്നതിലൂടെ വിശ്വാസികൾ തങ്ങളുടെ നടപ്പിനെ എപ്പോഴും നിരീക്ഷിക്കുകയും സൂക്ഷ്മതയോടെ തന്നെ നടക്കുന്നു എന്ന് ഉറപ്പാക്കുകയും വേണമെന്നാണ് അർത്ഥമാക്കുന്നത്.

അതുപോലെ, അജ്ഞാനകളായിട്ടല്ല "**ജ്ഞാനകളായിട്ടത്രേ**" നടപ്പാൻ നോക്കുവിൻ എന്നാണ് ഇവിടെ പറയുന്നത്. ഈ ജ്ഞാനം കർത്താവിൽ ഉള്ള ഭക്തിയിൽ അടിസ്ഥാനപ്പെട്ടുള്ളതാണ് (ഇയ്യോബ് 28:28; സങ്കീർത്തനം 111:11; സദൃശ്യം 1:7,9; 9:10; യെശയ്യാ. 11:2; യാക്കോബ് 3:13-17).

## 2. ജ്ഞാനികളുടെ നടപ്പ് സമയം തക്കത്തിൽ ഉപയോഗിക്കുന്ന ജീവിതമാണ് (V.16)

**"ഇത് ദുഷ്കാലമാകയാൽ സമയം തക്കത്തിൽ ഉപയോഗിച്ചു കൊൾവിൻ"**.

ക്രിസ്തുവിന്റെ ഒന്നാമത്തെ പ്രത്യക്ഷതക്കും രണ്ടാമത്തെ പ്രത്യക്ഷതക്കും ഇടയ്ക്കുള്ള ഈ കാലഘട്ടം ദുഷ്കാലമാണ്; ഇപ്പോഴുള്ളത് ദോഷവും വ്യഭിചാരവും ഉള്ള തലമുറ ആണെന്നും (മത്തായി 12:39), ഇത് ദുഷ്ടലോകം ആണെന്നും (ഗലാത്യർ 1:3), ഇനി വരാൻ പോകുന്നത് ദുർദിവസമാണെന്നും (എഫെ. 6:13), ദുർഘടസമയങ്ങൾ ആണെന്നും (2 തിമൊ. 3:1), ആർക്കും പ്രവർത്തിച്ചുകൂടാത്ത രാത്രി വരുന്നു എന്നും (യോഹ. 9:4), നമ്മുടെ ആയുസ്സ് പരിമിതവും അനിശ്ചിതത്വവും ഉള്ളതെന്നും (യാക്കോബ് 4:14), നമ്മുടെ പ്രവർത്തന കാലഘട്ടം വളരെ ചെറുതാണെന്നും വചനം പറയുന്നുണ്ട് (സങ്കീർത്തനം 39:4-6; 89:47; 90:10, 12).

ഇക്കാരണത്താൽ "**സമയം തക്കത്തിൽ ഉപയോഗിച്ചുകൊൾവിൻ**" എന്നാണ് അപ്പോസ്തലൻ ഇവിടെ പറയുന്നത്. ദുഷ്ടനും ദുരാത്മാക്കൾക്കും വലിയ സ്വാധീനമുള്ളതും ദുഷ്പ്രവർത്തികളിൽ അടിമപ്പെട്ടതുമായ ഈ ലോകവ്യവസ്ഥയിൽ നിന്നും, ദൈവപ്രസാദമുള്ള ജീവിതത്തിനായി വിശ്വാസികൾ ജ്ഞാനികളായി സമയം വീണ്ടെടുത്ത് വിനിയോഗിക്കണം (5:16; റോമർ 16:19; യാക്കോബ് 3:13). ഇതോട് ബന്ധപ്പെട്ടുതന്നെ ദുർദിവസത്തേക്ക് എങ്ങനെ ഒരുങ്ങിയിരിക്കണം എന്നും വചനം പറയുന്നുണ്ട് (6:13).

അതുകൊണ്ട്, താൽക്കാലികവും നൈമിഷികവുമായ കാര്യങ്ങളെ വിട്ട് മറ്റ് മേഖലകളിൽ നിന്നും സമയം വിലയ്ക്ക് വാങ്ങി അത്യാവശ്യത്തിന് പ്രാർത്ഥനാപൂർവ്വം ഉപയോഗിക്കണം. കാലം ചുരുങ്ങിയിരിക്കുന്നതുകൊണ്ട് (കൊരി. 7:29) ഇപ്പോൾ ചെയ്യുവാൻ കഴിയുന്നത് ഇപ്പോൾ തന്നെ ചെയ്യണം; അല്ലെങ്കിൽ ചില കാര്യങ്ങൾ പിന്നീട് ഒരിക്കലും ചെയ്യുവാൻ സാധ്യമല്ല; കാരണം, ആർക്കും പ്രവർത്തിച്ചുകൂടാത്ത രാത്രി വരുന്നു (യോഹ. 9:4).

### 3. ജ്ഞാനികളുടെ നടപ്പ് കർത്താവിന്റെ ഇഷ്ടം തിരിച്ചറിഞ്ഞുള്ള ജീവിതമാണ് (V.17)

"**ബുദ്ധിഹീനരാകാതെ കർത്താവിന്റെ ഇഷ്ടം ഇന്നതെന്ന് ഗ്രഹിച്ചുകൊൾവിൻ**".

മുൻവാക്യത്തിൽ (5:9) കർത്താവിന് പ്രസാദം ഉള്ളത് എന്തെന്ന് പരിശോധിക്കണം എന്ന് അപ്പോസ്തലൻ പറഞ്ഞിട്ട് ഇവിടെ (5:17) കർത്താവിന്റെ ഇഷ്ടം ഇന്നതെന്ന് ഗ്രഹിച്ചുകൊൾവിൻ എന്ന് പറഞ്ഞിരിക്കു

ന്നു. ഇവിടെ "**ഗ്രഹിച്ചുകൊൾവിൻ**" എന്നതിലൂടെ വ്യാകരണപ്രകാരം (syniete – customary present) ക്രിസ്തുവിശ്വാസികളുടെ അനുദിന ജീവിതത്തെകുറിച്ചുള്ള ദൈവഹിതം തിരിച്ചറിയുന്നത് ഒരു സ്വഭാവമായിരിക്കണം എന്നാണ് അർത്ഥമാക്കുന്നത്. കേവലം ബുദ്ധിപരമായ ഒരു ജ്ഞാനം അല്ല, മറിച്ച്, ദൈവഹിതം തിരിച്ചറിയുവാനും അതിന്റെ അടിസ്ഥാനത്തിൽ മുൻഗണനകൾ തീരുമാനിച്ച് ജീവിതം ക്രമീകരിക്കുവാനും അത് പ്രായോഗികമാക്കാനും വേണ്ടിയുള്ള വചനപ്രകാരമുള്ള പരിജ്ഞാനമാണ് ഇവിടെ വിഷയം (1 കൊരി. 7:30–31; റോമർ 12:1–2).

അതുകൊണ്ട് വചനപ്രകാരമുള്ള ജ്ഞാനിയുടെ അടയാളം തന്നെകുറിച്ചുള്ള ദൈവഹിതം തിരിച്ചറിയുകയും അതിനനുസൃതമായി ജീവിതം ക്രമീകരിക്കുകയും ദൈവിക വഴിയിൽ നടക്കയും ചെയ്യുക എന്നതാണ്. കാരണം, ഇവിടെ ക്രിസ്തീയജീവിതത്തിനുള്ള ദൈവഹിതത്തെയാണ് സൂചിപ്പിക്കുന്നത് (മത്തായി 7:21; 12:50; 18:14; യോഹ.5:30).

ഒരു വിശ്വാസി കർത്താവിന്റെ ഇഷ്ടം അറിഞ്ഞ്, കർത്താവിന്റെ മുൻഗണനകൾ തന്റെ മുൻഗണനകൾ ആക്കുമ്പോൾ, കർത്താവ് അവനിൽ പ്രവർത്തിക്കുന്നു. വിശ്വസിക്കുന്നവർക്ക് വേണ്ടിയുള്ള കർത്താവിന്റെ പൊതുവായ ഇഷ്ടമായി, പുത്രനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ ഉണ്ടാകണമെന്നും (യോഹ. 6:40), അധികാരികൾക്ക് വേണ്ടി പ്രാർത്ഥനയും പക്ഷപാതവും കഴിക്കണമെന്നും (1 തിമൊ. 2:1–3), ശുദ്ധീകരിക്കപ്പെടണം എന്നും (1 തെസ്സ. 4:3), അധികാരികൾക്ക് കീഴ്പ്പെട്ടിരിക്കേണം എന്നും (1 പത്രോസ് 2:11–12,15), നന്മ ചെയ്ത് ബുദ്ധിയില്ലാത്ത മനുഷ്യരുടെ ഭോഷത്വം മിണ്ടാതാക്കണം എന്നും (1 പത്രോസ് 2:12,15), എല്ലാറ്റിനും വേണ്ടി എപ്പോഴും സ്തോത്രം ചെയ്യണം എന്നും (1 തെസ്സ. 5: 18), പുറത്തുള്ളവരോട് ജ്ഞാനത്തോടെ പെരുമാറണമെന്നും (കൊലോ. 4:5) വചനം പറയുന്നു.

ജീവിതത്തിന്റെ ഓരോ മേഖലയിലും എങ്ങനെ പെരുമാറണം എന്നുള്ള പ്രായോഗിക പരിജ്ഞാനവും ദൈവഹിതത്തെ തിരിച്ചറിയാനുള്ള ഉൾക്കാഴ്ചയും ഇതിലടങ്ങിയിരിക്കുന്നു. ജ്ഞാനികളായി നടക്കുന്നതിലൂടെ കർത്താവ് കാണുന്നതുപോലെ കാണുവാനും, കർത്താവിന്റെ ഹിതം നമ്മുടെ പെരുമാറ്റത്തിന് മാതൃകയും ജീവിതത്തിന് നിലവാരവും ആക്കുവാനും കഴിയുന്നു.

എന്നാൽ കർത്താവിന്റെ എല്ലാ ഇഷ്ടവും നമുക്ക് വെളിപ്പെടുത്തിയിട്ടില്ല (ആവർത്തനം 29:28; 1 യോഹ. 3:2). നമ്മോടുള്ള ബന്ധത്തിൽ

വെളിപ്പെടുത്തിയതെല്ലാം നമുക്ക് അറിയുവാനും വിശ്വസിക്കുവാനും ജീവിതത്തിന്റെ വിവിധ മേഖലകളിൽ പ്രായോഗികമാക്കാനും ഉള്ളതാണ് (റോമർ 12:2; കൊലോ. 1:10).

## 4. ജ്ഞാനികളുടെ നടപ്പ് ആത്മാവിൽ നിറയപ്പെട്ട ജീവിതമാണ് (5:18 - 21)

**''വീഞ്ഞ് കുടിച്ച് മത്തരാവരുത്;... ആത്മാവ് നിറഞ്ഞവരായി...''**

ഇവിടെ ''**വീഞ്ഞ് കുടിച്ച് മത്തരാവരുത്**'' എന്ന് പറയുന്നുവെങ്കിലും വീഞ്ഞിനാൽ മാത്രമല്ല മറ്റ് യാതൊന്നിനാലും വിശ്വാസികൾ സുബോധം വിട്ടു ജീവിക്കുന്ന സാഹചര്യം ഉണ്ടാകരുതെന്നാണ് വചനം പൊതുവിൽ ഉദ്ദേശിക്കുന്നത് (സദൃശ്യം 23:20,31-35; 31:4-5; റോമർ 13:13; 1 കൊരി. 5:11; 1 തെസ്സ. 5:7). എന്നാൽ വീഞ്ഞ് കുടിച്ച് മത്തരായതുമൂലം ഉണ്ടായിട്ടുള്ള ചില തിക്തഫലങ്ങൾ വചനം പ്രത്യേകം രേഖപ്പെടുത്തിയിട്ടുണ്ട്. നോഹ (ഉല്പത്തി 9:21,24-25), ലോത്ത് (ഉല്പത്തി 19:32-35), ബേൽശസ്സർ (ദാനിയേൽ 5:1-30), അഹശ്വേരോശ് (എസ്തേർ 1:7-12), കൊരിന്ത് സഭയിലെ ചില വിശ്വാസികൾ (1 കൊരി. 11:27-30) എന്നിവരുടെ ദൃഷ്ടാന്തങ്ങൾ അവയിൽ ചിലതാണ്. അതുകൊണ്ടാണ് കാമാർത്തിയിലും മോഹങ്ങളിലും വീഞ്ഞുകുടിയിലും വെറിക്കൂത്തിലും മദ്യപാനത്തിലും വിഗ്രഹാരാധനയിലും നടന്ന് ജാതികളുടെ ഇഷ്ടം പ്രവർത്തിച്ചുകൊണ്ട് കാലം പോക്കിയത് മതി എന്നും (1 പത്രോസ് 4:3), മദ്യപാനികൾ സ്വർഗ്ഗരാജ്യം അവകാശമാക്കുകയില്ലെന്നും (1 കൊരി. 5:11; 6:9-10) അപ്പോസ്തലന്മാർ പറയുന്നത്. കാരണം, മദ്യപാനം ഒരു പാപം ആകുന്നു എന്നതിലുപരിയായി അതു മനുഷ്യനെ മറ്റു പാപങ്ങളിലേക്കും നയിക്കുന്നു (തീത്തോസ് 1:7; 1 പത്രോസ് 4:4).

വീഞ്ഞ് കുടിച്ച് മത്തരാകുന്നതിന് പകരമായി ''**ആത്മാവ് നിറഞ്ഞവരായി**'' എന്ന് ഇവിടെ പറയുന്നതിലൂടെ ആത്മാവിനാൽ മുദ്രയിടപ്പെട്ടവരും (1:13), ആത്മാവിൽ ദൈവത്തിന്റെ വിശുദ്ധമന്ദിരമായി പണിയപ്പെടുന്നവരും (2:21-22), ആത്മാവിനെ ദുഃഖിപ്പിക്കരുതെന്ന് മുന്നറിയിപ്പ് ലഭിച്ചവരും (4:30), ദൈവത്തിന്റെ എല്ലാ നിറവിലേക്കും നിറഞ്ഞു വരുവാനും (3:19) ദൈവാത്മാവിനാൽ നിറയപ്പെടുവാനുമാണ് കൽപ്പന ലഭിച്ചിരിക്കുന്നത് (5:18).

അങ്ങനെ വീഞ്ഞ് കുടിച്ച് മത്തരായി സുബോധം നഷ്ടപ്പെടുന്ന അ

വസ്ഥയ്ക്ക് പകരം ആത്മനിറവിന്റെ ഫലമായി ആത്മനിയന്ത്രണം ഉള്ള ഒരു അവസ്ഥ അവർക്ക് ലഭിക്കുന്നു (ഗലാത്യർ 5:22–23; ലൂക്കോസ് 1: 15). മാത്രമല്ല, ഇവിടെ "**ആത്മാവ് നിറഞ്ഞവരായി**" എന്നതിലൂടെ വ്യാകരണപ്രകാരം (plērousthe – customary present) ആത്മാവ് നിറഞ്ഞവരായി തന്നെ നിലനിൽക്കേണ്ട ഒരു സ്വഭാവരീതിയെ ഇത് സൂചിപ്പിക്കുന്നു. അതോടൊപ്പം തന്നെ വിശ്വാസിക്ക് തന്നെത്താൻ ആത്മാവിനാൽ നിറക്കുവാൻ കഴിയില്ല എങ്കിലും നിറയപ്പെട്ടിരിക്കുവാനുള്ള ഉത്തരവാദിത്വം വിശ്വാസിയുടെതാണെന്നും വ്യാകരണം സൂചിപ്പിക്കുന്നു (present passive imperative). എന്നാൽ ആത്മനിറവ് ആത്മാവിനെ പ്രാപിക്കുന്നതിൽ നിന്നും വ്യത്യസ്തമാണെന്നും ഇവിടെ സൂചന ലഭിക്കുന്നു. നിറവിന്റെ ഭാഷ പഴയനിയമത്തിൽ (യെശയ്യ. 6:1–4; യെഹെ. 10:4; 43:5; 44:4) ദൈവീക സാന്നിധ്യത്തെ സൂചിപ്പിക്കുന്നു. ദൈവിക സാന്നിധ്യം ആലയത്തെ നിറച്ചത് പോലെ ദൈവത്തിന്റെ ആലയമായ സഭ സമൂഹപരമായും അതിലെ അംഗങ്ങൾ വ്യക്തിപരമായും ദൈവാത്മാവിനാൽ നിറയപ്പെടുന്നു (അപ്പോ. 2:2–3; 7:55; 13:52; റോമർ 15:13; 1 കൊരിന്ത്യർ 6:19). ക്രിസ്തു വിശ്വാസികളെ ക്രിസ്തു ആത്മാവിൽ (എഫെ. 5:18) ദൈവത്തിന്റെ നിറവിലേക്ക് നിറയ്ക്കുന്നു (1:23; 4:10). ആത്മസ്നാനത്തിന്റെ ഫലമായി എല്ലാ ക്രിസ്തുവിശ്വാസികൾക്കും ആത്മാവിനെ ലഭിച്ചു എങ്കിൽ (1 കൊരി. 12:13), ആത്മനിറവിന്റെ ഫലമായി എല്ലാ ക്രിസ്തുവിശ്വാസികളെയും ആത്മാവിന് ലഭിക്കുന്നു.

ആത്മാവിൽ നിറയപ്പെടണം എന്നത് ഇവിടെ ഒരു കൽപ്പനയാണ്. ചില പ്രത്യേക ആവശ്യങ്ങൾക്കായി ചിലർ ആത്മാവിൽ നിറയപ്പെട്ടതായി പഴയനിയമം പറയുന്നുണ്ട് (പുറപ്പാട് 31:1–5; 35:31–33); പുതിയനിയമത്തിലും അങ്ങനെ തന്നെ കാണുന്നുണ്ട് (അപ്പോ. 6:3,5). പഴയനിയമ വാഗ്ദത്ത പ്രകാരം ദൈവത്തിന്റെ ആത്മാവ് ദൈവജനത്തിന്റെ ഇടയിൽ സമൂഹപരമായി വസിക്കും (പുറപ്പാട് 29:45–46; നെഹമ്യാവ് 9:20; യെശയ്യ. 63:10,11; ഹഗ്ഗായി 2:5) എന്നാണെങ്കിൽ പുതിയനിയമ വാഗ്ദത്ത പ്രകാരം ആത്മാവ് ദൈവജനത്തിന്റെ ഇടയിലും ദൈവജനത്തിലും യഥാക്രമം സമൂഹപരമായും വ്യക്തിപരമായും വസിക്കും എന്നാണ് പറയുന്നത് (യോഹ. 14:16; അപ്പോ. 2:2,3,38).

## ആത്മനിറവിനെ കുറിച്ചുള്ള തെറ്റിദ്ധാരണകൾ

ആത്മനിറവ് ആത്മാവിനെ പ്രാപിക്കുന്നതല്ല, ഒരു വലിയ അനുഭവത്തിലൂടെ വിശ്വാസിയിൽ സംഭവിക്കുന്നതും അല്ല; മറിച്ച് ആത്മാവി

നാൽ നിയന്ത്രിക്കപ്പെടുകയും ഭരിക്കപ്പെടുകയും ചെയ്യുക എന്നതാണ്. ഉദാഹരണമായി ദുഃഖം നിറഞ്ഞവരായി (യോഹ. 16:6), ഭയം നിറഞ്ഞ വരായി (ലൂക്കോസ് 5:26); കോപം നിറഞ്ഞവരായി എന്ന് പറയുന്നതു പോലെയാണ് ആത്മാവ് നിറഞ്ഞവരായി എന്ന് പറയുന്നത് (അപ്പോ. 7: 54–55). ഏതൊന്നിനാൽ നിറയപ്പെടുന്നുവോ അതിനാൽ നിയന്ത്രിക്കപ്പെ ടുകയും ഭരിക്കപ്പെടുകയും ചെയ്യുന്നു. തുടർന്ന് ആത്മനിറവിന്റെ ഫല ങ്ങളും അതിനുള്ള മുഖാന്തരങ്ങളും നാല് അപൂർണ്ണ ക്രിയകളിലൂടെ അ പ്പോസ്തലൻ ഇവിടെ വിവരിക്കുന്നു.

a. **സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മീക ഗീതങ്ങളാ ലും തമ്മിൽ സംസാരിക്കുന്നത് ആത്മനിറവിന്റെ ഫലവും അ തിനുള്ള മുഖാന്തരവും ആകുന്നു** (lalountes – present participle active).

വിശുദ്ധന്മാർ ആത്മാവിൽ കർത്താവുനിമിത്തം ദൈവത്തിന് വിശു ദ്ധമന്ദിരം ആകുന്നു (2:21–22), ആത്മീക ഗൃഹം ആകുന്നു (1 പത്രോസ് 2:5), ആത്മാവിന്റെ നിറവ് ആകുന്നു (1:23;4:10; 5:18), രാജകീയ പുരോഹി തവർഗ്ഗം ആകുന്നു (1 പത്രോസ് 2:5). പഴയനിയമത്തിൽ യിസ്രായേൽ സഭയ്ക്കുവേണ്ടി ദൈവസന്നിധിയിൽ സങ്കീർത്തനങ്ങളും സ്തുതികളും ആത്മീക ഗീതങ്ങളും ആലപിക്കുവാൻ ലേവ്യരെ നിയോഗിച്ചിരുന്നു (ദി നവൃത്താന്തം 6:31–48; 16:4–5; 25:1–31). എന്നാൽ പുതിയനിയമത്തിൽ എ ല്ലാ ക്രിസ്തുവിശ്വാസികളും വിശുദ്ധപുരോഹിതവർഗ്ഗവും (1 പത്രോസ് 2:5), സ്തോത്രയാഗം അർപ്പിക്കുവാൻ നിയോഗിക്കപ്പെട്ടവരും ആകുന്നു (എബ്രായർ 13:15); മാത്രമല്ല, ഏക ആത്മാവിൽ എല്ലാ ക്രിസ്തുവിശ്വാ സികൾക്കും ദൈവസന്നിധിയിലേക്ക് എപ്പോഴും പ്രവേശനവും ഉണ്ട് (2: 18).

സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മിക ഗീതങ്ങളാലും തമ്മിൽ സംസാരിച്ചതിന്റെ ചില തെളിവുകൾ പഴയനിയമത്തിലുണ്ട് (ആ വർത്തനം 31:30; 32:1–43; ന്യായാധിപന്മാർ 5:12; സങ്കീർത്തനം 17:1; 18:1; മലാഖി 3:16). മാത്രമല്ല, പുതിയനിയമത്തിൽ അതിനുള്ള നിർദ്ദേശവും ഉ ണ്ട് (5:18; കൊലോ. 3:16). തന്നെയുമല്ല ക്രൈസ്തവസഭയുടെ ആദ്യനാ ളുകളിൽ ക്രിസ്തുവിശ്വാസികൾ അങ്ങനെ ചെയ്തുവന്നതായി വിജാതീ യ ഭരണാധികാരികൾ സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്.

സങ്കീർത്തനങ്ങൾ ദൈവത്തിന്റെ വലിപ്പത്തെ പ്രകീർത്തിക്കുന്നതും, സ്തുതിഗീതങ്ങൾ ദൈവത്തിന്റെ വീണ്ടെടുപ്പിനെ സ്മരിക്കുന്നതും, ആ

ത്മിക ഗീതങ്ങൾ ദൈവത്തിന്റെ ശക്തി സ്വഭാവം സാക്ഷ്യങ്ങൾ എന്നിവയെ പ്രകീർത്തിക്കുന്നതും ആകുന്നു. ഇവിടെ ആത്മിക ഗീതങ്ങൾ എന്നതിന് ആത്മാവിന്റെ ഗീതങ്ങൾ എന്നും ആത്മാവിൽ പാടുന്ന ഗീതങ്ങൾ എന്നും അർത്ഥമാകാം. സംഗീതത്തിലെ ഈ മൂന്ന് ശാഖകളും ഒരുമിച്ച് പറഞ്ഞിരിക്കുന്ന വേദഭാഗങ്ങളും പഴയനിയമത്തിൽ ഉണ്ട് (സങ്കീർത്തനം 66:1; 67:1; 75:1; 76:1 c.f. എഫെ. 1:17; കൊലോ. 1:9). പുതിയനിയമത്തിലേക്ക് വരുമ്പോൾ സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മിക ഗീതങ്ങളാലും തമ്മിൽ സംസാരിച്ചതിന് തെളിവുമുണ്ട് (ലൂക്കോസ് 1: 46–55; 66–79; റോമർ 8:31–39; ഫിലിപ്പി. 2:6–10; കൊലോ. 1:20; വെളിപ്പാട് 5:9–14; 15:3–4).

**b. കർത്താവിന് പാടുകയും കീർത്തനം ചെയ്യുന്നതും ആത്മനിറവിന്റെ ഫലവും അതിനുള്ള മുഖാന്തിരവും ആകുന്നു (5:19 – 20)**

"**നിങ്ങളുടെ ഹൃദയങ്ങളിൽ കർത്താവിന് പാടിയും കീർത്തനം ചെയ്തും**" (adontes kai psallontes – present participle active) എന്നതിൽ "**ഹൃദയങ്ങളിൽ**" എന്നതിന് ശബ്ദം പുറത്തുവരാതെ കർത്താവിന് കീർത്തനം ചെയ്യുക എന്നും (1 ശമുവേൽ 1:13), ഹൃദയംഗമായി കർത്താവിന് പാടി കീർത്തനം ചെയ്യുക എന്നും അർത്ഥമാകാം (യെശയ്യാവ് 29:13; മത്തായി 15:8; മർക്കോസ് 7:6; ലൂക്കോസ് 10:27). എന്നാൽ രണ്ടാമത്തെതാണ് ഇവിടെ കൂടുതൽ യോജിക്കുന്നത് (റോമർ 10:10; കൊലോ. 3:16).

**c. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ദൈവവും പിതാവുമായവന് എല്ലായ്പ്പോഴും എല്ലാറ്റിനു വേണ്ടിയും സ്തോത്രം ചെയ്യുന്നത് ആത്മനിറവിന്റെ ഫലവും അതിനുള്ള മുഖാന്തിരവും ആകുന്നു** (5:20) (eucharistountes – present participle active)

വിശ്വാസികളുടെ പൗരോഹിത്യശുശ്രൂഷ തുടരുന്നതിനുള്ള ആഹ്വാനം തുടർന്നും അപ്പോസ്തലൻ നൽകുന്നു (എസ്രാ 3:10–11). ഇവിടെ "**എല്ലാറ്റിനു വേണ്ടിയും**" (hyper pantōn) എന്നതിന് എല്ലാ സാഹചര്യങ്ങൾക്കുവേണ്ടിയും എല്ലാ കാര്യങ്ങൾക്കും വേണ്ടിയും (1 കൊരി. 1:5; 2 കൊരി. 4:8; ഫിലിപ്പി. 4:8) എന്നൊരു അർത്ഥം മാത്രമല്ല, മറിച്ച് എല്ലാ വിശുദ്ധന്മാർക്ക് വേണ്ടിയും എന്നൊരു അർത്ഥവും കൂടെ ഇതിൽ അട

ങ്ങിയിരിക്കുന്നു (3:1,13; 5:2; 6:18-19; റോമർ 16:4; 2 കൊരി. 1:11; 1 തിമൊ. 2:1-2). അതുപോലെ "**എല്ലായ്പ്പോഴും**" (5:29) എന്നതിലൂടെ, അനുഗ്രഹത്തിൽ, അനുഗ്രഹ പ്രത്യാശയിൽ (റോമർ 8:29), ബലഹീനതയിൽ (2 കൊരി. 12:9), പ്രതിസന്ധിയിൽ (ദാനിയേൽ 6:10), അനർത്ഥത്തിൽ (യോന 2:9), കഷ്ടതയിലും ഉപദ്രവത്തിലും (അപ്പോ. 5:41; 16:25), അസ്വസ്ഥതയിൽ (1 ശമുവേൽ 16:23) മുതലായ എല്ലാ സാഹചര്യങ്ങളിലും എന്നാണ് അർത്ഥമാക്കുന്നത്. മാത്രമല്ല, വിശ്വാസികൾക്ക് എപ്പോഴും ഉണ്ടാകേണ്ടതായ നന്ദിയുള്ള ജീവിതരീതിയെയും ഇത് സൂചിപ്പിക്കുന്നു. അതുപോലെ സ്തോത്രം ചെയ്യേണ്ടത് "**യേശുക്രിസ്തുവിന്റെ നാമത്തിൽ**" ആകണമെന്ന് പ്രത്യേകം പറയുന്നതിന് കാരണം താൻ എല്ലാ നാമത്തിനും മേലായ നാമം ധരിച്ചതുകൊണ്ടും (ഫിലിപ്പി. 2:9-11) തനിക്ക് സ്വർഗത്തിലും ഭൂമിയിലും സകല അധികാരവും നൽകപ്പെട്ടതുകൊണ്ടും (മത്തായി 28:18-20), തന്റെ നാമം മാത്രം ഉയർന്നിരിക്കുന്നത് കൊണ്ടും (സങ്കീർത്തനം 129:8), മനുഷ്യർക്കും ദൈവത്തിനും ഇടയിലുള്ള ഏക മധ്യസ്ഥൻ ആയതുകൊണ്ടും (യോഹ. 14:6; 1 തിമൊ. 2:5-6; എബ്രായർ 4:16), നമുക്ക് പിതാവിങ്കലേക്ക് അവൻ മുഖാന്തിരം എപ്പോഴും പ്രവേശനം ഉള്ളതുകൊണ്ടും (2:18), ആത്മീക അനുഗ്രഹങ്ങൾ എല്ലാം യേശുക്രിസ്തുവിലൂടെ മാത്രം നമുക്ക് ലഭിക്കുന്നതുകൊണ്ടും (1:3-14) ആകുന്നു. സ്തോത്രം ചെയ്യുക, അഥവാ നന്ദിയുള്ളവരാകുക എന്നത് എല്ലാവരുടെയും കടമയാണ് (റോമർ 1:21; 2 തെസ്സ. 1:3-5; 2:13); അത് ദൈവത്തോടുള്ള ആരാധനയുടെ ഒരു ഭാഗമാണ്.

### d. ക്രിസ്തുവിന്റെ ഭയത്തിൽ അന്യോന്യം കീഴ്പ്പെട്ടിരിക്കുന്നത് ആത്മനിറവിന്റെ ഫലവും അതിനുള്ള മുഖാന്തിരവും ആകുന്നു (5:21 - 6:9).

"**അന്യോന്യം കീഴ്പ്പെട്ടിരിപ്പിൻ**" എന്നത് വ്യാകരണപ്രകാരം (Hypotassomenoi – present middle participle) അപൂർണ്ണക്രിയ വർത്തമാനകാലത്തിൽ പറഞ്ഞിരിക്കുന്നത് കൊണ്ട് പ്രവർത്തിയുടെ തുടർമാനതയെ സൂചിപ്പിക്കുന്നു. നിർബന്ധത്താൽ അല്ലാതെ സ്വമേധയാ കീഴ്പ്പെട്ടിരിക്കുന്നതിനെയാണ് ഇത് സൂചിപ്പിക്കുന്നത് (റോമർ 13:1,5; 1 കൊരി. 16:6; കൊലോ. 3:18; തീത്തോസ് 2:5).

ജനാധിപത്യ ഭരണസംവിധാനം നിലവിലുള്ള എല്ലാ സ്ഥലങ്ങളിലും പൂർണ്ണമായ അർത്ഥത്തിൽ എല്ലാവരും അന്യോന്യം കീഴ്പ്പെട്ടിരി

ക്കുന്നു; എന്നാൽ ആരും ആർക്കും ഏകപക്ഷീയമായി കീഴടങ്ങിയിരി ക്കുന്നില്ല; അപരന്റെ നിയമപരമായ അവകാശത്തെ ആദരിച്ചുകൊണ്ടും അനുവദിച്ചുകൊണ്ടും മാത്രമേ അവിടങ്ങളിൽ ഏതൊരാൾക്കും പ്രവർ ത്തിക്കുവാൻ കഴിയുകയുള്ളൂ; അതിനുള്ള കാരണം അധികാരികളോടു ള്ള ഭയമാണ്. എന്നാൽ ക്രിസ്തീയ ഉപദേശപ്രകാരം അന്യോന്യം കീ ഴ്പ്പെട്ടിരിക്കേണ്ടത് **ക്രിസ്തുവിന്റെ ഭയത്തിൽ** ആകുന്നു (ഫിലിപ്പി. 2:3-4; ഗലാത്യർ 5:13). ഈ ഭയം ഭീതിയല്ല (1 യോഹ. 4:18), മറിച്ച് രാജാധി രാജാവിനോടും കർത്താധികർത്താവിനോടുമുള്ള ഭയഭക്തിയാണ്. കാര ണം, പരമാധികാരിയായ ഈ കർത്താവിന് ആകാശത്തിലെ സകലശ ക്തികളും കീഴടങ്ങിയിരിക്കുന്നു (1 പത്രോസ് 3:22). അതുകൊണ്ട് ദൈ വ ഭവനത്തിൽ എല്ലാവരും അന്യോന്യം കീഴടങ്ങിയിരിക്കുന്നതിലൂടെ എല്ലാവർക്കും ക്രിസ്തുവിനോടുള്ള ഭയഭക്തിയാണ് വെളിപ്പെടുന്നത്. അന്യോന്യം കീഴ്പ്പെട്ടിരിക്കുക എന്നത് ആത്മനിറവിന്റെ ഫലവും അ തിനുള്ള മുഖാന്തിരവുമായി എല്ലാവർക്കും ബാധകമായതും എല്ലാവരി ൽ നിന്നും പ്രതീക്ഷിക്കുന്നതും ആണെങ്കിലും (മർക്കോസ് 10:42-45; ഫി ലിപ്പി. 2:3-4; 1 പത്രോസ് 5:5) തുടർന്ന് ഒരു ഗൃഹത്തിന്റെ പശ്ചാത്തല ത്തിൽ (5:22-6:9) ഭാര്യമാർ, മക്കൾ, ദാസന്മാർ മുതലായവർ യഥാക്രമം സ്വന്ത ഭർത്താക്കന്മാർക്കും, സ്വന്ത മാതാപിതാക്കൾക്കും, സ്വന്ത യജമാ നന്മാർക്കും കീഴടങ്ങിയിരിക്കണമെന്ന് അപ്പോസ്തലൻ ഇവിടെ പ്രത്യേ കം പറയുന്നു. കാരണം, സകലവും ക്രിസ്തുവിൽ വീണ്ടും ഒന്നായി ചേ ർക്കുന്നതിന്റെ ഒരു തലമാണ് ക്രിസ്തീയ കുടുംബ ഐക്യത്തിൽ നിറ വേറ്റപ്പെടുന്നത്.

### (i). ഭാര്യമാർ ഭർത്താക്കന്മാർക്ക് കീഴടങ്ങിയിരിക്കണം (5:22-33).

ദൈവം ക്രിസ്തുവിലൂടെ പുനസ്ഥാപിക്കുന്ന പ്രാപഞ്ചിക ഐക്യ ത്തിന്റെ സൂചന 1:10-ൽ കാണുന്നു; ക്രിസ്തുവിൽ വിശ്വസിക്കുന്ന മനു ഷ്യവർഗ്ഗത്തിന്റെ സ്ഥാനീയമായ സമ്പൂർണ്ണ അനുരഞ്ജനം 2:13-22 വാ ക്യങ്ങളിൽ കാണുന്നു. കൂടാതെ ഒരു ഗൃഹത്തിലെ വിവിധ തലത്തിലു ള്ള അംഗങ്ങൾ തമ്മിലുള്ള ഐക്യത്തിന് പ്രബോധനവും ഇവിടെ കാ ണുന്നു (5:22-6:9).

പുരാതനഗൃഹത്തിലെ മൂന്ന് വിഭാഗങ്ങളിൽപെട്ടവർക്കുള്ള പ്രബോ ധനമാണ് 5:22-6:9 വാക്യങ്ങളിൽ കാണുന്നത് (കൊലോ. 3:18-4:1). എ ന്നാൽ യവന - റോമ സംസ്കാരത്തിലുള്ള ഗൃഹങ്ങളുടെ പശ്ചാത്തല ത്തിലാണ് ഈ പ്രബോധനങ്ങൾ എല്ലാം നൽകിയിരിക്കുന്നത്; അതു

കൊണ്ടാണ് അധികാരത്തിന് കീഴടങ്ങിയിരിക്കുവാനുള്ള നിർദ്ദേശങ്ങൾ ഭാര്യമാർക്കും മക്കൾക്കും ദാസന്മാർക്കും വെവ്വേറെയായി ഇവിടെ നൽകിയിരിക്കുന്നത് (5:22–23; 6:1–4; 6:5–9).

അതിൽ ആദ്യത്തേത് ഭാര്യമാർ സ്വന്തം ഭർത്താക്കന്മാർക്ക് കീഴടങ്ങിയിരിക്കണം (5:22–33) എന്നാണ്. "**ഭാര്യമാരെ കർത്താവിന് എന്നപോലെ സ്വന്തഭർത്താക്കന്മാർക്ക് കീഴടങ്ങുവിൻ**" (1 കൊരി. 14:34; കൊലോ. 3:18; തീത്തോസ് 2:5; 1 പത്രോസ് 3:1–5). മക്കളോടും ദാസന്മാരോടും യഥാക്രമം മാതാപിതാക്കളെയും യജമാനന്മാരെയും അനുസരിക്കുവാൻ ആവശ്യപ്പെട്ടിരിക്കുന്നതുപോലെ (6:1–5), ഭാര്യമാരോട് സ്വന്ത ഭർത്താക്കന്മാരെ അനുസരിക്കുവാൻ ആവശ്യപ്പെടാതെ സ്വമേധയായും സ്വമനസ്സാലെയും കീഴടങ്ങിയിരിക്കുവാനാണ് അപ്പോസ്തലൻ പറയുന്നത്. കാരണം ഇവിടെ ഭാര്യമാർ ഭർത്താക്കന്മാർക്ക് കീഴടങ്ങിയിരിക്കുവാൻ പറഞ്ഞിരിക്കുന്നത് വ്യാകരണപ്രകാരം (hypotassesthe – middle voice) നിർബന്ധത്താൽ അല്ലാതെ സ്വയമായും സഹകരണ മനോഭാവത്തോടും ചെയ്യുന്നതിനെ സൂചിപ്പിക്കുന്നതാകുന്നു. എങ്കിലും സ്ത്രീകൾ പുരുഷന്മാർക്ക് കീഴടങ്ങിയിരിക്കാൻ അല്ല, മറിച്ച് ഭാര്യമാർ സ്വന്ത ഭർത്താക്കന്മാർക്ക് കീഴടങ്ങിയിരിക്കുവാനാണ് അപ്പോസ്തലൻ ആവശ്യപ്പെടുന്നത്. എന്നാൽ ക്രിസ്തുവിശ്വാസികളായ ഭാര്യമാർ സ്വന്ത ഭർത്താക്കന്മാർക്ക് കീഴടങ്ങിയിരിക്കുവാൻ ഇവിടെ പ്രത്യക്ഷമായ ഒരു കല്പനയിലൂടെ അപ്പോസ്തലൻ ആവശ്യപ്പെടുന്നില്ല. കാരണം, ഇവിടെ കീഴടങ്ങിയിരിക്കുവാൻ ആവശ്യപ്പെടുന്നതായി കാണുന്ന രണ്ടു വാക്യങ്ങളിലും (5:22,24) പ്രസ്തുതവാക്ക് പ്രത്യക്ഷത്തിൽ അപ്പോസ്തലൻ ഉപയോഗിച്ചിട്ടില്ല. എങ്കിലും പരോക്ഷമായി ഇതോടു ബന്ധപ്പെട്ട വാക്കുകളുടെ അടിസ്ഥാനത്തിൽ കീഴടങ്ങിയിരിക്കുവാനുള്ള കൽപ്പന ഇവിടെ അന്തർലീനമാണ്.

എന്നാൽ ഇവിടെ "**കർത്താവിന് എന്നപോലെ**" എന്നതിലെ താരതമ്യം കീഴടങ്ങിയിരിക്കുവാനുള്ള അളവിനെ അല്ല, മറിച്ച് വിധത്തെയാണ് സൂചിപ്പിക്കുന്നത്. കർത്താവിന് എന്നപോലെ ആർക്ക് കീഴടങ്ങിയിരിക്കണമെന്ന് (c.f. 6:1,5,6–7) പറഞ്ഞിരിക്കുന്നുവോ അവർക്ക് കർത്താവിന്റെ അധികാരമില്ലായെങ്കിലും കർത്താവ് അവരെ അധികാരപ്പെടുത്തിയിരിക്കുന്നു; മാത്രമല്ല കീഴടങ്ങിയിരിക്കുന്ന ഒരു സ്വഭാവരീതിയും വ്യാകരണം (hypotassesthe – customary present) ഇവിടെ സൂചിപ്പിക്കുന്നു (5:24). ഇതിനോട് ബന്ധപ്പെട്ട് മൂന്നു കാര്യങ്ങൾ ഇവിടെ പരാമർശിക്കുന്നു.

**കീഴടങ്ങിയിരിക്കേണ്ടതിന്റെ കാരണം**

**"ക്രിസ്തു സഭയ്ക്ക് തലയാകുന്നതുപോലെ ഭർത്താവ് ഭാര്യയ്ക്ക് തലയാകുന്നു"** (v.23). ഇവിടെ **"തല"** (kephale) ഒരു അവയവത്തെ അല്ല, മറിച്ച്, ഒരു ഉയർന്ന സ്ഥാനത്തെയാണ് സൂചിപ്പിക്കുന്നത് (ന്യായാ. 11:9,11; 2 ശമുവേൽ 22:44). എന്നാൽ ജീവതത്വശാസ്ത്രപരമായ ഒരു ഉയർന്ന സ്ഥാനമല്ല (ആദാം), മറിച്ച്, വേദശാസ്ത്രപരമായതും കുടുംബനാഥൻ അഥവാ കുടുംബത്തലവൻ എന്ന നിലയിൽ കുടുംബം എന്ന സ്ഥാപനത്തിലെ കൃത്യനിർവഹണത്തിന് ആവശ്യമായതുമായ ഒരു ഉയർന്ന സ്ഥാനമാണ് ഭർത്താവിനുള്ളത്. പ്രപഞ്ചത്തിന്റെ മേലും അതിലെ സകലത്തിന്റെ മേലും കർത്താവിനുള്ള ഉയർന്ന സ്ഥാനത്തെ "തല" എന്ന നിലയിൽ ഈ ലേഖനത്തിലും (1:20-23), ഇതര ലേഖനത്തിലും (1 കൊരി. 11:3; 15:28) അപ്പോസ്തലൻ വ്യക്തമാക്കിയിട്ടുണ്ട്.

സ്ത്രീയും പുരുഷനും ദൈവത്തിന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവരും (ഉല്പത്തി 1:26-27), നിത്യജീവന്റെ കൃപക്ക് കൂട്ടവകാശികളും (1 പത്രോസ് 3:7 c.f. ഗലാത്യർ 3:28-29), ക്രിസ്തുവിന്റെ ശരീരത്തിന്റെ അവയവങ്ങളും (എഫെ. 3:6), ഒരേ നിയോഗത്താൽ ദൈവത്തിന് രാജകീയ പുരോഹിതവർഗ്ഗം ആയി തീർന്നവരും ആകുന്നു (1 പത്രോസ് 2:9; c.f. എഫെ. 5:18-19). എങ്കിലും വിവാഹബന്ധത്തിലും കുടുംബബന്ധത്തിലും ഐക്യത്തോടും ഉത്തരവാദിത്വത്തോടും പ്രവർത്തിക്കുന്നതിനും ജീവിക്കുന്നതിനും ഒരു പ്രവർത്തന നേതൃത്വം അനിവാര്യമാണ്. അതുകൊണ്ടാണ് ദൈവപുത്രനായ യേശു പോലും മാതാപിതാക്കൾക്ക് കീഴടങ്ങിയിരുന്നു എന്ന് എഴുതിയിരിക്കുന്നത് (ലൂക്കോസ് 2:51); സമൂഹജീവിതത്തിലും ഒരു പ്രവർത്തനനേതൃത്വം അനിവാര്യമാണ്; അതുകൊണ്ടാണ് എല്ലാവരും അധികാരികൾക്ക് കീഴടങ്ങിയിരിക്കണം എന്ന് എഴുതിയിരിക്കുന്നത് (റോമർ 13:1,5; തീത്തോസ് 3:1). കാരണം, ഏതൊരു സ്ഥാപനത്തിന്റെയും ശരിയായ ഭരണനിർവഹണത്തിനും നിലനിൽപ്പിനും പ്രവർത്തിക്കുന്ന ഒരു നേതൃത്വവും പ്രസ്തുതനേതൃത്വത്തിന് കീഴ്പ്പെട്ടിരിക്കുന്നവരും അത്യാവശ്യമാണ്. അതുകൊണ്ടുതന്നെ കുടുംബം എന്ന സ്ഥാപനത്തിൽ ഭാര്യമാർ സ്വന്തം ഭർത്താക്കന്മാർക്ക് കീഴടങ്ങിയിരിക്കണം. എന്നാൽ ശരീരത്തിൽ തലയ്ക്കുള്ള അധികാരം പോലെ (4:15-16) ഭർത്താവ് ഭാര്യക്ക് തലയാകുന്നു എങ്കിലും, അധികാരി എന്ന നിലയിൽ ഭാര്യയുടെമേൽ ഭരണം നടത്തുവാൻ വചനം പ്രത്യക്ഷത്തിൽ ഭർത്താവിനെ അനുവദിക്കുന്നില്ല; മറിച്ച്, സ്വന്ത

ഭർത്താവിന് സ്വമേധയാ കീഴടങ്ങിയിരിക്കുവാൻ ഭാര്യയോട് പരോക്ഷമായി പറഞ്ഞിരിക്കുന്നു. ഭർത്താവിന് ദൈവം നൽകിയ അധികാരത്തെ അംഗീകരിക്കുന്നുതിന്റെ അടയാളമാണ് ഭാര്യ ഭർത്താവിന് കീഴടങ്ങിയിരിക്കുന്നത്. അങ്ങനെ കീഴടങ്ങിയിരിക്കുന്നത് എല്ലാം തനിക്ക് കീഴ്പ്പെടുത്തിയ കർത്താവിന് കീഴടങ്ങിയിരിക്കുന്നതിന്റെ ഒരു ഭാഗമാണ് (1:22); അവന് സഭയും കീഴ്പ്പെട്ടിരിക്കുന്നു (5:24); മാത്രമല്ല ദൂതന്മാരും അധികാരികളും ശക്തികളും കൂടെ അവന് കീഴ്പ്പെട്ടിക്കുന്നു (1 പത്രോസ് 3:22). അതുകൊണ്ടാണ് ഭാര്യമാർ ''**കർത്താവിന് എന്നപോലെ സ്വന്തഭർത്താക്കന്മാർക്ക്**'' മനസ്സോടെ കീഴടങ്ങിയിരിക്കുവാൻ വചനം ആവശ്യപ്പെടുന്നത്. അർത്ഥാൽ, കീഴടങ്ങിയിരിക്കേണ്ടത് മാനുഷിക - കുടുംബപരമായ കാരണത്തിന്റെ അടിസ്ഥാനത്തിൽ മാത്രമല്ല, ദൈവിക കാരണത്തിന്റെ അടിസ്ഥാനത്തിലുമാണ്; ഭർത്താവിന്റെ ആഗ്രഹവും താൽപര്യവും സഫലമാക്കുക എന്ന ഏക ലക്ഷ്യത്തിൽ അല്ല മറിച്ച് എല്ലാവരും കർത്താവിന് കീഴടങ്ങിയിരിക്കേണ്ടതിന് കുടുംബത്തിൽ ഒരു മാതൃകയായിരിക്കുവാനുമാണ്.

ഭാര്യമാർ സ്വന്ത ഭർത്താക്കന്മാർക്ക് കീഴടങ്ങിയിരിക്കേണ്ടതിന്റെ വേദശാസ്ത്രപരമായ ചില കാരണങ്ങൾ തിരുവെഴുത്ത് നൽകുന്നുണ്ട്. അതിൽ ഒന്നാമതായി, ആദ്യം ദൈവം ആദാമിനെ സൃഷ്ടിച്ച് സകലവും അവന്റെ കാൽകീഴാക്കിക്കൊടുത്തതിന് ശേഷമാണ് അവന് തക്കതുണയായി ഹവ്വയെ സൃഷ്ടിച്ചത് (ഉല്പത്തി 1:26; 2:7; 18:22; 1 കൊരിന്ത്യർ 11:9). രണ്ടാമതായി, മനുഷ്യവർഗ്ഗത്തെ മുഴുവനും പാപത്തിലേക്ക് നയിച്ചതിന്റെ അടിസ്ഥാന കാരണം സ്ത്രീ നേതൃത്വം ഏറ്റെടുത്തു പ്രവർത്തിച്ചതുമൂലമാണ് (1 തിമൊ. 2:14). മൂന്നാമതായി, മനുഷ്യൻ ലംഘനത്തിലൂടെ പാപം ചെയ്തതിനുശേഷം കുടുംബത്തിന്റെ നേതൃത്വം ദൈവം പുരുഷന് ഉറപ്പിച്ചു കൊടുത്തതായി കാണുന്നു (ഉല്പത്തി 3:16; 1 കൊരി. 11:3).

**കീഴടങ്ങിയിരിക്കേണ്ടതിനുള്ള മാതൃക**

''**സഭ ക്രിസ്തുവിന് കീഴടങ്ങിയിരിക്കുന്നതുപോലെ**'' ഭാര്യമാരും സ്വന്തം ഭർത്താക്കന്മാർക്ക് കീഴടങ്ങിയിരിക്കണം എന്ന് പറയുന്നതിലൂടെ ഭാര്യമാർ സ്വന്തം ഭർത്താക്കന്മാർക്ക് കീഴടങ്ങിയിരിക്കേണ്ടതിന്റെ മാതൃകയും പ്രചോദനവും ഇവിടെ കാണുന്നു (5:22-24). ഈ മാതൃക പ്രാചീന രീതിയോ, പിതാക്കന്മാരുടെ സമ്പ്രദായമോ, പൗരസ്ത്യ സംസ്കാരമോ അല്ല, മറിച്ച്, സൃഷ്ടിക്രമം അടിസ്ഥാനമാക്കിയുള്ള ദൈവിക വ്യവ

സ്ഥയാണ് (1 കൊരി. 11:3,8–11 തിമൊ. 2:11–14). അതുകൊണ്ട് ഈ സൃഷ്ടി നിലിനിൽക്കുന്ന കാലത്തോളം ഈ വ്യവസ്ഥയ്ക്ക് മാറ്റമില്ല (മത്തായി 22:30). മാത്രമല്ല, ഇങ്ങനെ കീഴടങ്ങിയിരിക്കുന്നതിന് ചില പ്രത്യേകതകളുമുണ്ട്. ഒന്നാമതായി, സഭ ക്രിസ്തുവിന് കീഴടങ്ങിയിരിക്കുന്നത് നിർബന്ധത്താൽ അല്ല, മറിച്ച്, സ്വമേധയായി ചെയ്യുന്നതാണ്; രണ്ടാമതായി, സഭ ക്രിസ്തുവിന് കീഴടങ്ങിയിരിക്കുന്നത് പശ്ചാത്താപം ഇല്ലാതെയാണ്, അർത്ഥാൽ, കീഴടങ്ങിയത് തെറ്റായിപ്പോയി എന്ന വീണ്ടുവിചാരം ഇല്ലാതെയാണ് (without regret). മൂന്നാമതായി, സഭ ക്രിസ്തുവിന് കീഴടങ്ങിയിരിക്കുന്നത് ഭയത്തോടെയല്ല, മറിച്ച് ഭക്തിയോടും ബഹുമാനത്തോടും കൂടിയാണ്.

**കീഴടങ്ങിയിരിക്കേണ്ടതിനുള്ള പരിമാണം**

**"ക്രിസ്തു ശരീരത്തിന്റെ രക്ഷിതാവായി സഭയ്ക്ക് തലയാകുന്നതുപോലെ... ഭാര്യമാരും ഭർത്താക്കന്മാർക്ക് സകലത്തിലും കീഴടങ്ങിയിരിക്കണം"** (23–24).

ശരീരത്തിന്റെ മൊത്തം ക്ഷേമം ലക്ഷ്യമാക്കി പ്രവർത്തിക്കുന്നതിനുള്ള ഉത്തരവാദിത്വം തലയ്ക്കായിരിക്കുന്നതു പോലെ (കൊലോ. 1:8), സകലത്തിലും തലയ്ക്ക് കീഴടങ്ങിയിരിക്കുവാനുള്ള ഉത്തരവാദിത്വം ശരീരത്തിന് ഉണ്ട് (കൊലോ. 1:18). അതുകൊണ്ടാണ് ഭാര്യമാർ ഭർത്താക്കന്മാർക്ക് "**സകലത്തിലും**" കീഴടങ്ങിയിരിക്കണം എന്ന് ഇവിടെ പറയുന്നത്. അതിനർത്ഥം ജീവിതത്തിന്റെ എല്ലാ മേഖലകളിലും എല്ലാ സാഹചര്യങ്ങളിലും എല്ലാ അവസ്ഥയിലും എന്നാണ്. "**സകലത്തിലും**" എന്ന ശൈലി മക്കൾ മാതാപിതാക്കളെ അനുസരിക്കുന്നതിലും ദാസന്മാർ യജമാനന്മാരെ അനുസരിക്കുന്നതിലും അപ്പോസ്തലൻ ഉപയോഗിച്ചിട്ടുണ്ട് (കൊലോ. 3:20,22). എന്നാൽ വചനം പ്രത്യക്ഷമായോ പരോക്ഷമായോ വിലക്കാത്തതും വചനം അനുവദിക്കുന്നതുമായ "**സകലത്തിലും**" എന്നാണ് ഇതിന്റെ അർത്ഥം (കൊലോ. 3:18).

**ഭർത്താക്കന്മാർ ഭാര്യമാരെ സ്നേഹിക്കണം (5:25–33)**

ഭാര്യമാർ സ്വന്തഭർത്താക്കന്മാർക്ക് കീഴടങ്ങിയിരിക്കുവാൻ അപ്പോസ്തലൻ ആദ്യം പരോക്ഷമായി കൽപ്പിച്ചിട്ട് ഭർത്താക്കന്മാർ തങ്ങളുടെ ഭാര്യമാരെ സ്വന്ത ശരീരങ്ങളെ പോലെ സ്നേഹിക്കുവാൻ ഇവിടെ പ്രത്യക്ഷമായി തന്നെ കൽപ്പിച്ചിരിക്കുന്നു (5:25,28,33).

ഭർത്താക്കന്മാർ ഭാര്യമാരെ സ്നേഹിക്കുന്നതിനുള്ള മാതൃക ക്രിസ്തുവിന് സഭയോടുള്ള സ്നേഹമാണ്. അതുകൊണ്ടാണ് "**ക്രിസ്തുവും സഭയെ സ്നേഹിച്ചത് പോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ**" എന്ന് പറഞ്ഞിരിക്കുന്നത്. "**സ്നേഹിച്ചതുപോലെ**" എന്നത് ഇവിടെ വ്യാകരണപ്രകാരം (ēgapēsen – constative aorist) പൂർണമായ ഒരു പ്രവർത്തി വിശദീകരണം കൂടാതെ പറഞ്ഞിരിക്കുന്നു. ഇത് കാരണം കൂടാതെയുള്ള ക്രിസ്തുവിന്റെ സ്നേഹത്തെ സൂചിപ്പിക്കുന്നതാകുന്നു. അതുപോലെ "**സ്നേഹപ്പിൻ**" (agapate – customary present) എന്നത് വർത്തമാന കാലക്രിയയിൽ സ്നേഹിക്കുന്ന സ്വഭാവത്തെയും സൂചിപ്പിക്കുന്നു. ക്രിസ്തുവിന് സഭയോടുള്ള സ്നേഹത്തിന്റെ മൂന്നു സുവിശേഷതകൾ നാം ഇവിടെ കാണുന്നു. മാത്രമല്ല, ഭാര്യമാരെ അപേക്ഷിച്ചു ഭർത്താക്കന്മാരെ അവരുടെ കടമ ഓർമ്മപ്പെടുത്തുവാൻ മൂന്നു മടങ്ങ് അധികം വാക്യങ്ങളും അപ്പോസ്തലൻ ഇവിടെ ഉപയോഗിച്ചിരിക്കുന്നു എന്നതും പ്രത്യേകം പ്രസ്താവ്യമാണ് (എഫെ. 5:25-33).

ക്രിസ്തുവിന് സഭയോടുള്ള സ്നേഹം ഒന്നാമതായി, തന്നെത്താൻ ഏൽപ്പിച്ചു കൊടുക്കുന്ന സ്നേഹം ആകുന്നു (27).

ഭാര്യയോടുള്ള ഭർത്താവിന്റെ സ്നേഹവും കരുതലും ആണ് സകലത്തിലും തനിക്ക് കീഴ്പ്പെട്ടിരിക്കുന്ന ഭാര്യയുടെ ജീവിതത്തിന് അന്തസ് നൽകുന്നതും അഭിമാനത്തോടെ ജീവിക്കുവാൻ പ്രചോദനം ആയിരിക്കുന്നതും.

ഭാര്യക്കും ഭർത്താവിനും കുടുംബത്തിലും സഭയിലും സമൂഹത്തിലും വ്യത്യസ്ത പങ്കാണ് നിർവഹിക്കാനുള്ളതെങ്കിലും അവർ ഇരുവരും കുടുംബത്തിലും സഭയിലും സമൂഹത്തിലും ഒരുപോലെ ബഹുമാന്യരും അനിവാര്യരും ആണ് (1 കൊരി. 12:21-26). അതുകൊണ്ടാണ് "**ക്രിസ്തുവും സഭയെ സ്നേഹിച്ചതുപോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ**" (v.25) എന്ന് പറയുന്നത്. തുടർന്ന് ക്രിസ്തു സഭയെ എങ്ങനെ സ്നേഹിച്ചു എന്ന് പറയുന്നു. അത് "**തന്നെത്താൻ അവൾക്കുവേണ്ടി ഏൽപ്പിച്ചു കൊടുത്തു**"കൊണ്ടാകുന്നു (26-27). തന്റെ യാഗത്തിലൂടെ സഭയെ ശുദ്ധീകരിപ്പാനും (v.26), വചനത്തോടുകൂടിയ ജലസ്നാനത്താൽ വെടിപ്പാക്കുവാനും (v.26), കറ, ചുളുക്കം മുതലായത് ഒന്നുമില്ലാതെ പൂർണ്ണതയുള്ള കാന്തയായി സഭയെ തനിക്ക് തന്നെ തേജസ്സോടെ മുൻനി

റുത്തേണ്ടതിനും (v.27) തന്നെത്താൻ അവൾക്കുവേണ്ടി ഏൽപ്പിച്ചു കൊടുത്ത ക്രിസ്തുവിന്റെ മാതൃകയാണ് ഭർത്താവിന്റെ മുമ്പിലുള്ളത്.

ക്രിസ്തുവിന് സഭയോടുള്ള സ്നേഹം രണ്ടാമതായി, പരിപൂർണ്ണയാക്കുന്ന സ്നേഹം ആകുന്നു (26-27).

ക്രിസ്തുവിന്റെ യാഗത്തിന്റെ പൗരോഹിതപരമായ പ്രത്യേകത "**അവൻ അവളെ വചനത്തോടുകൂടിയ ജലസ്നാനത്താൽ വെടിപ്പാക്കി... തന്നെത്താൻ അവൾക്കുവേണ്ടി ഏൽപ്പിച്ചു കൊടുത്തു**" എന്നാണ്.

അഹരോന്യ പുരോഹിതരെ പോലെ തനിക്ക് സ്വന്ത പാപത്തിന് ആദ്യം പരിഹാരം വരുത്തേണ്ടതായ ആവശ്യമില്ലായിരുന്നു (പുറപ്പാട് 29:1-21; സംഖ്യ. 19:1-9; മത്തായി 3:13-15; എബ്രായർ 7:26-28). മറിച്ച്, തന്റെ ജനത്തെ തന്റെ സ്വന്തമാക്കുവാൻ തന്റെ യാഗത്തിലൂടെ തന്നെ (തീത്തോസ് 2:14) അവരെ പാപത്തിൽ നിന്നും അശുദ്ധിയിൽ നിന്നും ശുദ്ധീകരിക്കുന്നു (1 കൊരി.6:10-11; തീത്തോസ് 2:14; എബ്രായർ 9:9-14; 13:12).

മാത്രമല്ല, ഇവിടെ കാണുന്ന "**അവൻ അവളെ വചനത്തോടുകൂടിയ ജലസ്നാനത്താൽ വെടിപ്പാക്കി വിശുദ്ധീകരിക്കേണ്ടതിനു**" എന്ന ശൈലിയുടെ പശ്ചാത്തലം പ്രവാചക പുസ്തകത്തിൽ കാണുന്നുണ്ട് (യെഹെ. 16:1-14). അവിടെ യഹോവയായ ദൈവം തന്റെ കാന്തയായി യിസ്രായേലിനെ സ്വീകരിച്ച് ശുദ്ധീകരിച്ച് ഒരുക്കുന്നത് അലങ്കാരികമായി പറഞ്ഞിരിക്കുന്നു.

ഇവിടെ "**വിശുദ്ധീകരിക്കേണ്ടതിനു**" എന്നത് പഴയനിയമത്തിൽ ആചാര ശുദ്ധീകരണത്തിന് ഉപയോഗിക്കുന്ന വാക്കാണ് (പുറപ്പാട് 29:36-37; ലേവി. 8:15; 16:19; 1 ശമുവേൽ 20:26; നെഹെ. 12:30; 2 കൊരി. 7:1). വ്യാകരണപ്രകാരം (hagiasē – constative aorist) പൂർണമായ ഒരു പ്രവർത്തിയെ വിശദീകരണം കൂടാതെ പറഞ്ഞിരിക്കുന്നത്, കാരണം കൂടാതെയുള്ള ദൈവത്തിന്റെ പ്രവർത്തിയെ സൂചിപ്പിക്കുന്നതാകുന്നു. ഇതോടു ബന്ധപ്പെട്ട് എങ്ങനെ ഏതു മുഖാന്തിരത്തിലൂടെ വിശുദ്ധീകരിക്കുന്നു എന്നാണ് ഇവിടെ "**വെടിപ്പാക്കി**" (katharisas – aorist active participle) എന്നതിലൂടെ വ്യക്തമാക്കുന്നത്. ധാന്യങ്ങൾ പതിര് കളഞ്ഞ് വെടിപ്പാക്കുന്നതിനും, വീട് അടിച്ചുതുടച്ചു വെടിപ്പാക്കുന്നതിനും, മുന്തിരിവള്ളി ചെത്തി വെടിപ്പാക്കുന്നതിനും (യോഹ. 15) ഉപയോഗിക്കുന്ന വാക്കാണിത്.

കർത്താവ് തന്റെ കാന്തയ്ക്കായി ചെയ്യുന്ന രണ്ടു പ്രവർത്തികളും ഒരുമിച്ച് പറഞ്ഞിരിക്കുന്നു എങ്കിലും ആദ്യം വെടിപ്പാക്കലും പിന്നീട് വിശുദ്ധീകരണവും ആണ് ക്രമത്തിൽ സംഭവിക്കുന്നത്.

അതുകൊണ്ട് ഇവിടെ പറയുന്ന കഴുകൽ അഥവാ വെടിപ്പാക്കൽ ജലസ്നാനമല്ല; കാരണം, ജലസ്നാനത്തോടുകൂടെ വചനം (വചനത്തോട് കൂടിയ ജലസ്നാനത്തിൽ) തിരുവെഴുത്തിൽ എവിടെയും ഉപയോഗിച്ചിട്ടില്ല. ഇക്കാരണത്താൽ "**വചനത്തോടുകൂടിയ ജലസ്നാനത്താൽ**" എന്നത് ഇവിടെ വചനത്തിലുള്ള അല്ലെങ്കിൽ വചനത്താലുള്ള കഴുകലിനെ സൂചിപ്പിക്കുന്നു; അത് രക്ഷയോട് ബന്ധപ്പെട്ട് സുവിശേഷ വചനത്താലുള്ള ആന്തരിക കഴുകലിനെ സൂചിപ്പിക്കുന്നു (1 കൊരിന്ത്യർ 6:11; തീത്തോസ്3:6; എബ്രായർ 10:22).

വചനത്താലുള്ള കഴുകൽ അഥവാ വെടിപ്പാക്കൽ പഴയനിയമ കാലഘട്ടത്തിലെ ജനത്തിനും പുരോഹിതന്മാർക്കും പരിചിതമായിരുന്നു. കർത്താവിന്റെ ഐഹിക കാലത്തുണ്ടായിരുന്ന യഹൂദന്മാരും ഈ നിലയിലുള്ള ശുദ്ധീകരണ ആചാരങ്ങൾ തുടർന്നിരുന്നു (മത്തായി 15:2; ലൂക്കോസ് 11:38; യോഹ. 2:6). മാത്രമല്ല, ഇവിടെ വെള്ളത്താൽ ഉള്ള ശുദ്ധീകരണ ശൈലിക്ക് ക്രൂശിലെ ശുദ്ധീകരണവുമായി ബന്ധമുണ്ട് (അപ്പോ. 22:16; റോമർ 6:2-6; 1 കൊരിന്ത്യർ 6:11; എബ്രായർ 10:22). ഇക്കാര്യം ആത്മാവിനാലുള്ള സ്നാനത്തിൽ തന്നെ വ്യക്തമാണ് (1 കൊരി. 12:13 c.f. 1 കൊരി.10:1-4).

പഴയ സൃഷ്ടി ദൈവവചനത്താലും ദൈവാത്മാവിനാലും ഉളവായതുപോലെ (ഉല്പത്തി 1:3-25; 2 പത്രോസ് 3:5), പുതിയ സൃഷ്ടിയും വചനത്താലും ദൈവാത്മാവിനാലും ഉളവായതും ശുദ്ധീകരിക്കപ്പെട്ടതുമാണ് (യോഹ. 15:3; 17:17; തീത്തോസ് 3:6,7; യാക്കോബ് 1:18; 1 പത്രോസ് 1:23).

മാത്രമല്ല, ഇവിടെ പറയുന്ന കറ, ചുളുക്കം, അശുദ്ധി മുതലായ ന്യൂനതകൾ ദൈവത്തിന് യാഗം കഴിക്കുന്നതിനും യിസ്രായേല്യർക്ക് ദൈവത്തോട് അടുക്കുന്നതിനും മുന്നിലുണ്ടായിരുന്ന ധാർമികവും സാന്മാർ ഗീകവുമായ തടസ്സങ്ങൾ ആയിരുന്നു. എന്നാൽ ക്രിസ്തുവിന്റെ യാഗം സകല പാപത്തെയും അശുദ്ധിയെയും അയോഗ്യതയെയും നീക്കി നമ്മെ ശുദ്ധീകരിക്കുന്നു (എബ്രായർ 9:11-14; c.f. എഫെ.1:7). ഏലീശ പ്രവാചകന്റെ വചന പ്രകാരം യോർദാനിൽ മുങ്ങിയ നയമാന്റെ കുഷ്ഠം

മാറി തനിക്ക് ഒരു പുതിയ ത്വക്ക് ഉണ്ടായതുപോലെ വചനത്താലും ആത്മാവിനാലുമുള്ള ശുദ്ധീകരണത്തിലൂടെ ക്രിസ്തുവിൽ വിശ്വസിക്കുന്ന എല്ലാവർക്കും ആന്തരികമായി പൂർണശുദ്ധി വന്നിരിക്കുന്നു; അങ്ങനെ ശുദ്ധീകരിക്കപ്പെട്ടുകൊണ്ട് ക്രിസ്തുവിശ്വാസിക്ക് ദൈവസന്നിധിയിലേക്ക് പ്രവേശനം സാധ്യമാകുന്നു (2:18; 3:12; എബ്രായർ 10:19–21; 2 കൊരി. 4:14; കൊലോ. 1:22).

ഇവിടെ "**കറ ചുളുക്കം മുതലായത് ഒന്നുമില്ലാതെ...**" (mē echous an – customary present – not having) എന്നത് സഭയെ കർത്താവ് കഴുകി വിശുദ്ധീകരിച്ചത് നിമിത്തം സ്ഥാനീയമായി ദൈവമുമ്പാകെ സഭയുടെ ഇപ്പോഴത്തെ അവസ്ഥയെ സൂചിപ്പിക്കുന്നു.

ആത്മിക - ആന്തരിക ശുദ്ധീകരണത്തിന്റെ ആവശ്യം "**... തനിക്കുതന്നെ തേജസ്സോടെ മുന്നിറുത്തേണ്ടതിന്**" ആകുന്നു. ഈ സൃഷ്ടിക്ക് ശേഷം വരുന്ന പുതിയ സൃഷ്ടിയിൽ സഭയെ പൂർണ്ണതയുള്ള കാന്തയായി തേജസോടെ തനിക്ക് തന്നെ മുന്നിറുത്തേണ്ടതിനാണ് ക്രിസ്തു സഭയ്ക്ക് വേണ്ടി തന്നെത്താൻ ഏൽപ്പിച്ചു കൊടുത്തത് (യെശയ്യാ. 62:5; ഗലാത്യർ 1:3).

"**തന്നെത്താൻ അവർക്കുവേണ്ടി ഏൽപ്പിച്ചുകൊടുത്തു**" എന്നത് വ്യാകരണപ്രകാരം (paredōken – constative aorist) വിശദീകരണം കൂടാതെ പൂർണ്ണമായ ഒരു പ്രവർത്തിയെ സൂചിപ്പിക്കുന്നു. ഇത് സഭയ്ക്ക് വേണ്ടിയുള്ള ക്രിസ്തുവിന്റെ കാരണം കൂടാതെയുള്ള ത്യാഗപ്രവൃത്തിയെ സൂചിപ്പിക്കുന്നു.

ഇതോടു ബന്ധപ്പെട്ടാണ് ഞാൻ നിങ്ങളെ ക്രിസ്തു എന്ന ഏക പുരുഷന് നിർമ്മലകന്യകയായി വിവാഹ നിശ്ചയം ചെയ്തിരിക്കുന്നു എന്ന് അപ്പോസ്തലൻ മറ്റൊരിടത്ത് പറയുന്നത് (2 കൊരി. 11:2); കുഞ്ഞാടിന്റെ കല്യാണ ദിവസത്തിലേക്കാണ് കർത്താവ് തന്റെ കാന്തയെ ഈ നിലയിൽ ഒരുക്കുന്നത് (വെളിപ്പാട് 19:7–9; 21:2,9–11); ക്രിസ്തുവിന്റെ നാളിൽ അത് സംഭവിക്കും (2 കൊരി. 4:14; കൊലോ. 1:22) അങ്ങനെ അവസാനം ദൈവത്തിന്റെ നിത്യതയിലെ ഉദ്ദേശം യാഥാർത്ഥ്യമാകും (എഫെ. 1:4; 5:27).

ക്രിസ്തുവിന് സഭയോടുള്ള സ്നേഹം മൂന്നാമതായി, കരുതുന്ന സ്നേഹം ആകുന്നു (5:28–29).

**“അവ്വണ്ണം ഭർത്താക്കന്മാരും തങ്ങളുടെ ഭാര്യമാരെ സ്വന്തം ശരീര ങ്ങളെ പോലെ സ്നേഹിക്കേണ്ടതാകുന്നു”** (v.28).

വ്യാകരണപ്രകാരം **“സ്നേഹിക്കേണ്ടതാകുന്നു”** (opheilousin… agapan – customary present) എന്നതിലൂടെ സ്നേഹിക്കുന്നത് നിർബ ന്ധമായും ഒരു സ്വഭാവമായി തീരണം എന്നാണ് ഇവിടെ അർത്ഥമാക്കു ന്നത്. ക്രിസ്തു കാണിച്ചുതന്നതുപോലെ തന്നെത്താൻ ഏൽപ്പിച്ചു കൊടുക്കുന്ന ത്യാഗപൂർവമായി സ്നേഹവും (25–27) ഒരു ശരീരം എന്ന നിലയിലുള്ള അനിവാര്യമായ സ്നേഹവും (28–33) വിശ്വാസികളായ ഭ ർത്താക്കന്മാർക്ക് ഒരു സ്വഭാവമായിരിക്കണം.

ഇവിടെ **“ഭർത്താക്കന്മാരും തങ്ങളുടെ ഭാര്യമാരെ സ്വന്തം ശരീര ങ്ങളെ പോലെ സ്നേഹിക്കേണ്ടതാകുന്നു”** എന്നതിലൂടെ സ്നേഹിക്കു ന്നതിനുള്ള അളവിനെയല്ല, മറിച്ച്, വിധത്തെയാണ് സൂചിപ്പിക്കുന്നത് (not the measure, but the manner).

കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണം എന്ന് ന്യായ പ്രമാണം പറയുന്നതിന്റെ ചുവടുപിടിച്ചാണ് ഭർത്താവ് ഭാര്യയെ സ്വന്തം ശരീരത്തെ പോലെ സ്നേഹിക്കണം എന്ന് അപ്പോസ്തലൻ പറയുന്നത് (ലേവി. 19:18; മത്തായി 19:19; റോമർ 13:9; ഗലാത്യർ 5:14). കാരണം, ദൈ വിക സങ്കല്പത്തിൽ ഭർത്താവും ഭാര്യയും തത്വത്തിൽ ഒരു ദേഹമാണ് (മത്തായി 19:5–6; മർക്കോസ് 10:7–8). അവരുടെ ജീവിതത്തിന് ഒരു മന സ്സും ആഗ്രഹവുമാണുള്ളത്; ഒരേ കാഴ്ചപ്പാടും ലക്ഷ്യവുമാണ് അവർ ക്ക് മുമ്പിലുള്ളത്; അതിന്റെ ഫലം ഒരു ശരീരം എന്ന ചിന്തയാണ് (c.f. എസ്രാ 3:1).

അതുകൊണ്ട് **“ഭാര്യയെ സ്നേഹിക്കുന്നവൻ തന്നെത്താൻ സ്നേ ഹിക്കുന്നു”**. സ്വന്ത ശരീരത്തെ സ്നേഹിക്കുന്നതും കരുതുന്നതും മനു ഷ്യന് ഒരു സ്വഭാവമായിരിക്കുന്നതുപോലെ സ്വന്ത ഭാര്യയെ സ്നേഹി ക്കുന്നതും കരുതുന്നതും ക്രിസ്തുവിശ്വാസികളായ ഭർത്താക്കന്മാർക്ക് ഒരു സ്വഭാവമായിരിക്കണമെന്ന് വ്യാകരണം (agapōn – customary prese nt) ഇവിടെ സൂചിപ്പിക്കുന്നു.

ഭർത്താക്കന്മാർ ഭാര്യമാരെ സ്വന്തം ശരീരങ്ങളെ പോലെ സ്നേഹി ക്കേണ്ടത് ഭർത്താക്കന്മാർക്ക് കീഴടങ്ങിയിരുന്നു ഭയപ്പെടുന്നതുകൊണ്ടല്ല

(24,33), മറിച്ച്, കർത്താവിന്റെ കൽപ്പന നിമിത്തവും ക്രിസ്തുവിന് സഭ യോടുള്ള സ്നേഹം കുടുംബത്തിലും സമൂഹത്തിലും മാതൃകയാക്കുന്ന തിനുമാണ് (v.28). അതുപോലെ ഭാര്യമാർ സ്വന്ത ഭർത്താക്കന്മാർക്ക് കീ ഴടങ്ങിയിരുന്നു അവരെ ഭയപ്പെടേണ്ടത്, ഭർത്താവിന് ഭാര്യയോടുള്ള സ് നേഹത്തിന്റെ പ്രതികരണമായിട്ടല്ല, മറിച്ച്, കർത്താവിന്റെ കൽപ്പന നിമി ത്തവും സഭ കർത്താവിന് സകലത്തിലും കീഴടങ്ങിയിരിക്കുന്നതിന് കു ടുംബത്തിലും സമൂഹത്തിലും മാതൃകയാക്കുന്നതിനുമാണ് (v.24).

ഭർത്താവ് ഭാര്യയെ സ്വന്ത ശരീരത്തെ പോലെ സ്നേഹിക്കുവാൻ പറഞ്ഞതിന് കാരണം "**ആരും തന്റെ ജഡത്തെ ഒരുനാളും പകച്ചിട്ടില്ല ല്ലോ... അതിനെ പോറ്റി പുലർത്തുകയത്ര ചെയ്യുന്നത്**" എന്ന സാമാ ന്യ യുക്തിയുടെ അടിസ്ഥാനത്തിലാണ്. ഇവിടെ "**പോറ്റി പുലർത്തുക**" എന്നതുകൊണ്ട് ഒരു മാതാവ് തന്റെ കുഞ്ഞിനെ ശാരീരികമായും മാന സികമായും ആത്മീകമായും പരിപാലിക്കുന്നതുപോലെയും പരിപോഷി പ്പിക്കുന്നതു പോലെയും (1 തെസ്സ. 2:7; എഫെ. 6:4), ശാരീരികമായും മാ നസികമായും ആത്മികമായും പരിപാലിക്കുക, പരിപോഷിപ്പിക്കുക, സ മഗ്രക്ഷേമം ഉറപ്പാക്കുക, എല്ലാ പരിമിതികളും കുറവുകളും അതിജീവി പ്പിക്കുക എന്നാണ് അർത്ഥം (5:29 c.f. 1 തെസ്സ. 2:7). കാരണം, തത്വ ത്തിൽ ഭാര്യ ഭർത്താവിന്റെ സ്വയവും മനസ്സും ശരീരവും ആണ്.

സഭയുടെ മേൽ ക്രിസ്തുവിനുള്ള അധികാരം പ്രഥമമായി സഭയെ വീണ്ടെടുത്ത് പോറ്റി പുലർത്തി, ആത്യന്തിക ക്ഷേമം ഉറപ്പാക്കുവാൻ വേണ്ടിയാകുന്നതുപോലെ, ഭാര്യയുടെമേൽ ഭർത്താവിനുള്ള അധികാ രം ഭാര്യയെ ശാരീരികമായും മാനസികമായും ആത്മീകമായും സംര ക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും ആത്യന്തിക ക്ഷേമം ഉറപ്പാക്കു ന്നതിനും വേണ്ടിയാകുന്നു.

ഒരു മനുഷ്യൻ തന്റെ ശരീരത്തെ പകക്കാതെ അതിനെ പരിപാലി ക്കുന്നത് സ്വാഭാവികമായിരിക്കുന്നതുപോലെ സ്വാഭാവികമായുള്ള പരി പാലനമാണ് ഇവിടെ ഉദ്ദേശിക്കുന്നത്. ഇത് "**ക്രിസ്തുവും സഭയെ ചെ യ്യുന്നതുപോലെ**" ആകുന്നു. തുടർമാനമായതും എപ്പോഴും ഉള്ളതും, ഒ രുപോലെ നിലനിൽക്കുന്നതുമായ പരിപാലനം സഭയ്ക്ക് ക്രിസ്തുവിൽ നിന്ന് ലഭിക്കുന്നു. അത് തികച്ചും സ്വാഭാവികമാണ്. അത് കടമയായിട്ട ല്ല; യാക്കോബ് റാഹേലിന് വേണ്ടി അമ്മായിയപ്പനെ സേവിച്ചത് പോലെ സ്നേഹത്തിൽ സന്തോഷത്തോടെ ചെയ്യുന്ന ഒരു പ്രവർത്തി ആകുന്നു.

കാരണം, "**നാം അവന്റെ ശരീരത്തിന്റെ അവയവങ്ങളല്ലോ**" എന്നാണ് അപ്പോസ്തലൻ തുടർന്ന് പറയുന്നത്.

ഭർത്താവിന് ഭാര്യയോടുള്ള സ്നേഹം സ്വന്തം ശരീരത്തോട് എന്ന പോലെ ആയിരിക്കണം (v.32). എന്നാൽ അതിനുള്ള മാതൃക ക്രിസ്തുവാണ്. എന്നാൽ ക്രിസ്തു തന്റെ സ്വന്ത ശരീരത്തിനല്ല, മറിച്ച്, സഭ എന്ന തന്റെ മാർമ്മിക ശരീരത്തിനാണ് യാഗമായി തീർന്നത് എന്നോർക്കുമ്പോൾ ക്രിസ്തുവിനോട് നമുക്കുള്ള ഭയഭക്തി വർദ്ധിക്കുന്നു (എഫെ. 1:23; 5:27).

ഇതോട് ബന്ധപ്പെട്ട്, "**അതുനിമിത്തം ഒരു മനുഷ്യൻ അപ്പനെയും അമ്മയെയും വിട്ട് ഭാര്യയോട് പറ്റിച്ചേരും; ഇരുവരും ഒരു ദേഹം ആയിതീരും**" (c.f. ഉല്പത്തി 2:24; എസ്രാ 3:1) എന്ന ഉദ്ധരണിയിലൂടെ ക്രിസ്തുവിന് സഭയോടുള്ള ബന്ധത്തെ മുൻകൂട്ടി സൂചിപ്പിക്കുന്നതാണ് വിവാഹം എന്ന് തെളിയുന്നു. കാരണം, ഭാര്യ ഭർത്താക്കന്മാരുടെ മാതൃകാപരമായ കുടുംബ ജീവിതത്തിലൂടെ, ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധത്തിന്റെ ഒരു നിഴൽ കാണുവാൻ കഴിയും. അതുകൊണ്ടാണ് "**ഈ മർമ്മം വലിയത് ഞാൻ ക്രിസ്തുവിനെയും സഭയെയും ഉദ്ദേശിച്ചത്രെ പറയുന്നത്**" (v.32) എന്ന് അപ്പോസ്തലൻ തുടർന്ന് പറയുന്നത്.

അർത്ഥാൽ, "**ഇരുവരും ഒരു ദേഹമായിത്തീരും**" എന്ന വിവാഹ ബന്ധത്തിലുള്ള ആദ്യവചനം ക്രിസ്തുവിനെയും സഭയെയും സംബന്ധിച്ചുള്ള ഒരു വലിയ മർമ്മം ആയിരുന്നു എന്നും, ഭാര്യയും ഭർത്താവും പോലെയും ശരീരവും തലയും പോലെയും അടുത്ത ആത്മബന്ധമാണ് അതിനുള്ളതെന്നും ദൈവജനത്തിന് വെളിപ്പെട്ടത് സഭ രൂപീകൃതമായതിനുശേഷം അപ്പോസ്തലന്മാരിലൂടെയാണ്.

ക്രിസ്തുവിന്റെ ഭയത്തിൽ അന്യോന്യം കീഴടങ്ങിയിരിക്കുന്നതിനോടുള്ള ബന്ധത്തിൽ മുൻപറഞ്ഞ വാക്യങ്ങളുടെ സംക്ഷേപമായി ക്രിസ്തു സഭയെ സ്നേഹിച്ചതുപോലെ "**നിങ്ങളും അങ്ങനെ തന്നെ ഓരോരുത്തൻ താന്താന്റെ ഭാര്യയെ തന്നെപ്പോലെ തന്നെ സ്നേഹിക്കണം**" എന്നാണ് അപ്പോസ്തലൻ ഭർത്താക്കന്മാരോട് കൽപ്പിക്കുന്നത്. എന്നാൽ ഭാര്യമാരോടുള്ള ബന്ധത്തിൽ, "**ഭാര്യയോ ഭർത്താവിനെ ഭയപ്പെടേ**

**ണ്ടതാകുന്നു**'' എന്നും പറയുന്നു. ഭാര്യമാർ സ്വന്തം ഭർത്താക്കന്മാർക്ക് കീഴടങ്ങിയിരിക്കണം എന്ന് ആദ്യം പരോക്ഷമായി പറഞ്ഞിട്ട് (v.22) ഇവിടെ ഭാര്യ ഭർത്താവിനെ ഭയപ്പെടേണ്ടതാകുന്നു എന്ന് പ്രത്യേകം പറഞ്ഞിരിക്കുന്നു. എന്നാൽ ഇവിടെ ഭയം ഭീതിയെ സൂചിപ്പിക്കുന്നതല്ല, മറിച്ച്, ബഹുമാനത്തോടുകൂടിയ ആദരവിനെയും ഭയഭക്തിയെയും സൂചിപ്പിക്കുന്നതാകുന്നു (5:21; ഉല്പത്തി 42:18; സദൃശ്യം 3:7; 14:2; 24:21; 1 പത്രോസ് 3:3-6).

### (ii). **മക്കൾ അമ്മയപ്പന്മാരെ അനുസരിക്കണം (6:1-4)**

ദൈവം സ്ഥാപിച്ച കുടുംബം എന്ന സ്ഥാപനത്തിന് ആധുനിക സമൂഹത്തിൽ മൂല്യച്യുതി സംഭവിച്ചുകൊണ്ടിരിക്കുകയും കുടുംബങ്ങൾ ക്രമേണ അതിനോട് പൊരുത്തപ്പെട്ടു കൊണ്ടിരിക്കുകയും ചെയ്യുന്നതിനാൽ തിരുവെഴുത്തിലെ കുടുംബസങ്കൽപത്തിന് ക്രമേണ മരണം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ പലരും ഇതൊന്നും വേണ്ടവിധം ശ്രദ്ധിക്കുന്നില്ല; ശ്രദ്ധിച്ചാൽ തന്നെ ഇതിനെ വലിയ സംഗതിയായി കണക്കാക്കുന്നുമില്ല. എന്നാൽ കുടുംബം എന്ന സ്ഥാപനത്തിന് തിരുവെഴുത്ത് വലിയ പ്രാധാന്യമാണ് നൽകുന്നത്; പഴയനിയമത്തിലും പുതിയനിയമത്തിലും ശരിയായ കുടുംബ സംവിധാനത്തെ കുറിച്ചും മക്കളും മാതാപിതാക്കളും തമ്മിലുള്ള ശരിയായ ബന്ധത്തെക്കുറിച്ചും അതിനായി അന്യോന്യമുള്ള കടമകളെ കുറിച്ചും ഓരോ അംഗത്തിനും വ്യക്തമായ കൽപ്പനകൾ ഉണ്ട് .

ആവർത്തനം 6:4-ൽ ''യിസ്രായേലേ കേൾക്ക; യഹോവ നമ്മുടെ ദൈവമാകുന്നു; യഹോവ ഏകൻ തന്നെ'' എന്ന് പറയുന്നു. അതുകൊണ്ട് നിന്റെ ദൈവമായ യഹോവയെ നീ പൂർണ്ണഹൃദയത്തോടും മനസ്സോടും ശക്തിയോടും കൂടെ സ്നേഹിക്കണം എന്നും (v.5), യഹോവയുടെ കല്പനകൾ നിന്റെ ഹൃദയത്തിൽ ഇരിക്കണം എന്നും (v.6), അവയെ നിന്റെ മക്കൾക്ക് എപ്പോഴും ഉപദേശിച്ചു കൊടുക്കണം എന്നും (v.7), കൽപ്പനകൾ എപ്പോഴും ഓർക്കുവാൻ അവ ശരീരത്തിലും വീട്ടിലും അടയാളമായിരിക്കണം (8-9) എന്നും ദൈവം കൽപ്പിച്ചിരിക്കുന്നു.

അങ്ങനെ ദൈവത്തിന്റെ ചട്ടങ്ങളും കല്പനകളും തലമുറയിൽ നിന്നും തലമുറയിലേക്ക് കൈമാറുന്നതിനുള്ള ഒരു ദൈവിക സ്ഥാപനമാണ് കുടുംബം. എന്നാൽ കുടുംബത്തിൽ ആധുനിക ലോകത്തിന്റെ അതിപ്രസരവും അധിനിവേശവും നിമിത്തം ദൈവിക സത്യങ്ങൾ പുതിയ

തലമുറയിലേക്ക് വേണ്ടവിധം കൈമാറ്റം ചെയ്യപ്പെടുന്നില്ല. അതുകൊണ്ട് എഫെ. 6:1-4 വരെയുള്ള അപ്പോസ്തലിക വചനത്തിന് ഇക്കാലത്ത് വലിയ പ്രസക്തിയുണ്ട്.

കുടുംബത്തിൽ കീഴടങ്ങിയിരിക്കുവാനുള്ള നിർദ്ദേശങ്ങൾ ഇവിടെ രണ്ടാമതായി, മക്കളോടുള്ള ബന്ധത്തിൽ "**മക്കളെ, നിങ്ങളുടെ അമ്മയപ്പന്മാരെ കർത്താവിൽ അനുസരിപ്പിൻ**" എന്ന് പറഞ്ഞിരിക്കുന്നു.

കേൾക്കുവാനും മനസ്സിലാക്കുവാനും തിരിച്ചറിവുള്ളവരും, മാതാപിതാക്കളുടെ സംരക്ഷണയിൽ കഴിയുന്നവരുമായ മക്കളെയാണ് അപ്പോസ്തലൻ ഇവിടെ ഉദ്ദേശിക്കുന്നത്.

ഇതോടുള്ള ബന്ധത്തിൽ 6:1-3 വാകൃങ്ങളിൽ പ്രധാനമായും രണ്ട് കൽപ്പനകൾ ആണ് അപ്പോസ്തലൻ മക്കൾക്ക് നൽകുന്നത്; അതിൽ ആദ്യത്തേത്, "**മക്കളെ നിങ്ങളുടെ അമ്മയപ്പന്മാരെ കർത്താവിൽ അനുസരിപ്പിൻ**" എന്നതാണ്. ഇവിടെ മാതാപിതാക്കളെ സ്നേഹിപ്പിൻ എന്നല്ല അപ്പോസ്തലൻ മക്കളോട് പറയുന്നത്. കാരണം, മാതാപിതാക്കളോടുള്ള മക്കളുടെ പ്രധാന ഉത്തരവാദിത്വം അവരെ സ്നേഹിക്കുക എന്നല്ല, മറിച്ച്, കീഴടങ്ങിയിരുന്നു അനുസരിക്കുക എന്നതാണ്. നിർദ്ദേശങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കുന്നതാണ് അനുസരണം. മക്കൾ മാതാപിതാക്കളുടെ അധികാരത്തിൻ കീഴിലും അനുസരണത്തിലും വളരണം. അതുകൊണ്ടാണ് മനുഷ്യാവതാരം ചെയ്ത ദൈവപുത്രനായ യേശു പോലും മാതാപിതാക്കൾക്ക് കീഴടങ്ങിയിരുന്നു എന്ന് എഴുതിയിരിക്കുന്നത് (ലൂക്കോസ് 2:51).

യവന - റോമ സംസ്കാരത്തിലും യഹൂദ സംസ്കാരത്തിലും മക്കൾ തങ്ങളുടെ മാതാപിതാക്കളെ സ്നേഹിക്കുവാനും പ്രായാധികൃത്തിൽ കരുതുവാനും യോഗ്യമായി അടക്കം ചെയ്യുവാനും മരണശേഷം ആദരിക്കുവാനും ദൈവം കഴിഞ്ഞാൽ ഏറ്റവും അധികമായി ബഹുമാനിക്കുവാനും പഠിപ്പിച്ചിരുന്നു.

മക്കൾ മാതാപിതാക്കളെ അനുസരിക്കുകയും ബഹുമാനിക്കുകയും വേണമെന്ന് പഴയനിയമവും പുതിയനിയമവും പഠിപ്പിക്കുന്നു (പുറപ്പാട് 20:12; 21:15; മത്തായി 15:4-6; 1 തിമൊ. 5:4,8). മക്കൾ അങ്ങനെ ചെയ്യുന്നത് മക്കൾക്ക് മാതാപിതാക്കളോടുള്ള കടപ്പാടിന്റെ നിർണായകഘടകം ആയിരുന്നു (സദൃശം 1:8-9).

ഇവിടെ "**അനുസരിപ്പിൻ**" (hypakouete) എന്നതിന് പിന്തുടരുക, കീഴ്പ്പെടുക, വിധേയപ്പെടുക എന്നാണ് അർത്ഥം. വ്യാകരണപ്രകാരം (customary present) സ്വന്തം ഇഷ്ടപ്രകാരം ആവശ്യമുള്ളപ്പോൾ അനുസരിക്കുന്നതിനല്ല, മറിച്ച്, മാതാപിതാക്കളെ എപ്പോഴും അനുസരിക്കുന്ന സ്വഭാവത്തെയാണ് ഇവിടെ അപ്പോസ്തലൻ മക്കളിൽ നിന്ന് ആവശ്യപ്പെടുന്നത്.

"**കർത്താവിൽ അനുസരിപ്പിൻ**" എന്നതിൽ അനുസരിക്കേണ്ടതിന്റെ വ്യാപ്തിയും മേഖലയും ഉൾപ്പെട്ടിരിക്കുന്നു. മാത്രമല്ല "**കർത്താവിൽ**" എന്നൊരു ശൈലി ലേഖനത്തിൽ ഉടനീളം കാണുന്നുമുണ്ട് (4:17; 5:8). ക്രിസ്തീയ മാതാപിതാക്കളെ ക്രിസ്തീയ മണ്ഡലത്തിൽ അനുസരിക്കുവാനാണ് അപ്പോസ്തലൻ ഇവിടെ കൽപ്പിക്കുന്നത്. കാരണം ഇതിന് സമാനമായി തന്നെ ഈ ലേഖനത്തിന്റെ മറ്റു ഭാഗങ്ങളിൽ കർത്താവിന് എന്നപോലെ (5:22) എന്നും ക്രിസ്തുവിന് എന്നപോലെ തന്നെ എന്നും (6:5) താൻ പറഞ്ഞിരിക്കുന്നു. അർത്ഥാൽ, മാതാപിതാക്കളെ കർത്താവിൽ അനുസരിക്കുന്ന മക്കൾ കർത്താവിനെ തന്നെ അനുസരിക്കുന്നതായി കണക്കാക്കപ്പെടുന്നു; അതുപോലെ മാതാപിതാക്കളെ കർത്താവിൽ അനുസരിക്കാത്ത മക്കൾ കർത്താവിനെ അനുസരിക്കാത്തവരായി കണക്കാക്കപ്പെടുന്നു. കാരണം, ആത്യന്തികമായി മക്കൾ ദൈവത്തിന്റെ അവകാശവും അവരുടെ സംരക്ഷണത്തിനായി ദൈവത്താൽ നിയോഗിക്കപ്പെട്ടവരും ദൈവത്തിൽ നിന്നും അധികാരം പ്രാപിച്ചവരും ദൈവത്തിന്റെ കാര്യവിചാരകരും ദൈവത്തിന് കണക്ക് കൊടുക്കേണ്ടവരുമാണ് മാതാപിതാക്കൾ.

അതുകൊണ്ട് മക്കൾ മാതാപിതാക്കളെ അനുസരിക്കുന്നത് ദൈവത്തിനു പ്രസാദകരമാണ് (കൊലോ. 3:20). വചനം പ്രത്യക്ഷമായോ പരോക്ഷമായോ വിലക്കുന്ന കാര്യങ്ങൾ ഒഴികെ മറ്റ് എല്ലാ കാര്യങ്ങളിലും മക്കൾ മാതാപിതാക്കളെ പൂർണമായും അനുസരിക്കുവാൻ ബാധ്യസ്ഥരാണ്; അതാണ് "**കർത്താവിൽ അനുസരിപ്പിൻ**" എന്നതിന്റെ ഒന്നാമത്തെ അർത്ഥം (അപ്പോ. 4:19-20). രണ്ടാമതായി, ദൈവത്തിന് കീഴിലെ ശിഷ്യത്വത്തിന്റെയും ആത്മീയ രൂപാന്തരത്തിന്റെയും ഭാഗമാണിത്. അത് ഒരു കടമ നിറവേറ്റൽ മാത്രമല്ല, മറിച്ച്, ആത്മിക നിറവിന്റെ ഫലവും (5:18), ദൈവത്തെ അനുസരിക്കുന്നതിന്റെ തെളിവും കുടുംബത്തിലെ ഐക്യം നിലനിർത്തുന്നതിന് സഹായകരവുമാണ്, സഭയും സമൂഹവും സകലവും ക്രിസ്തുവിൽ ഒന്നായി ചേർക്കപ്പെടുന്നതിന്റെ ആദ്യപടിയാ

ണ് (1:10).

തുടർന്ന് "**അത് ന്യായമല്ലോ**" അഥവാ ന്യായം ആകുന്നുവല്ലോ എന്നത് അനുസരിക്കുന്നതിനുള്ള കാരണത്തെ സൂചിപ്പിക്കുന്നു. ദൈവം കൽപ്പിക്കുന്നതെല്ലാം ന്യായമാണ് (നെഹ. 9:14-17; സങ്കീ. 19:8; ഹോശയ 14:9). അതുകൊണ്ട് ന്യായമായ ഈ കല്പനകളെല്ലാം അടങ്ങിയ പ്രമാണമാണ് ന്യായപ്രമാണം.

ശൈശവത്തിലും ബാല്യത്തിലും മക്കളെ വളർത്താൻ ഏറ്റവും അധികമായി ത്യാഗം സഹിച്ചത് മാതാപിതാക്കൾ ആയതുകൊണ്ട് എല്ലാ അർത്ഥത്തിലും ഇത് ന്യായമാണ് (ഫിലിപ്പി. 4:8). വ്യാകരണപ്രകാരം (estin – gnomic present) എപ്പോഴും എല്ലാവരോടും ഉള്ള ബന്ധത്തിൽ നിലനിൽക്കുന്ന ഒരു സാർവത്രിക യാഥാർത്ഥ്യത്തെയാണ് ഇവിടെ സൂചിപ്പിക്കുന്നത്. മാത്രമല്ല, മക്കൾ മാതാപിതാക്കളെ അനുസരിക്കുന്നത് സമൂഹത്തിന്റെ ആരോഗ്യപരമായ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്; അതില്ലാത്ത അവസ്ഥ അന്ത്യകാല അടയാളങ്ങളിൽ ഒന്നാണ് (റോമർ 1:29-32; 2 തിമൊ. 3:2).

എന്നാൽ മാതാപിതാക്കളെ അനുസരിക്കാതെ അവരോട് ശാഠ്യത്തോടെ മത്സരിക്കുന്നത് വിഗ്രഹാരാധനയും രാജ്യദ്രോഹവുമായി യിസ്രായേലിൽ കണക്കാക്കപ്പെട്ടിരുന്നു (പുറപ്പാട് 21:15,17; ലേവി. 19:3; 20:9; 1 ശമുവേൽ 15:22). മാത്രമല്ല, അങ്ങനെയുള്ളവർക്ക് ന്യായപ്രമാണം മരണ ശിക്ഷയും വിധിച്ചിരുന്നു (ലേവി. 20:9; ആവർത്തനം 21:18-21).

ഇതോടുള്ള ബന്ധത്തിൽ രണ്ടാമത്തെ കൽപ്പന "**നിനക്ക് നന്മ ഉണ്ടാകുവാനും നീ ഭൂമിയിൽ ദീർഘായുസ്സോടിരിക്കാനും നിന്റെ അപ്പനെയും അമ്മയും ബഹുമാനിക്ക**" എന്നാണ് (vv.2-3).

ഇവിടെ "**ബഹുമാനിക്ക**" (Tima) എന്നതിലൂടെ വ്യാകരണപ്രകാരം (customary present), മക്കളിൽ നിന്നും മാതാപിതാക്കളെ ബഹുമാനിക്കുന്ന സ്വഭാവത്തെയാണ് അപ്പോസ്തലൻ ആവശ്യപ്പെടുന്നത്. പഴയ കൽപ്പന അടിസ്ഥാനമാക്കിയുള്ള ഒരു വാഗ്ദത്തമാണിത് (പുറപ്പാട് 20:12; ആവർത്തനം 5:16). അപ്പനെയും അമ്മയെയും ബഹുമാനിക്കുന്ന മക്കൾ അധികാരികളെയും സമൂഹത്തെയും ബഹുമാനിക്കുന്ന മക്കൾ ആയിത്തീരും. വിധേയത്വവും ഉത്തരവാദിത്വബോധവും ഉള്ള ഒരു തലമുറ ഒരു സമൂഹത്തിന്റെ സമ്പത്ത് ആയിരിക്കും. എന്നാൽ അപ്പനെയും അമ്മ

യെയും ബഹുമാനിക്കാതെ അവരെ ഉപദ്രവിക്കുന്ന മക്കൾ മരണ ശിക്ഷ ഏൽക്കണം എന്നും (പുറപ്പാട് 21:15,17) പഴയനിയമം നിഷ്കർഷിച്ചിരുന്നു.

മക്കളുടെ വളർച്ചയ്ക്കും സംരക്ഷണത്തിനും നിലനിൽപ്പിനും താങ്ങും തണലുമായി നിന്നതുപോലെ മാതാപിതാക്കൾക്ക് ആവശ്യമായ നിലയിൽ പ്രത്യുപകാരം ചെയ്യുവാൻ മക്കൾക്ക് കടപ്പാടുണ്ട് (1 തിമൊ. 5:4 c.f. മത്തായി 15:4-6; മർക്കോസ് 7:10-13 ).

മുമ്പ് മാതാപിതാക്കളെ "**അനുസരിപ്പിൻ**" എന്ന് മക്കളോട് പറഞ്ഞിട്ട് ഇവിടെ "**ബഹുമാനിക്ക**" എന്നാണ് പറഞ്ഞിരിക്കുന്നത്. "**അനുസരിപ്പിൻ**" എന്നത് ബാഹ്യമായ പ്രവർത്തിയെയും "**ബഹുമാനിക്ക**" എന്നത് ആന്തരിക പ്രവർത്തിയേയും സൂചിപ്പിക്കുന്നു. മക്കൾ മാതാപിതാക്കളെ അനുസരിക്കുന്നതിലൂടെയാണ് പ്രധാനമായും ബഹുമാനിക്കുന്നത്; അതുപോലെ അനുസരണക്കേടിലൂടെ അപമാനിക്കുകയും ചെയ്യുന്നു (ആവർത്തനം 21:18-21; 27:16).

അപ്പനെയും അമ്മയെയും ബഹുമാനിക്ക എന്നുള്ള ന്യായപ്രമാണ കൽപ്പന തങ്ങളുടെ സമ്പ്രദായത്തിലൂടെ നിർവീര്യമാക്കിയതുകൊണ്ടാണ് കർത്താവ് പരീശന്മാരെ ശാസിച്ചത് (മത്തായി 15:1-6 c.f. പുറപ്പാട് 20: 12).

ദൈവത്തിന് യിസ്രയേല്യരുമായുള്ള ബന്ധം അപ്പന് മക്കളോട് എന്നപോലെ ആയിരുന്നു (ആവർത്തനം 1:31; 8:2-5; സദൃശ്യം 3:11-12). അതുപോലെ മക്കൾ മാതാപിതാക്കളെ ഭയപ്പെടുവാൻ ആവശ്യപ്പെടുന്ന ഭയം ദൈവത്തിനു മാത്രം അവകാശപ്പെട്ട ഭയം ആണ് (ലേവി. 19:3,14,32), ദൈവത്തിന്റെ മന്ദിരത്തിന് അവകാശപ്പെട്ട ഭയമാണ് (ലേവി. 19:30), അർത്ഥാൽ, ദൈവം കഴിഞ്ഞാൽ മക്കൾക്ക് ഏറ്റവും അധികം ഭയഭക്തി വേണ്ടത് സ്വന്ത മാതാപിതാക്കളോടാണ്.

"**നിനക്ക് നന്മ ഉണ്ടാകുവാനും നീ ഭൂമിയിൽ ദീർഘായുസ്സോടെ ഇരിക്കാനും നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക**" എന്നതിൽ നിന്നും മാതാപിതാക്കളെ ബഹുമാനിക്കുന്നതിന്റെ പ്രതിഫലം ഭൂമിയിൽ തന്നെ ലഭിക്കുമെന്ന് മനസ്സിലാക്കാം. തങ്ങളെ ശൈശവത്തിലും ബാല്യത്തിലും വളർത്തിയ മാതാപിതാക്കളെ അനുസരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന മക്കൾക്ക് അനുസരിക്കാത്തതും ബഹുമാനിക്കാത്ത

തുമായ മക്കളെ അപേക്ഷിച്ച് സാധാരണ നിലയിൽ ഭൂമിയിൽ ദീർഘാ യുസ്സും നന്മയും ഉണ്ടാകുമെന്നത് ഒരു സാർവത്രിക യാഥാർത്ഥ്യമാണ് (സദൃശ്യം 15:5; 30:17 c.f. സദൃശ്യം 6:20–22; 13:1; പുറപ്പാട് 12:12; 15:26; 19:5 –6); എന്നാൽ തിന്മ ത്യജിച്ചാൽ (സദൃശ്യം 1:8–9), ഭോഷത്വം ഒഴിവാക്കി യാൽ (1:32; 10:21; 14:12; 21:16), ദൈവത്തെ അനുസരിച്ചാൽ (3:1–2; 4:10), ജ്ഞാനിയായിരുന്നാൽ (9:11; 13:14; 15:24), ദുർമാർഗത്തിൽ നിന്ന് ഒഴി ഞ്ഞിരുന്നാൽ (5:23; 7:27; 9:18), ദൈവത്തെ ഭയപ്പെട്ടാൽ (10:27; 14:27; 19: 23; 22:4), നീതിയോടെ ജീവിച്ചാൽ (11:19,30; 21:22), തിന്മയെ ത്യജിച്ചാൽ (15:27; 22:22–23), സൂക്ഷിച്ചു സംസാരിച്ചാൽ (20:20; 30:17) മുതലായ ദൈ വീക വ്യവസ്ഥകൾക്ക് വിധേയപ്പെട്ടതാണ് ഈ വാഗ്ദത്തം.

ഇതോടു ബന്ധപ്പെട്ടുതന്നെ ഇത് "**വാഗ്ദത്തത്തോടു കൂടിയ ആ ദ്യ കൽപ്പന ആകുന്നു**" എന്നും അപ്പോസ്തലൻ തുടർന്ന് പറയുന്നു.

"**ആദ്യ കല്പന**" എന്നതുകൊണ്ട് ക്രമത്തിൽ ഒന്നാമത്തേത് എ ന്നും പ്രാധാന്യം കൊണ്ട് ഒന്നാമത്തേത് എന്നും അർത്ഥമാക്കാം എങ്കി ലും ന്യായപ്രമാണ കൽപ്പനയിൽ ഇത് ക്രമത്തിലും പ്രാധാന്യത്തിലും ഒന്നാമത്തെതല്ല, മറിച്ച് ഒന്നാമത്തെ കൽപ്പനയായും മുഖ്യ കൽപ്പനയാ യും കർത്താവ് പറഞ്ഞത് വേറെ കൽപ്പനയാണ് (പുറപ്പാട് 20:3 c.f. മ ത്തായി 22:36–39; മാർക്കോസ് 12:28–33).

യിസ്രായേല്യരായ മക്കൾ അവരുടെ ദേശത്തിലെ നന്മ അനുഭവി ക്കുവാൻ അവരുടെ മാതാപിതാക്കളെ ബഹുമാനിക്കണം എന്നതാണ് പ ഴയ കൽപ്പനയുടെ ഉള്ളടക്കം (ആവർത്തനം 5:16). എന്നാൽ പഴയ കൽ പ്പനയുടെ വാഗ്ദത്ത ദേശവുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കി "**നി നക്ക് നന്മ ഉണ്ടാകുവാനും നീ ഭൂമിയിൽ ദീർഘായുസ്സോടിരിപ്പാനും**" എന്ന് അപ്പോസ്തലൻ പറയാൻ കാരണം ഈ വാഗ്ദത്തം ക്രിസ്തുവി ശ്വാസികളോടുള്ള ബന്ധത്തിൽ ഒരു സാർവത്രിക വാഗ്ദത്തം ആയതു കൊണ്ടാകുന്നു.

ഇവിടെ ഈ വാഗ്ദത്തം പ്രഥമമായി മനുഷ്യന്റെ ഈ ഭൂമിയിലെ ശാരീരിക ദീർഘായുസ്സിനെ സൂചിപ്പിക്കുന്നു. കാരണം, ഇവിടെ പരാമർ ശിക്കുന്ന നന്മയും ദീർഘായുസ്സും അനുഭവിക്കുന്ന മണ്ഡലം ഈ ഭൂമി യിൽ ആകുന്നു.

എല്ലാ സാഹചര്യങ്ങളും ഒരുപോലെ ഇരുന്നാലും മാതാപിതാക്ക

ളെ അനുസരിക്കുന്ന മക്കൾക്ക് അനുസരിക്കാത്ത മക്കളെ അപേക്ഷിച്ച് ഇവിടെ നന്മയും ദീർഘായുസ്സും ഉണ്ടാകുമെന്നത് ഒരു സാർവത്രിക യാഥാർത്ഥ്യമാണ്. അവർ നന്മയുള്ളവരും നന്മ മരങ്ങളും ആയിത്തീരും (യോസേഫ്, ശമുവേൽ, യോഹന്നാൻ). എത്രയധികം ഉണ്ടെന്നുള്ളതല്ല, മറിച്ച്, ഉണ്ടെന്നുള്ളതാണ് യാഥാർത്ഥ്യം.

എങ്കിലും വിശാല അർത്ഥത്തിൽ ഇവിടെ പറയുന്ന ദീർഘായുസ്സിൽ നിത്യജീവന്റെ വാഗ്ദത്തം അടങ്ങിയിരിക്കുന്നു (മത്തായി 19:29; മർക്കോസ് 10:30).

## പിതാക്കന്മാർ മക്കളെ കർത്താവിന് യോഗ്യമാംവണ്ണം വളർത്തണം (6:4)

മക്കളെ യഥേഷ്ടം വളർത്തുവാനും ശിക്ഷിക്കുവാനും പണിയെടുപ്പിക്കുവാനും ഉപേക്ഷിക്കുവാനും വിൽക്കുവാനും അവകാശിയാക്കുവാനും റോമൻ നിയമത്തിൽ പിതാക്കന്മാർക്ക് പൂർണ്ണ അധികാരം ഉണ്ടായിരുന്ന ഒരു കാലഘട്ടത്തിലാണ് മക്കളെ വളർത്തുന്നതിൽ പുരോഗമന സംസ്കാരം വെളിപ്പെടുത്തിക്കൊണ്ട് "**പിതാക്കന്മാരെ, നിങ്ങളുടെ മക്കളെ കോപിപ്പിക്കാതെ കർത്താവിന്റെ ബാലശിക്ഷയിലും പത്ഥ്യോപദേശത്തിലും പോറ്റി വളർത്തുവിൻ**" എന്ന് അപ്പോസ്തലൻ പിതാക്കന്മാരോട് നിർദ്ദേശിക്കുന്നത്.

ഇവിടെ "അപ്പനെയും അമ്മയെയും" എന്നതിന് പകരമായി "**പിതാക്കന്മാരെ**" എന്ന് മാത്രം അഭിസംബോധന ചെയ്യുന്നത് കുടുംബത്തിൽ മക്കളുടെ കാര്യത്തിൽ ആത്യന്തിക ഉത്തരവാദിത്വം പിതാക്കന്മാർക്ക് ആയതുകൊണ്ടാണ്. അവർക്കുള്ള ഉപദേശമായി മക്കളെ "**കർത്താവിന്റെ ബാലശിക്ഷയിലും പത്ഥ്യോപദേശത്തിലും... വളർത്തുവിൻ**" എന്നാണ് പറയുന്നത്. ഇവിടെ പറയുന്ന "**കർത്താവിന്റെ ബാലശിക്ഷ**" (paideia), ശിക്ഷണം ശാരീരികവും മാനസികവുമായ പരിശീലനം മുതലായ ക്രിസ്തീയ പെരുമാറ്റചട്ടത്തെ സൂചിപ്പിക്കുമ്പോൾ, "**പത്ഥ്യോപദേശം**" (nouthesia) ക്രിസ്തീയ പ്രബോധനത്തെയും ബുദ്ധിയുപദേശത്തെയും സൂചിപ്പിക്കുന്നു (എബ്രായർ 12:5,7,11).

ദൈവിക വഴികളിൽ മക്കളെ വളർത്തേണ്ട ഉത്തരവാദിത്വം പിതാക്കന്മാർക്കുണ്ട് (പുറപ്പാട് 10:2; 12:25-27; 13:8; ആവർത്തനം 4:9, 6:7; 20-

25; 32:7; സദൃശ്യം 19:18; 22:6; എബ്രായർ 12:6–7). ഇതിൽ ശിക്ഷണം ഒരു പ്രധാന പങ്കു വഹിക്കുന്നു (ആവർത്തനം 8:5; 2 ശമുവേൽ 7:14; സദൃശ്യം 13:24; 22:15; 23:13–14; 29:15,17).

എന്നാൽ മക്കളെ ''**കർത്താവിന്റെ ബാലശിക്ഷയിലും പത്ഥ്യോപദേശത്തിലും**'' വളർത്തുന്നതിൽ പിതാവിന് മാത്രമല്ല മാതാവിനും വലിയമ്മക്കും ഉത്തരവാദിത്വമുണ്ട് (2 തിമൊ. 1:5; 3:14). ലോകത്തിന്റെ കാഴ്ചപ്പാടിൽ നിന്നും വ്യത്യസ്തമായി, ആവശ്യമായ ഉപദേശത്തിലൂടെയും ശിക്ഷണത്തിലൂടെയും മക്കളെ ശരിയായി വളർത്തുന്നത് മാതാപിതാക്കൾക്ക് ആനന്ദകരമാണ് (സദൃശ്യം 23:24). എങ്കിലും ''**നിങ്ങളുടെ മക്കളെ കോപിപ്പിക്കാതെ**'' വളർത്തുവാൻ അപ്പോസ്തലൻ പ്രത്യേകം ആവശ്യപ്പെടുന്നു. വ്യാകരണപ്രകാരം മക്കളെ കോപിപ്പിക്കാതെ (me parorgizete – customary present) വളർത്തുന്നത് (ektrephete – customary present) പിതാക്കന്മാർക്ക് ഒരു സ്വഭാവമായി തീരണം എന്നാണ് ഇവിടെ സൂചിപ്പിക്കുന്നത്. പരിധിവിട്ട ബന്ധനങ്ങൾ, പക്ഷപാതപരമായ പെരുമാറ്റം, മറ്റുള്ളവരുമായി താരതമ്യം ചെയ്യൽ, അർഹിക്കുന്നതിൽ കൂടുതൽ ശിക്ഷ, കഴിവിൽ കൂടുതൽ ചെയ്യുവാനുള്ള നിർബന്ധം, കഴിവുകളെ അംഗീകരിക്കാതിരിക്കുന്നത്, അവഗണന, സ്നേഹത്തിനും കരുതലിനും മറ്റ് അടിസ്ഥാന അവകാശങ്ങൾക്കും വ്യവസ്ഥവെക്കൽ മുതലായതെല്ലാം മക്കളെ പ്രകോപിപ്പിക്കുന്ന കാരണങ്ങളാണ്.

മാതാപിതാക്കൾ ദൈവത്തിന്റെ പ്രതിനിധികളായതുകൊണ്ട് ദൈവീക വ്യവസ്ഥയിൽ, അർത്ഥാൽ, കർത്താവിന്റെ ബാല ശിക്ഷയിൽ തന്നെ മക്കളെ വളർത്തണം. കാരണം, ദൈവമാണ് ആത്യന്തികമായി എല്ലാവരുടെയും പിതാവ് (3:14–15; 4:6). മാത്രമല്ല, ''**കർത്താവിന്റെ പത്ഥ്യോപദേശത്തിലും പോറ്റി**'' വളർത്തണമെന്ന് അതോടൊപ്പം അപ്പോസ്തലൻ പറയുന്നു.

ക്രിസ്തീയ പാഠ്യപദ്ധതി സഭാതലത്തിൽ മാത്രമല്ല, കുടുംബതലത്തിലും ഉണ്ട്. മക്കളെ ദൈവത്തിന്റെ ജനമായി വളർത്തുവാനും അവരിൽ യഥാർത്ഥ ഭക്തി വളർത്തുവാനും ദൈവത്തോടും ദൈവികമൂല്യങ്ങൾക്കും കടപ്പാട് ഉള്ളവരായി വളർത്തുവാനും വചനം അനുശാസിക്കുന്നു (ആവർത്തനം 6:6–7; 11:18–19).

അങ്ങനെ മക്കളുടെ ഭാഗത്തുനിന്നും മാതാപിതാക്കളുടെ ഭാഗത്തു

നിന്നുമുള്ള കൂട്ടായ പരിശ്രമത്തിന്റെ ഫലമായി നല്ല കുടുംബങ്ങൾ ഉണ്ടാകുന്നു; നല്ല കുടുംബങ്ങൾ നല്ല സമൂഹത്തിന്റെ തൂണുകളാണ്.

സകലവും ക്രിസ്തുവിൽ വീണ്ടും ഒന്നായി ചേർക്കുന്നതിന്റെ ഒരു തലമാണ് മാതാപിതാക്കളും മക്കളും അടങ്ങിയ ക്രിസ്തീയ കുടുംബത്തിലെ ഐക്യത്തിൽ നിറവേറ്റപ്പെടുന്നത്.

### (iii). **ദാസന്മാർ യജമാനന്മാരെ അനുസരിക്കണം (6:5-9)**

ഇവിടെ ക്രിസ്തുവിശ്വാസികളായ ദാസന്മാരെയും യജമാനന്മാരെയും ആണ് അപ്പോസ്തലൻ അഭിസംബോധന ചെയ്യുന്നത്. അതിലൂടെ ദാസന്മാർ യജമാനന്മാരെ അനുസരിക്കണമെന്ന് പറയുന്നതിനുള്ള കാരണം ദൈവം സമൂഹത്തിൽ ഓരോ വിഭാഗം ജനതയ്ക്കും വിഭാവനം ചെയ്തിട്ടുള്ള സ്ഥാനവും പങ്കും അടിസ്ഥാനമാക്കിയാണ്. ഉയർന്നസ്ഥാനത്തും അധികാരത്തിലും ഇരിക്കുന്നവർ ദൈവത്തിന്റെ കാര്യവിചാരകരായിട്ടാണ് ഇരിക്കുന്നത്; കർത്താവാണ് അവരെ അങ്ങനെയുള്ള സ്ഥാനങ്ങളിൽ ആക്കി വെച്ചിരിക്കുന്നത്; തന്റെ ഹിതത്തിന്റെ നിവൃത്തിക്കാണ് അങ്ങനെ ചെയ്തിരിക്കുന്നത്. അതുകൊണ്ട് ഉയർന്ന സ്ഥാനങ്ങളിൽ ഇരിക്കുന്നവരോടുള്ള അനുസരണവും വിധേയത്വവും കർത്താവിനോടുള്ള അനുസരണവും വിധേയത്വവുമായി ദൈവം കണക്കിടുന്നു.

ബൈബിളിന്റെ ചരിത്രകാലഘട്ടത്തിൽ അടിമത്തം സർവ്വസാധാരണമായിരുന്നു. ക്ഷാമം നിമിത്തം ചിലർ സ്വമേധയാ അടിമകളായി തീർന്നപ്പോൾ, വേറെ ചിലർ അടിമകളായി ജനിച്ചു, മറ്റുചിലർ യുദ്ധത്തിലൂടെ അടിമകളാക്കപ്പെട്ടു. അടിമകളിൽ പലർക്കും യാതൊരുവിധ മനുഷ്യാവകാശങ്ങളും അനുവദിച്ചിരുന്നില്ല. അവർ കേവലം കൃഷി ഉപകരണങ്ങൾക്കും മൃഗങ്ങൾക്കും തുല്യരായിരുന്നു; അവരെ മനുഷ്യരെ പോലെയല്ല, മറിച്ച്, വസ്തുക്കളായും സമ്പാദ്യമായുമാണ് കണക്കാക്കിയിരുന്നത്. മൃഗങ്ങളെപ്പോലെ യഥേഷ്ടം അവരെ വാങ്ങുവാനും വിൽക്കുവാനും ഉപയോഗിക്കുവാനും ഉടമകൾക്ക് കഴിയുമായിരുന്നു.

ചുറ്റുമുള്ള ജാതികളിൽ നിന്നും അവരുടെ ഇടയിൽ നിന്നും അടിമകളെ വാങ്ങുവാൻ യിസ്രായേല്യർക്ക് അനുവാദം ഉണ്ടായിരുന്നെങ്കിലും (ലേവി. 25:42), യിസ്രായേല്യരെ അടിമകളായി വാങ്ങുവാനോ വിൽക്കുവാനോ അവർക്ക് അനുവാദം ഇല്ലായിരുന്നു (ലേവി. 25:39-40). എന്നാൽ ഏതൊരു യിസ്രായേല്യനും തന്റെ സഹോദരന്മാരിൽ ഒരുവനെ അവന്റെ സമ്മതപ്രകാരം നിശ്ചിത കാലത്തേക്ക് സ്ഥിരം വേലക്കാരനോ കൂലിക്കാരനോ ആക്കുവാൻ അവകാശം ഉണ്ടായിരുന്നു. നിശ്ചിതകാല

ത്തിനുശേഷം സ്വമേധയായി തുടരുവാൻ ആഗ്രഹിക്കുന്നവർക്ക് അതിനുള്ള അവസരവും ഉണ്ടായിരുന്നു (പുറപ്പാട് 21:5–6). എങ്കിലും ഒരു നിശ്ചിത കാലഘട്ടത്തിനുശേഷം (പുറപ്പാട് 21:2; ആവർത്തനം 15:13–14) എല്ലാവർക്കും സ്വാതന്ത്ര്യം വിളംബരം ചെയ്തിരുന്നു (ലേവി. 25:10). മാത്രമല്ല, ദാസ്യവേല ചെയ്തിരുന്ന കാലഘട്ടം മുഴുവനും ഒരു സഹോദരൻ എന്ന നിലയിൽ അവനോട് പെരുമാറണമെന്നും ന്യായപ്രമാണം നിഷ്കർഷിച്ചിരുന്നു (ലേവി. 25:41,46). ജാതീയ അടിമകളോടും കാഠിന്യം പ്രവർത്തിക്കുവാൻ അവർക്ക് അനുവാദം ഉണ്ടായിരുന്നില്ല (പുറപ്പാട് 21:26–27; ആവർത്തനം 23:15–16). മാത്രമല്ല, പ്രാണരക്ഷാർത്ഥം ഓടിപ്പോയ ഒരു അടിമയ്ക്ക് താൽക്കാലിക അഭയം നൽകുവാനും അവർ ബാധ്യസ്ഥർ ആയിരുന്നു.

ദൈവം കൽപ്പിച്ച ഈ നിലയിലുള്ള നിയന്ത്രിത അടിമത്തം ഒരു വലിയ പരിധിവരെ അടിമകൾക്കും ഉടമകൾക്കും ഒരുപോലെ സഹായകരമായിരുന്നു. പഴയനിയമവും പുതിയനിയമവും അടിമത്തത്തെ നേരിട്ട് നിരോധിക്കുന്നില്ല എങ്കിലും അടിമത്വത്തിലെ ചൂഷണവും ദുരുപയോഗവും കർശനമായി വിലക്കിയിരുന്നു. തിരുവെഴുത്ത് അനുവദിച്ചിരുന്ന നിയന്ത്രിത അടിമത്വത്തിന്റെ പരിഷ്കരിച്ച മുഖമാണ് ആധുനിക തൊഴിലാളി മുതലാളി സമ്പ്രദായം. പരിഷ്കൃത സമൂഹങ്ങളിൽ ഈ സമ്പ്രദായം ഇന്നും നിലനിൽക്കുന്നു. ചില പ്രത്യയശാസ്ത്രങ്ങൾ പറയുന്നതുപോലെ ഒന്നുകിൽ എല്ലാവർക്കും മുതലാളിമാർ ആകുവാനും അല്ലെങ്കിൽ എല്ലാവർക്കും തൊഴിലാളികൾ ആകുവാനും കഴിയുകയില്ല. അങ്ങനെ വന്നാൽ സാർവത്രികമായി തൊഴിൽ ക്ഷാമവും ദാരിദ്ര്യവും ഉണ്ടാകും.

അതുകൊണ്ട് നിയന്ത്രിത അടിമത്വത്തിൽ പ്രത്യേകിച്ച്, ക്രിസ്തീയ വീക്ഷണത്തിൽ, ക്രിസ്തുവിശ്വാസികളായ ദാസന്മാരും യജമാനന്മാരും തമ്മിലുള്ള ശരിയായ ബന്ധവും അന്യോന്യമുള്ള കടപ്പാടും ഈ വേദഭാഗം വ്യക്തമാക്കുന്നു.

**ദാസന്മാർ യജമാനന്മാരെ അനുസരിക്കണം (6:5–8)**

**''ദാസന്മാരെ, ജഡപ്രകാരം യജമാനന്മാരായവരെ ക്രിസ്തുവിനെ പോലെ തന്നെ ഹൃദയത്തിന്റെ ഏകാഗ്രതയിൽ ഭയത്തോടും വിറയലോടും കൂടെ അനുസരിപ്പിൻ''** (6:5).

**അനുസരിക്കുന്നതിന്റെ അർത്ഥം**

ഈ വേദഭാഗത്തിലെ പ്രധാനക്രിയ ''**അനുസരിപ്പിൻ**'' എന്നതാണ്.

അനുസരിപ്പിൻ (hypakouete) എന്ന വാക്കിന് അനുസരിക്കുക, പിന്തുടരുക, വിധേയപ്പെടുക മുതലായ അർത്ഥങ്ങളുണ്ട്. വ്യാകരണപ്രകാരം (customary present) യജമാനന്മാരെ അനുസരിക്കുന്നത് ദാസന്മാർക്ക് ഒരു സ്വഭാവമായിരിക്കണമെന്ന് അപ്പോസ്തലൻ ഇവിടെ ആവശ്യപ്പെടുന്നു.

ജഡപ്രകാരമുള്ള യജമാനന്മാരെ സ്വർഗ്ഗത്തിലെ യജമാനനോടാണ് വചനം താരതമ്യപ്പെടുത്തിയിരിക്കുന്നത് (6:5,9). സ്വർഗ്ഗത്തിലെ യജമാനനായ കർത്താവായ യേശുക്രിസ്തുവാണ് ദാസന്മാരുടെയും യജമാനന്മാരുടെയും ആത്യന്തിക യജമാനനും കർത്താവുമായിരിക്കുന്നത്; അതുകൊണ്ട് സ്വർഗ്ഗത്തിലെ യജമാനനോടാണ് എല്ലാവർക്കും ആത്യന്തികമായ കൂറും കടപ്പാടും ഉണ്ടായിരിക്കേണ്ടത്. എന്നാൽ ഈ കർത്താവിനാൽ തന്നെ നിയോഗിക്കപ്പെട്ടവരാണ് ജഡപ്രകാരമുള്ള യജമാനന്മാർ; അതുകൊണ്ടാണ് അവരെ "**ക്രിസ്തുവിനെ പോലെതന്നെ ഹൃദയത്തിന്റെ ഏകാഗ്രതയിൽ ഭയത്തോടും വിറയലോടും കൂടെ അനുസരിപ്പിൻ**" എന്ന് അപ്പോസ്തലൻ ആവശ്യപ്പെടുന്നത്. അത് യജമാനൻ നല്ലവൻ ആയതുകൊണ്ടോ നന്നായി സംസാരിക്കുന്നതുകൊണ്ടോ നന്നായി പെരുമാറുന്നതുകൊണ്ടോ മാത്രം ചെയ്യേണ്ട കാര്യമല്ല, മറിച്ച്, ദാസന്മാരിൽ നിന്നും പൊതുവിൽ സമ്പൂർണ്ണ അനുസരണമാണ് ദൈവം ആവശ്യപ്പെടുന്നത്; അർത്ഥാൽ, എപ്പോഴും എല്ലാ കാര്യങ്ങളിലും അങ്ങനെ തന്നെ ആയിരിക്കണം (1 പത്രോസ് 2:18-20). വിശ്വാസികൾ എന്ന നിലയിൽ ക്രിസ്തുവിലുള്ള സ്വാതന്ത്ര്യവും സമത്വവും ദാസന്മാർക്ക് മത്സരികൾ ആകുവാൻ വേണ്ടിയുള്ളതല്ല (1 കൊരി. 12:13; ഗലാത്യർ 3:28; 1 തിമൊ. 6:1-2), മറിച്ച്, ദാസനായാലും സ്വതന്ത്രനായാലും ക്രിസ്തുവിശ്വാസികളുടെ മുഖ്യമായ കടമ ഏതു മേഖലയിലും കർത്താവിനെ പ്രസാദിപ്പിക്കുക, കർത്താവിന്റെ വിശ്വസ്ത സാക്ഷിയായിരിക്കുക എന്നാണ് (1 കൊരി. 7:20-24). എവിടെ ആയിരുന്നാലും അധികാരികളോട് ബഹുമാനത്തോടെ പെരുമാറുകയും, ആത്മാർത്ഥതയോടും ഉത്സാഹത്തോടും ജോലി ചെയ്തു ക്രിസ്തീയസാക്ഷ്യം വഹിക്കുക എന്നതാണ് (തീത്തോസ് 2:9-10).

### അനുസരിക്കുന്നതിനുള്ള രീതി

ദാസന്മാർ യജമാനന്മാരെ അനുസരിക്കേണ്ടത് എങ്ങനെ എന്ന് അഞ്ച് വാക്യാംശങ്ങളിലൂടെ അപ്പോസ്തലൻ വ്യക്തമാക്കുന്നു.

ഒന്നാമതായി "**ഭയത്തോടും വിറയലോടും കൂടെ**" അനുസരിക്ക

ണം (c.f. 1 കൊരി. 2:3; 2 കൊരി. 7:15; ഫിലിപ്പി. 2:12). ശാരീരിക ശിക്ഷ ഒഴിവാക്കുവാനല്ല ഇങ്ങനെ അനുസരിക്കുന്നത്; കാരണം, ഇവിടെ ഭയം ഭീതിയെ അല്ല, മറിച്ച് ആദരവിനെയും ബഹുമാനത്തെയും ആണ് സൂചിപ്പിക്കുന്നത്. ഈ ഭയത്തിന്റെ ബാഹ്യമായ പ്രകടനമാണ് വിറയൽ (മർക്കോസ് 5:33; 1 കൊരി. 2:3; 2 കൊരി. 7:15; എഫെ. 6:5; ഫിലിപ്പി. 2:12; എബ്രായർ 12:21).

രണ്ടാമതായി, "**ഹൃദയത്തിന്റെ ഏകാഗ്രതയിൽ**" അനുസരിക്കണം (1 ദിനവൃ. 29:17). ഹൃദയത്തിന്റെ ഏകാഗ്രതയിൽ എന്നതിന് സത്യത്തിൽ നിന്നും ആത്മാർത്ഥതയിൽനിന്നും നിഗൂഢലക്ഷ്യങ്ങൾ ഒന്നും കൂടാതെ അനുസരിക്കണം എന്നാണ് അർത്ഥം.

മൂന്നാമതായി, "**ക്രിസ്തുവിനെ പോലെ തന്നെ**" അഥവാ ക്രിസ്തുവിനെ അനുസരിക്കുന്നതുപോലെ അനുസരിക്കണം (കൊലോ. 3:22 –24). ഇത് ജഡപ്രകാരമുള്ള യജമാനന്മാരെ അനുസരിക്കുന്നതിൽ പാലിക്കേണ്ട നിലവാരത്തെ സൂചിപ്പിക്കുന്നു. കാരണം തൊഴിലാളി - മുതലാളി വേർതിരിവ് ഐഹിക ജീവിതത്തിൽ മാത്രമാണുള്ളത്, ആത്മിക ജീവിതത്തിൽ അങ്ങനെ ഒരു വ്യത്യാസമില്ല. മാത്രമല്ല, തൊഴിലാളികളും മുതലാളികളും സാമാന്യജനവും എവിടെയെല്ലാം ആയിരിക്കണമെന്നും, ആരെല്ലാം ഏതേത് സ്ഥാനങ്ങളിൽ ഇരിക്കണം എന്നും ദൈവം ആഗ്രഹിച്ചത് പോലെ തന്നെ അവരെയെല്ലാം അതത് സ്ഥാനങ്ങളിൽ ആക്കി വെച്ചുമിരിക്കുന്നു. അതുകൊണ്ട് ദാസന്മാർ യജമാനന്മാരെ ബഹുമാനത്തോടും ആദരവോടും കൂടെ അനുസരിക്കണം.

നാലാമതായി, "**ക്രിസ്തുവിന്റെ ദാസന്മാരെ പോലെ**" അനുസരിക്കണം (6:5,7). "**മനുഷ്യരെ പ്രസാദിപ്പിക്കുന്നവരെ പോലെ ദൃഷ്ടിസേവയിൽ അല്ല ക്രിസ്തുവിന്റെ ദാസന്മാരെ പോലെ ദൈവേഷ്ടം മനസ്സോടെ ചെയ്തും... അനുസരിപ്പിൻ**" (6–7) എന്നാണ് പറയുന്നത്.

യജമാനൻ ഏൽപ്പിക്കുന്ന ഏതൊരു പ്രവർത്തിയിലും കർത്താവിനെ സേവിക്കുന്നതുപോലെ ആത്മാർത്ഥതയോടെ യജമാനനെ സേവിക്കണം. വിശ്വസ്തനായ ദാസൻ മറ്റുള്ളവർ നോക്കുമ്പോൾ മാത്രം കടമ നിർവഹിക്കുന്ന വ്യക്തിയല്ല; തന്നെ ആരും മേൽനോട്ടം വഹിക്കേണ്ടതായ ആവശ്യവുമില്ല; കാരണം, താൻ എപ്പോഴും തന്റെ കടമ തന്റെ കഴിവിന് അനുസൃതമായി ചെയ്തിരിക്കും (യോസേഫ്, ദാനിയൽ - ഉല്പത്തി 39:21–23; ദാനിയേൽ 6:1–3). ചെയ്യുന്നതെല്ലാം കർത്താവിന് വേണ്ടി

ആണെന്നുള്ള ബോധ്യമാണ് ആത്മാർത്ഥതയുള്ള അധ്വാനത്തിന് നിദാനം.

അഞ്ചാമതായി, "**മനുഷ്യരെയല്ല, കർത്താവിനെ തന്നെ**" സേവിക്കുന്നതുപോലെ അനുസരിക്കണം അതുകൊണ്ടാണ് "**മനുഷ്യരെയല്ല, കർത്താവിനെ തന്നെ പ്രീതിയോടെ സേവിച്ചുംകൊണ്ട് അനുസരിപ്പിൻ**" (v.7) എന്ന് പറയുന്നത്.

ഒരു ദാസന്റെ ഒരു ദിവസത്തെ ഓരോ പ്രവർത്തിയും അതിന്റെ പിന്നിലുള്ള പ്രചോദനവും മനോഭാവവും ആത്യന്തികമായി താൻ കർത്താവിനെ ആണ് സേവിക്കുന്നത് എന്ന മനോഭാവത്തിൽ നിന്നും ഉണ്ടാകണം (കൊലോ. 3:23). ഒരു യജമാനൻ അഥവാ കാര്യസ്ഥൻ തന്റെ ദാസന്റെ ആത്മാർത്ഥതയെയും അധ്വാനത്തെയും കാണാതെ പോയാലും അതിനെ പ്രശംസിച്ചില്ലെങ്കിലും അങ്ങനെ തന്നെ ചെയ്യണം.

**അനുസരണത്തിനുള്ള പ്രചോദനം**

"**ദാസനോ സ്വതന്ത്രനോ ഓരോരുത്തൻ ചെയ്യുന്ന നന്മയ്ക്ക് കർത്താവിൽ നിന്ന് പ്രതിഫലം പ്രാപിക്കും**" എന്ന് അറിഞ്ഞുകൊണ്ട് അനുസരിക്കണം (v.8 c.f. 2 കൊരി. 5:9-10; കൊലോ. 3:22-25). ക്രിസ്തുവിശ്വാസികളായ എല്ലാവരും പൊതുവിൽ അനുഭവത്തിലൂടെയും പരിചയത്തിലൂടെയും അറിയുന്ന ഒരു യാഥാർത്ഥ്യമാണിത്. ഇവിടെ അത് "**നിങ്ങൾ അറിയുന്നുവല്ലോ**" എന്നതിന് നിങ്ങൾ അത് അറിഞ്ഞിരിക്കുന്നതിനാൽ, അഥവാ അറിയുന്ന കാരണത്താൽ തന്നെ ദാസന്മാർ യജമാനന്മാരെ അനുസരിക്കണമെന്ന് വ്യാകരണം (eidotes – functions adverbially) സൂചിപ്പിക്കുന്നു.

ഒരു ദാസന്റെ അധ്വാനത്തെയും ആത്മാർത്ഥതയെയും ഒരുപക്ഷേ യജമാനൻ കാണുകയോ അറിയുകയോ വിലമതിക്കുകയോ പ്രശംസിക്കുകയോ ചെയ്തില്ല എങ്കിലും, ദാസന്റെ നല്ല പ്രവർത്തിയുടെ പ്രശംസ യജമാനൻ തട്ടിയെടുത്താലും, ദാസന്റെ ഹൃദയത്തെ കാണുന്ന കർത്താവ് അതെല്ലാം അറിയുകയും തക്കതായ പ്രതിഫലം നൽകുകയും ചെയ്യുമെന്ന ബോധ്യമാണ്, ചെയ്യുന്നതൊക്കെയും കർത്താവിനുവേണ്ടി ചെയ്യുന്നതുപോലെ ചെയ്യുവാൻ ദാസന് പ്രചോദനം തരുന്നത് (എഫെ. 2:10; കൊലോ.1:10; 2 കൊരി. 9:8; 2 തെസ്സ. 2:16-17; എബ്രായർ 13:20-21).

## യജമാനന്മാർ ദാസന്മാരോട് തിരിച്ചറിവോടെ പെരുമാറണം (6:9)

**"യജമാനന്മാരെ, അവരുടെയും നിങ്ങളുടെ യജമാനൻ സ്വർഗ ത്തിൽ ഉണ്ട് എന്നും അവന്റെ പക്കൽ മുഖപക്ഷം ഇല്ലെന്നും അറി ഞ്ഞുകൊണ്ട് അങ്ങനെ തന്നെ അവരോട് പെരുമാറുകയും ഭീഷണി വാക്ക് ഒഴിവാക്കയും ചെയ്‌വിൻ"** (6:9)

**"അങ്ങനെ തന്നെ അവരോട് പെരുമാറുകയും... ചെയ്‌വിൻ"** (ta auta poieite) എന്നതാണ് ഈ വാകൃത്തിലെ പ്രധാനക്രിയ സൂചിപ്പിക്കു ന്നത്. വാക്കുകളുടെ സ്ഥാനം അനുസരിച്ച് **"അങ്ങനെ തന്നെ"** എന്നതി നെ അപ്പോസ്തലൻ ഇവിടെ ഊന്നി പറയുന്നു. ദാസന്മാരോട് പറഞ്ഞി രിക്കുന്നത് പോലെ, ഹൃദയത്തിന്റെ ഏകാഗ്രതയിലും ക്രിസ്തുവിന്റെ ദാ സന്മാരെ പോലെ കർത്താവിനെ സേവിക്കുന്നവരെ പോലെയും, ഓരോ രുത്തരും ചെയ്യുന്ന നന്മയ്ക്ക് കർത്താവിൽനിന്ന് പ്രതിഫലം ലഭിക്കും എന്നുള്ള തിരിച്ചറിവോടെ യജമാനന്മാർ ദാസന്മാരോട് പെരുമാറണം.

ഇതോടുള്ള ബന്ധത്തിൽ ഒരു പ്രധാന നിർദ്ദേശം അപ്പോസ്തലൻ ഇവിടെ യജമാനന്മാർക്ക് നൽകുന്നു. ഭീഷണി വാക്കുകൾ ഒഴിവാക്കി കൊണ്ട് (anientes – functions adverbially) അവരുടെയും നിങ്ങളുടെയും യജമാനൻ സ്വർഗത്തിൽ ഉണ്ട് എന്നും ഈ സ്വർഗീയ യജമാനന്റെ **"പ ക്കൽ മുഖപക്ഷം"** ഇല്ല എന്നുള്ള തിരിച്ചറിവോടെ (ആവർത്തനം 10:17; 2 ദിനവൃത്താന്തം 19:7; ഇയ്യോബ് 31:13) ദാസന്മാരോട് പെരുമാറുന്നത് ക്രിസ്തുവിശ്വാസികളായ യജമാനന്മാർക്ക് ഒരു സ്വഭാവമായിരിക്കണം എന്ന് വ്യാകരണം (poieite – customary present) ഇവിടെ സൂചിപ്പിക്കുന്നു.

കാരണം, കർത്താവാണ് യഥാർത്ഥ യജമാനൻ; ജഡപ്രകാരമുള്ള എല്ലാ യജമാനന്മാരും രാജാധിരാജാവും കർത്താധികർത്താവുമായ യേ ശുക്രിസ്തു എന്ന യജമാനന് കീഴിലാണ് (ആവർത്തനം 10:17; 1 ശമു വേൽ 16:7; സദൃശ്യം 17:3; അപ്പോ. 10:34,36; റോമർ 2:11; 1 കൊരിന്ത്യർ 4: 5; കൊലോ. 3:25; 1 പത്രോസ് 1:17; യാക്കോബ് 2:1); അതുകൊണ്ട് ഒരു യജമാനൻ തന്റെ അധികാരം കർത്താവിന് എന്നപോലെയാണ് ഉപയോ ഗിക്കേണ്ടത്. ക്രിസ്തുവിശ്വാസിയായ ഒരു യജമാനന്റെ കടമ, ദാസന്മാ രെ പോലെ തന്നെ, താൻ ചെയ്യുന്നതിൽ ഒക്കെയും ദൈവഹിതം ചെയ് തുകൊണ്ട് സത്യം നീതി വിശ്വസ്തത മുതലായ ക്രിസ്തീയ സ്വഭാവം

വെളിപ്പെടുത്തുക എന്നതാണ്. കാരണം തന്റെ അധികാരം ദൈവത്തിനു വേണ്ടി പ്രവർത്തിക്കുവാൻ ദൈവം നൽകിയ അവസരവും അധികാരവും നിയോഗവുമാണ്; അതിന്റെ വിനിയോഗം സംബന്ധിച്ച് അവൻ സ്വർഗീയ യജമാനന് കണക്ക് കൊടുക്കേണ്ടിവരും.

കുടുംബത്തിലെ അംഗങ്ങൾ തമ്മിൽ ശരിയായ ബന്ധം നിലനിർത്തേണ്ടത് ദൈവജനത്തിനു വേണ്ടിയുള്ള ദൈവീക പദ്ധതിയിൽ ഉൾപ്പെട്ട കാര്യമാണ്. അത് ഭാര്യമാരും ഭർത്താക്കന്മാരും തമ്മിലും, മക്കളും മാതാപിതാക്കളും തമ്മിലും, ദാസന്മാരും യജമാനന്മാരും തമ്മിലും അങ്ങനെ തന്നെയാണ്.

അതിനായി ക്രിസ്തുവിന്റെ ഭയത്തിൽ അന്യോന്യം കീഴപ്പെട്ടിരിക്കുന്നത് ആത്മനിറവിന്റെ ഫലവും അതിനുള്ള മുഖാന്തരവും ആകുന്നു.

***

# V

## സകലവും ക്രിസ്തുവിൽ വീണ്ടും ഒന്നായി ചേർക്കുന്ന ദൈവിക പദ്ധതിയിലെ പങ്കാളികളെ നിർവീര്യമാക്കുവാൻ ശ്രമിക്കുന്ന ആത്മശക്തികൾക്കെതിരെ ദൈവീക മുന്നൊരുക്കത്തോടെ എതിർത്തു നിൽക്കുവാനുള്ള നിർദ്ദേശം ദൈവം എല്ലാവർക്കും നൽകി (6:10–20)

''ഒടുവിൽ കർത്താവിലും അവന്റെ അമിത ബലത്തിലും ശക്തിപ്പെടുവിൻ. പിശാചിന്റെ തന്ത്രങ്ങളോടു എതിർത്തുനില്പാൻ കഴിയേണ്ടതിന്നു ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊൾവിൻ. നമുക്കു പോരാട്ടം ഉള്ളതു ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേനയോടും അത്രേ. അതുകൊണ്ടു നിങ്ങൾ ദുർദ്ദിവസത്തിൽ എതിർപ്പാനും സകലവും സമാപിച്ചിട്ടു ഉറെച്ചു നില്പാനും കഴിയേണ്ടതിന്നു ദൈവത്തിന്റെ സർവ്വായുധവർഗ്ഗം എടുത്തുകൊൾവിൻ. നിങ്ങളുടെ അരെക്കു സത്യം കെട്ടിയും നീതി എന്ന കവചം ധരിച്ചും സമാധാനസുവിശേഷത്തിന്നായുള്ള ഒരുക്കം കാലിന്നു ചെരിപ്പാക്കിയും എല്ലാറ്റിന്നും മീതെ ദുഷ്ടന്റെ തീയമ്പുകളെ ഒക്കെയും കെടുക്കുവാന്തക്കതായ വിശ്വാസം എന്ന പരിച എടുത്തുകൊണ്ടും നില്പിൻ. രക്ഷ എന്ന ശിരസ്ത്രവും ദൈവവചനം എന്ന ആത്മാവിന്റെ വാളും കൈക്കൊൾവിൻ. സകലപ്രാർത്ഥനയാലും യാചനയാലും ഏതു നേരത്തും ആത്മാവിൽ പ്രാർത്ഥിച്ചും അതിന്നായി ജാഗരിച്ചുംകൊണ്ടു സകലവിശുദ്ധന്മാർക്കും എനിക്കുംവേണ്ടി പ്രാർത്ഥനയിൽ പൂർണ്ണസ്ഥിരത കാണിപ്പിൻ. ഞാൻ ചങ്ങല ധരിച്ചു സ്ഥാനാപതിയായി സേവിക്കുന്ന സുവിശേഷത്തിന്റെ മർമ്മം പ്രാഗത്ഭ്യത്തോടെ അറിയിപ്പാൻ എന്റെ വായി തുറക്കുമ്പോൾ എനിക്കു വചനം നല്കപ്പെടേണ്ടതിന്നും ഞാൻ

**സംസാരിക്കേണ്ടുംവണ്ണം അതിൽ പ്രാഗത്ഭ്യത്തോടെ സംസാരിക്കേണ്ട തിന്നും പ്രാർത്ഥിപ്പിൻ."**

ഭാവിയുഗ പദ്ധതിയിലെ പങ്കാളികൾ തമ്മിൽ നല്ല ബന്ധം നിലനിർത്തുന്നതിന് അനുയോജ്യമായ നടപ്പായിരുന്നു ഇതുവരെ വിഷയമെങ്കിൽ (4:2,17; 5:2,9,15), തുടർന്ന് ക്രിസ്തീയ ചെറുത്തു നിൽപ്പിലേക്ക് വിഷയം മാറുന്നതായി കാണുന്നു (6:11,13,16). അർത്ഥാൽ, ആത്മാവിന്റെ സഹായത്താൽ നടത്തപ്പെടുന്ന ഒരു സമൂഹയാത്ര, ആത്മാവിന്റെ സഹായത്താൽ തന്നെയുള്ള ഒരു സമൂഹ ചെറുത്തുനിൽപ്പായി മാറിയിരിക്കുന്നു (6:18).

ക്രിസ്തുവിൽ സകലവും വീണ്ടും ഒന്നായി ചേർക്കുന്ന ദൈവത്തിന്റെ മഹനീയ പദ്ധതി; ഈ പദ്ധതിയെ വിഫലമാക്കാൻ ശ്രമിക്കുന്ന അമാനുഷിക വൈരികൾ; അവയോട് എതിർത്തു നിൽക്കാൻ ദൈവം തന്റെ ജനത്തെ ആത്മിക ശക്തിയും വിഭവങ്ങളും നൽകി ഒരുക്കുന്നു (യെശയ്യ. 59:17).

ഇതോട് ബന്ധപ്പെട്ട് "**ഒടുവിൽ കർത്താവിലും അവന്റെ അമിത ബലത്തിലും ശക്തിപ്പെടുവിൻ**" (6:10) എന്ന് അപ്പോസ്തലൻ അനുവാചകരോട് പ്രഥമമായി ആവശ്യപ്പെടുന്നു.

ഇവിടെ "**ഒടുവിൽ**" എന്നതിലൂടെ ലേഖനത്തിന്റെ വിഷയാധിഷ്ഠിതമായുള്ള അവസാനത്തെ പ്രബോധനമാണ് അപ്പോസ്തലൻ സൂചിപ്പിക്കുന്നത്. അതുപോലെ ഇവിടെ "**ശക്തിപ്പെടുവിൻ**" എന്നതുകൊണ്ട് സ്വയം ശക്തരാകുവിൻ എന്നല്ല, മറിച്ച്, കർത്താവിലും അവന്റെ അമിത ബലത്തിലും ശക്തിപ്പെടുവിൻ എന്ന് തന്നെയാണ് അർത്ഥമാക്കുന്നത്.

ആത്മിക യുദ്ധത്തിൽ ദൈവജനം ശത്രുവിനോട് എതിർത്തു നിൽക്കേണ്ടത് സ്വന്തം ബുദ്ധിയിലും ശക്തിയിലും അല്ല, മറിച്ച്, കർത്താവിലും അവന്റെ ആത്മീക ബലത്തിലും ആണ്. കാരണം, പിശാചും അവന്റെ സൈന്യവും സദാസമയവും നമുക്കെതിരായി നമുക്ക് ചുറ്റുമുണ്ട്; എന്നാൽ അവ ഏതു രൂപത്തിലാണെന്നോ, എത്രയാണെന്നൊ, എവിടെയാണെന്നൊ, അവരുടെ പദ്ധതി എന്താണെന്നോ നമുക്ക് അറിവില്ല; മാത്രമല്ല, ശത്രുവിന് അസാധാരണമായ ബുദ്ധിയും ശക്തിയും ഉണ്ട്. കാരണം, അവൻ ജ്ഞാനസമ്പൂർണ്ണനാണ് (യെഹെ. 28:12). അതുകൊണ്ട് ഏറ്റവും വലിയ ബുദ്ധി നമ്മുടെ ബുദ്ധിയിലും ശക്തിയിലും ആശ്ര

യിക്കാതെ കർത്താവിലും അവന്റെ അമിതബലത്തിലും ആശ്രയിച്ച് ശ ക്തിപ്പെടുന്നതാണ്. കാരണം, ഈ ശക്തി കർത്താവിനെ മരിച്ചവരിൽ നിന്നും ഉയർപ്പിച്ച് ഉയർത്തിയ ദൈവത്തിന്റെ അളവറ്റ ശക്തിയാണ് (1: 20–22); ശത്രുവർഗ്ഗത്തെ കീഴ്പ്പെടുത്തിയ ശക്തിയാണ് (കൊലോ. 2:15; എബ്രായർ 2:14;); ഇപ്പോൾ വിശ്വാസികളിൽ വ്യാപരിക്കുന്ന ശക്തിയാ ണ് (1:19); നമ്മുടെ താഴ്ചയുള്ള ശരീരത്തെ തന്റെ മഹത്വമുള്ള ശരീര ത്തോട് അനുരൂപരാക്കുന്ന ശക്തിയാണ് (ഫിലിപ്പി. 3:21). വീഴാതവണ്ണം നമ്മെ സൂക്ഷിച്ച് തന്റെ മഹിമാസന്നിധിയിൽ കളങ്കമില്ലാത്തവരായി ആ നന്ദത്തോടെ നിർത്തുവാൻ കഴിയുന്ന ശക്തിയാണ് (യൂദ 24).

എന്നാൽ കർത്താവിലും അവന്റെ അമിതബലത്തിലും ശക്തിപ്പെടു വാൻ അപ്പോസ്തലൻ ആവശ്യപ്പെടുന്നത് കർമ്മണി പ്രയോഗത്തിലുള്ള ഒരു കൽപ്പനയാകുന്നു (passive imperative). അർത്ഥാൽ, വിശ്വാസികൾ സ്വയം ശക്തരാകുകയല്ല, മറിച്ച്, കർത്താവാണ് തന്റെ ജനത്തെ തന്റെ ബലത്താൽ ശക്തിപ്പെടുത്തുന്നത്. മാത്രമല്ല ഇങ്ങനെ വിശ്വാസികൾ ശ ക്തിപ്പെടേണ്ടത് വ്യാകരണ പ്രകാരം (endynamousthe – customary prese nt) തുടരുന്ന ഒരു രീതിയും സ്വഭാവവും ആയിരിക്കണം എന്നും ഇവി ടെ സൂചിപ്പിക്കുന്നു. അതോടൊപ്പം തന്നെ ഇവിടെ "**കർത്താവിലും**" എന്നത് ശക്തിപ്പെടേണ്ട മേഖലയെ സൂചിപ്പിക്കുമ്പോൾ "**അവന്റെ അ മിതബലത്തിലും**" എന്നത് ശക്തിപ്പെടേണ്ട മുഖാന്തിരത്തെ സൂചിപ്പി ക്കുന്നു.

തുടർന്ന് കർത്താവിലും അവന്റെ അമിതബലത്തിലും ക്രിസ്തുവി ശ്വാസികൾ എങ്ങനെ ശക്തിപ്പെടണം എന്ന് പറയുന്നു.

## A. ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊണ്ട് ശക്തിപ്പെ ടണം എന്ന് പറയുന്നു.

### 1. ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിക്കേണ്ട ആവശ്യം (6:11–12)

### a. ദൈവത്തിന്റെ സർവ്വായുധം ധരിക്കേണ്ട ആവശ്യം ഒന്നാമതാ യി "പിശാചിന്റെ തന്ത്രങ്ങളോട് എതിർത്ത് നിൽപ്പാൻ കഴിയേ ണ്ടതിന്" ആകുന്നു.

പിശാച് വലിയ പരീക്ഷകനും വഞ്ചകനും തന്ത്രശാലിയും ആണ്;

അവന്റെ തന്ത്രങ്ങളുടെ സൂചന നാം വചനത്തിൽ കാണുന്നുണ്ട്. അവൻ പരീക്ഷകളും ഉപദ്രവങ്ങളും തടസ്സങ്ങളും അടിക്കടി ഉണ്ടാക്കി ക്രിസ്തീയ ജീവിതം സമ്മർദ്ദത്തിൽ ആക്കുകയും, മടിപ്പുളവാക്കുകയും നമ്മുടെ മുമ്പിൽ വച്ചിരിക്കുന്ന ഓട്ടം പ്രയാസമാക്കുകയും ചെയ്യുന്നു (ഇയ്യോബ് 1-2; വെളിപ്പാട് 2:10); മാത്രമല്ല, വചനം കോട്ടികളയുകയും (മത്തായി 4:3,6,9), ഉപദേശപരമായ ആശയക്കുഴപ്പം ഉണ്ടാക്കുകയും (എഫെ. 4:14), ദൈവമക്കളെ കുറ്റം ചുമത്തുകയും (ഇയ്യോബ് 1-2; സെഖര്യാവ് 3:1; വെളിപ്പാട് 12:10), ദൈവീക ശുശ്രൂഷയെ തടസ്സപ്പെടുത്തുകയും ചെയ്യുന്നു.

തന്നെയുമല്ല, സ്വന്തം കഴിവിലും ശക്തിയിലും ആശ്രയിപ്പാൻ പ്രലോഭിപ്പിക്കുകയും (ദിനവൃത്താന്തം 21:1-8), ലൗകികതയിൽ ജീവിക്കുവാനും (റോമർ 12:2; 1 യോഹ. 2:15-16; യാക്കോബ് 4:4), കപടഭക്തിയിൽ ജീവിക്കുവാനും (അപ്പോ. 5:1-4), ദൈവത്തിന്റെ കൽപ്പനകളെ ലംഘിക്കുവാനും, ദൈവഹിതം അല്ലാത്തത് ചെയ്യുവാനും, ദൈവഹിതമല്ലാത്തത് ദൈവത്തിൽ ആശ്രയിച്ച് ചെയ്യുവാനും, ദൈവഹിതമായത് ദൈവത്തിന്റെ സമയത്തിന് കാത്തുനിൽക്കാതെ എളുപ്പവഴിയിലൂടെ ചെയ്യുവാനും പ്രലോഭിപ്പിക്കുന്നു (മത്തായി 4:4-10; ലൂക്കോസ് 4:1-12); മാത്രമല്ല, പാപപ്രവർത്തിയെ സൽപ്രവർത്തികൾ കൊണ്ടു മറച്ചു വെക്കുകയും, യഥാർത്ഥ വിശ്വാസികളിൽ അധികമായി മതാനുസാരികളെ കൊണ്ട് സഭ നിറക്കുകയും ചെയ്യുന്നു (മത്തായി 13:24-30).

ഇതുകൊണ്ട് തന്നെയാണ് പിശാചിന് ഇടം കൊടുക്കരുത് (എഫെ. 4:27), സാത്താൻ നമ്മെ തോൽപിക്കരുത്; അവന്റെ തന്ത്രങ്ങളെ നാം അറിയാത്തവരല്ലല്ലോ എന്നെല്ലാം അപ്പോസ്തലൻ മുന്നറിയിപ്പ് നൽകുന്നത് (2 കൊരി. 2:11).

ഇരുട്ടിന്റെ മേഖലയിലാണ് അവൻ പ്രവർത്തിക്കുന്നത്; ദുഷ്ടതയും തിന്മയുമാണ് അവന്റെ വാക്കുകൾ; അമാനുഷികമാണ് അവന്റെ കഴിവുകൾ; അവന് ഇടം കൊടുക്കാതെ അവനോട് "**എതിർത്തുനിൽക്കാൻ കഴിയേണ്ടതിന്**" വിശ്വാസികൾ ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിക്കണം.

ആത്മീക യുദ്ധത്തിൽ ക്രിസ്തു ലോകത്തെ കീഴടക്കിയതുകൊണ്ടും (യോഹ. 16:33), ശത്രുവർഗ്ഗത്തെ കീഴടക്കിയതുകൊണ്ടും (കൊലോ. 2:15), മരണത്തിന്റെ അധികാരിയായ പിശാചിനെ തന്റെ മരണത്താൽ നീക്കിയതുകൊണ്ടും (എബ്രായർ 2:14,15), സ്വർഗ്ഗാരോഹണം ചെയ്

ത കർത്താവിന് ദൂതന്മാരും അധികാരികളും ശക്തികളും കീഴ്പ്പെട്ടിരിക്കുന്നതുകൊണ്ടും (സങ്കീർത്തനം 110:1; എഫെ. 1:21–22; 1 പത്രോസ് 3: 22) സകല ശത്രുക്കളെയും സമ്പൂർണമായി തന്റെ പാദപീഠമാക്കുവോളം അവൻ ശത്രുക്കളുടെ മധ്യേ വാഴുന്നതു കൊണ്ടും (സങ്കീർത്തനം 110:2; 1 കൊരി. 15:25) ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ച് ശത്രുക്കളെ കീഴ്പെടുത്തുവാനോ കീഴടക്കുവാനോ വിശ്വാസികൾക്ക് കൽപ്പനയില്ല; മറിച്ച്, ആത്മീക യുദ്ധത്തിൽ എതിർത്തുനിൽപ്പാനാണ് വചനം ആവശ്യപ്പെടുന്നത്. അർത്ഥാൽ, ശത്രുവിന്റെ ഇടം പിടിച്ചെടുക്കുവാൻ അല്ല, മറിച്ച് കർത്താവ് പിടിച്ചടക്കിയ മേഖലയിൽ സ്ഥാനവും സ്വാധീനവും ഉറപ്പിക്കുവാനും, ശത്രുവിന് ഇടം കൊടുക്കാതിരിക്കാനുമായി (എഫെ. 4:27) ദൈവത്തിന്റെ ആയുധ വർഗ്ഗം ധരിച്ച് അവനോട് "**എതിർത്തു നിൽപ്പാനും**" (v.11 c.f. യാക്കോബ് 4:7; 1 പത്രോസ് 5:8), "**ഉറച്ചുനിൽപ്പാനും**" (v.13) ദൈവത്തിന്റെ സർവായുധവർഗ്ഗം "**എടുത്തുംകൊണ്ട് നിൽപ്പാനും**" (v.16) വചനം അവരെ ആഹ്വാനം ചെയ്യുന്നു.

ആത്മിക പോരാട്ടം ഓരോ വിശ്വാസിയും വ്യക്തിപരമായി പോരാടുന്നു എങ്കിലും ക്രിസ്തീയ സമൂഹത്തിന് വേണ്ടിയും ക്രിസ്തുവിനെ ധരിച്ചു കൊണ്ടും പോരാടുന്നു.

**b. ദൈവത്തിന്റെ സർവായുധം ധരിക്കേണ്ട ആവശ്യം രണ്ടാമതായി "നമുക്ക് പോരാട്ടം ഉള്ളത് ജഡരക്തങ്ങളോട് അല്ല" മറിച്ച് "വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർലോകങ്ങളിലെ ദുഷ്ടാത്മ സേനയോടും"** ആയതുകൊണ്ട് ആകുന്നു.

ആത്മലോകത്തെ ശക്തികളെയും സൃഷ്ടികളെയും അപേക്ഷിച്ചു മനുഷ്യൻ ബലഹീനനും പരിമിതനും മർത്യനും ആണ്. അതുകൊണ്ട് കർത്താവിലും അവന്റെ അമിതബലത്തിലും ശക്തിപ്പെട്ടു കൊണ്ട് പോരാടുന്നു (എഫെ. 6:10; റോമർ 13:12; 1 തെസ്സ. 5:8).

ഈ "**പോരാട്ടം**" (Palē) യുദ്ധമുഖത്തെ പോരാട്ടത്തെ സൂചിപ്പിക്കുന്നു. അതുപോലെ ഇവിടെ "**ഉള്ളത്**" (estin) തുടരുന്നതും നിലനിൽക്കുന്നതുമായ അവസ്ഥയെയും സൂചിപ്പിക്കുന്നു. എന്നാൽ ഇവിടെ പരാമർശിക്കുന്നത് ആത്മലോകത്തിലെ ശത്രുക്കളെ മാത്രമല്ല, അവയ്ക്ക് സ

ഹായകരമായി പ്രവർത്തിക്കുന്ന ഭൂമിയിലെ അഥവാ ലോകത്തിലെ അധികാര, രാഷ്ട്രീയ, നീതിന്യായ, സാമൂഹിക, സാമ്പത്തിക വ്യവസ്ഥിതികൾ, ജീവിത സാഹചര്യങ്ങൾ, ദുരുപദേഷ്ടാക്കൾ (2 കൊരി. 11:13–15; 1 തിമൊ. 4:1; 1 യോഹ. 4:1) മുതലായ സകലവും ശത്രുവർഗ്ഗത്തിൽ ഉൾപ്പെടുന്നു.

പിശാചിന് തന്റെ ഇഷ്ടം നിറവേറ്റുവാൻ വലിയ ശൃംഖലയുണ്ടെന്ന് വചനത്തിൽ നിന്നും മനസ്സിലാകുന്നു. ഭരണാധികാരികളെ നിയന്ത്രിക്കുവാനും (ദാനിയേൽ 10:13), വിശ്വാസികളെ പീഡിപ്പിക്കുവാനും (അപ്പോ. 12:1–3; വെളി. 2:10), ദൈവിക വ്യവസ്ഥിതിയെയും (അധികാര - ന്യായാധിപ - സൈനിക) ദൈവിക പ്രവർത്തിയെയും തകർക്കുവാനും (നെഹമ്യാവ് –സാൻബെല്ലത്ത്, തോബിയാവ്) വ്യാജം പരത്തുവാനും (2 തെസ്സ. 2:9–11), വിശ്വാസം തടയുവാനും (അപ്പോ. 13:7–8), വചനം എടുത്തുകളവാനും (മത്തായി 13:19), കള വിതയ്ക്കുവാനും (മത്തായി 13:28) അവന് സംവിധാനം ഉണ്ട്.

അതുകൊണ്ട് ദുരുപദേഷ്ടാക്കളോടും സത്യത്തോട് എതിർത്തു നിൽക്കുന്നവരോടും ചിലപ്പോൾ നാം മുഖമുഖമായി എതിർത്തു നിൽക്കേണ്ടി വരുമെങ്കിലും, വാസ്തവത്തിൽ പോരാട്ടം അവരോടല്ല, അവർ കേവലം ശത്രുവിന്റെ ദല്ലാളുകളും അവന്റെ കയ്യിലെ ഉപകരണങ്ങളുമാണ്. അതുകൊണ്ടാണ് ''ഞങ്ങൾ ജഡത്തിൽ സഞ്ചരിക്കുന്നവർ എങ്കിലും ജഡപ്രകാരം പോരാടുന്നില്ല; ഞങ്ങളുടെ പോരിന്റെ ആയുധങ്ങൾ ജഡീകങ്ങൾ അല്ല'' (2 കൊരി. 10:3–4) എന്ന് അപ്പോസ്തലൻ പറയുന്നത്.

ആത്മിക പോരാട്ടത്തിലെ ശത്രുവിന് വലിയ ശൃംഖലയും സന്നാഹവും ഉണ്ടെങ്കിലും ദൈവജനം ശത്രുവർഗ്ഗത്തെ ഭയപ്പെടേണ്ടതില്ല; കാരണം, അവർ ക്രിസ്തുവിലൂടെ സാങ്കേതികമായി അവയെ ജയിച്ചവരാണ്. മാത്രമല്ല, ''യുദ്ധം നിങ്ങളുടെതല്ല ദൈവത്തിന്റെതത്രേ'' എന്നും (2 ദിനവൃത്താന്തം 20:15); ''നമ്മോട് കൂടെയുള്ളവർ അവരോട് കൂടെയുള്ളവരെക്കാൾ അധികം'' ആകുന്നു എന്നും (2 രാജ. 6:16); ''നിങ്ങളിൽ ഉള്ളവൻ ലോകത്തിൽ ഉള്ളവനേക്കാൾ വലിയവനല്ലോ'' എന്നും (1 യോഹ. 4:4) തിരുവെഴുത്തു പറയുന്നു.

ക്രിസ്തു ഈ യുദ്ധത്തിൽ വിജയിക്കുകയും (യോഹ. 16:33; കൊലോ. 2:15; എഫെ. 1:21–22) ശത്രുക്കളുടെ ഇടയിൽ വാഴുകയും ചെയ്യുന്നു എങ്കിലും (സങ്കീർത്തനം 110:2; അപ്പോ. 2:35; 1 കൊരിന്ത്യർ 15:25; എ

ബ്രായർ 10:13; 1 പത്രോസ് 3:22) ക്രിസ്തുവിന്റെയും ദൈവത്തിന്റെയും ഐഹികരാജ്യം പൂർണ പ്രതാപത്തിൽ എത്തിയിട്ടില്ല (എഫെ. 1:21). മാത്രമല്ല, ശത്രുക്കളെ അവൻ പൂർണ്ണമായി നീക്കം ചെയ്തിട്ടുമില്ല (സങ്കീർത്തനം 110:1; എബ്രായർ 10:13; വെളിപ്പാട് 20:10); അതുകൊണ്ട് ആത്മീക മണ്ഡലത്തിൽ അവയുടെ സാന്നിധ്യം ഇപ്പോഴുമുണ്ട്. അവ ഇപ്പോഴും സജീവമാണ് (ലൂക്കോസ് 22:53; അപ്പോ. 26:18; കൊലോ. 1:13; എഫെ. 5:16; 1 യോഹ. 5:19). ക്രിസ്തുവിൽ രക്ഷയ്ക്കായി ആശ്രയിക്കുന്നവർക്ക് ശത്രുവിൽ നിന്നും സ്ഥാനീയമായ വിടുതലും സംരക്ഷണവും ഉണ്ടെങ്കിലും അവർ ഇപ്പോഴും പോരാട്ട ഭൂമിയിലാണ് ആയിരിക്കുന്നത് (കൊലോ. 1:13; എബ്രായർ 2:14-15; യോഹ. 17:15). അതുകൊണ്ട് ഈ ദുഷ്ടാത്മസേന ദൈവജനത്തെ തെറ്റിച്ച് ദൈവിക പദ്ധതിയെ വിഫലമാക്കുവാൻ ശ്രമിക്കുന്നതിനാൽ അതിനെ ശക്തിയോടെ എതിർത്തു നിൽക്കാൻ ദൈവത്തിന്റെ തന്നെ ആയുധവും ശക്തിയും ദൈവജനത്തിന് ആവശ്യമാണ്.

## B. ദൈവത്തിന്റെ സർവ്വായുധവർഗ്ഗം എടുത്തുംകൊണ്ട് ശക്തിപ്പെടണം

### 1. ദൈവത്തിന്റെ സർവ്വായുധവർഗ്ഗം എടുത്തു നിൽക്കേണ്ട ആവശ്യം

### a. ദൈവത്തിന്റെ സർവ്വായുധവർഗ്ഗം എടുത്തു നിൽക്കേണ്ട ആവശ്യം ഒന്നാമതായി, ദുർദ്ദിവസത്തിൽ എതിർത്തു നിൽപ്പാൻ കഴിയേണ്ടതിന് ആകുന്നു.

**"അതുകൊണ്ട് നിങ്ങൾ ദുർദ്ദിവസത്തിൽ എതിർപ്പാനും സകലവും സമാപിച്ചിട്ട് ഉറച്ചുനിൽപ്പാനും കഴിയേണ്ടതിന് ദൈവത്തിന്റെ സർവായുധ വർഗ്ഗം എടുത്തുകൊൾവിൻ"** (6:13)

മുൻപറഞ്ഞ വിധമുള്ള ശത്രുവർഗ്ഗത്തോട് ജഡരക്തങ്ങളിലൂടെ വിജയിക്കാൻ കഴിയാത്തതിനാൽ ദൈവജനം ദൈവീക ശക്തിയിൽ പോരാടണം; ദൈവത്തിന്റെ സർവ്വായുധ വർഗ്ഗം ധരിച്ചുകൊണ്ടു പോരാടണം (6:13-20 c.f. 2 കൊരി. 10:3-4). അത് "**ദുർദ്ദിവസത്തിൽ എതിർപ്പാനും ഉറച്ചുനിൽപ്പാനും കഴിയേണ്ടതിന്**" ആകുന്നു.

ഇവിടെ ദുർദ്ദിവസം സാങ്കേതികമായി അന്ത്യകാല സംഭവങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു എങ്കിലും (1 തിമൊ. 4:1; 2 തിമൊ. 3:1-5; 4:3-4; 2 പത്രോസ് 3:3-4; യൂദ 1:18,19), അത് ഇപ്പോൾ തന്നെ ആരംഭിച്ചിരിക്കു

ന്നു; എന്നാൽ, അതിന്റെ പൂർണശക്തിയിൽ ഇതുവരെ എത്തിച്ചേർന്നിട്ടില്ല (1 തിമൊ. 4:1; 2 തിമൊ. 3:1; 4:3; 2 പത്രോസ് 3:3; യൂദ 1:18,). വിശ്വാസികൾ അഭിമുഖീകരിക്കുവാൻ പോകുന്നതും ക്രിസ്തീയ ഓട്ടം പ്രയാസമാക്കുന്നതുമായ ഒരു സമയത്തെയാണ് ഈ ശൈലി സൂചിപ്പിക്കുന്നത്. എന്നാൽ ഇത് ദുഷ്കാലമാകയാൽ ഇപ്പോഴും പോരാട്ടം തുടർന്നുകൊണ്ടിരിക്കുകയാണ് (എഫെ. 5:11), അതുകൊണ്ട് ദുർദ്ദിവസം, ഇവിടെ, പൈശാചിക പരീക്ഷയിലൂടെ തെറ്റിന് വിധേയപ്പെടുവാനുള്ള പ്രലോഭനം വളരെ ശക്തമായ സമയത്തെ തന്നെ സൂചിപ്പിക്കുന്നു.

**b. ദൈവത്തിന്റെ സർവ്വായുധവർഗ്ഗം എടുത്തു നൽകേണ്ട ആവശ്യം രണ്ടാമതായി സകലവും സമാപിച്ചിട്ട് ഉറച്ചുനിൽക്കാൻ കഴിയേണ്ടതിന് ആകുന്നു.**

ഇവിടെ "**സകലവും സമാപിച്ചിട്ട്**" എന്നതിലൂടെ ആവശ്യമായ ഒരുക്കങ്ങൾ എല്ലാം ചെയ്തിട്ട് എന്നാണർത്ഥം. അതുപോലെതന്നെ "**ദൈവത്തിന്റെ സർവ്വായുധവർഗ്ഗം എടുത്തുകൊൾവിൻ**" എന്നത് വ്യാകരണപ്രകാരം ഇവിടെ (analabete – aorist imperative) തിടുക്കത്തിൽ പാലിക്കേണ്ടതായ ഒരു കൽപ്പനയെ സൂചിപ്പിക്കുന്നു.

ആത്മിക പോരാട്ടത്തിൽ ദൈവത്തിന്റെ സർവ്വായുധവർഗ്ഗം തന്നെ ധരിക്കേണ്ടത് ശത്രുവിന്റെ പ്രത്യേകത നിമിത്തമാണ് (എഫെ. 6:11–12; 2 കൊരി. 10:3–4). ദുർദ്ദിവസത്തിൽ ശത്രുവിന്റെ കടന്നാക്രമണത്തെ അതിർത്തിയിൽ തന്നെ എതിർത്തു നിൽക്കുന്ന ഒരു പട്ടാളം ആയിട്ടാണ് ദൈവസഭയെ പൗലോസ് ചിത്രീകരിക്കുന്നത് (സങ്കീർത്തനം 110:3).

ക്രിസ്തു എന്ന സൈന്യാധിപൻ തനിക്ക് മുമ്പിൽ വെച്ചിരുന്ന യുദ്ധം ജയിച്ച് ഇപ്പോൾ ദൈവത്തിന്റെ വലതുഭാഗത്ത് സർവ്വാധികാരിയായി ഇരിക്കുന്നു (എഫെ.1: 20–22; കൊലോ. 2:15; 1 പത്രോസ് 3:22); അവൻ ദൈവജനത്തെ ശത്രുപക്ഷത്തു നിന്നും വിടുവിച്ച് (കൊലോ. 1:12–13; എബ്രായർ 2:14–15) സ്ഥാനീയമായി തന്നോടൊപ്പം ഇരുത്തിയിരിക്കുന്നു (എഫെ. 2:4–7; കൊലോ. 3:3). എങ്കിലും അവരുടെ വീണ്ടെടുപ്പ് പൂർത്തീകരിക്കപ്പെട്ടിട്ടില്ല; അതുകൊണ്ട് അവർ ഇന്നും പോരാട്ട ഭൂമിയിലാണ്; അവർക്ക് ഇവിടെ ശത്രുവിനോട് എതിർത്തു നിൽക്കാൻ ദൈവം തന്റെ സർവായുധ വർഗ്ഗം നൽകിയിരിക്കുന്നു; എന്നാൽ അത് ദൈവത്തിന്റെ തന്നെ ആയുധങ്ങളാണ് (യെശയ്യാവ് 59:17); ദൈവം ക്രിസ്തുവിൽ നമുക്ക് നൽകിയിരിക്കുന്ന ക്രിസ്തീയ സ്വഭാവങ്ങളാണ്.

ദൈവത്തോടുള്ള സമർപ്പണവും, ദൈവത്തിൽ ആശ്രയവും, ദൈവീക സ്വഭാവത്തോട് അനുരൂപർ ആകുന്നതും, ദിവ്യ സ്വഭാവം ജീവിതത്തിലൂടെ വെളിപ്പെടുത്തുന്നതും, ക്രിസ്തുവിന്റെ ശരീരമായ സഭയുടെ വളർച്ചയ്ക്കായി കൃപാവരങ്ങൾ ഉപയോഗിക്കുന്നതും, വിളിക്ക് യോഗ്യമാംവണ്ണം നടക്കുന്നതും, ആത്മനിറവിൽ ജീവിച്ചു അന്യോന്യം കീഴ്പ്പെട്ടിരിക്കുന്നതും, കുടുംബബന്ധങ്ങൾ എല്ലാം ശരിയായി നിലനിർത്തുന്നതും, കർത്താവിന്റെ ശക്തിയാൽ ദുഷ്ടശക്തികളോട് എതിർത്തു നിൽക്കുന്നതിന്റെ ഭാഗമാണ്.

## 2. ദൈവത്തിന്റെ സർവ്വായുധവർഗ്ഗം എടുത്ത് എങ്ങനെ നിൽക്കണം

### a. അരക്ക് സത്യം കെട്ടിക്കൊണ്ട് നിൽക്കണം

പുരാതന മനുഷ്യരുടെ പ്രധാന വസ്ത്രം അയഞ്ഞ ഒരു അങ്കിയായിരുന്നു; ഏതെങ്കിലും ഒരു പ്രത്യേക പ്രവർത്തിക്ക് തയ്യാറാകുവാൻ വേണ്ടി മനുഷ്യർ ഈ അങ്കി അരക്കച്ച ഉപയോഗിച്ച് മുറുക്കിയിരുന്നു. അതുകൊണ്ടാണ് യിസ്രായേൽ മക്കൾ മിസ്രയീമിൽ നിന്നും പുറപ്പാടിനുള്ള ഒരുക്കത്തിൽ കയ്യിൽ വടിപിടിച്ചും കാലിന് ചെരുപ്പിട്ടും അരകെട്ടിയും കൊണ്ട് പെസഹ കഴിക്കുവാൻ ദൈവം അവരോട് കൽപ്പിച്ചത് (പുറപ്പാട് 12:11); അതുപോലെ "ആകയാൽ നിങ്ങളുടെ മനസ്സ് ഉറപ്പിച്ച് നിർമ്മദരായി കർത്താവിന്റെ പ്രത്യക്ഷതയിൽ ലഭിക്കാനുള്ള കൃപയിൽ പൂർണ്ണ പ്രത്യാശ വെച്ച് കൊൾവിൻ" എന്ന് പത്രോസും (1 പത്രോസ് 1:13), കർത്താവിന്റെ വരവിനായുള്ള ഒരുക്കത്തിൽ "നിങ്ങളുടെ അരകെട്ടിയും വിളക്ക് കത്തിയും കൊണ്ടിരിക്കട്ടെ" എന്ന് കർത്താവും പറയുന്നുണ്ട് (ലൂക്കോസ് 12:35).

ഇതിൽ നിന്നെല്ലാം അര കെട്ടുന്നത് ഒരു പ്രത്യേക പ്രവർത്തിക്കായുള്ള ഒരുക്കത്തിന്റെ അടയാളമാണെന്ന് തെളിയുന്നു. അർത്ഥാൽ, ആത്മീക പോരാട്ടത്തിനുള്ള ഒരുക്കം "**നിങ്ങളുടെ അരെക്കു സത്യം കെട്ടിയും**" കൊണ്ടായിരിക്കണം. ഇത് ആത്മീക സത്യത്തെയോ വചനത്തിലെ സത്യത്തെയോ ഉപദേശ സത്യത്തെയോ സൂചിപ്പിക്കുന്നതല്ല, മറിച്ച്, വ്യക്തിജീവിതത്തിലെ സത്യസന്ധതയെ സൂചിപ്പിക്കുന്നതാണ്. കാരണം, ക്രിസ്തുവിശ്വാസികൾ സത്യമായ ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു (യോഹ. 14:6), അവനിൽ സത്യം ഉണ്ട് (എഫെ. 4:20); അതുകൊണ്ട് അവർ തമ്മിൽ തമ്മിൽ സത്യം സംസാരിക്കണം (4:25); അതിന്റെ ഫലമായി ക്രിസ്തുവിന്റെ സത്യസന്ധതയുടെ മനോഭാവവും ഭാഷയും

സ്വഭാവവും ക്രിസ്തുവിശ്വാസികളിൽ പ്രകടമാകണം.

സാത്താൻ ഭോഷ്ക് പറയുന്നവനും അതിന്റെ അപ്പനുമാണ് (യോഹ. 8:44); അതുകൊണ്ട് അവനോടുള്ള പോരാട്ടത്തിന് ഒരുങ്ങുന്നത് വലിയ ഭോഷ്ക് പരത്തി കൊണ്ടല്ല; മറിച്ച്, സത്യത്തിലൂടെയും സത്യസന്ധതയിലൂടെയും ശുദ്ധഹൃദയത്തിലൂടെയും കപടമില്ലാത്ത ജീവിതത്തിലൂടെയും നേരായ വഴിയിലൂടെയുമാണ് ആണ് ഭോഷ്കിനോട് എതിർത്തു നിൽക്കേണ്ടത്.

## b. നീതി എന്ന കവചം ധരിച്ചു കൊണ്ട് നിൽക്കണം

ഹൃദയം കരൾ കുടൽ മുതലായ അവയവങ്ങളെ സംരക്ഷിക്കുന്ന ഉപകരണമാണ് കവചം. ഇവിടെ "**നീതി എന്ന കവചം ധരിച്ചും**" എന്നതിലൂടെ നീതി എന്ന കവചം സ്വയനീതിയെ ഉദ്ദേശിക്കുന്നതല്ല, കാരണം, അത് ദൈവമുമ്പാകെ കറപുരണ്ട തുണി പോലെയാണ് (യെശയ്യാ. 64:6); അത് ശാസ്ത്രിമാരുടെയും പരീശന്മാരുടെയും നീതിയെ ഉദ്ദേശിക്കുന്നില്ല (മത്തായി 5:20), അതിന് ദൈവത്തിന്റെ അംഗീകാരമില്ല; സ്ഥാനീയ നീതിയെയും ഉദ്ദേശിക്കുന്നില്ല, മറിച്ച്, ഇവിടെ നീതി എന്ന കവചം വചനപ്രകാരം ഉള്ള നീതിയുള്ള ജീവിതത്തെ സൂചിപ്പിക്കുന്നു. ശത്രു അനീതി ചെയ്യുമ്പോൾ അതിനോട് എതിർത്തു നിൽക്കുന്നത് വലിയ അനീതി ചെയ്തുകൊണ്ടല്ല, കൂടുതൽ അനീതി ചെയ്തിട്ടുമല്ല മറിച്ച്, ക്രിസ്തുവിലുള്ള പുതിയ മനുഷ്യന്റെ പ്രത്യേകതയായ സത്യത്തിന്റെ ഫലമായുള്ള നീതിയുള്ള ജീവിതത്തിലൂടെ ആണ് (ലൂക്കോസ് 1:6; എഫെ. 4:24; 5:10; 1 യോഹ. 2:29–3:10); ഇടത്തും വലത്തും നീതിയുടെ ആയുധങ്ങൾ ധരിച്ചു കൊണ്ടാണ് (2 കൊരി. 6:7); തിന്മയോട് തോൽക്കാതെ നന്മയാൽ തിന്മയെ ജയിച്ചു കൊണ്ടാണ് (റോമർ 12:21).

## c. സമാധാന സുവിശേഷത്തിനായുള്ള ഒരുക്കം എന്ന ചെരിപ്പ് കെട്ടിക്കൊണ്ട് നിൽക്കണം

ഓരോ പ്രത്യേക ആവശ്യത്തിനും അതതുതരം ചെരിപ്പ് (ഷൂസ്) ഇന്ന് ലഭ്യമാണ്. ശത്രുവിനെതിരെയുള്ള ആത്മീക യുദ്ധത്തിൽ സമാധാന സുവിശേഷത്തിനുള്ള ഒരുക്കമാണ് വിശ്വാസിയുടെ ചെരുപ്പ് ആയിരിക്കേണ്ടത്. കാരണം, "**സമാധാന സുവിശേഷത്തിനായുള്ള ഒരുക്കം കാലിന് ചെരിപ്പാക്കി**"യാൽ മാത്രമേ ഈ ഭൂമിയിൽ ശത്രുവിനെതിരെ, നിലനിൽക്കുവാനോ നിലയുറപ്പിക്കുവാനോ പിടിച്ചുനിൽക്കുവാനോ കഴിയുകയുള്ളൂ; ഈ ലോകം നമ്മുടെ സാന്നിധ്യം ആവശ്യപ്പെടുന്നില്ല, ഈ

ലോകജനതയുടെ അഭിപ്രായത്തിൽ നമ്മുടെ സാന്നിധ്യം ഇവിടെ അനിവാര്യതയായിരിക്കുന്നില്ല. മനുഷ്യനെ ദൈവവുമായി സമാധാന ബന്ധത്തിൽ ആക്കുന്ന യേശുക്രിസ്തുവിന്റെ സമാധാന സുവിശേഷം (2:15) ഒഴികെ മറ്റൊന്നും ലോകത്തിന് നമ്മിൽ നിന്നും അത്യാവശ്യമായിരിക്കുന്നില്ല. അതുകൊണ്ട് സംസാരത്തിലൂടെയും ജീവിതത്തിലൂടെയും അനുദിനജീവിതത്തിൽ സുവിശേഷത്തിന്റെ വക്താക്കൾ ആയിരിക്കുവാൻ ക്രിസ്തു വിശ്വാസികൾ എപ്പോഴും ഒരുങ്ങിയിരിക്കണം (ഫിലിപ്പി. 1: 27-28; 2:14-15). കാരണം, ഈ ലോകവുമായി അഥവാ ഭൂമിയുമായി നമുക്കുള്ള ബന്ധം അതിലൂടെ മാത്രമാണ്.

വിശാല അർത്ഥത്തിൽ കാല സമ്പൂർണ്ണതയിൽ സകലവും ക്രിസ്തുവിൽ വീണ്ടും ഒന്നായി ചേർക്കുന്ന ദൈവത്തിന്റെ പദ്ധതിയാണ് സുവിശേഷം (1:10). ഈ പദ്ധതി പ്രകാരം എതിരാളികളുമായുള്ള പോരാട്ടത്തിൽ ആത്യന്തികമായി ദൈവവും ദൈവജനവും വിജയിക്കും; ദൈവിക പദ്ധതി നിവർത്തിക്കപ്പെടും; ദൈവവും മനുഷ്യനും തമ്മിൽ നിത്യ സമാധാനത്തിൽ ആയിരിക്കും (2:14-15; 4:3; വെളി. 21:3).

ഈ സമാധാന സുവിശേഷത്തിന്റെ സ്ഥാനാപതികൾ ആയിട്ടാണ് ദൈവം നമ്മെ ഇവിടെ ആക്കിയിരിക്കുന്നത് (2 കൊരി. 5:20); അവൻ ഇരിക്കുന്നതുപോലെ ഈ ലോകത്തിൽ നാമും ഇരിക്കുന്നു (1 യോഹ. 4: 17); അങ്ങനെയുള്ളവരെ ഉദ്ദേശിച്ചാണ് നന്മ സുവിശേഷിക്കുന്നവരുടെ കാൽ എത്ര മനോഹരം എന്ന് അപ്പോസ്തലൻ പറയുന്നത് (യെശയ്യാ. 52:7).

എതിരാളികൾ ഇവിടെ ഭൗമികരും ലൗകീകരും ലോകത്തിന്റെ അധികാരികളും അവകാശികളും ആയി ജീവിക്കുമ്പോൾ യഥാർത്ഥവിശ്വാസികൾക്ക് ലോകവുമായുള്ള ബന്ധം സുവിശേഷത്തിലൂടെ മാത്രമാണ്.

## d. വിശ്വാസം എന്ന പരിച എടുത്തും കൊണ്ട് നിൽക്കണം

രണ്ടടി വീതിയിലും നാലടി നീളത്തിലും മരം കൊണ്ട് ഉണ്ടാക്കിയതും തകിടുകൊണ്ട് പൊതിഞ്ഞതും സംരക്ഷണത്തിനായി കയ്യിൽ പിടിച്ച് ശരീരം മറയ്ക്കുന്നതുമായ ഒരുതരം കവചമാണ് പരിച. ശത്രുവിന്റെ വാളിൽ നിന്നും തീയമ്പുകളിൽ നിന്നും കുന്തമുനകളിൽ നിന്നും ഇത് സംരക്ഷണം നൽകുന്നു.

ഇവിടെ "**വിശ്വാസം എന്ന പരിച**" എന്നത് വിശ്വാസപ്രമാണത്തെയോ ഉപദേശത്തെയൊ ഉദ്ദേശിച്ചല്ല, മറിച്ച്, പ്രായോഗിക വിശ്വാസ ജീവി

തത്തെ ഉദ്ദേശിച്ചാണ് പറയുന്നത്. വിശ്വാസിയുടെ നേരെ ശത്രുവിൽ നിന്നും തുടർമാനമായും അപ്രതീക്ഷിതമായും വരുന്ന ഭയം സംശയം അവിശ്വാസം ആകുല ചിന്ത പരീക്ഷ പ്രലോഭനം ആക്രമണം മുതലായ തീയമ്പുകളെ തടയുന്നത് വിശ്വാസം എന്ന പരിച കൊണ്ടാണ്. ശത്രു വിശ്വാസമില്ലാതെ ഓടി നടക്കുന്നു (ഇയ്യോബ് 1:7), നിങ്ങൾക്ക് വിശ്വാസമില്ലെങ്കിൽ സ്ഥിരവാസവും ഇല്ല (യെശ. 7:9) എന്ന് പ്രവാചകൻ പുരാതന യിസ്രായേലിനെ ഓർമിപ്പിച്ചു. എന്നാൽ യഥാർത്ഥ വിശ്വാസി വിശ്വാസത്താൽ ജീവിക്കുന്നു (എബ്രായർ 10:38), വിശ്വാസത്താൽ ശത്രുവിന്റെ കോട്ടകളെ തകർക്കുന്നു (2 കൊരി. 10:3-5 c.f. യോശുവ 6:20).

## e. രക്ഷ എന്ന ശിരസ്ത്രവും ആത്മാവിന്റെ വാളും എടുത്തുകൊണ്ട് നിൽക്കണം

ഇവിടെ "**കൈക്കൊൾവിൻ**" എന്നത് വ്യാകരണപ്രകാരം (dexasthe – aorist imperative) കൈക്കൊള്ളേണ്ടതായ തിടുക്കത്തെ സൂചിപ്പിക്കുന്നു. കൈക്കൊള്ളേണ്ടത് രക്ഷ എന്ന ശിരസ്ത്രം ആകുന്നു. ഇവിടെ "**രക്ഷ എന്ന ശിരസ്ത്രം**" ശത്രുവിന്റെ ആക്രമണത്തിൽ നിന്നും തലയെ സംരക്ഷിക്കാനുള്ള പ്രതിരോധ ആയുധമാണ്. നീതീകരണം, വിശുദ്ധീകരണം, തേജസ്കരണം ഉൾപ്പെട്ട ദൈവത്തിന്റെ സമ്പൂർണ്ണ രക്ഷാ പദ്ധതിയെ ഇത് സൂചിപ്പിക്കുന്നു. ക്രിസ്തുവിലുള്ള രക്ഷയുടെ ഉറപ്പും നിർണയവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ശത്രുവിന്റെ ശരം ഏൽക്കാതിരിക്കുന്നതിനുള്ള സംരക്ഷണ കവചമാണ് രക്ഷ എന്ന ശിരസ്ത്രം (1 തെസ്സ. 5:8). നമ്മുടെ പ്രശ്നങ്ങളും പ്രതിസന്ധികളും പാപങ്ങളും പരാജയങ്ങളും ഭയവും ആകുല ചിന്തയും നമ്മെ ഓർമ്മപ്പെടുത്തിയും ചൂണ്ടിക്കാണിച്ചും നമ്മുടെ പ്രത്യാശയെ തകർക്കുവാനും നിരാശപ്പെടുത്തുവാനും ദൈവത്തിൽ ആശ്രയം ഇല്ലാതാക്കുവാനുമുള്ള ശത്രുവിന്റെ ശ്രമം വചനത്തിൽ കാണുന്നുണ്ട് (1 രാജാ. 18-19). എന്നാൽ യേശു രക്ഷിതാവായി വരും (ഫിലിപ്പി 3:20; എബ്രായർ 9:28), നാം എപ്പോഴും കർത്താവിനോട് കൂടെ ഇരിക്കും (1 തെസ്സ. 4:17). ഈ രക്ഷയുടെ പ്രത്യാശയിൽ നാമിപ്പോൾ സന്തോഷിച്ച് ആനന്ദിക്കുന്നു (1 പത്രോസ് 1:6-9). ഈ ചിന്തയാണ് എപ്പോഴും നമ്മുടെ തലയിൽ ഇരിക്കേണ്ടത്, ഈ ചിന്തയോടെയാണ് നാം എപ്പോഴും ജീവിക്കേണ്ടത്. എങ്കിൽ മറ്റ് യാതൊന്നിനും നമ്മെ ഉലക്കുവാൻ കഴിയില്ല; കാരണം, ഈ പ്രത്യാശ ആത്മാവിന്റെ ഒരു നങ്കൂരമാകുന്നു (എബ്രായർ 6:19).

‘‘**ദൈവവചനം എന്ന ആത്മാവിന്റെ വാൾ**’’ ഒരു പ്രതിരോധ ആയുധമാണ് (മത്തായി 4:4,7,10). കർത്താവ് സാത്താന്റെ പരീക്ഷകളെ പ്രതിരോധിച്ചത് ദൈവവചനത്തിലൂടെയാണ്. എന്നാൽ ആത്മാവിന്റെ വാൾ ഒരു പ്രത്യാക്രമണ ആയുധവുമാണ് (എബ്രായർ 4:12-13); അത് തീ പോലെയും പാറയെ തകർക്കുന്ന ചുറ്റിക പോലെയും ആകുന്നു (യിരെ. 23:29 c.f. അപ്പോ. 2:37; മത്തായി 13:19).

## f. ‘‘ആത്മാവിൽ പ്രാർത്ഥിച്ചും അതിനായി ജാഗരിച്ചും കൊണ്ട്’’ നിൽക്കണം (6:18-20)

ദൈവവചനം എന്ന ആത്മാവിന്റെ വാൾ ഒരേസമയം പ്രതിരോധ ആയുധവും പ്രത്യാക്രമണ ആയുധവുമാണ്. ദൈവത്തോടുള്ള പ്രാർത്ഥനയെ ശത്രുവിനെതിരെ നിൽക്കുവാനുള്ള ദൈവത്തിന്റെ സർവ്വായുധവർഗ്ഗത്തിൽ ഉൾപ്പെടുത്താം എങ്കിലും (റോമർ 15:31), അതിൽ നിന്നും അല്പം വേർപെടുത്തിയാണ് അപ്പോസ്തലൻ പ്രാർത്ഥന എന്ന വിഷയത്തെ ഇവിടെ അവതരിപ്പിക്കുന്നത്. കാരണം, പ്രാർത്ഥന മുമ്പ് രേഖപ്പെടുത്തിയത് പോലെയുള്ള പ്രതിരോധ ആയുധങ്ങളിൽ ഒന്നു മാത്രമല്ല, മറിച്ച്, അതിനെയെല്ലാം അതതിന്റെ സ്ഥാനത്ത് നിലനിർത്തിക്കൊണ്ട് ശത്രുവിനെതിരെ എതിർത്തു നിൽക്കാൻ സഹായിക്കുന്ന ദിവ്യമായ ശക്തിസ്രോതസാണിത്. ഇതോടുള്ള ബന്ധത്തിൽ പ്രാർത്ഥനയുമായി ബന്ധപ്പെട്ട നാല് ഘടകങ്ങളാണ് അപ്പോസ്തലൻ ഇവിടെ സൂചിപ്പിക്കുന്നത്.

ഒന്നാമതായി, പ്രാർത്ഥനയുടെ വൈവിധ്യം: ‘‘**സകല പ്രാർത്ഥനയാലും യാചനയാലും**’’ ദൈവത്തോട് അപേക്ഷിക്കണം. പ്രാർത്ഥന ദൈവത്തോടുള്ള പൊതുവായ അപേക്ഷയായിരിക്കുമ്പോൾ യാചന പ്രത്യേകമായ അപേക്ഷയാണ്. ഇവ രണ്ടും ഒരു വിശ്വാസിക്ക് അനിവാര്യമാണ്. അതുപോലെ ‘‘**സകല പ്രാർത്ഥനയാലും**’’ എന്നതുകൊണ്ട് പരസ്യമായും രഹസ്യമായും, ഒറ്റയ്ക്കും കൂട്ടായും, സമയം വേർതിരിച്ചും അല്ലാതെയും ഉള്ള പ്രാർത്ഥനയെ സൂചിപ്പിക്കുന്നു.

രണ്ടാമതായി, പ്രാർത്ഥനയോടെ സ്ഥിരത: ‘‘**ഏതുനേരത്തും ആത്മാവിൽ**’’ പ്രാർത്ഥിക്കണം. കർത്താവ് പഠിപ്പിച്ചതു പോലെയും (ലൂക്കോസ് 21:36), അപ്പോസ്തലന്മാർ ചെയ്തുവന്നിരുന്നതുപോലെയും എന്നാണ് ഇതിനർത്ഥം (അപ്പോ. 2:42; 6:4 c.f. 2 തിമൊ. 1:3). അതുപോലെ

ഏതു നേരത്തും എന്നതുകൊണ്ട് സ്ഥിരമായും തുടർമാനമായും ദൈവ ബോധത്തിലും ദൈവാശ്രയത്തിലും ദൈവസാന്നിധ്യത്തിലും ജീവിക്കുക എന്നാണ് ഉദ്ദേശിക്കുന്നത്. അങ്ങനെ ആയിരിക്കുന്നതിന് ആത്മാവും നമുക്ക് തുണ നിൽക്കുന്നു (റോമർ 8:26-27). അതുകൊണ്ട് ആത്മനിയന്ത്രണത്തിൽ ദൈവഹിത പ്രകാരം പ്രാർത്ഥിക്കുവാൻ നമുക്ക് കഴിയുന്നു.

മൂന്നാമതായി, പ്രാർത്ഥനയോടെ രീതി: "**പ്രാർത്ഥിച്ചും അതിനായി ജാഗരിച്ചും**" കൊണ്ടിരിക്കണം. ഇങ്ങനെ പ്രാർത്ഥിക്കുന്നതിന്റെ പ്രാധാന്യം കർത്താവ് തന്നെ പറഞ്ഞിട്ടുണ്ട് (മത്തായി 26:41; ലൂക്കോസ് 18:7 -8). അപ്പോസ്തലന്മാരും ഇക്കാര്യം സൂചിപ്പിച്ചിട്ടുണ്ട് (1 കൊരിന്ത്യർ 14:15; കൊലോ. 4:2; 1 പത്രോസ് 4:7). പ്രത്യേക ആവശ്യത്തോടുള്ള ബന്ധത്തിൽ പ്രാർത്ഥനയ്ക്കായി പ്രത്യേകം സമയം വേർതിരിക്കുന്നതിനെ ഇത് സൂചിപ്പിക്കുന്നു.

നാലാമതായി, പ്രാർത്ഥനയുടെ വ്യാപ്തി: "**സകല വിശുദ്ധന്മാർക്കും എനിക്കും വേണ്ടി...**" പ്രാർത്ഥിക്കണം. ആത്മിക പോരാട്ടമാണ് ഈ ഭാഗത്തെ പ്രധാന വിഷയം. ദുർദ്ദിവസത്തിൽ ശത്രുവിന്റെ തന്ത്രങ്ങളോട് എതിർത്തു നിൽക്കാൻ കഴിയേണ്ടതിന് "**സകല വിശുദ്ധന്മാർക്കും**" അർത്ഥാൽ, കുടുംബാംഗങ്ങൾ, സഭാംഗങ്ങൾ, ശുശ്രൂഷകന്മാർ, ആത്മീക നേതൃത്വം മുതലായവർക്ക് ഈ നിലയിലുള്ള പ്രാർത്ഥനകൾ ആവശ്യമാണ്. അതുകൊണ്ടാണ് "**എനിക്കുവേണ്ടി പ്രാർത്ഥനയിൽ പൂർണ്ണ സ്ഥിരത കാണിപ്പിൻ**" എന്ന് അപ്പോസ്തലൻ അനുവാചകരോട് ആവശ്യപ്പെടുന്നത്.

മറ്റു വിശ്വാസികളെ അപേക്ഷിച്ച്, ആത്മികമായി പൗലോസ് കൂടുതൽ ഉറച്ച വിശ്വാസിയും ശക്തനും ധീരനും ദൈവഭക്തനും ആത്മാവിനെ അനുസരിച്ച് നടക്കുന്നവനും ആയിരുന്നെങ്കിലും തനിക്ക് ദൈവജനത്തിന്റെ പ്രാർത്ഥന പ്രത്യേകം ആവശ്യമാണ് (കൊലോ. 4:2-4). കാരണം, ദുഷ്ടന്റെ ലക്ഷ്യം ലക്ഷ്യം ആത്മീക പോരാട്ടത്തിൽ മുൻനിരയിൽ നിൽക്കുന്നവരാണ് (മത്തായി 26:31 c.f. 1 രാജാ. 22:31).

തുടർന്ന് പ്രാർത്ഥന ആവശ്യമായ രണ്ടു വിഷയങ്ങൾ അപ്പോസ്തലൻ വിശുദ്ധന്മാരെ അറിയിക്കുന്നുണ്ട്. അതിൽ ഒന്നാമത്തേത് "**സുവിശേഷത്തിന്റെ മർമ്മം പ്രാഗത്ഭ്യത്തോടെ അറിയിപ്പാൻ വായ് തുറക്കു**

**മ്പോൾ എനിക്ക് വചനം നൽകപ്പെടേണ്ടതിന്**'' ആകുന്നു. കാരണം, ദൈവമാണ് വചനം നൽകുന്നത് (കൊലോ. 4:3-4). മാത്രമല്ല, വചനം ശക്തിയോടും പരിശുദ്ധാത്മാവോടും ബഹുനിശ്ചയത്തോടും കൂടെ പ്രസ്താവിക്കാൻ പ്രാപ്തി തരുന്നതും ദൈവമാണ് (കൊലോ. 4:3-4; 1 തെസ്സ. 1:5). കാരണം വചനം സംസാരിക്കുവാൻ ദൈവം തന്റെ ദാസന്മാരുടെ വായ് തുറന്നതായി പഴയനിയമം പറയുന്നുമുണ്ട് (പുറപ്പാട് 4:12; യെഹെ. 3:27). എന്നാൽ ''**സുവിശേഷത്തിന്റെ മർമ്മം**'' എന്നതുകൊണ്ട് പൂർവ്വകാലങ്ങളിൽ മനുഷ്യർക്ക് മറിഞ്ഞിരുന്നതും എന്നാൽ ഈ അന്ത്യകാലത്ത് അപ്പോസ്തലന്മാർക്കും പ്രവാചകന്മാർക്കും വെളിപ്പെട്ടതുമായ വിജാതീയർക്കുള്ള രക്ഷാ പദ്ധതിയെയാണ് സൂചിപ്പിക്കുന്നത് (3:3-6; 5:32).

രണ്ടാമത്തേത്, ''**ഞാൻ സംസാരിക്കേണ്ടുംവണ്ണം അതിൽ പ്രാഗത്ഭ്യത്തോടെ സംസാരിക്കേണ്ടതിനും**'' ആകുന്നു. തന്റെ ഇപ്പോഴത്തെ അവസ്ഥ ''**ചങ്ങല ധരിച്ച് സ്ഥാനാപതിയായി**'' ദൈവത്തെ സേവിക്കുന്നു എന്നതാണ്. വർത്തമാനകാലം തുടരുന്ന അവസ്ഥയെ സൂചിപ്പിക്കുന്നു. കാരണം ആത്മീക ശുശ്രൂഷയ്ക്കായി ദൈവത്തിൽ ആശ്രയിക്കുന്നവരെയാണ് ദൈവം അനുയോജ്യമായ സാഹചര്യം ഒരുക്കി തന്റെ മഹത്വത്തിനായി കൂടുതൽ ഉപയോഗിക്കുന്നത്.

ചുരുക്കത്തിൽ, ദൈവത്തിന്റെ സർവ്വായുധവർഗ്ഗം കർത്താവായ യേശുക്രിസ്തുവിന്റെ സ്വഭാവമാണ്, കർത്താവിന്റെ പ്രവർത്തിയാണ്, കർത്താവിന്റെ പ്രവർത്തന രീതിയാണ്, കർത്താവിന്റെ മാതൃകയാണ്, ക്രിസ്തീയ രീതിയാണ്; ഇവ കൂടാതെ ശത്രുവിന്റെ തന്ത്രങ്ങളോട് എതിർത്തു നിൽപ്പാൻ ഇവിടെ ഒരു ക്രിസ്തുവിശ്വാസിക്കും സാധ്യമല്ല. കാരണം നമുക്ക് പോരാട്ടം ഉള്ളത് ജഡ രക്തങ്ങളോടല്ല, മറിച്ച് അന്ധകാര ശക്തികളോടാണ്. അതിനായി ദൈവത്തിന്റെ സർവ്വായുധ വർഗ്ഗം ധരിച്ചു കൊണ്ട് നിൽക്കണം.

***

# അവസാനം

**(6 : 21 – 24)**

**‘‘ഞാൻ എങ്ങനെ ഇരിക്കുന്നു എന്നു എന്റെ അവസ്ഥ നിങ്ങളും അറിയേണ്ടതിന്നു പ്രിയ സഹോദരനും കർത്താവിൽ വിശ്വസ്തശുശ്രൂഷകനുമായ തിഹിക്കോസ് നിങ്ങളോടു സകലവും അറിയിക്കും. നിങ്ങൾ ഞങ്ങളുടെ വസ്തുത അറിവാനും അവൻ നിങ്ങളുടെ ഹൃദയങ്ങളെ ആശ്വസിപ്പിപ്പാനുമായി ഞാൻ അവനെ നിങ്ങളുടെ അടുക്കലേക്കു അയച്ചിരിക്കുന്നു. പിതാവായ ദൈവത്തിങ്കൽനിന്നും കർത്താവായ യേശുക്രിസ്തുവിങ്കൽനിന്നും സഹോദരന്മാർക്കു സമാധാനവും വിശ്വാസത്തോടുകൂടിയ സ്നേഹവും ഉണ്ടാകട്ടെ. നമ്മുടെ കർത്താവായ യേശുക്രിസ്തുവിനെ അക്ഷയമായി സ്നേഹിക്കുന്ന എല്ലാവരോടും കൂടെ കൃപ ഇരിക്കുമാറാകട്ടെ.’’**

പൗലോസിന്റെ ലേഖനങ്ങളിൽ പൊതുവായി കാണുന്ന ഉപസംഹാരരീതിയിൽ ചിലതെല്ലാം ഈ ലേഖനത്തിലും കാണുന്നുവെങ്കിലും വ്യക്തിപരമായ വന്ദനം ഇവിടെ കാണുന്നില്ല എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. അതുകൊണ്ട് സമാധാനത്തിനും വിശ്വാസത്തോടുകൂടിയ സ്നേഹത്തിനും കൃപയ്ക്കും വേണ്ടിയുള്ള അപ്പോസ്തലന്റെ ആശീർവാദവും അനുഗ്രഹവും ഏതാനും ചിലർക്കോ ഏതെങ്കിലും ഒരു പ്രത്യേക സഭക്കോ മാത്രമായി പരിമിതപ്പെട്ടിരിക്കുന്നില്ല. ഇതെല്ലാം ലേഖനത്തിന്റെ സാർവത്രിക സ്വഭാവത്തെ സൂചിപ്പിക്കുന്നു.

ഉപസംഹാരത്തിൽ അപ്പോസ്തലൻ പ്രധാനമായും രണ്ടു വിഷയങ്ങളാണ് പരാമർശിക്കുന്നത്.

## I. ആദ്യത്തേത് അപ്പോസ്തലൻ അനുവാചകരിലേക്ക് തിഹിക്കോസിനെ ഒരു പ്രത്യേക ദൗത്യവുമായി അയക്കുന്നതാണ് (6:21–22).

പൗലോസിന്റെ അടുക്കൽ നിന്ന് (റോമയിൽ നിന്ന്) എഫെസോസുവരെയുള്ള യാത്രയ്ക്ക് അക്കാലത്തെ സൗകര്യം അനുസരിച്ച് ചില ആഴ്ചകൾ തന്നെ ആവശ്യമാണ്. തപാൽ സേവനങ്ങൾ സർക്കാർ ആവശ്യങ്ങൾക്ക് മാത്രമായി പരിമിതപ്പെട്ടിരുന്ന ഒരു കാലഘട്ടത്തിൽ അപരിചിതരും അജ്ഞാതരുമായ യാത്രക്കാരുടെ കൈകളിലൂടെയാണ് പലപ്പോഴും സ്വകാര്യ ലേഖനങ്ങൾ ലക്ഷ്യസ്ഥാനങ്ങളിൽ എത്തിച്ചിരുന്നത്. ഇക്കാര്യത്തിനായി വിശ്വസ്തരെ കണ്ടെത്തുക പലപ്പോഴും പ്രയാസം ആയിരുന്നു. അങ്ങനെയുള്ള സാഹചര്യത്തിൽ എഫെസോസിലുള്ള വിശുദ്ധന്മാർക്ക് പൗലോസിന്റെ ഈ ലേഖനത്തിന്റെ ഉള്ളടക്കം തിഹിക്കോസിന്റെ കയ്യിൽ സുരക്ഷിതം ആയിരിക്കുമെന്ന് അവനെ അയക്കുന്നതിലൂടെ പൗലോസിന് ഉറപ്പാക്കാം (കൊലോ. 4:7). അതിന് ചില കാരണങ്ങൾ ഉണ്ട്

A. തിഹിക്കോസ് പൗലോസിന് "**പ്രിയ സഹോദരൻ**" ആയിരുന്നു. തന്റെ സഹപ്രവർത്തകർ പലരും തന്നെ വിട്ടു പോയപ്പോൾ (2 തിമൊ. 4:16), തിഹിക്കോസ് തന്നോടൊപ്പം നിന്നു. മാത്രമല്ല, തിഹിക്കോസ് ഒരു ആസ്യക്കാരൻ ആയതുകൊണ്ടും (അപ്പോ. 20:4; കൊലോ. 4:7; 2 തിമൊ. 4:12; തീത്തോസ് 3:12) അനുവാചകർക്ക് തന്നെ അറിയാം എന്നതുകൊണ്ടും അവരിലേക്ക് എത്തുന്ന ലേഖനത്തിന്റെ വിശ്വാസിയതയും ആധികാരികതയും അനുവാചകർക്കും ഉറപ്പാക്കാം.

B. തിഹിക്കോസ് കർത്താവിന് "**വിശ്വസ്ത ദാസനും**" ആയിരുന്നു. സഭയിൽ പ്രധാന ഉത്തരവാദിത്വമുള്ളവരാണ് ഈ പേരിൽ അറിയപ്പെട്ടിരുന്നത് (ഫിലിപ്പി. 1:1; 1 തിമൊ. 3:8,12; 4:6). യെരുശലേമിലെ വിശുദ്ധന്മാർക്കുള്ള ധർമ്മ ശേഖരത്തിനായി പൗലോസിനെ അനുഗമിക്കുവാൻ ആസ്യയിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട പ്രധാനിയായിരുന്നു ഈ തിഹിക്കോസ് (അപ്പോ. 20:4). ഇക്കാരണങ്ങളാൽ പൗലോസ് അവനെ വീണ്ടും എഫെസോസിലേക്ക് അയക്കുന്നതായും നാം കാണുന്നുണ്ട് (2 തിമൊ. 4:12).

ഇവിടെ പ്രധാനമായും രണ്ട് ആവശ്യങ്ങളാണ് തിഹിക്കോസിന്റെ ദൗത്യത്തിനുള്ളത്.

1. ഒന്നാമത്തെ ആവശ്യം അപ്പോസ്തലന്റെ ഇപ്പോഴത്തെ അവസ്ഥ അനുവാചകരെ അറിയിക്കേണ്ടതിന് ആകുന്നു. ഇക്കാര്യമാണ് "**ഞാൻ എങ്ങനെ ഇരിക്കുന്നു എന്ന് എന്റെ അവസ്ഥ നിങ്ങളും അറിയേ**

**ണ്ടതിന്**'' എന്നതിലൂടെ വ്യക്തമാക്കുന്നത്. ഇവിടെ ''**അവസ്ഥ**'' എന്നതുകൊണ്ട് ഇപ്പോൾ ആയിരിക്കുന്ന അവസ്ഥയെയാണ് വ്യാകരണം (Prassō – customary present) സൂചിപ്പിക്കുന്നത്. കാരണം, മുമ്പ് അവർ അപ്പോസ്തലന്റെ ബന്ധനവിവരം അറിഞ്ഞപ്പോൾ അധൈര്യപ്പെട്ടു പോയിരുന്നു (3:13).

2. രണ്ടാമത്തെ ആവശ്യം അനുവാചകരുടെ ഹൃദയത്തെ ആശ്വസിപ്പിക്കേണ്ടതിന് ആകുന്നു. ഇക്കാര്യമാണ് ''**നിങ്ങളുടെ ഹൃദയങ്ങളെ ആശ്വസിപ്പിപ്പാനുമായി ഞാൻ അവനെ നിങ്ങളുടെ അടുക്കലേക്ക് അയച്ചിരിക്കുന്നു**'' എന്നതിലൂടെ വ്യക്തമാക്കുന്നത്.

## II. രണ്ടാമത്തേത് അപ്പോസ്തലൻ അനുവാചകരെ ആശീർവദിച്ചു അനുഗ്രഹിക്കുന്നതാണ് (6:23–24).

ഈ ആശിർവാദ അനുഗ്രഹത്തിൽ മൂന്ന് കാര്യങ്ങൾ അടങ്ങിയിരിക്കുന്നു.

A. അതിൽ ഒന്നാമതായി, സഹോദരന്മാർക്ക് **സമാധാനം ഉണ്ടാകട്ടെ** എന്നതാണ്. എല്ലാ വിശുദ്ധന്മാരെയും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. അധൈര്യപ്പെട്ടിരിക്കുന്നവർക്ക് സമാധാനം അനിവാര്യമാണ്. എന്നാൽ ഈ സമാധാനത്തിന്റെ ഉത്ഭവം പിതാവായ ദൈവത്തിൽനിന്നും കർത്താവായ യേശുക്രിസ്തുവിൽ നിന്നും ആകുന്നു (c.f. ഫിലിപ്പി. 4:6 –7).

B. അതിൽ രണ്ടാമതായി, സഹോദരന്മാർക്ക് **സ്നേഹം ഉണ്ടാകട്ടെ** എന്നതാണ്. സ്നേഹം മാത്രമല്ല ''**വിശ്വാസത്തോടുകൂടിയ**'' സ്നേഹമാണ് ഉണ്ടാകേണ്ടത്. വിശ്വാസം ദൈവത്തോടും, സ്നേഹം സഹവിശ്വാസികളോടും ഉണ്ടാകേണ്ടതാണ്. ഇതിന്റെയും ഉത്ഭവം പിതാവായ ദൈവത്തിൽ നിന്നും കർത്താവായ യേശുക്രിസ്തുവിൽ നിന്നും ആകുന്നു.

C. അതിൽ മൂന്നാമതായി, വിശുദ്ധന്മാരുടെ അടയാളമായ ''**നമ്മുടെ കർത്താവായ യേശുവിനെ അക്ഷയമായി സ്നേഹിക്കുന്ന എല്ലാവരോടും കൂടെ കൃപ ഇരിക്കുമാറാകട്ടെ**'' എന്നതാണ്. ഇവിടെ ''**അക്ഷയമായി**'' എന്നതുകൊണ്ട് ആത്മിക പോരാട്ടത്തിൽ വാടിപ്പോകാത്തതും, തളർന്നു പോകാത്തതും, തീർന്നു പോകാത്തതും എപ്പോഴും നിലനിൽ

ക്കുന്നതുമായ കർത്താവിനോടുള്ള ആദ്യ സ്നേഹത്തെ സൂചിപ്പിക്കുന്നു (c.f. 1 കൊരി. 13:13; 16:22; വെളിപ്പാട് 2:4). എക്കാലത്തുമുള്ള എല്ലാ വിശുദ്ധന്മാർക്കും വേണ്ടിയുള്ളതാണ് ഈ ആശിർവാദ അനുഗ്രഹം. ഇതും ലേഖനത്തിന്റെ സാർവത്രിക സ്വഭാവത്തെ സൂചിപ്പിക്കുന്നു.

സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകലത്തിന്റെയും പ്രാപഞ്ചിക അനുരഞ്ജനമാണ് എഫേസ്യർക്കുള്ള ലേഖനത്തിന്റെ പ്രമേയം (1:10). സഹസ്രാബ്ദങ്ങളായി പ്രപഞ്ചത്തിലെ ചിന്നിയും ചിതറിയും അഴിഞ്ഞും അകന്നും ക്രമരഹിതമായ എല്ലാ ഘടകങ്ങളും ദൈവത്തിന്റെ അഭിഷിക്തനായ കർത്താവായ യേശുവിലൂടെ പുനരൈക്യപ്പെടുത്തി ഒരുമിച്ചു കൊണ്ടുവന്ന് സകലവും വീണ്ടും ക്രിസ്തുവിൽ ഒന്നായി ചേർക്കുക എന്നതാണ് ഭാവിയുഗത്തെക്കുറിച്ചുള്ള ദൈവിക പദ്ധതി (1:10).

## ഭാവിയുഗ ദൈവീക പദ്ധതിയുടെ രൂപരേഖ

I. സകലവും ക്രിസ്തുവിൽ വീണ്ടും ഒന്നായി ചേർക്കുന്നതിന് ദൈവം എല്ലാവർക്കും ഏകപുത്രനിലൂടെ ഒരു പദ്ധതി ഒരുക്കി (1:3–23)

II. സകലവും ക്രിസ്തുവിൽ വീണ്ടും ഒന്നായി ചേർക്കുന്നതിന് ദൈവം എല്ലാവരെയും ക്രിസ്തുവിൽ ഒരു പുതിയ സൃഷ്ടിയാക്കി (2:1–22)

III. സകലവും ക്രിസ്തുവിൽ വീണ്ടും ഒന്നായി ചേർക്കുന്ന ദൈവിക പദ്ധതിയുടെ മർമ്മം എല്ലാവരെയും അറിയിക്കുവാൻ ദൈവം അപ്പോസ്തലന് നിയോഗം നൽകി (3:1–21)

IV. സകലവും ക്രിസ്തുവിൽ വീണ്ടും ഒന്നായി ചേർക്കുന്ന ദൈവിക പദ്ധതിക്ക് അനുയോജ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ദൈവം എല്ലാവർക്കും നൽകി (4:1–6:9)

V. സകലവും ക്രിസ്തുവിൽ വീണ്ടും ഒന്നായി ചേർക്കുന്ന ദൈവീക പദ്ധതിയിലെ പങ്കാളികളെ നിർവീര്യമാക്കുവാൻ ശ്രമിക്കുന്ന ആത്മശക്തികൾക്കെതിരെ ദൈവിക മുന്നൊരുക്കത്തോടെ എതിർ

ത്തു നിൽക്കുവാനുള്ള നിർദ്ദേശം ദൈവം എല്ലാവർക്കും നൽകി (6:10-20)

***